N12<526908600 021
LS
ubTÜBINGEN
Archivfilm
vorhanden
Willy Beuerle
Buchbinderei
Tübingen

6; 7, 1; 8, 5-7, 9.12, 9, 1.4

Kēraḷōpakāri

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE

VOLUME VI

UNIV. BIBL. TÜBINGEN

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1879

NR 1377

UNIV. BIBL. TÜBINGEN

Ci XIV 131

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. JANUARY 1879. No. 1.

THE NEW YEAR 1879.

വത്സരാരംഭസ്തുതി.

പരപദ്യം.

ആണ്ടുമാസവും നാളും, ഉണ്ടാക്കിയെ ഭരിക്കും
മീണ്ടപരാ—ഈ നവമാണ്ടും—ആണ്ടിടുകാ
പൊയ്യാമീളവിൽനിന്നു, പോയി ഇതു ഈയാണ്ടിൻ
അയ്യോ സമയം പോയിതാ,

രാഗം ഉസേനി. പല്ലവി. ആദിതാളം.

അയ്യോ സമയം പോയിതാ—ഈ വത്സരത്തെ
എല്ലാസമയങ്ങളും, ഇല്ലാതെ ആയ്പോയിതാ
അയ്യോ സമയം പോയിതാ.

അനുപല്ലവി.

അനുദിനമതിനതിനഖില തരങ്ങളും
അവനിയിൽ നരരുടെ—അതികഠിനങ്ങളും
അഖിലചരാചരമവയിൻ ഗുണങ്ങളും
അനഘ പരനുടെ അരുകിയുരച്ചിട്ടാൻ—അയ്യോ—

ചരണങ്ങൾ.

ദേവാദി ദേവദേവനേ! ദയയോടെല്ലാ
ജീവനിജ്ജീവങ്ങളെ—ഏവമാശ്വാത്ത നല്ല
ദേവവരത്തിന്നായി സ്തോത്രം—നവമായ് ചൊല്ലി
ഏവരും വന്ദിച്ചീടുവിൻ ഏകമായെല്ലാ
ഈ വത്സരവിപത്തൊക്കെ—നീക്കിയപോലേ
ഈ സമയവും വന്നു, ഈ വന്ദനകൾ ചൊല്ലും
എല്ലാ സമുദായത്തെയും—നല്ലതായ് പൊല്ലാ
ആപത്തിൽനിന്നു രക്ഷിക്ക—ഈ വൎഷത്തിലും
ഇതിൽ വരും ബഹുതര ദുരിതവുമതുവല്ല
ചതിതരിൻ ചതികളും അരിഗണമെതികൊല്ലും
അതിഭയ മരണവും അതു വിധം വരുമെല്ലാ
അനൎത്ഥങ്ങളഖിലമീവത്സരേ നീക്കുകാ—അയ്യോ—

൨.

പോയ ഈ വത്സരമ്പോലെ, പുതിയ വൎഷം
പോകും മുൻ മാനുഷരേ പൂൎണ്ണന്മാരായീടുവാൻ
പുതിയ ചിന്ത ധരിച്ചെല്ലാ പഴയകാൎയ്യം

പൂൎണ്ണമായ് ത്യജിച്ചീടുവിൻ പുതിയ ആത്മം
പുഷ്ടിയായ്പ്പെട്ടുകൊണ്ടീടുവാൻ പുനൎജ്ജന്മത്താൽ
പ്രകാശമായ്നടപ്പിൻ പ്രമാണം പോലെ ചെയ്വിൻ
പ്രധാനനേശുനാഥനേ—പ്രകീൎത്തിക്കുവിൻ
പ്രകാശപുത്രരെപ്പോലെ പ്രതിജ്ഞ ചെയ്വിൻ
പലവിധ സഭകളും പുതിയ ഈ വത്സരേ
പകൎന്നരുൾ ദിനംദിനം പുതിയതായ്വളൎന്നിടാൻ
പരമ്പര നിയമങ്ങൾ പലവക ഒഴിഞ്ഞിടാൻ
പരമനെ സതതവും പോററുവിൻ നേശരെ—അയ്യോ—

൩.

വന്ന ഈ വത്സരത്തിങ്കൽ, വരുന്ന എല്ലാ
വ്യാധിയിൽനിന്നു കാത്തു, വലിയ സുഖം തരിക
വഴിയാത്ര ചെയ്യുന്നവൎക്കും—വാരിധിമാൎഗ്ഗേ
വസിച്ചു യാത്ര ചെയ്യുന്നോൎക്കും—വ്യാപാരക്കാൎക്കും
വിദ്യ പഠിക്കുന്നവൎക്കും വാദ്ധ്യാരന്മാൎക്കും
വിധികൎത്താക്കന്മാരാകും വിവിധ സംഘങ്ങൾക്കുമേ
വിവിധ തൊഴിൽ ചെയ്യുന്നോൎക്കും—മഹാദേവാ നീ
മത്സരശങ്കകൾ നീക്കി—മഹാനന്മകൾ
വരുവതിനനുഗ്രഹമരുൾക ഈ വത്സരേ
മുഴുവനും സകലരും വസിച്ചു നിൻ കരുണയാൽ
വാഴുവാനനുദിനാവലിയ നിൻ ദയയിനാൽ
വന്നേശുമൂലം നീ തന്നീടുകാത്മനെ,—അയ്യോ— ആ—ആഭരണം.

THE SPIRITUAL WARFARE.

ആത്മിക യുദ്ധം.

യുദ്ധവൎത്തമാനം എന്തെന്നും യുദ്ധം എവിടെയെന്നും തമ്മിൽ പട വെട്ടുന്നതാരെന്നും മററും ഉള്ള ചോദ്യങ്ങൾ കഴിഞ്ഞയാണ്ടിൽ പലപ്പോഴും കേൾപ്പാൻ ഇടയുണ്ടായിരുന്നു. ലോകത്തിൽ ഇരിക്കുന്നവൎക്കു അതിൽ നടക്കുന്ന വൎത്തമാനങ്ങളെ ചോദിപ്പാൻ ഞായം ഉണ്ടെങ്കിലും യുദ്ധത്തെ കൊണ്ടുള്ള അന്വേഷണത്തിൽ പലപ്പോഴും ഒരു വക നേരമ്പോക്കിന്റെ മനസ്സു അടിയിൽ കിടക്കുന്നു. ഇതു പുതുമയല്ല താനും. മനുഷ്യർ ദൈവത്തെ വിട്ടു പാപദാസന്മാരായി പോയ നാൾ തുടങ്ങി കൂട്ടുകാരനെ സ്നേഹിക്കായ്കയാൽ അവനോടു പിണക്കം ശണ്ഠ കലശൽ അടിപിടി പടകൾ ഉണ്ടായതല്ലാതെ ആ വക കെട്ട നിലയെക്കുറിച്ചു ദുഃഖിക്കുന്നവർ ചുരുങ്ങുകയും ആയതിൽ രസിക്കുന്നവർ ഏറുകയും ചെയ്തതു. നാം മാനുഷവൎഗ്ഗത്തിന്നു തട്ടിയ ഈ കേടിനെ കൊണ്ടു വിഷാദിച്ചു അതിന്നു നമ്മാൽ ആകുന്നിടത്തോളം മാററം വരുത്തുവാൻ മനസ്സുള്ളവരോ എന്നുള്ളതു വിശേഷിച്ചു ഒരു പുതിയ കൊല്ലം പിറക്കുമ്പോൾ തന്നെ നമ്മെ ആരാഞ്ഞു നോക്കേണ്ടതിന്നത്യാവശ്യം. എന്നാൽ യുദ്ധത്തിന്നു ചികിത്സ യുദ്ധമത്രെ. ആയതു മാംസരക്തങ്ങളുള്ള മനുഷ്യരോടെന്നല്ല പലവിധം ആത്മിക ശത്രുക്കളോടുള്ള യുദ്ധമത്രെ.



മേലേത്ത ചിത്രത്തിൻെറ വിവരം ആവിതു:

൧. നടുവിൽ: മാർകവചം (cuirass or thorax). അതിന്നു രണ്ടു കണ്ടങ്ങൾ ഉണ്ടു. ഒന്നു നെഞ്ഞിനെയും വയററിനെയും മററതു പുറത്തേയും മൂടുന്നു. അവ വാർകൊണ്ടു തമ്മിൽ ഇണെച്ചിരിക്കയാൽ കൈയില്ലാത്ത കുടുത പോലേ ആകും.

൨. ഇടത്തു മേലിൽ: തലക്കോരിക അല്ലെങ്കിൽ ശിരസ്ത്രം (helmet). ഇതു തലയെയും മുഖത്തെയും കാത്തു രക്ഷിക്കുന്ന ഒരു വിധം തൊപ്പി. അലങ്കാരത്തിന്നായി കുതിരയുടെ വാലും മററും അതിൽനിന്നു ഞേലുന്നു.

൩. വലത്തു: പലിശ (shield). ഈ വട്ടപലിശ (clypeus) ശത്രുവിൻെറ നേരെ ചെല്ലുമ്പോൾ മേൽ അംഗങ്ങളെ മറെപ്പാൻ പ്രയോഗിക്കും. ഇതു കൂടാതെ നാലടി നീളവും രണ്ടര അടി അകലവും ഉള്ള നീട്ടപലിശ (scutum) കൊണ്ടു എതിർത്തു വരുന്ന ശത്രുവിൻെറ അമ്പുകളെ തടുക്കയും തീയമ്പുകളെ കെടുക്കയും ചെയ്കിട്ടു ശരീരത്തെ മറെക്കും.

൪. ഇടത്തു കീഴിൽ: വാറോടു കൂട അരെക്കു കെട്ടുന്ന വാളും, ഒരു ഛുരികയും, ഒരു വെണ്മഴുവും ഒരു വേലും (കുന്തവും) കാണാം. ഇവ സാക്ഷാൽ വെട്ടുന്ന ആയുധങ്ങൾ അത്രേ.

൫. വലത്തു പലിശയുടെ മേൽ: കാലിൻെറ നെട്ടെല്ലിനെ രക്ഷിക്കുന്ന രണ്ടു തൊപ്പാരങ്ങൾ (greaves) ഉണ്ടു.

൬. മാർകവചത്തിൻെറ ഇരുതോളുകളിൽനിന്നു ഓരോ കുന്തത്തിൻെറ തലയും പുറപ്പെടുന്നു. ഇവററെകൊണ്ടു മാററാനെക്കൊള്ള ചാടും.

ഇതിന്നു ആകേ സൎവ്വായുധവൎഗ്ഗം (panoply) എന്ന പേർ (വെണ്മഴ അതിൽ പെടാ). നാഗരീകമുള്ള പണ്ടേത്ത എല്ലാ ജാതികളിൽ വിശേഷിച്ചു യവനരിലും (ഗ്രേക്കരിലും) രോമരിലും ഒരു വിധമായി ഭാരതഖണ്ഡക്കാരിലും ഈ വക ആയുധങ്ങൾ നടപ്പായിരുന്നു. മാൎക്കവചം, കോരിക, തൊപ്പാരങ്ങൾ, പലിശ എന്നിവ തോൽ, പിത്തള, ഇരിമ്പു, പൊന്നു എന്നിവററാൽ ഉണ്ടാക്കി പല വിധം അലങ്കരിക്കാറുണ്ടായിരുന്നു. ൧ ശമുവേൽ ൧൭, ൬. ൧ രാജാക്കന്മാർ ൨൨, ൩൪ മുതലായ വേദവാക്യങ്ങളിൽ ഈ ഓരോ ആയുധങ്ങളെ കൊണ്ടു വായിക്കാം.

ഈ വക യുദ്ധത്തിന്നു നാം പ്രത്യേകമായി ഈ പുതിയ വൎഷത്തിൻെറ ആരംഭത്തിൽ ഒരുങ്ങേണ്ടതിന്നു ദൈവം തന്നെ നമ്മെ തൻെറ അപോസ്തലനായ പൌലിൻെറ പ്രസംഗത്താൽ ഉത്സാഹിപ്പിക്കുന്നു. ആയവൻ അക്കാലത്തു യവനരും രോമരും ആയ പടജ്ജനങ്ങൾ ഉടുത്തും ധരിച്ചും വന്ന സൎവ്വായുധവൎഗ്ഗത്തെ ഉപമയായി എടുത്തു, എഫേസ്യൎക്കു എഴുതിയ ലേഖനം ൬ാം അദ്ധ്യായത്തിൽ ൧൦—൧൭ വചനങ്ങളിൽ പറയുന്നതാവിതു:

“ഒടുക്കം എൻ സഹോദരന്മാരേ കൎത്താവിലും അവൻെറ ഊക്കിൻ ബലത്തിലും ശക്തിപ്പെ
“ട്ടുവിൻ. പിശാചിൻെറ തന്ത്രങ്ങളോട്ടു ചെറുത്തു നില്പാൻ കഴിയേണ്ടതിന്നു ദൈവത്തിൻെറ
“സൎവ്വായുധവൎഗ്ഗത്തെ ധരിച്ചു കൊൾവിൻ. നമുക്കല്ലോ മല്ലുള്ളതു ജഡരക്തങ്ങളോടല്ല വാഴ്ചക
“ളോട്ടു അധികാരങ്ങളോട്ടു ഈ അന്ധകാരത്തിലേ ലോകാധിപന്മാരോട്ടു സ്വൎല്ലോകങ്ങളിൽ
“ദുഷ്ടാത്മസേനയോടത്രേ. അതുകൊണ്ടു നിങ്ങൾ ആ ദുൎദ്ദിവസത്തിൽ എതിൎപ്പാനും സകല
“ത്തേയും സമാപിച്ചിട്ടു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിൻെറ സൎവ്വായുധവൎഗ്ഗത്തെ എടു
“ത്തു കൊൾവിൻ. എന്നാൽ നിങ്ങളുടെ അരെക്കു സത്യത്തെ കെട്ടി നീതി എന്ന കവചത്തെ
“ധരിച്ചു സമാധാനസുവിശേഷത്തിൻെറ മുതിൎച്ചയെ കാലുകൾക്കു ചെരിപ്പാക്കി എല്ലാററിന്മീ
“തെ ദുഷ്ടൻെറ തീയമ്പുകളെ ഒക്കയും കെടുപ്പാൻ മതിയായി വിശ്വാസമാകുന്ന പലിശയെ എ
“ടുത്തുംകൊണ്ടു നില്പിൻ. പിന്നെ രക്ഷയാം ശിരസ്ത്രവും ദൈവച്ചൊൽ ആകുന്ന ആത്മാവിൻ
“വാളേയും കൈക്കൊൾവിൻ. എല്ലാ പ്രാൎത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാ
“വിൽ പ്രാൎത്ഥിച്ചും അതിനായി തന്നേ ജാഗരിച്ചുംകൊണ്ടു എല്ലാ വിശുദ്ധൎക്കും എനിക്കും വേ
“ണ്ടി യാചനയിൽ സകല അഭിനിവേശം പൂണ്ടും നില്ക്കേണ്ടു”.

ഈ വാക്കപ്രകാരം വിശ്വാസികൾക്കു നാൾതോറും തങ്ങളുടെ ജഡരക്തങ്ങളോടും കൂടക്കൂടേ ദുഷ്ടാത്മസേനയോടും പോരാട്ടം ഉണ്ടു. അപോസ്തലൻ ഇവിടെ വിശേഷിച്ചു ഈ രണ്ടാം വകയെ വൎണ്ണിക്കുന്നു.

I. നാം ജഡരക്തങ്ങളോട്ടു ആത്മാവിനാൽ പൊരുതു അവററെ ജയിക്കേണം. ജഡമാകട്ടേ ആത്മാവിന്നും ആത്മാവു ജഡത്തിന്നും വിരോധമായി മോഹിക്കുന്നു; നിങ്ങൾ ഇച്ശിക്കുന്നവററെ ചെയ്യാതവണ്ണം ഇവ തമ്മിൽ പ്രതികൂലമായി കിടക്കുന്നുവല്ലോ.[1] ആകയാൽ പാപം നിങ്ങളുടെ ചാകുന്ന ശരീരത്തിൽ അതിൻെറ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു; നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമൎപ്പിക്കയും അരുതു. ദൈവത്തിന്നു നിങ്ങളെ തന്നെ മരിച്ചവരിൽനിന്നു ജീവിക്കുന്നവർ എന്നും നിങ്ങളുടെ അവയവങ്ങളെ ദൈവത്തിന്നു നീതിയുടെ ആയുധങ്ങൾ എന്നും സമൎപ്പിക്കേയാവു. പാപമോ നിങ്ങൾ ധൎമ്മത്തിങ്കീഴല്ല കരുണക്കീഴ് ആകയാൽ നിങ്ങളിൽ അധികരിക്കയില്ലല്ലോ.[2] ജഡപ്രകാരം അല്ല ആത്മപ്രകാരം നടപ്പിൻ.[3] ആകയാൽ സഹോദരന്മാരേ നാം ജഡപ്രകാരം ജീവിപ്പാൻ ജഡത്തിന്നല്ല കടക്കാരാകുന്നതു. കാരണം നിങ്ങൾ ജഡപ്രകാരം ജീവിച്ചാൽ ചാകേയുള്ളു, ആത്മാവിനെക്കൊണ്ടു ശരീരത്തിൻ നടപ്പുകളെ കൊല്ലുകിലോ നിങ്ങൾ ജീവിക്കും. എങ്ങനെയെന്നാൽ ദൈവാത്മാവിനാൽ നടത്തപ്പെടുന്നവർ അത്രേയും ദൈവപുത്രന്മാർ ആകുന്നു.[4] ആകയാൽ പുലയാട്ടു അശുദ്ധി അതിരാഗം ദുൎമ്മോഹം വിഗ്രഹാരാധന ആകുന്ന ലോഭം ഇങ്ങനെ ഭൂമിമേലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിച്ചുകൊൾവിൻ. ആ വക നിമിത്തം ദൈവകോപം അനധീനതയുടെ മക്കൾ മേൽ വരുന്നു.[5] നാം ഈ

1) ഗലാത്യർ ൫, ൧൭. 2) രോമർ ൬, ൧൨—൧൪. 3) രോമർ ൮, ൪. 4) രോമർ ൮, ൧൨—൧൪. 5) കൊലൊസ്സർ ൩, ൪. ൫.

പുതുവാണ്ടിലും കൎത്താവിന്റെ ശക്തിയിൽ ബലപ്പെട്ടു പോരാടി അപോസ്തലനായ പൌലോടു: ആ നല്ല അങ്കം ഞാൻ പൊരുതു ഓട്ടത്തെ തികെച്ചു വിശ്വാസത്തെ കാത്തിരിക്കുന്നു, ഇനി നീതിയാകുന്ന കിരീടം എനിക്കായി വെച്ചുകിടക്കുന്നു, ആയതു നീതിയുള്ള ന്യായാധിപതിയായ കൎത്താവു ആ ദിവസത്തിൽ എനിക്കു നല്കും, ഇനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിട്ടുള്ള എല്ലാവൎക്കും കൂടേ[1] എന്നു ധൈൎയ്യത്തോടു നമ്മുടെ ജീവനാന്തത്തിൽ ദൈവമഹത്വത്തിന്നായി പറയേണ്ടതിന്നു കൎത്താവു നമുക്കെല്ലാവൎക്കും ഈ വൎഷത്തിൽ സഹായം ചെയ്യേണമേ:

II. ദിവസേനയുള്ള ആത്മികയുദ്ധം കൂടാതെ ഓരോ സമയം കിളൎന്നു വരുന്ന വിശേഷമായ ആത്മിക പോരാട്ടം നമുക്കു കഴിപ്പാനുണ്ടു.

൧. ആത്മിക ശത്രുക്കളുടെ ഭയങ്കരത.

1. ശത്രുക്കൾ ഏവ? പിശാചും അവന്റെ കീഴിൽ ഉള്ള പൈശാചികവാഴ്ചകളും അധികാരങ്ങളും നമ്മുടെ പ്രാണശത്രുക്കൾ. ഇവർ ഈ അന്ധകാരത്തിലേ ലോകാധിപന്മാരായ ദുഷ്ടആത്മാക്കളുടെ ഒരു സേന. ഇവരുടെ വാസം ആകാശത്തിലത്രെ. (എഫേസ്യർ ൨, ൨.)

2. ശത്രുക്കളുടെ വൈഭവം എന്തു? ഈ ദുഷ്ടാത്മാക്കൾ തങ്ങളുടെ പുളെപ്പിലും പൊങ്ങച്ചത്തിലും തങ്ങൾക്കു സ്വൎഗ്ഗത്തിൽ ന്യായമായ അധികാരം ഉണ്ടു എന്നു ആരോപിച്ചു നടിച്ചു ദൈവശത്രുക്കളായതുകൊണ്ടു ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യരെയും വിശേഷിച്ചു ക്രിസ്തുനിൽ വിശ്വസിച്ചു സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിച്ച വിശ്വാസികളേയും കെടുത്തു നശിപ്പിപ്പാൻ യത്നിക്കുന്നു. ഇതു പലവിധമുള്ള പിശാചിന്റെ തന്ത്രങ്ങളാൽ സാധിച്ചു വരുന്നു. തന്ത്രങ്ങൾ എന്നാൽ മനുഷ്യനെ വിശ്വാസത്തിൽനിന്നു തെററിക്കേണ്ടതിന്നു ഓരോ ദുൎയ്യുക്തി കൃത്രിമം വ്യാജോപദേശം ഉപായാദികൾ അത്രേ.

3. ശത്രുക്കളുടെ വ്യാപാരം ഏവ്വിധം? ക്രിസ്തീയ സഭയിൽ ദുരുപദേശം നുഴഞ്ഞു ക്രമത്താലെ പരന്നതിലും ഓരോ ഉപദ്രവം സഭയുടെ നേരെ പൊങ്ങി വന്നതിലും തന്ത്രത്തിന്റെ ശക്തിയെ കാണാം. ഇതു വല്ലുങ്ങനെ പല സമയങ്ങളിൽ സംഭവിച്ചതു പോലെ ഇനിയും ഇതുവരെക്കും ഇല്ലാത്തപ്രകാരം കൎത്താവായ യേശുവിന്റെ വരവു അടുക്കും അളവിൽ അതിഘോരമായി നടക്കും എന്നു ക്രിസ്തന്റെ അനന്തരവപ്പാട്ടിനാലും ഓരോ ലേഖനങ്ങളാലും പ്രത്യേകം വെളിപ്പാടിനാലും നന്നായി വിളങ്ങും. അതു കൂടാതെ പിശാചു ഓരോരുത്തനെ തന്റെ തന്റെ ജഡരക്തങ്ങൾ മൂലമായി പരീക്ഷിക്കയും അവനവന്റെ മോഹങ്ങൾക്കു ശക്തികൂട്ടുകയും തനിക്കു കീഴ്പെടുന്നവരെ നശിപ്പിപ്പാൻ നോക്കയും ചെയ്യുന്നു. ആ വല്ലാത്ത വ്യാപാരത്തിന്നു ദുൎദ്ദിവസം എന്നു പറയുന്നു.

൨. ആത്മിക ശത്രുക്കളോടുള്ള പോരാട്ടം.

1. ശത്രുക്കളോടു ചെറുത്തു നില്പാൻ വേണ്ടുന്ന കോപ്പു. മാററാന്റെ തന്ത്രങ്ങളും യുക്തികളും വല്ലുതാകും കണക്കേ കൎത്താവു സത്യക്രിസ്ത്യാനൎക്കു വലിയ ശക്തികളെയും ഒരുക്കിവെച്ചിരിക്കുന്നു. അനധീനതയുടെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നു പ്രഭുവായ പിശാചിനെ അനുസരിച്ചു നടക്കുന്നവൎക്കു (എഫേസ്യർ ൨, ൨.) ആ വക കൊണ്ടു ആവശ്യമേയില്ല, അവററെ ആഗ്രഹിക്കുന്നതും കൈക്കൊൾവാൻ കഴിയുന്നതുമില്ല. ആത്മാവിൽനിന്നും വെള്ളത്തിൽനിന്നും ജനിച്ചവരായി കൊമ്പു മരത്തോടു ചേൎന്നു അതിൽനിന്നു ഉയിർ വാങ്ങുന്നപ്രകാരം കൎത്താവിൽ നട്ടു അവനോടു കൂട ആത്മാവിന്റെ ഐക്യത്തിൽ ഇരുന്നും നടന്നും അവനിൽ

---

1) ൨ തിമോത്ഥ്യൻ ൪, ൭. ൮.

നിന്നു ജീവനും ബലവും കൈക്കൊണ്ടു വിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്ന ക്രിസ്തുഭക്തർ മാത്രം ആ ദാനങ്ങളെ കാംക്ഷിച്ചു ഏററു കൊള്ളുന്ന പാത്രങ്ങൾ അത്രേ. അവർ തങ്ങളിൽ അല്ല കൎത്താവിലും അവനിൽനിന്നുററു തങ്ങളിൽ വ്യാപരിക്കുന്ന ഊക്കിൻ ബലത്തിലും ശക്തിപ്പെടേണം. ഇതത്രേ അവന്റെ കരുണയാൽ ഉണ്ടാകുന്നതും പെരുകുന്നതുമായ ഉള്ളുക്കു എന്ന ആത്മിക ആരോഗ്യവും ബലവും തന്നെ. പിന്നെ ദൈവദാനമാകുന്ന ദൈവത്തിന്റെ സൎവ്വായുധവൎഗ്ഗത്തെ ധരിച്ചു കൊള്ളേണ്ടു. അതിൽ അടങ്ങുന്നവയാവിതു:

൧. ശരീരത്തെ അടക്കിയൊതുക്കി ഊക്കു പെരുക്കി സ്വാധീനതയോടു അങ്കം കുറെക്കേണ്ടതിന്നു ഉടുപ്പിന്റെ മേലും കവചത്തിന്റെ കീഴും കെട്ടേണ്ടും സത്യം എന്ന അരക്കെട്ടു ഒന്നാമതു കെട്ടേണ്ടതു. ആയതു സുവിശേഷത്താൽ ഉണ്ടാകുന്ന സത്യത്തിന്റെ അറിവും പരിജ്ഞാനവും തന്നെ. താൻ ദൈവപക്ഷത്തെ എടുത്തു എന്നും ദൈവരാജ്യമേ ഉത്തമം എന്നും ദൈവകാൎയ്യം ജയം കൊള്ളും എന്നും ബോധിച്ചു തേറിക്കൊള്ളുന്നവന്നു മാത്രം ധൈൎയ്യത്തോടെ ശത്രുവെ എതിൎത്തു കൂടും. ആകയാൽ നമ്മുടെ അരകൾക്കും സത്യത്തെ കെട്ടുക.

൨. മാൎക്കവചം ഭടന്റെ നെഞ്ചു മറെക്കുന്നതു പോലെ നീതി എന്ന കവചം മനുഷ്യന്റെ ഹൃദയത്തെ പൈശാചിക അധികാരങ്ങളുടെ കൺകെട്ടു വിദ്യാപരീക്ഷകളിൽനിന്നു മൂടി കാക്കുന്നു. നീതി എന്നതു വിശ്വാസത്താലുള്ള നീതീകരണം എന്നല്ല[1] വിശ്വാസത്തിൽനിന്നുണ്ടാകുന്ന നീതിക്കായിട്ടുള്ള അനുസരണം[2] അത്രേ. നമ്മുടെ നടപ്പും ദൈവവചനത്തിന്നു അനുകൂലം ആയിരിക്കുക.

൩. സമാധാനസുവിശേഷത്തിന്റെ മുതിൎച്ചയെ കാലുകൾക്കു ചെരിപ്പാക്കുക. അതോ സുവിശേഷത്താൽ പാപികൾക്കു ദൈവത്തോടു സമാധാനമുണ്ടാകകൊണ്ടു[3] ആ സമാധാനത്തെ രക്ഷിക്കേണ്ടതിന്നു വിശ്വാസി അതിന്നു വേണ്ടി പോൎമ്മുതിൎച്ചയോടു അങ്കം കുറെപ്പാൻ ഒരുങ്ങേണ്ടതു. നാമും ദൈവത്തോടുള്ള സമാധാനത്തിൽനിന്നു തെററാതെ അതിന്നായി പോരാടുക.

൪. നീടുപലിശ യവന രോമപടയാളികളുടെ ശരീരത്തെ മറെച്ചപ്രകാരം നീതീകരിക്കുന്ന വിശ്വാസം[4] എന്ന പലിശ വിശ്വാസികളെ മുഴുവനും മൂടേണ്ടു. യേശുക്രിസ്തന്റെ പുണ്യമാഹാത്മ്യവും വരദാനബലങ്ങളും നമുക്കു മറവായി ഇരിക്കയാൽ നാം നിൎഭയത്തോടു വസിക്കും. വിശ്വാസമാകുന്ന ഈ പലിശയെകൊണ്ടു ദുഷ്ടന്റെ തീയമ്പുകളെ[5] ഒക്കെയും കെടുപ്പാൻ കഴിയുന്നതുകൊണ്ടു എല്ലാററിന്മീതെ നാമും അതിനെ എടുത്തു നില്ക്കേണ്ടതു.

൫. ഭടന്റെ തലയെ രക്ഷിച്ചലങ്കരിക്കുന്ന കോരികെക്കു സമമായി വിശ്വാസിക്കു രക്ഷയാം ശിരസ്ത്രും വേണ്ടതു. മശീഹ നേടിയ തികഞ്ഞ രക്ഷ ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യത്തിൽ പ്രകാശിച്ചു വരുന്നു. ആയതു നമുക്കിപ്പോൾ വിശ്വാസത്താലും പ്രത്യാശയാലും അച്ചാരമായിട്ടുണ്ടു താനും. രക്ഷയാം ശിരസ്ത്രത്തെ നാമും കൈക്കൊൾവാൻ ആവശ്യം.

൬. എതിൎത്തു വരുന്ന ശത്രുവെ തടുത്തു കളവാൻ തക്ക ദൈവച്ചൊൽ ആകുന്ന ആത്മാവിന്റെ വാളേയും കൈക്കൊള്ളേണ്ടതു. സ്തുത്യനായ നമ്മുടെ കൎത്താവു ഈ ആത്മികവാളെ എപ്പോഴും സാമൎത്ഥ്യത്തോടു പ്രയോഗിച്ചു വന്നതാൽ "ചൊല്ലൊന്നവനെ വീഴ്ത്തും" എന്നു ലൂഥർ പിശാചെ കുറിച്ചു പാടിയിരിക്കുന്നു. ആ ആത്മിക വാളിന്റെ പയററു ശീലിക്കേ വേണ്ടു.

2. ശത്രുക്കളെ വെല്ലേണ്ടുന്ന വിധം.

൧. ശത്രുവിന്റെ വരവു നോക്കിക്കൊണ്ടു ചെറുത്തു നില്ക്കേണം.

---

1) പതിനാറാം വാക്കിൽ വിശ്വാസത്തെക്കൊണ്ടു വായിക്കുന്നുള്ളു. 2) രോമർ ൬, ൧൬. 3) രോമർ ൫, ൧. 4) രോമർ ൪, ൨൫. ഗലാത്യർ ൩, ൨൫. 5) രോമരും യവനരും കത്തുന്ന അമ്പുകളെ എയ്യാറുണ്ടായി. വയനാട്ടിലേ കുറുച്ചിയർ ആന നരികളെ നായാടുമ്പോൾ തങ്ങളുടെ കത്തിയമ്പുകളെ പഴുപ്പിക്കാറുണ്ടു. സങ്കീൎത്തനം ൭, ൧൩ പ്രകാരം ദൈവം തീയമ്പുകളെ കല്പിച്ചയക്കുന്നു.

൨. ഏതു നേരത്തും തനിക്കു വേണ്ടി പ്രാൎത്ഥനകളാലും കൂട്ടപ്പോരാളികളായ എല്ലാ വിശുദ്ധൎക്കു വേണ്ടി യാചനകളാലും ആത്മാവിലും പ്രാൎത്ഥിക്കയും അതിന്നായ്തന്നെ ജാഗരിക്കയും സകല അഭിനിവേശം പൂണ്ടു നില്ക്കയും വേണ്ടു.

൩. മേൽ പറഞ്ഞവണ്ണം കൎത്താവിലും അവന്റെ ഊക്കിൻ ബലത്തിലും ശക്തിപ്പെട്ടുകയും ദൈവത്തിന്റെ സൎവ്വായുധവൎഗ്ഗത്തെ ധരിക്കയും അഭിനിവേശത്തോടു ഉണൎന്നു പ്രാൎത്ഥിക്കയും ചെയ്താൽ ദുൎദ്ദിവസത്തിൽ പിശാചിനെയും ദുഷ്ടാത്മസേനയെയും എതിൎത്തു സകലത്തെ സമാപിക്കയല്ലാതെ ജയശാലിയായി നില്ക്കാം.

൪. യേശുക്രിസ്തന്റെ നല്ല ഭടന്മാരായി നിങ്ങളും കൂട കഷ്ടപ്പെട്ടുക. പട ചേൎത്തവന്റെ പ്രസാദത്തിന്നായി പടയാളികൾ ആരും സംസാരകാൎയ്യങ്ങളിൽ കടുങ്ങി പോകുന്നില്ലല്ലോ; പിന്നെ ഒരുത്തൻ മല്ലു കെട്ടിയാലും ധൎമ്മപ്രകാരം പോരാടാഞ്ഞിൽ കിരീടം അണികയില്ല.[1] അങ്കം പൊരുന്നവൻ ഒക്കയും എല്ലാം വൎജ്ജിക്കുന്നു....ആകയാൽ ഞാൻ നിശ്ചയം ഇല്ലാതപ്രകാരം അല്ല ഓടുന്നു, ആകാശം കുത്തുന്നപ്രകാരം അല്ല മുഷ്ടി ചുരുട്ടുന്നു, എന്റെ ശരീരത്തെ കമെച്ചു അടിമയാക്കുകയത്രേ ചെയ്യുന്നു.[2] ക്രിസ്തനെയും അവന്റെ പുനരുത്ഥാനശക്തിയെയും മരിച്ചവരുടെ എഴുനീല്പിനോടു എത്തുമോ എന്നിട്ടു അവന്റെ മരണത്തോടു എന്നെ അനുരൂപനാക്കിക്കൊണ്ടു അവന്റെ കഷ്ടാനുഭവങ്ങളിലെ കൂട്ടായ്മയെയും അറിവാനും തന്നെ (യത്നിക്കുന്നു). അതു ലഭിച്ചു കഴിഞ്ഞു എന്നോ, തികവോടു എത്തിപ്പോയി എന്നോ അല്ല ഞാൻ ക്രിസ്തനാൽ പിടിക്കപ്പെട്ടതുകൊണ്ടു അതിനെ പിടിക്കുമോ എന്നിട്ടു ഞാൻ പിന്തുടരുകേയുള്ളു....പിന്നിട്ടവററെ മറന്നും മുമ്പിലേവ തേടി മുല്പുക്കും ദൈവം മുകളിൽ വിളിച്ച വിളിയുടെ വിരുതിനെ ലാക്കാക്കി ക്രിസ്തുയേശുവിൽ പിന്തുടരുന്നു[3] എന്നു അപോസ്തലനായ പൌൽ തന്നെക്കൊണ്ടു എഴുതുന്നപ്രകാരം നാമും നമ്മെകൊണ്ടു സുബോധമായി എണ്ണി അദ്ധ്വാനിച്ചു സകലത്തെ സമാപിച്ചിട്ടു ദൈവമഹത്വത്തിന്നായി ജഡരക്തപിശാചുദുഷ്ടാത്മസേനകളുടെ മേൽ ജയംകൊള്ളേണ്ടതിന്നു കൃപാവാരിധിയായ ദൈവം നമുക്കേവൎക്കും ഈ പുതിയ ആണ്ടിൽ കരുണ നല്കേണമേ. ആമെൻ.

☞ വത്സലകവിജ്ഞൻ എന്നവർ നമ്മുടെ അപേക്ഷപ്രകാരം ദയയാൽ ചമെച്ച പാട്ടിനെ സ്ഥലം പോരായ്കകൊണ്ടു ഹിബ്രുവെരി പ്രതിയിൽ മാത്രം അച്ചടിച്ചു കൂട്ടുകയാൽ ഉണ്ടായ താമസത്തെ പൊറുത്തുകൊള്ളേണ്ടതിന്നു അപേക്ഷ പറയുന്നു.

THE REV. JACOB RAMAVARMA.

യാക്കോബ് രാമവൎമ്മൻ.*

ഒരു ഹിന്തുപാതിരിയുടെ ജീവിതം.

ആയിരത്തെണ്ണൂററമ്പത്താറാം വൎഷം (൧൮൫൬) സപ്തമ്പ്രമാസം ൩ാം ൹ കണ്ണൂരിലേ മിശിയോൻ സഭെക്കു ഒരു വിശേഷ ദിവസം ആയിരുന്നു. കാരണം ആ ദിവസത്തിൽ ബാസൽ മിശിയോൻ സംഘത്തോടു സംബന്ധിച്ച പാതിരി സായ്പന്മാർ ഓർ ഉപദേശിയെ ഹസ്താൎപ്പണത്താൽ സുവിശേഷഘോഷണത്തിന്നും സഭാശുശ്രൂഷെക്കും വേൎത്തിരി

---

1) ൨ തിമോത്ഥ്യർ ൨, ൩. 2) ൧ കൊരിന്തർ ൯, ൨൬. ൨൭. 3) ഫിലിപ്പ്യർ ൩, ൧൦. ൧൪.

* ഗൎമ്മാനയിലേ കരല്സ്രൂവിൽ പാൎക്കുന്ന ക്രിസ്ത്യൻ ഗുണ്ടെൎത്ത് ഉപദേഷ്ടാവു മുഖവുരയും സമാപ്തിയും ഒഴികേ മേലുള്ള ജീവചരിത്രത്തെ നേരെ പകൎത്തിരിക്കുന്നു. അതിൽ പറയുന്ന ആളുകൾ ഈ സമയത്തു ഏറക്കുറ എല്ലാം മരിച്ചായിരിക്കും എന്നൂഹിക്കയാൽ ഇപ്പോൾ മാത്രം ഇതിനെ പ്രസിദ്ധമാക്കുവാൻ തുനിയുന്നുള്ളു.

ച്ച മിശിയോൻ വേലക്ക നിയോഗിക്കുകയും ചെയ്തു. അതിന്നായിട്ട കോഴിക്കോട്ട, ചോമ്പാൽ, തലശ്ശേരി മുതലായ സ്ഥലങ്ങളിൽനിന്നു പല ഹിന്തുക്രിസ്ത്യാനരും പാതിരിസ്ഥാനം ഏല്ക്കുവാനുള്ളവൻെറ സ്നേഹിതനായ ചിറക്കൽ തമ്പുരാനും പല ഇംഗ്ലീഷ് പട്ടാള സായ്പന്മാരും പള്ളി നിറഞ്ഞു വരുവോളം പല ഹിന്തുജാതിക്കാരും സഭയിൽ കൂടി വന്നു താല്പൎയ്യമായി അവസ്ഥയെ കണ്ടു, പ്രാൎത്ഥന പ്രസംഗം പാട്ടു മുതലായതു കേട്ടു പ്രസാദിക്കുകയും ചെയ്തു. സഭ ഒരു പാട്ടു പാടീട്ടു ഫെബിക്സ് സായ്പ പ്രാൎത്ഥിച്ചു, ചെയ്വാൻ ഭാവിക്കുന്നതു ഇന്നതു എന്നറിയിച്ചു പ്രസംഗം കഴിച്ചശേഷം യാക്കോബ് രാമവൎമ്മൻ എന്ന പേരുള്ള ഉപദേശി ഹസ്താൎപ്പണത്തിന്നു മുമ്പേ പ്രസംഗപീഠം കയറി സഭയെ സല്ക്കരിച്ചു ഇംഗ്ലീഷ് മലയാള ഭാഷകളിൽ തൻെറ ജീവിതചരിത്രം കേൾപ്പിക്കയും ചെയ്തു. അതിൻെറ വിവരം താഴേ എഴുതുന്നു. രാമവൎമ്മൻ പറഞ്ഞിതു:

"എൻെറ ജനനം ൧൮൧൯ നവമ്പ്ര ൨൨ാം നു- കൊച്ചിക്കു സമീപം തൃപ്പൂണിത്തുറ രാജധാനിയിൽ ആകുന്നു. എൻെറ അച്ശൻെറ പേർ വീരകേരളമഹാരാജാവ് എന്നും അമ്മയുടെ പേർ കുഞ്ഞിക്കാവ എന്നും ആയിരുന്നു. അവർ ഇരുവരും ക്ഷത്രിയർ തന്നേ. ഞങ്ങളുടെ മൎയ്യാദപ്രകാരം നാമകരണദിവസത്തിങ്കൽ അവർ എനിക്കു രാമവൎമ്മൻ എന്നു വിളിച്ചു. ഇതിൻെറ കാരണം ഞാൻ ഒരു ക്ഷത്രിയ ശിശുവും എൻെറ ജനനം രാമനവമിയിൽ ആകയാലും ആകുന്നു. അന്നു തന്നേ തൃപ്പൂണിത്തുറേ ദേവന്നു എന്നെ അടിമയായി സമൎപ്പിച്ചു. എൻെറ അച്ശന്നു എട്ടു മക്കൾ ഉണ്ടായിരുന്നതിൽ ഞാൻ രണ്ടാമത്തവൻ ആകുന്നു. അച്ശന്നു ജ്യേഷ്ഠനിലും അമ്മെക്കു എന്നിലും അധികം പ്രിയം കണ്ടിരിക്കുന്നു. എൻെറ സ്വഭാഷ മലയാളം ആകുന്നു. എങ്കിലും സംസ്കൃതത്തിൽ വില്പന്നന്മാരായി തീരുന്നതു ഞങ്ങളുടെ വഴക്കം. അച്ശൻ മഹാവിദ്വാനും വൈഷ്ണവമതത്തിൽ ഭക്തി മുഴുത്തവനും ആയിരുന്നതുകൊണ്ടു ഞങ്ങളെയും അപ്രകാരം തന്നേ ആക്കേണ്ടതിന്നു ചെറുപ്പത്തിൽ തന്നേ പ്രയാസപ്പെട്ടു തുടങ്ങി.—അമ്മ അജ്ഞാനി ആയിരുന്നു എങ്കിലും ഞങ്ങളെ ദൈവഭയത്തിലും സന്മാൎഗ്ഗത്തിലും വളൎത്തിക്കൊണ്ടു വരേണ്ടതിന്നു നന്നേ പ്രയാസപ്പെട്ടു; എന്തെങ്കിലും വഷളായിട്ടുള്ളതു ഞങ്ങൾ പറകയോ ചെയ്കയോ കണ്ടാൽ നല്ലവണ്ണം ശിക്ഷിച്ചും ബുദ്ധി ഉപദേശിച്ചും പോന്നിരുന്നു. ൟ ദേശമൎയ്യാദപ്രകാരം എനിക്കു അഞ്ചു വയസ്സായപ്പോൾ എന്നെ എഴുത്തിന്നു വെച്ചു. പഠിപ്പാൻ എനിക്കു വളര ശുഷ്കാന്തിയും ബുദ്ധിയും ഉണ്ടായിരുന്നതുകൊണ്ടു അഞ്ചു സംവത്സരത്തിന്നിടയിൽ ഞാൻ പല കാവ്യങ്ങളും പഠിച്ചു. പതിനൊന്നാം വയസ്സിൽ തൎക്കസംഗ്രഹം പഠിപ്പാൻ ആരംഭിച്ചു ജ്യോതിഷത്തിലും വളര ഉത്സാഹിച്ചു ൧൫ാം വയ

സ്സിൽ ഗ്രഹണത്തോളം ഗണിപ്പാൻ പഠിച്ചു. ചെറുപ്പത്തിൽ തന്നെ വൈഷ്ണവമതത്തിൽ വളര താല്പൎയ്യമുള്ളവനായിരുന്നതുകൊണ്ടു ഉഡുപ്പിയിൽ സോദേമഠത്തിൽ സ്വാമിയാർ ഒരിക്കൽ അച്ഛനെ കാണ്മാൻ വന്നിരുന്നപ്പോൾ അന്നു എനിക്ക ൧൨ വ എന്നു തോന്നുന്നു. അനുവാദപ്രകാരം അയ്യാളുടെ അടുക്കൽ ചെന്നു മൂന്നു പ്രാവശ്യം മുദ്രാധാരണം കഴിച്ചു* അയ്യാളുടെ ഉപദേശപ്രകാരം പുരാണപാരായണം ആരംഭിച്ചു. തൃപ്പൂണിത്തുറേ ദേവൻ അത്രേ സാക്ഷാൽ ജഗന്നാഥൻ എന്നു പൂൎണ്ണമായി വിശ്വസിച്ചും ഭജിച്ചും പോന്നു. അമ്മയുടെ ഉപദേശങ്ങൾ നിമിത്തം അദൃഷ്ടമായതു വല്ലതും ചെയ്യാനും നരകഭയവും ചെറുപ്പത്തിലേ ഉണ്ടായിരുന്നു. മോക്ഷം വേണമെന്നുള്ള ആഗ്രഹം വളര ഉണ്ടായ്വന്നു.

എന്നാൽ ഇക്കാൎയ്യങ്ങളെല്ലാക്കേ ഒരു വീഴ്ച വരേണ്ടതിന്നു വേഗം ഇട വന്നു. അതിന്റെ കാരണം ൧൮൨൮ നവമ്പ്രമാസത്തിൽ അച്ഛൻ മരിച്ചു ഉടനെ ഈ രാജ്യത്തു മരുമക്കത്തായം മൎയ്യാദ ആകയാൽ തിരുമൂപ്പു കിട്ടിയ എന്റെ അച്ഛന്റെ ഇളയ ഉടപ്പിറന്നവരുടെ മകനായ രാമവൎമ്മ മഹാരാജാവു ദുരാഗ്രഹം നിമിത്തം ഞങ്ങൾക്ക മഹാവൈരിയായി തീൎന്നു കഠിനമായി ഉപദ്രവിക്കയാൽ ഞങ്ങൾ തൃപ്പൂണിത്തുറ ദേശം വിട്ടു മൂന്നു സംവത്സരത്തോളം വയ്പിൽ പോയി പാൎക്കേണ്ടി വന്നു. ആ സമയത്തു അമ്മയുടെ അടുക്കൽ ഇരുന്നു കുഡുംബകാൎയ്യാദികൾ നടത്തേണ്ടി വരികയാൽ ശ്രദ്ധ എല്ലാം ലൌകികത്തിലേക്ക ആയ്പോയി. പിന്നേത്തതിൽ ൧൮൩൦ൽ കൎണ്ണൽ മൊരിസൻ മേജർ കഡൊഗൻ എന്നവരുടെ സഹായത്താൽ ഞങ്ങളുടെ കാൎയ്യാദികൾ യഥാസ്ഥാനത്തിൽ ആക്കപ്പെട്ടപ്പോൾ ഞങ്ങൾ മടങ്ങി തൃപ്പൂണിത്തുറെക്ക വന്നു ഞാൻ പണ്ടത്തേ പോലെ വൈദികവൃത്തിയെ ആരംഭിക്കയും ചെയ്തു. ഈ സമയത്തു ഞാൻ രാമായണം മുഴുവനും ഭാഗവതം മുഴുവനും ഭാരതത്തിൽ പല ഗ്രന്ഥങ്ങളും വായിച്ചു തീൎത്തു സഹസ്രനാമം അഷ്ടോത്തരശതം മുതലായി മറ്റും അനേകം മന്ത്രങ്ങളെയും ഏദിസ്ഥമാക്കി അവയാൽ സ്വൎഗ്ഗപ്രാപ്തി സിദ്ധിക്കും എന്നു നിശ്ചയിച്ചു ആഭരണാദികളിൽ വിരക്തിയും ഭാവിച്ചു കളി മുതലായതും ഉപേക്ഷിച്ചു നടന്നു. ഇതിനാൽ അമ്മെക്കും മറ്റും എന്റെ ബാല്യത്തിന്നു ഇതു തക്കത് അല്ല എന്നു വെച്ചു വിഷാദം ഉണ്ടായി എങ്കിലും ഞാൻ കൂട്ടാക്കിയതും ഇല്ല. എന്നാൽ ഇതിന്നും വേഗത്തിൽ ഒരു മാററം വന്നു. കാരണം മേൽപറഞ്ഞ രാമവൎമ്മ മഹാരാജാവിന്റെ കോവിലകത്തു പാൎത്തിരുന്ന ഒരു എമ്പ്രാനെ തൃപ്പൂണിത്തുറേ ക്ഷേത്രത്തിന്മേൽ ശാന്തിയായി അവരോധിച്ചു ചിലമാസം കഴിഞ്ഞപ്പോൾ അയ്യാൾ ഒരു രാത്രിയിൽ ശ്രീകോവിൽ കടന്നു വിഗ്രഹത്തിന്മേൽ ചാൎത്തി ഇരുന്നതിൽ ഏകദേ

*പഴുപ്പിച്ച ഇരിമ്പുകൊണ്ടു വിഷ്ണുവിന്റെ ശംഖും മററും മെയിൽ ചുട്ടിടുക.

ശം ൧൫൦൦൦ ഉറുപ്പികയുടെ നകകൾ മോഷ്ടിച്ചു കൊണ്ടുപോയി സൎക്കാരിൽനിന്നു അന്വേഷണം കഴിച്ചാറെ കണ്ടെത്തിയതുമില്ല. ഇക്കള്ളനെ ഉടനെ ശിക്ഷിക്കേണമെന്നു ഞാൻ തന്നെ നടക്കൽനിന്നു പലപ്പോഴും ഈശ്വരനെ പ്രാൎത്ഥിച്ചിട്ടും ഫലം ഒന്നും കണ്ടില്ല ആയതുകൊണ്ടു അന്നു മുതൽ എന്റെ വിശ്വാസം ആ വിഗ്രഹത്തിൽനിന്നു പാതിയായി പോയി. രണ്ടാമതു എന്റെ അഛ്ശൻ തന്നെ വെച്ചു പൂജിച്ചിരിക്കുന്ന വിലമൂൎത്തിയുടെ ഒരു സ്വൎണ്ണപ്രതിമ മറെറാരു എമ്പ്രാൻ മോഷ്ടിച്ച് എടുത്തു കുത്തി ചതെച്ചു കൊണ്ടുപോയി എന്നു കണ്ടപ്പോൾ വിഗ്രഹം ദൈവം അല്ല കളിപ്പാവയത്രേ നിൎജ്ജീവ വസ്തുവും നിസ്സാരവും ആകുന്നു എന്നു എനിക്കു നല്ലവണ്ണം ബോദ്ധ്യം വന്നു. അമ്മ മുതലായവർ വളര നിഷ്ഠൂഷിച്ചിട്ടു ക്ഷേത്രങ്ങളിൽ പോകുവാൻ വളര വിരോധിച്ചു നില്ക്കയും ചെയ്തു. പുരാണ വായന പിന്നെയും വിട്ടിട്ടില്ല. (ശേഷം പിന്നാലെ).

THE MALAYALAM COUNTRY.
മലയാളരാജ്യം.

Vാം പുസ്തകം പന്ത്രണ്ടാം നമ്പർ ൧൭൭ാം പുറത്തു വെച്ചതിന്റെ തുടൎച്ച.

(*Registered Copyright.*—ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

പരിശിഷ്ടം Appendix.

കാലക്കണക്കു **Chronology.**

ഭൂഗോളത്തിന്നു തന്നേ ചുററുന്ന ദിനഭ്രമണവും (നാൾതിരിച്ചൽ) സൂൎയ്യനെ ചുററുന്ന വത്സരഭ്രമണവും (ആണ്ടുതിരിച്ചൽ) തികയുമ്പോൾ നാളും ആണ്ടും ഉണ്ടാകുന്നു എന്നും വത്സരഭ്രമണം ക്രാന്തിമണ്ഡലത്തിൽ കൂടി സാധിക്കയാൽ വിവിധ ഋതുക്കളും ഉത്ഭവിക്കുന്നു എന്നും പറഞ്ഞുവല്ലോ. ഇനി നാൾ ആണ്ടു മുതലായവ തിട്ടമായ ഗണിതത്താൽ അറിവാൻ ഉണ്ടു.

സൂൎയ്യരശ്മികൾ തട്ടുന്ന ഭൂമിയുടെ മേല്പാട്ടിന്നു വെളിച്ചവും തട്ടാത്തതിന്നു ഇരുളും ഉണ്ടു. ഇതിനാൽ പകലും രാവും ഉണ്ടാകുന്നു. ഒരു രാപ്പകലിന്നു നാൾ (ദിവസം) എന്നു പറയുന്നു. മലയാളികളുടെ നാൾ സൂൎയ്യോദയം തൊട്ടു പിറേറ ദിവസത്തിന്റെ സൂൎയ്യോദയത്തോളം ചെല്ലുന്നു. അതിനെ ൬൦ നാഴിക അല്ല ൩൦ മുഹൂൎത്തം അല്ലെങ്കിൽ ൨൪ മണിക്കൂറു കൊണ്ടു പകുത്തിരിക്കുന്നു.*

നാളിന്റെ തുടക്കം പലപ്രകാരം. എല്ലാ ഭൂഗോത്രങ്ങളുടെ ജ്യോതിശ്ശാ

---

* ഒരു മണിക്കൂറിന്നു 60 നിമിഷങ്ങളും (മിനിട്ടു), നിമിഷം (′) ഒന്നിന്നു 60 ദ്വിതീയങ്ങളും (സിക്കണ്ടു), ദ്വിതീയം (″) ഒന്നിന്നു 60 തൃതീയങ്ങളും (Thirds ‴) ഉണ്ടു. ഒരു മുഹൂൎത്തത്തിന്നു 2 നാഡിക (=നാഴിക)യും ഒരു നാഡികെക്കു 30 കലകളും ഉണ്ടു. പുരാതന ബാബെലോന്യരും ഭാരതഖണ്ഡക്കാരും സൂൎയ്യോദയത്തോടേ തങ്ങളുടെ ദിവസങ്ങളെ എണ്ണും.

സ്ത്രീകളും ഉരുക്കാരും പിന്നേ അറവികളും നട്ടുച്ചെക്കും, യഹൂദരും മാപ്പിളമാരും സൂൎയ്യാസ്തമാനത്തിന്നും, മിക്ക ക്രിസ്തീയ ഗോത്രങ്ങൾ പാതിരാക്കും തങ്ങളുടെ ദിവസത്തെ ആരംഭിച്ചവസാനിക്കുന്നു.*

1. നാൾ *a*. ഭൂമിക്കുടയ രണ്ടു തിരിച്ചലുകൾ കൊണ്ടു ഒരു ദിവസത്തിന്റെ നീളം മൂന്നുപ്രകാരമായിരിക്കുന്നു. അതിന്നു നക്ഷത്രനാൾ സൂൎയ്യനാൾ ഗണിതനാൾ എന്നീ പേരുകൾ വരുന്നു.

1. നമ്മുടെ ഉച്ചരേഖയിൽ (Meridian) നില്ക്കുന്ന വല്ല നക്ഷത്രത്തെ പിറേറ നാളിൽ വീണ്ടും ഉച്ചസ്ഥമായി കാണുവോളം കഴിയുന്ന സമയത്തിന്നു നക്ഷത്രനാൾ എന്നു പേർ. 24 മണിക്കൂറുള്ള സൂൎയ്യദിവസത്തിൽനിന്നു 23° 56′ 3″ 4‴ അതിന്നു ചെല്ലുന്നുള്ളു എങ്കിലും ആയതു ഏററക്കുറവില്ലാത്തതു തന്നേ.

2. സൂൎയ്യൻ ഒരു ദിവസം തൊട്ടു മറുനാൾവരെക്കും നമ്മുടെ ഉച്ചരേഖയിൽ നില്പോളമുള്ള സമയത്തിന്നു സൂൎയ്യനാൾ എന്നു പറയുന്നു. അതിന്നു നക്ഷത്ര നാളിന്റെ 24° 3′ 56″ ആകകൊണ്ടു ഒരു സൂൎയ്യനാൾ നക്ഷത്രനാളിൽ വലുതു. ആയതു സാധാരണ ദിവസത്തിന്റെ കണക്കിന്നു 30 ദ്വിതീയത്തിന്നു (സിക്കണ്ടിന്നു) ഏറുകയോ കുറകയോ ചെയ്കയാൽ ദീൎഘഭേദം ഉണ്ടു താനും.† ഇതു ഭൂമി സൂൎയ്യനെ ചുററുന്നതിനാൽ ഉണ്ടാകുന്ന സമയഭേദം.

3. ഏററക്കുറച്ചലുള്ള സൂൎയ്യനാളിന്നു നിജസമയം എന്നും കൊല്ലം ഒന്നിൽ ഉണ്ടാകുന്ന സൂൎയ്യദിവസങ്ങളിൽനിന്നു എടുക്കുന്ന നടുമയ്യത്തിന്നു ഗണിതസമയം എന്നും പറയുന്നു. എന്നാൽ ഈ രണ്ടു സമയങ്ങൾ ഏപ്രിൽ 14, ജൂൻ 14, ആഗൊസ്തു 31, ദിസെമ്പ്ര 23 എന്നീ നാലു ദിനങ്ങളിൽ ഒത്തു വരുന്നു. ഗണിതസമയത്തിന്റെ ഉച്ചെക്കു മുമ്പോ പിമ്പോ സൂൎയ്യനെ ഉച്ചത്തിൽ കാണാം. ഈ ഭേദം ഫിബ്രുവെരി നൊവെമ്പ്ര മാസങ്ങളിൽ 16 നിമിഷങ്ങളിൽ (മിനിട്ടിൽ) അധികം ആകുന്നു.§

b. ഭൂമി നെടുവട്ടത്തിൽ സൂൎയ്യനെ ചുററുന്നതുകൊണ്ടു രാപ്പകലിന്റെ നീളം മാറിക്കൊണ്ടിരിക്കുന്നു; അഹോരാത്രസമാനസന്ധിയിലേ രാവിന്നും പകലിന്നും പന്ത്രണ്ടീതു മണിക്കൂറേയുള്ളു.

മദ്ധ്യരേഖയും ക്രാന്തിമണ്ഡലവും ഓരേ പരപ്പിലായാൽ (plain) രാപ്പകൽ തമ്മിൽ ഒക്കുമായിരുന്നു. ഇപ്പോഴോ മീന കന്നി സംക്രാന്തികളിലേ അയനാന്തങ്ങളിൽ (മാൎച്ച് 20 ഉം സെപ്തെമ്പ്ര 23 ഉം) സൂൎയ്യൻ 6 മണിക്കു ഉദിച്ചസ്തമിക്കുന്നതുകൊണ്ടു അഹോരാത്രം തമ്മിൽ ഒത്തിരിക്കുന്നു. ശേഷം ഉള്ള ഭേദങ്ങളെ താഴേ കാണാം.

---

* അതുപോലേ പണ്ടേത്ത മിസ്രക്കാരും തന്നേ.

† ദിസെമ്പ്ര ഒടുവിൽ 24° 0′ 30″, സെപ്തെമ്പ്ര നടുവിൽ 23° 59′ 39″ നിജസൂൎയ്യദിവസം.

§ 1. The sidereal day. 2. The *true* solar or natural day. 3. The civil or *mean* solar day. (*Astronomical* day: the same as the true solar day; also the sidereal day, as that used most by astronomers—Webster's Dict.)

ജാതി മലയാളതമിഴ് മാസങ്ങളിലേ സൂൎയ്യോദയാസ്തമയനങ്ങളും രാപ്പകലും അടിയളവും എന്നിവററിൻെറ വിവരങ്ങൾ.

		ജാതി ദിവസം	ജാതി മാസം.	ഏതു നാളുകളിൽ	സൂൎയ്യോദയം ° ″	സൂൎയ്യാസ്തമയം ° ″	പകൽ മണിക്കൂറു ° ″	രാത്രി മണിക്കൂറു ° ″		മലയാള മാസം.	അടിയളവു: സൂൎയ്യോദയാസ്തമയം അടി	അടിയളവു: ഉച്ച അടി	അടിയളവു: ഉച്ച അംഗുലം	തമിഴ മാസം.	നക്ഷത്രം
അയനം	1	31	ജനുവരി	11-14	6,16	5,44	11,28	12,32	10	മകരം	68 †	3	7	തൈ	8
	2	28	ഫിബ്രുവെരി	3-6	6,10	5,50	11,40	12,20	11	കുംഭം	64	2	5	മാശി	10
	3	31	മാൎച്ച്	17-21	6	6	12	12	12	മീനം	63	1	1	പങ്കുനി	12
ഉത്തരായണം	4	30	ഏപ്രിൽ	12-15	5,55	6,5	12,10	11,50	1	മേടം	64	—	—	ചിത്തിര	14
	5	31	മേയി	4-8	5,50	6,10	12,20	11,40	2	ഇടവം	67	1	1	വൈകാശി	16
	6	30	ജൂൻ	19-24	5,39	6,21	12,42	11,18	3	മിഥുനം	69	1	5	ആനി	18
	7	31	ജൂലായി	11-14	5,44	6,16	12,32	11,28	4	കൎക്കിടകം	67	1	1	ആടി	21
	8	31	ആഗൊസ്തു	4-7	5,50	6,10	12,20	11,40	5	ചിങ്ങം	64	—	—	ആവണി	22
	9	30	സെപ്തെമ്പ്ര	20-23	6	6	12	12	6	കന്നി	63	1	1	പുരട്ടാശി	25
ദക്ഷിണ	10	31	ഒക്തോബ്ര	10-13	6,5	5,55	11,50	12,10	7	തുലാം	64	2	5	ഐപ്പശി §	1
	11	30	നൊവെമ്പ്ര	1-3	6,10	5,50	11,40	12,20	8	വൃശ്ചികം	68	3	7	കാൎത്തിക	3
	12	31	ദിസെമ്പ്ര	18-23	6,21	5,39	11,18	12,42	9	ധനു *	70	4	—	മാൎകഴി	5

ഇങ്ങനേ ജാതിമാസങ്ങളായ 1 & 7, 4&10, 6&12നും തമ്മിൽ വിപരീതവും 2 & 11, 3 & 9, 5 & 8 നും തമ്മിൽ സമത്വവും ഉണ്ടു.

മേടം തൊട്ടു കന്നിയോളം പകൽ ഏറും; തുലാം തൊട്ടു മീനത്തോളം രാവേറും. രണ്ടും അതാതു സൂൎയ്യസംസ്ഥിതിയിൽ മികെച്ചിരിക്കും.

* 1 & 5. 2 & 4. 6 & 12. 7 & 11. 8 & 10. തമ്മിൽ ഒക്കും. † ഉദിച്ചിട്ടു ഒരു നാഴിക. § (അല്പശി).

(ശേഷം പിന്നാലെ).

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

I. RELIGIOUS RECORD. വൈദികവൎത്തമാനം.

ഗൎമ്മാന്യരാജ്യം. — അമാലിയ ലസോ (Amalia de Lasaulx) എന്ന സ്ത്രീ ഒരു കുലീന ഗൎമ്മാന കുഡുംബത്തിലും രോമകത്തോലിക്ക മതത്തിലും ജനിച്ചു. അവൾ കരുണാസോദരിമാർ (Sister of Charity) എന്നുള്ള കന്യകായോഗത്തിൽ ചേൎന്നശേഷം 1849 ബൊന്ന് (Bonn) നഗരത്തിലുള്ള രോഗാലയത്തിലേ ദീനക്കാരെ ശുശ്രൂഷിക്കേണ്ടതിന്നു മേൽവിചാരണ ഏററു. തൻെറ ബുദ്ധിപ്രാപ്തികൾ നിമിത്തം കന്യകാമഠമേധാവികൾ അവളെ പലപ്പോഴും പോരിൽ മുറിവു പെട്ടവൎക്കു ശുശ്രൂഷിക്കുന്ന കന്യകമാരെ നടത്തേണ്ടതിന്നു ആക്കിയിരിക്കുന്നു. നീതിഫലങ്ങളെ കായ്ക്കുന്ന വിശ്വാസത്തെയും ഉണ്മയുള്ള ഭക്തിയെയും താൻ പിന്തുടൎന്നതുപോലെ ആയവററെ ഏതു മതഭേദക്കാരിലും കണ്ടാൽ സന്തോഷിക്കും. ആകയാൽ 1870 രോമപുരിയിലേ സഭായോഗത്തിൽ കൂടിയ ഗൎമ്മാന രോമകത്തോലിക്ക മേലദ്ധ്യക്ഷന്മാർ മാർപാപ്പാവിൻെറ തെററായ്മയെ വിശ്വാസപ്രമാണമായി തീൎമ്മാനിക്കുന്ന സമയത്തു എതിൎത്തു നില്ക്കാതെ സമ്മതിച്ചതുകൊണ്ടു തൻെറ ഉള്ളിൽ പെരുത്തു ക്ലേശം ജനിച്ചു. താൻ ഒരു കന്യാമഠത്തിന്നു മേധാവി എങ്കിലും പരന്ത്രീസ്സ് രാജ്യത്തിലേ നൻസി (Nancy) നഗരത്തിലുള്ള പെൺമഠാധിപെക്കു കീഴിൽ ഇരുന്നു. പുരാതന രോമകത്തോലിക്ക വിശ്വാസത്തെ വിട്ടു ആ പുതുമയെ കൈക്കൊൾവാൻ തനിക്കു മനസ്സില്ലായ്കയാൽ ദീനം പിടിച്ചവൾ എങ്കിലും ചില രോമമതവൈരാഗികൾ അവൾക്കു വിരോധമായി മേലന്മമാരോടു കുററം ഉണൎത്തിച്ചാറെ രോഗപ്പെട്ടവളെക്കൊണ്ടു പാപ്പാവിൻെറ തെററായ്മയെ അനുസരിപ്പിക്കേണ്ടതിന്നു വേണ്ടുന്ന പ്രയത്നം കഴിച്ചിട്ടും: നിങ്ങൾ എത്ര സാഹസം ചെയ്താലും ഞാൻ വിശ്വസിച്ച വിശ്വാസത്തിൽനിന്നു മാറാതെ പാപ്പാവിൻെറ തെററായ്മയെ കൈക്കൊള്ളുകയില്ല എന്നു തീൎച്ച പറഞ്ഞപ്പോൾ മേധാവികൾ അവളെ സ്ഥാനത്തിൽനിന്നു പിഴുക്കി, താൻ സുഖകാലത്തിൽ പെരുമാറിയതും ഇപ്പോൾ വ്യാധി പിടിച്ചു കിടക്കുന്നതുമായ രോഗാലയത്തിൽനിന്നു പുറത്താക്കി നന്മയെ (= തിരുവത്താഴത്തെ) രഹസ്യമായിട്ടേ കൊടുത്തുള്ളു. മരിച്ച ശേഷം സ്ഥാനവസ്ത്രങ്ങളെ ഊരി സഭാക്രമപ്രകാരം ഉള്ള ശവസംസ്കാരം നടത്താതെ ആത്മഹത്തി ചെയ്തവരെ അടക്കം ചെയ്യുമ്പോലെ മണിനാദവും പാട്ടും ഓത്തും മററും കൂടാതെ കുഴിച്ചിട്ടു. യേശുകൎത്താവേ നിണക്കായി ഞാൻ ജീവിക്കുന്നു, യേശുകൎത്താവേ നിണക്കായി ഞാൻ മരിക്കുന്നു എന്നു കൎത്താവിലുള്ള പ്രേമത്തോടു മരിച്ച ആ കന്യകയെ രോമകത്തോലിക്കസഭ ഒരു ഇട്ടുത്തുട്ടുകാരത്തിയെ പോലേ തള്ളിക്കളഞ്ഞു എങ്കിലും കൎത്താവു അവളെ കൈക്കൊണ്ടു നിശ്ചയം. ൟ കന്യകയുടെ ജീവചരിത്രം ഭക്തനായ രോമമതക്കാരൻ ഒരു പുസ്തകത്തിൽ പരസ്യമാക്കിയതുകൊണ്ടു രോമകത്തോലിക്ക സഭയുടെ ഭുജബലം ജഡത്തിലോ ആത്മാവിലോ എന്നു പലൎക്കും അറിഞ്ഞുകൊള്ളാം.

N. Ev. Kirch. Ztg. 1878. *No* 15.

യുരോപ്പയിലേ പഴങ്കൂററുകാർ. — ഇവർ മാർപാപ്പാവിന്നു 1870ാമതിൽ നിശ്ചയിച്ച തെററായ്മയോടു മറുക്കുന്ന പണ്ടേത്ത രോമകത്തോലിക്കർ അത്രേ.

ഗൎമ്മാന്യരാജ്യത്തിൽ 1877ൽ 53,000 പഴങ്കൂററുകാർ ഉണ്ടായിരുന്നു. അവരിൽനിന്നു 21,000 പ്രുസ്സ്യയിലും 19,000 ബാദനിലും 11,000 ബവാൎയ്യയിലും മററും നാടുകളിലും പാൎക്കുന്നു. അവർ മെല്ലേ മാത്രം വൎദ്ധിക്കുന്നതു ദൈവത്തേക്കാൾ മനുഷ്യരുടെ സഹായത്തെ നോക്കുന്നതുകൊണ്ടും രോമകത്തോലിക്ക സഭയിൽനിന്നു പിരിഞ്ഞുപോകായ്കയാലും പാതിരിയച്ചന്മാൎക്കുള്ള വിവാഹം ഗൎമ്മാനഭാഷയിലേ മീസാരാധന സഭാശിക്ഷ മുതലായ ഞായങ്ങളെ ചൊല്ലി തമ്മിൽ ഇടഞ്ഞിരിക്കയാലും അത്രേ. ഇവൎക്കു ഓരദ്ധ്യക്ഷൻ ഉണ്ടു.

സ്വിസ്സ്നാട്ടു പഴങ്കൂറരുത്നത്തിന്റെ മൂലസ്ഥാനം. 1875 ഏകദേശം 75,000 ആത്മാക്കൾ ഉള്ള സഭയോടു 1876 ഒമ്പതു സഭകൾ ചേൎന്നു വന്നു. അവരെ 1877ാമതിൽ 74 ബോധകന്മാർ പാലിച്ചിരുന്നു. അദ്ധ്യക്ഷനായ ഹെൎസ്സൊഗ് (Herzog) 1877ാമതിൽ 1800 പേൎക്കു ഇരുതിപ്പൂജയെ (സ്ഥിരീകരണത്തെ) കഴിച്ചു. പരന്ത്രീസ്സഭാഷ സംസാരിക്കുന്ന പഴങ്കൂറുകാൎക്കു തിരുവത്താഴത്തിൽ അപ്പവും വീഞ്ഞും കിട്ടുന്നു. ഇരുഭാഷക്കാൎക്കു സ്വന്ത ചോദ്യോത്തരപുസ്തകങ്ങൾ ഉണ്ടു. ഈയിടേ ഉണ്ടായ സഭായോഗത്തിൽ കുമ്പസാരിക്കുന്നതു ആവശ്യം ഇല്ലെന്നും വിവാഹസ്ഥന്മാർ എത്ര ദുഷ്ടന്മാരായാലും വേളികെട്ടു അഴിച്ചുകൂട എന്ന രോമകത്തോലിക്ക സങ്കല്പത്തെ സമ്മതിച്ചുകൂട എന്നും തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇവൎക്കു ഗൎമ്മാന പഴങ്കൂറുകാരേക്കാൾ ഒരുമ ഏറുന്നു, എങ്കിലും ആകാത്തതു തന്നെ അല്ല നല്ലതും കൂടെ തള്ളാതെ ഇരിപ്പാൻ അവർ സൂക്ഷിക്കേണ്ടതാവശ്യം.

ഔസ്ത്ര്യസാംരാജ്യത്തിൽ 3 പഴങ്കൂറുകാരുടെ സഭകൾ ഉണ്ടു. അവർ അമ്മിയെ ചവിട്ടിയ പ്രകാരം രോമകത്തോലിക്ക സഭയെ തീരേ വിട്ടു കോയ്മ സമ്മതിച്ചു വരുന്ന സഭയായി തീൎന്നു. *N. Ev. Kirch. Z.* 1878. *No.* 16.

ഇതാല്യ.—തൊസ്കാന കൂറുപാട്ടിൽ ആഗൊസ്തു 18നു- യൌവ്വനക്കാരനായ ഒരു കൃഷിക്കാരൻ ഒരു ചെറിയ കലഹം ഉണ്ടാക്കി. തന്റെ നെററിയിൽ ഹൃദയരൂപത്തിലുള്ള ഒരു കല അപോസ്തലനായ പേത്രൻ തിരുവിരലാൽ എഴുതിച്ചിട്ടുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ടു ഒരു വിധം സന്ന്യാസം ദീക്ഷിച്ചതിനാൽ താൻ സാന്നിദ്ധ്യമുള്ള ഓരാൾ എന്നു പലരും നിശ്ചയിച്ചു അവനെ സന്ത് ദാവീദ് എന്നു വിളിച്ചു തുടങ്ങി. ക്രമത്താലേ ശിഷ്യന്മാർ പെരുകി ഒരു വിധം യോഗം ആയ്തീൎന്നു. അവൎക്കു രോമകത്തോലിക്ക സഭയുടെ ചടങ്ങാചാരങ്ങൾ പ്രമാണം ആയിരുന്നതു കൂടാതെ യോഗക്കാർ എല്ലാവരും തമ്മിൽ തമ്മിൽ സഹായം ചെയ്തു ഇല്ലാത്തവരെ പോററുകയും പഠിപ്പിക്കയും ചെയ്യും. ധനവാന്മാർ എല്ലാവരും ഓരേ രാത്രിയിൽ മരിച്ചു സാധുക്കൾ അവരുടെ അവകാശികളാകും എന്ന ദീൎഘദൎശനം ഈ ദാവീദ് പറഞ്ഞശേഷം ശിഷ്യന്മാരുടെ കൂട്ടം നന്ന വൎദ്ധിച്ചു. ആയവർ ദീൎഘദൎശനത്തിന്റെ നിവൃത്തി കാണായ്കയാൽ പടെക്കു പുറപ്പെടേണം എന്നു സന്ത് ദാവീദിനെ ഉത്സാഹിപ്പിച്ചപ്പോൾ താൻ 3000 ശിഷ്യന്മാരുമായി ഒരു മലയിൽനിന്നു ചുകന്ന കൊടിയോടു കൂട ഇറങ്ങി അൎച്ചിദൊസ്സൊ (Arcidosso) എന്ന ചെറിയ നഗരത്തെ കൊള്ള പുറപ്പെട്ടു "ജനവാഴ്ചക്കു ജയ ജയ" എന്നു കൂക്കി പോന്നു. പൊലീസ്സ്ക്കാർ അവരെ എതിരേററു രാജനാമം ചൊല്ലി തങ്ങളുടെ തുമ്പില്ലായ്മയെ മതിയാക്കേണം എന്നു കല്പിച്ചപ്പോൾ ദാവീദ്: "രാജാവു ഞാനത്രേ" എന്നു തിണ്ണം വിളിച്ചു കൂട്ടരോടു തനിക്കായി പോരാടുവാൻ കല്പിച്ചു. ആയവർ കല്ലെറിയുവാൻ തുനിഞ്ഞപ്പോൾ പോലീസ്സ്ക്കാർ വെടിവെച്ചു തുടങ്ങിയാറെ ദാവീദിന്നും കൂടയുള്ള ചിലൎക്കും കൊണ്ടു. ശിഷ്യന്മാർ ദാവീദിന്റെ ശവത്തെ എടുത്തു മലയേറി താൻ മരിച്ചവരിൽനിന്നു എഴുനീററു തന്റെ ദീൎഘദൎശനത്തെ തികെക്കും എന്നു വെറുതെ കാത്തു ആശെക്കു കുറൊക്കാതെ തോററുപോകയും ചെയ്തു.

Chr. Volksb. 1878. *No.* 36.

മദ്ധ്യരേഖയോടടുത്ത കിഴക്കേ ആഫ്രിക്ക.—V. ൧൨ാം ഭാഗത്തു രണ്ടു മിശ്ശനേരിമാർ കുലപ്പെട്ടപ്രകാരം പറഞ്ഞുവല്ലോ. ഇവർ ലപൂനന്ത് ഷെൎഗ്ഗോല്ദ് സ്മിത്തും ഓനീൽ ബോധകനും തന്നെ. അവർ വിക്തോൎയ്യ പൊയ്കയുടെ തെക്കേ അററത്തു ഉക്കെരെവേ എന്ന തുരുത്തിയിൽ അവിടത്തേ തലച്ചന്നോരായ ലുക്കൊങ്ങേയിൻ കീഴേ സമാധാനത്തോടു പാൎത്തിട്ടുണ്ടായിരുന്നു. ഈ തലച്ചെന്നോർ സൊഹോരോ എന്നൊരു അറവിക്കച്ചവടക്കാരനോടു ഒരു പടക നിമിത്തം വിവാദിച്ചു അവന്നും കുഡുംബത്തിന്നും കേടു വരുത്തുവാൻ ഭാവിച്ചപ്പോൾ ബോധകന്മാർ അവനെയും കുഡുംബത്തെയും പാൎപ്പിച്ചതിനാൽ ലുകൊങ്ങേ രാക്കാലത്തിൽ ആൾ ശേഖരത്തോടെത്തി സൊംഗൊരോവിനെയും അവന്റെ അടിമകളെയും കൂടാതെ ആ രണ്ടു മിശ്ശനേരിമാരെയും അവരോടു കൂട താമസിച്ച മുപ്പതു പേരെയും കുത്തിക്കൊന്നിരിക്കുന്നു. അവരിൽ തെററിപ്പോയ ൧൨ പേർ ഉഗന്ദയിൽ പാൎക്കുന്ന വിൽസൻ ബോധകന്നു വൎത്തമാനം അറിയിച്ചു കൊടുത്തു. അംഗ്ലമിശ്ശൻ സംഘക്കാർ കൊന്നവൎക്കു പകരമായി വേറെ വേലക്കാരെ അയപ്പാൻ പോകുന്നു.

N. Ev. Kirch. Z. 1878. *No.* 26.

2. POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

ഭാരതഖണ്ഡം:— മദാശിസംസ്ഥാനം.

കഴിഞ്ഞ പഞ്ചകാലത്തിൽ പലരും വിശപ്പു പൊറുക്കാതെ ധാന്യങ്ങളെ കവരുകയും ഓരോ ചെറിയ കളവു കുററത്തിൽ അകപ്പെട്ടുകയും വില്ക്കേണ്ടതിന്നല്ല തിന്നേണ്ടതിന്നത്രേ അന്യരുടെ കോഴി ആടുമാടു മുതലായതു പിടിച്ചു കൊല്ലുകയും വിശപ്പുകൊണ്ടുള്ള ബുദ്ധിഭ്രമതയിൽ ശിശുക്കളെ വധിക്കയും മററും ചെയ്യുതിനാൽ കുററംതെളിഞ്ഞു ശിക്ഷിക്കപ്പെട്ടു ഏവരും വ്യത്യാസം വെക്കാതെ ഓരോ തുറങ്കുകളിൽനിന്നു വിട്ടയക്കേണ്ടതിന്നു സംസ്ഥാനവാഴി അരുളിയിരിക്കുന്നു. പഴയ കുററക്കാൎക്കു മാത്രം ഈ സാധാരണ ക്ഷമയിൽ പങ്കില്ല.

ശ്രീ വില്യം രൊബിൻസൻ എന്ന മലയാളത്തിലേ മുമ്പേത്ത കൽക്കട്ടർ സായ്പവൎകൾ ദിസെമ്പ്ര ൹ ൻ- ആലോചന സഭായോഗത്തെ വിട്ടു വൎഷത്തിൽ ആയിരം പൌൺ അടുത്തുൺ വാങ്ങുന്ന അവകാശിയായി പോയി. മലയാളത്തിന്നും മദാശിസംസ്ഥാനത്തിന്നും ഇവരുടെ വൈഭവ ഉത്സാഹങ്ങളാൽ പല ഉപകാരങ്ങൾ വന്നു.

കിഴക്കേ കരയിലേ വങ്കോൾ.— നവെമ്പ്ര ൯ ൻ- വിശാഖപട്ടണത്തു ഒരു പരന്ത്രീസ്സ് ഇരിമ്പു ചുറക്കപ്പലും ഒരു ഇംഗ്ലിഷ് കപ്പലും ആണുപോയി. അഞ്ചുരക്കാരേ രക്ഷപ്പെട്ടുള്ളു. പിമ്മിലിപ്പട്ടണത്തു ഓരിംഗ്ലിഷ് കപ്പൽ തകൎന്നുപോയി.

വയനാടു.— ബ്രൌ സ്മിത്ത് സായ്പു (Mr. Brough Smith) എന്ന ശ്രുതിപ്പെട്ട ഔസ്ത്രാല്യയിലേ സുരംഗസൂത്രജ്ഞാൻ (Mining Engineer) മേൽക്കോയ്മയുടെ കല്പനയാൽ 25 നാഴിക നീളത്തിലും 13 നാഴിക അകലത്തിലും മലപ്രദേശത്തെ പരിശോധിച്ചു രണ്ടു തൊട്ടു നാലടിയോളം കനമുള്ള പൊന്നയിർ ആററുകൾ തൊണ്ണൂറു പാറകളിൽ കണ്ടെത്തിയിരിക്കുന്നു. ഒരു തൊൻ (2240 റാത്തൽ) സാധാരണ കല്ലിൽ എട്ടും പത്തും പതിനാലും പെന്നിതൂക്കം മുതൽ രണ്ടും നാലും ഔൻസും വരെക്കും കിട്ടി അധികം പുഷ്ടിച്ച ലോഹശിലയിൽനിന്നോ നൂറുതൊട്ടു ഇരുനൂറു ഔൻസോളം ഒരു തൊനിൽനിന്നു സാധിച്ചു. പുഷ്ടിയുള്ള കല്ലിൽ പരിപ്പിന്റെ വണ്ണത്തോളം കട്ടിപ്പൊന്നു കണ്ടെത്തി വരുന്നു. ഇരുനൂറു ഔൻസ് പൊന്നിന്നു തൊള്ളായിരം പൌൺ വിലയുണ്ടു എന്നു ധരിക്കേണം. കാൎയ്യസ്ഥിതി ഇങ്ങനെയാകയാൽ ഔസ്ത്രാല്യയിലേ വെൺകൽപാറകളിലുള്ള പൊന്നിനേക്കാൾ ഈ പാറകളിലേ പൊന്നു ഏറുന്നു എന്നു പറയുന്നു. സഹ്യമലയിൽ പലപല പ്രദേശത്തു പൊന്നുണ്ടു എന്നൂഹിക്കുന്നതു തെററല്ല. മലയുടെ അടിവാരത്തിൽ ഉള്ള പുഴകളിലും മററും പണ്ടുപണ്ടേ തുടങ്ങി ഇന്നേയോളം പൊന്നരിച്ചുവരാറുണ്ടല്ലോ. ശലമോ സഹ്യാദ്രിയിൽനിന്നുളവായ പൊന്നു തന്റെ വ്യാപാരികളെ കൊണ്ടു വാങ്ങിച്ചു എന്നു നിരൂപിപ്പാൻ ധൈൎയ്യം തോന്നുന്നു. *M. M. No.* 269.

അഫ്ഘാനസ്ഥാനം.— രുസ്സ്യക്കോയ്മ ചില ആയിരം രുസ്സ്യപ്പടയാളികൾക്കും പടനായകന്മാൎക്കും അമീരിന്റെ ചേവകം ചെയ്യേണ്ടതിന്നു അനുവദിച്ചപോൽ.

ഇംഗ്ലിഷ്കാർ ഏകദേശം നാല്പതു കൊല്ലം മുമ്പേ അഫ്ഘാനരോടു യുദ്ധം ചെയ്യുമ്പോൾ ആയവർ ഒരു മലയിടുക്കിൽ ഏകദേശം ആയിരം വെള്ളഭടന്മാരെയും ചില ആയിരം ശിപായ്കളെയും നിനയാത്ത കാലത്തിൽ ചതികുല ചെയ്തു. കുഴിയാനയെ നാട്ടാനയാക്കി എന്നതു പോലെ അഫ്ഘാനർ ആ സംഭവത്തെ എത്രയും വലുതാക്കി തങ്ങൾക്കു ഇംഗ്ലിഷ്കാരിൽനിന്നു പിന്നീടു തക്ക ശിക്ഷ കിട്ടിയതു അശേഷം മറന്നു തങ്ങൾ ഇംഗ്ലിഷ്കാരോടു പടവെട്ടുവാൻ പ്രാപ്തന്മാർ എന്നഹമ്മതിച്ചു പുകഴ്ത്തുന്നു. അതല്ലാതെ ഇംഗ്ലിഷ്കാർ അമീരിനെ ചൊല്ലി ഭയപ്പെട്ടു നില്ക്കുന്നു എന്നും വിചാരിക്കുന്നു. ഇംഗ്ലിഷ്കോയ്മ ആവക പുക കൂട്ടാക്കാതെ സകല സംസ്ഥാനങ്ങളിൽനിന്നും യുരോപയിൽനിന്നും വേണ്ടുന്ന പടജ്ജനങ്ങളെ അഫ്ഘാനിസ്ഥാനത്തിന്റെ നേരേ നടത്തുകയും ഓരോ നാട്ടുരാജാക്കന്മാരിൽ നിന്നും തലയാളികളിൽ നിന്നും അല്പമായ തുണപ്പടകളെ കൈക്കൊള്ളുകയും ചെയ്യുന്നു.

ആലിമസ് ജിദ് എന്ന കോട്ടയെ പിടിക്കേണ്ടതിന്നു അംഗ്ലപടകൾ മൂന്നു വഴിയായി അതിന്റെ നേരെ ചെന്നു. രണ്ടു സേനകൾ വഴിയുടെ ദുരതാകഷ്ടത്താലും വഴികാട്ടികളുടെ കൃത്രിമത്താലും താമസിച്ചെത്തിയെങ്കിലും സേനാപതിയായ ശ്രീ ബ്രൌൻ നവെമ്പ്ര ൨൧ ൻ- തനിക്കു കീഴ്പെട്ട പടജ്ജനങ്ങൾ മതി എന്നു വിചാരിച്ചു തന്റെ കാളന്തോക്കുകൊണ്ടു കോട്ടയുടെ കൊത്തളങ്ങളും വാടിയും ഇടിച്ചു ശത്രുവിന്റെ പീരങ്കിത്തോക്കു മറവില്ലാതാക്കിയ ശേഷം കോട്ടക്കാർ രാപ്പെട്ട കാലത്തിൽ ഓടി പീരങ്കിത്തോക്കുകളും കൂടാരങ്ങളും പലവിധ കോപ്പുകളും വെച്ചേച്ചു പോന്നു. തെററിയ ശത്രുക്കളിൽനിന്നു ഒരു കൂട്ടം മറെറ രണ്ടു സേന

കളുടെ കൈയിൽ അകപ്പെട്ടു ബദ്ധന്മാരായ്പോയി. കാബൂലിൽ ഉണ്ടാക്കിയ ഇരുപത്തുനാലു പീരങ്കിത്തോക്കുകളും വിവിധ വെടിക്കോപ്പുകളും പടകൾ ആലിമസ്ജിദിൽ പിടിച്ചിരിക്കുന്നു.

കുരം എന്ന താഴ്വരയിൽ ഏകദേശം 8000 അടി ഉയൎന്ന മലപ്രദേശത്തു സേനാപതിയായ രോബൎത്സ് ദിസെമ്പ്ര ൧-൨ ൨- പൈവാട് കൊതൽ എന്ന ഉറപ്പിച്ച സ്ഥലത്തെ അബ്ഘാനസൈന്യത്തിൽനിന്നു വല്ലാതെ മല്ലുകെട്ടി പിടിച്ചു ശത്രുവിന്റെ 10-20 പീരങ്കികളെ കൈക്കലാക്കി പടജ്ജനങ്ങളെ ഓടിച്ചിരിക്കുന്നു. ശത്രുവിനെ മൂന്നുഭാഗത്തുനിന്നു എതിൎത്തുകൊണ്ടു ധൈൎയ്യം വിട്ടുപോയി.

കന്ദഹാർ ഘജിനി കാബൂൽ മുതലായ സ്ഥലങ്ങളെ പിടിക്കേണ്ടതിന്നു ഓരോ സേനകൾ പുറപ്പെട്ടിരിക്കുന്നു.

അംഗ്ലസേനകൾ ഇത്രോടം ജയംകൊണ്ടു അബ്ഘാനർ മമതഭാവം കാണിക്കുന്നു എങ്കിലും പുതിയ പടകൾ അബ്ഘാനപോൎക്കളത്തിലേക്കു യാത്രയാകുന്നതു രുസ്സർ പക്ഷേ അമീരിന്റെ പക്ഷം എടുത്തു ഹിമകാലം കഴിഞ്ഞ ഉടനെ യുദ്ധത്തിന്നായ്പുറപ്പെടും എന്നു ശങ്കിച്ചിട്ടത്രേ.

അമീരിന്റെ പടകൾ തോററതിനാൽ ആയവൻ ഭാരതഖണ്ഡത്തിലേ ഉപരാജാവിന്നു ഒരു കത്തെഴുതി അറിയിക്കുന്നതെന്തെന്നാൽ: ഉപരാജാവു തനിക്കു അവസാനമായി എഴുതിയ ലേഖനത്തിൽ കാണിച്ച മമത ഉണ്മയുള്ളതല്ലയെന്നും താൻ ഭയം നിമിത്തമത്രേ ദൂതന്മാരെ കൈക്കൊള്ളാതെ ഇരുന്നു എന്നും അബ്ഘാനൎക്കു ഇംഗ്ലിഷ്കോയ്മയോടു മുഷിച്ചൽ ഇല്ലെന്നും അല്പം ചില പേരേ തന്റെ മൂലനഗരത്തിൽ അംഗ്ലദൂതന്മാരായി വന്നു പാൎപ്പാൻ സമ്മതിക്കാമെന്നും അറിയിച്ചതു ഉപരാജാവിന്നു ബോധിക്കാതെ യുദ്ധം നടക്കേണം എന്നു വിധിച്ചു. ആ കത്തു കാബൂലിൽ രുസ്സദൂതനായി വസിക്കുന്ന ഒരു രുസ്സസേനാപതിയുടെ ഉപദേശത്താലും അറിവോടും ചമെച്ചു വന്നുവോ ഇല്ലയോ എന്നു ആർ തിട്ടമായി പറയും?

യുരോപ Europe.

ഇംഗ്ലന്തു. — ഗ്ലാസ്ഗോ (V. 199 നോക്കുക) നഗരത്തിലേ സറാപ്പുഗോക്കാർ (ബെങ്കു) ആകേ 6,783,000 പൌൺ പണം കളഞ്ഞിരിക്കുന്നു. ആ സറാപ്പുശാലയെ സ്ഥാപിക്കേണ്ടതിന്നു ഓരോ ചീട്ടുകാർ കൊടുത്ത മുതൽ നഷ്ടമായി പോയതു കൂടാതെ അവർ സകല കടത്തെ വീട്ടുകയും വേണം. അതിന്റെ സംഗതി എന്നാൽ ആ ബെങ്കു സീമയുള്ള (limited) സറാപ്പുയോഗം ആയിരുന്നുവെങ്കിൽ സ്ഥാപനമുതൽ മാത്രം പോയ്പോയേനേ. സീമയററ സറാപ്പുയോഗമായി നടന്നതുകൊണ്ടു ചീട്ടുകാർ ഒട്ടുക്കു ഒടുക്കത്തെ റേസ് വീട്ടി തീരുവോളം ബാദ്ധ്യസ്ഥന്മാർ ആകുന്നു. ആ പണം വസൂൽ ആക്കേണ്ടതിന്നു പലരും വീടും പറമ്പും വില്ക്കയും ഇല്ലാത്തവൎക്കു വേണ്ടി മുതൽ ഏറുന്നവർ നഷ്ടം സഹിക്കയും വേണ്ടതു. അക്കര നില്ക്കുന്ന പട്ടർ തോണിയുരുട്ടി എന്നു പറഞ്ഞു ശിക്ഷയിൽ ഉൾപ്പെടുത്തുന്നപ്രകാരം തോന്നിയാലും ആ വിധിയിൽ അന്യായം ഇല്ല. കുററമില്ലെങ്കിലും സൂക്ഷ്മക്കേടും മറവും ചീട്ടുകാരുടെ കൈയിൽ ഉണ്ടായിട്ടുണ്ടു താനും.

സാധുക്കളായ ചീട്ടുകാരെ നാശത്തിൽനിന്നു രക്ഷിക്കേണ്ടതിന്നു ഗുണശാലികളായ മനുഷ്യർ ഒരു ശേഖരത്തെ ആരംഭിച്ചു ഏകദേശം പാതി പണത്തിന്നു വരിയിട്ടു ശേഷമുള്ള പണവും കൂടകിട്ടും എന്നു വിചാരിപ്പാൻ ഞായം ഉണ്ടു.

ഗൎമ്മാന്യ. — ഗൎമ്മാന്യ ചക്രവൎത്തിയായ വില്യം വീണ്ടും രാജ്യഭാരത്തെ ഏററിരിക്കുന്നു.

രുസ്സ്യ. — ൧൮൭൭ാം തൊട്ടു ൧൮൭൮ വരെ ഇങ്ങനെ രണ്ടു വൎഷങ്ങൾക്കുള്ളിൽ രുസ്സ്യക്കോയ്മ നടത്തിയ യുദ്ധങ്ങളാൽ രാജ്യക്കടത്തെ നന്നായി വൎദ്ധിപ്പിച്ചു. ആ കടത്തിന്നു 7,00,00,000 രൂബേൽ കൊല്ലപ്പലിശയുണ്ടു. രുസ്സ്യ ഇപ്പോൾ കൊല്ലം ഒന്നിൽ 18,00,00,000 രൂബേൽ പലിശമിക്കതും പരദേശത്തു അയക്കേണം. ഇതു സാംരാജ്യത്തിൽ വൎഷന്തോറും പിരിയുന്ന നികുതി മുതലായ പിരിവിന്റെ മൂന്നിൽ ഒരു പങ്കു. അതുകൂടാതെ 1,20,00,00,000 രൂബേൽ കോയ്മ ഹുണ്ടിക ആ നാട്ടിൽ നടക്കുന്നു. ഇംഗ്ലിഷ് മുതലായ കോയ്മകൾ ഹുണ്ടികകൾക്കു തക്കവാറു തങ്കവും വെള്ളിയും അടിച്ച നാണ്യങ്ങളും രാജ്യദ്രവ്യാലയത്തിൽ സൂക്ഷിച്ചു അവററെ ആവശ്യം പോലേ മാററുന്നു. രുസ്സ്യ മതിയായ മുതലിനെ കാണിക്കാതെ ഹുണ്ടികകളെ അധികം പെരുക്കിയതു കൊണ്ടു അവററിൻ വില താണുപോയിരിക്കുന്നു.

M. M. 289.

രുസ്സ്യ സാംരാജ്യത്തിൽ നാസ്തിക മതക്കാർ എന്നൊരു വക കോയ്മ പകയന്മാർ കോയ്മക്കും പ്രജകൾക്കും പല ഞെരിക്കം വരുത്തുന്നു. തങ്ങൾക്കു അനിഷ്ടമായ ഉദ്യോഗസ്ഥന്മാരെ ചതിച്ചു കൊല്ലുകയും അവിടവിടേ നഗരങ്ങൾക്കു തീയിടുകയും ചെയ്യുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. **FEBRUARY 1879.** No. 2.

THE REV. JACOB RAMAVARMA.

യാക്കോബ് രാമവൎമ്മൻ.

ഒരു ഹിന്തുപാതിരിയുടെ ജീവിതം.

(VIാം പുസ്തകം ൧ാം ഭാഗത്തിൽനിന്ന തുടൎച്ച.)

അക്കാലത്തു ദൈവഭക്തിയുള്ള ഒരു കപ്പിത്താൻ സായ്പ എന്റെ ജ്യേഷ്ഠന്നു ഒരു മലയാള സുവിശേഷം കൊടുത്തു എനിക്ക കൊണ്ടു വന്നു തന്ന മലയാളഭാഷയിൽ അച്ചടിച്ചതായ ഒരു പുസ്തകം ഒന്നാമതു കാണുകയാൽ ഞാൻ ആശ്ചൎയ്യപ്പെട്ടു: അതിന്റെ സാരം ഹേ വൈദിക നോക്ക എന്നു പറഞ്ഞു ഞാൻ അതിൽ മത്തായി ഒന്നാം അദ്ധ്യായം അല്പം വായിച്ചു മറ്റെ പേരുകളുടെ പ്രയാസം നിമിത്തം ഇതിൽ എല്ലാം ഇപ്രകാരം തന്നെ ആയിരിക്കും എന്നു വെച്ചു മേശമേൽ ഇട്ടുകളഞ്ഞു എങ്കിലും സ്നേഹിതന്മാർ വരുമ്പോൾ ആ അപൂൎവ്വ വസ്തു എടുത്തു കാണിച്ചു അന്യസംജ്ഞകൾ നിമിത്തം പരിഹസിക്കയും ചെയ്യും. അത്രയും അല്ല മനസ്സു അധികമായിട്ടു കാമശാസ്ത്രം മുതലായ വഷളായിട്ടുള്ള ഗ്രന്ഥങ്ങളിലേക്ക ചാഞ്ഞു തുടങ്ങി എന്റെ ഹൃദയത്തിൽ തോന്നുന്നതു സാധിക്കേണം അത്രെ പുരുഷാൎത്ഥം എന്നു നിശ്ചയിച്ചു ഉപനയനം കഴിയുന്നതിന്നു മുമ്പെ സ്വതന്ത്രനായി നടന്നാൽ ജാതിഭ്രംശം വരും എന്നു പേടിച്ചു അടങ്ങിപ്പാൎത്തു. ൧൩ാം വയസ്സിൽ ഉപനയനവും സമാവൎത്തനവും കഴിഞ്ഞ ഉടനെ അമ്മയെ കുറിച്ചു നന്നെ ഭയവും പലപ്പോഴം മനസ്സിൽ കുത്തും ഉണ്ടായി എങ്കിലും ഏകദേശം രണ്ടു സംവത്സരത്തോളം തോന്നിയതു പോലെ നടന്നു. ൧൦ ഈ സമയത്തു എന്റെ മൂത്ത ഉടപ്പിറന്നവളുടെ മകൾ ദീനം പിടിച്ചു ധടുതിയിൽ മരിച്ചു പോയി. ആ കുട്ടിയുടെ മരണവേദനയും മറ്റും കണ്ടപ്പോൾ ഞാൻ ഒന്നു ഞെട്ടി എനിക്കും മരണം വന്നാൽ എന്തു ചെയ്യും നാന്നൂറ്റിൽ ചില്വാനം നരകങ്ങൾ ഉണ്ടല്ലോ അവയിൽ പോയി ഉഴലേണ്ടി വരും എന്നു വിചാരിച്ചു വിഷണ്ണനായി തീൎന്നു പണ്ടത്തേ വൈദികവൃത്തിക്ക തന്നെ മനസ്സു പിന്നേയും ചാഞ്ഞു.— ഇങ്ങനേ വിഷാദ

ത്തോടു കൂട ഒരു ദിവസം ഞാൻ പടിവാതില്ക്കൽ നില്ക്കുമ്പോൾ എന്റെ അമ്മാമന്റെ മകനായി കോട്ടയത്തു പഠിച്ച ഒരു ബാല്യക്കാരൻ വന്നു ഇംഗ്ലീഷ് പഠിക്കുന്നതിനെ കുറിച്ചു എന്നോടു സംസാരിച്ചു. ഉടനെ എന്റെ മനസ്സിൽ മുമ്പെ കുറെ ദിവസം പഠിച്ചു വിട്ടുപോയ ഭാഷ തിരികെ പഠിക്കേണം എന്നുള്ള ദാഹം ഉണ്ടായി പിറേറ ദിവസം തന്നെ അമ്മയോടു അനുവാദം ചോദിച്ചു കൊച്ചിക്കു പോയി. അവിടെ ഒരു പാതിരിസായ്പ ഒരു എഴുത്തുപള്ളി വെച്ചു കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ടു എന്നു കേട്ടിട്ടു വളര സന്തോഷിച്ചു ൧൮൩൪ ജൂലായോ ആഗുസ്തോ മാസത്തിൽ രിദ്സ്ദേൽ സായ്പ അവൎകളെ ചെന്നു കണ്ടു അനുവാദം വാങ്ങി അവിടെ പഠിച്ചു തുടങ്ങുകയും ചെയ്തു.— ആ സായ്പ അവൎകളുടെ പ്രാൎത്ഥനയിലും വേദം വ്യാഖ്യാനിക്കുന്നതിലും എനിക്കു വളര സന്തോഷം തോന്നി എങ്കിലും അക്കാലത്തു ഞാൻ ഒന്നും തിരിച്ചറിഞ്ഞില്ല. പഠിക്കുന്നവരോടു പലപ്പോഴും സായ്പ പറഞ്ഞ കാൎയ്യങ്ങളെ കുറിച്ചു ചോദിച്ചിട്ടും അവരുടെ വാക്കിനോടു എനിക്കു പരിചയം പോരായ്കയാൽ മൂന്നു നാലു മാസം നല്ലവണ്ണം തിരിച്ചറിഞ്ഞതുമില്ല. ഒരു ദിവസം ആ സായ്പ വിഗ്രഹാരാധനയെ കുറിച്ചു വളര പരിഹാസമായി പറയുന്നതിനെ കേട്ടു ഞാൻ വളര രസിച്ചു വിഗ്രഹം നിസ്സാരം എന്നു ഞാൻ മുമ്പെ വിചാരിച്ചതു സത്യം തന്നെ എന്നു അധികം ഉറപ്പു വരികയും ചെയ്തു.

അന്നു തന്നെ എന്നു തോന്നുന്നു ഞങ്ങളുടെ രണ്ടാമത്തേ മൊനിട്ടർ എന്നോടു: രാജാവിന്റെ പുത്ര താൻ ഞങ്ങളുടെ വേദം കൂട അല്പം നിഷ്കൎഷിച്ചു നോക്കിയാൽ കൊള്ളാം എന്നു പറഞ്ഞതിന്നു: അതിന്നെന്തു വൈഷമ്യം എല്ലാം അറിഞ്ഞിരിക്കേണ്ടതല്ലേ ഒന്നു കിട്ടിയാൽ ശോധന ചെയ്യാം എന്നു പറഞ്ഞപ്പോൾ അയ്യാൾ സായ്പിനോടു പറഞ്ഞു. സായ്പ ഒരു സുവിശേഷം എടുത്തു എന്റെ പേരും എഴുതി രോമൎക്കുള്ള ലേഖനത്തിങ്കൽ ഒരു മൂഢസൂത്രവും വെച്ചു ഇതു നല്ലവണ്ണം വായിപ്പാൻ പറഞ്ഞു കൊടുത്തയച്ചു. ആയതിനെ ഞാൻ സന്തോഷത്തോടെ വാങ്ങി മൂന്നു വട്ടം സകലം ആവൎത്തിച്ചാവൎത്തിച്ചു വായിച്ചു മിക്കവാറും ഹൃദിസ്ഥമാക്കയും ചെയ്തു. അപ്പോൾ ഇതുവും മുമ്പേ കിട്ടീട്ടു തള്ളിക്കളഞ്ഞ പുസ്തകവും രണ്ടും ഒരു മാതിരി തന്നേ എന്നു അറിഞ്ഞു. ഇതിന്നിടയിൽ ഒരു ദിവസം ഞാൻ അനന്തൻ (പിന്നേ യോഹൻ) എന്ന കൊങ്കണിയോടു കൂട പള്ളിയിൽ പോയി പ്രസംഗം കേട്ടു ആയതു എന്തു എന്നു ഇപ്പോൾ നല്ല ഓൎമ്മ ഇല്ല. പിന്നേയും ഒരു ഞായറാഴ്ച പള്ളിയിൽ പോയപ്പോൾ പാതിരിസായ്പ യശായ ൫൩-ൽ നിന്നു "അവൻ അതിക്രമക്കാൎക്കു വേണ്ടി അപേക്ഷിച്ചു" എന്ന വാക്യത്തിൽനിന്നു പ്രസംഗിച്ചു. ഠരം അതിക്രമക്കാരൻ ഞാൻ ആകുന്നു എന്നും, യേശുക്രിസ്തൻ എനിക്കു വേ

ണ്ടിയും പ്രാൎത്ഥിച്ചു ഇനിയും പ്രാൎത്ഥിക്കുന്നു എന്നും അവനിൽ വിശ്വസിക്കുന്നവന്നു അവൻ നിത്യരക്ഷ കൊടുക്കുന്നു എന്നും സ്പഷ്ടമായി കാണിച്ചു.— അന്നു മുതൽ എനിക്കു ക്രിസ്തനിൽ ശിഷ്യനാകുവാൻ ആഗ്രഹം തുടങ്ങി എങ്കിലും ലോകാപവാദം ഭയപ്പെട്ടിട്ടു പിന്നോക്കം വലിഞ്ഞു ആരോടും പറയാതെ താമസിച്ചു സുവിശേഷം നിത്യം വായിക്കുന്നതിൽ കുറവു വരുത്തീട്ടില്ല താനും.— ഇങ്ങിനേ ഇരിക്കുമ്പോൾ ഒരു ദിവസം ഞാൻ കൊച്ചിക്കു വരുമ്പോൾ കൊടുങ്കാററുണ്ടായതിനാൽ തോണി മുങ്ങി ചത്തുപോകും എന്നു ഭയപ്പെട്ടു വേഗത്തിൽ ക്രിസ്തന്റെ ശിഷ്യനാകുവാൻ നിശ്ചയിച്ചു പാതിരിസായ്പു അവൎകളോടു പറഞ്ഞാറെ സായ്പു വളരെ സന്തോഷിച്ചു കിസ്തനിലുള്ള രക്ഷണ്യത്തെ കുറിച്ചു അധികം വിവരമായി ഉപദേശിച്ചു പിറേറ ഞായറാഴ്ച സ്നാനം എല്ക്കുതക്കവണ്ണം നിശ്ചയിക്കയും ചെയ്തു. എന്നോടു കൂട പാൎത്തിരുന്നു എനിക്കു ചോറു വെച്ചു തന്ന പട്ടർ ഇക്കാൎയ്യത്തെ അല്പം അറിഞ്ഞു അമ്മയോടു പറഞ്ഞു കൌശലത്തോടെ എന്നെ തൃപ്പൂണിത്തുറെക്കു വിളിപ്പിച്ചു എട്ടു ദിവസം താമസിപ്പിക്കയും ചെയ്തു. ഇതിന്നിടയിൽ വയററിന്മേൽ എനിക്കു ഒരു വലിയ കുരു ഉണ്ടായി മരിക്കും എന്നു പേടിച്ചു ഞാൻ സൌഖ്യപ്പെട്ടു എങ്കിൽ താമസിയാതെ നിന്റെ ശിഷ്യൻ ആകും എന്നു കൎത്താവിനോടു പ്രാൎത്ഥിച്ചു അവൻ എന്റെ ശബ്ദം കേട്ടു സൌഖ്യം തന്നു.— ഉടനെ ഞാൻ അമ്മയോടും മററും യാത്ര പറഞ്ഞു കൊച്ചിക്കു പോന്നു പിറേറ ദിവസം തന്നേ ഒരു കൊങ്കണി ബ്രാഹ്മണനോടു കൂട കൎത്താവിന്റെ നാമത്തിൽ ബപ്തിസ്മപ്പെട്ടു ൧൮൫൭ ഏപ്രിൽ ൭ാം നു- പൂണുനൂലും പൊട്ടിച്ചെറിഞ്ഞു സായ്പന്മാരോടു കൂട ഭക്ഷിച്ചു ജാതിയും കളഞ്ഞു. (ശേഷം പിന്നാലെ.)

II. THE HUMAN SKULL (2).
തലയോടു.

(V. 154 ഭാഗത്തിന്റെ തുടൎച്ച).

I. തലച്ചോററിനെ അടക്കിക്കാക്കുന്ന തനിച്ച തലയോട്ടിന്നു[1]) എട്ടെല്ലുകൾ ഉണ്ടു. അതിൽ നാലു മേലും നാലു കീഴും ഇരിക്കുന്നു എന്നു പറയാം.

1. മേലേത്ത നാലു എല്ലുകളെ ഒരു മേല്പുരയുടെ രണ്ടു നെററിക്കും രണ്ടു ചാപ്പിന്നും ഉപമിക്കാം. പലകപ്രായത്തിലുള്ള ൟ എല്ലുകൾ പല പ്രകാരം വളഞ്ഞിരിക്കുന്നു; അവയാവിതു:

൧. നെററിയെല്ലു ഒന്നു[2]). മണ്ടയുടെ മുമ്പുറത്തു നില്ക്കുന്ന ൟ എല്ലുകൊണ്ടു മുഖത്തിന്റെ മേൽഭാഗം ഉണ്ടാകുന്നു. ആയതു മൂക്കിൻ

1) Brain-pan (cranium). 2) Frontal bone (os frontale).



പാലത്തിന്റെ മുരട്ടും ഇരുപുറത്തേ കൺതടത്തിൽ പുറത്തേ കോണിന്റെ ഏപ്പും തുടങ്ങി നെററിത്തടം[3] അടക്കി നെറുക വിളിമ്പോളവും അതിൽ കടിപ്പിച്ച രണ്ടു മതിലെല്ലുകളോളവും ചെല്ലുന്നു. രണ്ടു കൺതടത്തിന്റെ മേലേ വളരും മൂക്കിൻ പാലത്തിന്റെ മുരട്ടും അതിനാൽ ഉണ്ടാകുന്നു[4]. ഠരം എല്ലിന്നു ഏകദേശം ഞണ്ടോടിന്റെ വടിവുണ്ടു.

൨. മതിലെല്ലുകൾ രണ്ടു[5]. ഇവ മണ്ടയുടെ നടുവിൽ തന്നേ. മുൻപുറത്തേ നെററിയെല്ലും പിമ്പുറത്തേ പിരടിയെല്ലും എന്നിവററിൻ നേരേ നടുവിൽ മുകന്താഴം പോലേ നെറുകയുടെ വിളിമ്പു നീണ്ടു കിടക്കുന്നു. ചാപ്പിന്നു തുല്യമായി രണ്ടെല്ലുകൾ ഒന്നു മണ്ടയുടെ വലത്തും മററതു അതിന്റെ ഇടത്തും നെററിയെല്ലിന്നും ഏപ്പായി നെറുകവിളിമ്പിൽ തമ്മിൽ ഏച്ചു വരുന്നു. ഇരുമതിലെല്ലുകളോടു മണ്ടയുടെ അടിയിൽ കിടക്കുന്ന കടുന്തുടിയെല്ലിന്റെ ഓരോ ഇറകു ചേരുകയല്ലാതെ ഓ

3) Forehead. 4) നെററിയെല്ലോടു ഏച്ചു വരുന്ന എല്ലുകൾ പന്ത്രണ്ടു; അവ ആവിതു: മതിലെല്ലുകൾ രണ്ടു, കടുന്തുടിയെല്ലു ഒന്നു, അരിപ്പയെല്ലു ഒന്നു, മൂക്കിന്റെ എല്ലുകൾ രണ്ടു, മേലേത്ത അരവെല്ലു രണ്ടു (superior maxillary), കണ്ണീരെല്ലു രണ്ടു (lachrimal), തുന്തയെല്ലു രണ്ടു (malar). നെററിയെല്ലോടു രണ്ടു ഇണ (ജോടു) ദശപ്പുകളും ചേൎന്നു വരുന്നു. 5) Parietal bone (os parietale, ഭിത്തിയെല്ലു, നെറുകയെല്ലു).

രോ ചെന്നിയെല്ലു ഒരു വിധം ഞെറിവുള്ള ഓരായത്താൽ തമ്മിൽ പററി കൂട്ടുന്നു[6]. ആ സ്ഥലത്തു മതിലെല്ലുകൾക്കും ചെന്നിയെല്ലുകൾക്കും ഞെറിവുണ്ടു[7]. ൟ എല്ലിന്റെ രൂപം ഏകദേശം വാകക്കരുവിനോടൊക്കും. അതിന്റെ ഉൾഭാഗത്തു പടം കണക്കേ ചോരക്കുഴലുകൾ പരന്നു ഒന്നിച്ചു ചേരുന്നു.

൩. പിരടിയെല്ലു ഒന്നു[8]. മണ്ടയുടെ പിന്നിലുള്ള ൟ എല്ലു രണ്ടു മതിലെല്ലുകളോടു പല്ലേപ്പിനാൽ ഉണങ്ങി വരുന്നു. അതു നെറുക (വിളിമ്പിൽ)നിന്നു[9] വളഞ്ഞു മുതുകെല്ലിന്റെ മുതുതലയെ കൈക്കൊണ്ടു, ഉള്ളോളം ചെല്ലുന്നതിനാൽ തലയോട്ടിന്നു അടികണക്കേ ഇരിക്കുന്നു. നെട്ടെല്ലിനെ കടിപ്പിക്കുന്ന വലിയ തുള[10] നിമിത്തം ആ എല്ലു ഏകദേശം വായും മൂലയും തേഞ്ഞ പടന്നയുടെ രൂപത്തിൽ കാണുന്നു. ആ വന്തുള കൂടാതെ ഏറിയ ചെറിയ ദ്വാരങ്ങളും ഉണ്ടു. അവററിൽ കൂടി ഉടലിൽനിന്നു തലച്ചോററിൽ ഓരോ ചോരക്കുഴലുകളും നരമ്പുകളും കയറി കിഴിഞ്ഞു വരുന്നു.

ആയതും ൟ ചിത്രത്തിൽനിന്നു നന്നായി വിളങ്ങും.



6) ഓരോ മതിലെല്ലു ഐയഞ്ചു എല്ലുകളെ ഏച്ചുകൊള്ളുന്നതാവിതു: മറുമതിലെല്ലൊന്നു, പിരടിയെല്ലൊന്നു, നെററിയെല്ലൊന്നു, ചെന്നിയെല്ലൊന്നു, കട്ടന്തുടിയെല്ലൊന്നു. ഓരോ മതിലെല്ലോടു ഓരേ ദശപ്പു മാത്രം പററിയിരിക്കുന്നു. 7) (Squamous border) bevelled edge. 8) Occipital bone (os occipitis പിടരിയെല്ലു). 9) Crown of the head (vertex). 10) The foramen magnum (പെരുന്തുള).

പിരടിയെല്ലിന്റെ പെരുന്തുളയിൽ മുതുകെല്ലു കടന്നശേഷം തലെക്കു മുങ്കനം ഏറുകകൊണ്ടു തലയെ നിവിൎത്തി നിൎത്തുവാൻ പിരടിയെല്ലിൽനിന്നു മുതുകെല്ലോളം ചെല്ലുന്ന ഉറപ്പുള്ള ദശപ്പുകൾ പററിച്ചിരിക്കുന്നു. പിരടിയെല്ലിനെ പിരടിയിൽ തൊട്ടു നോക്കിയാൽ ഒരു മുനമ്പും[11] അവിടെനിന്നു പെരുന്തുളയോളം ഉള്ളിലേക്കു ചെല്ലുന്നു ഒരു പരമ്പും[12] മുനമ്പിന്റെ ഇരുപുറത്തു മേലേ വളഞ്ഞ ഏരിയും അതിൽനിന്നു മുക്കാൽ അംഗുലം കീഴോട്ടു താഴേ വളഞ്ഞ ഏരിയും സ്പൎശിച്ചറിയാം[13]. ആ ഏരികളിൽ തന്നെ ആ ദശപ്പുകൾ ഒട്ടിച്ചു കിടക്കുന്നു. മണ്ടയെ മുതുകെല്ലോടു (നെടുമുള്ളോടു) ദശപ്പുകളെകൊണ്ടു ഉറപ്പായിട്ടു ഘടിപ്പിപ്പാൻ പെരുന്തുളയുടെ മുമ്പോട്ടു നോക്കുന്ന പാതിയിൽ ഇരുപുറത്തു ഒരു വക വക്കു മുഴെച്ചു നില്ക്കുന്നു[14]. ഉറക്കു, ആലസ്യം, ബോധക്കേടു എന്നിവററിൽ ചിത്തശക്തികൾ അടങ്ങീട്ടു ദശപ്പുകൾ തളരുമ്പോൾ തല തന്നാലേ നെഞ്ഞോടു തൂങ്ങുന്നതുകൊണ്ടു മേൽ പറഞ്ഞതിന്നു തുൻപുണ്ടാകും[15].

2. കീഴേത്ത നാലു എല്ലുകൾ പിടിയില്ലാത്ത തൊടുപ്പയുടെ ഭാഷയിൽ കാണാം.

൧. ചെന്നിയെല്ലുകൾ രണ്ടു[16]. അതിൽ ഓരോന്നിന്നു മുമ്മൂന്നു പങ്കുണ്ടു.

a.) ഞെറിവുള്ള അംശം[17]. ആയതു ചെന്നിവരമ്പിന്റെ മീതെ തന്റെ തന്റെ മതിലെല്ലിലേ ഞെറിവോടു ചേരുന്നു അല്ലയെങ്കിൽ മതിലെല്ലിനെ കടന്നു വരുന്നു[18]. ഠരം ഞെറിവുള്ള അംശത്തിന്റെ പുറത്തു ചെന്നി ദശപ്പിന്റെ മാംസനാരുകൾ[19] പിടിച്ചു കിടക്കുന്നു. ചെന്നിവരമ്പു തുന്തയെല്ലോടു[20] ഏച്ചിരിക്കുന്നതു കൂടാതെ താടിയെല്ലിന്റെ[21] ദശപ്പും അതിനോടു ചേരുന്നു.

b. മുലപോലേത്ത അംശം[22] മുലരൂപത്തിൽ കാതിന്റെ വഴിയെ അൎദ്ധവൃത്തത്തിൽ മുഴെച്ചിരിക്കുന്നതിനാൽ ഈ പേർ ഉണ്ടായി. പരുപരുത്ത മേലായി ചോരക്കുഴലുകൾ കടപ്പാൻ പല വിധത്തിൽ തുളഞ്ഞിരിക്കുന്നു; അതിന്റെ ഉള്ളിൽ ഏറിയ കള്ളികൾ ശ്രവണേന്ദ്രിയത്തിന്നു വേണ്ടി കിടക്കുന്നു. ചെന്നി വരമ്പിന്റെ നടുവിൽ താഴേ ഒരു തുളയുണ്ടു.

---

11) The external occipital protuberance (ച്ചുങ്കി, എരുത്തു). 12) The spine. 13) The superior and the inferior curved line (ഏരി = വരമ്പു, തിണ്ടു). 14) The condyle of the right and left side. 15) പിരടിയെല്ലു ആറു എല്ലുകളോടു ഏച്ചു വരുന്നതാവിതു: രണ്ടു മതിലെല്ലുകളും രണ്ടു ചെന്നിയെല്ലുകളും ഒരു കട്ടുന്തുടിയെല്ലും നെടുമുള്ളിന്റെ മുതലയായ ആധാരയെല്ലും (atlas) എന്നിവ തന്നെ. പിരടിയെല്ലോടു പതിമൂന്നു ഇണ (ജോടു) ദശപ്പുകൾ പററിച്ചു കിടക്കുന്നു. 16) Temporal bone (os temporale). 17) The squamous portion. 18) overlap. 19) Fleshy fibres. 20) Malar bone. 21) Lower jaw.

അതു കേൾവിത്തുള (ശ്രോത്രദ്വാരം) അത്രേ. അതിൻെറ നേരെ കീഴിൽ ആണിച്ചേലിൽ മുന്നുന്ന എല്ലിന്നു ചെന്നിയാണി[23] എന്നു പറയുന്നു.

c. കല്ലിച്ച അംശം[24]. ആയതു ഏററവും അടപ്പും കടുപ്പവും പൂണ്ടു കേൾവിത്തുളയുടെ മുമ്പിൽ കിടക്കുന്നു[25].

ഡ. കടുന്നൂടിയെല്ലു ഒന്നു[26]. അതിൻെറ രൂപം പറക്കുന്ന പാപ്പാത്തിയോടോ പറക്കുന്ന നരിച്ചീറിനോടോ ഒക്കും എന്നു പറയാം. വലിയ ഇറകു രണ്ടും മുമ്പോട്ടും ചെറിയവ രണ്ടും വഴിയോട്ടും പിരിഞ്ഞു ചേരുന്നു. തലയോട്ടിൻെറ അടിയിൽ കിടക്കുന്ന ഈ എല്ലു മണ്ടയുടെ എല്ലാ എല്ലുകളും മുഖത്തിൻെറ ചിലതും എത്രയും ഉറപ്പായിട്ടു തമ്മിൽ ഏച്ചുകളയേണ്ടതിന്നു കടുന്നൂടി വടിവുള്ളതാകുന്നു[27].

ന. അരിപ്പയെല്ലു ഒന്നു[28]. അതു കൺതടങ്ങളുടെ ഇടയിലും മൂക്കിൻ മുരട്ടിൻെറ പിമ്പുറത്തും കിടക്കുന്നു. പെരുത്തു തുളയുള്ളതുകൊണ്ടു അരിപ്പയെല്ലു എന്നു പേരുണ്ടായി. ആയതു വിശേഷിച്ചു ഘ്രാണനരമ്പിൻ കിഴങ്ങിന്നു ആധാരം. ഈ എല്ലിന്നു ജാതിപത്രിയോടൊത്ത ചുരുളുകൾ ഉണ്ടു[29].

(ശേഷം പിന്നാലെ.)

WHAT IS HINDUISM?
ഹിന്തുമതമെന്തു?

I. ഹിന്തുമതപ്രമാണങ്ങൾ.

ഹിന്തുമതമെന്തു എന്ന ചോദ്യത്തിന്നു എളുപ്പത്തിൽ ഉത്തരം പറവാൻ കഴികയില്ല. ഹിന്തുക്കൾ പല മതഭേദികളായി പിരിഞ്ഞു വെവ്വേറെ ദേവന്മാരെ വണങ്ങിയും, നാനാവിധം വഴക്കങ്ങളെ ആചരിച്ചും വരുന്നതിനാൽ അവരുടെ യഥാൎത്ഥവിശ്വാസം ഇന്നതെന്നു തീൎത്തു പറവാൻ ആവതില്ലതാനും; എന്നാൽ കാൎയ്യം ഉററാരായുമളവിൽ നാലു വേദം ആറു ശാസ്ത്രം പതിനെട്ടു പുരാണം എന്നിവയത്രെ ഹിന്തുക്കളുടെ വിശ്വാസത്തിന്നു പ്രമാണങ്ങൾ എന്നു കാണുന്നു.

---

22) The mastoid portion. 23) The styloid process. 24) The petrous portion. 25) ഓരോ ചെന്നിയെല്ലു ഐയഞ്ചു എല്ലുകളോടു ഏച്ചുവരുന്നതാവിതു: പിരടിയെല്ലൊന്നു, മതിലെല്ലൊന്നു, കടുന്നൂടിയെല്ലൊന്നു, താണ അരവെല്ലൊന്നു, തുന്തയെല്ലൊന്നു. ഓരോ ചെന്നിയെല്ലോടു പതിന്നാലീതു മശപ്പുകൾ പററിച്ചു കാണാം. 26) Sphenoid bone (os sphenoides). 27) കടുന്നൂടിയെല്ലോടു തനിച്ച തലയോട്ടിൻെറ ഏഴു എല്ലുകളും മുഖത്തിൻെറ അഞ്ചു എല്ലുകളും ആകേ പന്ത്രണ്ടു എല്ലുകൾ ഏച്ചു വരുന്നു. [മുഖത്തിൻെറ എല്ലുകളോ: തുന്തയെല്ലു രണ്ടു, അണ്ണാക്കെല്ലു രണ്ടു (palate bones), കൊഴുവെല്ലു ഒന്നു (vomer)], കടുന്നൂടിയെല്ലിൽ പന്ത്രണ്ടു ഇണ (ജോടു) മശപ്പുകൾ ഉറെച്ചു കിടക്കുന്നു. 28) Ethmoid bone (os ethmoides). 29) അരിപ്പയെല്ലു മണ്ടയുടെ നെററിയെല്ലോടും കടുന്നൂടിയെല്ലോടും അല്ലാതെ മുഖത്തിൻെറ പതിനൊന്നു എല്ലുകളോടു ചേരുന്നു. മുഖത്തിൻെറ എല്ലുകൾ ആവിതു: മൂക്കെല്ലു രണ്ടു, മേലേത്ത അരവെല്ലു രണ്ടു, കണ്ണീരെല്ലു രണ്ടു, അണ്ണാക്കെല്ലു രണ്ടു, ചല്ലയെല്ലു രണ്ടു (the inferior turbinated), കൊഴുവെല്ലൊന്നു എന്നിവ തന്നേ. അരിപ്പയെല്ലോടു യാതൊരു മശപ്പും പററിച്ചിട്ടില്ല.

നാലു വേദങ്ങൾ ഏതെന്നാൽ ഋഗ്വേദം, യജുൎവ്വേദം, സാമവേദം, അഥൎവ്വവേദം എന്നിവ തന്നെ. ആറു ശാസ്ത്രങ്ങളൊ: ശിക്ഷാശാസ്ത്രം, കല്പശാസ്ത്രം, വ്യാകരണശാസ്ത്രം, ഛന്ദസ്സശാസ്ത്രം, നിരുക്തശാസ്ത്രം, ജ്യോതിശ്ശാസ്ത്രം എന്നിവയത്രേ. പതിനെട്ടു പുരാണമാകട്ടെ: ബ്രഹ്മം, പത്മം, ബ്രഹ്മാണ്ഡം, ആഗ്നേയം, വൈഷ്ണവം, ഗാരുഡം, ബ്രഹ്മകൈവൎത്തം, ശൈവം, ലിംഗം, നാരദീയം, സ്കാന്ദം, മാൎക്കണ്ഡേയം, ഭൌഷികം, മത്സ്യം, വാരാഹം, കൂൎമ്മം, വാമനം, ഭാഗവതം എന്നിവ തന്നെയാകുന്നു. ചൊൽ കൊണ്ട രാമായണം ഭാരതം എന്ന മഹാകാവ്യങ്ങൾ ജനങ്ങളിൽ നടപ്പായിരിക്കുന്ന എല്ലാ കെട്ടുകഥകൾക്കു ഉറവായിരിക്കയാൽ അവറ്റെയും മേൽ പറഞ്ഞവറ്റോടു ചേൎക്കേണ്ടിയതു. ആറു ശാസ്ത്രങ്ങളിൽ ശിക്ഷാശാസ്ത്രം ഉച്ചാരണത്തേയും, കല്പശാസ്ത്രം ചടങ്ങാചാരങ്ങളെയും, വ്യാകരണശാസ്ത്രം ഭാഷാപ്രയോഗത്തേയും, ഛന്ദസ്സശാസ്ത്രം മന്ത്രത്തേയും, നിരുക്തശാസ്ത്രം വേദത്തിലേ വാക്യപരിച്ഛേദങ്ങളേയും, ജ്യോതിശ്ശാസ്ത്രം കണക്കിനെയും തൊട്ടു വിവരിക്കുന്നു. ഇങ്ങനെ ശാസ്ത്രങ്ങളിൽ ആത്മികവിദ്യെക്കു മുറ്റും വിപരീതമായ കാൎയ്യങ്ങൾ അടങ്ങിയിരിക്കയാലും, വേദത്തോടടുത്ത ചില കാൎയ്യങ്ങൾ മാത്രം പറഞ്ഞിരിക്കയാലും അവറ്റെ കുറിച്ചു ഇപ്പോൾ നമുക്കു ചിന്തിപ്പാൻ അവസരമില്ല. തൽക്കാലം വേദങ്ങളെയും പുരാണങ്ങളേയും തന്നേ നാം പരിശോധന കഴിപ്പാൻ പോകുന്നതു.

മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ അനേകത്തിന്റെ പേർ മാത്രം ഹിന്തുക്കൾ സാധാരണമായറിയുന്നതല്ലാതെ അവറ്റിൻ പൊരുൾ അവൎക്കു അശേഷം അറിഞ്ഞു കൂടാ. അവരുടെ ഇടയിൽ ഇരിക്കുന്ന അറിവോരും തങ്ങടെ വേദഗ്രന്ഥങ്ങളിൽ ചിലതു മാത്രമേ വായിച്ചിട്ടുള്ളൂ. വേദങ്ങൾ മുഴവൻ കാണുകപോലും ചെയ്ത ഒരു ബ്രാഹ്മണൻ ദക്ഷിണഖണ്ഡത്തിലെങ്ങാനമുണ്ടോ എന്നു സംശയമത്രേ. ഇപ്രകാരമിരിക്കേ ജനങ്ങൾക്കു ആത്മവഴികാട്ടികൾ എന്നു തങ്ങളെ തന്നെ പുകഴ്ത്തുന്നവർ, തങ്ങൾ തന്നെ ഒരിക്കലും ഓതീട്ടില്ലാത്ത വേദങ്ങളെ ജനങ്ങൾക്കു ഉപദേശിപ്പാൻ കഴിയുമോ എന്നു നിങ്ങൾ തന്നെ ആലോചിച്ചു നോക്കുവിൻ.

ഹിന്തുമതവിശ്വാസത്തിൻ പ്രമാണഗ്രന്ഥങ്ങളെ ചൊല്ലി മിക്കവാറും ഹിന്തുക്കൾക്കു അറിയാത്ത അനേകവിഷയങ്ങൾ യുരോപ്യപണ്ഡിതന്മാരുടെ പ്രയത്നത്താൽ ഇപ്പോൾ വെളിവായി വന്നിരിക്കുന്നു. വേദങ്ങൾ പല പല കാലങ്ങളിൽ എഴുതപ്പെട്ടുവെന്നും, ക്രിസ്തനു മുമ്പെ പതിനാലാം നൂററാണ്ടിൽ അല്ലെങ്കിൽ 3265* സംവത്സരങ്ങൾക്കു മുമ്പെ വേദവ്യാസമഹൎഷി അവറ്റെ ഇപ്പോൾ ഉള്ളപ്രകാരം കൂട്ടിച്ചേൎത്തുവെന്നും വിലാത്തിയിലേ മഹാവിദ്വാന്മാർ ഉറപ്പായിക്കണ്ടിരിക്കുന്നു. പുരാണങ്ങളെ വ്യാസൻ തന്നെ സ്വരൂപിച്ചുവെന്നു ഹിന്തുക്കൾ പറഞ്ഞിരുന്നാലും കാ

* 1878 ആമതു പ്രമാണമാക്കിയാൽ അത്രേ.

 യ്യത്തെ ദീഘമായി പരിശോധിക്കുമ്പോൾ അവററെ പല ഗ്രന്ഥകൎത്താക്കൾ ക്രിസ്തന്റെ ശേഷം എട്ടാം പതിനാറാം നൂററാണ്ടുകൾക്കിടയിൽ അഥവാ ഏകദേശം 1100 മുതൽ 300 വൎഷങ്ങൾക്കു മുമ്പെ എഴുതിത്തീൎത്തുവെന്നു കണ്ടിരിക്കുന്നു. എന്നാൽ അവററിൽ പലേടങ്ങളിലും ഉള്ള കാൎയ്യങ്ങൾ വളരെ പുരാതനമായതെന്നു കാണായ്വരുന്നു താനും.

(ഇതു ഹിന്തുവിദ്യാൎത്ഥികൾക്കായി ഇംഗ്ലിഷിൽ പ്രസിദ്ധമാക്കിയ ബങ്കളൂർ ചെറുപുസ്തകത്തിൻ നേർഭാഷാന്തരം.)

A HYMN (No. 2). ഒരു ഗീതം.

Wo findet die Seele etc.

Moderate

1=4 4/4

5 | 5¯ 3 5 | 5¯ 3 5 | 4¯ 2 4 | 3¯ 0 3 | 3¯ 4 6 | 5¯ 3 5 |
3 | 3¯ 1 3 | 3¯ 1 3 | 2¯ 7 2 | 1¯ 0 1 | 1¯ 2 4 | 3¯ 1 3 |

4¯ 2 4 | 3¯ 0 5 | 1¯ 7 6 | 5¯ 3 5 | 56 4 5 | 3¯ 0 5 | 1¯ 7 6 |
2¯ 7 2 | 1¯ 0 3 | 3¯ 5 4 | 3¯ 1 3 | 34 2 7 | 1¯ 0 3 | 3¯ 5 4 |

5¯ 3 5 | 56 4 5 | 3¯ 0¯ || 5¯ 3¯ | 4¯ 2¯ | 1¯ 2 4 | 3¯ 0 5 |
3¯ 1 3 | 34 2 7 | 1¯ 0¯ || 3¯ 1¯ | 2¯ 7¯ | 1¯ 7 2 | 1¯ 0 3 |

1¯ 7 6 | 5¯ 3 5 | 56 4 5 | 3¯ 0 ||
3¯ 5 4 | 3¯ 1 3 | 34 2 7 | 1¯ 0 ||

W. Schmolck.

൧. മൽ ആദിപിതാക്കൾ അനാദി പിതാ
നൽ ഏദനിൽ ആദരിച്ചാക്കി പുരാ.
തൃമുററത്തുള്ളോൎക്കു സംസൎഗ്ഗം നല്കാൻ
തൃക്കോവിൽ യഹോവ അഹസ്സിൽ വിട്ടാൻ.
പ്രാകാരേ ആമോദം ഇതേ
കമാരക പ്രായക്കളിച്ച ദിനേ. [നാൾ

൨. പെറേറാരെ വമ്പൊള്ളൻ പൊറാതൊരു
പററിച്ചിതു പൃളം പിണെച്ച വന്മാൽ.
അന്നേ പരദീസയും ഏനസ്സിനാൽ
എന്നും പരദേശം ചമഞ്ഞുവരാൽ.
സാത്താൻ സ്നേഹോൽകൃഷ്ടനിലോ
സന്ദേഹവും കൈപ്പും വരുത്തിയയ്യോ!

൩. അങ്ങേദനിലേ മനപ്പാടു കൊണ്ടോ
ഇങ്ങേ കപ്പപ്പാട്ടിൽ നില്പോൎക്കിണ്ടലോ!
സ്വദേശം എന്നാൽ പരദേശം അത്രേ;
സ്വഗേഹം എന്നോ പരഗേഹം എന്നേ.
സാക്ഷാൽ തീരാ ഖേദം ഒന്നേ
പണ്ടേദനിലേ മനപ്പാടില്ലയേ!

൪. ഇങ്ങേക വിശ്രാമം ഇച്ഛേഹിക്കുണ്ടോ?
എങ്ങാണ്ടോരിടേ മനപ്പാടില്ലയോ?
പൊല്ലായ്മ വല്ലായ്മ ഒല്ലായ്മ അഹോ
ചെല്ലാത സങ്കേതം ഇപ്പാരിലുണ്ടോ?
ആഹാ-കാണാ-ഇങ്ങില്ലത്രേ!
എൻദേഹിക്കയ്യോ മനപ്പാടെങ്ങുമേ!

൫. ഇഹത്തിൽ പരുങ്ങൽ കറങ്ങൽ പിന്നേ
ഇളക്കം തളൎച്ച മടുപ്പു ദിനേ;
അസൂയ പൊങ്ങച്ചം കരച്ചൽ അറാ;
അശുദ്ധി വരുത്തം മരിപ്പു നില്പും.
പോരാ-ആകാ-പോകുവരാ!
പിരട്ടുള്ള ലോകം തങ്ങാരം തരാ.

൬. ഇപ്പാരിൽ ഇറങ്ങിയ യേശുകൎത്താ
അപ്പോഴും നിരപ്പു വരുത്തി; തഥാ [യ്
തൻ ശ്വാസത്തിൻ വീൎയ്യം കൈയേററവൎക്കാ
വിശ്വാസപ്പിറപ്പിന്നു കാരണം ആയ്.
പാഴാപാടേതായതെല്ലാം
ഇപ്പാഴന്നു നാളിലും മാററുകയാം.

൭. നിസ്സാര പ്രവാസിയിൽ ക്രുരുടയോൻ,
അസാരനെ ഓമനിച്ചോമ്പി കൊൾവോൻ,
സന്തോഷപ്രത്യാശകൾ ഏകും മഹാൻ
എൻ ഓമന യേശു എന്നോതുന്നു ഞാൻ.
കൊള്ളാം-കൊള്ളാം-വീണ്ടുകൊൾവോൻ
കളഞ്ഞ എൻസ്ഥാനത്തെന്നേ നിൎത്തുവോൻ.

൮. പുകണ്ണു മികിണ്ണു എൻ ദേഹി ഉണർ
പിഴക്കി പെറുക്കികളായ നരർ
തിരുളം അലിഞ്ഞു കനിഞ്ഞ പിതാ
തൻ മാറിലണെച്ചൻപു കാട്ടും സദാ.
ആം-ആം-ആം-ആം-ആശ്ചൎയ്യമേ!
അനാരത വാസം പിതാവിൻ ഗൃഹേ.

൯. സഞ്ചാരികൾ കൈക്കുട്ടുരുട്ടിരയോ?
മഞ്ചാടി അഭ്രാദി പെറുക്കുകയോ?
കൺമോഹനപ്പാരിൽ കണ്ണോക്കെത്തുമോ?
വിണ്ണാശയുള്ളോന്നു മണ്ണാശ നന്നോ?
മായാമോഹം-ആയതിൻ മാൽ
ദൎശിക്കുന്നെല്ലാം തിറങ്കണ്ണുകളാൽ.

൧൦. എൻ യേശു സമ്മാനിക്കും സ്വാസ്ഥ്യം നല്കു
നിരാശ തള്ളീട്ടു പ്രത്യാശ കൊൾവൂ.
വിശ്വാസത്തിൻ ഓട്ടം ചെമ്മേ തികെച്ചാൽ
വിഷാദ ദുഃഖാലസ്യം മാററും അൻപാൽ.
ആം കോളേ— നാട്ടാധി കളവേൻ—[ൻ.
കൎത്താവിൻെറ കോളിൽ വിശ്രാമം കൊൾ്വേ

ചോനാക്കണ്ടി കേരളൻ.

൧. മൽ = എൻെറ; പുരാ = മുങ്കാലത്തു; തൃമുററം = തിരുമുററം, ഏദൻതോട്ടം എന്നതു ശ്രീകോവിൽ ആം സ്വൎഗ്ഗത്തിൻെറ പ്രാകാരം (മുററം) ആയി ഊഹിച്ചു കിടക്കുന്നു; അഹസ്സിൽ = നാൾതോറും; ആമോദം = ആനന്ദത്തിൻെറ തൃപ്തി; ദിനേ = നാൾക്കുനാൾ. ൨. വമ്പൊള്ളൻ = പിശാചു; പൊറാതെ = പൊറുക്കാതെ; പൃളം = പൊള്ളു, പൊയി; മാൽ = മഹാസങ്കടം; പരദീസ = ഏദൻതോട്ടം; ഏനസ്സ് = പാപം; സ്നേഹോൽകൃഷ്ടൻ = ദൈവം. ൩. മനപ്പാടു = മേവിടം, home; കുപ്പപ്പാടു = നീചകുച്ചകം; ഇണ്ടൽ = ക്ലേശം; ഗേഹം = വീടു. ൪. വിശ്രാമം = ക്ഷീണത തീൎക്കൽ; എങ്ങാണ്ടു = വല്ലേടം; സങ്കേതം = ഒതുക്കിടം. ൫. പരുങ്ങൽ = അമ്പരപ്പു; കറങ്ങൽ = ചുഴല്ച; മട്ടപ്പു = അറെപ്പു; പൊങ്ങച്ചം = ഗൎവ്വം; അറാ = അറുന്നില്ല; നില്ലാ = നിന്നുപോകുന്നില്ല; പിരട്ടു = ചതിവു; തങ്ങാരം = സഹായം, തങ്ങൽ. ൬. പാർ = ഉലകു; തഥാ = ഇങ്ങനെ; പാഴാപാടു = ഇളപ്പവും ദാരിദ്ര്യവും ഉള്ള സ്ഥിതി; പാഴൻ = നിസ്സാരൻ. ൭. പ്രവാസി = നാടുകടത്തി പാൎക്കുന്നവൻ; ക്രുരു = സ്നേഹം; ഓതുക = അറിയിക്ക. ൮. പുകഴുക = സ്തുതിക്ക; മകിഴുക = സന്തോഷിക്ക; തിരുളം = തിരുവുള്ളം; അനാരതം = നിത്യം; ഗൃഹേ = ഭവനത്തിൽ. ൯. ഉട്ടുരുട്ടു = കട്ടാക്കുട്ടി, ഓരോ വീട്ടുസാമാനങ്ങൾ; മഞ്ചാടി = മഞ്ചാടിക്കുരു; അഭ്രം = അഭ്രകം, കാക്കപ്പൊന്നു; കണ്ണോക്കു = കണ്ണിൻെറ നോക്കു; വിണ്ണു = സ്വൎഗ്ഗം; തിറങ്കണ്ണു = മറിഞ്ഞ കണ്ണു. ൧൦. സ്വാസ്ഥ്യം = സ്വസ്ഥത; നാട്ടാധി = വിട്ട പിതൃരാജ്യത്തെ കുറിച്ചുള്ള തീരാദുഃഖം.

A MEDITATION.

1. വേദധ്യാനം.

ദൈവഭയം ജ്ഞാനത്തിൻെറ ആരംഭമാകുന്നു. സങ്കീ. ൧൧൧, ൧൦.

ദൈവഭയം പാപത്തെ വെറുക്കുന്നു. ഈ ഭയം ഇല്ലാത്തവൻ പാപവലിപ്പവും ഫലവും വിചാരിച്ചു ശങ്കിക്കുന്നില്ല.

പുത്രഭയമുള്ളവൻ ദൈവത്തെ ദുഃഖിപ്പിക്കാതെയും കോപിപ്പിക്കാതെയും ഇരിക്കേണ്ടതിന്നു പാപത്തിൽനിന്നു ഒഴിഞ്ഞു നില്പാൻ ഉത്സാഹി

കുന്നു. രാജദ്രോഹി രാജാവിനെ അടുത്തു ദോഷം പ്രവൃത്തിക്കാതവണ്ണം ആയുധപാണികൾ ആയവനെ കാക്കുവാൻ ചുഴവേ നില്ക്കും പോലെയും കന്നുകാലികൾ നട്ട തൈകളെ നക്കി നക്കി തോൽ ഉരി ചേതം വരുത്താതെ ഇരിപ്പാൻ ചുററും കെട്ടിയ വേലി പോലെയും ദൈവഭയം മനുഷ്യന്റെ ആത്മാവിനെ കാക്കുന്നു.

ദൈവഭയം സൎവ്വജ്ഞാനത്തിൻ ഉറവും വിശിഷ്ടദാനവും വസ്ത്രാഭരണങ്ങളിൽ വിലയേറിയതും രത്നങ്ങളിൽ ഉൽകൃഷ്ടമായതും മനുഷ്യന്നു അത്യലങ്കാരമുള്ളതും തന്നേ. ഉള്ളിൽ ഈ രത്നം ഇല്ലാത്തവൻ ബാഹ്യാലങ്കാരങ്ങൾ എത്ര തേടി ധരിച്ചു നടന്നാലും ദൈവത്തിന്നു വെറുപ്പത്രേ. എന്നാൽ ദൈവത്തെ ഭയപ്പെടുന്നവർ അവന്നു പ്രസാദമായതിനെ ചെയ്യുമ്പോൾ കൎത്താവവരെ ദുഷ്ടരുടെ കൂട്ടുകെട്ടിൽനിന്നും രക്ഷിക്കുന്നു. തന്നെ സ്നേഹിക്കുന്നവരെ ഒക്കയും യഹോവ കാത്തു സകല ദുഷ്ടരെയും സംഹരിക്കും. സങ്കീ. ൧൪൫, ൨൦.

J. M. F.

FEAR OVERCOME.
ഭയാപഹം (ഭയത്തെ ജയിച്ചതു).

അമേരിക്ക ഐക്യസംസ്ഥാനത്തിലേ വിൎഗ്ഗിന്യ ജില്ലയിൽനിന്നു കെന്തുക്കി എന്ന ജില്ലയിലേക്കു ഒരു വാണിഭക്കാരൻ ൨൦ ലക്ഷം ഉറുപ്പികയുടെ ഹുണ്ടികയോടു കൂടെ യാത്ര പുറപ്പെട്ടു. അവൻ പോകേണ്ടുന്ന വഴി കവൎച്ചകൊണ്ടും കുലപാതകംകൊണ്ടും ശ്രുതിപ്പെട്ട വങ്കാട്ടിൽ കൂടി ആയിരുന്നു. വഴിതെററി രാത്രി അടുത്തതുകൊണ്ടു ആപത്തു വൎദ്ധിച്ചു തുടങ്ങി. ക്രമത്താലേ താനും തന്റെ കുതിരയും ക്ഷീണിച്ചാറെ അപായമുള്ള സ്ഥിതിയിൽ അകപ്പെട്ടപ്രകാരം അറിഞ്ഞു. ഒടുക്കം ഒരു വിളക്കിനെ കണ്ടപ്പോൾ സന്തോഷിപ്പാനും ഭയപ്പെടുവാനും തുടങ്ങി. വിളക്കിന്റെ അടുക്കേ എത്തീട്ടു ചെറിയോരു കുടിലേ കണ്ടു. വിശപ്പിനാലും തളൎച്ചയാലും വലഞ്ഞവനായി പേടിയോടെ പതുക്കേ വാതില്ക്കൽ മുട്ടിയാറെ ഒരു സ്ത്രീ വാതിൽ തുറന്നു പറഞ്ഞതാവിതു: "എന്റെ ഭൎത്താവു നായാട്ടിന്നു പോയിരിക്കുന്നു, മടങ്ങി വരുമ്പോൾ സംശയം കൂടാതെ സന്തോഷത്തോടെ നിങ്ങളെ കൈക്കൊള്ളും" എന്നു യാത്രക്കാരൻ കേട്ടു തന്റെ കുതിരയെ കെട്ടീട്ടു വിവരിപ്പാൻ കഴിയാത്ത വിചാരഭയങ്ങളോടുകൂടെ സങ്കേതസ്ഥലത്തിലേക്കു പ്രവേശിച്ചു തീയടുക്കേ ഇരുന്നു തന്റെ അവസ്ഥയെ തൊട്ടു ധ്യാനിപ്പാൻ തുടങ്ങി. ഏകാന്തസ്ഥലങ്ങളിൽ വഴിപോക്കരുടെ മുതലിനെ പിടിച്ചു പറി ഉപജീവനം കഴിക്കുന്ന കവൎച്ചക്കാരന്റെ ഭവനത്തിൽ താൻ കുടുങ്ങിപ്പോയിരിക്കുന്നു എന്ന വിചാരം വിടാതെ പനി പിടിക്കും വരേ അവനിൽ വൎദ്ധിച്ചുപോന്നു.

അല്പനേരം കഴിഞ്ഞാറെ വീട്ടെജമാനൻ എത്തീട്ടും പേടി നീങ്ങാതെ വൎദ്ധിച്ചതേയുള്ളു. മാൻതോൽകൊണ്ടു കുപ്പായവും കരടിത്തോൽകൊണ്ടു തൊപ്പിയും അവന്നുണ്ടായതല്ലാതെ പരീക്ഷിച്ചന്വേഷിക്കുന്ന നോട്ടംകൊണ്ടു വഴിപോക്കനെ നോക്കി സാധാരണയായി ഏകാന്തത്തിൽ പാൎക്കുന്നവരെ പോലെ ലോകത്തിൽ സംഭവിക്കുന്ന വൎത്തമാനങ്ങളെ ചോദിക്കാതെയും വീണ്ടും മറെറാരു മനുഷ്യനെ കണ്ടതിനാൽ സന്തോഷവാക്കുകളെ ഉച്ചരിക്കാതെയും മൌനനായിരുന്നു. ഇതു തളൎച്ചയാലോ ദുരാലോചന ചെയ്കയാലോ എന്നു വഴിപോക്കൻ അതിഭയങ്കരമുള്ളതിനെ കൊണ്ടു പേടിച്ചു തുടങ്ങി; തന്റെ വശം ഇത്ര പണമുള്ളതു അവനെ പ്രത്യേകം നിരാശനാക്കി തീൎത്തു. ഒരു നൊടിനേരംകൊണ്ടു തന്റെ ജീവകാലത്തെ മുഴുവനും ഓൎത്തു പ്രാണനെ ഇപ്പോൾ കളഞ്ഞാൽ എല്ലാം നഷ്ടമാകും എന്നു ബോധിച്ചു; കാരണം മതകാൎയ്യങ്ങളെ പെരുത്തു സമയം മുമ്പേ നിസ്സാരം എന്നു വെച്ചു ഉപേക്ഷിച്ചു, പണവും മാനവുമത്രേ പൂൎണ്ണഭാഗ്യം കൊടുക്കുന്നു എന്നു, വിചാരിച്ചിരുന്നു. സൎക്കാരിന്റെ പ്രമാണങ്ങളും വിസ്താരവുമല്ലാതെ മനുഷ്യന്റെ പ്രവൃത്തികൾ ന്യായകൎത്താവും വിധിയും ഇല്ല. സ്വൎഗ്ഗത്തിൽ പാൎത്തും രഹസ്യത്തിൽകണ്ടും നമ്മുടെ വിചാരതാല്പൎയ്യങ്ങളേ കൂടെ അറികയും ചെയ്യുന്ന ദൈവത്തേയും അവൻ നമുക്കു നല്കിയ കൃപാവരങ്ങളെ പററി നമ്മോടു ചോദിക്കും എന്നുള്ളതിനേയും അവൻ വിശ്വസിച്ചിരുന്നില്ല. ഈ സഹായമററ സ്ഥിതിയിൽ സൎക്കാരിൻ ശരണവും ഏററവും നല്ല പ്രമാണങ്ങളും കൊണ്ടു എനിക്കു എന്തുപകാരം? ഇതുവരെ ഞാൻ വിശ്വസിക്കാത്ത ജീവനുള്ള ദൈവം ഉണ്ടായിരിക്കേ ഞാൻ ഇപ്പോൾ മരിച്ചിട്ടു ചെയ്ത പാപത്തിന്നു ഉത്തരം കൊടുക്കേണ്ടി വന്നാൽ എന്റെ അവസ്ഥ എന്തായ്തീരും എന്നും മററുമുള്ള ചോദ്യങ്ങൾ അവന്റെ മനസ്സിൽ ഉദിച്ചുവന്നു.

ഇങ്ങനത്തേ ഊഹവിചാരങ്ങളിൽനിന്നു വീട്ടുടയവന്റെ ശബ്ദം അവനെ ഞെട്ടിച്ചു ഉറങ്ങുവാൻ പോകേണ്ടതിന്നു സമയമായപ്രകാരം അവനോടു അറിയിച്ചപ്പോൾ അവർ ഇനിക്കു കിടപ്പാൻ മനസ്സില്ല എന്നുത്തരം കൊടുത്തു. വഴിപോക്കൻ ഉറങ്ങുവാൻ പോകേണം എന്നു പിന്നേയും പിന്നേയും കേൾക്കുമ്പോൾ ശങ്കയും സംശയവും ഭയവും വൎദ്ധിച്ചു അപായമുള്ള നിമിഷത്തിൽ ഒരുങ്ങിയിരിക്കേണ്ടതിന്നു തന്റെ സഞ്ചിയിലുള്ള കൈത്തോക്കുകളെ ഒരുക്കിവെച്ചു.

അല്പനേരം ചെന്നതിന്റെ ശേഷം മിണ്ടാതെ ഇരുന്ന കാടൻ (കാട്ടുവാസി) എഴുനീററു ചുവരിൽ ഉറപ്പിച്ച പലകയിൽനിന്നു ഒരു പഴയ പുസ്തകത്തെ എടുത്തു പറഞ്ഞതെന്തെന്നാൽ: "നിങ്ങൾക്കു ഉറങ്ങുവാൻ മനസ്സില്ലെങ്കിലും എനിക്കു മനസ്സുണ്ടു, എന്നാൽ എന്റെ ആചാരപ്ര

കാരം ഇന്നും എൻെറ വേദപുസ്തകത്തിൽനിന്നു ഞാൻ ഒരു അംശത്തെ വായിപ്പാൻ പോകുന്നു" എന്നു പറഞ്ഞ ഈ അല്പവാക്കുകൾ സംശയക്കാരൻെറ മനസ്സിൽ വശീകരം എന്ന പോലെ വൻപേടി നീക്കി ശമനം വരുത്തി "ഇനി ഇവൻെറ ഭവനത്തിൽ ഭയമെന്നിയെ ഉറങ്ങാം എന്നും വേദപുസ്തകത്തെ വായ്ക്കുയും ദൈവത്തോടു മുട്ടുകുത്തി പ്രാൎത്ഥിക്കയും ചെയ്യുന്നവൻ കവൎച്ചക്കാരനല്ല എന്നും ഉറപ്പിച്ചു പ്രാൎത്ഥന കഴിഞ്ഞതിൻെറ ശേഷം കിടന്നു തൻെറ അഛ്ശൻെറ ഭവനത്തിൽ എന്ന പോലെ സുഖത്തോടെ ഉറങ്ങുകയും ചെയ്തു.

അന്നു മുതൽ വാണിഭക്കാരൻ സ്വന്തവിചാരങ്ങളെയും മനുഷ്യരുടെ ജ്ഞാനതൎക്കങ്ങളെയും അല്ല വേദപുസ്തകത്തെ മാത്രം നടപ്പിന്നു പ്രമാണമാക്കി വിശ്വസിക്കയും അതിനെ അനുസരിക്കയും ഭാഗ്യമുള്ളവനായി ജീവിച്ചു പോരുകയും ചെയ്തു. *L. C.*

POPE LEO XIII.

പതിമൂന്നാം ലേയോ എന്ന മാർപാപ്പാവു.

പതിമൂന്നാം ലേയോ മാർപാപ്പാവു 1878 ഏപ്രിൽ 21ാംനു- സൎവ്വ ലോകത്തിലുള്ള രോമകത്തോലിക്ക പിതൃശ്രേഷ്ഠന്മാർ[1] പ്രഥമന്മാർ[2] മേലദ്ധ്യക്ഷന്മാർ അദ്ധ്യക്ഷന്മാർ എന്നീ സഭാസ്ഥാനികൾക്കു ഒരു ഭ്രമണ്ഡല പത്രികയെ[3] എഴുതിയയച്ചു. അതിൽ സഭയായവൾ ലൌകിക നാഗരീകത്തെ പോററിയ അച്ചിയും ഉപാദ്ധ്യായിനിയും മാതാവും ആകുന്നു എന്നും പാപ്പാവു ക്രമണം[4] നയമതസ്വാതന്ത്ര്യം[5] നൂതന നാഗരീകം എന്നിവററിന്നു വിരോധമായി പ്രവൃത്തിക്കാതെ അവറേറാടൊന്നിച്ചു ഏകമനസ്സോടെ നടക്കേണ്ടതിന്നു ഭാവിക്കുന്നു എന്നും പറഞ്ഞു എങ്കിലും ഇതെല്ലാം മുമ്പേത്ത പാപ്പാവായ ഒമ്പതാം പീയൻ ഉരെച്ചതിന്നു പ്രതികൂലമായതല്ല. പിന്നേ ആ ലേഖനത്തിൽ സഭാസ്ഥാനികൾ കറയററ സ്വൎഗ്ഗരാജ്ഞിയായ മറിയ തങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥം ചെയ്യേണ്ടതിന്നും ഒമ്പതാം പീയൻ പാപ്പാവു സഭയുടെ സ്വൎഗ്ഗീയ അഭയസ്ഥാനമായി (അടക്കലമായി) സങ്കല്പിച്ച ശുദ്ധ യോസേഫ് തങ്ങളുടെ പക്ഷം എടുത്തു പറയേണ്ടതിന്നും[6] അവരോടു കെഞ്ചി യാചിക്കേണം എന്നു ഉത്സാഹിപ്പിക്കുന്നു. അപൊസ്തല പീഠത്തിൽനിന്നു പുറപ്പെടുന്ന തെററില്ലാത ബോധനയെ ഓൎത്തു തൻെറ ലേഖനത്തിന്നും കോടായ്മയെ ആരോപിക്കുന്നു. ലൌകിക പാപാസ്വത്തിന്നു നീക്കം വന്നതുകൊണ്ടു താൻ വളരെ ക്ലേശിക്കുന്നു. എന്നാൽ ദൈവത്തിൻ ജ്ഞാനമുള്ള ആലോചനയാൽ പണ്ടുപണ്ടേ രോമ

---

1) Patriarchs. 2) Primates. 3) Encyclica. 4) Advance. 5) Liberalism. 6) To make intercession.

യിലേ അദ്ധ്യക്ഷന്മാൎക്ക കല്പിച്ച നിലയെ നാം വീണ്ടും യഥാസ്ഥാനപ്പെടുത്തേണ്ടതിന്നും നമ്മുടെ സ്ഥാനമഹിമകളെ പൂൎണ്ണ സ്വാതന്ത്ര്യത്തോടു നടത്തുവാൻ കഴിയാതവണ്ണം ഇപ്പോൾ എതിൎനില്ക്കുന്ന എല്ലാ തടങ്ങലും നീങ്ങിപ്പോകേണ്ടതിന്നും നാം തളരാതെ ഉത്സാഹിച്ചുകൊള്ളും എന്നു അറിയിക്കുന്നു. പിന്നെ സഭെക്കും അതിന്റെ ദൃശ്യതലയാകുന്ന പാപ്പാവിന്നും എതിരേ നില്ക്കുന്ന കേടിനെ മാററുവാനായി ലോകവാഴികളെയും പ്രബോധിപ്പിക്കുന്നു. മുമ്പേത്ത പാപ്പാക്കൾ സങ്കല്പിച്ചതെല്ലാം താൻ സ്വീകരിക്കുന്നതിവ്വണ്ണം: നമ്മുടെ അഗ്രേസരന്മാരും ഒടുക്കമായി ഒമ്പതാം പീയനും വിശേഷിച്ചു പാപ്പാവിന്റെ അരമനയിൽ കൂടിയ സാധാരണ സഭായോഗങ്ങളും ലോകം എങ്ങും പരന്നിരിക്കുന്ന തെററുകളെ തള്ളുകയും അപൊസ്തലാക്ഷേപന യോഗംകൊണ്ടു അവററെ ഒടുക്കുകയും ചെയ്തതിനാൽ നാം സത്യത്തിന്റെ ഈ അപൊസ്തലപീഠത്തിൽനിന്നു മേൽപറഞ്ഞ വിധികളെ മുഴുവനും ഉറപ്പിക്കയും ആവൎത്തിക്കയും ചെയ്യുന്നുണ്ടു. ഒടുവിൽ കോയ്മകൾ മൂലമായി നടത്തുന്ന ലൌകിക വിവാഹങ്ങൾ ധൎമ്മ്യമായ വെപ്പാട്ടിത്തനം അത്രേ എന്നും അറിയിച്ചു കൊടുത്തു.

ഇതെല്ലാം വിചാരിച്ചാൽ ഇപ്പോഴത്തേ പാപ്പാവു തന്റെ അഗ്രസ്ഥൻ ചെയ്തതു മുഴുവനും ഇല്ലായ്മയാക്കി എന്നു എങ്ങനേ പറയാം? മുമ്പന്മാരും പിടിച്ചതിനെ താനും മുറുക പിടിക്കുന്നു. മരിച്ച പാപ്പാവിലും ഇപ്പോളുള്ളവനിലും കാൎയ്യത്തിൽ അല്ല, അതിനെ പറയുന്ന ഭാഷാരീതിയിൽ ഭേദമേയുള്ളു. ഒമ്പതാം പീയൻ ആരോടും വഴങ്ങാത്ത പരുപരുത്ത വാചാലൻ പതിമൂന്നാം ലേയോ ആകട്ടേ അനാവശ്യമായി ഒരുത്തരേയും നൊമ്പലിക്കാതേ ലൌകികത്തോടു കൂടിയ മിതഭാഷി അത്രേ. വൈരാഗ്യമുള്ള രോമകത്തോലിക്കൎക്ക പീയനെക്കൊണ്ടു വളരെ സന്തോഷമുണ്ടായിരുന്നു എങ്കിലും പലൎക്കും ആയാളുടെ മട്ടില്ലാത്ത ശകാരത്തിൽ മടുപ്പു തോന്നിപ്പോയി. ലേയോ ജ്ഞാനത്തോടു നടക്കുന്നതുകൊണ്ടു തനിക്കു ഏറിയ സ്നേഹിതന്മാർ ഉണ്ടു. അദ്ദേഹത്തിന്നു ചുണയും എരിവും പോരാ എന്നു ദുഃഖിക്കുന്ന രോമകത്തോലിക്കർ എല്ലാവരും ക്രമത്താലേ ഈ മാർപാപ്പാവിനെ വളരെ സമ്മതിക്കും. എങ്ങനെ എങ്കിലും ഇപ്പോഴത്തേ പാപ്പാവു ഒരു തലനാരോളം ഒന്നും ഇളെച്ചു കൊടുക്കുന്നവനല്ല. താൻ ആവോളം ആൎക്കും മുഷിച്ചൽ വരുത്താതെ തന്റെ അഭീഷ്ടത്തെ സാധിപ്പിപ്പാൻ അറിയും എന്നു എല്ലാവൎക്കും പിന്നീടു കാണ്മാൻ ഇട ഉണ്ടാകും താനും.

N. Ev. Kirch. Ztg. 1878. *No.* 18.

THE SPIRITUAL WARFARE. Eph. 6, 10—18.

ആത്മിക യുദ്ധസന്നാഹം. എഫേ. ൬, ൧൦—൧൮.

പരപദ്യം (ആശുപദ്യം).

ശ്രീയേശു നായക നിൻ സേവകരേ! എല്ലാരും
പേയോടു പോരിടുവിൻ ഭീതിയെന്ന്യേ—ദായമിതി
ന്യായമാസ്സർവ്വായുധങ്ങൾ—നല്ലപോൽ ധരിച്ചൊരുങ്ങിൻ
മായുമരി. സർവ്വജയമാം. . . . .

തോടിവർണ്ണം. പല്ലവം. ആദിതാളം.

ജ്ഞാനായുധം ധരിച്ചീടിൻ—ദിവ്യഭടരേ!
നന്നായി പോർ പൊരുതീടിൻ.

അനുപല്ലവം.

ഏനസ്സും പേയിൻ സംഘം—എല്ലാം ധൈര്യം നേടുന്നു.
ഹീനജഡമാം ശത്രു—ഏനം നോക്കിക്കൂടുന്നു.
മുന്നിലും വലത്തിടത്തും—മൂന്നു ദിക്കിലും പരന്നു
വന്നരികൾ ഘോരയുദ്ധം—മട്ടുമിഞ്ചി ചെയ്തിടുന്നു
മന്ദതയെന്ന്യേ ദിവ്യ സ—ർവ്വായുധം ധരിച്ചുനിന്നു
മന്നനേശും ധ്യാനം ചെയ്തു—മല്ലിടിൻ ജയിപ്പതിന്നു—ജ്ഞാനാ—

ചരണങ്ങൾ.

ഒന്നല്ല ശത്രുഗണം ഒട്ടേറെ എന്നു നിങ്ങൾ
നന്നേ മനസി ധരിപ്പിൻ.
അന്നു പൂങ്കാവിൽ ആദം ഹവ്വായെയും ചതിച്ച
പന്നഗവേഷം പൂണ്ട പടുചതിയന്റെ ദാസർ — ഒന്നല്ല
മന്ദം മടിയുമെന്നേ—വല്ലാത്ത തന്ത്രം നന്നേ
എന്നും പ്രയോഗിക്കുന്നു—എങ്ങും വീരശത്രുക്കൾ—ഒന്നല്ല
കൊന്നു വഹ്നിക്കുഴിയിൽ കോടാകോടി നരരേ
കന്നിച്ചീടാൻ തുനിഞ്ഞു കൂടുന്നു വൈരിസംഘം—ഒന്നല്ല
ഒന്നോടെ നീതി ശുദ്ധി ഉയർന്ന പരമസ്നേഹം
മന്നിൽ നിന്നാട്ടുവതിൽ മനസ്സു പതിക്കുന്നിവർ—ഒന്നല്ല
മനസി ധരിപ്പിൻ യേശുമശിഹയിൻ ശക്തി നിത്യം
തുനിഞ്ഞെഴുന്നീററു നില്പിൻ സോദരരേ തരത്തിൽ
മന്നൻ ക്രിസ്തൻ കൊടിക്കീഴ് വല്ലഭപേയിൻ സംഘത്തെ
ഛിന്നഭിന്നം ചെയ്തു നില്പിൻ ക്ഷീണം തള്ളീൻ പുറത്തിൽ
മടിച്ചു കിടന്നാൽ ശത്രുപടകൾ കെടുതി ചെയ്യും
ഒടുവിൽ സങ്കടം കൂടുമേ—ജ്ഞാനാ—

൨.

എടുപ്പിൻ പരമസർവ്വായുധം അണിഞ്ഞു കൊ
ണ്ടടുപ്പിൻ പൊരുതിടുവാൻ
ഇടുപ്പിൽ സത്യം കെട്ടുവിൻ യേശുനായകനെപ്പോൽ
വെടിവിൻ കാപട്യഭക്തി വേഷസേവയും നീക്കീൻ—എടു—
വടിവിൽ യേശുകർത്ത നിൻ വരനീതിയെ നെഞ്ചത്തിൽ
വിടർത്തു കവചമായി വിരവിൽ കെട്ടി ധരിപ്പിൻ—എടു—
നടക്കും പാദത്തിൽ ക്ഷേമം നല്കും സുവിശേഷത്തിന്ന്
അടുത്ത യത്നമാം അനുതാപം ശാന്തം ധരിപ്പിൻ—എടു—
തടുത്തു പേയിൻ പരീക്ഷ സമസ്തം ജയിപ്പതിന്നു

എട്ടപ്പിൻ വിശ്വാസചർമ്മം ഇഹം ജയിക്കുന്ന സൂത്രം—എട്ട—
മടിക്രൂടാതാത്മരക്ഷ ലഭിപ്പിൻ പ്രത്യാശയോടെ
മുടിക്കുമേൽ ശിരസ്ത്രമായതു വെക്കിൻ മോടിയോടെ
പിടിപ്പിൻ ഇരുമുനവാൾ പേയിൻ പടയെ വെട്ടി
മുടിക്കുന്ന ദൈവവാക്കാം മോക്ഷേ നിർമ്മിതഖഡ്ഗം
        പരമസർവ്വായുധം അണിഞ്ഞു ഭക്ത്യാജപിച്ചു
        പൊരുതീടിൻ തിരുഭടരേ—ജ്ഞാനാ—

൩.

        പൊരുതിൻ പരമസർവ്വായുധം അണിഞ്ഞുകൊണ്ട്
        അരിവീൻ അരിഗണത്തെ.
സ്ഥിരമായ്നില്പിൻ ധീരത ധരിപ്പിൽ എതിർത്തു നില്പിൻ
ശിരംചരങ്ങളും നെഞ്ചും അരയും കാത്തീടുവിൻ—പൊരു—
പരിചിൽ വിശ്വാസ ദിവ്യപരിച പിടിച്ചൊതുങ്ങീൻ
വരുന്ന ശത്രുഗണത്തെ അറിവിൻ ദൈവവചസ്സാൽ—പൊരു—
പരിചിലെങ്ങും ധരിപ്പിൻ പരമസർവ്വായുധം
പുറക തിരിഞ്ഞീടാവീൻ തറെക്കുമമ്പങ്ങുവേ—പൊരു—
അറിവിൻ ഇതാലെ രക്ഷ പരിചൊടാശ്വാസവും
വരത്തിൽ ജയം തേജസ്സും വരും ഭടക്കായതാൽ—പൊരു—
പരമപടനായകൻ തരും തരും വീരമുദ്ര
നിരന്തം *തിരുവനന്തപുരം തരും നമുക്കതിൽ
†തരത്തിൽ ജീവകിരീടം ധരിച്ചു മംഗളം പാടി
ഒരു ഭയമെന്യേ സുഖിച്ചിരിക്കാം കാനാനിലാഹാ!
        മനസി ധരിപ്പിൻ ഭക്തവത്സലൻ യേശുവിൻ
        മഹിമയിൽ അതിപ്രിയം—ജ്ഞാനായുധം—

M. Walsalam.

A SANSCRIT ODE.

അഥ ശ്രീ യേശുപഞ്ചാക്ഷരം ലിഖ്യതെ.

നമതാം സുഖദം ദേവം ।
ദേവദൂതനിഷേവിതം ॥
നരകാന്തകമത്ത്യാൎയ്യം ।
ശ്രീ യേശും പ്രണമാമ്യഹം ॥ ॥ ൧ ॥

മഹാത്ഭുതം മഹാവീൎയ്യം ।
മായയാ പരിവൎജ്ജിതം ॥
മഹാദേവം വിഭും നിത്യം ।
ശ്രീ യേശും പ്രണമാമ്യഹം ॥ ॥ ൨ ॥

ശിവങ്കരം ശിശുസ്നേഹിം ।
ശ്രിതാനാം ശ്രീദമുത്തമം ॥
ശ്രിതപാപവിനിൎമ്മുക്തം ।
ശ്രീ യേശും പ്രണമാമ്യഹം ॥ ॥ ൩ ॥

വന്ദ്യാനാം വരദം നാഥം ।
പാപതാപവിനാശകം ॥
മഹാദേവസുതം ശാന്തം ।
ശ്രീ യേശും പ്രണമാമ്യഹം ॥ ॥ ൪ ॥

യജ്ഞാനാം നാശകൎത്താരം ।
മാനുഷാത്മജമച്യുതം ॥
മൎത്ത്യാനാം പാപഹൎത്താരം ।
ശ്രീ യേശും പ്രണമാമ്യഹം ॥ ॥ ൫ ॥

പഞ്ചാക്ഷരമിദം ഭക്ത്യാ ।
വത്സലാഖ്യവിനിൎമ്മിതം ॥
യസ്സ്മരേത്സതതം ലോകേ ।
സ യാതി പരമാം ഗതിം ॥ ॥ ൬ ॥

Appāvu.

---

*തിരുവനന്തപുരം=(തിരു+അനന്ത+പുരം) ദിവ്യ ആകാശപട്ടണം. †വെളിപ്പാടു ൭, ൧൪-൧൭.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

I. RELIGIOUS RECORD വൈദികവൎത്തമാനം.

നീഗർ മിശ്ശൻ Niger Mission.— പടിഞ്ഞാറെ ആഫ്രിക്കയുടെ തെക്കേ കരക്കൽ ഗിനേയാ എന്നും ബെനീൻ എന്നും പറഞ്ഞു വരുന്ന ഉൾക്കടലിൽ പൂൎവ്വന്മാർ നീഗർ എന്ന് പേർ വിളിച്ച നദി അത്ലന്തിക സമുദ്രത്തോടു ചേരുന്നു 1). ൟ വമ്പുഴക്കു നാട്ടുകാർ ജോലിബാ എന്നും കെവാരാ എന്നും പറയുന്നു 2). അതു ഏറക്കുറയ ഏഴര ഇലി വടക്കേ അകലപ്പടിയിലും ഏകദേശം അഞ്ചിലി പടിഞ്ഞാറെ നീളപ്പടിയിലും നിന്നു ഉറന്നു മലയാള ഒകാരത്തിന്റെ ചേലിൽ പടിഞ്ഞാറു വടക്കോട്ടു ചെന്നു കിഴക്കു തെക്കോട്ടു തിരിഞ്ഞു സുമാറു ൨൫൦൦ നാഴിക നീളത്തിൽ ഒഴുകുന്നു. ൟ ആററിൻ ഇരുവക്കത്തുള്ള സുവിശേഷമിശ്ശന്നു നീഗർ മിശ്ശൻ എന്നു പേർ. ആയതു അഴിമുഖം മുതൽ ൩൦൦ നാഴിക നീളേ പുഴക്കരയിൽ കൂടി ചെല്ലുന്നു. അവിടെ സുവിശേഷം അറിയിക്കുന്നതു അംഗ്ലമിശ്ശൻ സഭ തന്നേ. അതിന്നു ൧൦ മിശ്ശൻ സ്ഥാനങ്ങളും നാട്ടുബോധകന്മാരും ൧൯ ഉപദേശിമാരും ൨൦ വൎഷങ്ങൾക്കുള്ളിൽ മനന്തിരിഞ്ഞ ൭൦൦ കാപ്പിരികളും ഉണ്ടു. ആ മിശ്ശന്റെ മേധാവി കാപ്പിരിയായി പിറന്നും കുട്ടിക്കാലത്തിൽ അടിമപ്പാടിന്റെ രുചി അറിഞ്ഞും വിടുതൽ പ്രാപിച്ച ശേഷം സുവിശേഷ വേലെക്കായി പഠിച്ച് ഉത്സാഹത്താൽ തെളിഞ്ഞു വന്നും ഒടുവിൽ അദ്ധ്യക്ഷനായ്തീൎന്നും ഇരിക്കുന്ന ശാമുവേൽ ക്രൌത്തർ 3) എന്ന ദൈവഭക്തൻ തന്നെ. അദ്ദേഹം ഏറിയ വിദ്യയും സ്ഥാനവലിപ്പവും സമ്പാദിച്ചിട്ടും പുളെച്ചു പോകാതേയും വിലാത്തിമൎയ്യാദകളെ അനുസരിക്കാതെയും ശുദ്ധകാപ്പിരി ആയിരിക്കുന്നതുകൊണ്ട് ഏവരും അവരെ ബഹുമാനിക്കയും തന്റെ കീഴിലുള്ള ബോധകന്മാൎക്കും സഭെക്കും നല്ല ദൃഷ്ടാന്തം വെക്കയും വിഗ്രഹാരാധനക്കാരായ കാപ്പിരികളോടു അടുപ്പുള്ളതു കൊണ്ട് അവരെ സമ്മതിപ്പിക്കയും ചെയ്യുന്നു.

൧൮൬൭ാമതിൽ ബ്രാസ്സ് എന്ന സ്ഥലത്തിലേ അജ്ഞാന മന്നനായ ഒക്കീയ 4) തനിക്കു പ്രമാണമുള്ള മൂന്നു വിഗ്രഹങ്ങളെ അദ്ധ്യക്ഷന്നു ഏല്പിച്ചു കൊടുത്തു. ആ സമയം തന്നേ ബൊന്നി എന്ന സ്ഥലത്തിലേ ബാല്യക്കാരായ ബര, അപിയപെ എന്നവർ തന്റെ അടുക്കൽ രക്ഷെക്കായി ഓടി വന്നു. ഇവർ ആകട്ടേ കൎത്താവിൽ വിശ്വസിച്ച ശേഷം പരസ്യത്തിൽ ക്രിസ്ത്യാനനായ ഓരെളിയ അടിമയുടെ ശവം അടക്കം ചെയ്തതിനെ കൊണ്ടു തങ്ങളും നാട്ടുകാർ അറെക്കുന്ന ക്രിസ്ത്യാനരോടു ചേൎന്നു നില്ക്കുന്നു എന്നറിയിച്ചു. ആചാൎയ്യന്മാർ അതിന്നു പ്രതിശാന്തിക്കായി വിഗ്രഹങ്ങൾക്കു ബലിയൎപ്പിച്ച ഇറച്ചിയെ തിന്നേണ്ടതിന്നു കല്പിച്ചപ്പോൾ അവർ മറുത്തുനിന്നു. ക്രിസ്തുനെ തള്ളുന്നു എങ്കിൽ ജാതിയിൽ തലമയെ കൊടുക്കാം എന്നതും കൂട്ടാക്കായ്കയാൽ നാട്ടുകാർ അവൎക്കു തളയും ചങ്ങലയും ഇട്ട് അവരെ കാട്ടിൽ ഒരു ചെററയിൽ പാൎപ്പിച്ചു വല്ല ക്രിസ്ത്യാനർ പ്രാണഭയം കൂട്ടാക്കാതെ അവൎക്കു ഭക്ഷണം കൊണ്ടുകൊടുത്തില്ലെങ്കിൽ അവർ പട്ടിണികൊണ്ട് മരിക്കുമായിരുന്നു. തങ്ങൾക്കു സമമായ കഷ്ടത്തിൽ ഉൾപ്പെട്ട രണ്ടു ബാല്യക്കാർ ക്രമത്താലേ മനം ചലിച്ചു കൎത്താവിനെ മറുത്തു തലമകളെ കൈക്കലാക്കി പോന്നു. ബാര അപിയപെ എന്നവരോ ക്ഷീണഭാവം കാണിക്കാതെ ഒരുത്തൻ: ദൈവം തുണെച്ച് പ്രസാദിച്ചാൽ ഒടുക്കത്തേ ന്യായവിസ്താരനാളോളം ചങ്ങലകളെ പേറുവാൻ ഞാൻ ഉറച്ചിരിക്കുന്നു എന്നും, മററവനും: ഞാൻ ഒരിക്കലും ഇനിക്ക് കടമായതു ചെയ്യാൻ മടിച്ചവൻ അല്ല; യേശു എന്റെ ഹൃദയത്തെ നേടിയ ശേഷം വിഗ്രഹ

1) Guinea; Benin. 2) Joliba or Quorra. 3) Samuel Crowther.

4) Brass; Ockiya.

ങ്ങളെ ആരാധിപ്പാൻ എന്നാൽ കഴിവ് ഒട്ടും ഇല്ല. എന്റെ ഹൃദയത്തിന്റെ താക്കോൽ കൎത്താവിന്റെ കൈയിൽ ആകകൊണ്ട് അവൻ അത്രേ എന്റെ ഉടമസ്ഥൻ എന്നും പറഞ്ഞു. ൪൦ വിശ്വാസികൾ ൧൮൭൫ നൊവെംബർ ൫ാംനു- തൊട്ടു ൧൮൭൬ നൊവെംബർ ൭ാംനു- വരേ അഴിനില പൂണ്ടു പോവാൻ തക്ക അരിഷ്ടമുള്ള സ്ഥിതിയിൽ ഇരുന്നു. ബൊന്നിയിൽ ഉള്ള വിലാത്തിക്കാരായ കച്ചവടക്കാരും കപ്പത്തലവന്മാരും അവൎക്കുവേണ്ടി അപേക്ഷിച്ചതു നിമിത്തം മാത്രം തങ്ങൾക്കു നാട്ടുഭ്രഷ്ടന്മാരായി അദ്ധ്യക്ഷനായ ക്രൌത്തർ പാൎക്കുന്ന ലാഗോസിലേക്ക് തെററിപ്പോകേണ്ടതിന്നു അനുവാദം ഉണ്ടായുള്ളു. അവർ ലാഗോസിൽ എത്തിയപ്പോൾ ഒരു നാട്ടുബോധകൻ അവരെക്കുറിച്ചു എഴുതുന്നതാവിതു: കൎത്താവിലേ വിശ്വാസം നിമിത്തം ഹിംസ അനുഭവിച്ച ൪൦ ബാല്യക്കാരുടെ നിലയെ എങ്ങനെ വൎണ്ണിക്കേണ്ടു? ചപ്രത്തല കഴുകന്റെ നഖം ഊൎക്കിലിച്ച ഉടൽ ചുളുങ്ങിയ തോൽ കോഴിനെഞ്ചു കൈക്കുചങ്ങല കാലിന്മേൽ നില്പാൻ ബലം ഇല്ലായ്മ അരെക്കു കീററു തുണി ഇങ്ങനെ മനം ഉരുകുവാൻ തക്ക അരിഷ്ടതയിൽ ഇവർ ഇവിടേ വന്നു ചേൎന്നു. മിശ്ശൻ വെറുതേ എന്നു പറയുന്ന അംഗ്ലർ തുടങ്ങിയ വിലാത്തിക്കാർ ഇവരെ ഈ നിലയിൽ കണ്ടിരുന്നുവെങ്കിൽ കാപ്പിരികൾക്കും കൎത്താവിനെ സ്നേഹിക്കയും അവന്നു വേണ്ടി പാടുപെടുകയും ചെയ്യാം എന്നു സമ്മതിക്കുമായിരുന്നു.

എന്നിട്ടും ബൊന്നിയിലേ ഹിംസ അതോടു തീൎന്നിട്ടില്ല താനും. മാററാന്മാർ കുറെ സമയത്തോളം അഞ്ചിനിന്നു എങ്കിലും അവർ ൧൮൭൬ാമതിൽ കൎത്താവിന്റെ പിറവിനാളിൽ ൩൦൦൦ പേരോളം ദൈവാരാധനെക്കു ചെല്ലുന്നതു കണ്ടപ്പോൾ ക്രിസ്ത്യാനർ പള്ളിയിൽ പോകരുതു എന്ന കല്പനയെ പുതുക്കി. ൧൮൭൭ ഒക്തോബർ ൨൫ാംനു-യിൽ അസെനിബിയേഗ എന്ന അടിമ രക്തസാക്ഷിയായി മരിക്കേണ്ടിയും വന്നു. ആയവൻ ഒരു വിഗ്രഹസദ്യയിൽ ചേരായ്കയാൽ അവന്റെ മുതലാളി സംഗതി ചോദിച്ചതിന്നു: റാൻ ഞാൻ ജീവനുള്ള ദൈവപക്ഷത്തിൽ ഇരിക്കേ വിഗ്രഹാൎപ്പിതം തിന്നുകൂടാ അല്ലോ എന്നു പറഞ്ഞതു കേട്ടാറെ യജമാനൻ അവനെ അകന്ന തോട്ടത്തിൽ കൊണ്ടാക്കി ആഹാരവും വെള്ളവും കിട്ടാതവണ്ണം കാവൽക്കാരെ വെച്ചു കാപ്പിച്ചു പട്ടിണിയിട്ടു കൊല്ലിച്ച ശേഷമേ ബൊന്നിയിൽ വേല ചെയ്തു വന്ന അദ്ധ്യക്ഷന്റെ മകൻ വസ്തുത അറിഞ്ഞുള്ളു.

ബൊന്നിയിലേ മന്നനായ ജോൎജ് പെപ്പൽ1) ക്രിസ്ത്യാനൻ എങ്കിലും തലവന്മാരുടെ അധികാരം തനിക്കു പ്രമാണം. അദ്ധ്യക്ഷൻ ആയവരെ ഒരു യോഗത്തിന്നായി വിളിച്ചിട്ടും അവൎക്കു വരുവാൻ മനസ്സുണ്ടായില്ല. അടിമകൾ വിശ്വസിക്കുകേ വേണ്ടാ എന്നും വിശ്വസിച്ചാൽ അവൎക്കും ഞങ്ങൾക്കും സമത്വം വന്നു പോകുമല്ലോ അതരുതേ എന്നും അവരുടെ സിദ്ധാന്തം. ഇംഗ്ലിഷ് അറിയുന്ന ക്രിസ്ത്യാനൎക്കു തടവുകൂടാതെ ബൊന്നിയിലേ വെള്ളക്കാരോടു അംഗ്ല ആരാധനയിൽ ചേരാം; അടിമകൾ നാട്ടുഭാഷയിലും കൂടെ ദൈവവചനം കേൾപ്പാൻ പോകുന്നതോ സമ്മതമല്ല. എന്നാൽ ആയവർ ൪൦ വിലെക്കൽ കൂട്ടാക്കാതെ കാട്ടിൽ ദൈവാരാധനെക്കായി കൊത്തിവയക്കിയ സ്ഥലങ്ങളിൽ ൩൦ ഈറു ആളോളം ഞായറാഴ്ചതോറും കൂടി വരികയും വായനയിൽ ശീലമുള്ള ഒരുവൻ ദൈവവചനം വായിച്ചു വിവരിക്കുകയും ഓരോരുത്തർ മാറിമാറി പ്രാൎത്ഥിക്കുകയും ചെയ്യും.

ബ്രാസ്സിൽ അദ്ധ്യക്ഷൻ ൧൮൭൭ നൊവെംബരിൽ ൪൮൦ സഭക്കാരെ കണ്ടു ൫൮ പേരെ സ്ഥിരീകരിച്ചിരിക്കുന്നു. വിശ്വസിച്ചവരിൽ തലവനായ ശാമുവേൽ സംബൊ തനിക്കു ഉത്തമമായ ഒരു വീടു എടുത്തു അതിൽ താനും കുഡുംബവും വമ്പിച്ച വേലക്കാരുടെ കൂട്ടവും രാവിലെയും വൈകുന്നേരവും കുഡുംബാരാധനെക്കു കൂടുവാൻ തക്കതായ പ്രാൎത്ഥനമുറിയും ഉണ്ടാക്കുകയും പള്ളിയുടെ പ്രസംഗപീഠത്തിന്നു വേണ്ടി ൨൪൦ ഉറുപ്പിക ചെലവിടുകയും

1) Pepple.

ചെയ്യു. മറെറാരു തലവൻ ഒരു വായന പീഠത്തിന്നു വ്യാ ഉരുപ്പിക സമ്മാനിച്ചു. ഒക്കീയ എന്ന മന്നൻ ബ്രാസ്സിൽ അല്പ ഉ൫ നാഴിക ദൂരമുള്ള നെംബെയിൽ പാൎക്കുന്നു. താൻ അവിടുത്തേ വിശ്വാസികൾക്കു ദൈവാരാധനെക്കായി ഒരു വക നെടുമ്പുര എടുപ്പിച്ചു കൊടുത്തു. അവരിൽ മിക്കപേർ അടിമകൾ ആകയാൽ അവരുടെ മുതലാളികൾ അവരെ ഉപദ്രവിപ്പാൻ തുടങ്ങി. ഒക്കീയ നടുപറഞ്ഞതുകൊണ്ടു തല്ക്കാലം അലമ്പൽ വൎദ്ധിച്ചിട്ടില്ല. എന്നാൽ താൻ വിഗ്രഹാരാധനെക്കു ഉറെച്ച നെഞ്ഞോടെ എതിൎത്തു നില്ക്കുന്നതുകൊണ്ടു അജ്ഞാനപ്രിക്ഷെക്കുള്ള നീറുന്നകോപം പാളികത്തിയാൽ കഠിനപോരാട്ടത്തിന്നു സംഗതി ഉണ്ടാകും എന്നു ശങ്കിക്കുന്നു.

ആനക്കൊമ്പു കച്ചവടം വല്യങ്ങനെ നടക്കുന്ന ഒരു ചന്ത എഗാൻ എന്ന സ്ഥലത്തിൽ ഉണ്ടു. അതിന്നടുത്ത കിപോഹിൽ അദ്ധ്യക്ഷൻ മുഹമ്മദീയ വാഴിയായ ഉമൊറുവിന്റെ അപേക്ഷ പ്രകാരം ഫ്വൃന്നാം കൊല്ലത്തിൽ ഒരു മിശ്ശൻ സ്ഥലം സ്ഥാപിച്ചു. ഉമൊറു എന്നവൻ നൂപെ നാട്ടിന്റെ വാഴിയായി ബീദ എന്ന മൂലനഗരത്തിൽ പാൎക്കുന്നു. ഫ്വ൭൦മതിൽ അദ്ധ്യക്ഷൻ അറവി നന്നായി സംസാരിക്കുന്ന ജെൻസ്സൻ ഉപദേഷ്ടാവോടു കൂടെ അവിടെക്കു ചെന്നപ്പോൾ വാഴി ഇരുവരെ സന്തോഷപരവശനായി കൈക്കൊണ്ടു. നിരത്തു തീവണ്ടിപാത വൎത്തമാനകമ്പി എന്നിവ ഒന്നും അവിടങ്ങളിൽ ഇല്ലാഞ്ഞിട്ടും വടക്കുനിന്നു നാട്ടകത്തേക്കു കടപ്പാൻ വമ്പിച്ച മരുഭൂമി ഉണ്ടായിരുന്നിട്ടും ഉമൊറു എന്നയാൾ തുൎക്കൎക്കും രുസ്സൎക്കും തമ്മിൽ നടക്കുന്ന യുദ്ധവൎത്തമാനവും മിസ്രയിലേ[1] ഖെദിവ് തന്റെ രാജ്യത്തെ നന്നാക്കുന്നതും വിക്തൊരിയനൃഞ്ഞി തങ്കഞ്ഞീക്ക മുതലായ പൊയ്യു വകത്തു ഓരോ സഭകൾ മിശ്ശൻ വേലയെ ആരംഭിച്ചതും ലിവിങ്ങസ്തൻ കമരൊൻ എന്നവർ രാജ്യശോധനെക്കായി പ്രയാണം ചെയ്തതും മററും നന്നായി അറിഞ്ഞ പ്രകാരം അദ്ധ്യക്ഷൻ കണ്ടു ഓരോ ദാനങ്ങളെ കൂടാതെ വിശേഷിച്ച ഒരു ഭൂഗോളവും അവന്നു സമ്മാനിച്ചു. താൻ പോയശേഷം ഓരംഗ്ലസ്ഥാനാപതി[2] അവിടെ എത്തി ചുററുവട്ടത്തിൽ നടക്കുന്ന അടിമക്കച്ചവടത്തെ ഇല്ലാതാക്കുവാൻ ശ്രമിക്കും എന്നു തോന്നുന്നു.

ഫ്വൃ൫ൻ ലാഗോസിന്നെതിരേ കിടക്കുന്ന ബ്രേബേയിൽ അദ്ധ്യക്ഷൻ ഒരു മിശ്ശൻ സ്ഥാനം എടുത്തു ഫ്വൃ൯ ആദ്യഫലമായവരെ സ്നാനപ്പെടുത്തിയും ഫ്വൃ൯ രണ്ടു തലച്ചെന്നോൎക്കു[3] തമ്മിലുണ്ടായ വക്കാണം നിമിത്തം നിന്നു പോയ വേല മീണ്ടും ചെയ്തു വരുന്നു. — പരപ്പേറിയ പ്രദേശത്തിൽ ചിതറി കിടക്കുന്ന ചെറുസഭകളെ വയസ്സനായ ആ അദ്ധ്യക്ഷന്നു നോക്കുവാൻ പ്രയാസം പെരുകുന്നതുകൊണ്ടു അതിനെ തന്റെ തുണയാളികളായ രണ്ടു മേൽബോധകന്മാൎക്കു[4] വിഭാഗിച്ചു കൊടുത്തു. അവരുടെ പേർ ദന്ദെസൻ ക്രൌത്തർ എന്നും ഹെന്രി ജോൻസൻ[5] എന്നും തന്നെ. ജോൻസന്റെ അപ്പനോ യൊറുബാ നാട്ടുകാരനും അടിമവിടുതൽ കിട്ടിയവനും തന്നെ. അവൻ പിന്നീടു ഇബദാനിൽ ഹിന്ദരർ[6] ബോധകന്റെ എത്രയും വിശ്വസ്ത തുണയാളിയായി ഫ്വൃ൬ൽ മരിച്ചു. താൻ മിശ്ശൻ വേലക്കായി നിയമിച്ച മൂന്നു ആണ്മക്കളിൽ ഇളയവനായ ഹെന്രി സിയെറലേയോനെയിൽ ജനിച്ചു. ബുദ്ധിവിശേഷമുള്ളവനായി പാഠസംസ്കാരം[7] തീൎന്നു ൬ വൎഷം സഭയിൽ വേല ചെയ്തശേഷം ഫ്വൃ൭ ഇംഗ്ലന്തിലേ ഇസ്ലിങ്ങതനിലുള്ള അംഗ്ലസഭാമിശ്ശൻ ശാലയിൽ ൩ വൎഷം വേദശാസ്ത്രവും ഭാഷാന്യോന്യപമിതി ശാസ്ത്രവും[8] മററും അഭ്യസിച്ചു ബോധകഹസ്താൎപ്പണം കിട്ടിയശേഷം ഫ്വൃ൬ൽ സിയെറലേയോനെയിലേക്കു മടങ്ങിച്ചെന്നു ഷേൎബ്രൊ നാട്ടിൽ വെച്ചു പ്രസംഗവും വേദഭാഷാന്തരവും നടത്തി ഫ്വ൭൩ആമതിൽ ഇംഗ്ലന്തിലേക്കും പിന്നെ കനാൻ (ഫലിഷ്ട്യനാടു)[9] രാജ്യത്തിലേക്കും ചെന്നു അവിടെ നിന്നു അറവിയെ ശിക്ഷ

1) മിസ്ര എന്ന പേരെ അവിടേ തിരിയുന്നുള്ളൂ.

2) Consul. 3) Chieftain. 4) Archdeacon. 5) Dandeson Crowther; Henry Johnson. 6) Hinderer. 7) Education. 8) Theology; Comparative Philology. 9) Palestine.

യായി പഠിച്ച ഫ്വൎത്തൽ ലാഗൊസിലേക്കു പോയി. താൻ മുഖ്യമായി മുഹമ്മദീയ രാജ്യങ്ങളായ സൊകോതൊ, ഗൊന്ദു, നൂപെ എന്നീ ഉൾനാടുകളിൽ മിശ്ശൻ പ്രവൃത്തി ചെയ്യേണ്ടതു. ഇസ്ലാം എന്ന മതം അടക്കി വാഴുന്ന രാജ്യങ്ങളിൽ അറവിഭാഷ വേദകാൎയ്യത്തിൽ പ്രമാണമാകയാൽ ആ ഭാഷയിലുള്ള വൈഭവം കൊണ്ടു തനിക്കു വളരെ ഉപകാരം ഉണ്ടാകും.

അദ്ധ്യക്ഷന്റെ സഹായത്തിന്നായി പായിട്ടും ആവികൊണ്ടും നടത്തുന്ന ഒരു ചെറിയ ചക്രത്തീപ്പടവിനെ അംഗ്ലസഭാമിശ്ശൻ സംഘക്കാർ ഇംഗ്ലന്തിൽനിന്നു അയച്ചിരിക്കുന്നു. ആയതിന്നു ൨൦ മാറു നീളം ഉണ്ടു. കപ്പിത്തലവനും ൧൦ ഉരുക്കാരും മദ്യവിരക്തർ[1] തന്നെ ആകുന്നു.

Miss. Mag. 1878. *P.* 186.

2. GEOGRAPHICAL NOTES ഭൂമിശാസ്ത്രസംബന്ധമായതു.

ഒരു ഭൂപ്രദക്ഷിണം.— മുൻകാലങ്ങളിൽ ഭൂമിയെ ചുററി ഓടേണ്ടുന്നതിന്നു ആൎക്കും തോന്നീട്ടില്ല. കപ്പൽ കയറി ഭൂമിയെ ചുററി ഓടേണ്ടതിന്നു തുടങ്ങിയപ്പോൾ അതിന്നു ഒരു കൊല്ലത്തോളം വേണ്ടിവന്നു. പായിക്കപ്പൽ വിട്ടു തീക്കപ്പലിൽ പോയപ്പോഴേ ഭൂപ്രദിക്ഷണത്തിന്നു വേണ്ടുന്ന സമയം നന്ന ചുരുങ്ങി. തീക്കപ്പലുകൾക്കു വേഗത വളൎന്നുമളവിൽ പത്തുവൎഷങ്ങൾക്കു മുമ്പേ ഈ വലിയ യാത്രെക്കു നൂററിനാലു ദിവസങ്ങൾ മാത്രം വേണ്ടിവന്നു. ഇപ്പോഴോ വടക്കേ അമേരിക്കയിലേ മഹാശാന്ത തീവണ്ടിപ്പാതയും ഇതാല്യയിൽ സേനിസ് മലയിൽ കൂടിയ സുരംഗവും തീക്കപ്പലുകൾക്കുള്ള ഊററമേറിയ യന്ത്രങ്ങളാൽ വൎദ്ധിപ്പിച്ച വേഗതയുംകൊണ്ടു ഇതിനിടേ യരുശലേമിലുള്ള അമേരിക്കാസ്ഥാനാപതി അറുപത്തെട്ടു ദിവസംകൊണ്ടു ഭൂവലം വെച്ചു. ആ ദേഹം മിസ്രയിലേ അലക്ക്ഷന്ത്രിയയിൽനിന്നു പുറപ്പെട്ടു ബ്രിന്ദീസി, പരിസി, ലണ്ടൻ, നവയോൎക്ക് എന്നീ നഗരങ്ങൾ വഴിയായി സന്ത് പ്രഞ്ചിസ്കോവിലേക്കു ൨൦ളം അവിടെനിന്നു യാപാനിലേക്കു ൨൦ളം പിന്നേ ചീനാവിലേ ഹൊങ്ങ് കൊങ്ങിലേക്കു ൯ളം അനന്തരം ചീനക്കടൽ മലക്കകൈവഴിയായി സിംഹളത്തിലേക്കു ൧൦ളം പിന്നേതിൽ മിസ്രിലേ സുവേജോളം ൧൨ളം ദിവസംകൊണ്ടു പ്രയാണം ചെയ്തു. ൨൫,൦൦൦ നാഴികയുള്ള ഈ ചുററുയാത്രയിൽ ൧൯,൦൦൦ കടൽവഴിയായും ൬,൦൦൦ കരവഴിയായും താൻ യാതൊരു വ്യസനം തട്ടാതെ സഞ്ചരിച്ചിരിക്കുന്നു.

Cöln. Zeitg. 1878. *No.* 26.

ചില പൊയ്കകടലുകളുടെ ആഴം.— യുരോപയിലേ ചില പൊയ്കകളുടെ കഴം ആവിതു: തിരോലിലേ ആക്കൻ പൊയ്കക്കു ചിലസ്ഥലത്തു 2300 കാലടിയും, കൊൻസ്തൻസ് പൊയ്കക്കു 960 കാലടിയും, ബവാൎയ്യയിലേ വല്ക്കൻ പൊയ്കക്കും രാജപൊയ്കക്കും 600 കാലടിയും കണ്ടു. പിന്നെ കാനാനിലേ ശവക്കടലിന്റെ മേല്പാടു 1367 കാലടി മദ്ധ്യതരന്ന്യാഴിയുടെ മേല്പാട്ടിൽനിന്നു താണിരിക്കുന്നു. അതിന്നു 1800 കാലടിയോളം ആഴമുണ്ടു. രണ്ടും കൂട്ടിയാൽ 3167 കാലടി കിട്ടും. തിബെത്തു (കിന്നെരെത്തു) പൊയ്കക്കു കിഴക്കേ കരക്കൽ സക്കടമായി 26 കാലടിയും പടിഞ്ഞാറേതിൽ 18 തൊട്ടു 21 വരെക്കും കാലടിയും അളന്നു കണ്ടിരിക്കുന്നു. മദ്ധ്യാസ്യയിലേ രുസ്സ്യയിൽ കിടക്കുന്ന ബൈക്കാൽ പൊയ്കക്കു ഏകദേശം 180 നാഴിക നീളവും 50 നാഴിക അകലവും വടക്കേ അംശത്തിൽ 9646 കാലടിയോളം ആഴവും ഉണ്ടു. എന്നാൽ പൊയ്കയുടെ നില അവിടെനിന്നു അധികം താഴുന്നതുകൊണ്ടു 12,000 കാലടിയോളം എത്തും എന്നൂഹിക്കുന്നു. മദ്ധ്യതരന്ന്യാഴിയിലേ കൊടുങ്കഴം 7000 കാലടിയത്രേ.

Cöln. Ztg. 1878.

---

1) Teetotaler.

3. POLITICAL NEWS ലൌകികവൎത്തമാനം.

യുരോപ Europe.

H. R. H. The Princess Alice.

മഹിമയുള്ള അല്ലിസ്സ് എന്ന രാജത്തമ്പാട്ടിയുടെ മരണവിവരം.

കാരുണ്യവതിയായ ഭാരതഖണ്ഡചക്രവൎത്തിനിത്തമ്പുരാൻ അവൎകളുടെ മകളായ അല്ലിസ്സ് ൧൮൭൮ ദിസെമ്പ്ര ൧൪ ൹ നി൫ പ്രാപിച്ചു. അവർ ൧൮൪൩ ഏപ്രിൽ ൨൫ ൹ ജനിച്ചു ൧൮൬൨ ജൂലായി ൧ ൹ ഹെസ്സെദൎമ്മസ്സത്തിലെ പ്രഭുവായ ലൂയിസ് എന്ന ശ്രേഷ്ഠനെ പാണിഗ്രഹം ചെയ്തു അഞ്ചു തമ്പാട്ടിമാൎക്കും രണ്ടു തമ്പാന്മാൎക്കും മാതാവായിരുന്നു. ജനകൻ ൧൭ വൎഷം മുമ്പേ അന്തരിച്ച ദിവസത്തിൽ താനും തന്റെ മുപ്പത്താറാം വയസ്സിൽ ഇപ്പോൾ നീങ്ങിയതുകൊണ്ടു ചക്രവൎത്തിനിയവൎകൾക്കു ഏററവും വ്യസനം ജനിച്ചു. ഈ തമ്പാട്ടി മഹിഷിയായ മാതാവിന്നു പ്രത്യേകം സ്നേഹമുള്ള പുത്രി ആയതു കൂടാതെ പിതാവു രോഗപ്പെട്ടു കിടന്നപ്പോൾ അവൎക്കു നിൎയ്യാണത്തോളം (൧൮൬൧ ദിസെമ്പ്ര ൧൪ ൹) ബഹുവാത്സല്യത്തോടു ശുശ്രൂഷ കഴിച്ചുപോയതിനാൽ മാതൃപ്രീതിയും സമ്മതവും അധികം നേടിപ്പോന്നു. ൧൮൭൩ മേയി ൨൯ ൹ ഒരു തമ്പാൻ വെണ്മാടജാലകത്തിൽനിന്നു വീണു മരിച്ചതിനാലും ൧൮൭൮ നൊവെമ്പ്ര ൧൬ ൹ ഇളയ തമ്പാട്ടി വ്യാധിയിൽ കഴിഞ്ഞതിനാലും രാജത്തമ്പാട്ടിക്കു ഓരോ ക്ലേശം നേരിട്ടു. വിശേഷിച്ചു പ്രഭുവായ ഭൎത്താവും പുത്രീപുത്രന്മാരും ദിഫ്തേൎയ്യ (തൊണ്ടയിലെ ദശ വളൎന്നതിനാൽ ഉമ്മിട്ടുപ്പാടു എന്നൊരു പകരുന്ന വ്യാധി) എന്ന വല്ലാത്ത രോഗത്തിൽ വലഞ്ഞിരിക്കുമ്പോൾ അവർ തന്നാൽ ആകുന്ന പാടുപെട്ടു ഉറക്കിളെച്ചു ശുശ്രൂഷിച്ചതുകൊണ്ടു തനിക്കും ആ ദീനം പകൎന്നു വിഷമിച്ചതിനാൽ അന്തരിക്കയും ചെയ്തു. എപ്പിധത്തിൽ സ്ത്രീജനത്തിന്നു മാതൃകയും രാജകുലത്തിന്നു അലങ്കാരവും പരോപകാരം ചെയ്യുന്നതിൽ അഗ്രസ്ഥയും ആയ ഈ രാജത്തമ്പാട്ടിയുടെ അകാലമരണംകൊണ്ടു ചേൎന്നു ചാൎന്നവൎക്കും എങ്ങും സങ്കടം തോന്നും. കൎത്താവു ചക്രവൎത്തിനിത്തമ്പുരാനവൎകളെയും മററും ആശ്വസിപ്പിച്ചു നാം അന്യോപകാരത്തിന്നു ജീവനം കഴിപ്പാൻ നമ്മെ ഉത്സാഹിപ്പിച്ചു നമുക്കെല്ലാവൎക്കും മരിക്കേണ്ടതിന്നു ഒരുങ്ങുവാൻ കൃപ നല്കേണമേ.

M. M. No. 279.

റൂമേന്യ. — ഠരം കോയ്മ ബെസ്സറാവ്യയെ രുസ്സൎക്കു ഏല്പിച്ചു കൊടുത്തിരിക്കുന്നു.

ബൊസ്ന്യ. — ഔസ്ത്ര്യ പട്ടാളങ്ങൾ ബൊസ്ന്യ രാജ്യത്തിന്റെ അതിർ കടന്ന ശേഷം അവിടെ പാൎക്കുന്ന ക്രിസ്ത്യാനർ ഇനി സുല്ത്താന്നു അല്ല ഔസ്ത്ര്യ കോയ്മെക്കു നികുതി കൊടുത്താൽ മതി എന്നും തുൎക്കരുടെ കൊടൂര വാഴ്ച അവസാനിച്ചു എന്നും നിനെച്ചു സന്തോഷിച്ചിരിക്കുമ്പോൾ മുസല്മന്നർ മതവൈരാഗ്യം പൂണ്ടു അഗൊസ്തുമാസത്തിൽ ബൻയലൂക്കു എന്ന നഗരത്തിലേ 25,000 ക്രിസ്ത്യാനരെ കൊല്ലുകയും ദീനശാലയിൽ മുറിവേററു കിടക്കുന്ന ഔസ്ത്ര്യ പടയാളികളെ തുണ്ടിക്കയും ആ നഗരത്തെ എരിച്ചുകളകയും ചെയ്തു. ഈ കാൎയ്യ സാദ്ധ്യത്താലും ഔസ്ത്ര്യ സേനാപതി പിടിച്ച സ്ഥലങ്ങളിൽ പടജ്ജനങ്ങളെ പാൎപ്പിക്കായ്കയാലും മുസല്മന്നൎക്കു ധൈൎയ്യം വൎദ്ധിച്ചു. അവർ എങ്ങും ആയുധങ്ങളെ എടുത്തതു അല്ലാതെ ക്രിസ്ത്യാനരോടു പോൎക്കും വാങ്ങുവാനും വിരോധിച്ചു നില്ക്കുന്നവരെ കൊല്ലുവാനും തുടങ്ങി. ക്രിസ്ത്യാനരെ നന്നായി ഭയപ്പെടുത്തേണം എന്നു അതിക്രൂരനായ ബൊസ്ദരാഗ്ബേ എന്ന തുൎക്കപ്രമാണി വിചാരിച്ചു സസിൻ എന്ന ഊരിൽനിന്നു ചെറിയ ക്രിസ്ത്യാനക്കുട്ടികളെ പിടിപ്പിച്ചു ഒരു വലിയ തൊട്ടിയിൽ തല കീഴ്പെട്ടു നിറെച്ചിട്ടു ആ എളിയ പൈതങ്ങളുടെ സാധുക്കളായ പെററവർ കാണ്കേ താൻ തൊട്ടിയിൽ ഇട്ട കുട്ടികളുടെ മേൽ ഏറി ചമ്മണപ്പടിയായിട്ടിരുന്നു ബഹു ജയസന്തോഷത്തോടെ ഒരു ഹുക്കയെ വലിച്ചു കാപ്പികുടിക്കയും ചെയ്തു. കുട്ടികൾ എല്ലാവരും ഞെങ്ങി വീൎപ്പുമുട്ടി മരിച്ചു

പോയി. പിന്നെ മുസല്മന്നർ ഔസ്ത്ര്യരോടു പട വെട്ടുമ്പോൾ കൈക്കു കിട്ടിയ ക്രിസ്ത്യാനരെ ഉയിരുള്ള മതിൽ കണക്കേ തങ്ങൾക്കു മുമ്പിൽ നിൎത്തി അവരും വഴിയെ ഇരുന്ന ശത്രുവിന്റെ മേൽ വെടി വെച്ചു. പഴയ ഗ്രദിസ്കു എന്ന നഗരം പുകയുന്ന ഇടിവിടം ആയ്തീൎന്നു. അതിൽ മിക്കതും ക്രിസ്ത്യാനരായ 3000 പേരുടെ ശവം കിടന്നിരുന്നു എന്നൊരു കാണി (ആഗൊസ്തു ൨൧) കണ്ണീരോടറിയിച്ചിരിക്കുന്നു. ഔസ്ത്ര്യർ ഒരു കൂട്ടം നഗരങ്ങളും തറകളും പിടിച്ചു എങ്കിലും മുസൽമന്നർ അടങ്ങാതെ ചെറുകൂട്ടങ്ങളായി ഔസ്ത്ര്യരെ ചെറുത്തു നില്ക്കുന്നതേയുള്ളു. 100,000 ബൊസ്ന്യ ക്രിസ്ത്യാനർ പല സംഗതികളാൽ ചത്തൊടുങ്ങിയിരിക്കുന്നു എന്നു തോന്നുന്നു. ഹംഗായ്യൎക്കു ഒരം യുദ്ധത്തിൽ എത്രയും രസക്കേടുണ്ടാകകൊണ്ടു ഔസ്ത്ര്യക്കോയ്മയോടു മുഷിച്ചൽഭാവം കാണിച്ചു വരുന്നു.

Chr. Volksb. 36.

ആസ്യ Asia.

റൂമിസ്ഥാനം Turkey.—റൂമിസുല്ത്താന്നു രുസ്സരോടുള്ള യുദ്ധത്തിൽ സംഭവിച്ച തോല്വയിൽനിന്നു ഓരോ പുതിയ സങ്കടങ്ങൾ വിശേഷിച്ചു അറവികെട്ടിൽ ഉണ്ടായി വരുന്നു. അറവികൾ സ്വഭാവപ്രകാരം സ്വാതന്ത്ര്യചിത്തരും ഒരു മേൽക്കോയ്മെക്കു ദുഃഖേന കീഴ്പെട്ടുന്നവരും ആകകൊണ്ടു തുൎക്കർ അവരെ പ്രയാസത്തോടു അടക്കുകയും ഓരോ ദ്രോഹങ്ങളെ അമൎക്കുകയും സാമദാനഭേദദണ്ഡങ്ങളാൽ പല വഴിയായി നടത്തുകയും ചെയ്യു. രുസ്സർ തങ്ങളുടെ സുല്ത്താനെ ജയിച്ച ശേഷമോ അറവികൾ അവനെ പുച്ഛീകരിച്ചു കളിയാക്കുവാനും മൂന്നു കൊല്ലംകൊണ്ടു അറവിശേഖുമാൎക്കു റൂമിക്കോയ്മയിൽനിന്നു കാലത്താൽ കൊടുത്തു വന്ന പണസഹായം കിട്ടാതതിനാൽ മുറുമുറുപ്പാനും ദ്രോഹിപ്പാനും തുടങ്ങി. തീയിൽ എണ്ണ പകരുന്നപ്രകാരം മങ്കാലങ്ങളിൽ തുൎക്കരിൽനിന്നു അനുഭവിച്ച കൊടുരാന്യായങ്ങളുടെ ഓൎമ്മ തങ്ങളുടെ ലഹളഭാവത്തിന്നു ഊക്കു കൂട്ടുന്നു. അതിന്റെ വിവരത്തെ കേട്ടാലും:

൧. ഹിജാസ് കൂറുപാടു. അറവിയുടെ നടുവിൽ കിടക്കുന്ന നെജെദ് എന്ന പരന്ന നാട്ടിൽ വഹാബികൾ എന്നൊരു മതഭേദക്കാർ പാൎക്കുന്നു. അവർ ഏകദേശം ൧൭൬൦ാം ആണ്ടിൽ അവിടെ ഉദിച്ച അബ്ദുൽ വഹാബ് എന്ന ഇസ്ലാംമതനവീകരണക്കാരനെ അനുസരിച്ചു വരുന്നു. ഈ വഹാബികൾ 1836 മെദീന നഗരത്തെ നിരോധിച്ചപ്പോൾ അവിടുത്തെ അമീർ അബ്ദുൽ ഖലിബ് ജിദ്ദയിലേക്കോടി. മിസ്രയിലെ മെഹെമത് ആലി എന്ന പാഷാവ് സുല്ത്താൻ മാഹ്മുദിന്റെ കല്പനപ്രകാരം അവരെ ജയിച്ചു മടക്കി, മെദീനക്കാർ അബ്ദുൽ ഖലിബിനെ പെരുത്തു മാനിക്കുന്നു എന്നു കണ്ടു ഭയപ്പെട്ടു അവനെ കെട്ടി സലൊനീക്കിയിലേക്കു കടത്തി നബിയുടെ അനന്തരവനായ മഹ്മുദ് ഇബ്ൻ നാവും എന്ന മാനശാലിക്കു അമീർസ്ഥാനം കൊടുത്തു. ജനങ്ങളുടെ പിറുപിറുപ്പു കേട്ടു സുല്ത്താൻ അബ്ദുൽ മെജിദ് ഖലിബിന്റെ മകനു മെദീനയിലെ അമീർസ്ഥാനം ഏല്പിച്ചു. ഇവനോ ചെങ്കടലിന്റെ തുറമുഖങ്ങളിൽ പരദേശികൾ കച്ചവടത്തിന്നു അടുക്കരുതു എന്നു ക്രുദ്ധിച്ചു അതിന്നായി സമ്മതം കൊടുത്ത തുൎക്കരോടു മതയുദ്ധം ചെയ്വാൻ പുറപ്പെട്ടു അപജയം തട്ടി 1850 ഇസ്തുംബൂലിക്കു ബദ്ധനായി പോകേണ്ടിവന്നു. 1856 സുല്ത്താൻ അവനെ യഥാസ്ഥാനപ്പെടുത്തിയാറെ താൻ റൂമിക്കോയ്മയോടു പിന്നെയും ദ്രോഹിച്ചതിനാൽ രണ്ടാമതു ഇസ്തുംബൂലിൽ തടവുകാരനായി പോകേണ്ടി വന്നു അവിടെ മരിക്കയും ചെയ്തു. മുൻചൊന്ന ഖലിബ് എന്നവൻ ഹസ്സാൻ കിതബേ എന്ന പണ്ടേത്ത ശേഖുമാരുടെ അനന്തരവൻ. ആ വംശത്തിന്നു ഏകദേശം ൨൦൦ കുഡുംബങ്ങൾ ഉണ്ടു. അവരിൽനിന്നു ന്യായപ്രകാരം ഒരു അമീരിനെ എടുക്കാതെ മേൽപറഞ്ഞ നാവുമിന്റെ മകനെ മെദീനയിൽ അമീർ ആക്കിയതുകൊണ്ടു ഹിജാസിൽ ഉള്ള അറവികൾ കോപപരവശന്മാരായി തീൎന്നു. ഹബ്, ദോനിഹൎബ്, കൊദയിൽ, ദോനിഹസ്സാൻ, ഒതൈബ മുതലായ അറവി ഗോത്രങ്ങളും മത്സരിപ്പാൻ തുടങ്ങി. ഇവൎക്കു ഒരു ലക്ഷത്തോളം പടയാളികളെ യുദ്ധത്തിന്നായി അയക്കാം.

൨. നെജെദ് കൂറുപാടു. വടക്കേ അറവിയിൽ ഉള്ള വഹാബികൾ റൂമിക്കോയ്മെക്കു ഏറിയോരു അലമ്പൽ വരുത്തിയ ശേഷം 1872 ആമതിൽ മാത്രം സുല്ത്താന്നു കീഴ്പെട്ടുള്ളു. ഇപ്പോഴോ അബ്ദുള്ള ഇബ്ൻഫയിസത്തു എന്നൊരു ശൂരൻ തുൎക്കപടയാളികളെയും ഉദ്യോഗസ്ഥന്മാരെയും ഓടിച്ചു കളഞ്ഞു.

൩. യെമൻ (തെഹമൻ) കൂറുപാടു. ഇതു ചെങ്കടൽ അറവിക്കടൽ എന്നീകടലുകളുടെ തീരപ്രദേശം അത്രേ. അഞ്ചു വൎഷം മുമ്പെ തുൎക്കർ ആ നാടിനെ രണ്ടുപ്രാവശ്യം ആക്രമിച്ചു സന എന്ന പട്ടണത്തെ കൈക്കലാക്കിയിരിക്കുന്നു. ഒന്നാം യുദ്ധത്തിൽ രദിഫ് പാഷാവു നാടെല്ലാം പാഴാക്കിക്കളഞ്ഞതു കൂടാതെ താൻ ബൈദായിൽ ഒരു സഭ്യക്കു ക്ഷണിച്ച നാല്പതു ഷേ

ഖുമാരെ ചതികുലചെയ്യിച്ച നിവാസികളെ അരട്ടിക്കളഞ്ഞു. ആ കുലപ്പെട്ട ശേഖുമാരിൽ ഒരുത്തന്റെ സഹോദരനായ ശേഖ് നസ്സീർ എന്നവൻ നാട്ടുകാരെ പാട്ടിൽ ആക്കി വഹാബികളുടെ പക്ഷം എടുത്തു വരുന്നു. തുൎക്കപടയാളികൾ ഭയം കൊണ്ടു പടക്കൊട്ടിലുകളിൽനിന്നു ഇറങ്ങുവാൻ തുനിയുന്നില്ല.

അറവിക്കെട്ടിന്റെ അവസ്ഥ ഇവ്വിധം ആകയാൽ തുൎക്കൎക്കു വലിയ കുഴക്കു നേരിട്ടിരിക്കുന്നു. *Cölner Z. No.* 48. 1878.

അഫ്ഘാനസ്ഥാനം Afghanistan.—

൧. അംഗ്ലക്കോയ്മ രുസ്സ സൎക്കാരിനെ മുടിച്ചുകൊണ്ടു ആയവർ കാബൂലിൽ പാൎപ്പിച്ച സ്ഥാനാപതിയെ വിളിപ്പിച്ചു.

൨. ഡിസെമ്പ്ര ൧൦൹ രുസ്സസ്ഥാനാപതിയും ആൾക്കാരും കാബൂൽവിട്ടു ൮൦ വയസ്സുള്ള ശേർആലി എന്ന അമിരോടു കൂട തുൎക്കസ്ഥാനത്തേക്കു ഒഴിഞ്ഞു പോയി. അമീർ കുഡുംബത്തെയും ദ്രവ്യത്തെയും അല്ലാതെ പടയാളികളെ കൂട്ടികൊണ്ടു പോയില്ല പോൽ. രുസ്സക്കോയ്മെക്കു അമീരിന്നു വേണ്ടി പടവെട്ടുവാനോ നട്ടു പറവാനോ മനസ്സു അശേഷമില്ല എന്നു കേൾക്കുന്നു.

൩. തുൎക്കിൽ ഉണ്ടായ യാക്കൂബ് ഖാൻ വിട്ടുതൽ പ്രാപിക്കയും അരിയിട്ടു വാഴ്ച തനിക്കു കഴിഞ്ഞു പോകയും ചെയ്യു എന്ന ശ്രുതിക്കു തക്ക അനുഭവങ്ങൾ കാണ്മാൻ ഇല്ല. അദ്ദേഹം എവിടേ എന്നാൎക്കും സൂക്ഷ്മമായി പറവാൻ വഹിയാ.

൪. അഫ്ഘാനസ്ഥാനത്തോടുള്ള യുദ്ധവിശേഷം ആവിതു:

1. പെഷാവരിൽനിന്നു ഖൈബർ കണ്ടിവാതിൽ വഴിയായി കാബൂലിലേക്കു മുഞ്ചെല്ലുന്ന സൈന്യം ആലിമസ്ജിദ് എന്ന കോട്ടയെ പിടിച്ചു കണ്ടിവാതിൽ പ്രദേശത്തു വേണ്ടുന്ന കാവൽ ഇട്ടശേഷം ബ്രൌൻ എന്ന സേനാപതി ഡിസെമ്പ്ര ൨൦൹ ജല്ലലാബാദ് എന്ന നഗരത്തിൽ വിരോധം കൂടാതെ പ്രവേശിച്ചു. താൻ അവിടേ ൧൦,൦൦൦ പടജ്ജനങ്ങളോടു കൂട അല്പം സമയം മാത്രം പാൎപ്പാൻ നിശ്ചയിച്ചു പോൽ. നഗരക്കാരായ സിദ്ധാരന്മാർ സൈന്യത്തെ എതിരേററു വരികയും തീൻ പണ്ടങ്ങളെ ഒരുക്കുവാൻ സ്വമേധയാൽ ഏല്ക്കയും ചെയ്യു. ഡിസെമ്പ്ര ൨൨൹ ഖൈബരിൽ അലമ്പൽ ആക്കിയ ജയഖേൽ ഗോത്രക്കാൎക്കും ൨൩൹ ആലിമസ്ജിദിന്നു സമീപം ഒരു ചെറിയ കട്ടാക്കുട്ടിക്കടത്തുകൂട്ടത്തോടു (യുദ്ധസംഭാര വാഹനക്കാർ) എതിൎത്ത അഫ്രിദി ഗോത്രക്കാൎക്കും തക്ക ശിക്ഷയെ കിട്ടിപോയി. കുകിഖയിൽ ഗോത്രക്കാർ അടങ്ങാഞ്ഞാൽ പെഷാവരിന്നടുക്കേ പാൎക്കേണ്ടി വരും.

2. കുരം എന്ന താഴ്വരയിൽ കൂടി ഘജിനക്കു ചെല്ലുന്ന വഴിയിൽ ആക്രമിക്കുന്ന സേന പൈവാടകോതൽ എന്നുറപ്പു തേടിയ ഒരു സ്ഥലത്തെ സേനാപതിയായ രോബൎത്ത്സ് ഡിസെമ്പ്ര ൨൹ പിടിച്ചപ്രകാരം പറഞ്ഞുവല്ലോ. അതിനാൽ ഹയ്യാബ്, കുരം, ഖോസ്ത് എന്ന താഴ്വരവാസികൾ അടങ്ങി പോയി. പൈവാടകോതൽ എന്ന ചുരം 11,200 കാലടി കടൽ പരപ്പിൽനിന്നുയരുകയാൽ ഹിമക്കാലത്തിൽ വളരെ കുളിർ ഉണ്ടു. ഖോസ്തിലേക്കു മുല്പുകുന്ന സൈന്യത്തിന്റെ കട്ടാക്കുട്ടി (യുദ്ധസംഭാരങ്ങളെ) ഡിസെമ്പ്ര ൧൩൹ കവരുവാൻ ഭാവിച്ച മങ്ങളർ എന്ന മലവാസികളിൽ ഏറിയവർ പട്ടുപോയിട്ടും അവർ ജനുവരി ൯൹ ഏകദേശം ൪൦൦൦ ആളോളം കൂടി ഖോസ്തിന്നടുത്ത മാതുനിലുള്ള പാളയത്തെ രാക്കാലത്തിൽ പിടിപ്പാൻ ആഗ്രഹമുള്ള പ്രകാരം സേനാപതിക്കു തിരിഞ്ഞ ഉടനെ അവരെ കൊള്ള കുതിരപ്പടകളെയും മററും ചാടിച്ചപ്പോൾ 300 പേർ പട്ടുപോകയും 100 ആൾ പിടിപ്പെടുകയും ചെയ്യു. ഖോസ്തിലേ ഖില്ലേദാർ ആൾക്കാരും മുഖ്യ മലിക്‌മാരും കൂടി സേനാപതിയെ ചെന്നു കണ്ടു അവൎക്കു കോട്ടയെയും അതിലേ പട്ടോലകളെയും (ലിക്കാട്ടു) ഭരമേല്പിച്ചു. അവിടെ ചില മുല്ലമാർ അഫ്ഘാനരെ കലഹത്തിന്നു ഇളക്കുവാൻ നോക്കി.

3. കെത്താവിൽനിന്നു കന്ദഹാരിലേക്കു ചെല്ലുന്ന ഖോജക് ഘവാജാ എന്നീരണ്ടു കണ്ടിവാതിലുകളെ അംഗ്ലപടകൾ കൈയിൽ ആക്കിയുറപ്പിച്ച ശേഷം സ്തുവാൎത്ത് സേനാപതി ഘവാജ ചുരത്തിൽ കൂടിയും ബിട്ടല്പ് സേനാപതി ഖോജക് കണ്ടിവാതിലൂടെയും ഓരോ സൈന്യങ്ങളെ കന്ദഹാരിലേക്കു നടത്തുന്നു. ബിട്ടല്പിന്റെ സൈന്യം ജനുവരി ൮൹ ഫതിയാലയിൽ എത്തി സ്തുവൎത്തിന്റെ പട തക്തിപുലിലുള്ള വഴിയിൽ പ്രയാണം ചെയ്യു ജനുവരി ൮൹-യിൽ കന്ദഹാരിൽ കൂടി തന്റെ പട്ടാളങ്ങളെ നടത്തി. അതൊ ജനുവരി ൯൹ നാടുവാഴി കാലാളുകളുടെ ആയുധങ്ങളെ വാങ്ങി കുതിരപ്പടയോടു കൂട ഹെരാത്തിലേക്കു തെററിപോയതുകൊണ്ടു അവിടെ വിരോധിപ്പാൻ ആരും ഇല്ലെങ്കിലും സേനാപതിയായ വല്ലിസരെ അമീരിന്റെ 2000 കുതിരപ്പടയാളികൾ തടുപ്പാൻ ശ്രമിച്ചിട്ടും അവർ തോററുപോയി. കന്ദഹാർ എന്ന നഗരം ഫലപ്പ

ക്ഷിയുള്ള സമഭ്രമിയിൽ കിടക്കുന്നു. അവിടെ കാബൂൽ ഹെരാത്തു എന്നീനഗരങ്ങളിലേക്കുള്ള നിരത്തുകൾ കൂടുന്നു. ഹിമകാലം കഴിയുന്നതിൻ ഇടെക്കു യാക്കൂബ് ഖാൻ അംഗ്ലക്കോയ്മയോടു വഴിപ്പെടാഞ്ഞാൽ സേനാപതി ഹെരാത്തോളം ചെല്ലും എന്നൂഹിപ്പാൻ ഇടയുണ്ടു.

൫. അമീരിൻെറ പടയാളികൾക്കു അപജയം തട്ടിയേടത്തോളം പ്രയാസേന അടങ്ങുന്ന മലവാസികൾ അവിടവിടെ കവൎച്ചക്കായി എഴുന്നു ഓരോ തടസ്ഥങ്ങളെ ചെയ്വാൻ നോക്കിയ പ്രകാരം മുൻപറഞ്ഞതു സൂക്ഷിച്ചു വായിക്കുന്നവൎക്കു വിളങ്ങുമല്ലോ. കാബൂലിൽനിന്നു ചില മുല്ലമാർ സുലൈമാൻകുു എന്ന അതിരായി കിടക്കുന്ന തൂടൎമ്മലയിലും പ്രദേശത്തും ചെന്നു അവിടേയുള്ള ഗോത്രങ്ങളെ ഇളക്കിയതു കൊണ്ടു മഹസദ് ഒജിരി എന്നു പേൎപ്പെട്ട ഗോത്രക്കാർ പഞ്ചനദത്തിലെ നാടായ ദമാനിൽ ഇറങ്ങി തങ്കു എന്ന സ്ഥലത്തെ കൊള്ളയിട്ടു. അവരിൽ പലരും പിടിപ്പെടുകയും ശേഷം പേർ അരണ്ടു പോകയും ചെയ്തു.

൬. അബ്ഘാനസ്ഥാനത്തിൽ പടകൾ മുഞ്ചെന്നേടത്തോളം ഉള്ള വഴിയെയും അതിരിനെയും കാപ്പാൻ തന്നേയല്ല ആവശ്യം പോലെ വിരോധികളോടു എതിൎക്കേണ്ടതിന്നു പുതിയ പട്ടാളങ്ങൾ യുദ്ധത്തിന്നായി പുറപ്പെടുന്നു.

൭. അബ്ഘാനയുദ്ധം നിമിത്തം രാജ്യാലോചന സഭയായ ഓലക്ക സഭക്കാർ ഡിസെമ്പ്ര ൫ ൹ തൊട്ടു ൧൭ ൹ വരെ ചക്രവൎത്തിനിയവൎകളുടെ കല്പനയാൽ കാൎയ്യവിചാരത്തിന്നായി കൂടി വന്നിട്ടുണ്ടായിരുന്നു.

വിജയനഗരം. — ഡിസെ. ൬-൯൹ ഈ നാലു ദിവസങ്ങളിൽ ൨൫ അംഗുലം മഴ പെയ്തു കൂടാതെ കൊടുങ്കാററു അനേക ശിവാൎയ്യുകളുടെ പുരകളെ തള്ളിയിട്ടിരിക്കുന്നു. കോളിൻെറ ഉഗ്രത നിമിത്തം ഈരായിരം കണ്ടി വലിപ്പമുള്ളൊരു തീക്കപ്പൽ വിശാഖപട്ടണത്തിൻെറ തെക്കു കരെക്കടിഞ്ഞു തകൎന്നു. വിശാഖപട്ടണം ഗഞ്ജാം എന്നീ ജില്ലകളിൽ വെള്ളപ്പെരുക്കത്താൽ കൃഷിക്കും മുതലിന്നും വളരെ നഷ്ടം തട്ടിയിരിക്കുന്നു.

കണ്ണനൂർ. — ചിറക്കൽ കണ്ണനൂർ എന്നീ സ്ഥലങ്ങളുടെ നടുവിൽ ഉദയകുന്നു പുറത്തു മലയാള കൂറുപാട്ടിൻെറ തുറുങ്കു (സെന്ത്രൽ ജേൽ) ഉണ്ടു. ഉരുളിൻെറ അരടയിൽനിന്നു അഴികൾ പുറപ്പെടുന്നപ്രകാരം കുന്നിൻെറ അഗ്രത്തിൽ ഉയൎന്നൊരു ഗോപുരവും അതിൽനിന്നു ചുററിലും ഓരഞ്ചെട്ടു നെടുമ്പുരകളും കതിരിച്ചു കിടക്കുന്നു. ആ സ്ഥലത്തിൽ ജനുവരി ൨ ൹ ഒരു കലഹമുണ്ടായി. അതെങ്ങനെയെന്നാൽ: ജനുവരി ൧ാം ൹ മുതൽ തടവുകാൎക്കു ആഴ്ചവട്ടത്തിൽ ഇത്രോടം ൪ ദിവസം ചോറു കിട്ടിയതിന്നു പകരം രണ്ടുനാൾ ചോറും അഞ്ചുനാൾ മുത്താറിയും (രാഗി) കൊടുക്കാവു എന്നു കോയ്മ കല്പിച്ചതിൻവണ്ണം അന്നു തന്നെ അവരുടെ ഭക്ഷണകാൎയ്യം നടത്തുവാൻ വിചാരിച്ചപ്പോൾ ഏകദേശം ൨൫൦ പേർ ഭക്ഷിപ്പാൻ മനസ്സുകേടു കാണിച്ചാറെ തുറുങ്കുദ്യോഗസ്ഥന്മാർ അവരോടു ബുദ്ധിപറഞ്ഞതു ൭൦൦ പേർ അനുസരിച്ചു ൧൫൦ പേർ മാത്രം മറുത്തുനിന്നുള്ളു. കോയ്മയുടെ ശാസന അനുസരിക്കേ വേണ്ടു എന്നു മിക്കതും മാപ്പിള്ളമാരായ ആ ൧൫൦ ആൾ ൨ാം ൹-യിലും കൂട്ടാക്കാതെ അവരിൽ ഒരുത്തൻ: എന്തുവന്നാലും ഞങ്ങൾ ഉണ്ണുകയില്ല എന്നു നിശ്ചയിച്ചു പറഞ്ഞതിന്നു കാരാഗ്രഹമേധാവി അവന്നു ഗോപുരസമീപേ വാറടി ഏല്പിച്ചപ്പോൾ: നിങ്ങൾക്കു വേണ്ടി ഞാൻ ഇതു സഹിക്കുന്നുവല്ലോ എന്നു ൧൨ ആം അടിക്കു കൂകിയതു മത്സരഭാവക്കാർ കേട്ടു ഉടനെ ഒന്നാമതു അവരും അതിൽ പിന്നെ വേറെ രണ്ടു നെടുമ്പുരക്കാരും ആകെ നാനൂറാളോളം അഴിമറ ഏറുകയും പൊളിക്കയും ഗോപുരമുററത്തു ചാടി കല്ലെടുത്തു എറികയും ചെയ്തു. ആ കലാപത്തിൽ കാരാഗ്രഹമേധാവിയായ കൊന്നൽ ബീച്ചം (Beauchamp) സായ്പിൻെറ കണ്ണിന്നു ഒരു കല്ലു തട്ടിയാറെ അവരും മക്അല്ലും വൈദ്യപണ്ഡിതരും മററും ഗോപുരത്തിൽ പ്രാണരക്ഷക്കായി തെററിയ ഉടനെ അതിൻെറ വാതിൽ ജാലകങ്ങളെ തകൎത്തു കൂട്ടമായി കയറി തുറുങ്കുദ്യോഗസ്ഥന്മാൎക്കു അപായം വരുത്തുവാൻ ഭാവിക്കുന്നതു കണ്ടു കൎന്നൽ അവരെ അമൎത്തുവാൻ നോക്കിയതു വ്യൎത്ഥം എന്നു തെളിഞ്ഞാറെ പൊലീസ്സ് ക്കാരോടു വെടിവെപ്പാൻ കല്പിച്ചു. പൊലീസ്സുക്കാർ വായുവിൽ വെടിപൊട്ടിച്ചതു കലഹക്കാർ കൂട്ടാക്കാതെ കറി വെച്ചു കലഹപ്രമാണികളിൽ ഒരുത്തൻ ഉണ്ട കൊണ്ടു മരിക്കയും ൫-൬ ആൾ മുറി ഏല്ക്കയും ചെയ്തപ്പോൾ മാത്രം കൂട്ടം പിരിഞ്ഞു നെടുമ്പുരകളിലേക്കു മണ്ടി കളഞ്ഞു. മുറിപ്പെട്ടവരിൽ 3 പേൎക്കു അംഗഛേദം ചെയ്യേണ്ടി വന്നു. ബീച്ചം സായ്പവൎകളുടെ കണ്ണു കെട്ടു പോയതും പ്രാണാവയവ ഛേതവും പരുക്കുകളും ഉണ്ടായതും വിചാരിച്ചാൽ നടന്ന കലാപം കൊണ്ടു വളരെ സങ്കടം തോന്നുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. **MARCH 1879.** No. 3.

THE REV. JACOB RAMAVARMA.

യാക്കോബ് രാമവൎമ്മൻ.

ഒരു ഹിന്തുപാതിരിയുടെ ജീവിതം.

(VIാം പുസ്തകം ൨ാം ഭാഗത്തിൽനിന്ന തുടൎച്ച.)

ഈ വൎത്തമാനം എത്രയും വേഗത്തിൽ ദിക്കെല്ലാം പരന്ന എന്നെ കാണ്മാനായി അസംഖ്യം ആളുകൾ വന്നുകൂടി അവരോടു ഞാൻ കൎത്താവിൽ വിശ്വസിപ്പാൻ ബുദ്ധിപറഞ്ഞു; എന്റെ സ്വന്ത അമ്മാമൻ വന്ന എങ്കിലും കോപിച്ച ശപിച്ച എന്റെ മുഖം കാണരുതു എന്ന പറഞ്ഞു പോയ്ക്കളഞ്ഞു. ജ്യേഷ്ഠൻ എന്നെ കൊല്ലുവാൻ കഠാരി എടുത്തുംകൊണ്ടു വന്ന എങ്കിലും തമ്മിൽ കണ്ട ഉടനെ ദുഃഖിച്ച തന്റെ മനസ്സ മാറി പിന്നത്തേതിൽ എനിക്ക വളര ബുദ്ധി പറഞ്ഞു ചെലവിന്നായി കുറയ ഉറുപ്പിക തന്ന പോകയും ചെയ്തു.

ഇതിനെ ജ്യേഷ്ഠൻ ഞാൻ മദ്രാശിക്ക പോകുന്ന വരയും ചെയ്തുവന്ന എങ്കിലും ഞങ്ങളുടെ ജാതിമൎയ്യാദപ്രകാരം മററുള്ളവരോടു കൂട പ്ലാശിൻ ഇലകൊണ്ടു എന്റെ പ്രതിമ കെട്ടി ഉണ്ടാക്കി പുനസ്സംസ്കാരം പിണ്ഡം മുതലായ ക്രിയകൾ കഴിച്ച എന്നെ മരിച്ചവരുടെ കൂട്ടത്തിൽ എണ്ണിക്കളകയും ചെയ്തു. എന്നാൽ ഞാൻ ബപ്തിസ്മപ്പെടുന്ന സമയം ദാവീദ് എന്ന സുറിയാണിക്കാരൻ കൊച്ചിയിൽ ഉണ്ടായിരുന്നില്ല പിന്നെ അവൻ വന്ന എന്നെയും അനന്തനെയും കണ്ട ഉടനെ: നിങ്ങൾ ചതിപ്പെട്ടു! എന്തു നിങ്ങൾ ഈ മാൎഗ്ഗത്തിൽ കൂടി നിങ്ങളുടെ വേദത്തിൽ രക്ഷ ഇല്ലാഞ്ഞിട്ടോ! ഞാൻ ൨൰ സംവത്സരമായി ഈ സായ്പിന്റെ മുൻഷിയായി പാൎക്കുന്നു; പാതിരി എന്നെയും ചതിപ്പാൻ നോക്കിക്കൊണ്ടില്ല താനും. അയ്യാളുടെ ചോറു തിന്നുമ്പോൾ അയ്യാളുടെ പള്ളിയിൽ പോകുന്നതു അല്ലാതെ എന്റെ പള്ളിയും മാൎഗ്ഗവും ഞാൻ വിടുകയുമില്ല വിട്ടിട്ടുമില്ല. നിങ്ങൾ പൊട്ടന്മാർ എന്ന പറഞ്ഞാറെ ഞങ്ങൾ നന്ന പരിഭ്രമിച്ച സായ്പിന്റെ മുൻഷി ഇപ്രകാരം പറയുന്നതു എന്തു എന്ന വിചാരിച്ച എങ്കി

ലും ഈ വഴി തന്നെ സത്യം എന്ന എനിക്ക ബോദ്ധ്യം ഉണ്ടാകയാൽ എ ന്റെ പരിഭ്രമം വേഗത്തിൽ തീൎന്ന സന്തോഷിച്ചു. അനന്തനോ അല്പം ഒരു കഷ്ടം വരുമ്പോൾ ഒക്കയും ദാവീദ് പറഞ്ഞതു സത്യം എന്ന പല പ്പോഴും എന്നോടു പറഞ്ഞിട്ടുണ്ടു. ഒടുവിൽ അയ്യാൾ സുറിയാണിക്കൂട്ട ത്തിൽ പോയി ചേൎന്ന മിക്കവാറും അവിശ്വാസിയായി മരിക്കയും ചെയ്തു കഷ്ടം. എന്നെ താങ്ങി നിറുത്തിയ കൈ അപ്പോൾ ഞാൻ അറിഞ്ഞി രുന്നില്ല എങ്കിലും ഇപ്പോൾ അറിഞ്ഞു കൎത്താവിനെ സ്തുതിക്കുന്നു. ഇങ്ങി നെ ഞാൻ രണ്ടു വൎഷത്തിൽ അധികം കൊച്ചിയിൽ തന്നെ രിഡ്സ്ദേൽ സായ്പിന്റെ അടുക്കൽ പാൎത്തു. എന്നാലും ഈ സമയങ്ങളിൽ എന്റെ പഠിത്വം മിക്കവാറും വിട്ടുപോയി സായ്പു അവൎകൾക്ക മറ്റുള്ള പ്രവൃത്തി കൾ നിമിത്തം എന്നെ നോക്കുവാൻ എട ഉണ്ടായതുമില്ല. ഇക്കാലത്തു എല്ലാം ഞാൻ കൎത്താവിനെ അറിഞ്ഞു സേവിക്കേണ്ടുംപ്രകാരം സ്പഷ്ട മായി അറിഞ്ഞിരുന്നില്ല എങ്കിലും വചനം വായിപ്പാനും പള്ളിയിൽ പോവാനും അറിഞ്ഞേടത്തോളം മറ്റുള്ളവരോടും പറയേണ്ടതിന്നും വള രെ ആഗ്രഹം ഉണ്ടായിരുന്നു. പലപ്പോഴും സായ്പിന്റെ ആളുകളിൽ ചില രെ വിളിച്ചുംകൊണ്ടു ചുററും പോയി ജനങ്ങളെ യേശുവിന്റെ അടുക്ക ലേക്ക വിളിക്കും എന്റെ പുതിയ വേദത്തെ കുറിച്ചു വല്ലവരും ഏതെങ്കി ലും ചോദിച്ചാൽ ഉത്തരം അറിഞ്ഞില്ല എങ്കിൽ വളര കുണ്ഠിതവും ഉ ണ്ടായി. എന്തെന്നു ഞാൻ ആ സമയത്തു അറിഞ്ഞിട്ടും ഇല്ല കേട്ടിട്ടും ഇല്ല. സാധാരണ പ്രാൎത്ഥനപുസ്തകവും കോട്ടയത്തു അച്ചടിച്ച കുഡും ബപ്രാൎത്ഥന എന്ന പുസ്തകവും നോക്കി വായിച്ചിട്ടു എനിക്ക തൃപ്തി വ രായ്കയാൽ സ്നേഹിതനായ യോസേഫ് ഫേൻ എന്ന ആളെ കണ്ടു എ ന്റെ മനസ്സു പറഞ്ഞപ്പോൾ അയ്യാൾ പറഞ്ഞതു: ദൈവം പുസ്തക ത്തിൽ അല്ല നോക്കുന്നതു ഹൃദയത്തിൽ അത്രേ. പള്ളിയിൽ പോകു മ്പോൾ എല്ലാവരും ചെയ്യുന്നതുപോലെ പുസ്തകം നോക്കിക്കൊള്ളു; പ്രാ ൎത്ഥിക്കുമ്പോൾ ഹൃദയത്തിൽ പ്രാൎത്ഥിച്ചുകൊള്ളു. ഈ വാക്ക എനിക്ക സ ന്തോഷമായി അന്നു മുതൽ അങ്ങനെ ആചരിച്ചുപോന്നു വളര സന്തോ ഷവും ഉണ്ടായി. പഠിക്കേണം എന്നു സായ്പിനോടു പറയുമ്പോൾ കട ലാസ്സു എടുത്തു തന്നു പ്രസംഗം എഴുതുവാൻ പറയും. ഇതു കുരുടനോടു തന്നെ നടപ്പാൻ പറയുന്നതുപോലെ എന്നു വിചാരിച്ചു നന്നേ ക്ലേശി ച്ചു. ദൈവവേല തന്നെ ചെയ്വാൻ എനിക്ക ആഗ്രഹം ഉണ്ടാകയാൽ ൧൮൩൭ മെയിമാസത്തിൽ ഞാൻ സായ്പിനോടു അനുവാദം വാങ്ങിക്കൊ ണ്ടു പഠിപ്പാനായി മദ്രാസിക്ക പോയി തക്കർ സായ്പിന്റെ സഹായ ത്താൽ ബിഷോപ്പ് കൊറിയുടെ ഗ്രമർ സ്കൂളിൽ ആക്കി മൂന്നു സംവത്സ രം അവിടേ പഠിച്ചു. ഇവിടേ ദൈവകൃപയാൽ ഭക്തിയുള്ള രണ്ടു സായ്പു

ന്മാർ ഞങ്ങളെ പഠിപ്പിപ്പാൻ ഉണ്ടായിരുന്നു. അവരുടെ മൂലമായിട്ടും കൎത്താവിന്റെ കാൎയ്യങ്ങളെ ഞാൻ വളര പഠിച്ചു. തക്കർ സായ്പവൎകളും ചൎച്ച്മിശിയോൻ സംഘവും എനിക്കു ചെയ്തിരിക്കുന്ന അനേകം ഉപകാരങ്ങൾ നിമിത്തം ഞാൻ അവൎക്കു ഏററവും നന്ദിയുള്ളവൻ ആകുന്നു. കൎത്താവു അവരുടെ വേലയെ അധികമധികമായി വൎദ്ധിപ്പിക്കുമാറാകട്ടേ. മദ്രാസിയിലും എനിക്കു വളര അധൈൎയ്യത്തിന്നും പരീക്ഷകൾക്കും എട ഉണ്ടായി. ഒരു ദൃഷ്ടാന്തം പറയാം: ഒരു ദിവസം ഞാനും മാരാമണ്ണ മാത്തനും (ഇപ്പോൾ മാർ അധനാസ്യൻ) വൈകുന്നേരം നടപ്പാൻ പോയി വരുമ്പോൾ ഞങ്ങളുടെ പള്ളിക്കൂടത്തിന്റെ തെക്കേ വീട്ടിന്റെ മുകളിൽ രണ്ടു സായ്പന്മാർ കസേല ഇട്ടിരുന്നു സംസാരിച്ചു കൊണ്ടിരുന്നു. ഞങ്ങളെ കണ്ട ഉടനെ: കുട്ടികളെ അകത്തു വരുവിൻ നിങ്ങളെ കാണ്മാൻ ഞങ്ങൾക്കു വളര സന്തോഷം എന്നു വിളിച്ചു പറഞ്ഞു. ഞങ്ങൾ കോണിക്കൽ ചെന്ന ഉടനെ മേല്പറഞ്ഞ രണ്ടു സായ്പന്മാരും വന്നു സന്തോഷാശ്രുക്കളോടെ ഞങ്ങൾക്കു കൈ തന്നു അകത്തു കൂട്ടിക്കൊണ്ടു പോയി ഇരുത്തി യേശുവിന്റെ സ്നേഹത്തെ കുറിച്ചു പറഞ്ഞു തുടങ്ങി. ഞാൻ ആശ്ചൎയ്യപ്പെട്ടു. ഇങ്ങിനെയുള്ള വാക്കിനെ ഞാൻ മുമ്പെ ഇത്ര സ്പഷ്ടമായി കേട്ടിട്ടില്ലല്ലോ. യേശുവിന്റെ സ്നേഹം ഇത്ര വലിയതു അല്ലോ എന്നു വിചാരിച്ചു കരഞ്ഞു. രാത്രി ഒമ്പതു മണിയോളം ഇങ്ങിനെ ഓരോന്നിനെ പറഞ്ഞു പിന്നത്തേതിൽ പ്രാൎത്ഥിച്ചു ഞങ്ങളെ പറഞ്ഞയക്കയും ചെയ്തു. വീട്ടിൽ വന്നാറെ നമുക്കു ഇത്രസ്നേഹം കാണിച്ചവർ ആർ എന്നു ചോദിച്ചതിന്നു അന്തസ്സ്യോൻ ജൊൻസ്തൻ ഈ രണ്ടു സായ്പന്മാർ എന്നറിഞ്ഞു ഇതു നിമിത്തം പിറേറ ദിവസം ഞങ്ങൾക്കു നല്ല ശാസന കിട്ടി എങ്കിലും കൂട്ടാക്കാതെ സമയം ഉള്ളപ്പോൾ ഒക്കെയും അവിടേ പോയി അവരുടെ ബുദ്ധിയുപദേശം കേൾക്കും. ആ വിശുദ്ധന്മാർ ഇപ്പോൾ മരിച്ചുപോയി എങ്കിലും അവരുടെ ഉപദേശങ്ങളും സ്നേഹവും എന്റെ ഹൃദയത്തിൽ ഇന്നും ഉണ്ടു. യേശുവിനെ കുറിച്ചു ഒരുവൻ പറയുന്നതു കേൾക്കാം മറെറാരുവൻ പറയുന്നതു കേൾക്കരുതു എന്നു പറയുന്നതു എന്തു; അതു ശരിയല്ല എന്നു എനിക്കും തോന്നി. യേശുവിനെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കും അവരോടു സഹവാസവും ചെയ്യും അവരുടെ വിശ്വാസത്തിന്റെ അവസാനത്തെ നോക്കി പഠിപ്പാനും നോക്കും സഭ എന്നുള്ള പേർ അല്ല രക്ഷിക്കുന്നതു എന്നും മററും ഞാനും വിചാരിച്ചു പുറത്തു പറഞ്ഞതും ഇല്ല.

ഇങ്ങനേ മൂന്നു സംവത്സരം കഴിഞ്ഞ ഉടനെ എന്റെ ഉപകാരിയായ തക്കർ സായ്പു വിലാത്തിക്കു പോകുന്ന സമയം എന്നെയും മററു ചിലരോടു കൂട ചൎച്ച്മിശിയോന്റെ സ്കൂളിലേക്കു പഠിപ്പാനായി അയച്ചു.

അവിടെ ആറുമാസം പഠിച്ചതിന്റെ ശേഷം ഒന്നാം ഗുരു തക്കർ സായ്പിനെ പോലെ കറുത്ത മനുഷ്യരെ സ്നേഹിക്കാതെ അവരെ കഴിയുന്നേടത്തോളം ദൂഷിക്കുകയും പരിഹസിക്കയും ചെയ്യുന്നതുമല്ലാതെ കുടയും മറ്റും കൂടാതെ മഴയിൽ അയക്കയും ഇതിനാൽ പുസ്തകമോ മറ്റും നനഞ്ഞുപോയാൽ കോപിക്കയും കറുത്ത കുട്ടികൾ വല്ല ദീനം പിടിച്ചു കിടന്നാൽ അവിടെ പോയി അവരെ ശപിച്ചു ഭയപ്പെടുത്തുകയും അല്ലാതെ അല്പം ഒരു അപ്പഖണ്ഡം നിമിത്തം വെളുത്ത ശിഷ്യന്മാരോടും ശഠിച്ചു ചീത്തവാക്കുകൾ പറകയും ചെയ്യും; പഠിപ്പിപ്പാനും സാമൎത്ഥ്യം നന്നെ കുറവു തന്നെ. കൎത്താവു പാപസംഘം ക്ഷമിക്കുന്നവൻ അവന്റെ ശുശ്രൂഷക്കാരൻ ഒരു അല്പകാൎയ്യം നിമിത്തം കോപിച്ചു വിചാരണ കമ്മിട്ടിയെ വിളിച്ചു കൂട്ടി ശിഷ്യന്മാരെ തള്ളിക്കളകയും തക്കർ സായ്പിനെ പോലെ ഓരാളെ കാണായ്കയാലും ഒന്നാം ഗുരു ചെയ്തുവരുന്നതു കണ്ടപ്പോൾ ഇവിടെ ശരിയാകയില്ല എന്നു വെച്ചു ഞാൻ ഒരു കത്തു എഴുതി ആ സായ്പിന്നു കൊടുത്തു തക്കർ സായ്പു വന്നാൽ എനിക്കും വരാം എന്നു നിശ്ചയിച്ചു കൊച്ചിക്കു മടങ്ങിപ്പോകുവാൻ പുറപ്പെടുകയും ചെയ്തു.

(ശേഷം പിന്നാലെ.)

SAPORES THE JEWELER.

രത്നവ്യാപാരിയായ ശാപുർ.*

രുസ്സചക്രവൎത്തികൾക്കുടയ അനേകം വിലയേറിയ രത്നങ്ങൾ മൊസ്ക്കൊ[1] നഗരത്തിലുള്ള കോയ്മയുടെ ഭണ്ഡാരശാലയിൽ ഉണ്ടു. അവററിൽ വെച്ചു രണ്ടു രത്നങ്ങൾ ഏററവും വിശേഷമുള്ളവ തന്നെ. പ്രാവിന്മുട്ടയോളം വലിപ്പവും പനിനീർപുഷ്പവടിവിൽ കൊത്തപ്പെട്ടതുമായ ഒരു കല്ലിന്നു രുസ്സർ "ഒല്ലൊഫ്"[2] എന്നു വിളിച്ചിരിക്കുന്നു; മറേറതു അലങ്കാരമില്ലാത്ത ത്രിഭുജ കണ്ണാടിക്കൊത്ത വടിവും ഒരു ചെറുവിരലോളം വണ്ണവും നീളവും ഉള്ളതായിരിക്കുന്നു, അതിന്നു "ഷാ" എന്നു പേർ. ഇവ പൂൎവ്വത്തിൽ സെല്യൂക്യരുടെ സൊത്തായിരുന്നു.

പിന്നെ നാദിഷാ രാജാവിന്റെ സിംഹാസനത്തിൽ സമുദ്രാദിത്യൻ എന്നും പൎവ്വതമതി എന്നും പേരുള്ള രണ്ടു വിശേഷ കല്ലുകൾ അലങ്കാരത്തിന്നായിട്ടു പതിച്ചിരുന്നു. എന്നാൽ ആ രാജാവിന്റെ പടയാളികൾ അവനെ ചതികുല ചെയ്തു ഭണ്ഡാരശാല മുതലായവററെ കൊള്ളയിട്ടപ്പോൾ മേല്പറഞ്ഞ[3] രത്നങ്ങളെയും കവൎന്നു കൈക്കലാക്കി. ആ സമയം ശാപുർ എന്ന പേരുള്ള ഒരു അൎമ്മിന്യനും അവന്റെ രണ്ടു അനുജന്മാ

---

* ശാപുർ, സാബുർ എന്ന പാൎസ്സിപേർ വിലാത്തിഭാഷകളിൽ സപോരെസ് (Sapores) എന്നു മാറിവന്നു. 1) Moscow. 2) Orloff. 3) ക്രി. ആ. 1747

രും ബസ്സൊറ പട്ടണത്തിൽ വസിച്ചിരുന്നു. ഒരു ദിവസം അഫ്ഘാനസ്ഥാന ദേശവാസിയായ ഒരുവൻ ശാപുരിന്റെ അടുക്കൽ ചില രത്നക്കല്ലുകളെ കൊണ്ടുവന്നു കാണിച്ചു അല്പവിലെക്ക എടുത്തുകൊള്ളാം എന്നു പറഞ്ഞു ആ രത്നങ്ങളിൽ മേല്പറഞ്ഞ പൎവ്വതമതി എന്ന കല്ലും ഒരു പച്ചക്കല്ലും പത്മരാഗവും അള്ളാവിൻ കൺ എന്നു പാൎസ്സികൾ ചൊല്ലുന്ന ഒരു വിശേഷമായ നീലക്കല്ലും മററും ചില വിലയേറിയ രത്നങ്ങളും ഉണ്ടായിരുന്നു. ഇങ്ങിനെ വിലയേറിയ കല്ലുകൾക്ക ഇപ്രകാരം കുറഞ്ഞ വില പറയുന്നതിനാൽ ഇവൻ അവററെ കട്ടതായിരിക്കേണം എന്നു ശാപുർ സംശയിച്ചു, അവനോടു: മറെറാരു ദിവസം വരിക, തല്ക്കാലം എന്റെ കൈക്കൽ പണം ഇല്ല നീ വരുന്നതിന്നിടയിൽ ഞാൻ പണം ഒരുക്കി വെക്കാം എന്നും പറഞ്ഞു അവനെ വിട്ടയച്ചു. എന്നാൽ രത്നങ്ങളെ കൊണ്ടുവന്നവൻ ശാപുർ പക്ഷേ തനിക്ക ചതി പിണെക്കും എന്നു വിചാരിച്ചു ഭയപ്പെട്ടു ആ ദിക്കിൽ താമസിക്കാതെ കഴിയുന്നിടത്തോളം വേഗത്തിൽ മറെറാരു സ്ഥലത്തിലേക്ക പോയ്ക്കളഞ്ഞു. പിന്നെ ശാപുരും അനുജന്മാരും അവനെ എങ്ങും അന്വേഷിച്ചിട്ടും കണ്ടില്ല. ഇങ്ങിനെ ചില കൊല്ലങ്ങൾ കഴിഞ്ഞതിൽ പിന്നേ ശാപുർ പെട്ടന്നു ആ മനുഷ്യനെ ബഗ്ദാദ് നഗരത്തിൽ എതിരേററു, നീ രത്നങ്ങളെ എന്തുചെയ്തു എന്നു ചോദിച്ചപ്പോൾ അവൻ, ഞാൻ ഇപ്പോൾ തന്നെ അവററെ 37,500 ഉറുപ്പികക്കും വിലയുള്ള രണ്ടു കുതിരകൾക്കും ഒരു യഹൂദന്നു വിററിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ ശാപുർ ആ യഹൂദന്റെ അടുക്കൽ ചെന്നു നീ ആ മനുഷ്യന്നു കൊടുത്ത വിലയിലും ഇരട്ടി വില ഞാൻ തരാം എനിക്ക ആ രത്നങ്ങളെ തരിക എന്നു ചോദിച്ചതിന്നു യഹൂദൻ: ഞാൻ കൊടുക്കയില്ല എന്നു തീൎച്ച പറഞ്ഞു. അപ്പോൾ ഇവനെ കൊന്നാൽ മാത്രം ആ വസ്തു നമ്മുടെ കൈവശമായ്വരും എന്നു ആ മൂന്നു സഹോദരന്മാർ തങ്ങളിൽ ആലോചിച്ചു യഹൂദന്റെ പ്രാണനെ എടുത്തതല്ലാതെ പിറേറനാൾ ആ അഫ്ഘാനനെയും കൊന്നു ഇരുവരുടെ ശവങ്ങളെ പുഴയിൽ ചാടിക്കളഞ്ഞു. ചിലദിവസം കഴിഞ്ഞ ശേഷം അവർ അപഹരിച്ച വസ്തുക്കളെ അംശിക്കുമ്പോൾ ആ സഹോദരന്മാർ തങ്ങളിൽ തന്നെ പിണങ്ങി അണ്ണനായ ശാപുർ മറേറ രണ്ടു തമ്പിമാരെ കുത്തികൊന്നു സകല വസ്തുക്കളെയും എടുത്തുകൊണ്ടു കൊൻസ്തന്തീന (ഇസ്തംബൂൽ) പുരിയിലേക്ക പോയി അവിടെനിന്നു ഹൊല്ലന്ത് രാജ്യത്തിലേക്ക ചെന്നു തന്റെ കയ്യിൽ വിലയേറിയ രത്നങ്ങൾ വില്പാൻ ഉണ്ടെന്നു യുരോപയിലുള്ള കോവിലകങ്ങളിലേക്ക വൎത്തമാനം അയച്ചു. രണ്ടാം കത്തരീന എന്ന രുസ്സചക്രവൎത്തിനി പൎവ്വതമതി എന്ന രത്നത്തെ താൻ വാങ്ങികൊള്ളാം എന്നു മറുപടി അയച്ചതുമല്ലാതെ അതിനെ രുസ്സനാട്ടിലേക്ക കൊണ്ടുവരേണം എന്നും കല്പിച്ചു.



ശാപുർ കല്പനപ്രകാരം ചെന്നപ്പോൾ കോവിലകഭണ്ഡാരവിചാരകൻ ആയതിനെ പരിശോധിച്ച അതു ഉത്തമ രത്നമെന്നു കണ്ടു വില ചോദിച്ചപ്പോൾ, ശാപുർ അതിന്നു പകരമായി തനിക്കു പ്രഭുസ്ഥാനവും 650,000 ഉറുപ്പികയും പത്തു വൎഷങ്ങൾക്കുള്ളിൽ കൊടുക്കേണമെന്നും തനിക്കു മരണംവരെ കൊല്ലന്തോറും 15,000 ഉറുപ്പിക ഉപകാരശമ്പളം[1] കിട്ടേണം എന്നും ഉള്ള വില പറഞ്ഞു. എന്നാൽ ആ സമയം രുസ്സമന്ത്രിപുംഗവനായിരുന്ന പാനീൻപ്രഭു രത്നങ്ങളെ വാങ്ങാതെ അവനെ നാടു കടത്തി കടത്തിൽ ഉൾപ്പെടുത്തി കടം ഉടനെ തീൎപ്പാൻ റൊക്കം മുതൽ അവന്റെ കൈക്കൽ ഇല്ല എന്നു കണ്ടു അവനോടു താൻ ചെയ്ത കരാറിനെ മാററി. ആ ദേശത്തിൽ ഒരു കടക്കാരൻ താൻ പെട്ട കടത്തിന്നു നിവൃത്തി വരുത്താതെ രാജ്യത്തെ വിട്ടു പോയിക്കൂടാ എന്ന ചട്ടം ഉണ്ടാക കൊണ്ടു പണത്തിന്നായി അവനെ മുട്ടിച്ചു. അതിന്നു ശാപുർ മുമ്പെയുള്ള സമ്മതപ്രകാരം രത്നങ്ങളെ എടുത്തു മുതൽ തരേണമെന്നു ചോദിച്ചപ്പോൾ പാനീൻപ്രഭു അവ അത്ര വിലെക്കു ഇല്ല നാലിൽ ഓരംശത്തിന്നേ പോരും അതിന്നു മനസ്സുണ്ടെങ്കിൽ തരിക എന്നു പറഞ്ഞു. പ്രഭു തന്നെ ചതിച്ചപ്രകാരം ശാപുർ കണ്ടു താൻ കൊണ്ടുവന്നിരുന്ന വേറെ ചില രത്നങ്ങളെ ഉടനെ കിട്ടിയ വിലെക്കു വിററു കടമെല്ലാം തീൎത്തു രാജ്യത്തെ വിട്ടുപോകയും ചെയ്തു. മന്ത്രിപ്രവരൻ തന്റെ കൌശലം പററിയില്ല എന്നു കണ്ടു വേറെ ചിലർ മൂലമായി ചോദിപ്പിച്ചിട്ടും ശാപുർ കൊടുപ്പാൻ മനസ്സില്ലാതെ പോയിക്കളഞ്ഞു. പത്തു കൊല്ലം കഴിഞ്ഞതിൽ പിന്നെ പാനീൻപ്രഭു അസ്ത്രഖാനിൽ വന്നിരുന്നപ്പോൾ ശാപുരിനെ കണ്ടു വീണ്ടും രത്നങ്ങളെ വിലെക്കു ചോദിച്ചു അതിന്നു ശാപുർ ഇവിടെ വെച്ചു ഞാൻ അതിനെ കുറിച്ചു ഒന്നും നിശ്ചയിക്കയില്ല സ്മൎന്നയിൽ[2] വെച്ചു നാം തമ്മിൽ അതിനെ തൊട്ടു സംസാരിച്ചു, കാൎയ്യത്തിന്നു തീൎപ്പു വരുത്താം എന്നു ചൊല്ലിയപ്രകാരം മേല്പറഞ്ഞ സ്ഥലത്തിൽ വെച്ചു കരാറിനെ വീണ്ടും പുതുക്കി ഉറപ്പിച്ചു, കത്തരീന ചക്രവൎത്തിനി ശാപുരിന്നു പ്രഭുസ്ഥാനവും 900,000 ഉറുപ്പികയും 250,000 ഉറുപ്പികയുടെ ഹുണ്ടികയും

1) Pension. 2) Smyrna.

കൊടുത്തു ആ രത്നങ്ങളെ വാങ്ങി. ശാപുർ എന്നവൻ രത്നക്കാർ ഇരുവരെയും സ്വന്ത അനുജന്മാരെയും അന്യായമായി കൊന്നതിനാൽ താൻ സ്വനാട്ടിലേക്കു പോകുവാൻ ഭയപ്പെട്ടു അസ്രൂഖാനിൽ തന്നെ തന്റെ ജാതിക്കാരത്തി അല്ലാത്ത ഒരു പെണ്ണിനെ കെട്ടി കുടിയിരുന്നു. അവിടെ അവന്നു ഏഴു പുത്രിമാർ ജനിച്ചു. ശേഷം മരുമക്കളിൽ ഒരുവൻ അമ്മായപ്പന്റെ സൎവ്വ ആസ്തിയെയും കൈക്കലാക്കുവാൻ വിചാരിച്ചു വിഷം കൊടുത്തു ശാപുരിനെ കൊല്ലുകയും ചെയ്തു. അന്നു അവന്നു ഉണ്ടായിരുന്ന 20,00,000 ഉറുപ്പിക വിലയുള്ള സൊത്തുക്കളെ എല്ലാം അവന്റെ മക്കൾ അംശിച്ചു എടുത്തശേഷം ആ മുതൽ എല്ലാം ക്ഷണത്തിൽ അവരിൽനിന്നു പറന്നു പോയി. ഇപ്പോഴും അവന്റെ പേരമക്കൾ ദരിദ്രന്മാരായി അസ്രൂഖാനിൽ പാൎത്തുവരുന്നു പോൽ.

"ദുഷ്ടതയാലുള്ള നിക്ഷേപങ്ങൾ ഉപകരിക്കുന്നില്ല — നീതിയോ മരണത്തിൽനിന്നു ഉദ്ധരിക്കുന്നു." (സുഭാ. ൧൧, ൪.)

"വാനത്തേക്കു പറക്കും കഴുകുപോലെ സമ്പത്തു തനിക്കു ചിറകുകളെ ഉണ്ടാക്കും നിശ്ചയം." (സുഭാ. ൨൩, ൫.)

"ധനം വേണമെന്നുള്ളവരോ പരീക്ഷയിലും കണ്ണിയിലും മനുഷ്യരെ സംഹാരനാശങ്ങളിൽ മുക്കിക്കളയുന്ന പല നിസ്സാര ദുൎമ്മോഹങ്ങളിലും വീഴുന്നു. ദ്രവ്യാഗ്രഹം സകല ദോഷത്തിന്നും മൂലമായിരിക്കുന്നുവല്ലോ." (൧ തിമോത്ഥ്യൻ ൬, ൯. ൧൦.)

* * *

മേലേത്ത ചിത്രം വിലയേറിയ കല്ലു പതിച്ചു ബഹു വിശേഷമായ ഓരാഭരണത്തെയും അതിലുള്ള കല്ലുകളുടെ കോണിപ്പു ചാണപ്പണി മുതലായതിനെയും കാണിക്കുന്നു.

THE BOSPHORUS.

ബൊസ്ഫൊരുസ് അല്ലായ്കിൽ ഇസ്തംബൂൽ ബൊഘാസി (ഇസ്തംബൂൽ കൈവഴി).*

കരിങ്കടലിനെയും മദ്ധ്യതരന്യാഴിയെയും ഒരു കൈവഴി തമ്മിൽ ഇണക്കുന്നു. അതു ഇരുപുറത്തു തീൻ കുഴൽ കൂടിയ കോഴിക്കുക്കിന്റെ രൂപത്തിൽ ആകുന്നു എന്നു പറയാം. മദ്ധ്യതരന്യാഴിയിൽനിന്നു ദൎദ്ദനെല്ല എന്ന ഇടുക്കുള്ള കൈവഴിയിൽകൂടി മൎമ്മരക്കടലിലേക്കു പ്രവേശിച്ചു അതി

---

*ഗ്രാക്കിയ ബൊസ്ഫൊരുസ് എന്നുമുണ്ടു. ബൊസ്ഫൊരുസ് എന്നതിന്നു പശുക്കടവു എന്നൎത്ഥം. ദ്യൂപിതർ എന്ന യവന ശ്രേഷ്ഠ ദേവന്നു പാണിഗ്രഹം ചെയ്ത ഹിവാ (യൂനോ) എന്ന ദേവിയെ കൂടാതെ ഇയ്യോ (യോ) എന്നൊരു ചുററക്കാരത്തി ഉണ്ടായിരുന്നു. ഹിവാ ചുററം പിടിച്ചതറിഞ്ഞു വൈരാഗ്യം പൂണ്ടപ്പോൾ ദ്യൂപിതർ ഇയ്യോവെ രക്ഷിക്കേണ്ടതിന്നു പശുവായി മാററിയശേഷം ആയതു ഈ കൈവഴിയെ കടന്നു നീന്തിയതു. ഇതാകുന്നു ആ പേരിന്റെ ഉല്പത്തി.

ൻെറ വടക്ക കിഴക്കേ തലക്കൽ കിടക്കുന്ന ഇസ്തംബൂലിൽ എത്തിയശേഷം അവിടെനിന്നു ഇടുക്കുള്ള ബൊസ്പൊരുസ് എന്ന കൈവഴിയൂടെ കരിങ്കടലിലേക്ക ചെല്ലാം. ഈ നീണ്ട കൈവഴി യുരോപ ആസ്യ എന്നീ വൻഖണ്ഡങ്ങളെ തമ്മിൽ വേൎപ്പെടുത്തുന്നു. മൎമ്മരക്കടലിൽ തെക്ക പടിഞ്ഞാറു വായും വടക്ക കിഴക്കോട്ടു മുഖവുമുള്ള ബൊസ്ഫൊരുസ് എന്ന കൈവഴിക്ക 16—17 നാഴിക നീളവും 3840′—6400′ അകലവും[1] 30 മാർ ആഴവും ഉണ്ടു. കരിങ്കടലിൽനിന്നു മൎമ്മരക്കടലിലേക്ക ഏകദേശം സംവത്സരം മുഴുവനും വലു പെരുത്തു ഇഴപ്പുള്ളതിനാലും കൈവഴിയുടെ വടക്കുള്ള വായി കുടുങ്ങിയതിനാലും കാററു മാറി മാറി അടിക്കുന്നതിനാലും കന്നി തൊട്ടു മീനത്തോളം കൂടക്കൂടെ കുളമ്പുക[2] എഴുന്നു വരുന്നതിനാലും കപ്പലോട്ടത്തിന്നു ബഹു പ്രയാസമുണ്ടെങ്കിലും ഏറിയ ഉരുക്കൾ ആ വഴിക്ക ചെല്ലുന്നു. ബൊസ്ഫൊരുസ് കൈവഴിയുടെ ഇരുകരയിലേ കാഴ്ച എത്രയും വിചിത്രവും മനോഹരവുമുള്ളതു. ഇടവലങ്ങളിൽ നീണ്ടു കിടന്നു ഏകദേശം 1500′ഓളം ഉയരുന്ന മലകളുടെ ഭംഗിയുള്ള ചേലും

1) 5280′ ഒരു അംഗ്ലനാഴിക (ഇംഗ്ലീഷു മൈൽ).

2) ഊമ്പൻ പുക എന്നും ഉണ്ടു. ആയതു പെട്ടന്നു പൊങ്ങി വരുന്ന മറവു മഞ്ഞു; കേരളോപകാരി V, 105 നോക്കുക.

അവിടവിടേയുള്ള കടുന്തുക്കവും ചരുവും പള്ള കോടി താഴ്വരവായി മേട്ട
കുന്നുകളിൽ കുപ്രവൃക്ഷം[1] വാക[2] മുതലായ മരങ്ങളുടെ തോപ്പുകളും ഇട
ക്കിടേ കൊട്ടാരക്കോട്ടകളും ഇടിവിടങ്ങളും കോവിലകങ്ങളും വെണ്മാടങ്ങ
ളും തറ ഗ്രാമങ്ങളും പൂങ്കാവുകളും തോട്ടങ്ങളും ഉദ്യാനങ്ങളും മാറി മാറി
കണ്ണിൽ പെടുന്നു. യാത്രക്കാർ കൈവഴിയുടെ തെക്കേ വായിൽനിന്നു പു
റപ്പെട്ടാൽ ഇടത്തു ഇസ്തംബൂലും പേരയും വലത്തു സ്കുതാരിയും, മുന്നോ
ട്ടു ചെല്ലുമളവിൽ ദൊല്മബാഗ്ജേ, ബെഷിക്തഷ് എന്ന തിളക്കം തിര
ണ്ട വിനോദക്കൊട്ടാരങ്ങളും[3] ചിരംഘാൻ സെറായി എന്ന സുല്ത്താന്റെ
സ്ഥിരവാസാഗാരവും പിന്നെ കൈവഴിയുടെ മദ്ധ്യേ റുമേലിഹിസ്സാർ യു
രോപക്കരയിലും അനദോലിഹിസ്സാർ ആസ്യാതീരത്തിലും എന്നീ രണ്ടു
കൊട്ടാരക്കോട്ടകളും കാണാം. അവറ്റെ പണിയിച്ച രണ്ടാം മുഹമ്മദ്[4]
യുദ്ധബദ്ധന്മാരെയും കോയ്മമുഷിച്ചല്ലോരെയും അതിൽ പാർപ്പിച്ചതി
നാൽ അവറ്റെ കൊണ്ടു നീളേ ശ്രുതി പരത്തിയിരിക്കുന്നു. കരിങ്കടലോ
ടു ചേർന്ന വായ്ക്കൽ ജെനോവക്കാർ[5] എടുപ്പിച്ച ചിറുകോട്ടകളും ദീപ
സ്തംഭങ്ങളും കരയെ രക്ഷിക്കുന്ന കാളന്തോക്കിട്ടുകളും[6] ഉണ്ടു. അവററിന്നു
റുമേലിഫേനർ എന്നും അനദോലിഫേനർ എന്നും പേർ.[7] റുമേലിഫേ
നരിന്റെ മുമ്പിൽ കടൽ അലെച്ചു വരുന്ന പാറകൾ പൊന്തിനില്ക്കുന്നു.[8]
ആ സ്ഥലത്തു ദാർയ്യൻ തന്റെ (ഏറാള) എണ്ണമേറിയ മഹാസൈന്യ
ത്തെ[9] ആസ്യയിൽനിന്നു ശകന്മാർക്കും യവനർക്കും എതിരേ കടത്തി നട
ത്തിയതു കൂടാതെ 1352ആമതിൽ വെനേത്യ കച്ചവടക്കാരും ജെനോവ ക
ച്ചവടക്കാരും വലിയ കടൽപട വെട്ടിയതു കരിങ്കടലിൽ ഉള്ള കച്ചവടം
ആരുടെ കയ്യിൽ വരേണ്ടു എന്നു ഉരസി നോക്കുവാൻ അത്രേ. ബൊസ്
ഫൊരുസ് കൈവഴി മുഴുവനും റൂമിസുല്ത്താന്റെ അധീനത്തിൽ ഇരിക്കുന്നു.[10]

---

1) കുപ്രദ്വീപിൽനിന്നു കൊണ്ടുവന്ന ഈ വൃക്ഷത്തിന്നു Cypress എന്നു ഇട്ടതുകൊണ്ടു കുപ്ര വൃക്ഷം എന്നിരിക്ക. തമിഴർ പുങ്കമരം എന്നും തിശ് എന്നും ഫാസ്സർ സരോമരം എന്നും പറയുന്നു.

2) Laurel, bay-tree തപ്ച് മരം എന്നു സംസ്കൃതത്തിൽ ഉണ്ടു.

3) Country seat.

4) 15ആം നൂററാണ്ടിൽ ജീവിച്ചു (1453-80 എന്നീ കൊല്ലങ്ങൾക്കിടേ പണിയിച്ചു).

5) Genovese.

6) Battery. ഇട്ടു എന്നതു വടക്കേ മലയാളത്തിൽ അൎദ്ധചന്ദ്രാകാരത്തിൽ ഉള്ള മൺതിട്ട.

7) വിലാത്തിക്കാർ അനതോല്യ എന്നു പറയുന്നതിന്നു തുൎക്കർ അനദോലി എന്നു പറഞ്ഞു ആ പേരിനെ ഏകദേശം ചിററാസ്യക്കു മുഴുവനും കൊള്ളിക്കുന്നു.

8) അവററിന്നു പൂൎവ്വന്മാർ കിറനേയ (kyranæa) എന്നു വിളിച്ചിരുന്നു.

9) Darius ക്രി. മു. 522ഇൽ പിന്നേ.

10) Meyer's Conv. Lex. III. 1874.

A MEDITATION.
2. വേദധ്യാനം.

യഹോവേ നിന്റെ വഴിയെ എനിക്ക ഉപദേശിക്ക. ഞാൻ നിന്റെ സത്യത്തിൽ നടക്കും. നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഒന്നിപ്പിക്കേണമേ. സങ്കീൎത്തനം ൮൬, ൧൧.

ചതിക്കുന്നവരായ വഴികാട്ടികൾ ലോകത്തിൽ പലർ ഉണ്ടു. അവർ ഓരോരുവർ താന്താങ്ങളുടെ വഴിയെ പ്രശംസിച്ചു അതിൽകൂടി നടപ്പാൻ ലോകരെ ക്ഷണിക്കുന്നു. ഈ വഞ്ചനക്കാരിൽ സാത്താൻ മിടുക്കൻ തന്നെ. ആയവൻ: എന്റെ വഴിയുടെ വിസ്താരത്തെയും മനോഹരത്തെയും കാ ങ്കെ. ഇതാ എത്ര പേർ അതിൽ കുടിച്ചും കളിച്ചും അഹങ്കരിച്ചും നടക്കു ന്നു നീയും ചേൎന്നു കൂടുക എന്നു വിളിക്കുന്നു. മാനുഷഹൃദയത്തിന്റെ ഊ ഹത്തിന്നും ഇഷ്ടത്തിന്നും പറ്റിയ ഈ സ്വന്തവഴി എല്ലാററിൽ നന്മയും മനോഹരവുമുള്ള മാൎഗ്ഗം ആകുന്നു എന്നു ചൊല്ലിക്കൊണ്ടു മൎത്ത്യന്മാർ ഗ ൎവ്വിക്കുന്നു. ദൈവഭക്തന്നോ ഇതു പോരാ; എന്റെ വഴികാട്ടി ദൈവം ത ന്നെ ആകുന്നു എന്നും അവന്റെ ഇഷ്ടം എനിക്കു പ്രമാണനൂലായിരി ക്കേണം എന്നും അത്രേ അവന്റെ തീൎച്ച. ഈ സ്വൎഗ്ഗീയ വഴികാട്ടിയായ പിതാവു നമ്മെ തന്റെ പുത്രനായ ക്രിസ്തു യേശുവിങ്കലേക്കു നടത്തുന്നു. താൻ അവനെകൊണ്ടു: ഇവൻ ഞാൻ ഇഷ്ടപ്പെടുന്ന എന്റെ പുത്രനാ കുന്നു ഇവനെ കേൾപ്പിൻ എന്നു നമ്മോടു കല്പിച്ചിരിക്കുന്നു. കൎത്താവാ കട്ടേ: ഞാൻ തന്നെ വഴിയും ജീവനും സത്യവും ആകുന്നു എന്റെ അടു ക്കൽ വരുവിൻ, വരുന്നവനെ ഞാൻ ഇടയൻ ആടുകളെ എന്നപോലെ നടത്തുകയും നിത്യജീവന്റെ അംശക്കാരനാക്കുകയും ചെയ്യും എന്നു ഏ വരോടരുളിയതുകൊണ്ടു അവന്റെ സംസൎഗ്ഗത്തിൽ ജീവനും അവനെ പിരിഞ്ഞിരിക്കുന്നതിൽ മരണവും മാത്രമേയുള്ളൂ. ജീവങ്കലേക്കുള്ള ഏക വഴിയായിരിക്കുന്ന ഈ യേശുവിനെ നാം താമസിയാതെയും സംശയിക്കാ തെയും അനുഗമിക്കേണമേ (പിഞ്ചെല്ലേണമേ). *J. M. F.*

THE MALAYALAM COUNTRY.
മലയാളരാജ്യം.

VIാം പുസ്തകം ഒന്നാം നമ്പർ ൧൨ാം പുറത്തു വെച്ചതിന്റെ തുടൎച്ച.
(*Registered Copyright.* — ഛാത്തു പതിപ്പുള്ള പകൎപ്പവകാശം).

c. ഭൂമി ഉരുണ്ടിരിക്കയാൽ മലയാളത്തിൽ എല്ലാ സ്ഥലങ്ങൾക്കു ഒരേ സമയത്തു ഉദയാസ്തമാനങ്ങളും ഉച്ചയും ഇല്ല; കിഴക്കോട്ടുള്ള ദിക്കുകൾക്കു പ ടിഞ്ഞാറേറയവററിൽ ഉദയാദികൾ മുമ്പേ നടക്കുന്നു.

ഒരേ നീളപ്പടിയിൽ കിടക്കുന്ന സ്ഥലങ്ങൾക്കു മാത്രം ഉദയാദികൾ സ മകാലത്തു ഉണ്ടാകുന്നുള്ളൂ. നീളപ്പടികളെ ഗ്രീനിച്ച് എന്ന ഇംഗ്ലാന്തി

ലേ നക്ഷത്രബിംബങ്ങളാവു തുടങ്ങി എണ്ണുന്നതുകൊണ്ടു നമുക്ക അവിടെനിന്നുള്ള കിഴക്കേ നീളപ്പടികൾ പ്രമാണം. താഴെയുള്ള പട്ടിക ചില മുഖ്യ മലയാള പട്ടണങ്ങളുടെ നില്പം അതിനാൽ ഉള്ള കാലഭേദവും തെളിയിക്കുന്നു — അതാവിതു:

സ്ഥലങ്ങൾ	ഗ്രീനിച്ചിൽനിന്നുള്ള കിഴക്കേ നീളപ്പടി	മണിക്കു രാവിലേ *			സമയഭേദം * †	
		°	′	″	′	″
മദ്രാശി	80° 21′	6				
തിരുവനന്തപുരം	77° 2′	5	46	44	13	16
പാലക്കാടു	76° 43′	5	45	48	14	32
കൊച്ചി	76° 18′	5	43	48	16	12
തൃശ്ശിവപേരൂർ	76° 16′	5	43	40	16	20
അങ്ങാടിപ്പുറം	76° 17′	5	43	44	16	16
മാനന്തുവട്ടി	76° 4′	5	42	52	17	8
പൊന്നാനി	75° 58′	5	42	28	17	32
കോഴിക്കോടു	75° 50′	5	41	56	18	4
തലശ്ശേരി	75° 33′	5	40	48	19	12
കണ്ണനൂർ	75° 26′	5	40	20	19	40
ചന്ദ്രഗിരി	75° 4′	5	38	52	21	8

360 നീളപ്പടികൾ ഉള്ള ഭൂമി ഒരു ദിവസത്തിൽ തന്നെ ചുററുകയാൽ 15 നീളപ്പടിക്കു ഒരു മണിക്കൂറും ഒരു നീളപ്പടിക്കു 4 (മിനിട്ടും) നിമിഷവും സമയം ചെല്ലുകയാൽ ഒരു പടിയുടെ നിമിഷത്തിന്നു 4 ദ്വിതീയങ്ങൾ (സിക്കണ്ടും) സമയം വേണം.‡ ഇങ്ങിനെ സൂൎയ്യന്റെ ഉദയാദികളെ കിഴക്കു നിന്നു എണ്ണിയാൽ ഓരോ നീളപ്പടിയിൽ 4 മിനിട്ടിന്നു മുമ്പോ പിമ്പോ കാണാം. മേല്പറഞ്ഞ പട്ടികയാൽ മലയാളസ്ഥലങ്ങൾക്കു തമ്മിലുള്ള ഭേദത്തേയും അറിയാം. ചെന്നപ്പട്ടണം മദ്രാശി സംസ്ഥാനത്തിന്റെ മൂലനഗരം ആകകൊണ്ടു നമ്മുടെ കോയ്മ എല്ലാ കച്ചേരികളിലും തീവണ്ടി ഓടിക്കുന്നതിന്നും മററും മദ്രാശിസമയം പ്രമാണമാക്കി കല്പിച്ചിരിക്കുന്നു.

d. ഒരു നാളിലുള്ള സമയഭേദങ്ങളെ പൊതുവിൽ പുലൎച്ച രാവിലേ ഉച്ച വൈകുന്നേരം മൈമ്പു രാത്രി പാതിരാ എന്നിങ്ങിനെ കുറിക്കുന്നതു കൂടാതെ, മനുഷ്യൻ സ്വന്ത നിഴലിനെ തന്റെ അടികൊണ്ടു അളക്കുന്ന അടിയളവും ചന്ദ്രനക്ഷത്രങ്ങളുടെ ഉദയവും പോക്കും കൊണ്ടു നേരത്തെ ഒ

* സൂൎയ്യൻ ചെന്നപ്പട്ടണത്തിൽ ൬ മണിക്കു രാവിലേ ഉദിച്ചാൽ അവിടെനിന്നു പടിഞ്ഞാറോട്ടു കിടക്കുന്ന ഓരോ സ്ഥലങ്ങളുടെ ഗണിതസമയത്തിന്റെ ഭേദവും സൂൎയ്യൻ അവിടവിടേ ഉദിക്കുവോളം ഉള്ള താമസവും അറിയാം.

† മേല്പറഞ്ഞ സമയഭേദങ്ങളെ കഴിയുന്നേടത്തോളം സൂക്ഷിച്ചു എടുത്തിരിക്കേ അല്പം വ്യത്യാസം ഉണ്ടു ർ: കണ്ണനൂൎക്കും മദ്രാശിക്കും തമ്മിലുള്ള തിട്ടമായ ഭേദം 19 നിമിഷവും 32 ദ്വിതീയങ്ങളും തന്നെ എന്നു കഴിഞ്ഞ പൂൎണ്ണചന്ദ്രഗ്രഹണത്തിൽ കണ്ടിരിക്കുന്നു. കോഴിക്കോട്ടിന്നു 17′ 52″ അതിസൂക്ഷ്മം.

‡ ഒരു പടിക്കു 60 നിമിഷം കല്പിച്ചു കിടക്കുന്നു.

രു വിധം അറിയുന്നെങ്കിലും മൂടൽ മഴകൾ ഉള്ള നാളുകളിൽ അതിന്നു കഴിവില്ലാതെ പോകും. പിന്നെ ഓരോ മൃഗങ്ങളുടെ കരച്ചലും ചില പൂക്കൾ വിടരുന്നതും കൂമ്പുന്നതും മററും നേരത്തെ അറിയിക്കുന്നു എങ്കിലും നാഴികവട്ടകൾ മാത്രം അതിനെ തിട്ടമായി കാണിക്കുന്നുള്ളു.

മലയാളികൾ മൂന്നും നാലും യാമങ്ങൾ (ചാമം) 30 നാഴികയുള്ള രാത്രിക്കു നിയമിച്ചു; അവററിന്നു മുൻ—, രണ്ടാം—, പാതിരാ—, നാലാം യാമം എന്നും പറയുന്നു. മൂവന്തി (മൂന്നുസന്ധി, മോന്തി) എന്നതു 7½ നാഴിക സൂൎയ്യൻ അസ്തമിക്കുന്നതിന്നു മുമ്പേയും പിമ്പേയും ഉള്ള സമയം.

മാപ്പിള്ളമാൎക്കു സുബ്ബെ (പുലച്ച), ദോർ (ലോഹർ, ഉച്ച), അസ്സർ (പതിററടി), മകരീവ് (മൈയാല, മയപ്പ), ഏശ (ഒന്നാം യാമം) എന്നീ നിസ്കാരസമയങ്ങൾ നാളിന്റെ വിഭാഗത്തിന്നു പ്രമാണം.

അടിയളവിന്റെ വിവരം 12 ഭാഗം നോക്കുക—. ഇതിന്നു അകലപ്പടി സമരേഖയിൽനിന്നു അകലുമളവിൽ ഏററക്കുറവു ഉണ്ടാകും.

൧. കൊററി, മാലമീൻ, പത്താംമീൻ, മകയിരം മുതലായ വാനമീനുകൾ നിലാവു എന്നിവററിന്റെ ഗതികൊണ്ടു മിക്ക നഗരക്കാർ ബുദ്ധിമുട്ടുന്നെങ്കിലും നാട്ടുപുറങ്ങളിൽ വിശേഷിച്ചു ഉരുക്കാൎക്കും ചെറുമൎക്കും മലവാഴികൾക്കും നല്ല നിശ്ചയം ഉണ്ടു.

൨. കോഴികൂവൽ, കാക്കക്കരച്ചൽ, ചെമ്പോത്തുകരച്ചൽ, വണ്ണാത്തിപ്പുൾ പാടൽ, മോന്തി—, പാതിരാ—, ഏഴര— പുലച്ചക്കുറുക്കൻ ഓരിയിടൽ, പല്ലിക്കരച്ചൽ മുതലായ മൃഗങ്ങളുടെ കരച്ചൽ ഏകദേശം നേരം ഒപ്പിച്ചു നടക്കുന്നു എന്നു പലൎക്കും അറിയാം—.

൩. സൂൎയ്യപ്പൂ, ചെഞ്ചീരാ, പൊട്ടിപ്പൂ (താരോരിപ്പൂ, പീച്ചിപ്പൂ), പതിററടിപ്പൂ, താമര, ആമ്പൽ തുടങ്ങിയ പൂക്കൾക്കു കൂമ്പി വിടരുന്നതിന്നു ഒരു കണക്കുണ്ടു.

൪. വെള്ളത്തിൽ ഇടുന്ന നാഴിക വട്ടകയും മണൽ കൊണ്ടു നിറെച്ച മുഹൂൎത്തത്തുടിയും സമയത്തെ അറിയിക്കുന്ന പൊതുവരുത്തു സാധനങ്ങൾ ആകുന്നു; എന്നാൽ യൂരോപാ അമേരിക്കാ എന്നീ ഖണ്ഡങ്ങളിൽനിന്നു കൊണ്ടുവരുന്ന പലവക ഗഡിയാലങ്ങൾ (ഘടികാരം)* എന്ന നാഴികവട്ടകൾ കൊണ്ടു മാത്രം സമയത്തെ രാപ്പകലിൽ തിട്ടമായി അറിഞ്ഞു കൂട്ടു.

(ശേഷം പിന്നാലെ.)

HOMAGE TO CHRIST. ക്രിസ്തുവന്ദന.

ഉദയരാഗത്തിന്റെ രീതി.

അനാദിയായ ദൈവസൂനുവായുടൻ മറിയയിൽ
ജനിച്ചു പാപമാനുഷൎക്കു മോചനത്തെ നല്കുവാൻ
അനാധിയായ നിന്റെ വാൎത്ത ചൊൽവതിന്നു നിൻ കൃപാ
മനക്കുരുന്നിൽ വാഴ്ക്കെനിക്കു ക്രിസ്തുയേശു പാഹിമാം.

ആദ്യജാതരാം നരൎക്കതേററ പാപകാരണാലഹൊ
ആധിപൂണ്ടു കൎമ്മഷാബ്ധി തന്നിൽ വീണുഴന്നിടും

---

* ഗഡിയാൾ എന്നും നാട്ടുപുറങ്ങളിൽ ഒല്ലോജിക എന്നും ഒല്ലാസ എന്നും ചൊല്ലി കേൾക്കുന്നു.

ബോധമററ മാനുഷക്കു പോതമാജ്ഞനിച്ച നീ
ബോധനാദി ചിന്ത നല്കെനിക്കു ക്രിസ്തു പാഹിമാം.

ഇങ്ങു ലോകരിൽ ജനിച്ചൊരാത്മ പാപമാമയം
നീങ്ങി യാത്ര ചെയ്യതിൻ തവാത്മ വേദമൌഷധം
തുംഗനായ യോഹനാനു നല്കി മുമ്പിൽ വിട്ടവ
നിങ്ങെലീശബയിലുത്ഭവിച്ച ക്രിസ്തു പാഹിമാം.

ഈശ്വരൻ പൂണ്ടൊരിസ്രയേല്യരോടുടൻ പ്രസംഗിച്ചു
നാശമററ സ്വർഗ്ഗരാജ്യമുണ്ടിതണ്ടടുത്തതി
ന്നാശയത്തിലുള്ള പാപമോചനാനുതാപത്തെ
പേശിയാതെ ചെയ്ക നിങ്ങളിന്നു ക്രിസ്തു പാഹിമാം.

ഉള്ളിലുള്ള ഭള്ളുഗർവ്വമൊക്കയങ്ങകററുവിൻ
എള്ളിലുള്ളൊരെണ്ണ പോലെയുള്ളവനെ നോക്കുവിൻ
ഉള്ളഴല്ച്ച തീരും സ്നാനമേററു കൊൾകിലേവരും
ഉള്ളകം പവിത്രമാക്കെനിക്കു ക്രിസ്തു പാഹിമാം.

ഊനമായ വിഗ്രഹത്തെ ദൈവമെന്നു ചിന്തയിൽ
കാമമേററു വന്ദനങ്ങൾ ചെയ്തിടുന്ന ലോകരെ
ആമയം വെടിഞ്ഞ നിൻ പ്രഭാചരിത്രപാശത്താൽ
പ്രേമമോടെ നിങ്കലേക്കു ചേൎക്ക ക്രിസ്തു പാഹിമാം.

എങ്ങുമില്ല നിത്യജീവ ഭോഗമാദി കിട്ടുവാൻ
അങ്ങു നിൻ കൃപയൊഴിഞ്ഞു ലേശമില്ല കാങ്കിലൊ
അങ്ങു നിൻ പിതാ നിനക്കു തന്നൊരത്ഭുതാഹ്രതാ
ഇങ്ങു ലോകപാപികൾക്കു രക്ഷ ക്രിസ്തു പാഹിമാം.

ഏറിയോരു പാപരോഗദുഃഖശാന്തി ലോകരിൽ
തേറിയോരു നിൻ കൃപയിലൊട്ടു നല്ക സൽപ്രഭോ
ഏറിയജ്ഞ ജാതി രക്ഷ ചെയ്ക നിൻ മനോരഥം
ക്രുദ്ധിടാതെയെന്നിൽ വന്നുദിക്ക ക്രിസ്തു പാഹിമാം.

ഐഹികത്തിലുള്ള ഭോഗ ചിന്തയില്ലയിക്കുമ്പോൾ
ദേഹദേഹികൾക്കു നാശമെന്തുമില്ല സംശയം
മോഹമോടെ ചിന്ത ചെയ്തു നിൻ വരം ലഭിപ്പവ
ൎക്കഹൊ പരത്തിൽ നിത്യജീവനുണ്ടു ക്രിസ്തു പാഹിമാം.

ഒട്ടുമററമില്ലയാതെ പാപവാരി രാശിയിൽ
കഷ്ടമേററനേകനാൾ കഴിഞ്ഞഹം ജഗൽപ്രഭോ
പെട്ടെന്നാശു നിൻ കരത്തെ നീട്ടിയെന്നെയുദ്ധരി
ച്ചിഷ്ടമോടെ നൽവരങ്ങളേക ക്രിസ്തു പാഹിമാം.

ഓൎക്കിൽ നീ മഹാജനങ്ങൾ തമ്മെ വീണ്ടെടുപ്പതിന്നാ
ക്കമററ ക്രൂശതിൽ പ്രവേശനായിലെങ്കിലൊ
ദുഃഖശാന്തി മാനുഷൎക്കുമിന്നുമെത്തുവാൻ പണി
മുഖ്യമാനവിഷ്ടപേശ യേശുക്രിസ്തു പാഹിമാം.

ഔഷധത്തെ സത്യവാണി ദാക്ഷജം രസം ഭുവി
ശോഷിയായ പാപരോഗി പാനമാകിലന്നുടൻ
ശോഷമററു ശേഷി പൂണ്ടു ദോഷഹീനനാഥനാ
മേശു തത്സവിഷ്ടപത്തിലാക്കു ക്രിസ്തു പാഹിമാം.

അൎക്കബാലബിംബദൎശനാൽ മുദം ധരിച്ചിടു
ന്നബ്ജജാലമെന്ന പോലെ ഭക്തരും തവേക്ഷണാൽ
ഹൃത്തതാകമെൻെറ പത്മശോഭനാൎത്ഥമെന്നിൽ
നിന്നൎക്കനാം ശുചാത്മ ശോഭനൽക ക്രിസ്തു പാഹിമാം.

P. Devadattan.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

അഫ്ഘാനസ്ഥാനം.— 1. കാബൂൽ സൈന്യം. ജനുവരി ൧൬- സേനാപതിയായ ശ്രീ ബ്രൌൻ എന്നവർ ജല്ലലാബാദിൽ വലിയ ഒരു കൂടാരത്തിൽ ഒരു ദൎബ്ബാറിനെ കഴിച്ചിരുന്നു. സേനാപതി ഇരിക്കയും ശേഷം യുരോപ ഭാരതക്കാരായ നായകന്മാർ നില്ക്കയും പുറത്തുള്ള അഫ്ഘാനർ കൂടാരത്തിൽ നടക്കുന്നതു കാണേണ്ടതിന്നു അതിൻെറ ഒരു ഭാഗം തുറന്നു ഇരിക്കേ ഓരോ സിൎദ്ദാരന്മാരും തലവന്മാരും ഓരോരുവനായി പ്രവേശിച്ചു വണങ്ങി ഉറുമാലിൽ കെട്ടിയ ഉറുപ്പിക നസരായി (nussur) സേനാപതിക്കു കാഴ്ചയായി കാണിച്ചു. അവർ അതിനെതൊട്ടു പ്രതിവന്ദന ചെയ്തശേഷം മേജർ കവഞ്ഞാരി സേനാപതിയുടെ കല്പനയാൽ ഏകദേശം 36 ശ്രേഷ്ഠന്മാൎക്കു ഇംഗ്ലിഷിലും ഫാൎസ്സിഭാഷാന്തരത്തിലും ഒരു ആലാപപത്രികയെ (address) വായിച്ചു കേൾപ്പിച്ചു. അതിൻെറ സാരാംശം എന്തെന്നാൽ: അംഗ്ലക്കോയ്മ അമീരായ ശേർ ആലിഖാന്നു മുമ്പേ ഏഴംശമായ അഫ്ഘാനസ്ഥാനം ഓരേ ചെങ്കോലിനെ അനുസരിപ്പാൻ തക്കവണ്ണം സഹായിച്ചിരിക്കേ ആയവൻ രണ്ടു കൊല്ലമായി അവരോടു മുഷിച്ചൽ ഭാവിച്ചു അതൃത്തിയിലുള്ള മലവാസികളെകൊണ്ടു പഞ്ചനദത്തെ ആക്രമിച്ചു ദീൻ നടത്തുവാൻ ശ്രമിച്ചു എന്നും ആയതു മക്കാവിലെ ഉലേമമാർ വിരോധിച്ചു എന്നും ഭാരതരായ അംഗ്ലപ്രജകളിൽ തനിക്കു സംശയം ഉള്ളവരെ അമീർ കൊല്ലുകയും അംഗഛേദം വരുത്തുകയും തടവിൽ ആക്കുകയും ഒട്ടവിൽ അംഗ്ലദൂതന്മാരെ കൈക്കൊള്ളാതെ ഇരിക്കയും ചെയ്തു എന്നും, ഈ ഓരോ വിരോധങ്ങൾ നിമിത്തം അംഗ്ലക്കോയ്മ അമീരിനോടും തനിക്കുവേണ്ടി ആയുധം എടുക്കുന്നവരോടും പോരാടുവാൻ കല്പിച്ചുള്ളു എന്നും, അംഗ്ലസൈന്യങ്ങൾ ആരേയും ഉപദ്രവിക്കുന്നില്ല എന്നും മേൽക്കോയ്മ നീതിഞായങ്ങളെ നടത്തുവാൻ കാംക്ഷിക്കുന്നു എന്നും അത്രേ അതിൻെറ പൊരുളടക്കം. അതിന്നു ബെസൂതിലെ സിൎദ്ദാരായ അബ്ദുൽഖാലിക്ഖാൻ എല്ലാവരുടെ പേരിൽ പറഞ്ഞതാവിതു: ഇത്രോടം ഏഴയും കോഴയുംകൊണ്ടു ഏററവും പരിതാപനിലക്കാരായ ഞങ്ങൾക്കു അംഗ്ലക്കോയ്മയാൽ നിഷ്പക്ഷമായ നീതിയും ആദരവും മതസ്വാതന്ത്ര്യവും മാനരക്ഷയും ഉണ്ടാകുമാറും എന്നു പ്രതീക്ഷിച്ചുകൊണ്ടു ആ കോയ്മ അഫ്ഘാനസ്ഥാനത്തെ മേൽവിചാരണ ചെയ്യുന്നതിനെച്ചൊല്ലി ഞങ്ങൾ നന്നി പറഞ്ഞു സന്തോഷിക്കയും അംഗ്ലക്കോയ്മയോടു ഞങ്ങളുടെ വിധേയതയെ ഉണൎത്തുകയും ചെയ്യുന്നു എന്നത്രേ.

പേഷാവരിലേക്കു ചെല്ലുന്ന ബജാർ എന്ന താഴ്വരയിലേ അഫ്രീദിഗോത്രക്കാർ പലവിധം അലമ്പൽ കൊടുത്തതുകൊണ്ടു മാദ് (Maude) സേനാപതി രണ്ടുവഴിയായി പടകളെ അയച്ചു വിരോധികൾക്കു തോല്വയും ശിക്ഷയും നടത്തിയശേഷം അവർ വഴിപ്പെട്ടു. (ഫിബ്രുവരി ൫ നു-).

2. ഖോസ്ത് താഴ്വരയിലെ സൈന്യം. സേനാപതിയായ രോബൎത്സിൻെറ കുതിരപ്പട ഖോസ്ത് താഴ്വരയുടെ തെക്കും പടിഞ്ഞാറും കിടക്കുന്ന തറവീഥികളെ ചെന്നു കണ്ടു അതിലെ നിവാസികൾ തങ്ങളെക്കൊണ്ടു ഇനി അലമ്പൽ ഉണ്ടാകയില്ല എന്നു ഉപചാരത്തോടു വാഗ്ദത്തം ചെയ്തിരിക്കുന്നു. രോബൎത്സ് പടനായകൻ ഖോസ്തിൽനിന്നു ബന്നുവിലേക്കു ഭാനുലേഖനസമാചാരങ്ങളെ (heliographic communication) എത്തിക്കയും അവിടെനിന്നു കമ്പിവഴിയായി വൎത്തമാനത്തെ കാലികാതയിലേക്കു എത്തിക്കയും ചെയ്തിരിക്കുന്നു.

ജനുവരി ൨൬- മങ്ങാൽ ഗോത്രത്തിൻെറ തലവന്മാരും ശ്രേഷ്ഠന്മാരും പടനായകനായ രോബൎത്സ് എന്നവൎക്കു വന്ദനം ചൊൽവാൻ വന്നപ്പോൾ സേനാപതി അവരെ സ്നേഹത്തോടു കൈക്കൊണ്ടു സന്തോഷിപ്പിച്ചയച്ചു. ആമീർശേർ ആലിയുടെ സഹോദരനായ സിൎദ്ദാർ വാലിമുഹമ്മദ് എന്നവൻ രോബൎത്സ് പടനായകനോടു തനിക്കു അഭയസ്ഥലം കൊടുപ്പാൻ അപേക്ഷിച്ചു. ഘില്ജേക്കാർ മുതലായ ഗോത്രങ്ങളുടെ സിൎദ്ദാരന്മാർ അവൻെറ കൂട ചെല്ലും.

3. കന്ദഹാർ. കന്ദഹാരിലേ ആയുധശാലയിൽ അനവധി ആയുധങ്ങളും വെടിക്കോപ്പുകളും അല്ലാതെ അമീർ ശേഖരിച്ച 30,000 മന്ന് ധാന്യവും കിട്ടിയിരിക്കുന്നു. ജനുവരി ൧൯- ഒരു മതവൈരാഗി ഓർ അംഗ്ലനായകനെ വെടിവെപ്പാൻ ഭാവിച്ചു. അവനെ തൂക്കിക്കളഞ്ഞു. മററൊരുത്തൻ ഒരു നായകനെയും മൂന്നു ഭടന്മാരെയും കഠാരം കൊണ്ടു കുത്തി

എങ്കിലും ഒരു കതിരാളൻ അവനെ വാൾകൊണ്ടു വെട്ടിക്കൊന്നു. സ്വൂവത്ത് സേനാപതിയുടെ സൈന്യവും കന്ദഹാരിൽ എത്തിയതുകൊണ്ടു ബിട്ടുൽഫ് സേനാപതി നടത്തുന്ന പട ഹേരാത്തിലേക്കു ചെല്ലുന്ന വഴിയിലും അതിൽനിന്നു ൯൦ നാഴിക അകന്നതുമായ ഗിരിസ്ഖിലാമാറു ജനുവരി ൧൪൹ കന്ദഹാരിൽനിന്നു പുറപ്പെടുകയും സ്വൂവത്ത് പടനായകന്റെ സൈന്യം ഘജിനിക്കുള്ള വഴിയിൽ കിടക്കുന്ന ഖേലാത്-ഇ-ഘിൽജേ (Khelat-i-Ghilzai) എന്ന നഗരത്തിലേക്കു ജനുവരി ൧൬൹ യാത്രയാകയും ചെയ്തു. കന്ദഹാരും കൂറുപാട്ടിന്റെ പുരകാൎയ്യത്തെ (civil) നവാബ് ഘോലം ഹസ്സാൻ ഖാൻ എന്നവരും നയകാൎയ്യത്തെ (political) മേജർ സൻജോൻ എന്ന അംഗ്ലനായകനും നോക്കിവരുന്നു. കന്ദഹാരിലെ പാളയത്തിൽ 20 മതവൈരാഗികളായ ഗാസികൾ കഠാരത്തോടു കടന്നു ഓരാളെ കൊന്നു ആറു പേൎക്കു മുറി ഏല്പിച്ചിരിക്കുന്നു എങ്കിലും അവരിൽ ൫ പേർ കലപ്പെടുകയും ൧ ആൾ പിടിപ്പെടുകയും ചെയ്തു.

a. സ്വൂവത്ത് പടനായകന്റെ കതിരപ്പട ജനുവരി ൨൧൹ ഖേലാത്-ഇ-ഘിൽജേ എന്ന സ്ഥലത്തിൽ എത്തി. അവിടത്തെ കില്ലേദാർ വെടിവെക്കാതെ അവിടേയുള്ള കോട്ടയെ ഏല്പിച്ചിരിക്കുന്നു. എന്നിട്ടും കോയ്മയുടെ പുതിയ കല്പനയാൽ സേനാപതി തിരികേ കന്ദഹാരിലേക്കു തിരിച്ചു പോകുന്നു.

b. ഫിബ്രുവരി ൮൹ സേനാപതിയായ ബിട്ടുൽഫ് ഗിരിസ്ഖിൽ എത്തിയപ്പോൾ ആബാലവൃദ്ധം ഇംഗ്ലിഷ്ക്കാരെ സന്തോഷത്തോടെ കൈക്കൊണ്ടു. അവിടേത്ത കോട്ട ബഹുഗംഭീരമുള്ളതു.

4. അഫ്ഘാനസ്ഥാന അമീരായ ശേർ ആലിക്കു ഓരോ കൎമ്മശാലകളും (manufactories) വിസ്തീൎണ്ണഭൂമികളും ഉള്ളതു അല്ലാതെ പൊൻ വെള്ളി നാണിയങ്ങളും ഉടമയാഭരണങ്ങളും ഭാരതഖണ്ഡകോയ്മ ഹുണ്ടികയും മററും മുന്നൂറു ലക്ഷം ഉളകുന്ന മുതലുണ്ടു. തന്റെ വാസാഗാരത്തിൽ പൊൻ വെള്ളിപാത്രങ്ങളിൽ എന്നേ ഭക്ഷിക്കാറുള്ളു. അമീരും രുസ്സസേനാപതിയായ രൊസ്ഗനൊവും ഹിന്ദുക്രുഷിന്റെ വടക്കു കിടക്കുന്ന ഖുല്മ് ബല്ഖ എന്നീ സ്ഥലങ്ങളുടെ ഇടയിലേ മജരിഷെരിഫ് എന്നൊരു ഊരിൽ ഇരിക്കുന്നു. ഇതു വടക്കേ അഫ്ഘാനസ്ഥാനത്തിൽ കിടക്കുന്നു. *C. Z. No.* 2.

5. യാക്രൂബ് ഖാൻ. ചില ഘിൽജേക്കാരും അവരുടെ തലവനും ജല്ലലാബാദിൽ ഇരിക്കുമ്പോൾ യാക്രൂബ് ഖാൻ ഘിൽജേക്കാരുടെ ഒരു ചെറുകോട്ടയേയും ചില തലവന്മാരുടെ കുഡുംബങ്ങളെയും ഉപായത്താൽ പിടിച്ചതുകൊണ്ടു ഘിൽജേക്കാർ ഒട്ടുക്കു യാക്രൂബിന്നു വിരോധമായി കൂടി അവന്റെ പടയാളികളോടു അങ്കം കുറെപ്പാൻ ആരംഭിച്ചിരിക്കുന്നു (ജനുവരി ൨൩൹) കിജിൽബഷ് എന്ന ഗോത്രത്തിന്നു യാക്രൂബ് ഖാനോടു കാബൂലിൽ വെച്ചുള്ള വിവാദം നിമിത്തം ഏറിയ സിൎദ്ദാരന്മാർ തങ്ങളുടെ കുഡുംബങ്ങളോടു കൂട കാബൂൽ നഗരത്തെ വിട്ടിരിക്കുന്നു.

യാക്രൂബ് ഖാന്നു ഇംഗ്ലിഷ്ക്കാരോടു സന്ധിപ്പാൻ മനസ്സുണ്ടു എന്നു പറയുന്നു. അപ്പനായ അമീർ മകനെകൊണ്ടു സന്ധിക്കരുതു എന്നു ആണ ഇടുവിച്ചപ്രകാരവും കേൾക്കുന്നു. ഏതു സത്യം എന്നറിയുന്നില്ല. യാക്രൂബ് ഇംഗ്ലിഷ്ക്കാരോടു വഴിപ്പെടാഞ്ഞാൽ അവർ വാലി മുഹമ്മദിനെ കാബൂലിൽ വാഴിപ്പാൻ സംഗതിയുണ്ടായി വരും എന്നു കേൾവി.

മദ്രാശിസംസ്ഥാനം.— പഞ്ചകാലത്തിൽ ഗുണ്ടൂരിൽനിന്നു (Guntoor) ചെന്നപ്പട്ടണത്തോളം തീൎത്ത കീറുതോട്ടിന്നു ഏകദേശം ൨൫൦ നാഴിക നീളവും ബക്കിങ്ങം തോടു എന്ന പേരുമുണ്ടു. ഇന്നാൽ ഒരു സായ്പും മദാമ്മയും ൧—൫ ദിവസംകൊണ്ടു ഗുണ്ടൂരിൽനിന്നു ചെന്നപ്പട്ടണത്തോളം വള്ളത്തിൽ സുഖേന എത്തിയിരിക്കുന്നു.

മഹാചീനം:— കാഞ്സ്സി എന്ന ഈ മഹാസാംരാജ്യത്തിന്റെ ഒരു കൂറുപാട്ടിൽ ഈയിടേ വല്ലാത്ത ദ്രോഹം കിളൎന്നുവന്നു. ആ മത്സരത്തിന്റെ തലവൻ ആർ എന്നാൽ ഇത്രോടം മഹാചീനക്കോയ്മയുടെ സേനാപതിയായ ലീയുങ്ങ് ചോയി എന്നൊരു ശ്രേഷ്ഠൻ തന്നെ. ഇയ്യാൾ കോയ്മയിൽനിന്നു പല മാനാലങ്കാരങ്ങളും ചക്രവൎത്തിയിൽനിന്നു പെരുത്തു ആദരവും അനുഭവിച്ചതുകൊണ്ടു ഉന്നതഭാവവും കീൎത്തിതൃഷ്ണയും മാത്രം അവനെ നടത്തുന്നു എന്നൂഹിപ്പാനേ പാടുള്ളു. ആയവൻ തന്റെ നിലമ്പറമ്പുകളെ വിററു പിരിഞ്ഞ മുതൽ കൊണ്ടു അമ്പതിനായിരം ചേകവന്മാരെ ശേഖരിച്ചു അവരെ കൊണ്ടു ആ കൂറുപാട്ടിനെ തനിക്കു കീഴ്പെടുത്തുവാൻ ഉത്സാഹിക്കുന്നു. ഇതുവരെക്കും കോയ്മ അവന്റെ സൈന്യത്തെ തടുത്തുകളവാൻ തുനിയാത്തതു കൂടാതെ സ്വാമിദ്രോഹത്തിന്റെ ആത്മാവു അടുത്ത കൂറുപാടുകളിലേക്കും പരന്നു കാണുന്നു. ചീനക്കോയ്മ ആ ദ്രോഹികളെ വേഗം ജയിച്ചടക്കാഞ്ഞാൽ കെടുപ്പാൻ വഹിയാത്ത വന്തീ ആ മഹാരാജ്യത്തിൽ പാളിക്കത്തി പോകും. *M. M.* 1878. *No.* 275.

യുരോപ്പ Europe.

ഇംഗ്ലന്തു. — ചക്രവൎത്തിനിതമ്പുരാനവൎകളെ ചതികുല ചെയ്വാൻ വിചാരിച്ച ഒരു ഖലനെ തടവിൽ പാൎപ്പിച്ചു വരുന്നു.

ഇതാല്യ. — ഭാഗ്യക്കുറി (lottery) എന്ന വല്ലാത്ത കളി ഇതാല്യ രാജ്യത്തിലുമുണ്ടു എന്നു തന്നേയല്ല ആയതു കോയ്മയുടെ അധികാരത്തോടു നടക്കുന്നു. ൟ കളിക്കും ചട്ടിക്കളിക്കും ഏറ ഭേദം ഇല്ല. ചട്ടിക്കളി ചെറുങ്ങനെയും ഭാഗ്യക്കുറി വലുങ്ങനെയുമുള്ളതത്രേ. അതിൽ ചതി ഇതിലോ വഞ്ചനയില്ല. എങ്ങനേയെന്നാൽ കോയ്മ മുഖേന പിരിപ്പിച്ചു കൂട്ടിയ മുതലിനെ കോയ്മെക്കും ജയശാലികൾക്കും വിഭാഗിച്ചു വെച്ചതിൽ പിന്നേ ഇത്രിത്ര ജയശാലികളും അവരവൎക്കു തരം പോലേ ഇത്രിത്ര മുതലും മുൻ നിശ്ചയപ്രകാരം ഒരു കുറി നാളിൽ ചീട്ടെടുപ്പിച്ചു അക്കമുടയവന്നു വീത മുതൽ കിട്ടാറുണ്ടു. ഇങ്ങനേ ഭാഗ്യക്കുറിയുടെ അക്കങ്ങളെ വലിച്ചെടുക്കുന്ന ഒരു ദിവസത്തിൽ നെയപൊലി എന്ന നഗരത്തിൽ തുകപ്പെരുപ്പമേറിയ ഒന്നു തൊട്ടു നാലു വരെയുള്ള അക്കങ്ങൾ ഒരു പാതിരിയച്ചന്നു വന്നതിനാൽ തനിക്കു നിമിഷത്തിൽ ഏകദേശം എട്ടു ലക്ഷത്തോളം ഉറുപ്പിക കൈവശമായി വന്നു. എന്നാലും അതിൽ സന്തോഷിപ്പാൻ ഇട വന്നില്ല. അനേകർ തങ്ങളുടെ നിനവു പ്രകാരം തീരാത്ത പണത്തിൽനിന്നു ഭിക്ഷാദാനം പലവഴിയായി ഇരന്നതു കൂടാതെ ഏറിയവർ ഭാഗ്യക്കുറിയിൽ വലിയ നേട്ടം സമ്പാദിക്കേണ്ടതിന്നു ലാഭം കൂടിയ അക്കങ്ങളെ തങ്ങൾക്കും പറഞ്ഞു കൊടുപ്പാൻ പാതിരിയച്ചനെ അലമ്പലാക്കിത്തുടങ്ങി. പൊറുതി മുട്ടിയപ്പോൾ താൻ കല്പന വാങ്ങി പരദേശത്തേക്കു പുറപ്പെട്ടു പോയി. അവിടേയും തനിക്കു സുഖം വന്നില്ല. അതോ ഇതാല്യ കോയ്മെക്കു അടക്കുവാൻ നിൎവ്വാഹമില്ലാതെ ശ്രുതിപ്പെട്ട കമോറയിലേ പിടിച്ചുപറിക്കാർ പാതിരിയച്ചനെ ഹേമിച്ചു നേരിട്ടു ഏഴയും കോഴയും വാങ്ങിയ ശേഷം തൃപ്തിപ്പെടാതെ അദ്ദേഹത്തിന്റെ കൈയിൽ മറിപ്പും പിരട്ടുമുണ്ടായിട്ടാണു ൟ വലിയ സമ്പാദ്യം സാധിച്ചു വന്നതു എന്ന ദുശ്ശ്രുതിയെ രാജ്യത്തിൽ നീളേ പരത്തിപ്പോയതുകൊണ്ടു കോയ്മ കേട്ടതിനെ നമ്പി താൻ ബാങ്കിൽ പലിശെക്കിട്ട മൂന്നു ലക്ഷത്തിൽ ചില്വാനം ഉറുപ്പികയെ തടസ്ഥം ചെയ്തു അവന്റെ നേരെ കക്ഷിയായി വ്യവഹരിപ്പാൻ തുനിഞ്ഞതിൽ ഒ[illegible]ം സാധിച്ചില്ലാതാനും. *Chr. Volksb.* 1878. *No.* 28.

നൊവെമ്പ്ര മാസത്തിൽ സ്ഥിതിസമതപക്കാർ (Socialists) എന്ന കോയ്മ മറിപ്പുകാരുടെ കൂട്ടത്തിൽ ഒരുത്തൻ ഇതാല്യരാജാവിനെ കുത്തി കൊല്ലുവാൻ തുനിഞ്ഞതു കൂടാതെ ഏകദേശം ആ സമയത്തു തന്നേ ഒരുത്തൻ ഹിസ്പാന്യരാജാവിനെ ചതികുല ചെയ്വാൻ ഭാവിച്ചു. തുനിച്ചൽ രണ്ടും ദൈവവശാൽ വ്യൎത്ഥമായി പോയി.

ആഫ്രിക്കാ Africa.

സുപ്രത്യാശ മുനയിലെ ജൂലുകാപ്പിരികൾ നാതാലിൽ വെച്ചു വലിയ ആൾ ശേഖരത്തോടു കൂട (ഇരുപതിനായിരത്തോളം എന്നു കേൾവി) ഒരു സൈന്യക്കൂട്ടത്തിന്നു വലിയ ഞെരിക്കവും ആൾ നഷ്ടവും വരുത്തി ൯൦൦൦ പടയാളികൾ അടുത്ത പാളയങ്ങളിൽ ഉണ്ടെങ്കിലും ഇംഗ്ലന്തിൽനിന്നും വേണ്ടി വന്നാൽ ഭാരതത്തിൽനിന്നും പുതിയ പട്ടാളങ്ങളെ അയക്കും.

തെൻഅമേരിക്കാ South-America.

ൟ ഖണ്ഡത്തിന്റെ ഓരോ രാജ്യങ്ങളിൽ പകവീളുന്നതും നയത്താൽ ചതികുല ചെയ്യുന്നതും ഒരു സമ്പ്രദായം ആയ്പോയി. കഴിഞ്ഞ പത്താണ്ടുകളിൽ ബൊലിവ്യയിൽ മൂന്നും എകുവാദോരിൽ ഒന്നും ലീമാവിൽ ഒന്നും ഇങ്ങനെ അഞ്ചു രക്ഷാപുരുഷന്മാർ ഒളികുലയാൽ അന്തരിച്ചു പോയതു കൂടാതെ ൧൮൭൮ നൊവെമ്പ്ര ൧൭ ൨൦ ഒരു കീഴ്നായകൻ പെരുവിലേ ജനക്കോയ്മയുടെ രക്ഷാപുരുഷനെ ചതികുല ചെയ്തു. അദ്ദേഹം വെടികൊണ്ടു ഉടനെ അറുകുല എന്നും എന്നെ കൊന്ന ആ സാധുവിന്നു ഞാൻ ക്ഷമിക്കുന്നു എന്നും പറഞ്ഞു ഒരു പാതിരിയച്ചന്റെ കൈയിൽനിന്നു ഒടുക്കത്തെ അഭിഷേകം കൈക്കൊണ്ടു സമാധാനത്തിൽ മരിച്ചിരിക്കുന്നു. ആ മനുഷ്യൻ പെരുവിൽ ഒന്നാം കാൎയ്യസ്ഥൻ എങ്കിലും ഒരിക്കലും പ്രതിക്രിയ നടത്താതെയും പണവും സുഖാനുഭോഗവും അന്വേഷിക്കാതെയും അധികാരലഹരിയും പിടിച്ചു ദുശ്ശീലം കാണിക്കാതെയും സ്വന്ത കുഡുംബത്തിൽ ക്രമത്തോടു നടക്കുകയും ആൺമക്കളുടെ പഠിപ്പും ബാലശിക്ഷയും എത്രയും താല്പൎയ്യമായി നോക്കുകയും സ്വന്ത രാജ്യത്തെ തന്നാൽ ആംവണ്ണം നന്നാക്കുവാൻ അദ്ധ്വാനിക്കയും ചെയ്തിരുന്നു. ആ മഹാന്റെ പേർ മാനുവേൽ പൎദ്ദോ എന്നത്രേ.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. | APRIL 1879. | No. 4.

THE REV. JACOB RAMAVARMA.

യാക്കോബ് രാമവൎമ്മൻ.

ഒരു ഹിന്തുപാതിരിയുടെ ജീവിതം.

(VIാം പുസ്തകം ൮൭ാം ഭാഗത്തിൽനിന്നു തുടൎച്ച.)

ആ സമയത്തു തന്നെ മേൽപറഞ്ഞ മാർ അധനാസ്യൻ അന്ത്യോഖ്യയിലേക്ക പോകുവാൻ പുറപ്പെട്ടിരുന്നു, അയാളോടു കൂട യരുശലേം കാണേണം എന്നു വിചാരിച്ചു ബല്ഗാമിലോളം പോയി. അവിടെ ഞങ്ങൾക്ക ഒരു പരിചയവും ഉണ്ടായിരുന്നില്ല എങ്കിലും മിശിയോൻ പള്ളിയുടെ അരികത്തു പോയി മഴ നിമിത്തം അല്പം നേരം ഇരുന്നു. ഉടനെ അവിടത്തേ ഉപദേശിമാർ വന്നു ഞങ്ങളെ കണ്ടു സംസാരിച്ചു. ഞങ്ങൾ ക്രിസ്ത്യാനർ എന്നു അറിഞ്ഞ ഉടനെ ഒരു മുറിയിൽ താമസിപ്പിച്ചു തെയിലർ സായ്പിനോടു ബോധിപ്പിച്ചു ശലൊമോൻ ഉപദേശിയുടെ വീട്ടിൽ കൊണ്ടു പോയി പാൎപ്പിക്കകെയും ചെയ്തു. മഴക്കാലം തീൎന്നിട്ടു പോകാം എന്നു പറഞ്ഞു. ഞങ്ങളുടെ യാത്രച്ചടപ്പു തീൎന്ന ഉടനെ എന്നെ സായ്പവൎകളുടെ മക്കളെ പഠിപ്പിപ്പാനും മാത്തനെ ഇംഗ്ലിഷ് പള്ളിക്കൂടത്തിൽ കറുത്ത കുട്ടികളെ പഠിപ്പിപ്പാനും കല്പിച്ചു. മഴക്കാലം കഴിഞ്ഞു മാത്തൻ യാത്ര പുറപ്പെട്ടപ്പോൾ ഞാൻ കൂടിപ്പോകുന്നതു കൎത്താവിൻ ഇഷ്ടം അല്ലായ്കയാൽ അവൻ എന്നെ നേത്രരോഗം കൊണ്ടു ശിക്ഷിച്ചു എന്റെ യാത്രെക്ക മുടക്കം വരുത്തി. മാത്തൻ പോയ ഉടനെ സായ്പു എന്നെ തന്റെ വീട്ടിൽ തന്നേ പാൎപ്പിച്ചു തന്റെ മകളെ പോലെ വിചാരിച്ചു ഞാനും സന്തോഷത്തോടെ ഒന്നര സംവത്സരത്തോളം കുട്ടികളെ പഠിപ്പിക്കയും ധൎമ്മശാസ്ത്രം വിചാരണ ചെയ്കയും ചെയ്തു വന്നു. ഈ ഭാഗ്യമുള്ള കുഡുംബത്തിൽ നിന്നത്രേ ക്രിസ്തീയ ജീവൻ ഇന്നതെന്നും പ്രാൎത്ഥനയുടെ പ്രയോജനം ഇന്നതെന്നും അറിവാൻ എനിക്ക എട വന്നതു. സായ്പവൎകളുടെ കുട്ടികളെ പഠിപ്പിക്കുന്നതു ഒഴികെ ഞായറാഴ്ചതോറും കാലത്തു ഞാൻ തമിഴിൽ കുട്ടികളെ വേദപുസ്തകം പഠിപ്പിച്ചു ഉച്ചതിരിഞ്ഞാൽ

തമിഴിലും ബുധനാഴ്ചതോറും കാലത്തു തമിഴിൽ പ്രസംഗിക്കയും മററു സമയം ഉള്ളപ്പോൾ ഒക്കയും ബെയ്സ്സൻ സായ്പിൻെറ കല്പനപ്രകാരം ശാപ്പൂരിൽ പോയി ജനങ്ങളോട കൎന്നാടകത്തിൽ പ്രസംഗിക്കയും ചെയ്തു വന്നു. തെയിലർ സായ്പിൻെറ മക്കൾ വിലാത്തിക്ക പോയപ്പോൾ എന്നെ കറുത്ത പള്ളിക്കൂടത്തിൽ പോയി പഠിപ്പിപ്പാൻ കല്പിച്ച അപ്രകാരം ഞാൻ ധൎമ്മശാലത്തിൽ ഒരു വീട്ടിൽ പാൎത്തു പള്ളിക്കൂടത്തിൽ കുട്ടികളെ പഠിപ്പിച്ചു വരികയും ചെയ്തു. ഈ സമയത്തു എനിക്ക കഠിനമായി ഒരു തെററു വന്നു. ഉടനെ തന്നെ ഞാൻ ഒരു ഭ്രാന്തനെ പോലെ ആയി ഈ പത്തു സംവത്സരത്തിന്നിടയിൽ എനിക്ക ഇപ്രകാരമുള്ള കഷ്ടം വന്നില്ല എന്നു ഓൎത്തു വിയൎത്തും വിറെച്ചും കൊണ്ടു കൎത്താവിനോട അനുസരിച്ചു പറഞ്ഞു എങ്കിലും എനിക്ക ഒരു സമാധാനവും സന്തോഷവും വന്നതുമില്ല. ചില ദിവസങ്ങൾ കഴിഞ്ഞ ശേഷം സായ്പന്മാർ അതു അറിഞ്ഞു എന്നോട ചോദിച്ചാറെ ഞാൻ തീൎച്ചയായി മറുത്തു പറഞ്ഞു കളഞ്ഞു. ഇതുനിമിത്തം അവർ എന്നോട പോയിക്കൊൾവാൻ പറഞ്ഞപ്പോൾ ഞാൻ വളര ഗൎവ്വത്തോടും കോപത്തോടും കൂട പുറപ്പെടുകയും ചെയ്തു. മിശിയോൻ ശത്രുക്കൾ പലരും എന്നോട താമസിപ്പാൻ പറഞ്ഞു എങ്കിലും കോപലജ്ജാദികൾ നിമിത്തം ഞാൻ അനുസരിച്ചില്ല. പോരുന്ന സമയത്തു തെയിലർ സായ്പും ബെയ്സ്സൻ സായ്പും വളര ദുഃഖിച്ചു എന്നെ അനുഗ്രഹിച്ചു നീ മംഗലപുരത്തെ മെഗ്ലിങ്ങ് സായ്പിൻെറ അടുക്കൽ എങ്കിലും കണ്ണൂര ഹേബിക സായ്പിൻെറ അടുക്കൽ എങ്കിലും പോയാൽ അവർ നിന്നെ കൈക്കൊള്ളും എന്നു പറഞ്ഞയക്കയും ചെയ്തു. ഇങ്ങനെ ഞാൻ മംഗലപുരത്തേക്ക പുറപ്പെട്ടു കാററു അധികം ഉണ്ടാകയാൽ പത്തെമാരി തലശ്ശേരിയിൽ അത്രേ അടുത്തതു. അവിടേ ഞാൻ രണ്ടു ദിവസം താമസിച്ചു ഉപദേശിയെ കണ്ടു സംസാരിച്ചു എങ്കിലും ലജ്ജ നിമിത്തം സായ്പന്മാരെ കാണ്മാൻ പോകാതെ കണ്ണൂൎക്ക വരികയും ചെയ്തു.

അവിടെ ഞാൻ ഒരു വീട കൂലിക്ക വാങ്ങി പാൎത്തു പള്ളിയിൽ പോകയും ഉപദേശിയെ കണ്ടു സംസാരിക്കയും വായിക്കയും ചെയ്തുകൊണ്ടു ഒരു ആഴ്ച പാൎത്തു. ഒരു ദിവസം ഞാൻ പള്ളിയിൽ പോയി മടങ്ങിപ്പോകുമ്പോൾ അഹറോൻ ഉപദേശി എന്നെ കണ്ടു പിടിച്ചു നിൎത്തി വൎത്തമാനം ചോദിച്ചറിഞ്ഞു ഹേബിക സായ്പിനോട പറഞ്ഞു പിറേറ ദിവസം തന്നേ സായ്പവൎകൾ എന്നേ വിളിച്ചു സംസാരിച്ചു തൻെറ വീട്ടിൽ പാൎപ്പിക്കയും ചെയ്തു. ബല്ലാമിലേ കാൎയ്യം ഞാൻ സായ്പവൎകളോട മറുത്തു പറഞ്ഞതേയുള്ളു. എങ്കിലും ആരും തന്നെ വന്നാലും ദൈവനാമത്തിൽ താൻ കൈക്കൊള്ളുന്നപ്രകാരം എന്നെയും കൈക്കൊണ്ടു ഏകദേശം ആറു മാസം കണ്ണൂരിൽ എന്നെ താമസിപ്പിച്ചു വേല ചെയ്യിപ്പിച്ചു

൧൮൩൩ ഫിബ്രവരി ൧൦ നു വിവാഹവും കഴിപ്പിച്ചു പിറകലേക്കു ഉപദേശിയായി നിയമിച്ചയക്കയും ചെയ്തു. എന്നാൽ എന്റെ ആത്മാവസ്ഥയെ കുറിച്ചോ ഞാൻ വേദവാക്യവും അതിനോടു സംബന്ധിച്ച പല നല്ല പുസ്തകങ്ങളും വായിച്ചിട്ടും അനേകം ദൈവശുശ്രൂഷക്കാരുടെ പ്രസംഗങ്ങളും ബുദ്ധിയുപദേശങ്ങളും കേട്ടിട്ടും മാനസാന്തരപ്പെടേണ്ടതിന്നു ഇടയായി. കൎത്താവിന്റെ ഭുജം ശക്തിയോടെ പലപ്പോഴും പ്രകാശിക്കപ്പെട്ടിട്ടും ൧൮൨൭ — ൧൮൩൩ വരെ അസ്വസ്ഥതയുള്ളപ്പോൾ ജനങ്ങൾ ചെയ്യുന്നതു പോലെ കൂടക്കൂട ഞെട്ടി ഉണരുകയും പിന്നെയും മയങ്ങിപ്പോകയും ചെയ്തുകൊണ്ടിരുന്നു. ദൈവഭക്തിയുടെ വേഷം ധരിച്ചിട്ടും അതിന്റെ ശക്തി ഇല്ലാത്തവനായും ഇരുന്നു. എന്നാൽ കരുണയിൽ സമ്പന്നനായി രക്ഷിതാവായ യേശുവിൻ പിതാവായ ദൈവം ഞാൻ ഈ മയക്കത്തോടെ നിത്യനിദ്രയിലേക്കു പ്രവേശിയാതേ ഉണൎന്നു ക്രിസ്തന്റെ അടുക്കൽ പോവാനും എന്റെ പൂൎണ്ണഹൃദയം അവന്റെ മുമ്പാകേ പകൎന്നു അവന്റെ വിലയേറിയ രക്തത്തിൽ എന്റെ സകല പാപങ്ങൾക്കും സൌജന്യമായിട്ടുള്ള മോചനവും ദിവ്യസമാധാനവും വിശുദ്ധാത്മാവിൻ ദാനവും പ്രാപിപ്പാൻ കൃപ തന്നതു ഇപ്രകാരം ആകുന്നു: ൧൮൩൯ൽ കൎത്താവിന്നു കണ്ണൂരിലേ തന്റെ സഭയെ ഉയിൎപ്പിപ്പാൻ തോന്നിയ സമയം ഒരു വ്യാഴാഴ്ച ഹേബിക് സായ്പു പ്രസംഗിക്കുമ്പോൾ ഉപദേശിയായ ദാന്യേലും യോസേഫും ഝടിതിയിൽ ഉറക്കെ കരഞ്ഞു നിലവിളിച്ചു തങ്ങൾ ചെയ്ത ദുഷ്പ്രവൃത്തികളെ സഭെക്കു മുമ്പാകേ ഏറ്റു പറഞ്ഞു തുടങ്ങി. ഉടനെ പ്രസംഗത്തിന്നു കൂടിവന്നിരുന്ന ജനങ്ങളിൽ എല്ലാം ഒരു വിറയൽ പിടിച്ചതു പോലെ തോന്നി പൊരുൾ തിരിച്ചും കൊണ്ടു നിന്നിരുന്ന എനിക്കു സൎവ്വാംഗം ഒരു ചൂടും വിറയലും വന്നു നെഞ്ഞിടിക്കയാൽ സംസാരം പതറി പോയി. ആയതുകൊണ്ടു ഞാൻ സായ്പിന്റെ മുറിയിൽ പോയി അല്പനേരം ഇരുന്നു കരഞ്ഞു പിന്നേയും വന്നു നിന്നു: കഠിനനേ നിന്റെ ഹൃദയവും കൂടെ തുറക്ക എന്ന ഒരു ശബ്ദം ഉള്ളിൽ പറഞ്ഞതു പോലെയും എനിക്കു തോന്നി. പാപം ഏറ്റു പറഞ്ഞു തീൎന്നവരുടെ മുഖത്തു വേറെ ഒരു പ്രകാരം ഉണ്ടു എന്നു തോന്നി. എങ്ങിനെ എങ്കിലും പ്രസംഗം കഴിയുന്നേടത്തോളം ഞാൻ ഒരു വിധത്തിൽ നിന്നു പിന്നത്തേതിൽ ഞാനും എന്റെ പാപങ്ങളെ സായ്പിനോടും വൈകുന്നേരം സഭയുടെ മുമ്പാകെയും ഏറ്റു പറഞ്ഞു എങ്കിലും എന്റെ ബാല്യാമിലേ പാപത്തെ പറവാൻ ലജ്ജിച്ചിട്ടു മൂടിവെച്ചു. എന്നാലും എനിക്കു ഒന്നും ഒരു തുമ്പില്ലാതെ ഒരു ലഹരിക്കാരനെ പോലേ നടന്നു. പിന്നേത്ത ഞായറാഴ്ച ഞാൻ പള്ളിയിൽ ഇരുന്നു പ്രസംഗം കേൾക്കുന്ന സമയം ഒരു തീ ഉണ്ട എന്ന പോലെ ഒന്നു എന്റെ ഹൃദയത്തിൽ വന്നു

കൊണ്ടു ഒരു നിമിഷം കൊണ്ടു അതു ഹൃദയം മുഴുവനും കത്തിച്ചു എന്റെ അസ്ഥികളുടെ ഉള്ളിലേക്കു ഇറങ്ങി എല്ലാം കത്തിച്ചു ശരീരം മുഴുവനും കഠിനമായി ജ്വലിച്ചു കണ്ണിൽനിന്നു ജലധാര എന്ന പോലെ തന്നേ വന്നു. ഇതു നരകത്തീ തന്നേ എന്നു ഞാൻ നിശ്ചയിച്ചു ഉറച്ചു നിലവിളിച്ചുകൊണ്ടു അപ്പോൾ തന്നേ എന്റെ വിഷം ഛൎദ്ദിപ്പാൻ വിചാരിച്ചു എങ്കിലും പ്രസംഗത്തിന്നു തടവു വരും എന്നു വിചാരിച്ചു താമസിച്ചു. പ്രസംഗം കഴിഞ്ഞ ഉടനെ ഒന്നു രണ്ടു സായ്പന്മാർ ഹേബിക് സായ്പിനോടു സംസാരിച്ചു കൊണ്ടിരുന്നതിനാൽ ഞാൻ ഭക്ഷണത്തിന്നു പോയി ഇരുന്നു രണ്ടു ഉരുള ഉണ്ണുമ്പോഴേക്കു എനിക്കു സഹിപ്പാൻ പാടില്ലാതെ എച്ചിൽ കൈയോടെ സായ്പിന്റെ അടുക്കൽ ഓടി വലിയ ശബ്ദത്തോടെ: ഞാൻ നശിച്ചുപോകുന്നു, ബല്ഗാമിൽ ഞാൻ ഇന്ന പാപം ചെയ്തു, അവർ ചോദിച്ചപ്പോൾ ഞാൻ കോപിച്ചു നുണപറഞ്ഞു എന്നു പറഞ്ഞു. മററും അനേകം പാപങ്ങൾ അപ്പോൾ ഓൎമ്മ വന്നതും പറഞ്ഞു. ഉടനെ കൎത്താവു എന്റെ കണ്ണുകളെ തുറന്നു ഗൊല്ഗതാവിൽ ക്രൂശിന്മേൽ തൂങ്ങി തന്റെ അഞ്ചു മുറിവുകളിൽ കൂടി എനിക്കു വേണ്ടി തന്റെ വിലയേറിയ രക്തത്തെ തൂകിയ യേശുവിനെ ഞാൻ എനിക്കായി കണ്ടു. അവന്റെ ക്രൂശിൻ കീഴിൽ എന്റെ ഭാരത്തെ എറിയേണ്ടതിന്നും അവന്റെ ഉറവിൽ കുളിക്കേണ്ടതിന്നും അവന്റെ അങ്കി വാങ്ങി ഉടുപ്പാനും അവൻ എനിക്കു കൃപ തന്നു. ധൈൎയ്യത്തോടും സമാധാനത്തോടും കൂടി ഇരിക്ക എന്നു പറഞ്ഞ പ്രകാരവും എന്റെ ഹൃദയത്തിൽ ഉണൎന്നു. അന്നു മുതൽ എനിക്കു അവന്റെ മേൽ അധികം സ്നേഹവും വിശ്വാസവും ആശ്രയവും എന്റെ നിസ്സാരത മുതലായതിനെ കുറിച്ചുള്ള വിരക്തിയും അധികം വൎദ്ധിച്ചു വരുന്നു. അവൻ വൎദ്ധിക്കേണ്ടതിന്നും ഞാൻ കുറഞ്ഞു പോകേണ്ടതിന്നും ആഗ്രഹിക്കുന്നു. അവൻ വിശ്വസ്തൻ ആകയാൽ എന്നിൽ ആരംഭിച്ച തന്റെ പ്രവൃത്തിയെ നിവൃത്തിച്ചു ഞാൻ യൎദ്ദനെ കടക്കുന്ന സമയവും എന്നോടു കൂട ഇരുന്നു തന്റെ രാജ്യത്തിൽ എന്നെ ചേൎത്തുകൊള്ളും എന്നു ഞാൻ വിശ്വസിക്കുന്നു. അന്നു മുതൽ അവന്റെ രക്ഷയിൽ സന്തോഷിച്ചു കൊണ്ടും കഴിയുന്നെടത്തോളം മററുള്ളവരോടും അറിയിപ്പാൻ ഉത്സാഹിച്ചു കൊണ്ടും അവനെ ശുശ്രൂഷിപ്പാൻ വളരെ ആഗ്രഹിച്ചുകൊണ്ടും ഇരിക്കുന്നു. ഫവ്രൎൻ മുതൽ ഇതുവരെയും എന്റെ സ്നേഹമുള്ള ഉപദേഷ്ടാവായ ഗുണ്ടൎത്ത് സായ്പിന്റെ അടുക്കൽ പാൎത്തു ബഹുമാനപ്പെട്ട ബാസൽ കമിട്ടിയുടെ കല്പന പ്രകാരം ഗൎമ്മാന്യഭാഷ മുതലായതും പഠിച്ചു പാൎത്തു വരുന്നു. (ശേഷം പിന്നാലെ.)

THE DOG.
നായി.

പൊറുത്തു കൂടാത്ത കുളിരുള്ള ഉത്തര പ്രദേശങ്ങളിലോ ശരീരത്തെ വറട്ടുന്ന ചൂടുള്ള ഉഷ്ണഭൂമിയിലോ മനുഷ്യർ പാൎക്കുന്നേടത്തെല്ലാം നായിനെയും കാണുന്നു. അതു മനുഷ്യന്റെ മേന്മയാൽ ആകൎഷിക്കപ്പെട്ടിട്ടു അവനെ പിഞ്ചെല്ലുകയും അവന്റെ തോഴനായി കൂട പോരുകയും ചെയ്തായിരിക്കും. എങ്ങനെ ആയാലും നായി മരുങ്ങിയ[1] മൃഗങ്ങളിൽ ഒന്നു തന്നെ. പാൽ വെണ്ണ മോർ തൈർ ഇറച്ചി ഭക്ഷണത്തിന്നും ആട്ടുരോമം തോൽ മുതലായതു തരാതര ഉടുപ്പുകൾക്കും മാത്രമല്ല കൂലിക്കാരായി നിലം ഉഴവാനും പേറു ചുമപ്പാനും ഭാരം വലിപ്പാനും വാഹനമായി ഇരിപ്പാനും ദൈവം ഓരോ മൃഗങ്ങളെ മനുഷ്യന്നു തുണെക്കായി നിൎത്തിയതു പുറമേ അവന്റെ ജീവനെയും മുതലിനെയും കാക്കേണ്ടതിന്നും അവന്നു വേണ്ടി അങ്കം കെട്ടി അവന്റെ പ്രാണനെ രക്ഷിക്കേണ്ടതിന്നും പല വിധമുള്ള കാട്ടുമൃഗങ്ങളെ അവന്റെ പാട്ടിൽ ആക്കേണ്ടതിന്നും ഇങ്ങനെ ഏറിയ ഉപകാരത്തിന്നു ദൈവം നായിനെ മനുഷ്യൎക്കു കൊടുത്തിരിക്കുന്നു. ആയതുകൊണ്ടു നായി അയക്കാൎക്കുന്ന മൃഗം അല്ല സ്രഷ്ടാവു നിയമിച്ച പണികൾക്കു തക്കവണ്ണം ഇറച്ചിതിന്നികളുടെ[2] ജാതിയിൽ ഉൾപ്പെട്ടിരി

1) Domestic Animal. 2) മൃഗവൎഗ്ഗത്തിൽ പൃഷ്ഠാസ്ഥി (Animalia Vertebrata) എന്ന നാലാം വൎഗ്ഗത്തിലും ഉയിരുള്ള കുട്ടികളെ പെറുന്നതായി സസ്തന (Mammalia) എന്ന നാലാം വിഭാഗത്തിലും ഇറച്ചിതിന്നികളായ മാംസാദ (Carnivora) എന്ന എട്ടാം പകുപ്പിലും തന്നെ നായി ചേൎന്നു കിടക്കുന്നു. മാംസാദകൾ എല്ലാം കാലിൻ വിരലുകൾക്കു നഖമുള്ള നഖപാദക്കാർ (Falcul ata) അത്രെ. അവററിനുള്ള കുലങ്ങളിൽ ഒന്നു നായി എന്ന ശ്വാകുലം. ശ്വാകുലത്തിൽ കുറുനരി (കേ. II., 134. fox), കുറുക്കൻ, ചെന്നായി (കേ. II., 84) വീട്ടുനായി മുതലായവ അടങ്ങുന്നു.

കുന്നു. പച്ചഇറച്ചി മീൻ ഞണ്ടു മുതലായവററിൽ ഇഷ്ടപ്പെട്ടാലും പാകം ചെയ്ത ഇറച്ചിയും ചോറു മുതലായതും മനസ്സോടു തിന്നുകയാൽ മനുഷ്യൻ ബുദ്ധിമുട്ടാത്തതു പോലേ അതിന്നും എളുപ്പത്തിൽ വലെച്ചൽ തട്ടുകയില്ല. എന്നിട്ടും മനുഷ്യനോടുള്ള ചേൎച്ചകളും അവനിൽ നിന്നുണ്ടാകുന്ന രക്ഷകളും തക്കവണ്ണമേ ഗുണശീലഭക്ഷണവിഷയങ്ങളിലും നായ്ക്കളുടെ ഇടയിൽ വലിയ ഭേദങ്ങൾ ഉണ്ടു. നായി ഇറച്ചിതിന്നിയാകകൊണ്ടു അതിന്റെ ഉമ്മരപ്പല്ലുകൾ മൂൎച്ചയും കൂൎച്ചൻ കുലപ്പല്ലുകൾ കൂൎമ്മയും അണപ്പല്ലുകൾ കത്തിരിപ്രായത്തിൽ വെട്ടേണ്ടതിന്നു മിക്കതും മുള്ളരം[1] പോലേ കൂൎപ്പും മൂൎച്ചയും ഉള്ളവ[2]. മേലേ അണലിൽ ആറും കീഴേതിൽ ഏഴും അണപ്പല്ലുകൾ നില്പു. അതിൽ ചിലതു മുഴപ്പും ഏകദേശം പരപ്പും ഉള്ളതിനാൽ നായ്ക്കു അവററെ കൊണ്ടു മരത്തേയും കാൎന്നുകളയാം.

അതു കരടിയെ പോലേ കാലടി കൊണ്ടല്ല പൂച്ച പശ്വാദികൾ കൊത്തവണ്ണം കാൽ വിരലിന്മേൽ നടക്കുന്നു[3]. കൈകൾക്കു അഞ്ചു വിരലും കാലുകൾക്കു നാലു വിരലും ഉണ്ടു. പൂച്ച ചെയ്യും പോലെ നഖങ്ങളെ ചുരുക്കി (ചുരുട്ടി) പിടിപ്പാനും നീട്ടി (നിവിൎത്തി) കളവാനും[4] കഴികയില്ല. തന്റെ ഏകരത്തോളം നീണ്ട വാൽ ഉലാവുമ്പോൾ താൻ മേല്പെട്ടു വളഞ്ഞു പിടിക്കകൊണ്ടു നായുടെ വാൽ പന്ത്രണ്ടു കൊല്ലം ഓടക്കുഴലിൽ ഇട്ടാലും നേരേ വരികയില്ല എന്നുളവായ പഴഞ്ചൊൽ ഉൾമാററം വരാത്തവൻ പുറമേയുള്ള വിരോധം കൊണ്ടേ നല്ല സ്വഭാവം കാണിക്കുന്നുള്ളു എന്നു സൂചിപ്പിക്കുന്നു.

തന്റെ യജമാനനായ മനുഷ്യൻ ഓരോ അയനാധീനത്തിൽ[5] പാൎത്തു കുളിരും ചൂടും മററും അനുഭവിച്ചതിനാൽ പലപ്രകാരം മാറിയതിൻവണ്ണം വീട്ടുനായും മാറി പോയി. അതു കൂടാതെ മനുഷ്യൻ നായിനെ അടുപ്പിച്ചു നോക്കും പരിക്കും അഭ്യാസവും അടക്കവും കഴിച്ചേടത്തോളം ആയതു ഗുണവിശേഷപ്രാപ്തി മുതലായവററിൽ തേറി കാണുന്നു. മുങ്ങി ചാവാറായവരെയും ഉറച്ച മഞ്ഞിൽ പൂണ്ടു കല്ലിച്ചു ചാവാറായവരെയും മററും രക്ഷിപ്പാനും യജമാനന്നു വേണ്ടി പ്രാണനെ കളവാനും നാഥൻ മരിച്ചതിനാൽ ആധികൊണ്ടു ചാകുവോളം പട്ടിണി കിടപ്പാനും തന്നാലേ ഓരാട്ടിൻ കൂട്ടത്തെ മേയ്പാനും കളഞ്ഞ വസ്തുവെ തിരിച്ചു കൊണ്ടു വരുവാനും പലവിധമുള്ള പണികളെ എടുപ്പാനും ഓരോ വക കാട്ടുമൃഗത്തെ മുതലാളിക്കായി നായാടുവാനും അവന്റെ വീടും വിളയും സ്വത്തും കാപ്പാനും മററും അനേക ഗുണവിശേഷങ്ങൾ മനുഷ്യന്റെ അ

---

1) Rasp. 2) മിന്നാരത്തേ പല്ലു (incisor) കൂൎച്ചൻ പല്ലു (Canine or Eye-tooth), കുലപ്പല്ലു (bicuspid) ചാണപ്പല്ലു, അണ്ണിപ്പല്ലു (grinder). 3. പദാംഗുഷ്ഠഗാമി. 4) ഉള്ളോട്ടു വാങ്ങുക, (retractile) പുറത്തു തള്ളുക. 5) Climate.

ധ്യാനത്താലും പൊറുമയാലും കാലക്രമേണ ഉളവായി വന്നു[1]. ഇവ എല്ലാററിനാൽ നായ്ക്കൾക്കു വിവിധ പ്രാപ്തികൾ തക്ക വലിപ്പവും ഊക്കും ഉണ്ടു. അരപ്പൂച്ച തൊട്ടു ഓരാണ്ടത്തേ കുട്ടന്റെ വളൎച്ചയോളവും പാറപ്പുലിയുടെ ശക്തിയോളവും കുറു രോമം ചുരുണ്ട രോമം ജട എന്നിവയും കുറു നീണ്ട മോണകളും മററും കൂടിയതും ആയ നായ്ക്കളെ കാണാം.

രക്ഷാസുവിശേഷത്താൽ ഗുണപ്പെട്ട ക്രിസ്ത്യാന ജാതികൾ വീട്ടുമൃഗങ്ങളെ സ്നേഹദയാദികളാൽ നന്നാക്കുവാൻ വട്ടം കൂട്ടുംപോലെ നായ്ക്കളിൽ ഉള്ള ഗുണങ്ങളെയും തിരുത്തി വൎദ്ധിപ്പിപ്പാൻ നോക്കുന്നു എങ്കിലും അതിന്റെ ദുൎഗ്ഗുണങ്ങളെ മറക്കുന്നില്ലാ താനും.

എന്നാൽ എല്ലാ ജാതികൾ മുൻകാലത്തു ഈ മട്ടു അനുസരിച്ചില്ല. നായിൻ ഗുണവിശേഷങ്ങൾ കൊണ്ടു പ്രത്യേകമായി യവനർ അതിനെ വളരെ മാനിച്ചു. ഹിപ്പൊക്രതൻ പറയുന്ന പ്രകാരം യവനരും പ്ലിനിയൻ ചൊല്ലുന്ന വിധം രോമപുരിക്കാരും പണ്ടേ നായിറച്ചി തിന്നാറുണ്ടായി[2]. മിസ്രക്കാർ നായെ തൊഴുതതു കൂടാതെ നായ്ത്തലയനായ അനുബിസ് എന്ന ദേവനെയും വണങ്ങി[3]. വേറേ ചില നാടുകളിൽ നായെ ബലികഴിക്കാറുണ്ടായിരുന്നു[4]. ഈ നാട്ടിൽ ശാസ്താവിൻ ക്ഷേത്രങ്ങളിൽ അനവധി മൺ നായ്ക്കളെ ഒപ്പിക്കുകയും അവററെ വണങ്ങുകയും ചെയ്യുന്നതു ശാസ്താവു എന്ന ശിവപുത്രന്നു ശ്വാവു വാഹനം ആക കൊണ്ടത്രേ.

ഇതിന്നു നേരേ വിപരീതമായ മറെറാരാചാരമുണ്ടു. മനുഷ്യൻ നായിനെ അകററി വെച്ചേടത്തോളം മാനുഷസംസൎഗ്ഗത്താൽ വരേണ്ടും സുശീലാദികളും പഠിപ്പുകളും വരാതെ അതു കാട്ടു നായോളം താണു ഓരോ ദുശ്ശീലം വികൃതി മുതലായവററിൽ മുന്തിപ്പോയി. ഇതു വിശേഷിച്ചു പടിഞ്ഞാറെ ആസ്യയിൽ നടപ്പു. മൃഗങ്ങളുടെ ഗുണാഗുണങ്ങളെ അധികം വിവേചിക്കുന്ന ശേം വംശക്കാർ നായ്ക്കളെ അശുദ്ധം എന്നെണ്ണിയതുകൊണ്ടത്രേ അതിനോടുള്ള ചേൎച്ചയെ നന്ന കുറെച്ചു കളഞ്ഞതു.

1) മിസ്രക്കാരുടെ കൊമ്മകളിലും ഓൎമ്മയെഴുത്തുകളിലും ഏകദേശം 2000 വൎഷം ക്രി. മു. ആ നാട്ടിൽ നടപ്പായ നായാട്ടുനായ്ക്കൾ വരെച്ചു കിടക്കുന്നു. അതിൽ ഒന്നു നമ്മുടെ ചിത്രം കാണിക്കുന്ന അറവി കെട്ടിലേ (Arabia) ചുണങ്കിനായി (grey-hound) തന്നേ. അന്നും ഇന്നും ഉള്ളതിന്നു രൂപഭേദം ഏറയില്ല (Calw Bibl. Nat. Hist.) എസ്കിമോക്കാരുടെ നായ്ക്കളെ കൊണ്ടു കേ. III., 4 പറഞ്ഞുവല്ലോ. 2) Hippocrates, Plinius (v. Schubert III.). 3) Anubis (Eadie, Bibl. Cycl.) ൨ മോശെ ൧൧, ൭ പ്രകാരം യഹോവാ നായ്ക്കളുടെ കടിഞ്ഞൂലായതിനെയും മിസ്രനാട്ടിൽ കൊല്ലിച്ചതിൽ ഒരു ശിക്ഷ അടങ്ങുന്നു. 4) കാരർ, ലക്കെദെമോന്യർ, മക്കെദോന്യർ മുതലായവർ (Lange XIV., 752). യശായ 66, 3. "ഓരാട്ടിൻ കുട്ടി ബലി കഴിക്കുന്നവൻ ഒരു നായിനെ കഴുത്തറുത്തു കളയുന്നതു പോലെ" എന്ന വേദവചനം ചില പുറജാതികളിൽ നടന്ന ആ സമ്പ്രദായത്തെ സൂചിപ്പിക്കുന്നതു കൂടാതെ മശീഹ വന്ന ശേഷം ഏതു മൃഗബലി എങ്കിലും യഹോവെക്കു അറെപ്പാകുന്നു, ആകയാൽ മനംതിരിഞ്ഞു ദൈവരക്ഷയെ കൈക്കൊള്ളേണം എന്നറിയിക്കുന്നു.

ഇസ്രയേൽ മരുഭൂമിയിൽ പ്രയാണം ചെയ്തപ്പോൾ നായ്ക്കളും കൂടെ പോന്നു[1]. യോബിന്റെ കാലത്തിൽ നായ്ക്കളെ കൊണ്ടു ആട്ടിങ്കൂട്ടങ്ങളെയും ഭവനങ്ങളെയും കാപ്പിച്ചപ്രകാരം അറിവുണ്ടു[2]. വീട്ടുകാവൽ ചെയ്യുന്ന നായ്ക്കളെ സൂചിപ്പിച്ചു യശായ പ്രവാചകൻ ജാഗ്രതയില്ലാത്ത ബോധകന്മാരെ യഹോവാനാമത്തിൽ ശാസിക്കുന്നതിവ്വണ്ണം: അവർ എല്ലാവരും ഊമനായ്ക്കൾ. അവൎക്കു കുരെപ്പാൻ വഹിയാതിരുന്നു; അവർ ഉറങ്ങി കിടന്നു ഉറങ്ങുവാൻ സ്നേഹിക്കുന്നു. അത്രയുമല്ല അവർ ഒരു നാളും തൃപ്തിപ്പെടാത്തവണ്ണം അത്യാഗ്രഹമുള്ള നായ്ക്കൾ എന്നത്രെ[3].

ഇസ്രയേലർ മക്കാബ്യരുടെ കാലം തൊട്ടു യവനർ നായ്ക്കളെ കൂടെ നടത്തിയ മൎയ്യാദയെ അംഗീകരിച്ചു എങ്കിലും[4] പണ്ടു അവറെറ വീട്ടുകളിൽ പാൎപ്പിച്ച പ്രകാരം കാണ്മാൻ ഇല്ല. ഇപ്പോൾ മുഹമ്മദീയരും വിശേഷിച്ചു തുൎക്കരും പാൎക്കുന്ന നഗരങ്ങളിൽ നായ്ക്കൾ കൂട്ടമായി യജമാനൻ ഇല്ലാതെ അലയുന്ന പ്രകാരം യഹൂദരുടെ തറഗ്രാമങ്ങളിൽ അപ്പോൾ ഉണ്ടായിരുന്നു. കാഞ്ഞു വളൎന്നു വിശക്കുന്ന നായ്ക്കൾ ഓരിയിട്ടും ഊളിയും കൊണ്ടു തെരുവീഥികളിൽ പാഞ്ഞുഴന്നു[5] വിടക്കു കുപ്പി പറിച്ചും കുപ്പമാന്തികിളെച്ചും ചാടിയ ഉച്ഛിഷ്ടങ്ങളും തിന്നുംകൊണ്ടു നടക്കാറുണ്ടു.

ഇതിനാൽ തന്നെയല്ല പോൎക്കളത്തിൽ പട്ടുപോയവരെയും മരണശിക്ഷെക്കു വധിച്ചവരുടെ ശവങ്ങളെയും തിന്നതുകൊണ്ടു ആ നായ്ക്കൾക്കു മൃഗഭാവം പെരുകി വരുന്നു. ദൈവത്തിന്നു വിരോധമായി നടക്കുന്നവരുടെ ശവം ക്രമമായി അടക്കം ചെയ്യപ്പെടാതെ നായ്ക്കൾക്കിരയായ്തീരുന്നതു വലിയൊരു ശിക്ഷ[6]. ബ്രൂസ് എന്ന സഞ്ചാരി പറയുന്നതാവിതു: ഞാൻ അബെസ്സീനയിൽ ഇരുന്ന സമയം ഉള്ള കലഹത്തിൽ രാജാവു കലഹക്കാരെ കൊന്നു തുണ്ടിച്ചു കുഴിച്ചിടുവാൻ സമ്മതിക്കാതെ തെരുവീഥികളിൽ ചിതറിയിടുവിച്ചപ്പോൾ പണിക്കാരുടെ സൂക്ഷ്മക്കേടിനാൽ തെററിയ എന്റെ നായാട്ടുനായ്ക്കൾ മനുഷ്യന്റെ തലയും കൈത്തണ്ടയും ഇഴെച്ചു കൊണ്ടു വരുന്നതു കണ്ടിട്ടു ഞാൻ അഴിനിലയോളം വിഷാദിച്ചു പോയി എന്റെ നായ്ക്കളെ തടുക്കാവുന്നതല്ലായ്കകൊണ്ടു ഞാൻ

1) ൨ മോശെ ൨൨, ൩൧. 2) ഇയ്യോബ് ൩൦, ൧. "ആട്ടുനായ്ക്കൾ". 3) യശായ ൫൬, ൧൦. ൧൧. 4) മത്തായി ൧൫, ൨൬; ലൂക്ക ൧൬, ൨൧; തൊബിയാ എന്ന തള്ളാഗമം (Apocrypha) ൧൧, ൪ കൂട കൊണ്ടു പോയ നായി യാത്രക്കാരുടെ വരവു അറിയിക്കത്തക്കവണ്ണം മുന്നോടി വാലാട്ടി തെളിഞ്ഞ ഭാവം കാണിച്ചു എന്നു വായിക്കാം. 5) സങ്കീൎത്തനം ൫൯, ൬; ൭, ൧൪, ൧൫. സന്ധ്യെക്കു അവർ മടങ്ങി നായി പോലേ കുരെച്ചു പട്ടണം ചുററി നടക്കും. തീനിന്നായി അലകയും തൃപ്തിവരാഞ്ഞിട്ടും രാപാൎക്കയും ചെയ്യും എന്നു ദാവീദ് തന്റെ ദുഷ്ട എതിരാളികളെ കൊണ്ടു പറയുന്നു. 6) യിറമിയ ൧൫, ൩ കൊന്നുകളവാൻ വാളിനെയും ചീന്തുവാൻ നായ്ക്കളെയും . . . . യഹോവ അനുസരണമില്ലാത്ത യഹൂദരുടെ മേൽ വരുത്തും. രാജാ. ൧൪, ൧൧. യരൊബോവാമിന്റെ സന്തതിയിൽനിന്നു പട്ടണത്തിൽ മരിക്കുന്നവനെ നായ്ക്കൾ തിന്നും; ൧൬, ൪; ൨൧, ൨൩; ൨൨, ൩൮ നായ്ക്കൾ അഹാബിന്റെ രക്തം നക്കി; ൨ രാജാ. ൯, ൩൫. യജബേലേ നായ്ക്കൾ മണ്ട കൈ കാൽ തളിരൊഴികെ തിന്നു കളഞ്ഞു.

അവറെറ കൊന്നുകളഞ്ഞു. നഗരത്തിൽ ഉളവായ പേനാററത്താൽ കഴുതപ്പുലികൾ മലകളിൽനിന്നു ഇറങ്ങിവന്നു[1]. ശവങ്ങളെ തൊടുവാൻ അഞ്ചാത നായ്ക്കൾ ജീവനുള്ള മനുഷ്യരോടു എതിരിടുവാൻ ശങ്കിക്കുന്നില്ല[2]. ആകയാൽ അതിനോടിടപെടുവാൻ സൂക്ഷിച്ചു കൊള്ളേണ്ടതു[3]. നായുടെ അശുദ്ധി പ്രസിദ്ധമാക കൊണ്ടു കാട്ടുമൃഗങ്ങൾ ചീന്തിയതിന്റെ മാംസം മനുഷ്യനു അല്ല നായ്ക്കൾക്കേ കൊള്ളാവു[4]. അതു പോലേ ശുദ്ധ ബലിമാംസത്തെ ശുദ്ധമുള്ളവർ ഭക്ഷിക്കയോ[5] ശേഷിക്കുന്നതു പെസഹാ പോലെയും മററും[6] ചുട്ടുകളകയോ അല്ലാതെ എവ്വിധത്തിലും നായ്ക്കൾക്കു കൊടുക്കാവതല്ല എന്നു വെച്ചു വിശുദ്ധത്തെ (വിശുദ്ധമുള്ളതിനെ) നായ്ക്കൾക്കു കൊടുക്കല്ല[7] എന്നു കൎത്താവു കല്പിച്ചതിൽ നായ്ഭാവമുള്ളവൎക്കു സ്വൎഗ്ഗരാജ്യത്തിന്റെ മൎമ്മത്തെ കേൾപ്പിക്കരുതു എന്നു കാണിക്കുന്നു. അപ്രകാരം തന്നെ ഇസ്രയേലൎക്കു തൃപ്തിയാവോളം സുവിശേഷം അറിയിക്കുന്നതിന്നു മുമ്പെ അതിനെ നായുടെ അശുദ്ധിയോടിരിക്കുന്ന ശേഷം ജാതികളോടു അറിയിക്കരുതു എന്നു കൎത്താവു അരുളിയിരിക്കുന്നു[8]. നായി ഇങ്ങനെ ശുദ്ധാശുദ്ധഭേദം വെക്കാതെ തുക്കിപ്പെറുക്കി നടക്കുന്നതു കൊണ്ടും കൊടുമശീലം കാണിക്കുന്നതു കൊണ്ടും പലവിധത്തിൽ പഴഞ്ചൊല്ലായി പോയതു ആശ്ചൎയ്യമല്ല. ഗൊലിയാഥ് കവിണയോടു കൂട തന്നെ കൊള്ള വന്ന ദാവീദിനോടു “ഞാൻ ഒരു നായോ” എന്നു വെറുപ്പോടും ദാവീദ് തന്നെ പിന്തേറുന്ന ശവുലോടു “ഞാൻ ഒരു ചത്ത നായോ” എന്നു ക്ലേശവിനയത്തോടും ചോദിക്കുന്നു[9]. നായി കക്കിയതിനെ തിന്നുന്നതുകൊണ്ടു നായി ഛൎദ്ദിച്ചതിലേക്കു തിരിയും പോലേ മൂഢൻ തന്റെ ഭോഷത്വം ആവൎത്തിക്കുന്നു എന്ന സദൃശവാക്യപ്രകാരം[10] കൎത്താവും രക്ഷിതാവും ആയ യേശു ക്രിസ്തന്റെ പരിജ്ഞാനത്താൽ ലോകത്തിൻ മലിനതകളെ വിട്ടോടിയവർ അവററിൽ വീണ്ടും കുടുങ്ങി തോററു പോയാൽ അവൎക്കു മുമ്പിനേക്കാൾ പിമ്പു അധികം വഷളായി പോയതുകൊണ്ടു അവരുടെ കാൎയ്യം കക്കിയതു തിന്നുന്ന നായ്ക്കു എന്ന പോലേ സംഭവിച്ചു[11] എന്നു തന്നെയല്ല അശുദ്ധമുള്ള മനുഷ്യൎക്കു അവരുടെ കൊള്ളരുതാത്ത ഭാവം നിമിത്തം നായി എന്ന പേരിനെ തന്നെ പരിശുദ്ധനായ ദൈവാത്മാവു കൊള്ളിച്ചിരിക്കുന്നു[12].

മുഹമ്മദീയർ യഹൂദരിൽനിന്നു നായുടെ നേരെയുള്ള നീരസത്തെ

---

1) Bruce (Eadie, Bibl. Cycl.). 2) അവർ ഹിംസകന്മാരുടെ പ്രതിബിംബം. സങ്കീൎത്തനം ൨൨, ൧൭ നായ്ക്കൾ എന്നെ ചുററി എന്നുണ്ടല്ലോ. 3) നായുടെ ചെവികളെ പിടിക്കുന്നതു കടക്കുമ്പോൾ തനിക്കില്ലാത്ത വണക്കത്തിൽ ചൊടിക്കുന്നവൻ സദൃശം ൨൬, ൧൭. 4) ൨ മോശെ ൨൨, ൩൧. 5) ൩ മോശെ ൨൨, ൨—൭. 6) ൨ മോശെ ൧൨, ൧൦. 7) മത്തായി ൭, ൬. 8) മത്തായി ൧൫, ൨൬. 9) ൧ ശമു. ൧൭, ൪൩; ൨൪, ൧൫. (൨ ശമു. ൯, ൮). 10) സദൃശങ്ങൾ ൨൬, ൧൧. 11) ൨ പേത്രൻ ൨, ൨൦—൨൨. 12) ഫിലിപ്പർ ൩, ൨; വെളി. ൨൨, ൧൫.

 പകത്തേട്ടത്തതിനാൽ അവർ നായ്ക്കളെ പോററാതെയും തങ്ങളോട്ട അടുത്തു വരുവാൻ സമ്മതിക്കാതെയും ഇരിക്കുന്നതുകൊണ്ടു തുൎക്കർ തങ്ങൾ വെറുക്കുന്ന ക്രിസ്ത്യാനരെ എപ്പോഴും ഈ നാട്ടിലേ മാപ്പിള്ളമാരിൽ പലരോ ചെറിയ ഹേതുവിന്നും തമ്മിലും മററവരെയും ആ പേരിനാൽ നാണം കെടുക്കയും ചിലരും ഈ കൊള്ളരുതാത്ത വാവിഷ്ഠാനത്തെ കേട്ടു പ്രയോഗിക്കയും ചെയ്യുന്നു. എന്നാൽ ദൈവസാദൃശ്യപ്രകാരം സൃഷ്ടനായ മനുഷ്യനെ നായെന്നും നായിന്റെ മോനെന്നും വിളിക്കരുതെന്നും ആ വാവിഷ്ഠാനം മനുഷ്യന്നു തീണ്ടൽ വരുത്തുന്നു എന്നു കേരളോപകാരി വായനക്കാൎക്കു പറവാൻ ആവശ്യമില്ലെങ്കിലും ആ ചീത്ത വാക്കിന്റെ പ്രയോഗത്തെ കേട്ടാൽ അതിന്നു അമൎച്ചയെ വരുത്തേണ്ടതിന്നു അപേക്ഷിപ്പാൻ അനുവാദം ഉണ്ടല്ലോ. സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിച്ചു നിലനില്പാൻ ഇച്ഛിക്കുന്നവൻ ദൈവം പരിശുദ്ധൻ ആകും പോലേ തന്നെ എപ്പോഴെപ്പോഴും അശുദ്ധി മലിനതകളിൽനിന്നു ശുദ്ധീകരിക്കുന്നു എന്നു നാം ഒരിക്കലും മറക്കരുതേ.

WHAT IS HINDUISM?
ഹിന്തുമതമെന്തു?

II. വേദങ്ങൾ.

ഹിന്തുമതഗ്രന്ഥങ്ങളിലെല്ലാം അത്യന്തം പുരാതനമായതു നാലു വേദങ്ങൾ തന്നെ. അവററിലേ ഉപദേശങ്ങൾ ആവിതു:

1. വിശേഷാൽ വഴിപ്പെടേണ്ടിയ ദേവന്മാർ.

൧. അഷ്ടദിക്പാലകർ. അവരാർ എന്നാൽ കിഴക്കേദിക്കു പാലിക്കുന്നവനും ഗ്രഹമണ്ഡലാധിപനും ഭൂതാദികൾക്കു അധിപതിയും ആയ ഇന്ദ്രൻ. തെക്കുകിഴക്കു ദിക്പാലകനും തീയുടയവനുമായ അഗ്നി. തെക്കേദിക്കിനെ പരിപാലിക്കുന്നവനും പാതാളനാഥനുമായ യമൻ. തെക്കു പടിഞ്ഞാറെ ദിക്കിനെ പാലിക്കുന്ന നിറൃതി. പടിഞ്ഞാറു പാലകനും മേഘനാഥനുമായ വരുണൻ. വടക്കുപടിഞ്ഞാറു ദിക്കിനെ രക്ഷിക്കുന്നവനും കാററുദേവനുമായ വായു. വടക്കേ ദിക്കു പാലിക്കുന്നവനും ധനാധിപതിയുമായ കുബേരൻ. വടക്കുകിഴക്കേദിക്പാലകനായ ഈശാനൻ എന്നിവരത്രെ. ൨. നവഗ്രഹങ്ങൾ—ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി, രാഹു, കേതു എന്നിവയാകുന്നു. ൩. ഇരുപത്തേഴ നക്ഷത്രങ്ങൾ—അവയാവിതു: അശ്വതി ഭരണി കാൎത്തിക രോഹിണി മകയിരം തിരുവാതിര പുണൎതം പൂയം ആയില്യം മകം പൂരം ഉത്രം അത്തം ചിത്ര ചോതി വിശാഖം അനിഴം തൃക്കേട്ട മൂലം പൂരാടം ഉത്രാടം തിരുവോണം അവിട്ടം ചതയം പൂരുരുട്ടാതി ഉത്രട്ടാതി രേവതി. (ചന്ദ്ര

പാതയിൽ 24 നക്ഷത്രങ്ങൾ മാത്രമിരിക്കേ ഹിന്തുക്കൾ 27 എന്നു കണക്കു കൂട്ടുന്നു). ൫. പഞ്ചഭൂതങ്ങൾ — മണ്ണു വെള്ളം തീ കാററു ആകാശം എന്നിവ തന്നെ.

2. കഴിക്കേണ്ടുന്ന ആരാധനകൾ.

൧. ബലി. കുതിരയേ അൎപ്പിക്കുന്ന അശ്വമേധം തന്നെ അതിശ്രേഷ്ഠമായ ബലി എന്നു വേദങ്ങളിൽ പറഞ്ഞിരിക്കുന്നു. ഈ ബലിയോടു കൂടനെയ്യും സോമച്ചെടിയുടെ രസമായ സോമപാനവും നിവേദിച്ചു പോന്നു. സോമപാനത്തിൽ ഒരംശം യാഗാഗ്നിയിൽ പകരുകയോ കുശയെന്നും ദൎഭയെന്നും ചൊല്ലുന്ന യാഗപ്പുല്ലിൽ ഒഴിച്ചു ഹോമിക്കയോ ചെയ്തശേഷം കൎമ്മികൾ നിൎമ്മാല്യ സോമത്തെ കുടിക്കുകയും ചെയ്തു. ൨. സ്തോത്രം വണങ്ങുന്ന ദേവന്മാരുടെ മഹത്വം ദയ വലിപ്പം ദേഹസൌന്ദൎയ്യം എന്നിവ ചൊല്ലി സ്തുതിക്ക തന്നെ. ൩. ജപം — ദീൎഘായുസ്സ പുത്രസന്താനം ആഹാരം ധനം സമ്പത്തു കന്നുകാലികൾ കുതിരകൾ ശത്രുജയം എന്നിവക്കായപേക്ഷിക്ക. എല്ലാജപങ്ങളിൽ അത്യന്തം വിശിഷ്ടമായതു ഗായത്രിമന്ത്രം തന്നെ. ആയതിപ്രകാരം: ഓം ഭൂൎഭുവസ്വഃ തത്സവിതുൎവ്വരേണ്യം ഭൎഗ്ഗോ ദേവസ്യ ധീമഹി ധിയോ യോ നഃ പ്രചോദയാൽ. അതായതു ഓം ഭൂവാകാശസ്വൎഗ്ഗങ്ങളെ! ഒളിവേറിയ കതിരോന്റെ വന്ദ്യമായ വെളിച്ചത്തെ ഞങ്ങൾ ധ്യാനിക്കുന്നു. ആയതു ഞങ്ങളുടെ അന്തക്കരണങ്ങളെ പ്രകാശിപ്പിക്കട്ടേ എന്നത്രേ. വേദജപങ്ങൾ ഇന്നതെന്നു ഏവൎക്കും അറിവാന്തക്കവണ്ണം അവററിൽ ഒന്നു മാതിരിയായായിട്ടു കീഴിൽ പൊരുൾ തിരിച്ചെഴുതുന്നതാവിതു:

ഇന്ദ്രവണക്കം.

(ഋഗ്വേദം ൧ാം അഷ്ടകം ൧ാം അദ്ധ്യായം, ൩ാം അനുവാകം ൨ാം സൂക്തത്തിൽനിന്നു).

1. ഇന്ദ്രനേ! വരിക, ഈ നിവേദ്യങ്ങളെയും സോമപാനത്തെയും നീ ഉൾക്കൊണ്ടു വീരപരാക്രമനായി നിൻ ശത്രുക്കളെ ജയിച്ചടക്കുകേ വേണ്ടു. 2. സോമപാനത്തെ ഒരുക്കി മദമത്തമായ ആ പാനത്തെ വിനോദിച്ചിരിക്കുന്ന ഇന്ദ്രന്നു നിവേദിപ്പിൻ. അവനല്ലോ സകലവും ചെയ്വാൻ ആവതുള്ളവൻ. 3. അലങ്കാരത്താടിയുള്ള ഇന്ദ്രനേ? ഉത്സാഹമുള്ള ഈ പുകഴ്ചയെ നീ കൈക്കൊൾക. സൎവ്വമാനയോഗ്യനായ നീ വന്നു ഇക്കൎമ്മങ്ങളെ ഏററുകൊൾകേ വേണ്ടു. 4. അനുഗ്രഹം വൎഷിപ്പിക്കുന്നവനും ഭക്തവത്സലനമായ ഇന്ദ്രനേ! ഞാൻ ഉണൎത്തിക്കുന്നതു നിന്നോടത്രേ. എൻ സ്തുതികൾ എല്ലാം നീ കേട്ടിരിക്കുന്നു. അവററേ നീ അംഗീകരിക്കയും ചെയ്തുവല്ലോ. 5. ഇന്ദ്രനേ! നാനാവിധം വിലയേറിയ ദ്രവ്യങ്ങളെ ഞങ്ങളുടെ മുൻവെക്കുക. നിണക്കു നിറഞ്ഞു വഴിയുന്ന നിക്ഷേപങ്ങൾ ഉണ്ടല്ലോ. 6.

ഐശ്വൎയ്യമുള്ള ഇന്ദ്രനേ! ഞങ്ങൾ ജാഗ്രതയും കീൎത്തിയുമുള്ളവരാകയാൽ ഞങ്ങൾക്കു ദ്രവ്യ സമ്പാദ്യമുണ്ടാവാൻ ഈ കൎമ്മത്താൽ ഞങ്ങളെ ഉണൎത്തുക. 7. ഇന്ദ്രനേ! ആടുമാടു തുടങ്ങിയുള്ള സകല ജീവികളും ആഹാരദ്രവ്യങ്ങളും അനവധി ഉണ്ടാവാൻ തക്ക ഐശ്വൎയ്യത്തെ അനവധിയായും ധാരാളമായും നൽകേണമേ. 8. ഇന്ദ്രനേ! ഞങ്ങൾക്കു വിശ്രുതിയും മഹാസമ്പത്തും അനേകായിരം വഴികളായി വളൎത്തിത്തരികയും നിലങ്ങളിൽനിന്നു ഭക്ഷണദ്രവ്യങ്ങളെ വണ്ടിയിൽ നിറച്ചു കൊണ്ടുവരുവാൻ സംഗതി വരുത്തുകയും ചെയ്ക. 9. ധനാധിപതിയും വേദഗീതങ്ങളുടെ പൊരുളും യാഗശാലയിൽ എഴുന്നരുളുന്നവനുമായ ഇന്ദ്രനേ! നിന്നെ പുകഴ്ത്തി ഞങ്ങളുടെ ദ്രവ്യസംരക്ഷണക്കായി നിന്നോടപേക്ഷിക്കുന്നു. 10. അക്കിത്തിരി സോമപാനത്തെ മാറി മാറിപ്പുകന്നു നിത്യവാസസ്ഥലത്തിൽ പാൎക്കുന്ന പരാക്രമിയായ ഇന്ദ്രന്റെ മഹാവീൎയ്യധൈൎയ്യങ്ങളെ പുകഴ്ത്തുന്നു.

ഹിന്തുക്കൾ പോററിപ്പുകഴുന്ന വേദത്തിൻ ഉൾഉറപ്പൊരുൾ ഇപ്രകാരമുള്ളതല്ലാതെ മറെറാന്നുമല്ല. ഇങ്ങിനെയുള്ള ഗ്രന്ഥങ്ങളാൽ എന്തൊരറിവു സാധിക്കും? ഇങ്ങിനത്ത ജപങ്ങളാൽ വരുന്നലാഭമെന്തു? ഇനി ക്രിസ്തീയ മതഗ്രന്ഥമായ സത്യവേദപുസ്തകത്തിൽനിന്നു ഒരു സങ്കീൎത്തനത്തെ എടുത്തു കാണിക്കാം. സത്യവേദമഹിമകളും മേന്മകളും മുമ്പാകെ ഋഗ്വേദം മഹാനിഷ്ഫലവും വ്യൎത്ഥവുമത്രെ എന്നു ഈ രണ്ടിനേയും ഒത്തു നോക്കുന്നതിനാൽ അറിയാം.

ഏകദൈവമായ യഹോവാവണക്കം.

(സങ്കീൎത്തനം 139, 1—12. 23. 24.)

൧. യഹോവെ നീ എന്നെ ആരാഞ്ഞ് അറിഞ്ഞിരിക്കുന്നു. എൻ ഇ
രിപ്പും എഴുനീല്പും നീയേ അറിയുന്നു. ൨. എൻ അഭിപ്രായത്തെ ദൂരത്തു
നിന്നു ബോധിക്കുന്നു. ൩. എൻ പാതയും കിടപ്പും നീ ചേറിക്കണ്ടു എ
ന്റെ എല്ലാ വഴികളിലും പരിചയിച്ചിരിക്കുന്നു. ൪. യഹോവേ കണ്ടാലും
നീ മുററും അറിയാത്ത ഒരു മൊഴിയും എൻ നാവിലില്ലല്ലോ. ൫. നീ മു
മ്പും പിമ്പും എന്നെ തിക്കി നിൻ കരം എന്മേൽ വെച്ചിരിക്കുന്നു. ൬. ഈ
അറിവ് എനിക്കു അത്യത്ഭുതവും എനിക്ക് എത്തിക്കൂടാത്ത ഉയരവും ആ
കുന്നു. ൭. നിന്റെ ആത്മാവിൽനിന്നു ഞാൻ എവിടെ പോവു തിരുമുഖ
ത്തെ വിട്ട് എവിടേക്കു മണ്ടും. ൮. സ്വൎഗ്ഗം ഞാൻ ആരോഹിച്ചാലും നീ
അവിടെ (ഉണ്ടു) പാതാളത്തെ കിടക്കയാക്കിയാലും നീ അതാ. ൯. ഞാൻ
അരുണോദയ ചിറകുകളെ എടുത്തു കടലറുതിയിൽ കുടിയിരുന്നാലും, ൰.
അവിടെയും തൃക്കൈ എന്നെ നടത്തും നിൻ വലങ്കൈ എന്നെ പിടിക്കും.
൰൧. ഇരിട്ടെങ്കിലും എന്നെ ചതെക്കും എന്നു പറഞ്ഞാലും രാത്രി എന്റെ
ചുററും വെളിച്ചം (ആകും). ൰൨. അന്ധകാരം നിണക്ക് ഇരുട്ടാക്കുന്നില്ല

രാത്രി പകൽ കണക്കേ പ്രകാശിപ്പിക്കും, ഇരുളും വെളിച്ചവും ഒരു പോലെ അത്രേ. ൨൩. ദേവനേ എന്നെ ആരാഞ്ഞു എൻ ഹൃദയത്തെ അറിഞ്ഞുകൊൾക, എന്നെ ശോധന ചെയ്തു എൻ ചഞ്ചലഭാവങ്ങളെ അറിയേണമേ. ൨൪. എന്നിൽ വ്യസനത്തിന്നുള്ള വഴിയോ എന്നു നോക്കി നിത്യമാൎഗ്ഗത്തിൽ എന്നെ നടത്തേണമേ.

ഒടുക്കം ജനിക്കുന്ന സംശയമാവിതു: ഹിന്തുക്കൾ പറയും പ്രകാരം വേദങ്ങൾ അത്രേ അവരുടെ മതത്തിന്നു ആധാരം എന്നു വന്നാൽ ഇക്കാലത്തിൽ അവർ ആയതു പ്രമാണിക്കാതെ അവററിന്നെതിരേ മററനേക ദേവന്മാരെ വണങ്ങുവാൻ സംഗതി എന്തു?

* † *

CHRIST WALKING ON THE SEA.
മശിഹാ കടലിന്മേൽ നടന്നതു.

ഖമാജിരാഗം. പല്ലവം. ആദിതാളം.

പാരിതിനധിപതി മശിഹപുരാൻ
തിരുബലമതിശയം — പാരിതിൻ

അനുപല്ലവം.

കാരണപരൻപരി — പൂരണഗിരബല — രീ-രീ-രീ
കത്തനേശുസലി — ലത്തിന്മേൽ നടന്നാൻ — പാരിതി.

ചരണങ്ങൾ.

പെരുത്തുയരത്തിലുരുണ്ടിരെഞ്ഞുമറിഞ്ഞതിരമാല — ശാന്തം
ഭീതിപൂണ്ടു ധരിച്ചടങ്ങിയതു തൻഗിര വേല
ഇരെഞ്ഞു പാരം വാരിധി — ഉറെച്ചു കാററടിച്ചപിൻ — രീ-രീ-രീ
ഈശനേശുജല — രാശിമേൽ എഴുന്നുടൻ — പാരിതി.

൨.

പടകിൽ കയറിതിരു — ഭടർ കടൽനടുവിലും ആയി — രാത്രൌ
പാരം ഏറി കടൽ — മാരുതം കഠിനം ആയി
ഞടുങ്ങി ഭടരും പട — കടയവരും പരരും— രീ-രീ-രീ
നാലുപാടും ഭയ — ത്താലെ കൺ തുറിച്ചഹ! — പാരിതി.

൩.

അതിഭയത്തോടു സരിൽ — പതിയതിലുഴന്നിതിയാമം — മൂന്നും
ആധിഭീതിബഹു — ധാ തിളെച്ചങ്ങകതാരിൽ

ക്ഷിതിപതിമശീഹതൻ — ഏറി കനിഞ്ഞവരോടു — രീ-രീ-രീ
ക്ഷേമശാന്തം അരു — ളാന്മതിന്നടുത്തുടൻ — പാരിതി.

൪.

ജലധരമതിലെഴുന്നരുളിയ മശീഹദേവേശൻ — ദൂരാൽ
ജലനിധിയതിൻ പുറത്തെഴുന്നരുളിവന്നതിവേഗം
കലങ്ങി പടകിലുള്ളോർ നിലവിളിച്ചുടൻ ബഹു — രീ-രീ-രീ
കാഴ്ചയിൻവിവരം — ആശ്ചര്യം അതിനവം — പാരിതി.

൫.

അടുത്തുപടകിനൊടു — കടലിൽ നടന്നു ജഗദീശൻ — വേഗം
അകററിൽ ഭയങ്കരങ്ങൾ ഗ്രഹിപ്പിൻ ഞാനെന്നരുളിച്ചെയ്യാൻ
ഉടനേ പേത്രൻ നടപ്പാൻ — കടലിൽ ചാടി ഇറങ്ങി — രീ-രീ-രീ
ഊററമേറും തിര — കാററും കണ്ടാണു പാരം — പാരിതി.

൬.

കരുണനിറെഞ്ഞ പരൻ — കരം കൊടുത്തുയർത്തി പത്രോസെ — പിന്നേ
കമലപാദം പടകിൽ — കമത്തി കയററി മഗനേയും
ഗരളമടങ്ങി ബഹു ത്വരിതം ഓടി പടക — രീ-രീ-രീ
കർത്തനേശൂം ഭക്ത — വത്സലം ഭജിപ്പിൻ — പാരിതി.

M. Walsalam.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ് ചരിത്രം.

(*Continued from No. 10, page 151.*)

പതിനേഴാം അദ്ധ്യായം.

ഇംഗ്ലന്തിൻെറ കലക്കം. (ക്രിസ്താബ്ദം **1625—1649** വരേ.)

ഒന്നാം ജേമ്സ് അന്തരിച്ച ശേഷം അവൻെറ പുത്രൻ രാജാസനം കരേറി ഒന്നാം ചാൾസ് എന്ന നാമത്തോടെ വാണു തുടങ്ങി. ഈ രാജാവിൻെറ കാലം ഉത്തമം എങ്കിലും മഹാസങ്കടമുള്ളതത്രേ. ആദ്യം തുടങ്ങി അന്ത്യംവരെ രാജാവും പ്രജകളും തങ്ങളിൽ പിണങ്ങി പോന്നു. പ്രജകൾ സ്വയംകൃതമായ രാജാധികാരത്തെ ബഹു വീൎയ്യത്തോടെ എതിരിട്ടതിനാൽ ഇംഗ്ലിഷ് രാജാക്കന്മാരുടെ ബലമഹത്വത്തിന്നും ജനങ്ങളുടെ സ്വാതന്ത്ര്യന്യായങ്ങൾക്കും ഒരു പുതിയ നിശ്ചയം ഉറെച്ചു വന്നു. അത്തൊഴിൽ രാജഹത്യാദോഷത്തെ രാജ്യത്തിൽ വരുത്തി എങ്കിലും അതു ബഹു നന്മകളുടെ ഉറവായി തീൎന്നു. ആ നാളുകളുടെ ദുഷ്കൃതത്തിൽനിന്നു ദൈവകരുണയാൽ ഗുണം ഉളവായി എങ്കിലും ദുഷ്കൃതം ഒരു നാളും സുകൃതമായി വരികയില്ല. നല്ലതു വരേണ്ടതിന്നു തിന്മതിനെ ചെയ്യുന്നതു ന്യായത്തിന്നു ശുദ്ധ വിപരീതമത്രേ. തങ്ങൾക്കു ദൈവത്താൽ നിയമിതമായ രാജാവിന്നു വിരോധമായി ജനങ്ങൾ മത്സരിച്ചതു ദുഷ്കൃതം എന്നേ വേണ്ടു. ആ ദുഷ്കൃതത്തിൽനിന്നു ഉത്ഭവിച്ച നന്മ ഇംഗ്ലീഷ്കാർ ഇന്നേയോളം അനുഭവിച്ചുവരുന്ന സ്വാതന്ത്ര്യത്തിലും സൌഭാഗ്യത്തിലും സമൃദ്ധിയിലും വിളങ്ങുന്നു.

ഒന്നാം ചാൾസിൻെറ കാലത്തിൽ സംഭവിച്ച കലക്കം അവൻെറ മരണത്താൽ അടങ്ങി എന്നു വിചാരിക്കരുതു. മത്സരം അവൻെറ രാജ്യാധി

പത്ത്യത്തിൻെറ ആരംഭത്തിൽ തുടങ്ങി എങ്കിലും ഇംഗ്ലിഷ്ക്കാർ മൂന്നാം വില്യമിനെ രാജാവാക്കി വരിക്കവോളം അതു അമൎന്നില്ല. ചാല്ലിൻെറ നീചനായ ഒന്നാം പുത്രൻെറ കാലത്തു ഇംഗ്ലന്തിൽ പടവെട്ടിയില്ലെന്നു വരികിലും, രണ്ടാം പുത്രൻ രാജാസനത്തെ വെടിഞ്ഞ നാൾ മുതൽ മാത്രം അന്തഃഛിദ്രത്തിൻെറ മൂലഭാവത്തിന്നു (principles) പൂൎണ്ണ സാഫല്യം പ്രാപിച്ചുള്ളൂ. അതുകൊണ്ടു ആ മൂന്നു രാജാക്കന്മാരുടെ കാലം ഒന്നാക്കി വിചാരിക്കപ്പെടേണം.

അന്നു ഇംഗ്ലിഷ്ജാതിയിൽ രണ്ടു ബലമുള്ള പരിഷകൾ ഉണ്ടു: രാജാവിനെ താങ്ങുന്ന നരപതിഭക്തർ (Royalists) അവനെ എതിരിടുന്ന പ്രജാവാഴ്ചപ്രിയർ (Republicans) എന്നിവർ തന്നെ. ഒന്നാം പരിഷ രാജാധികാരത്തെ രക്ഷിക്കേണം എന്നുവെച്ചു അവനു വേണ്ടി തങ്ങളുടെ സമയം ധനം ബലം എന്നിവററെ സൌജന്യമായി ചെലവഴിക്കും. രാജാവിൻെറ അനുഷ്ഠാനവും ശാഠ്യമനസ്സും നിമിത്തം അവർ പലപ്പോഴും ഖേദിച്ചു എങ്കിലും അനുസരണക്കേടു കാണിച്ചു അവൻെറ കല്പന വിരോധിക്കുന്നതു സ്വാമിദ്രോഹമത്രേ എന്നു അവർ നിശ്ചയിച്ചു. ചാല്സ്രാജാവിന്നു സ്വഭാവത്താൽ മഹിമയും നയശീലവും വളരെ ഉണ്ടാകകൊണ്ടു, അവർ അവനെ മനഃപൂൎവ്വതയോടെ മാനിച്ചു സ്നേഹിക്കയും, അവൻെറ കാൎയ്യം അബദ്ധമായാറെയും തളരാത്ത ശുഷ്കാന്തിയും താല്പൎയ്യവും കാട്ടി തുണെക്കയും ചെയ്യും. നരപതിഭക്തരായ മിക്കപേരും ധനപുഷ്ടിയുള്ള കുലോത്തമന്മാർ ആകകൊണ്ടു അവരുടെ അനുചാരികൾ (retainers) അവരോടു കൂടെ യുദ്ധത്തിന്നു പുറപ്പെടും. അതിൽ ഒരു വലിയ കൂട്ടം സുകൃതികളും ചീത്തത്തരപ്രവൃത്തികളെ വെറുക്കുന്നവരും ആയിരിക്കേ, മററവർ സുഖഭോഗലീലകളിലും പടവെട്ടലിലും മാത്രം രസിക്കുന്ന ഗൎവ്വികളും കലഹക്കാരുമായ ചേകവരത്രേ. പ്രജാവാഴ്ചപ്രിയർ രാജാവിനെ ചെറുത്തതു ഒരു മതഭ്രാന്തു എന്നീ മൂലഭാവം നിമിത്തം ആകുന്നു. ദൈവം നിയമിക്കയാൽ രാജാവു വാഴുന്നു എങ്കിലും അവൻ നന്നായി വാഴേണം, ദോഷമായി വാണു കൊണ്ടാൽ അതു സഹിക്കാവതല്ല നിഷിദ്ധമത്രേ. പ്രജാസംഘം മാത്രമല്ല രാജാവും കൂട രാജ്യധൎമ്മവെപ്പുകൾക്കു കീഴ്പെട്ടിരിക്കുന്നു. പ്രജകളുടെ സ്വാതന്ത്ര്യന്യായങ്ങളെ പൊളിച്ചുകളവാൻ അല്ല അവററെ രക്ഷിച്ചു നടത്തിപ്പാനായി രാജാവിന്നു ഉദ്യോഗം ലഭിച്ചു. ആകയാൽ രാജാവു പ്രജകളുടെ ന്യായങ്ങളെ തൃണീകരിച്ചു അവരുടെ സ്ഥാനാപതികളെ (representatives) അതിക്രമിക്കുന്നെങ്കിൽ അവൻെറ നേരെ പടവെട്ടുന്നതു ആവശ്യം തന്നെ. രാജാധികാരം പൌരാണികമാകുന്നു എങ്കിലും അതിനേക്കാൾ പൌരാണികം പ്രജാവാഴ്ചയത്രെ. രാജാധികാരം ദുഷിച്ചുപോയാൽ അതിനെ നീക്കി പ്രജകൾ ഒക്കത്തക്ക വാഴുന്നതു ഏറെ നല്ലൂ എന്നത്രേ പ്രജാവാഴ്ചപ്രിയരുടെ ഉപദേശം.

എന്നാൽ രാജ്യകാൎയ്യം മാത്രമല്ല മതകാൎയ്യവും കൂടെ തൎക്കത്തിന്റെ ഒരു ഹേതുവായി തീൎന്നു. ഇംഗ്ലിഷ് സഭക്കാർ മിക്കതും രാജാവിന്റെ പക്ഷം എടുത്തു. ആ സഭയിൽനിന്നു പിരിഞ്ഞവരോ അവനെ എതിൎക്കും. പുരിതാനർ കുറയക്കാലമായി രാജ്യത്തിൽ പെരുകി ഉന്നതി പ്രാപിച്ചു, ഇംഗ്ലിഷ് സഭയുടെ ആചാരക്രമങ്ങൾ ദൈവവചനത്തിന്നു വിരോധം എന്നും അതിന്റെ വലിയ സ്ഥാനികളായ കോവിലകക്കാർ രോമസഭാതുല്യതയെ വരുത്തുവാൻ നോക്കി പാൎക്കുന്നതുകൊണ്ടു സത്യവിശ്വാസത്തിന്നു ഭംഗം വരുവാറായി എന്നും അവർ നിരൂപിച്ചു. രാജാനുചാരികൾ ഇംഗ്ലിഷ് സഭ ചൊല്ലി പൊരുതുന്നതിൽ മിക്കപേർ നേരുള്ളവരത്രേ. സഭയുടെ ശുദ്ധീകരണത്തിന്നു വേണ്ടി ഞങ്ങൾ കലഹിക്കുന്നു എന്നു പുരിതാനർ പലരും പറഞ്ഞതിൽ വ്യാജം ഉണ്ടായാലും, അവരുടെ ഒരു വലിയ കൂട്ടം ദൈവവചനത്തേയും വാളിനേയും ഒരു പോലെ പ്രയോഗിപ്പാൻ അറിയും. നരപതിഭക്തർ വിശുദ്ധസ്ഥലങ്ങളേയും ശുദ്ധവസ്തുക്കളേയും ഒരു പോലെ ബഹുമാനിക്കും. പുരിതാനർ പ്രാൎത്ഥനാഭവനത്തെ തുച്ഛീകരിച്ചു ബുദ്ധിഹീനരായി ആരാധനച്ചട്ടങ്ങളെ തള്ളി പലപ്പോഴം എല്ലാ ക്രമവും മാനഭാവവും ഉപേക്ഷിക്കയും ചെയ്യും.

ചാൎല്സ് രാജ്യം പ്രാപിച്ച ഉടനെ പരന്ത്രീസ്സ രാജാവിന്റെ അനുജത്തിയായ ഹെന്റ്രിയെത്ത മറിയ (Henrietta Maria) എന്ന കുമാരിയെ ക്രി. ആ. 1627 വേളികഴിച്ചു. അവൾ രോമമതക്കാരത്തിയും ഗൎവ്വശീലയും ആകകൊണ്ടു ആ വിവാഹം ഇംഗ്ലിഷ്ക്കാൎക്കു മഹാ അനിഷ്ടമത്രേ. പിന്നെ രാജാവു അച്ഛന്റെ സ്നേഹിതനായ ബക്കിംഗ്ഹംപ്രഭുവിനെ തോഴനാക്കി അവന്റെ ഉപദേശത്താൽ മുമ്പെ സ്പാന്യരുമായി തുടങ്ങിയ യുദ്ധം പുതുക്കിയതിനാൽ ശ്രീത്വം പ്രാപിച്ചില്ല താനും. ഒരിംഗ്ലിഷ് പടകപ്പൽ സമൂഹം സ്പാന്യരുടെ നേരെ ചെല്ലാതെ രാജനിയോഗത്താൽ പരന്ത്രീസ്സിലുള്ള രൊഷെല്ല് (Rochelle) എന്ന നഗരത്തിലേ പ്രൊതസ്തന്തരായ പ്രജകളെ അവിടത്തേ രാജാവിന്നു അധീനരാക്കുവാൻ സഹായിക്കകൊണ്ടു ഇംഗ്ലിഷ്കാർ തങ്ങളുടെ രാജാവോടു വളരെ കോപിച്ചു, നിരോധിച്ച രൊഷല്ല് കോട്ടയിൽ പാൎത്തിരുന്ന പ്രൊതസ്തന്തൎക്കു തുണെപ്പാൻ വേണ്ടി വേറെ ഒരു സൈന്യത്തെ അയപ്പതിന്നായി നിൎബ്ബന്ധിച്ചു. ഒരം സൈന്യത്തിന്റെ നായകൻ ബക്കിംഗ്ഹംപ്രഭു തന്നേ. അവൻ ഒന്നും സാധിക്കാതെ കുറഞ്ഞും ക്ഷീണിച്ചും പോയ സൈന്യത്തോടെ തിരിച്ചുവന്നപ്പോൾ മുമ്പെ തന്നെ നിരസിച്ച ജനങ്ങൾ അവനെ പകെച്ചു തുടങ്ങി. കുറയക്കാലം കഴിഞ്ഞിട്ടു പൊൎത്സ്മൌത്ത് (Portsmouth) എന്ന സ്ഥലത്തു വെച്ചു ആശാഭംഗനായ (disappointed) ഒരു പടനായകൻ എവരും വെറുത്തിരുന്ന ആ രാജതോഴനെ കുത്തി കൊന്നുകളഞ്ഞു. (ശേഷം പിന്നാലെ.)

A MEDITATION.
3. വേദധ്യാനം.

നിങ്ങളിൽ ആർ എന്നെ പാപം ചൊല്ലി ബോധം വരുത്തുന്നു? യോ. ൮, ൪൬.

ഈ ചോദ്യത്തെ യേശു തന്റെ ശത്രുക്കളോടു ധൈൎയ്യമായി കഴിച്ചതു. അവൻ അതിവിശുദ്ധനും നിൎമ്മലനും പാപത്തിൽനിന്നു വേൎവ്വിട്ടവനുമാകകൊണ്ടത്രെ ഇങ്ങനെ ചോദിപ്പാൻ തനിക്കു കഴിവുണ്ടായുള്ളു. യേശു പാപം ചെയ്തില്ല എന്നു തന്നെയല്ല ചതി മുതലായതു അവന്റെ വായിലും പാപകരമായയുള്ള യാതൊരു ചിന്ത ആലോചന ആഗ്രഹം എന്നിത്യാദികൾ പോലും മനസ്സിലും ഉണ്ടായിട്ടില്ല എന്നേ വേണ്ടു. തനിക്കും അവന്റെ ഭക്തൎക്കുമുള്ള വ്യത്യാസമാവിതു: ക്രിസ്തുഭക്തന്മാൎക്കു പുതു ജന്മത്തിൽ ലഭിച്ച ദിവ്യശക്തിയാലും പരിശുദ്ധാത്മാവിനാലും വാക്കുകളിലും ക്രിയകളിലും സ്ഥൂലപാപങ്ങളിൽനിന്നു ഒഴിഞ്ഞിരുന്നു അവയെ വെറുക്കയും ചെയ്യുന്നു. എങ്കിലും ഓരോരു സമയത്തു തങ്ങളുടെ ഇഷ്ടത്തിന്നു വിരോധമായി മനസ്സിൽ പൊങ്ങി വരുന്ന ഓരോ വേണ്ടാത ചിന്ത, മോഹം മുതലായവറ്റെ അശേഷം തടുത്തു ഇല്ലാതാക്കുവാൻ അവൎക്കു കഴികയില്ല. കൎത്താവായ യേശുവോ ഈ വകയിൽനിന്നു അശേഷം ഒഴിഞ്ഞവനായിരുന്നു. പരിശുദ്ധൻ എന്നും അല്ലോ അവന്നുണ്ടായ പേർ. പിശാചു, ലോകം, നിന്ദ, കഷ്ടം, പരിഹാസം, വിശപ്പു, ദാഹം, ഉപദ്രവം, ഹിംസ ഈ വകയാൽ പരീക്ഷിക്കപ്പെട്ടവനായിരുന്നു എങ്കിലും പാപത്താൽ നാം പരീക്ഷിക്കപ്പെടും പ്രകാരം പരീക്ഷിക്കപ്പെട്ടില്ല താനും. ക്രിസ്തൻ മനുഷ്യനായി അവതരിച്ചപ്പോൾ ജഡവും രക്തവും ഉള്ളവനായി തീൎന്നെങ്കിലും മനുഷ്യസ്വഭാവത്തിന്നു ആദ്യദോഷത്താൽ പററി വന്ന കുല അശുദ്ധി മുതലായതൊന്നും അവനിൽ പകൎന്നു വന്നില്ല. ഇങ്ങനെ താൻ പാപമില്ലാത്തവനാകകൊണ്ടു മനുഷ്യൎക്കു വേണ്ടി തന്മൂലമായി പ്രായശ്ചിത്തമുണ്ടാക്കുവാനും അവരെ ദൈവത്തോടു നിരപ്പിപ്പാനും മതിയായവൻ. ശേഷമുള്ള മനുഷ്യർ ലംഘനക്കാരും പാപം നിമിത്തം അധൎമ്മികളുമാകകൊണ്ടു അവരിൽ ആരും ഇതിന്നു മതിയാകുന്നില്ല. സങ്കീൎത്തനക്കാരൻ പറയുന്നിതു: തന്റെ സഹോദരനെ ആരും വീണ്ടെടുക്കയില്ല തനിക്കു മതിയായ പ്രായശ്ചിത്തവില ദൈവത്തിന്നു കൊടുക്കയുമില്ല. ൪൯, ൮. ഇതു സത്യം. ഇതു നിമിത്തം രക്ഷപ്പെടേണ്ടതിന്നു എന്തു ചെയ്യേണം എന്നു പരമാൎത്ഥമായി ചോദിക്കുന്നവനോടു ഞാൻ ധൈൎയ്യമായി പറയുന്നിതു: കൎത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിൻ ഗൃഹവും രക്ഷിക്കപ്പെടും. നടപ്പു. ൧൬, ൩൧.

യൎദ്ദനിൽ മുങ്ങി വന്നിതാ
പാപിക്കുൾ ഓരോ വൎഗ്ഗം;
മദ്ധ്യേ നില്ക്കുന്ന രക്ഷിതാ
ഹാ എന്തിന്നീ സംസൎഗ്ഗം?

അവരിൽ എത്ര മലമോ
അയോഗ്യ മോഹ പാപമോ
ഇവന്നത്രേയും പുണ്യം. (൭൪, ൧.)

J. M. F.

CORRESPONDENCE.

(Some essential rules of Prosody for the Composition of Lyric Poems.)

സിന്ധുപദ്യലക്ഷണം.

ശ്രീതിങ്ങും കേരളോപകാരി പത്രാധിപരവർകൾക്കു വന്ദനം. പല്ലവം, അനുപല്ലവം, ചരണങ്ങൾ എന്നീ ഭാഗങ്ങളുള്ള സകല പദ്യങ്ങളും "സിന്ധുപദ്യലക്ഷണം" എന്ന പ്രോക്തത്തെ അനുസരിച്ചു രചിതങ്ങളാകേണ്ടവയത്രെ. ശാസ്ത്രത്തിന്നും സൂത്രത്തിന്നും വിഗതമായി "സിന്ധുകവികൾ" പലരും ചമെച്ചരസിച്ചു പോകുന്ന പദ്യങ്ങളുടെ നവീകരണത്തെ കാംക്ഷിച്ചും പരസ്പര ഗുണാർത്ഥമായും ഞാൻ വെളിപ്പെടുത്തുന്ന ഈ വിധികൾക്കു താങ്കളുടെ പത്രികയിൽ അല്പം സ്ഥലം നല്കേണമെന്നു അപേക്ഷിക്കുന്നേൻ.

പല്ലവം, അനുപല്ലവം, ചരണം എന്നിവ മൂന്നും ഏകപ്രാസമായിരിക്കേണം. പാദങ്ങൾ തോറും, ആദ്യത്തിൽ പ്രാസവും മദ്ധ്യത്തിൽ ബന്ധാക്ഷരവും അന്തത്തിൽ ഘടനവും ആവർത്തിക്കേണം. ഇവയിൽ

പ്രാസം = ആദ്യക്ഷരങ്ങൾ മാത്രയിൽ സമമായും രണ്ടാമക്ഷരം ആവർത്തനമായും വരുന്നതാകുന്നു. ഉ-ം കീർത്തി, പൂർത്തി, ആർത്തി, ചാർത്തി, തീർത്തു (കർത്തൻ പ്രാസമല്ല).

ബന്ധാക്ഷരം = അ ആ ഐ ഔ + ഇ ഈ എ ഏ + ഉ ഊ ഒ ഓ + ച ഛ ജ ഝ ത ഥ ദ ധ സ ശ + ന ഞ + പ ഫ ബ ഭ + മ വ + ക ഖ ഗ ഘ ഹ. ഇവ ഓരോ ഗണങ്ങളിലും കാണുന്ന അക്ഷരങ്ങൾ ഒന്നോടൊന്നു ബന്ധാക്ഷരങ്ങൾ ആകുന്നു. ഇവയിൽ വ്യഞ്ജനങ്ങൾ ബന്ധുസ്വരങ്ങളോടു ചേർന്നു വരേണം.

ഘടനം = അന്ത്യപ്രാസം (പ്രാസം പോലെ തന്നെ) സാമാന്യം. മൂന്നു ചരണങ്ങൾ സിന്ധുപദ്യങ്ങൾക്കു വിധിക്കപ്പെട്ടിരിക്കുന്നു. ഒടുവിലെ രണ്ടു ചരണങ്ങളും പല്ലവത്തോടു യോജ്യതപ്പെട്ടു തന്നെ ഇരിക്കേണം.

ഇതിനെ പററി പിന്നാലെ ശേഷിച്ചതു പ്രസ്താവിക്കാം. "സ്വാതിതിരുനാൾ" മഹാരാജാവവർകൾ കല്പിച്ചുണ്ടാക്കിയ കീർത്തനങ്ങളിൽ ഈ വിധികൾക്കുദാഹരണങ്ങൾ തെളിവായി കണ്ടറിയാം.

A Patriot.

SUMMARY OF NEWS.

വർത്തമാനച്ചുരുക്കം.

I. RELIGIOUS RECORD വൈദികവർത്തമാനം.

സുമത്ര Sumatra.—മലക്ക അർദ്ധദ്വീപിന്റെ തെക്കു പടിഞ്ഞാറെ നീണ്ടു കിടക്കുന്നതും മലക്ക കൈവഴികൊണ്ടു മലക്കയിൽനിന്നു വേർപ്പെട്ടതുമായ സുമത്ര എന്ന ദ്വീപിന്റെ തെക്കു പാതി ലന്തക്കാർക്കും വടക്കു ക്രു അച്ചിയിലേ സുൽത്താന്നും കീഴ്പെട്ടിരിക്കുന്നു. സഹ്യമല ഭാരതഖണ്ഡത്തിന്റെ തെൻമുനയിൽ വടക്കുനിന്നു അല്പം കിഴക്കോട്ടു ചാഞ്ഞു തെക്കോട്ടു ചെല്ലുന്നതു പോലെ സുമത്ര ദ്വീപിന്റെ വടക്കു പടിഞ്ഞാറെ അററം തൊട്ടു തെക്കു കിഴക്കുള്ള അററത്തോളം ഒരു മലാമല ചെല്ലുന്നു. അതിന്നു സഹ്യാദ്രിയുടെ മൂവിരട്ടിച്ച ഉയരവും 16,000 അടി പൊക്കമുള്ള സിംഗല്ലങ്ങ് എന്ന കൊടുമുടിയും ഉണ്ടു. മലയാളത്തിൽ സഹ്യാദ്രി കടലിൽനിന്നു വാങ്ങി നില്ക്കുന്നതു പോലെ ആ മലകളും സുമത്രയുടെ തെക്കെ പടിഞ്ഞാറോട്ടു നീളുന്ന സുമത്രയുടെ കരയിൽനിന്നു വാങ്ങി നില്ക്കുന്നു. സുമത്രയിൽ സിംഹളദ്വീപു ഏഴു പ്രാവശ്യം അടങ്ങും. അതിൽ ഏകദേശം 8 കോടി മനുഷ്യരോളം പാർക്കുന്നു. അതിൽ മലായർ, ലമ്പൂനർ, രെജംഗർ, ചീനക്കാർ, യുരോപ്യർ എന്നവരും മലപ്രദേശത്തിൽ കാപ്പിരികളോടു സംബന്ധമായ ജാതികളും പാർക്കുന്നു. ഇവരുടെ പേർ ബത്തർ. അവർ ലന്തക്കാർ അടക്കാത്ത അച്ചിരാജ്യത്തിന്റെ തെക്കുള്ള മലപ്രദേശങ്ങളിൽ വൻകൂട്ടമായി പാർക്കുന്നു. ഏകദേശം 15 വർഷം മുമ്പെ ഗർമ്മാനനാട്ടിലുള്ള റൈൻ മിശ്ശൻ സംഘം (Rhenish Mission) ബോധകന്മാരെ അയച്ചു 11 മിശ്ശൻ സ്ഥാനങ്ങളെ ഉണ്ടാക്കി ഏറിയ അദ്ധ്വാനം കഴിച്ചു ആയിരം ബത്തരെ സ്നാനപ്പെടുത്തുകയും ചെയ്തു. ഈ ജാതിയുടെ വലിയ അംശം വടക്കോട്ടു കിടക്കുന്ന തോബാ പൊയ്കയുടെ വക്കത്തു കൂടി പാർക്കുന്നു. അഞ്ചെട്ടു വർഷങ്ങൾക്കു മുമ്പെ ചില ഗർമ്മാന ബോധകന്മാർ തങ്ങൾക്കു നേരിട്ട പ്രാണഭയത്തെ ക്രൂ

ട്ടാക്കാതെ ആ ജനങ്ങളെ ആദ്യം കണ്ടതിന്റെ
ശേഷം ഈയിടെ മാത്രം പുതിയ മിശ്ശൻ സ്ഥാ
നങ്ങളെ എടുപ്പിച്ചു. ഓരോ നാട്ടിലേ മലയാള
നായന്മാർ മുൻകാലത്തു തമ്മിൽ അങ്കം കുറ
ച്ചു വന്നതു പോലെ വാടികൾ കൊണ്ടു ഉറപ്പി
ച്ച തറകളിൽ പാൎക്കുന്ന ബത്തരും ഇടവിടാ
തെ തമ്മിൽ പട വെട്ടി വരുന്നു. ഇങ്ങനെ
1876ാമതിൽ തമ്മിൽ ഇടഞ്ഞു പോയ രണ്ടു ക
ക്ഷിക്കാരിൽ ഒരു പരിഷ അച്ചിസുല്ത്താനോടു
ഒരു തുണപ്പടയെ അപേക്ഷിച്ചു. വൈരാഗ്യ
മുള്ള മുഹമ്മദീയരും ലന്തക്കോയ്മയുടെ കടിപ്പ
കയരും ആയ അച്ചിക്കാർ വടക്കുള്ള ബത്ത
രിൽ പ്രാബല്യം കിട്ടിയ ഉടനെ തെക്കു പാ
ൎത്തു ക്രിസ്ത്യാനികൾ ആയി പോയ ബത്തരെ
ഭ്രമിപ്പിച്ചു മിശ്ശൻ സ്ഥാനങ്ങളെ ഇടിച്ചു ലന്ത
ൎക്കു കീഴ്പെട്ട നാട്ടിൽ കടക്കേണം എന്നു ഓങ്ങു
ന്നതു ലന്തക്കോയ്മ അറിഞ്ഞു ചില പടയാളിക
ളെ തോബാ നാട്ടിലേക്കു അയച്ചു സീലിൻദൊ
ങ്ങ് എന്ന ഉയൎന്ന താഴ്വരയിൽ പാൎക്കുന്ന ക്രി
സ്ത്യാനികൾക്കു ആയുധങ്ങളെ കൊടുത്തു. ബ
ഹൽ ബതു എന്ന ഏററവും വടക്കുള്ള മിശ്ശൻ
സ്ഥലങ്ങളിൽ ലന്തപ്പടയാളികൾ പാളയം ഇ
റങ്ങി അതിനെ ഉറപ്പിച്ചു വടക്കുനിന്നു വന്ന
ബത്തരെയും അച്ചിക്കാരെയും ചില പടക്കോ
ളിൽ ജയിച്ചു. ലന്തപ്പടയാളികൾ പോരായ്ക
യാൽ അവരുടെ കോയ്മ പുതിയ പടകളെ മാ
ൎച്ച് 1ാം൹ അയപ്പാൻ നിശ്ചയിച്ചു അവരെത്തു
വോളം ലന്തരുടെ ചെറിയ കൂട്ടവും അവരോ
ടു ചേൎന്ന നാട്ടുകാരായ ക്രിസ്ത്യാനികളും എതി
ൎത്തു നില്പാൻ കഴിവില്ലാഞ്ഞാൽ അവിടെയുള്ള
ക്രിസ്ത്യാനികൾക്കും സുവിശേഷവേലക്കാൎക്കും
വലിയ ആപത്തു പിണയും എന്നു ഭയപ്പെടു
വാൻ ഇട ഉണ്ടു. N. Ev. K. Z. 78, No. 19.

നവകലെദോന്യ New Caledonia.
കനക്കർ എന്ന ജാതി പാൎക്കുന്ന ഈ ദ്വീപിൽ
3564 നാടു കടത്തിയ ആളുകൾ ഉണ്ടു. അതിൽ
2768 രോമകത്തോലിക്കരും 311 സുവിശേഷ
ക്രിസ്ത്യാനരും 22 യഹൂദന്മാരും 83 മുസൽമന്ന
രും 356 വിഗ്രഹാരാധനക്കാരും ആകുന്നു. രോ
മകത്തോലിക്കസഭാപ്രമാണം ആകയാൽ സു
വിശേഷക്രിസ്ത്യാനർ ദൈവാരാധന കൂടാതെ
ഇരിക്കുന്നു. പരന്ത്രീസ്സ് കോയ്മയോടു ദ്രോഹി
ച്ച കനക്കരെ ഇതു വരെക്കും അവിടുത്തെ
സൈന്യത്തിന്നു ജയിച്ചടക്കുവാൻ കഴിവു വ
ന്നില്ല. N. Ev. K. Z. 1878, No. 51.

നവഗിനേയ New Guinea.—ലണ്ട
ൻ മിശ്ശൻ ബോധകനായ മൿഫാൎല്ൻ (Mac-
Farlane) നവഗിനേയ ദ്വീപിന്റെ തെക്കേ
അംശത്തിൽ മൂന്നു മിശ്ശൻ സ്ഥാനങ്ങളെ സ്ഥാ
പിച്ചു. തെക്കു കിഴക്കുള്ള പ്രദേശത്തിൽ തി
ങ്ങിവിങ്ങി പാൎക്കുന്ന മലയർ നല്ല തെളിഞ്ഞ
ബുദ്ധിയെ കാണിക്കുന്നതല്ലാതെ കൃഷി മീൻ
പിടിത്തങ്ങളാൽ ഉപജീവിക്കുന്നു. തങ്ങളുടെ
കുച്ചുകങ്ങളിലേ അട്ടങ്ങളിൽനിന്നു തൂങ്ങുന്ന
തലയോടുകൾ ഇവർ മുമ്പേ യുദ്ധത്തിൽ കൊ
ന്ന ശത്രുക്കളെ തിന്നു കളഞ്ഞു എന്നു വിളങ്ങി
ച്ചു ആ ദ്വീപിലെ പൊൻ മുതലായ ലോഹധ
നത്തെ കൈക്കലാക്കേണ്ടതിന്നു ഔസ്ത്രാല്യയി
ലേ സിദ്നേയിൽനിന്നു പൊന്നരിപ്പുകാരും
ലണ്ടനിൽനിന്നു ആ ദ്വീപിനെ പിടിച്ചു കച്ച
വടം നടത്തുന്ന യോഗക്കാരും പുറപ്പെട്ടു. അ
വർ ബ്രാണ്ടി മുതലായ നാശകരസാധനങ്ങളെ
കൊണ്ടു വന്നാൽ ആ ദ്വീപുകാൎക്കു നാശം ഭ
വിക്കുകേയുള്ളു. ലൊണ്ടൻ മിശ്ശന്റെ വേല
അനുഗ്രഹത്തോടു നടക്കുന്നു നവഗിനേയയിൽ
12 ഉം അടുത്ത ചെറു ദ്വീപുകളിൽ 13 ഉം ബോ
ധകന്മാർ സുവിശേഷവേലയെ നടത്തുന്നു.
N. Ev. K. Z. 1878, No. 51. 1879, No. 1.

നവബ്രിതന്യദ്വീപുസഞ്ചയ
ത്തോടു New Britania Archipel.—
ചേൎന്ന ബിരാരാ ദ്വീപിന്റെ മലിക്കൊല എ
ന്ന കരപ്രദേശത്തിൽ കാട്ടാളർ ഇറങ്ങി ഫി
ജിദ്വീപുകളിൽനിന്നു സുവിശേഷം അറിയി
പ്പാൻ വന്ന അഞ്ചു ബോധകന്മാരെ കൊന്നു
തിന്നു കളഞ്ഞിരിക്കുന്നു. അതിന്റെ ശേഷം
വെള്ള കച്ചവടക്കാരും കരപ്രദേശനിവാസി
കളും രാക്ഷസന്മാരോടു (Cannibals നരമാംസാ
ദന്മാർ) പട വെട്ടി അവരെ കാട്ടിലേക്കു പാ
യിച്ചു കളഞ്ഞിരിക്കുന്നു (൧൮൭൮ ഏപ്രിൽ).
N. E. K. Z. 79, No. 4.

മെക്ഷിക്കോ Mexico.—മുങ്കാലങ്ങ
ളിൽ വലിയ അറിയായ്മയിലും ഇരുട്ടിലും പാ
ൎത്തിരുന്ന മെക്ഷിക്കാനൎക്കു ദിവ്യ വെളിച്ചമുദി
ച്ചു. കീഴ്കഴിഞ്ഞ ൧൯ സംവത്സരങ്ങൾക്കു
ള്ളിൽ ഏകദേശം ൧൨൦൦൦ പേർ സത്യവിശ്വാ
സികളായി തീൎന്നു. അവൎക്കു ൧൩ പള്ളികളും
൨൧ ആരാധനാസ്ഥലങ്ങളും ൩൯ എഴുത്തു
പള്ളികളും ൪൯ ഞായിറെറഴുത്തുപ്പള്ളികളും
(Sunday Schools) ൩ അനാഥശാലകളും ൩
വൈദികമഠങ്ങളും ൧൪ വേദസന്മാൎഗ്ഗപുസ്തക
വ്യാപാരശാലകളും ൭ വൈദികവൎത്തമാനക്ക
ടലാസ്സുകളും ഉണ്ടു. C. Volks-B. 1878. No. 34.

ആ രാജ്യത്തിലേ (പുവെബ്ല) Puebla എന്ന
കൂറുപാട്ടിലുള്ള അജ്ജല (Atzala) എന്ന ചെറു
നഗരത്തിൽ പൌരന്മാർ ഒരു സുവിശേഷ ക്രി
സ്ത്യാനനെ വീണ്ടും നഗരമൂപ്പനായി തെരി
ഞ്ഞെടുത്തപ്പോൾ ഏറിയ രോമകത്തോലിക്കർ

ആയുധത്തോടു എതിൎത്തുനിന്നാറെ പൊലീസ്സ്കാർ ചില മുഖ്യ വിരോധികളെ പിടിച്ചു തടവിൽ ആക്കിയതു കൊണ്ടു എല്ലാ രോമകത്തോലിക്ക പൌരന്മാർ ആയുധം എടുത്തു മതത്തിന്നു ജയ ജയ സുവിശേഷ ക്രിസ്ത്യാനൎക്കു മരണം എന്നാൎത്തു നഗരശാലയിൽ കയറി അതിൽ കൂടിയ നഗരമൂപ്പനെയും ആലോചനക്കാരെയും കൊന്നു അവരുടെ ശവങ്ങളെ തുണ്ടിച്ച ശേഷം അവിടെ നിന്നു 3-4 കൂട്ടമായി നഗരത്തിൽ വ്യാപിച്ചു സുവിശേഷ ക്രിസ്ത്യാനരുടെ വീടുകൾക്കു കൊള്ളയിട്ടു തെറ്റുവാൻ വഹിയാത്തവരെ കൊന്നുകളഞ്ഞു സുവിശേഷ പള്ളിയിൽ കടന്നു വേദപുസ്തകങ്ങളെയും കട്ടാക്കുട്ടിയെയും എരിച്ചുകളകയും മതവൈരാഗ്യം ശമിച്ച ശേഷം കലപാതകന്മാർ താന്താങ്ങളുടെ പുരകളിലേക്കു പോകയും ചെയ്തു. മേല്പറഞ്ഞ പുവെമ്പ്പ എന്ന കുറുപാട്ടിൽ മതത്തിന്റെ പേൎക്കു കൊല്ലന്തോറും കലകൾ നടക്കുന്നു. ഇതിൽ കൎത്താവായ യേശു ക്രിസ്തൻ തന്റെ ശിഷ്യന്മാരോടരുളിയ വാക്കപ്രകാരം സംഭവിച്ചു അതെങ്ങനെ എന്നാൽ: നിങ്ങളെ പള്ളിഭ്രഷ്ടരാക്കുകയല്ലാതെ നിങ്ങളെ കൊന്നവൻ എല്ലാം ദൈവത്തിന്നു പൂജ കഴിക്കുന്നു എന്നു തോന്നുന്ന നാഴികയും വരുന്നു. അവർ എന്റെ പിതാവിനെയും എന്നെയും അറിയായ്കയാൽ ഈ വക ചെയ്യും (യോഹന്നാൻ ൧൬, ൨) എന്നത്രേ. പിതാവേ ഇവർ ചെയ്യുന്നതു ഇന്നതെന്നറിയായ്ക കൊണ്ട് അവൎക്കു ക്ഷമിച്ചു വിടേണമേ. (ലൂക്ക. ൨൩, ൩൪.) എന്നീ കൎത്താവിൻ പ്രാൎത്ഥനയെ ഇതിന്നു പറ്റൂ.

N. Ev. K. Z. 1878, No. 51.

2. GEOGRAPHICAL NOTES ഭൂമിശാസ്ത്രസംബന്ധം.

ജവാൻ ദ്വീപുകളുടെ പരപ്പു 120,000□ നാഴിക (ഇംഗ്ലന്തു ഐക്യസാംരാജ്യം 119,780). ജനത്തുക 1874: 33,300,675; (ഇംഗ്ലന്തിൽ 1878: 33,881,966). 1878. Ev. Miss. Mag.

ജനത്തുക.

ശ്വേദൻ:	1800	ആമതിൽ	2,347,308
	1875	,,	4,383,291
നൊൎവ്വേഗ്യ:	1801	,,	883,038
	1875	,,	1,817.237

1877. Cöln. Ztg. No. 16.

സ്റ്റോക്ക്ഹോല്മ്	1878	ജനുവരി	153,538

1878. Cöln. Ztg. No. 18.

മദ്ധ്യാമേരിക്കാ. — ദാരിയൻ എന്ന കരയിടുക്കിൽ കൂടി ഒരു തോടിനെ കീറുവാൻ ഭാവിക്കുന്ന "തോടുകൂട്ടുകച്ചവടക്കാർ" കൊലുമ്പിയ കോയ്മയോടു ഒരു കരാറു ചെയ്തു അതിൻപ്രകാരം തോടു 1883ആം വൎഷം തൊട്ടു ൧൨ കൊല്ലങ്ങൾക്കുള്ളിൽ തീരുകയും ഏതു കപ്പലിന്നും വഴികൊടുക്കുകയും വേണം. തോടു തീൎന്ന നാൾ മുതൽ കൂട്ടുകച്ചവടക്കാൎക്കു ൯൯ വൎഷത്തോളം പുറപ്പാടില്ലാത്ത കുടിമജന്മം ഉണ്ടാകുന്നതു കൂടാതെ തോട്ടിന്നായി ആവശ്യമുള്ള കല്ലു മരങ്ങളെ വില കൊടുക്കാതെ എടുപ്പാനും തോട്ടിന്റെ ഇരുകരക്കൽ 787$\frac{2}{5}$ അടി (200 മേതർ) അകലമുള്ള നിലത്തെയും ഇഷ്ടമുള്ള സ്ഥലത്തു 1,335,550 ഏകർ ഭൂമിയെയും (500,000 ഹെക്താരകൾ) അട്ടിപ്പേറാക്കുവാനും അധികാരം ഉണ്ടു. Cöln. Z. No. 24. 1878.

രുസ്സ്യയിലേ നിവാസികൾ. — രുസ്സ്യ സാംരാജ്യത്തിൽ അറവികളും ചീനക്കാരും കൂടാതെ നാല്പത്താറു ജാതികൾ (nations) ഉണ്ടു. അതിൽ ൨൭ ജാതികൾ ആൎയ്യരായ ഇരാന്യരും ൧൨ ദ്രാവിഡരോടു ചേൎന്ന തുരാന്യരും ഒരു ജാതി ശേംവംശക്കാരും തന്നെ.

M. M. 1878, No. 147.

പുതിയ തീവണ്ടിപ്പാതകൾ. — രൂമിസുല്ത്താൻ ഫ്രാത്തു നദീതാഴ്വരയിൽ കൂടി ഒരു തീവണ്ടിപ്പാതയെ എടുപ്പിക്കേണ്ടതിന്നു ഒരു അംഗ്ലുക്കച്ചവടക്കൂട്ടത്തിന്നും യാഫോവിൽ നിന്നു (Jaffa)* യരുശലേമിലേക്കു ഒരു തീവണ്ടിപ്പാതയെ ചമെക്കേണ്ടതിന്നു ഒരു പരന്ത്രീസ്സ് കച്ചവടയോഗത്തിന്നും അനുവാദം കൊടുത്തുകൊണ്ടു മിക്ക യഹൂദന്മാൎക്കു വളരെ സന്തോഷം ഉണ്ടു. ഫ്രാത്തു താഴ്വരയിലേ തീവണ്ടിപ്പാത മുങ്കാലത്തു അശ്ശൂൎയ്യ ബബെലോന്യ എന്നീ നാടുകളിൽ കൂടി ചെല്ലുകയും ചുററിലും പല പാഴിടമുള്ള മൊസ്സൂൽ ഹില്ലേൽ എന്നീ നഗരങ്ങളിൽ സ്ഥാനങ്ങൾ ഉണ്ടാകയും ചെയ്യും. കാലക്രമേണ ഈ തീവണ്ടിപ്പാതയെ മിസ്രയിലേ തീവണ്ടിപ്പാതകളോടു ഇണെക്കുവാൻ ഭാവം; അതിനാൽ ആ നാളിൽ മിസ്രയിൽ നിന്നു അശ്ശൂരിലേക്കു ഒരു പെരുവഴി ഉണ്ടാകും അശ്ശൂൎയ്യക്കാരൻ മിസ്രയിമിലേക്കും മിസ്രയക്കാരൻ അശ്ശൂൎയ്യയിലേക്കും വരും, മിസ്രക്കാർ അശ്ശൂൎയ്യക്കാരോടു കൂടെ സേവിക്കയും ചെയ്യും എന്നു യശായ ൧൯, ൨൩ ആമതിൽ കാണുന്ന വാഗ്ദത്തത്തിന്നു നിവൃത്തിവരും.

M. M. 1879, No. 2.

* നടപ്പുകൾ ൯, ൩൬. ആ നഗരത്തിന്റെ ചിത്രം കേരളോപകാരി II. 36 ഭാഗത്തു കാണാം.

വടമുനയോളമുള്ള യാത്ര. — ഭൂഗോളത്തിന്റെ വടക്കേ മുനയോളം ചെന്നാലേ കഴിയൂ എന്നു ഓരോ ജാതികളും മനുഷ്യരും നിശ്ചയിച്ചു ഏറിയ പ്രാവശ്യം വട്ടം കൂട്ടിയെങ്കിലും ഇത്രോടം സാധിച്ചില്ല. ഇപ്പോൾ ഒരു പുതിയ ആലോചന ജനിച്ചു, അതെങ്ങനെ എന്നാൽ കപ്പൽകൊണ്ടു വടക്കോട്ടു എത്തുന്നേടത്തോളം ചെല്ലുക. കൂടെ കൊണ്ടു പോകുന്ന മൂന്നു ആകാശപ്പന്തു അവിടേ മുക്കോണിച്ച ചട്ടത്തിന്മേൽ ഉറപ്പിച്ചു വാഷ്പംകൊണ്ടു നിറെച്ചു ഓട്ടുക ഓരോ പന്തു ഓരോ കണ്ടിയോളം ഭാരം വഹിക്കുന്നതിനാൽ വേണ്ടുന്ന തോണികൾ ഇഴെക്കു വാഹനങ്ങൾ (sledges) ആയുധങ്ങൾ, തീൻപണ്ടങ്ങൾ, ഉട്ടുരുട്ടു, കൽകരി ആളുകൾ മററും ആകാശമാൎഗ്ഗേ വഹിച്ചു കൊണ്ടു പോവാൻ ഭാവിക്കുന്നു. ആകാശപ്പന്തുകൾ താഴേണ്ടതിന്നു ആഗ്രഹിച്ചാൽ വാഷ്പത്തിൽ നിന്നു ഏതാനും കൂടി ചെല്ലുന്ന പാത്രങ്ങളിൽ യന്ത്രപ്രയോഗത്താൽ മുഴപ്പിച്ചു അടെച്ചു വെക്കും. കാററില്ലാഞ്ഞാലോ വായുവിൽ തങ്ങുന്ന ആകാശപ്പന്തു ചട്ടത്തെ ആലാത്തു കെട്ടി ആൾ മുന്നോട്ടു വലിച്ചു കൊണ്ടു പോകാം എന്നു ഊഹിക്കുന്നു. ആകെങ്കിലും കൂട പോരുവാൻ മനസ്സുണ്ടായാൽ ലണ്ടനിലേ ചേൻ (Cheyne) തെമ്പ്ലർ (Templar) എന്നീ ഉരുത്തലവന്മാരായ സായ്പന്മാരോടു അപേക്ഷിക്കേണ്ടു.

C. Z. 1879, No. 3.

ചീനത്തിലേക്കുള്ള കണ്ടിവാതിൽ. — ഭാരതഖണ്ഡത്തെയും മഹാചീനത്തെയും വേൎത്തിരിക്കുന്ന പൎവ്വതങ്ങളെ കയറേണ്ടതിന്നു എത്രയും പ്രയാസം എന്നും കരവഴിയായി അന്യോന്യകച്ചവടം നടത്തുവാൻ പാടില്ലയെന്നും ഇത്രോടം പരക്കേ വിചാരിച്ചിട്ടുണ്ടായിരുന്നു. ആ വിചാരം തെററത്രേ എന്നു കമരൻ (Cameron) എന്ന അംഗ്ല ഉപദേഷ്ടാവു അറിയിച്ചു. ആ സായ്പു ചീനത്തിലേ പഖോയി എന്ന തുറമുഖത്തിൽനിന്നു യീന്നാൻഫൂ എന്ന സ്ഥലത്തോളം യാത്ര ചെയ്തു ഈരായിരം കാലടിമാത്രം ഉയൎന്നോരു കണ്ടിവാതിലിനെ കണ്ടെത്തി അവ്വഴിയായി എളുപ്പത്തിൽ ഇടവാടു ചെയ്യാം എന്നു തെളിയിച്ചു കൊടുത്തു.

3. POLITICAL NEWS ലൌകികവൎത്തമാനം.

പടിഞ്ഞാറെ ഇന്തിയ West-Indies.

ക്യുബ എന്ന പടിഞ്ഞാറെ ഇന്ത്യയിലുള്ള ദ്വീപു ഹിസ്പാന്യൎക്കുള്ളതു. ഹിസ്പാന്യർ 1868 ഒക്തോബരിൽ ഇസബെല്ല എന്ന തങ്ങളുടെ രാജ്ഞിയെ ആട്ടിക്കളഞ്ഞതിന്റെ ശേഷം ക്യുബക്കാർ ഹിസ്പാന്യ കോയ്മയെ മറിച്ചു കളഞ്ഞു, ദ്രോഹികളുടെ കൂട്ടത്തിൽ ഏറിയ സ്വാതന്ത്ര്യപ്പെട്ട അടിമകൾ ഉണ്ടായിരുന്നു. ആയവർ കോയ്മയുടെ പടയാളികളെ ജയിച്ച ശേഷം 1869 ഒരു ജനയോഗമായി കൂടി അടിമതനത്തെ നീക്കി സെസ്പേദെസ് (Cespedes) എന്നവനെ രക്ഷാപുരുഷനും കേസാദ എന്നവനെ സേനാപതിയും ആക്കിക്കല്പിച്ചു; എന്നാൽ ഹിസ്പാന്യ അടങ്ങാതെ 1873 ആണ്ടിന്റെ അവസാനത്തോളം ക്രമത്താലേ 80000 പടയാളികളെയും ഏറിയ ആയിരങ്ങളായ തന്നിഷ്ട പടയാളികളെയും പോരിന്നായി അയച്ചു. ആ 80,000ത്തിൽനിന്നു 68,000 പോൎത്തലത്തിൽപട്ടു. 1874 ആമതിൽ 16 പടകളെ വെട്ടി. ഹിസ്പാന്യ സേനാപതി പുലി ഭാവത്തെ കാണിച്ചതുകൊണ്ടു കോയ്മപ്പിരട്ടികളുടെ മനസ്സു വളരെ കൈപിച്ചു പോയി. ഈയിടേ ഹിസ്പാന്യ സൈന്യത്തെ നടത്തിയ പോൎത്തലവന്മാൎക്കു മാനുഷഭാവം ഏറുകയാലും ദ്രോഹികൾക്കു നിരന്നുവരേണം എന്നു മനസ്സുമുട്ടിയതിനാലും സമാധാനപ്പെടുവാൻ ഇടവന്നു. അതിൽ വിശേഷിച്ചു ഒന്നു ഗുണമായി തീൎന്നു; ക്യുബാന സൈന്യത്തിൽ വെള്ളക്കാരും അവരുടെ കലപ്പു സന്തികളും സ്വാതന്ത്ര്യപ്പെട്ട കാപ്പിരി അടിമകളും ഉണ്ടായിരുന്നു. ഈ ഒടുക്കത്തെ വകക്കാർ സൈന്യത്തിൽ നാൾക്കുനാൾ പെരുകിയതുകൊണ്ടു ശേഷമുള്ളവൎക്കു ശങ്ക വൎദ്ധിക്കുമളവിൽ വെള്ളക്കാർ ക്രമത്താലേ ക്യുബാന സൈന്യത്തെ വിടുകയും അവരുടെ നായകന്മാർ ഹിസ്പാന്യ കോയ്മയോടു നിരപ്പു അപേക്ഷിക്കയും ചെയ്തു. സ്വാതന്ത്ര്യപ്പെട്ട അടിമകളിൽ ഏറിയവർ ക്ഷമ അപേക്ഷിച്ചു എല്ലാവരും അല്ല താനും. ദ്രോഹികളോടു ശിക്ഷിക്കാതെ അവരോടു ക്ഷമിക്കയും അടിമതനത്തെ വീണ്ടും നടപ്പാക്കാതെയിരിക്കയും ചെയ്വാൻ കോയ്മ സമ്മതിച്ചാൽ സമാധാനപ്പെടും എന്നു മിക്കപേരുടെ തീൎമ്മാനം. N. E. K. 1878. Apr.

യുരോപ്പ Europe.

രുസ്സ്യ. — കിയെവ് (Kiew) എന്ന നഗരത്തിലേ സൎവ്വകലാശാലക്കാർ അലമ്പൽ ഉണ്ടാക്കിയതുകൊണ്ടു കോയ്മ സൎവ്വകലാശാലയെ ചില മാസത്തോളം പൂട്ടിവെപ്പാൻ കല്പിച്ചു. വി

ദ്യാൎത്ഥികൾ അതു സഹിക്കാതെ കൂട്ടം കൂട്ടമായി ആയുധമെടുത്തു സൎവ്വകലാശയിൽ ചെന്നു അവിടെ കാവൽനിന്ന പടയാളികളുടെ തോക്കും മററും പിടുങ്ങി ഏതാനും കട്ടാക്കട്ടി തകൎത്തു അവരെ നീക്കേണ്ടതിന്നു വന്ന പടയാളികളോടു പടവെട്ടി ഇരുപുറത്തു എണ്ണതോളം ആൾ പട്ടു കതിരപ്പട എത്തി പലരെ പിടിച്ചു മററുള്ളവരെ ആട്ടിക്കളഞ്ഞ ശേഷമേ കൂട്ടർ അമൎന്നുള്ളു. സൎവ്വകലാശാലകളോടു കൂടിയ മററു ചില നഗരങ്ങളിൽ വിദ്യാൎത്ഥികൾ കലഹഭാവം കാണിച്ചിരിക്കുന്നു.

കാസാൻ എന്ന വലിയ കൂറുപാട്ടിൽ കോയ്മ രാജ്യഭാരവിഷയമായ ഏതാണ്ടൊരു സംഗതിയാൽ തറഗ്രാമങ്ങൾതോറും ഉള്ള ഉയൎന്ന കുന്നുമേട്ടുകളിൽ മണികളെ തൂക്കുവാൻ കല്പിച്ചിരിക്കുന്നു. പല തറകളിൽ തത്താരരുടെ മുഹമ്മദീയ പള്ളികൾ ഉണ്ടാകകൊണ്ടു അവറേറാടു ചേരുന്ന മിന്നാരങ്ങളിൽ മണികളെ തൂക്കിച്ചതിനാൽ ഇതു ഞങ്ങളെ ക്രിസ്ത്യാനരാക്കുവാൻ ഉള്ള ഉപായം എന്നു മുഹമ്മദീയ തത്താരർ ഊഹിച്ചു കോയ്മെക്കു വിരോധമായി ആയുധം എടുത്തു. മൂന്നു മുല്ലമാർ നമ്മുടെ മതത്തോടു ഇതു അശേഷം സംബന്ധിക്കുന്നില്ലല്ലോ വല്ല ആപത്തിന്നായി നാട്ടുകാരെ വിളിപ്പാൻ മാത്രം മണികളെ തൂക്കിച്ചു എന്നു പറഞ്ഞ സാന്ത്വനവാക്കുകളെ കേൾക്കാതെ അവരെ വെട്ടികളകയും ക്രിസ്ത്യാനരായി തീൎന്ന തത്താരരും കൂട ലഹളയിൽ കൂടുകയും ചെയ്തിരിക്കുന്നു.

തുൎക്കരോടുള്ള യുദ്ധത്തിൽ തീൻപണ്ടങ്ങളും മററും രുസ്സകോയ്മെക്കു കൊടുത്തയച്ച മൂന്നു കച്ചവടക്കാർ ഏകദേശം പതിനൊന്നു കോടി രൂബലോളം കള്ളക്കണക്കു ഉണ്ടാക്കി ആ കോയ്മയെ ചതിപ്പാൻ നോക്കിയിരിക്കുന്നു.

രുസ്സർ തുൎക്കരോടു യുരോപയിൽ നടത്തിയ യുദ്ധത്തിൽ 129,471 പേർ അയുധ വ്യാധികളാലും പട്ടുപോകയും രുസ്സ്യയിലേക്കു 120,950 അയച്ച ദീനക്കാർ മുറിപ്പെട്ടവർ എന്നിവരിൽ നിന്നു 42,950 ആൾ മരിക്കയും ചെയ്തു. ചിററാസ്സ്യയിൽ രുസ്സൎക്കുണ്ടായ ആൾനഷ്ടം എത്ര എന്നു ഇതുവരെക്കും കേട്ടിട്ടില്ല.

രുസ്സ്യസാംരാജ്യത്തിൽ രണ്ടുവക എത്രയും വല്ലാത്ത വ്യാധികൾ ബാധിച്ചു വരുന്നു.

൧. അസ്ത്രഖാൻ കൂറുപാട്ടിൽ വൊല്ഗ നദീതീരത്തു വിശേഷിച്ചു ജരെവ് സരെപ്ത എന്നീ നഗരങ്ങൾ തുടങ്ങി കസ്പിയ തടാകത്തോളം സന്നിജ്വരം (typhus) കൊണ്ടു വളരെ ആൾ മരിക്കുന്നു. അതിൽ മൂന്നിൽ രണ്ടു പങ്കു മുതിൎന്നവരും, ആകേ തുകയിൽ മുക്കാൽ പുരുഷന്മാരും കാൽ അംശം സ്ത്രീകളും തന്നെ.

൨. ആ കൂറുപാട്ടിൽ പെരുവാരി ബാധ (plague) കഠിനമായി മനുഷ്യൎക്കു പകൎന്ന ദീനം പിടിച്ച നൂറു പേരിൽ സക്രടമായി ൯൦ മരിച്ചു പോകുന്നു. അടക്കം ചെയ്യേണ്ടതിന്നു ആൾ പോരായ്കയാലും അവിടുത്തുകാർ ഭയപ്പെടുകയാലും ശവങ്ങൾ നിരത്തിന്മേൽ കിടക്കുന്നു. നിവാസികൾ ഭയപരവശന്മാരായി അമ്പരന്നു നില്ക്കുന്നു. രുസ്സകോയ്മ അതിപ്രയത്നം കഴിച്ചു വൈദ്യന്മാരേയും മരുന്നും പണവും മററും കൊണ്ടു ധാരാളമായി സഹായിച്ചിട്ടും ഈ ദുഷ്ടമായ ബാധ സരതൊവ് (Ssaratow) കൂറുപ്പാടോളം കടന്നു പോയി. ബാധയുടെ ഉല്പത്തി ഏതിനാൽ എന്നു നല്ല നിശ്ചയം ഇല്ലെങ്കിലും ചിററാസ്സ്യയിൽ ചത്തളിയാറായി കിടക്കുന്ന തുൎക്കപ്പടയാളികളുടെ വസ്ത്രാദികളെ കൊസക്കർ അവിടേക്കു കൊണ്ടു വന്നതിനാൽ ആകുന്നു എന്നു വൈദ്യന്മാരുടെ പക്ഷം. ഈ ദീനത്തിന്റെ ലക്ഷണങ്ങൾകൊണ്ടും വൈദ്യന്മാർ ബുദ്ധിമുട്ടുന്നു. ദീനക്കാരെ ഒന്നുകിൽ ഉള്ളിൽ അതിശൈത്യമോ പൊറുത്തുകൂടാത്ത ഉഷ്ണമോ പിടിച്ചു കൊണ്ടു തോലിന്റെ പുറത്തു വിശേഷിച്ചു ഭേദം കാണ്മാനില്ല. ഉൾകളിർ സഹിക്കുന്നവരുടെ നാഡിക്കു കലശലുള്ള പനിക്കു സമയായ ധൃതിയുണ്ടു. തലപൊന്തുവാൻ കഴിയാതവണ്ണം കനക്കുന്ന കണ്ണോളി മങ്ങുന്ന സ്വരം വിറെക്കുന്ന നാവു വെളുക്കയും പിന്നീടു കറുക്കുകയും ചെയ്തിട്ടു മനമ്പിരിച്ചലും ഛൎദ്ദിയും ഉണ്ടാകുന്നു നരമ്പുകൾ കോപിച്ചു ചിലമണിക്കൂറിൻ ഇടയിൽ ചൊല്ലിക്കൂടാത്ത ഞെരുക്കവും അഴിനിലയും പിടിച്ചു ദീനക്കാരൻ മരിക്കുന്നു. ഉയിരോടിരിക്കുമ്പോൾ തോലിൽ പുള്ളികൾ കാണ്മാനേയില്ല, മററുവകയുടെ ലക്ഷണങ്ങൾ സഹിച്ചുകൂടാത്ത തലനോവും ശമിക്കാത്ത ദാഹവും അതിന്റെ ശേഷം ഏങ്ങലും കൂടക്കൂട ഛൎദ്ദിയും സന്നിയും ദീനക്കാരന്റെ ശക്തിയെ പോക്കുന്ന ധാരളമായ വിയൎപ്പും എന്നിവകൂടാതെ കടിപ്രദേശത്തിലോ വാരികളിന്മേലോ മറേറാ ബഹു വേദനയുള്ള വീക്കം ആയതു കുരുവായി കൂടി പൊട്ടുന്നു. ചിലപ്പോൾ ചെറിയ വെള്ള പൊക്കിള ഉണ്ണികൾ തോലിന്മേൽ പൊന്തീട്ടു എരിക്കുരുവായി (carbuncle) മാറുന്നു. ചിലർ ക്ഷിപ്രസന്നി (apoplexy) പിടിച്ച വിധത്തിൽ ക്ഷണത്തിൽ മരിക്കുന്നു മററവർ മൂന്നു നാലു ദിവസം ചാവാറായികിടക്കുന്നു വേറെ ചിലർ ഒടുവോളം സുബോധത്തോടു ഇരിക്കുന്നു പലരോ ഒരു വിധം ഭ്രാന്തു പിടിച്ചു വീടു വിട്ടു ഊരിലും നാട്ടിലും അലഞ്ഞോടുന്നു. ഈ മഹാസങ്കടത്തിൽ ആരുടെ മനം ഉരുകാതു എന്നിട്ടും മ

നക്ഷ്യൻെറ ബുദ്ധി വൈഭവാദികൾകൊണ്ടു ആ ബാധയെ ശമിപ്പിക്കയോ തടുക്കയോ ചെയ്യ്വാൻ ഇത്രോടം സാധിച്ചില്ല എന്നു കേട്ടാൽ ജീവിപ്പാനും കൊല്ലുവാനും അധികാരമുള്ള ദൈവത്തിൻെറ കൈക്കീഴിൽ നമ്മെ താഴ്ത്തി ആ ബാധയെ നിൎത്തേണ്ടതിന്നു നാം അപേക്ഷ കഴിക്കുക.

ഈ ബാധ പണ്ടുപണ്ടേ ഓരോ സമയം വിലാത്തിയിൽ ഭയങ്കരമായി നാശത്തെ വരുത്തിയെങ്കിലും പൂൎവ്വന്മാരുടെ ചരിത്രത്തിൽ ഇതിനെകൊണ്ടു വേണ്ടുന്ന വിവരം കാണുന്നില്ല 542 ക്രി. ആ. യുസ്തിന്യാൻ ചക്രവൎത്തി വാഴുമ്പോൾ ഈ വ്യാധി തന്നെ ബാധിച്ചു എന്നു നിശ്ചയമായിട്ടറിയാം. പന്ത്രണ്ടാം പതിമൂന്നാം പതിന്നാലാം നൂററാണ്ടുകളിൽ വിലാത്തി രാജ്യങ്ങൾക്കു അതിനാൽ ഏകദേശം മൂലനാശം ഭവിച്ചു. രൂമിസ്ഥാനം കഴിച്ചാൽ 1713ആമതിൽ ഒടുക്കത്തേ ബാധ വിലാത്തിയിൽ വല്ലുങ്ങനെ ഉണ്ടായി. 1828-29 രുസ്സർ തുൎക്കർ എന്നിവരുടെ പോർ കഴിഞ്ഞ ശേഷം രൂമിസ്ഥാനത്തിൽ അനേക രുസ്സഭടന്മാർ ഈ ബാധയാൽ ഒടുങ്ങി. മദ്ധ്യതരന്നാഴിയുടെ ചില തുറമുഖങ്ങളിൽ ആ ബാധയെ കൂടക്കൂടെയും 1841 ഇസ്തുംബൂലിൽ അവസാനമായും ആ ബാധ കണ്ടതു. 1770ആമതിൽ രുസ്സ്യയിൽ വിശേഷിച്ചു മൊസ്ക്കൗവിൽ അതിഭയങ്കരമാംവണ്ണംബാധയാൽ അനവധിജീവനാശം ഭവിച്ചു.
Cöln. Z. 1879, No. 3.

രൂമിസ്ഥാനം. — റുമേന്യ രുസ്സൎക്കു ബെസ്സറാവിയെ ഏല്പിക്കയും രുസ്സരോ റുമേന്യക്കു അതിന്നു പകരമായി ദൊബ്രുച്ചയെ കൊടുക്കയും ചെയ്യു പ്രകാരം മുമ്പേ പറഞ്ഞുവല്ലോ. ഈ ദൊബ്രുച്ചയെക്കൊണ്ടു റുമേന്യെക്കു വളരെ തൊന്തിരവു വന്നു എന്നു പറയാം. രുസ്സർ ആ രാജ്യത്തെ വിടുവാൻ മനസ്സില്ലാത്ത പ്രകാരം അതിൽ താമസിക്കയും അവിടെ പാൎക്കുന്ന ബുല്ഗ്യാരരുടെ കയ്യിൽ തങ്ങൾ തുൎക്കരിൽനിന്നു യുദ്ധത്തിൽ പിടിച്ച മേത്തരമായ തോക്കുകളെ തങ്ങളുടെ ആൾക്കാരെ കൊണ്ടു കൊടുപ്പിക്കയും ഇനിയും നല്ല സ്ഥിരത വരാത്ത അതിർപ്രദേശങ്ങളിൽ നികതിയെ പിരിപ്പിക്കയും ചെയ്യുന്നതൊഴികേ ബുല്ഗ്യാൎയ്യയിൽനിന്നു കവച്ചക്കൂട്ടർ വന്നു കൊള്ളയിടുവാനും സിലിസ്ത്ര്യ കോട്ടയിൽ കട്ടുമുതൽ വില്പാനും വിരോധിക്കുന്നില്ല. അതു കൂടാതെ ദൊബ്രുച്ചയിൽ പാൎക്കുന്ന ബുല്ഗ്യാരൎക്കു രുസ്സർ പിന്തുണ ആകുന്നു എന്നു കണ്ടു കഴിഞ്ഞ യുദ്ധത്തിൽ തങ്ങൾക്കു വരാത്ത നഷ്ടങ്ങളും കൂട റുമേന്യക്കോയ്മ വെച്ചു കൊടുക്കേണം എന്നു ബുദ്ധിമുട്ടിക്കയും റുമേന്യക്കോയ്മ ഓരാണ്ടേ ഇവിടേ ഇരിക്കയുള്ളു എന്നു വാറോല തൂക്കിക്കയും (വാറുക്കടലാസ്സു പററിക്കുകയും) ചെയ്യുന്നു. റുമേന്യ പടകൾ ദൊബ്രുച്ചയിൽ പ്രവേശിച്ച ശേഷം ഓടിപ്പോയ തുൎക്കരും തത്താരരും തിരിച്ചു വന്നു എങ്കിലും അവരുടെ നില എത്രയും പരിതാപമുള്ളതു. റുമേന്യക്കോയ്മ അവരെ ഹിമകാലത്തിൽ പുലൎത്താഞ്ഞാൽ അവർ പട്ടിണിയിട്ടു ചാകേയുള്ളു. ഈ എല്ലാ അലമ്പൽ വിചാരിച്ചാൽ റുമേന്യക്കു ആ പുതിയ കാൎയ്യഭാരം കൊണ്ടു മലെപ്പു വരുവാൻ എളുപ്പം തന്നെ.

മക്കെദോന്യാ. — രൂമിസംസ്ഥാനത്തിൽ ചേൎന്ന ഈ കൂറുപാട്ടിൽ ഇതിന്നിടേ രുസ്സരുടെ അറിവിനാൽ ഒരു വലിയ ലഹള നടന്നു. തുൎക്കരുടെ പതിവല്ലാത്ത പട്ടാളക്കാർ നൂററിരുപതു തറഗ്രാമങ്ങളെ എരിച്ചു ഏറിയവരെ കൊന്നു കളഞ്ഞു. C. Z. 1879, No. 2.

ബുല്ഗ്യാൎയ്യ. — അതിലേ മുഖ്യനഗരങ്ങളായ രുശ്ശുൿ, വൎണ്ണ, തിൎന്നോവ, വിട്ടിൻ, സൊഫിയ എന്നിവററിന്നു തക്കവണ്ണം രുസ്സർ ബുല്ഗ്യാൎയ്യെക്കു അഞ്ചു കൂറുപാടുകളും നവ്യ പാൎവ്വത്യങ്ങളും കല്പിച്ചു. തിൎന്നോവയിൽ കൂടേണ്ടുന്ന ആലോചന സഭക്കാർ മൂന്നു വിധം. ഒന്നാമതു മുഖ്യ കോയ്മ ഉദ്യോഗസ്ഥന്മാരും 43 ശ്രേഷ്ഠന്മാരും 81 ആകേ 114 രണ്ടാമതു ഓരോ പതിന്നായിരം വീതം നിവാസികൾക്കു ഓരോ ആലോചനക്കാരൻ ആകേ 120. മൂന്നാമതു 9 ബുല്ഗ്യാര അദ്ധ്യക്ഷന്മാരും 1 ഗ്രേക്ക അദ്ധ്യക്ഷനും വിട്ടിനിലേ മുഫ്തിയും സൊഫിയയിലേ മഹാറബ്ബിയും മററും നാടുവഴി തെരിഞ്ഞെടുക്കുന്ന ആലോചനക്കാരും ആകെ 52 ഇങ്ങനെ ഒട്ടുക്കു 286 ആലോചനക്കാർ രണ്ടാം വകക്കാരെ 240 ഓളം വൎദ്ധിപ്പിച്ച ശേഷം നാന്നൂററിൽ പരം ആലോചനക്കാരുണ്ടാകും. ഈ രാജ്യത്തെ രുസ്സക്കോയ്മയോടു ഉററു ചേൎക്കേണ്ടതിന്നു അതിലെ എഴുത്തുപ്പള്ളികളിൽ രുസ്സഭാഷയെയും പഠിപ്പിപ്പാൻ പോകുന്നു. C. Z. No. 2.

പരന്ത്രീസ്സ് രാജ്യം. — ൧൮൭൯ ആമതിൽ പരീസി മൂലസ്ഥാനത്തിൽ പുരച്ചുടു (arson) നടത്തി തടവിൽ പാൎപ്പിച്ച സ്ഥിതിസമാനക്കാരായ സാമാന്യാസ്തിക്കാരിൽനിന്നു (communists) 1800 പേൎക്കു ക്ഷമയും വിടുതലും കിട്ടി (ജനു. ൧൫).

ജനുവരി ൩൦ ൹ രക്ഷാപുരുഷനായ മൿമേഹന്നു സൈന്യസംബന്ധമായി ഏതാനും മുഷിച്ചൽ ഉണ്ടായതു ആലോചന സഭക്കാർ ക്രൂ

ട്ടാക്കാതെ താൻ തന്റെ സ്ഥാനത്തെ വെച്ചേച്ചു. ആലോചനസഭയിൽ കൂടി വന്ന 635 പേരിൽനിന്നു 536 ദൂതന്മാർ ശീൽഗ്രേവി (Jules Grévy) എന്ന സഹാലോചനക്കാരനെ ഏഴാണ്ടേക്കു രക്ഷാപുരുഷനായി തെരിഞ്ഞെടുത്തു. മൂസുഗബെത്ത എന്നവന്നു ആലോചന സഭാഗ്രേസരസ്ഥാനം സാധിച്ചിരിക്കുന്നു.

ആസ്യ Asia.

അഫ്ഘാനസ്ഥാനം. — 1. കാബൂൽ സൈന്യം. കാമ എന്ന താഴ്വരയിൽനിന്നിറങ്ങി കൊള്ളയിട്ട മഹൊമന്ദ് എന്ന ജാതിയെ ശിക്ഷിക്കേണ്ടതിന്നു അംഗ്ലപടകൾ എത്തിയപ്പോൾ അവർ ഊടറിഞ്ഞു രാക്കാലത്തിൽ തെററിപ്പോയി എന്നു കണ്ടു (ഫിബ്രു. ൫ നു-) ജക്കയിൽ മാലിക് എന്ന ജാതിക്കാർ വഴിപ്പെട്ടേണ്ടതിന്നു ജല്ലാലാബാദിൽ എത്തി. ലുഘ്മാൻ താഴ്വരയിൽ പാൎക്കുന്ന ഗോത്രങ്ങളെ ഇംഗ്ലിഷ്ക്കാൎക്കു വിരോധമായി ഇളക്കേണ്ടതിന്നു യാക്കൂബ് ഖാൻ അജിമുഖിലഖാൻ എന്നവനെ അയച്ചതു കൊണ്ടു ഒരു കൂട്ടം പലവിധ പടയാളികൾ അവനെ പിടിക്കേണ്ടതിന്നു യാത്രയായി ൩൦ നാഴിക നീണ്ട താഴ്വരയെ പരിശോധിച്ചു അവിടെയുള്ള മിക്കഖാന്മാരെയും തലവന്മാരെയും കൂട്ടി കൊണ്ടുവന്നു അമച്ച വരുത്തി പോന്നു (ഫിബ്രു. ൧൧-൧൪ നു-) ജല്ലാലാബാദിൽ ഉറപ്പുള്ള വങ്കോട്ടയെ കോയ്മയുടെ കല്പനയാൽ എടുത്തു പോകുന്നു.

2. ഖോസ്തു താഴ്വരയിലേ സൈന്യം. പൈവാട കോതൽ എന്ന കണ്ടിവാതിലിൽ ഉറെച്ച മഞ്ഞു കിടക്കുന്നു. പട്ടാളക്കാർ സുഖത്തോടു അവിടെ പാൎക്കുന്നു. ശതർ ഗൎദ്ദൻ എന്ന ചുരത്തിൽ ഓരടിയോളം ഉറെച്ച മഞ്ഞുണ്ടെങ്കിലും പോക്കുവരവിന്നു യാതൊരു വിഘ്നവുമില്ല. രോബൎട്സ് സേനാപതിയുടെ തലനായ്മ (head-quarters) ഫിബ്രു. ൧൫ നു-യിലും വത്സൻ പടത്തലവന്റെ സൈന്യം ൧൬ നു-ലും ഥല്ലയിൽ (Thull) എത്തി. മാൎച്ച് ൩ നു- ൫ നാഴിക ഥല്ലിന്റെ കിഴക്കുള്ള ഗാന്ധിചർ സറായിലേ പടവകപ്പിനെ മലവാസികൾ ആക്രമിച്ചു തോററുപോയി താനും.

3. കന്ദഹാർ സൈന്യം. ൧. സേനാപതി യായസ്റ്റുവാൎത്തും സൈന്യവും ഫിബ്രു. ൧൯നു- കന്ദഹാരിൽ എത്തി. മാരൊഫ് താഴ്വരയോളം മുഞ്ചെന്ന പരിശോധന സൈന്യത്തിന്റെ പാളയത്തിൽ ഒരു കൂട്ടം ഗാസികൾ ആക്രമിച്ചു കയറുവാൻ ഭാവിച്ചു എങ്കിലും അവർ തോററു ചാടിപ്പോയി.

൨. ബിട്ടല്ഫ് സേനാപതിയുടെ പിൻപടകുഷ്കി മകന്ദ് എന്ന സ്ഥലത്തിൽ തങ്ങുമ്പോൾ ഫിബ്രു. ൨൭ നു- ഏകദേശം ൨,൦൦൦ അലിജേദരാണി എന്ന ഗോത്രക്കാർ അതിനെ എതിൎത്തു എത്രയും പരാക്രമത്തോടെ പട വെട്ടി എങ്കിലും ൧൫൦ ആൾ ചേതത്തോടെ തോററുപോയി താനും.

4. യാക്കൂബ് ഖാൻ. ജല്ലാലബാദേക്കു പോയ സിൎദ്ദാരന്മാരുടെ മുതലിനെ യാക്കൂബ് ഖാൻ ലേലത്തിൽ വില്പിച്ചു കളഞ്ഞു. മിക്ക കോഹിസ്ഥാനക്കാരായ പടയാളികൾ കാബൂലിൽനിന്നു പോയ്ക്കളഞ്ഞു. യാക്കൂബ് ഖാൻ ജല്ലാലബാദേക്കു ഫിബ്രു. ൨൦ നു- എഴുതിയ കത്തു പ്രകാരം അംഗ്ലക്കോയ്മയോടു സന്ധിപ്പാൻ ആഗ്രഹിക്കയും ൨൩ നു-യിലേ കത്തിനാൽ അപ്പനായ ശേർ ആലിഖാൻ തിരുപ്പെട്ടു എന്നറിയിക്കയും ചെയ്തിരിക്കുന്നു.

ബൎമ്മ. — മണ്ടലേ (Mandalay) എന്ന മൂല നഗരത്തിലുള്ള ബൎമ്മാവിലേ രാജാവായ തീബാ തന്റെ വാഴ്ചെക്കു സുഖം പോരാ എന്നു വിചാരിച്ചു കൈ കിട്ടിയ തിരുവപ്പാടന്മാരേയും തമ്പാന്മാരേയും തമ്പാട്ടികളേയും തടവിൽ ആക്കി കൊല്ലിക്കയും ചെയ്തു. മരിച്ചു പോയ തമ്പുരാന്റെ കെട്ടിലമ്മമാരേയും ഒല്ലിയിൽ വെച്ച സ്ത്രീകളേയും കൂട വധിച്ചു കളഞ്ഞു എന്നു ശങ്കിക്കുന്നു. മണ്ടലിയിലേ അംഗ്ലകാൎയ്യസ്ഥൻ ഈ ക്രൂരത നിമിത്തം രാജാവിനെ ശാസിച്ചെങ്കിലും ഇതു എന്റെ സ്വന്തകാൎയ്യം അതിൽ ആൎക്കും കൈവെപ്പാൻ ആവശ്യമില്ല എന്നു പറഞ്ഞു പോൽ. അതു കൂടാതെ നഗരക്കാൎക്കു ലഹളഭാവം കാണുന്നതു കൊണ്ടു അംഗ്ലക്കോയ്മ ൧-൨ യുദ്ധക്കപ്പലുകളെ ഒരുക്കിവെക്കയും ഭാരതത്തിൽനിന്നു പടകളെ അയക്കുകയും ചെയ്യുന്നു. ഫിബ്രുവരി ൨൫നു- മണ്ടലേയിൽ തീ പിടിച്ചു ഏകദേശം ഒരു നാഴിക നീളത്തോളം പുരകൾ കത്തിപ്പോയി. തീ നിമിത്തം ഏറിയ കത്തിക്കവൎച്ചയും ഏതാനും കലകളും സംഭവിച്ചിരിക്കുന്നു.

തെൻ ആഫ്രിക്കാ South Africa. — മാൎച്ച് ൩നു- എട്ടു പട്ടാളങ്ങളും രണ്ടു കാളന്തോക്കണികളും (Batteries) ഇംഗ്ലന്തിൽനിന്നു നാതാലിന്നാമ്മാറു പുറപ്പെട്ടുകയും ഓലക്ക (രാജ്യാലോചന) സഭ അവിടെയുള്ള യുദ്ധത്തിന്നായി ഒന്നരകോടി ഷെമൺ നീക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. ജൂലുകാപ്പിരികളുടെ തലവനായ ചെതെവായോ നാതാൽ കൂറപാട്ടിനെ ആക്രമിക്കുവാൻ ഭാവിക്കുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. **MAY 1879.** No. 5.

THE REV. JACOB RAMAVARMA.

യാക്കോബ് രാമവൎമ്മൻ.

ഒരു ഹിന്തുപാതിരിയുടെ ജീവിതം.

(VIാം പുസ്തകം ൯൦ാം ഭാഗത്തിൽനിന്നു തുടൎച്ച.)

ഇപ്രകാരം അത്രേ എന്റെ കഥാസംക്ഷേപം. കൎത്താവു ഈ നാല്പത്തുരണ്ടു സംവത്സരം എന്നെ കാത്തു നടത്തി എന്റെ സകല അപരാധങ്ങളിലും എന്നെക്കനിഞ്ഞു രക്ഷിപ്പാനായി അവൻ എനിക്കു ചെയ്ത ഉപകാരങ്ങൾ എത്ര വലിയതു — എന്നോടു സമവയസ്സുള്ള അനേകം സ്നേഹിതരും ബന്ധുക്കളും രക്ഷയില്ലാതെ മരിച്ചിട്ടും എന്നെ തന്റെ അനന്തകൃപയുടെ ഒരു തുണായിട്ടു ഇത്ര സംവത്സരം ജീവനോടേ രക്ഷിച്ചതു എത്രയും ആശ്ചൎയ്യം! അവന്റെ നാമത്തിൻനിമിത്തം സകലവും ഉപേക്ഷിച്ചു വിടുന്നവൎക്കു ഇഹത്തിൽ തന്നെ നൂറിരട്ടി ലഭിക്കും എന്ന വാഗ്ദത്തം മിക്കവാറും ഈ പന്ത്രണ്ടു വൎഷത്തിന്നകം എത്ര പ്രാവശ്യം എനിക്കു അനുഭവമായിരിക്കുന്നു; പരത്തിലേക്കുള്ളതും അവൻ നിശ്ചയമായി നിവൃത്തിച്ചു തരും എന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. അവന്റെ രക്തം എന്റെ രക്ഷയും അവന്റെ മരണം എന്റെ നിത്യജീവനും ആകുന്നു. കൎത്താവു ഇപ്രകാരം തന്നെത്താൻ എനിക്കു വെളിപ്പെടുത്തി എന്നെ മോചിച്ചു രക്ഷിച്ചതിന്റെ ശേഷവും എന്നിൽ ഉണ്ടാകുന്ന പിൻവീഴ്ച സ്നേഹക്കുറവു ഗൎവ്വം അസന്തുഷ്ടി സ്വനീതി അവന്റെ വേലയിലുള്ള ഉത്സാഹക്കുറവു മുതലായ തെറ്റുകൾക്കു കുറവല്ല (=വേണ്ടുവോളമുണ്ടു) നിശ്ചയം എങ്കിലും ഇവയെല്ലാം അവൻ എന്നോടു കണക്കിടാതെ തന്റെ സ്വന്ത വിശുദ്ധരക്തം നിമിത്തം എന്നോടു ക്ഷമിച്ചു തന്റെ ആത്മാവിനാൽ എന്നെ സകല സത്യത്തിലും താഴ്മയിലും സ്നേഹത്തിലും നടത്തിക്കനിഞ്ഞു രക്ഷിക്കും എന്നു വിശ്വസിച്ചു അവനോടു അപേക്ഷിക്കുന്നു.”

മേൽ എഴുതിയപ്രകാരം രാമവൎമ്മൻ തന്റെ ജീവിതം ഗുണദോഷങ്ങൾ ഒന്നും ഒഴിക്കാതെ അറിയിച്ച ശേഷം പീഠത്തിൽനിന്നു കിഴിഞ്ഞു

പാതിരിസായ്പന്മാരുടെ മുമ്പിൽ വന്നു നില്ക്കയും ചെയ്തു.—സഭ ഒരു പാട്ടുപാടീട്ടു ഹെബിക് സായ്പു പിന്നേയും പ്രാൎത്ഥിച്ചു അവനോടു ഓരോ പ്രബോധനകളും ഏല്ക്കുവാനുള്ള സ്ഥാനത്തോടു സംബന്ധിച്ച ഉപദേശങ്ങളും ചൊല്ലിക്കൊടുത്തു. പിന്നേ നാലു സായ്പന്മാർ, തങ്ങളുടെ മുമ്പാകെ മുട്ടു കുത്തി ഇരുന്ന രാമവൎമ്മന്റെ തലമേൽ കൈവെച്ചു ഓരോ അനുഗ്രഹപദങ്ങളെ പറഞ്ഞു സ്ഥാനത്തിന്നു നിയോഗിച്ചു കൊടുക്കയും ചെയ്തു. തീൎച്ചെക്കു ഒരു പാട്ടു പാടി പ്രാൎത്ഥനയും അനുഗ്രഹവും കേട്ടു സഭ സന്തോഷത്തോടെ പിരിഞ്ഞു പോകയും ചെയ്തു. ഇങ്ങനേ അത്രോടം ഉപദേശിയായവൻ പാതിരിയായി താല്പൎയ്യത്തോടെ പുതിയ സ്ഥാനത്തോടു അടുത്ത വേലകളെ സഭയിലും പുറത്തും നടത്തി—കൎത്താവു അവന്റെ പ്രവൃത്തികളെ അനുഗ്രഹിച്ചു വിശ്വാസികളുടെ സ്നേഹം സമൃദ്ധിയായി അവന്നു നല്കയും ചെയ്തു. അവൻ ഇപ്രകാരം ബഹുകാലം സഭെക്കു ഉപകാരമായി തീരും എന്നു വിചാരിച്ചു ആശിപ്പാൻ സംഗതിയുണ്ടായി അവന്നു നാല്പത്തുരണ്ടു വയസ്സുമാത്രം ഉണ്ടായിരുന്നുവല്ലോ; എന്നാൽ കൎത്താവിന്റെ വിചാരങ്ങൾ വേറെ ആയിരുന്നു. പക്വഫലമായി അവനെ വേഗം ഈ ലോകത്തിൽനിന്നു എടുത്തു നിത്യരാജ്യത്തിലേക്കു കൈക്കൊൾവാൻ അവന്നു ഇഷ്ടം തോന്നി. അക്കാലത്തു വസൂരിദീനം കണ്ണൂരിലും മററും വളരെ വീൎയ്യത്തോടെ പരന്നു നടന്നു അനേകം ആളുകൾ മരിച്ചു എങ്കിലും രാമവൎമ്മൻ ഒന്നും പേടിക്കാതെ ദീനക്കാരെ ചെന്നു കണ്ടു ആശ്വാസവാക്കുകളെയും മററും പറഞ്ഞു പ്രാൎത്ഥിച്ചു പോന്നുകൊണ്ടിരിക്കുമ്പോൾ ആ ദീനം തനിക്കും വന്നു. ഓർ ഉപദേശി ആയത്തു ഗുന്ദൎത്തുസായ്പിന്നു കത്തെഴുതി വിവരിച്ചപ്രകാരം താഴേ പറയുന്നു.

“നിങ്ങൾ കണ്ണൂൎക്കു വന്നു പോയശേഷം ഉണ്ടായ അവസ്ഥകൾ അറിയുമല്ലോ രാമവൎമ്മൻ അയ്യന്നു വസൂരിവന്നു മരിച്ച അവസ്ഥ തന്നേ. ഞാൻ ഫിബ്രവരി ൨൬– കണ്ണൂൎക്കു പോയിരുന്നു അപ്പോൾ തന്നെ അവൎക്കു വസൂരിക്കു പനിച്ചു പൊന്തി തുടങ്ങിയതുകൊണ്ടു ആരും അവിടെ പോകരുതു എന്നു ഹെബിക് സായ്പു കല്പിച്ചിരുന്നതുകൊണ്ടു എനിക്കു ഒന്നു ചെന്നു നോക്കാനും കൂടി കഴിഞ്ഞില്ല. അഞ്ചരക്കണ്ടിക്കാർ ചിലരും അയ്യന്റെ ഭാൎയ്യയും തന്നേ അടുക്കേ ഉണ്ടായിരുന്നു. കണ്ടവർ ഒക്ക ദീനം നല്ല മാതിരി ആകുന്നു എന്നു പറഞ്ഞു. ചികിത്സ ഡൊക്തർ സായ്പിന്റേതു തന്നേ ആയിരുന്നു. വസൂരി ഇറക്കം വെച്ചു തുടങ്ങിയപ്പോൾ തേങ്ങാപ്പാൽ വെന്ത എണ്ണ പിരട്ടേണം എന്നു കല്പിച്ചാറെ കറുത്തവൎക്കു വിരോധം തോന്നി എങ്കിലും കല്പന അനുസരിച്ചു പിരട്ടിയതിനാൽ നന്നെ വിഷമിച്ചു പോയി അതു തന്നെ അല്ല മുമ്പിൽ പറഞ്ഞതു പോലെ അല്ല

ദീനം പിന്നെയും പിന്നെയും അധികമായി അയ്യന്നു കൂടക്കൂട സ്ഥിരബുദ്ധി തന്നേ വിട്ടുപോയി. സായ്പു ഒരിക്കൽ ചെന്നു കണ്ടു സംസാരിച്ചാറെ കൈകെട്ടി ഞാൻ ഒരു ആശ്വാസസ്ഥലം കാണുന്നു അതു മഹാസന്തോഷം എന്നു പറഞ്ഞു.* മോശെ എന്നവനും അയ്യന്റെ അടുക്കെ തന്നെ ആയിരുന്നു; ആയവനോടു ദീനക്കാരൻ യേശുവിന്മേൽ നോക്കേണം എന്നും തന്റെ ഭാൎയ്യയോടും നീയും യേശുവിനെ നോക്കിക്കൊൾക എന്നും മററും പറഞ്ഞു. അതുകൂടാതെ ദീനം വരുന്നതിന്നു മുമ്പെ തന്നെ അയ്യന്റെ ശീലം നന്നെ പതമുള്ളതും ദയയുള്ളതും കണ്ടിരുന്നു. അദ്ദേഹം ഉപദേശികളിൽ ഒരു അരയന്നം തന്നേ ആയിരുന്നു. സഭെക്കും അവനെ കൊണ്ടു വലിയ ഉപകാരം വന്നതു. കൎത്താവു അവനെ നീക്കി തന്റെ രാജ്യത്തിലേക്കു എടുത്തതു ഉപദേശികൾക്കും സഭെക്കും ഒരു ശിക്ഷ തന്നെ ആകുന്നു. എനിക്കു ൫ൻ വയസ്സായി ചെറുപ്പത്തിൽ എന്റെ അമ്മ മരിച്ചു രണ്ടു കാരണവന്മാർ മരിച്ചു മററും ഓരോ ദുഃഖം വന്നു എങ്കിലും ഇത്ര ദുഃഖം എനിക്കു ഉണ്ടായിട്ടില്ല, കാരണം യേശുവിൽ രക്ഷ ഉണ്ടെന്നും പാപികളുടെ മേൽ ദൈവത്തിന്നു കരുണ ഉണ്ടെന്നും മററും അവൻ എന്നോടു പറഞ്ഞു; മുമ്പെ ഞാൻ ഈ അവസ്ഥയെ കുറിച്ചു കേട്ടിട്ടു തന്നേ ഇല്ല അവൻ എന്നെ കൎത്താവിന്റെ വഴിയിലേക്കു ഉന്തിയിരുന്നു. എന്റെ അയ്യൻ ഇപ്പോൾ കൎത്താവോടു കൂട ഇരിക്കുന്നു. ഫിബ്രവരി ൨൩ന- അവർ മരിച്ചതു."

ഇങ്ങനേ ദൈവം ഈ ക്ഷത്രിയനെ സുഖദുഃഖങ്ങളിൽ കൂടി നടത്തി തന്റെ രാജ്യത്തിന്റെ അവകാശത്തിന്നായി ഒരുക്കി പലപ്രകാരം നേർവഴിയിൽനിന്നു തെററിപ്പോയ സമയത്തിലും അവനെ കൈവിടാതെ പിന്നെയും പിന്നെയും അന്വേഷിച്ചു തികഞ്ഞ ജയത്തിലേക്കു പ്രവേശിപ്പിക്കയും ചെയ്തു. സ്വന്ത രക്ഷയെ ഭയത്തോടും വിറയലോടും സമ്പാദിച്ചു മററവൎക്കും അതിന്റെ വഴി കാണിക്കേണ്ടതിന്നു അവന്നു ഒടുവിൽ സത്യമാനസാന്തരവിശ്വാസങ്ങളെ കൊണ്ടു പ്രാപ്തി വന്നതു. ഇപ്രകാരം വലിയവരെ താഴ്ത്തുവാനും താണവരെ ഉയൎത്തി തന്റെ വേലക്കു കൊള്ളുന്നവരാക്കി പ്രയോഗിപ്പാനും ദൈവത്തിന്നു വകയുണ്ടെന്നു ഈ ആളുടെ ജീവിതവിശേഷങ്ങളിലും തെളിഞ്ഞു വരുന്നതു. വായിക്കുന്നവർ ധൈൎയ്യം പൂണ്ടു അവൻ ചെയ്തതു പോലെ സകലവും വിട്ടു രക്ഷയെ തേടി നിത്യ

---

* Do you know me? O yes, you are Mr. N . . . . Do you feel peace in your soul? O yes, the Lord has been very gracious to me. If He will have me to live longer here, I am ready for it; if He wants me to go, I am very happy. പിന്നെ കൈകൾ രണ്ടും മുറുക കെട്ടി മേല്പെട്ടു നീട്ടി ബലത്തോടും സന്തോഷത്തോടും I see a blessed eternity before me എന്നിങ്ങനെ ഇംഗ്ലിഷിൽ പറഞ്ഞു. എന്നതിനെ കണ്ടു കേട്ടവൻ അറിയിക്കുന്നു.

ജീവന്റെ ലബ്ധിക്കായി നല്ലപോർ കഴിച്ചാൽ അവനു സാധിച്ചതു സാധിക്കാതിരിക്കുമോ? ലോകരക്ഷിതാവിന്റെ വിളി ഇതാ വായിച്ചു കേൾപ്പിൻ മത്ത. ൧൧, ൨൮—൩൦.

അല്ലയോ അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നോരേ ഒക്കെയും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ തണുപ്പിക്കും. ഞാൻ സൌമ്യതയും ഹൃദയത്താഴ്മയുമുള്ളവനാകകൊണ്ടു എന്റെ നുകം നിങ്ങളിൽ ഏറ്റുകൊണ്ടു എങ്കൽനിന്നു പഠിപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു വിശ്രാമം കണ്ടെത്തും. കാരണം എന്റെ നുകം മനോഹരവും എന്റെ ചുമടു ലഘുവും ആകുന്നു.

ROTATORY POETRY ചിത്രപദ്യം.



സൂചകം.—മേൽ കാണിച്ചിരിക്കുന്ന വൃത്താകാരചിത്രപദ്യത്തിൽ, പരബന്ധവും, പ്രാസവും, ബന്ധാക്ഷരയമകവും ആവൎത്തിച്ചു പതിനാറു വൃത്തങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ ഓരോ പദവും ഓരോ വൃത്തത്തിനു പ്രഥമ പാദം മുഖമായിരിക്കും.

വിവരം ൧.

പാരിടത്തിൽ തിന്മയിനുൾപട്ടമൎത്ത്യർ തീയായ
പാരവശ്യ ജിഹ്മഗത്തിൻ പട്ടടയിൽ ചീയാതെ
ഭാരമെട്ടത്തിമ്മഹിയിൽ പണ്ടുദിച്ച ശ്രീയാന്ന
ഭാരവൃത്തം ചെമ്മെയ്യിൽ പട്ടുഭവാൻ ശ്രീയീശോ!

൨.

തിന്മയിനുൾ പട്ടമർത്ത്യർ തീയായ പാരവശ്യ
ജിഹ്മഗത്തിൻ പട്ടടയിൽ ചീയാതെ ഭാരമെട്ടു
ത്തിമ്മഹിയിൽ പണ്ടുദിച്ച ശ്രീയാം ഭാരവൃതം
ചെമ്മെയ്യിൽ പട്ടുഭവാൻ ശ്രീയീശോ പാരിടത്തിൽ.

ശേഷം പതിനാലു വൃത്തങ്ങളും ഈവിധം പാടിക്കൊള്ളേണ്ടതു.

M. Walsalam.

II. THE HUMAN SKULL (3)—THE FACE.
മുഖാസ്ഥികൾ.

(VI. 23 ഭാഗത്തിൻെറ തുടൎച്ച).



തലച്ചോററിനെ അടക്കിക്കാക്കുന്ന തലമണ്ട മേലും കീഴും ഉള്ള നന്നാലു എല്ലുകളാൽ ത്രുപിക്കപ്പെട്ടിരിക്കുന്നു എന്നു നാം മുമ്പേ കണ്ടിരിക്കുന്നുവല്ലോ. തലച്ചോററിൻെറ അതിമൃദുവും നേരിയതുമായ മജ്ജയെ മേൽപുരെക്കൊത്ത മണ്ടയാകുന്ന ചല്ലത്തിന്നകത്തു ഹാനി വരായ്വാൻ ചരതിച്ചിരിക്കുന്നു. അതിൻെറ എല്ലുകൾ ഉറപ്പും കടുപ്പവുമുള്ളവയത്രേ.

ഇപ്പോൾ മുഖത്തിൻെറ 15 എല്ലുകളെ വിവരിക്കുന്നു. ഈ എല്ലുകൾ മുഖത്തിന്നു വടിവു വരുത്തേണ്ടതാകകൊണ്ടു മേൽപറഞ്ഞവണ്ണം കടു

-പ്പമുള്ളവയല്ല. ഇവററിൽ ആറു ഇണ (ജോടു) യെല്ലുകളും, മൂന്നു തനി യെല്ലുകളും ഉണ്ടു. അവയാവിതു:

മേലേത്ത അരവെല്ലു രണ്ടു;[1] അണ്ണാക്കെല്ലു രണ്ടു;[2] തുന്തയെല്ലു രണ്ടു;[3] കണ്ണീരെല്ലു രണ്ടു;[4] മൂക്കെല്ലു രണ്ടു;[5] ചല്ലയെല്ലു രണ്ടു;[6] കൊഴുവെല്ലു ഒന്നു;[7] താടിയെല്ലു ഒന്നു;[8] നാക്കെല്ലു ഒന്നു[9] എന്നിവ തന്നേ. ഇങ്ങനേ തല മുഴുവനേ ഇരുപത്തെട്ടു എല്പിട്ടു കൂട്ടിയിരിക്കുന്നു എന്നറിക.

I. മുഖത്തിൻെറ മേൽപങ്കു:

൧. അരവെല്ലുകൾ രണ്ടു. നെററിയെല്ലിൻേറയും പുരികങ്ങളുടെയും കീഴേ നില്ക്കുന്ന ഈ എല്ലുകൾ മുഖത്തിൻെറ മദ്ധ്യത്തിൽ ഇരിക്കുന്നു. ചതുരാകൃതിയും നന്നാലു ആണികളും ഉള്ള അരവെല്ലുകളുടെ അടിയിൽ പതിനാറു പല്ലുകളുടെ ദ്വാരങ്ങൾ കുഴിഞ്ഞു കാണാം. അവ രണ്ടും മൂക്കിൻെറ കീഴിൽ തമ്മിൽ എച്ചിരിക്കുന്നു. അരവെല്ലുകളുടെ മേൽഭാഗം കൺതടങ്ങളുടെ കീഴംശമായിരിക്കുന്നു.

൨. അണ്ണാക്കെല്ലുകൾ രണ്ടും മേലാപ്പുപോലേ വായുടെ മേലും പിന്നും ഇരുന്നു അണ്ണാക്കിനെ ഉണ്ടാക്കുന്നു. അവററെയും കൂടെ എപ്പുകൊണ്ടു തന്നെ നടുവിൽ തൊടുത്തിരിക്കുന്നു. അവററിൻെറ ഓരായം ചേരാതിരിക്കിലോ നല്ലവണ്ണം ഉച്ചരിപ്പാൻ കഴിവില്ലാതെ പോകുന്താനും.

൩. തുന്തയെല്ലുകൾ രണ്ടും മുഖത്തിൻെറ പക്കങ്ങളിൽ ചെന്നിയെല്ലിൻെറ ചുവട്ടിൽ ഇരിക്കുന്നു. അവ പാലം പോലെ അരവെല്ലിൽനിന്നു ചെന്നിയെല്ലു വരെ[10] വില്ലിച്ചു നില്ക്കുന്നു. ഈ എല്ലു നെററിയെല്ലോടും അരവെല്ലുകളോടും പിരടിയെല്ലോടും[11] പല്ലേപ്പിനാൽ തന്നേ ഇണങ്ങിവരുന്നു. കട്ടപ്പമായ വസ്തുക്കളെ പോലും കടിച്ചു പൊട്ടിപ്പാൻ വേണ്ടി തുന്തയെല്ലിന്മേൽ പററിക്കിടക്കുന്ന മാംസനാരുകൾ സഹായിക്കുന്നു.

൪. കണ്ണീരെല്ലുകൾ രണ്ടും കൺകുഴികളുടെ (തടങ്ങളുടെ) അകത്തു നേരിയതും ചതുരവുമായ എല്ലുകൾ ആയി അരിപ്പയെല്ലോടും[12] നെററിയെല്ലോടും ഇണഞ്ഞിരിക്കുന്നു.

൫. മൂക്കെല്ലുകൾ രണ്ടും മൂക്കിൻെറ വേരുകളായി എത്രയും കട്ടപ്പത്തോടെ കണ്ണുകൾക്കിടയിൽ കിടക്കുന്നു. ഇവററോടു മാംസഞ്ഞരമ്പുകൊണ്ടുള്ള മൂക്കു ചേൎന്നിരിക്കുന്നു.

൬. ചല്ലയെല്ലുരണ്ടും മൂക്കിൻ ഗുഹയുടെ ഉള്ളിൽ തന്നേ അരവെല്ലുകളോടും ശംഖാകൃതിയായ അരിപ്പയെല്ലോടും കണ്ണീരെല്ലുകളോടും ഇണങ്ങിയിരിക്കുന്നു. മൂക്കിൻെറ ഉള്ളിൽ ഇനിയും ഒരു എല്ലു കിടപ്പുണ്ടു. ആ

1) Ossa Maxillaria superiora. 2) Ossa palatina. 3) Ossa Zygomatica. 4) Ossa lacrymalia. 5) Ossa nasalia. 6) Ossa turbinata. 7) Vomer. 8) Os maxillare inferius. 9) Os linguale. 10) Ossa parietalia. 11) Os occipitis. 12) Os ethmoides.

യത്തു ഞേഞ്ഞോൽക്കരികണക്കേയിരുന്നു മൂക്കിനെ രണ്ടംശങ്ങളാക്കി വിഭാഗിക്കുന്ന കൊഴവെല്ലു തന്നെ. (7)

II. മുഖത്തിന്റെ കീഴ് പങ്കു.

ഈ അംശത്തിൽ രണ്ടെല്ലുകളേയുള്ളൂ. താടിയെല്ലും നാക്കെല്ലും തന്നേ.

൧. ലാടാകൃതിയുള്ള താടിയെല്ലിന്നു നടുവിൽ തടിപ്പും ചെന്നിയെല്ലുകളോടു ഓരോ കെണിപ്പുമുള്ള രണ്ടു കൊമ്പുകൾ ഉണ്ടു. ഈ എല്ലിന്റെ നടുവിലേ തടിപ്പിന്നു താടി എന്നും കൊമ്പുകൾക്കു കവിൾത്തടം എന്നും പറയുന്നു. കൊമ്പുകളുടെ വിശേഷമായ ആണികൾ മുടിയാണി[13] എന്നു പേർ. താടിയുടെ മേല്ഭാഗത്തു വീണ്ടും മിന്നാരപ്പല്ലുകൾ 2 കൂൎച്ചൻ പല്ലുകൾ 4 കുലപ്പല്ലുകൾ 6 അണ്ണിപ്പല്ലുകൾ ആകേ 16 പല്ലുകൾക്കു വേണ്ടും ദ്വാരങ്ങളും കിടക്കുന്നു[14]. ഭക്ഷണത്തെ ഇരപ്പെക്കു (ജീൎണ്ണകോശത്തിന്നായി) ചവച്ചരക്കേണ്ടതിന്നു അവറ്റെ ചുറ്റിലും കട്ടപ്പമുള്ള മാംസനാരുകളും ദശപ്പുകളും കൊണ്ടു ബലപ്പെടുത്തിയിരിക്കുന്നു.

൨. നാക്കെല്ലു ഒന്നു. തേങ്ങാപ്പൂൾ പോലേത്ത ഈയെല്ലു തൊണ്ടയുടെ മേലും താടിയുടെ പിന്നിലും ചെന്നിയാണി (ചെന്നാണി) യോടു[15] ഏച്ചു വരുന്നു.

മേൽപറഞ്ഞ തലയോട്ടിന്റെ എല്ലുകൾ കൊണ്ടു തലയിൽ അഞ്ചു മടകൾ ഉളവാകുന്നു.

൧. തലച്ചോററിനെ കൈക്കൊൾ്വാനുള്ള മണ്ടമടയും[16]

൨. കണ്ണുകളും കണ്ണീർപീളകളും നിലെക്കുന്ന മുക്കോണിച്ച രണ്ടു കൺതടങ്ങളും[17]

൩. മണമുള്ള വസ്തുക്കളുടെ വാസനയെ പിടിച്ചു കൊള്ളുന്ന രണ്ടു മൂക്കിൻ തുളകളും[18]

൪. നാവിന്നും പല്ലുകൾക്കും ഉള്ള ഇരിപ്പിടവും ഭക്ഷണ ഇറക്കത്തിന്നു പ്രയോജനവും ആയ വായും[19]

൫. തുന്തയെല്ലുകളുടെ പിന്നിൽ കിടക്കുന്ന ചെന്നി ദ്വാരങ്ങളായ കേൾവിത്തുളകളും എന്നിവ തന്നേ[20].

തലച്ചോററിന്നു ആവശ്യമായ പരിപാലനയേയും ചവെക്കുന്നതിൽ പെടുന്ന കഠിനതയേയും നല്ക്കേണ്ടതിന്നു പലവിധം അസ്ഥികളാൽ ത്രുപിച്ചു മണ്ട ശിശുവിന്നു തന്നേ ഉറപ്പോടെ തികവായി ഇരിക്കുന്നുവെങ്കിലും തലച്ചോറു വൎദ്ധിക്കുമളവിൽ പല്ലേപ്പുകൾ ഹേതുവായി തലയെല്ലുകൾക്കും വളരുവാൻ ഇടയുണ്ടു. തല മനുഷ്യരുടെ ശരീരത്തിൽ എത്രയും ആശ്ചൎയ്യമായ ഒരു അവയവമായി ചമച്ചതു വിചാരിച്ചാൽ ആയതു ഉടയവന്റെ ജ്ഞാനത്തെയും വൈഭവത്തെയും കുറിച്ചു നമുക്കു ഏററവും വലിയൊരു സാക്ഷി കൊടുക്കുന്നു താനും. *E. Lbdfr.*

13) കരീടാസ്ഥി. 14) 62ാം ഭാഗം നോക്ക. 15) Processus styloideus. 16) Cavitas cranii. 17) Orbitae. 18) Cavitas nasi. 19) Cavitas oris. 20) Fossae temporales.

THE USE OF A STOCKING.

ചരണകോശം കൊണ്ടുള്ള പ്രയോജനം.

"അമ്മേ! ഇന്നു ആ വലിയ (പുകത്തുൺ) പുകക്കുഴൽഗോപുരപ്പണി മുഴുവൻ തീരുമോ? എന്നു ചെറിയ ചെറുക്കനായ തോം അമ്മയോടു ചോദിച്ചു" "തീൎന്നു പോകും നിശ്ചയം; അവർ ഇന്നു ഏണിപ്പലകകൾ മുതലായതു അഴിച്ചു പണി മതിയാക്കും എന്നു അച്ഛൻ തന്നെ ചൊല്ലിയതു എത്രയോ സന്തോഷം. ഇത്ര ഉയൎന്ന ഗോപുരങ്ങളെ എടുപ്പിക്കുന്നതു അപായമത്രേ; അച്ഛൻ എത്രയും ഉയരത്തിൽ നില്ക്കുന്നതു ഞാൻ കാണുമ്പോൾ തലതിരിഞ്ഞു പോകുന്നു" എന്നു അമ്മ ഉത്തരം പറയുന്നതിന്നിടയിൽ ഭൎത്താവിന്നു മുത്താഴം ഒരുക്കി വെച്ചു. ചെറിയ തോം ദിനംതോറും അതു അച്ഛന്നു കൊണ്ടു പോകും പ്രകാരം അന്നും കൊണ്ടുച്ചെന്നു കാത്തിരുന്നു. "അച്ഛൻ ഇറങ്ങിവരും മുമ്പെ ഞാൻ വേറെ ആളുകളോടുകൂടി കൂക്കി വിളിക്കും എന്നു പറഞ്ഞപ്പോൾ" അച്ഛൻ സൌഖ്യത്തോടെ ഇവിടെ എത്തിയാൽ നാം നാളെ ഒരു നല്ല ഭക്ഷണമുണ്ടാക്കി ആയ്തും കൊണ്ടു ഒരുമിച്ചു ഒരു നല്ല പ്രദേശത്തിൽ പോയി അവിടെ വെച്ചു ഭക്ഷിച്ചും കളിച്ചും സന്തോഷിച്ചു കൊണ്ടിരിക്കും" എന്നു അമ്മ പറഞ്ഞു.

"അതു എത്രയും നല്ലതു" എന്നു തോം സന്തോഷിച്ചു ചൊല്ലിക്കൊണ്ടു പാത്രത്തേയും അപ്പത്തേയും എടുത്തു പുറപ്പെട്ടു പോയപ്പോൾ അമ്മ പെട്ടന്നു മുറിയിൽ പുക്കു മുട്ടുകുത്തി "പ്രിയ ദൈവമേ! എന്റെ ഭൎത്താവിനെ ഇന്നത്തേ ദിവസത്തിൽ കാത്തു രക്ഷിക്കേണമേ" എന്നു പ്രാൎത്ഥിച്ചു. ഈ സമയത്തിൽ തന്നേ തോം അച്ഛന്റെ അടുക്കൽ ചെന്നു ഭക്ഷണങ്ങളെ ഏല്പിച്ചു കൊടുത്തതിന്റെ ശേഷം ചിന്ത കൂടാതെ എഴുത്തുപള്ളിയിലേക്കു പോയി സന്ധ്യയായപ്പോൾ മകൻ ആ ഗോപുരത്തിൻ പണിതീൎപ്പിനെ കാണേണ്ടതിന്നു അവിടേക്കു ചെന്നു. അച്ഛൻ തനിച്ചു ഒരു സൂചിയോടൊത്ത അററത്തിന്മേൽ നില്ക്കുന്നതിനെ കണ്ടാറെ, തോം വളരേ അതിശയിച്ചു ഭയപ്പെട്ടു, പണിസ്ഥലത്തു എത്തിയപ്പോൾ ആളുകൾ കോണികളെയും തൂണുകളെയും അഴിച്ചെടുത്തിരുന്നു അച്ഛൻ മേല്പാട്ടിൽ നിന്നു പണി കേവലം തീൎന്നുവോ എന്നു നോക്കി അനന്തരം തൊപ്പി എടുത്തുയൎത്തി താഴെ നില്ക്കുന്നവരോടു കൂടെ സന്തോഷത്തോടെ കൂക്കി ആൎക്കയും ചെയ്തു. ചെറിയ തോം താനും എത്രയും വിനോദത്തോടെ അവരോടു കൂടി ആൎത്തു. "കയറു" "കയറു" എന്നു പെട്ടന്നു മേലിൽനിന്നു ഭയങ്കരമായ ഒരു നിലവിളി കേട്ടപ്പോൾ പണിക്കാരും കാണികളും ഞെട്ടി അമ്പരന്നു മിണ്ടാതേ നിന്നു. അയ്യോ! ഒടുക്കത്തിൽ മുകളിൽനിന്നു ഇറങ്ങിവരേണ്ടുന്നവനായിട്ടു ഏണികളേയും പലകകളേയും അഴിക്കുന്നതിന്നു മുമ്പേ മീതേയുള്ള കൊക്കയോടു ഒരു കയറു കെട്ടുവാൻ മറന്നു പോയി എന്നു എ

ല്ലാവരും കണ്ടു പേടിച്ച ആരും ഒരു വാക്ക പോലും പറഞ്ഞില്ലതാനും; എന്തു ചെയ്യേണ്ണമെന്ന ആരുമറിഞ്ഞതുമില്ല. ഒരു കയറു ചാടി കൊടു പ്പാൻ ഗോപുരത്തിൻെറ പൊക്കം നിമിത്തം പാടുമില്ലല്ലോ. സാധുവാ യ അഛ്ശനോ ഗോപുരത്തിന്മേൽനിന്ന ഭയത്തോടും വിറയലോടും ഈ ഭ യങ്കരമായ അഗാധത്തിൽ നോക്കിയാറെ മരണഭീതി അവനെ പിടിച്ച അവൻെറ വിയൎപ്പു ഇററിററു വീണു; ഞാൻ ഇപ്പോൾ മരണത്തിൻെറ വാ യിൽ കുടുങ്ങും എന്നും ഈ അല്പ സ്ഥലം ചാഞ്ചാടുകയും ചായുകയും ചെ യ്യുന്ന എന്നും അവനു തോന്നിയതു കൊണ്ടു അവൻ കണ്ണുകളെ അടച്ച അശേഷം ബുദ്ധിമുട്ടി വലഞ്ഞു നിന്ന.

തൻെറ ഭാൎയ്യയോ വീട്ടിൽ ഉത്സാഹത്തോടെ പണി ചെയ്തു കൊണ്ടി രിക്കുമ്പോൾ യദൃഛ്ശയായി ചെറിയ തോം പാഞ്ഞു വന്നു അകമ്പുക്ക അ മ്മേ! അമ്മേ! അയ്യയ്യോ! കയറു കെട്ടുവാൻ അവർ മറന്നു പോയി! അഛ്ശ ന്നു ഇറങ്ങി വരുവാൻ കഴികയില്ലല്ലോ! എന്നു നില വിളിച്ച പറഞ്ഞു. ഒരു മിന്നൽപിണർ എന്ന പോലെ ഈ വൎത്തമാനം അമ്മയെ തട്ടി അ വൾ ഒരു നിമിഷത്തിന്നിടേ ഉൾഭയം അകററുവാൻ മുഖം രണ്ടു കൈ കൊണ്ടു മൂടി ദീൎഘശ്വാസത്തോടെ ദൈവത്തോടു പ്രാൎത്ഥിച്ച വായു വേ ഗത്തോടെ വീടു വിട്ടു ആ അപായമുള്ള സ്ഥിതിയിൽ ഭൎത്താവെ കാണ്മാൻ പുറപ്പെട്ടു പോയി.

അവൾ ഗോപുരത്തിൻെറ അടിയിൽ എത്തിയപ്പോൾ അവിടെ കൂ ടിയ ജനസമൂഹം അവളോടു: നിൻെറ ഭൎത്താവു താഴേ ചാടും എന്നും അവൻ അവിടെ നിന്നു തുള്ളിക്കളയും എന്നും വിളിച്ച പറഞ്ഞതു കേട്ടു അവൾ: എൻെറ പ്രാണനാഥ! അതൊരിക്കലും ചെയ്യരുതേ! നിങ്ങളുടെ ചരണകോശങ്ങളിൽ ഒന്നു ഊരി അതിൻെറ നൂൽ പിരിച്ച ആ നൂലി ൻെറ അററത്തു ഒരു കുമ്മായ കഷണത്തോടുറപ്പിച്ച കെട്ടി മെല്ലേ മെ ല്ലേ താഴോട്ടു ഇറക്കുക! എന്നു ഭാൎയ്യ തിണ്ണം നിലവിളിച്ചു; ഭൎത്താവു ഇതി നെ കേട്ടു കാലടിയുറയായ ഒരു ചരണകോശം കഴിച്ച പിരിക്കുന്നതിനെ ആളുകൾ കണ്ടു വിസ്മയിച്ച. പിന്നെയും അവൾ അവനോടു: കുമ്മായ കട്ടയെ പതുക്കേ കെട്ടിത്താഴ്ത്തി മറുതലയെ മുറുക പിടിക്കുവിൻ! എന്നാൎത്തു പറഞ്ഞപ്രകാരം അവൻ ചെയ്തു. കാററു കൊണ്ടു ആ നേരിയ നൂൽ ഇ ങ്ങോട്ടും അങ്ങോട്ടും ആടിയാലും ഒടുക്കം അതു നിലം തൊട്ടു. അവിടെ നി ല്ക്കുന്നവരിൽ ഒരുവൻ ആ തുണ്ടുകട്ടയെ ചരതത്തോടെ പിടിച്ച ആ അ മ്മയുടെ കൈയിൽ കൊടുത്തു അവളോ ചെറിയ തോം കൊണ്ടു വന്ന ചൂടിയെ ആ നൂലോടു ഏച്ച കൂട്ടിയ ശേഷം: ഇപ്പോൾ പതുക്കേ മേലോ ട്ടു വലിപ്പിൻ! എന്നു കൂക്കി വിളിച്ച പറഞ്ഞതിൻവണ്ണം അവൻ ചെയ്തു. ആ ചൂടിയുടെ തല കൈയിൽ വന്നപ്പോൾ അവൾ കുടുക്കുള്ള ഒരു കമ്പ

കയറിനെ ആ ചൂടിയോടു കൂട്ടികെട്ടി: ഇപ്പോൾ ഉരത്തോടെ വലിച്ചു കൊൾവിൻ! അറെച്ചു പോകരുതേ! എന്നുറക്കേ നിലവിളിച്ചാറെ അവൻ ആയ്ത്തു വലിച്ചെടുത്തു അങ്ങുണ്ടായിരുന്ന കൊക്കയോടു കൊളുത്തിവരും അളവിൽ കാണികൾ അമ്പരന്നു ഉററു നോക്കി കൊണ്ടിരുന്നു. ഭാൎയ്യയോ മുഖം കുനിഞ്ഞു തന്റെ ഉള്ളിൽ ദൈവത്തോടു ആൎപ്പോടു കെഞ്ചി: അയ്യോ, മുമ്പെ നിരാശയിൽ അകപ്പെട്ടു ഭയപ്പെടുകയും അദ്ധ്വാനിക്കയും ചെയ്തതിന്റെ ശേഷം എന്റെ ഭൎത്താവിന്നു ഇറങ്ങി വരുവാൻ വേണ്ടുന്ന ശക്തിയും ചുറുക്കും പോരാതെയായിരിക്കാം, എന്നു അവൾ നിനെച്ചു പേടിച്ചു തുടങ്ങി എങ്കിലും, അവൾ മുൻ കാണിച്ച ക്ഷമധൈൎയ്യസ്ഥിരതകൾ കൊണ്ടു അവന്റെ ഹൃദയത്തിൽ വൎദ്ധിച്ചു വന്ന ദൈവാശ്രയത്താൽ പുതിയ ജീവൻ പകൎന്നുവന്നതു നിമിത്തം: എൻ ദേഹിയേ നീ ചാഞ്ഞും എന്റെ മേൽ അലച്ചും പോകുന്നതു എന്തു? ദൈവത്തെ പാൎത്തുനില്ക്ക, അവനെയല്ലോ എന്റെ മുഖത്തിൻ രക്ഷകളും എന്റെ ദൈവവും എന്നു ഞാൻ ഇനി വാഴ്ത്തും നിശ്ചയം എന്നു ഭൎത്താവു തന്നിൽ ആശ്വസിച്ചു പ്രാൎത്ഥിച്ചു കൊണ്ടു കമ്പക്കയറു മുറുക പിടിച്ചു കിഴിയുവാൻ തുനിഞ്ഞു. ഇതിനെച്ചൊല്ലി ഭാൎയ്യ ഏതും അറിയാതെ പ്രാൎത്ഥിക്കുന്നതും വിശ്വസിക്കുന്നതും ഒഴികേ മറെറാന്നും ചെയ്താൽ ഫലിക്കയില്ല എന്നുറെച്ചു കൎത്താവിനെ തന്നെ അഭയമാക്കിയതു.

"എത്തിപ്പോയി" "എത്തിപ്പോയി" എന്നു ജനസമൂഹം ആൎത്തപ്പോൾ: അമ്മേ! അമ്മേ! അച്ഛൻ രക്ഷിക്കപ്പെട്ടു! എന്നു ചെറിയ മകൻ നിലവിളിച്ചു" ഉടനെ സൌഖ്യത്തോടു നിലത്തെത്തിയ ഭൎത്താവു ചാടി വന്നു ഭാൎയ്യയെ ആലിംഗനം ചെയ്ത: എന്റെ പൊന്നേ! നിന്റെ ബുദ്ധി എന്നെ രക്ഷിച്ചു എന്നെ താങ്ങി സുഖേന എത്തിച്ച ദൈവത്തിന്നു സ്തോത്രം ഉണ്ടാവൂതാക!" എന്നു ഭൎത്താവു മഹാസന്തോഷത്തോടെ സ്തുതിച്ചു പറഞ്ഞു എങ്കിലും, അവൾ ഉരിയാടായ്കയാൽ "നിണക്കു എന്തു" "നീ സന്തോഷിക്കുന്നില്ലയോ" എന്നു ഭൎത്താവു ചോദിച്ചു നോക്കുമ്പോൾ താൻ ഭാൎയ്യയെ പിടിച്ചിരുന്നില്ലെങ്കിൽ അവൾ ബോധം കെട്ടു നിലത്തു വീഴുമായിരുന്നു എന്നു കണ്ടു നടുങ്ങി. എത്രയോ ഭയങ്കരമായ വ്യസനത്തിന്റെ ശേഷം അപൂൎവ്വമായ രക്ഷയും സന്തോഷവും പൊടുന്നനവേ ഉണ്ടായതുകൊണ്ടു അവൾ തളൎന്നു മോഹാലസ്യം ഉണ്ടായതേയുള്ളു. അല്പ സമയം കഴിഞ്ഞിട്ടു അവൾ വീണ്ടും ഉണൎന്നു മനം തെളിഞ്ഞു മൂവരും വീട്ടിലേക്കു പോയി മുട്ടുകുത്തി പൂൎണ്ണ ഹൃദയത്തോടേ ദൈവത്തെ സ്തുതിക്കയും ചെയ്തു.

പ്രിയവായനക്കാരേ! ചരണകോശം അത്യാവശ്യം എന്നല്ല. ഏറിയതിനെ കൊണ്ടു എങ്കിലും കുറഞ്ഞതിനെ കൊണ്ടു എങ്കിലും രക്ഷിപ്പാൻ യഹോവെക്കു പ്രയാസം ഒട്ടുമില്ല എന്നു ഈ അത്ഭുതമായ കഥ എത്രയും

നല്ലവണ്ണം തെളിയിക്കുന്നു. പാദകോശം കൊണ്ടാകട്ടേ മുണ്ടു കൊണ്ടാകട്ടെ ബലഹീനസ്ത്രീയെ കൊണ്ടാകട്ടേ മഹാസൈന്യങ്ങളെ കൊണ്ടാകട്ടേ എങ്ങനെയെങ്കിലും സൎവ്വശക്തിയുള്ള ദൈവം പരിപാലിക്കേണ്ടതിന്നു സമൎത്ഥനത്രേ; അവനിൽ ആശ്രയിക്കുന്നവർ ആരും ലജ്ജിച്ചു പോകയില്ല നിശ്ചയം. *F. F. F.*

A MEDITATION.

4. വേദധ്യാനം.

അവൻ (ദൈവം) മുമ്പേ നമ്മെ സ്നേഹിച്ചതു കൊണ്ടു നാം അവനെയും സ്നേഹിക്കാക. ൧. യോഹ ൪, ൧൯.

നീ കൎത്താവായ യേശുവിനെ സ്നേഹിക്കുന്നു എങ്കിൽ അവൻ നിന്നെ സ്നേഹിച്ചതു പോലെ നീയും അവനെ അവസാനത്തോളം സ്നേഹിച്ചു കൊൾക. അവന്റെ സ്നേഹത്തിന്നു ഇളക്കവും ഭംഗവും ഇല്ല. ആയതു എരിവു ചൂടു തികവു പരമാൎത്ഥം എന്നിവയുള്ളതാകുന്നു. ആയതു കൊണ്ടത്രേ ഈ യേശു സ്നേഹയോഗ്യൻ; അവനിൽ അപ്രിയം തോന്നരുതേ; അവങ്കൽനിന്നു അകന്നു നില്ക്കയുമരുതേ! അവന്റെ ശിഷ്യനായ പൌൽ വിശ്വാസത്തിൽ പറഞ്ഞതു നീയും ഏററു പറയേണ്ടതു അതോ: മരണവും ജീവനും ദൂതർ വാഴ്ചകൾ അധികാരങ്ങളും വൎത്തമാനവും ഭാവിയും ഉയരവും ആഴവും മററെന്തു സൃഷ്ടിയായതിന്നും നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിൽ ഉള്ള ദൈവസ്നേഹത്തോടു നമ്മെ വേൎപ്പെടുത്തുവാൻ കഴികയില്ല എന്നു ഞാൻ തേറിയിരിക്കുന്നു സത്യം (രോമർ ൮, ൩൮—൩൯.) എന്നതു തന്നേ. അവനെ നീ ശുഭനാളിലും ദുഃഖനാളിലും സൌഖ്യത്തിലും അനൎത്ഥത്തിലും മുറുക പിടിക്ക. വിശേഷാൽ ലോകസ്നേഹം തന്റെ മോഹവശീകരങ്ങൾ കൊണ്ടു ഓരോ ഭോഗസൌഖ്യങ്ങളെ കാണിച്ചു അനുഭവിപ്പാൻ വിളിക്കുംതോറും യേശുവിൻ സ്നേഹത്തെ പിടിച്ചു കൈവിടാതെ നില്ക്ക. ഒരു ദിവസമോ ഓരാഴ്ചവട്ടമോ അല്ലെങ്കിൽ ഒരു മാസമോ യേശുവിനെ അനുഗമിക്കയും പിന്നേ വീണ്ടും പൂൎണ്ണമനസ്സാലേ ലോകസ്നേഹത്തെ ആചരിക്കയും ചെയ്യുന്നവന്റെ കാൎയ്യം അസാദ്ധ്യം അത്രേ എന്നുറപ്പിക്ക. എന്നാൽ യേശുവിന്റെ സ്നേഹത്തിൽ നിലനില്ക്കുന്നവനോ ഭാഗ്യവാൻ ആകുന്നു. ഇപ്പോൾ കൎത്താവിനെ കാണാതെ അവങ്കലേ വിശ്വാസത്തിൽ രുചിനോക്കി അനുഭവിക്കുന്നതിനെ മരിച്ച ശേഷമത്രേ അവനെ മുഖാമുഖമായി കാണുന്നതിനാൽ പൂൎണ്ണാനുഭവവും തികഞ്ഞ സന്തോഷവും ആയ്വരും എന്നറിക.

യേശുവേ നീ സ്നേഹശക്തി—ലോകത്തിൽ വരുത്തിയോൻ
കടമായ ദാസഭക്തി—ആർ നിണക്കു കാട്ടുവോൻ
മുന്തിരിക്കു കൊമ്പായിട്ടും—ഞങ്ങളിൽ ഫലം പോരാ
പലശിഷ്യർ നിന്നെ വിട്ടും—കെട്ടും പോയി തമ്പുരാ (144). *J. M. F.*

SACRED SONGS & SOLOS.*

കീർത്തനങ്ങൾ.

5. THE GATE AJAR FOR ME.

പകൽക്കാലത്തു ഗോപുരങ്ങളെ പൂട്ടുകയില്ല. വെളിപ്പാടു ൨൧, ൨൫.

൧. മലൎക്ക സ്വർഗ്ഗവാതിലേ—തുറന്നു വെച്ചു കാണ്മൂ!
കതിക്കും ദിവ്യസ്നേഹത്തേ—അണ്ണാന്നു നിന്നു ഉണ്മൂ!

പല്ലവി.

കൃപാധനത്തിൻ ആഴമേ!
കൃപാലയത്തിൻ വാതിലേ
പിതാ—പിതാ—തുറന്നു വിട്ടതാ!

൨. നിഷ്കാലം നിഷ്പ്രമാണമോർ—വിസ്താരതത്വത്തെ പാൎപ്പിൻ;
വിശാലപങ്ക്തി ചാരുന്നോർ—വിസ്മയം പൂണ്ടു ഓൎപ്പിൻ!

൩. കൊള്ളാത സൎവ്വലോകത്തിൽ—വിരക്തിയാൎന്ന ഭക്തർ
ചൊല്ലേറും സ്വർഗ്ഗശാലയിൽ—വിയോഗം തീൎന്ന മുക്തർ.

൪. ഇതിന്നു മൂലമാരെന്നാൽ—എല്ലാററിന്നും സ്രഷ്ടാവു
ഉത്ഭിഷ്ട ആദ്യജാതനാൽ—എല്ലാരുടേ പിതാവു.

൫. ലക്ഷോപിലക്ഷ ഭാനു തൻ—പ്രഭാവഭ്രഷ്ട വെല്ലോൻ
രക്ഷാസംഭാരകാരണൻ—പ്രതാപത്തോടരുൾവോൻ.

൬. യഹോവ ക്രോധം ശങ്കിച്ചോൻ—കണ്ടാലും യേശു കൎത്താ!
യഥോക്തയാഗം അൎപ്പിച്ചോൻ—കൊണ്ടാലും നിൻ ഉദ്ധൎത്താ!

൭. അമൂല്യ രക്തബാഹുല്യം—സംക്ഷേപിച്ചെന്നും കാണ്മാൻ
അപൂൎവ്വസ്നേഹലാഞ്ഛനം—നിക്ഷേപിച്ചിന്നും പൂണ്ടാൻ.

൮. വധിച്ച പാടു രോഹിതം—ഭ്രഷ്ടവട്ടുക്കൾ അഞ്ചും
പതിച്ച മെയ്യിൽ ശോഭിതം—ദുഷ്ട ശത്രുക്കളഞ്ചും.

൯. നിരപ്പു കോറും ഹീനക്കോ—വട്ടുക്കൾ ക്രൂരം ധൈൎയ്യം;
നിരപ്പു ഏററ ക്ഷീണക്കോ—പഴക്കൾ തൂകും സ്ഥൈൎയ്യം.

൧൦. ഉൾക്കണ്ണ് തെളിഞ്ഞു നോക്കുവിൻ—വിമോചനത്തിൻ ദാനം!
ഉൾക്കാമ്പുണൎന്നു മോകുവിൻ—വിശോകമായ പാനം!

൧൧. പെറേറാരും മക്കൾ പേരന്മാർ—വിശേഷവാൎത്ത കേൾപ്പിൻ!
ഉറേറാരും ചാൎച്ചച്ചേൎച്ചക്കാർ—സന്ദേശമുള്ളിൽ ഏല്പിൻ!

൧൨. മുന്നാഴിക്കാരും നാഥന്മാർ—സങ്കേതം പ്രാപിച്ചോടിൻ!
പിൻ ആളിമാരും നാഥമാർ—സന്ദേഹം തീരേയോട്ടിൻ!

൧൩. പൈതങ്ങൾ പിള്ളർ ബാലന്മാർ—ഇവ്വാതിലൂടെ പൂവിൻ!
പെണ്ണുങ്ങൾ ആൺകൾ തൊണ്ടന്മാർ—ഇട്ടാരത്തൂടെ ചെല്ലിൻ!

൧൪. പ്രവേശം പാതികൊണ്ടെന്നോ—നിണക്കു ചാരിവെച്ചാൽ
പ്രവേശിക്കയെന്നാക്കുമോ—നിരന്നും കൊൾവു വേഗാൽ?

൧൫. സ്വർഗ്ഗത്തിൻ പോരു വാതിലേ—മലൎത്തിവെച്ചിട്ടുണ്ടേ!
സ്വർഗ്ഗസ്ഥനും തൃക്കൈകളേ—മലൎത്തികാട്ടുന്നുണ്ടേ!

൧൬. പഴപ്പുമുള്ള ഴൽ കണ്ടാൽ—തള്ളാതെ നീ കടക്കും;
പഴക്കം വന്നെന്നെണ്ണത്താൽ—ഉള്ളോതി നീ അടക്കും.

ചോനാക്കണ്ടി കേരളൻ.

* Sung by Ira D. Sankey No 2.

1. മലക്ക=മലൎന്നിട്ടു; കതിൎക്ക=കതിരുകളെ അയക്ക, രശ്മിക്ക; അതാ=കണ്ടാലും! 2. നിഷ്കാലം=കാലമില്ലാത; നിഷ്പ്രമാണം=അളവററ; വിസ്താരതം=പരപ്പു കൊണ്ടതു; പങ്ക്തി=പന്തി. 3. വിരക്തി=അറെപ്പു; (ആരുക) ആൎന്ന=വഴിയുന്ന, ഉള്ള; വിയോഗം=(കൎത്താവിൽനിന്നുള്ള) വേൎപ്പാടു; മുക്തൻ=പൂൎണ്ണധന്യത്തെ പ്രാപിച്ചവൻ. 4. ഉട്ടിഷ്ടൻ=കറികൊണ്ടവൻ, ചൂണ്ടികാണിച്ചവൻ. 5. ലക്ഷോപിലക്ഷം=ലക്ഷങ്ങളുടെ മേൽ ലക്ഷം; ഭാനു=സൂൎയ്യൻ; പ്രഭാവം=വല്ലഭം, മഹിമ; ഭൂഷ=ഭൂഷണം; വെല്ലുക=ജയിക്ക; രക്ഷാസംഭാരകാരണൻ=രക്ഷെക്കായിട്ടുള്ള എപ്പേൎപ്പെട്ട കോപ്പുകളെ ഉളവാക്കിയവൻ; പ്രതാപം=തേജസ്സു; അരുളുക=ദാനങ്ങളെ സമ്മാനിക്ക, കല്പിക്ക. 6. യഥോക്തം=കല്പനപ്രകാരമുള്ള; ഉദ്ധൎത്താ=വീണ്ടു കൊൾവോൻ. 7. അമൂല്യം=വിലമതിച്ചുകൂടാത്ത; ബാഹുല്യം=വലിപ്പം, പെരിപ്പം; ലാഞ്ഛനം=ലക്ഷ്മം, അടയാളം; നിക്ഷേപിക്ക=ചരതിച്ചു വെക്ക. 8. വധിച്ചപാടു=കൊല്ലപ്പെട്ട സമയത്തുള്ളതു പോലേ; രോഹിതം=ചുവന്നതു; അഞ്ചു=5; ശോഭിതം=തിളങ്ങുന്നു; അഞ്ചുക=മരിളുക, ചുളുങ്ങുക. 9. കോറുക=ആഗ്രഹിക്ക; വടു=മുറിയുടെ കല; തുകക=പകൎന്നു കൊടുക്ക; പഴ=പഴതു, ദ്വാരം; കുരുക=ഘോഷിക്ക; സ്ഥൈൎയ്യം=സ്ഥിരത, ഉറുതി. 10. മോകുക=ഉറിഞ്ചിക്കുടിക്ക, ഇറമ്പിക്കുടിക്ക; വിശോകം=ശോകമററ. 11. വാൎത്ത, സന്ദേശം=വൎത്തമാനം. 12. മുന്നാഴിക്കാരൻ=വേലക്കാരൻ, ദാസൻ; ആളി=തോഴി, ഇരുത്തി; നാഥ=യജമാനത്തി. 14. വാതിൽ അരകൊണ്ടു ചാരിവെച്ചിട്ടില്ല; ആൎക്കുക=തിണ്ണം വിളിക്ക; വേഗാൽ=വേഗത്തിൽ. 15. പോരുവാതിൽ=പോൎവ്വാതിൽ=ഇരട്ടവാതിൽ; സ്വൎഗ്ഗസ്ഥൻ=ദൈവം. 16. പഴപ്പു=പരിപാകത; ഉള്ളഴൽ=ഉള്ളത്തിൽ നന്നായി പററിയ അല്ലൽ;. ഉള്ളോതി=ഉള്ളത്തിൽ ഓഹരി. 17. പൂണ്ടാൻ=അവൻ ധരിച്ചു (ക്രിസ്തൻ).

SCRIPTURE PRIZE-QUESTIONS.
വിരുതിനുള്ള വേദച്ചോദ്യങ്ങൾ.

കേരളോപകാരിയെ രചിച്ചു വരുന്ന പത്രാധിപരേ! വന്ദനം ചെയ്തു നിങ്ങളുടെ കേരളമിത്രൻ എഴുതുന്നതാവിതു: സത്യവേദപുസ്തകത്തെ ശോധന ചെയ്വാൻ മനസ്സുള്ള ചെറുപ്രായക്കാൎക്കു വേണ്ടി നിങ്ങളുടെ പത്രത്തിൽ ഓരോ വേദചോദ്യങ്ങളെ ഇടേണ്ടതിന്നു പലപ്പോഴും അപേക്ഷിപ്പാൻ മുട്ടുണ്ടായിരുന്നെങ്കിലും അതിന്നു ഇന്നോളം സംഗതി വന്നില്ല. പല ക്രിസ്ത്യാന കുട്ടികൾ തങ്ങളുടെ സമയത്തെ (വിശേഷാൽ ഞായറാഴ്ച ദിവസത്തിൽ) എങ്ങനെ ചെലവാക്കേണം എന്നറിയായ്കയാൽ അവൎക്കു തക്കൊരു നേരമ്പോക്കു വരുത്തേണം എന്നാഗ്രഹിച്ചു നിങ്ങൾ ഈരണ്ടു മാസത്തിന്നകം ചില ചോദ്യങ്ങളെ പത്രം മുഖാന്തരം അവരുടെ മുമ്പിൽ വെച്ചു ഉത്തരം തരുവാൻ അപേക്ഷിച്ചാൽ അതിന്നായി തുനിയുന്നവൎക്കു:

൧. ഒഴിവുള്ള നേരം (അവസരം) നന്നായി പണിക്കാക്കുവാനും

൨. സദേദത്തിൽ നല്ല പരിചയം വരുവാനും ഇട വരുമല്ലോ. ആകയാൽ ഇക്കാൎയ്യം താമസിയാതെ നടന്നാൽ നന്നെന്നു തോന്നുന്നു.

ഉത്തരം എഴുതി അയപ്പാൻ മനസ്സുള്ള കുട്ടികൾ ഒക്കയും അതിനെ കത്തു മുഖാന്തരം കോഴിക്കോട്ടിലേ ക്നോബ്ലൊൿ സായ്പവൎകളുടെ കയ്യിൽ എത്തിച്ചാൽ ആദ്യമായി ഉത്തരം അയക്കുന്ന രണ്ടാൾക്കു ചെറുതായ ഒരു വിരുതിനെ സമ്മാനിക്കും.

ചോദ്യങ്ങളെ ഇടാത്ത മാസത്തിൽ തലേതവററിന്റെ ഉത്തരങ്ങളെ പ്രസിദ്ധമാക്കുവാനും താഴേ എഴുതിയ ചോദ്യങ്ങളെ മേയി മാസത്തിലേ പത്രത്തിൽ ഇടുവാനും അപേക്ഷിക്കുന്നു.

1. കാണാത്തതു നിശ്ചയമായി അറികയും സകലവും കഴിഞ്ഞു പോകുന്നതിൽ നിലനില്ക്കയും ചെയ്യുന്നതു എന്തു?
2. വേദനക്കു പകരം സുഖം വരുത്തുന്ന തീ ഏതു?
3. ഇക്കരെ നിന്നിട്ടും അക്കരയേ പിടിക്കുന്ന കൈയുടെ പേർ എന്തു?
4. അരുതാത്തതു ചെയ്യും ഇഷ്ടമില്ലാത്തതു ചെയ്യേണ്ടി വന്നതും ആർ?
5. ദാൻ എന്ന കുലത്തിലേ അതിബലവാൻ ആർ?

(മേലെഴുത്തു: **Rev. J. Knobloch, Calicut.**)

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

POLITICAL NEWS ലൌകികവൎത്തമാനം.

യുരോപ്പ Europe.

ഇംഗ്ലന്തു.— ചക്രവൎത്തിനി തമ്പുരാൻ അവൎകളുടെ മൂന്നാം തമ്പാനായ അൎത്ഥൂർ എന്ന കന്നാത്ത് പ്രഭു എന്നവർ (Duke of Connaught) പ്രുസ്സ്യ ചക്രവൎത്തിയുടെ മരുമകനായ ഫ്രെദ്രിക് ചാൎല്സ്സ് പ്രഭു എന്നവരുടെ തമ്പാട്ടിയായ ലുയീസമൎഗ്രേത്ത് എന്ന പ്രഭുസ്ത്രീയെ മാൎച്ച് ൧൩-നു വിന്ദ്സർ നഗരത്തിൽ പാണിഗ്രഹം ചെയ്തിരിക്കുന്നു.

ചക്രവൎത്തിനിത്തമ്പുരാൻ അവൎകൾ അജ്ഞാതവാസം ദീക്ഷിച്ചു മാൎച്ച് ൧൮-നു ഇതാല്യരാജ്യത്തെ കാണ്മാൻ എഴുന്നെള്ളിയിരിക്കുന്നു.

ഈയിടേ കഴിഞ്ഞു പോയ രുസ്സതുൎക്കയുദ്ധത്താൽ രുസ്സ്യ രൂമി രാജ്യങ്ങൾ ഞെരുങ്ങി അയൽവക്ക നാടുകളോടുള്ള ഇടപാടു നന്ന ചുരുങ്ങിയതു കൊണ്ടു ഇംഗ്ലന്തിലും കച്ചവടം കൃഷി മുതലായവററിൽ ഓരോ താഴ്ച കണ്ടു വരുന്നു.

വടക്കേ അഫ്രിക്കാവിലേ സെനെഗാൽ പുഴയുടെ വായ്ക്കലുള്ള മതക്കൊണ്ട് എന്ന ഇംഗ്ലിഷ്ക്കാൎക്കുടയ ദ്വീപിൽ പരന്ത്രീസ്സ് പടയാളികൾ കയറിയതിനാൽ അംഗ്ലക്കോയ്മ അന്യായം അറിയിച്ചതു (ഏപ്രിൽ ൪-നു) പരന്ത്രീസ്സ് കോയ്മ അനുസരിച്ചു അവിധ പറഞ്ഞു ഭടന്മാരെ നീക്കിയിരിക്കുന്നു.

ഔസ്ത്രിയ.—ഹുംഗാൎയ്യനാട്ടിലേ മൂന്നാം നഗരമായ ശെഗെദീൻ (Szegedin) മാൎച്ച് ൧൧-൧൨-നു-കളിൽ പെരുവെള്ളത്താൽ മുങ്ങി നശിച്ചു. ആയതു മാരൊഷ് എന്ന പുഴ ഥൈസ്സ് എന്ന നദിയിൽ കൂടുന്ന സ്ഥലത്തിൽ പണിതിരിക്കുന്നു. അവിടെ ഒരു കോട്ടയും കോവിലകവും കമ്പിളിതുണി സവൂൻ പുകയില മുതലായ ചരക്കുകളെ ഉണ്ടാക്കുന്ന ശാലകളും ഉണ്ടായതല്ലാതെ കപ്പല്പണിയും കപ്പലോട്ടവും മരം മുതലായ ചരക്കുകൊണ്ടുള്ള കച്ചവടവും വല്യങ്ങനെ നടക്കയും ഏകദേശം 70,000 പേർ പാൎക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഉറച്ച മഞ്ഞുലിഞ്ഞു പോകയും മഴ കേമമായി പെയ്കയും ചെയ്കതിനാൽ ഇരുപുഴകൾ പൊങ്ങി കരവിടുമ്മുമ്പേ നഗരത്തിന്റെ വടക്കോട്ടു മൂന്നു നിര ചിറകളെ കെട്ടിച്ച ശേഷം വെള്ളം കവിഞ്ഞു വരുമളവിൽ നഗരക്കാരെ കൊണ്ടും ദൂരെ ദിക്കിൽനിന്നു വരുത്തിയ കൂലിക്കാരെ കൊണ്ടും ചിറകൾക്കു ഉയരവും കേമവും വരുത്തിപ്പോന്നിട്ടും രണ്ടു ചിറകൾ വെള്ളത്തിന്റെ ഒഴുക്കിനാൽ തള്ളി ഒലിച്ചുപോയപ്പോൾ ഇനി ഓരേ ചിറയുള്ളു എന്നു കോയ്മയും നഗരക്കാരും കണ്ടു രാപ്പകൽ അതിമാനുഷമായ അദ്ധ്വാനംകൊണ്ടു ക്രമത്താലെ ഏറക്കുറെ ൧൫ കോൽ എകരവും അതിന്നു തക്ക വണ്ണവും വരുത്തിയതിനാൽ നഗരം ദ്വീപായി പോകയും ചെയ്തു. വെള്ളം താഴുന്നു എന്ന സന്തോഷം വടക്കുനിന്നു ഊററത്തോടെ അടിച്ചു തള്ളിവരുന്ന കാററുകൊണ്ടു ദുഃഖമായി മാറി. അതോ വെള്ളം പെരുത്തു ഊക്കോടേ ചിറയോടു അലെച്ചപ്പോൾ ഇനി ഓരാവതില്ല എന്നു പണിക്കാർ അഴിനില പൂണ്ടു പിൻവാങ്ങുവാൻ തുനിഞ്ഞാറെ പടയാളികൾ കുന്തം കയററിയ തോക്കു കൊണ്ടു അവരെ തടുത്തു പണി എടുപ്പാൻ നിൎബ്ബന്ധിച്ചു. ചാവേററകാർ ഒന്നും കൂട്ടാക്കാത്ത വിധത്തിൽ കൈയിട്ടിട്ടും കാററിന്റെ വീൎയ്യത്താൽ ഓളങ്ങൾ തുളുമ്പി മറിഞ്ഞു ചിറ അവിടവിടെ അലിഞ്ഞും പൊട്ടിയും തുടങ്ങിയാറെ എല്ലാവരും മണ്ടിപ്പോയി. പിന്നെ വിരോധം കൂടാതെ ചാടിവരുന്ന പ്രവാഹം എന്തെല്ലാം നാശങ്ങളെ വരുത്തി എന്നു കഥിപ്പാൻ പ്രയാസം. നഗരക്കാരിൽ ഏറിയവർ ആപത്തണയുന്നതു കണ്ടപ്പോൾ തീവണ്ടിവഴിയായും മററും തെററിപ്പോയി എങ്കിലും അനേകർ നഗരത്തിൽ ശേഷിച്ചിരുന്നു. ആയവരെ രക്ഷിക്കേണ്ടതിന്നു കോയ്മ ഏറിയ കപ്പൽ പടക വള്ളം മുതലായ മരക്കലങ്ങളെ നാനാദിക്കുകളിൽനിന്നു അയച്ചിട്ടും രണ്ടു മൂവായിരം ആളോളം മുങ്ങിമരിച്ചു എന്നു തോന്നുന്നു. വലിയോരനാഥശാല ഇടിഞ്ഞു അതിലെ കുട്ടികൾ ഞെങ്ങിട്ടും മുങ്ങീട്ടും ചാകയും ചെയ്തു.

Cöln. Ztg. 1879. 21. March & M. M.

രുസ്സ്യ.— ഏപ്രിൽ ൧൪-നു ഒരുത്തൻ ചക്രവൎത്തിയെ ചതികുല ചെയ്വാൻ ഓങ്ങി നാലു കുറി വെടി വെച്ചിട്ടും ഏശീട്ടില്ല എങ്കിലും അവനെ പിടി കിട്ടിയിരിക്കുന്നു. ഈ നടന്ന ദുഷ്ക്രിയ വിലാത്തിയിൽ എങ്ങും വ്യാപിച്ചു പാൎക്കുന്ന സ്ഥിതിസമത്വക്കാരുടെ ദുൎബ്ബോധത്തിന്റെ ഒരു ഫലം. ഈ വകക്കാൎക്കു രുസ്സ്യയിൽ നാസ്തികസ്ഥിതിക്കാർ എന്ന പേർ ധരിച്ചു വലിയ ശപഥം കൊണ്ടു എന്തു വന്നാലും കൂട്ടുകാരെ കാണിച്ചു കൊടുക്കരുതു എന്നു ഏററിരിക്കുന്നു. ഇവർ വിചാരിയാത്ത സ്ഥലങ്ങളിൽ ഗൂഢമായി യോഗം കൂടി തങ്ങൾക്കു

വിരോധമായവരെ ഠക്കരെ പോലെ ക്രൂശാതെ കൊന്നുകളകയും നിവാസികൾ അവരുടെ പകയെ ഭയപ്പെട്ടു അവൎക്കു വഴതിപ്പോകുവാൻ സഹായിക്കയും ചെയ്യുന്നു. രുസ്സ്യക്കോയ്മ അവരെ എങ്ങനെ അമൎത്തേണ്ടു എന്നു ബുദ്ധിമുട്ടി വലയുന്നു.

റൂമിസ്ഥാനം.— മാൎച്ച് ൧൩ നു തുൎക്കപടകൾ എദിൎന്നേ (Adrianople) എന്ന നഗരത്തെ വീണ്ടും കൈയിലാക്കിയിരിക്കുന്നു.

റൂമേല്യ നാട്ടിനെ പലകോയ്മകളുടെ പടകളെ പാൎപ്പിച്ചു ഭരിക്കേണം എന്ന രുസ്സരുടെ അഭിപ്രായത്തെ പുതിയ പ്രയാസങ്ങളെ ശങ്കിച്ചിട്ടാകുന്നു ചിലകോയ്മകൾ തള്ളിക്കളഞ്ഞതു.

മിസ്രയിലെ ചെലിവു തനിക്കു കീഴ്പ്പെട്ടരാജ്യത്തിന്റെ വരവു ചെലവുകളെ ക്രമത്തിലാക്കുവാൻ മറുത്തു നില്ക്കുന്നതു കൊണ്ടു സുൽത്താൻ ഹലിം പാഷാവെ ഓരിരിമ്പ ചുറക്കപ്പലിൽ അവന്റെ സ്ഥാനത്തേറുവാൻ അയച്ചിരിക്കുന്നു (ഏപ്രിൽ ൧൨). എന്നാൽ ആയതു എളുപ്പത്തിൽ സാധിക്കുന്ന പ്രകാരം തോന്നുന്നില്ല.

ആസ്യാ Asia.

അഫ്ഘാനസ്ഥാനം.— മാൎച്ച് ൧൦ നു യാക്രൂബ് ഖാനു അരിയിട്ടു വാഴ്ച കഴിഞ്ഞു. ൧൭ നു അവൻ തന്റെ സഹോദരനോടു നിരന്നു ൧൩,൦൦൦ പടയാളികളും ൧൧ പീരങ്കികളും കൊണ്ടു ഇംഗ്ലിഷ്ക്കാരോടു പടവെട്ടുവാൻ ഓങ്ങി നിന്നിട്ടോ മാൎച്ച് ൨൭ നു അംഗ്ലക്കോയ്മയോടു സന്ധിച്ചു വരുവാൻ മനസ്സു കാണിച്ചു. അവൻ പരമാൎത്ഥിയല്ലായ്കയാൽ ഷതർ ഗൎദ്ദാൻ എന്ന കണ്ഠിവാതിൽ കടപ്പാൻ കഴിവു വന്ന ഉടനെ അംഗ്ലപടകൾ കാബൂലിലേക്കു പുറപ്പെടേണം എന്നു കോയ്മ കല്പിച്ചു. ആ സംഗതിയാൽ ഉപരാജാവായ കൎത്താവു ലിത്തൻ സേനാപതികളോടു ആലോചന കഴിക്കേണ്ടതിന്നു ലാഹോരിലേക്കു എഴുന്നെള്ളിയിരിക്കുന്നു. കുറും താഴ്വരയിൽ രണ്ടു പട്ടാളം വെള്ളക്കാർ എത്തിയതു കൂടാതെ കന്ദഹാരിലും സൈന്യം പെരുകി വന്നു.

ഏപ്രിൽ ൨൨ നു ഹെരാത്തിലുള്ള പടജ്ജനങ്ങൾ ആയ്യൂബോടു ബാക്കിയുള്ള ശമ്പളത്തെ ചോദിച്ചപ്പോൾ അവൻ നഗരവാഴി മുതലായ പ്രമാണികളെ കെട്ടി തടവിൽ ആക്കിച്ചിരിക്കുന്നു.

ജല്ലാലബാദ്. ആ നഗരത്തിന്നടുത്ത മേദനാക്കു പ്രദേശത്തിൽ ഒരു കൂട്ടം ആളുകൾ ഭൂമി അളക്കുമ്പോൾ അവിടത്തെ ശെൻവാരികൾ എന്ന ഗോത്രക്കാർ അവരെ ഓട്ടേണ്ടതിന്നു പടവെട്ടിയിരിക്കുന്നു (മാൎച്ച് ൧൯ നു). ആയതു തൽക്കാലം സാധിച്ചുവെങ്കിലും തൈത്ലർ സേനാപതി മാൎച്ച് ൨൪ നു അവരെ ശിക്ഷിപ്പാൻ പുറപ്പെട്ടപ്പോൾ 3,000 ശത്രുക്കളിൽ നിന്നു 200 പേരെ കൊന്നു ശേഷമുള്ളവരെ പായിച്ചു കളഞ്ഞു.—മാൎച്ച് ൨൭ നു ശെൻവാരികൾക്കു തോല്വ നേരിട്ടിട്ടും മുല്ലമാർ ദീൻ ഘോഷിക്കുന്നതുകൊണ്ടു അവർ പിന്നെയും ലഹളക്കു തുനിയുന്നു എന്നു കോയ്മയറിഞ്ഞു ഏപ്രിൽ ൩ നു രണ്ടു പടക്കൂട്ടങ്ങളെ അവൎക്കെതിരെ അയച്ചു—ഗഫ് (Gough) സേനാപതി തന്റെ നേരെ വരുന്ന ൫൦൦൦ ഖുഗ്യാനികളിൽനിന്നു ൪൦൦ പേരെ കൊല്ലിക്കയും ശേഷമുള്ളവരെ ഓടിക്കയും ചെയ്തു. എന്നാൽ രാത്രിയിൽ ൧൦ മണിക്കു ജല്ലാലബാദിന്നടുത്ത കാബൂൽ പുഴയെ കടക്കുന്ന കാൽക്കടവു വിട്ടു പോയി കുതിരപ്പടയിൽനിന്നു ൪൧ പേർ വെള്ളത്തിന്റെ കഴവും ചാട്ടവുംകൊണ്ടു ഒലിച്ചു മുങ്ങി മരിച്ചു. തൈത്ലർ പടത്തലവൻ തുണപ്പടകളോടു യാത്രയായി. പിന്നെ ലഘമാനിലേ ലഹളക്കാർ മക് ഫെൎസ്സൻ സേനാപതിയുടെ പടയെ കണ്ടപ്പോൾ മണ്ടിപ്പോയി.

ഏപ്രിൽ ൨൭ നു ബദക്ഷാനിൽ വലിയ താറുമാറു നടന്നു. ഫത്തെഹബാദിൽ ഖുഗ്യാനരുടെ മലിക്മാർ സമാധാനത്തോടെ ഇരിക്കുന്നു. ഷോരവാക്കിലെ മലിക്മാർ തങ്ങളുടെ അവിധേയതയെ ഒരു ദൎബ്ബാരിലേ കൂടിക്കാഴ്ചയിൽ അറിയിച്ചു കൊടുത്തു. കാബൂലിൽനിന്നു ൩൫ നാഴിക ദൂരമുള്ള ഗുണ്ഡമുഖത്തിൽ ഒരു ചെറു സൈന്യത്തെ സ്ഥാപിച്ചിരിക്കുന്നു. വിട്ഷ്ല്ഡ് സേനാപതി മാൎച്ച് ൧൦ നു സൈന്യവുമായി കൊജ്ജക് കണ്ഠിവാതിലിനെ കടക്കുമ്പോൾ അധികം ഒട്ടകങ്ങൾ നശിച്ചു പോയി.

കെത്താവിന്നടുത്ത ഖുഷ്ഡീൽ എന്ന കോട്ടയിൽനിന്നു സുരനാരി കോട്ടൽ എന്ന ചുരത്തിൽ കൂടി പടകൾ പ്രയാണം ചെയ്വാൻ തക്ക നിരത്തിനെ ഉണ്ടാക്കുവാൻ പോകുന്നു. ആ വഴിയായി താൽ ചൊതിയാലിയിൽനിന്നു കെത്തയിലേക്കു കന്ദഹാരിലുള്ള സൈന്യം മടങ്ങി ചെല്ലേണ്ടതു. കക്കാർ ഗോത്രക്കാരും അവരുടെ തലവന്മാരും അംഗ്ലക്കോയ്മയോടു സ്നേഹഭാവം കാണിച്ചു സഹായിച്ചു വരുന്നു. മേജർ സന്ദെമൻ മാൎച്ച് ൨൪ നു ഇൽ സൈന്യത്തോടു കൂട ബഘാനിൽ എത്തിയപ്പോൾ ഷാജെഹാൻ പടയുമായി ഇംഗ്ലിഷ്കാരെ തടുപ്പാൻ എതിൎത്തു നില്ക്കുന്നതു കണ്ടു അവർ പടെക്കായി ഒരുങ്ങി പത്തു വിനാഴികക്കകം അവനെയും കൂട്ടരെ ജയിച്ചു മണ്ടിച്ചുകളഞ്ഞു. മാൎച്ച ൩൧ നു കന്ദഹാർ പിഷീൻ എന്നീസ്ഥങ്ങളിലേ പടകൾക്കായി തീൻപണ്ടങ്ങളെയും

ഒട്ടകങ്ങളെയും മേടിപ്പാൻ പോയ പടക്കൂട്ടത്തെ ഈരായിരത്തോളം ബരെച്ചി അഫഘാനർ തോല്പിപ്പാൻ വിചാരിച്ചു എങ്കിലും ഇവർ തോററു പ്രാണരക്ഷക്കായി ഓടേണ്ടി വന്നു.

മദ്രാശിസംസ്ഥാനം. — ഗോദാവരി ജില്ല രാജമന്ത്രിക്കടുത്ത രമ്പ എന്ന ഊരിൽ മാൎച്ച് ൧൩൹ നികുതി കൊടുപ്പാൻ മനസ്സില്ലാത്ത ഒരു കൂട്ടം ആളുകൾ പൊലീസ്ക്കാരെ പാൎക്കയും രണ്ടു സൎക്കാരുദ്യോഗസ്ഥന്മാരെ തടവിലാക്കുകയും ഒന്നു രണ്ടു ഗ്രാമങ്ങളെ എരിച്ചു കളകയും ചെയ്തു. പല ദിക്കുകളിൽനിന്നു പോലീസ്ക്കാരെ അവിടേക്കയച്ചതു കൂടാതെ ൩൯ാം നാട്ടു പട്ടാളത്തേയും ചെന്നപ്പട്ടണത്തിൽനിന്നു തീക്കപ്പൽ കയററി അയച്ചിരിക്കുന്നു. ഇനി ദ്രോഹികൾക്കു തക്ക ശിക്ഷയും ആ നാട്ടിന്നു അമൎച്ചയും ഉണ്ടാകും.

മലയാളം. — മലപ്പുറത്തു പരന്ന കുന്നിന്മേൽ നൂററന്മാരായ വെള്ള പടയാളികൾക്കു പാൎപ്പാൻ ഏകദേശം ൧൦൦ കോൽ നീണ്ടതും ഓല മേഞ്ഞതുമായ പടക്കൊട്ടിൽ ഉണ്ടു. കുന്നിന്റെ ചരിവിലുള്ള പറമ്പു പുല്ലിന്നും അരിപ്പൂച്ചെടികൾക്കു മാൎച്ച് ൧൦൹ തീ പിടിച്ചപ്പോൾ കാററും ഉലച്ചയും കൊണ്ടു ആ പടക്കൊട്ടിലും അതിൽനിന്നു വലിച്ചെടുത്ത സാമാനങ്ങളിൽനിന്നു ഏതാനും വെന്തു പോയി. മരുന്നറ വെള്ളത്തിൽ മുക്കിനനെച്ച കമ്പളികളെ കൊണ്ടു പുതെച്ചിട്ടാകുന്നു രക്ഷപ്പെട്ടതു.

ബൊംബായി. — ഏപ്രിൽ ൧൦൹ ശ്രീ രിച്ചാൎട്ട് തെമ്പ്ല് എന്ന സംസ്ഥാനവാഴി പ്രഭുഗോതി (Prince's Dock) എന്ന ഗോതിയുടെ അവസാന കല്ലിട്ടു ചീപ്പിനെ തുറപ്പിച്ചു കടൽ വെള്ളം അതിൽ പായിച്ചു. നനഗോതികളിൽ (wet docks) വെച്ചു ഇതു ഭാരത ഖണ്ഡത്തിൽ വലിയതു. അതിന്നു ൭൩ ലക്ഷം ഉറു. ചെലവു.

ബൎമ്മാ. — ബൎമ്മാവിലേ രാജാവു താൻ നടത്തിയ ക്രൂരതകൾ നിമിത്തം രാജ്യദ്രോഹം ശങ്കിച്ചിട്ടോ മറേറാ പടകളെ ശേഖരിക്കുന്നതിനാൽ അംഗ്ലമേൽക്കോയ്മ ഭാരതത്തിൽനിന്നു ചില പട്ടാളങ്ങളെ അയച്ചിരിക്കുന്നു.

ആഫ്രിക്ക Africa.

സുപ്രത്യാശമുന. — ജൂലുക്കാപ്പിരികൾ എക്കൊവേ എന്ന സ്ഥലത്തിൽ അംഗ്ലപാളയത്തെ ആക്രമിച്ചപ്പോൾ കൎന്നൽ പീസ്സൻ അവൎക്കു തട്ടുകേടു വരുത്തി അവരെ ദൂരത്തോളം പിന്തേരി പായിച്ചുകളഞ്ഞു. (ഫിബ്രു. ൯ാം ൹).

ബസുതോ നാട്ടിലേ മന്നൻ രാജ്യദ്രോഹത്തിന്നു തുനിയുന്നു.

മാൎച്ച് ൧൹ ജൂലുകാപ്പിരികളുടെ മന്നനായ ചെതിവായോ തനിക്കു ഇംഗ്ലിഷ്ക്കാരോടു പോരിന്നു പോവാൻ മനസ്സുണ്ടായില്ലെന്നും ഇസന്ദുലയിൽ വെച്ചു നടന്ന വധം ഇംഗ്ലിഷ്ക്കാർ ജൂലുക്കാരുടെ പാളയക്കാവല്കകളോടെ തീൎത്തതിനാൽ സംഭവിച്ചു എന്നും തനിക്കു ഇംഗ്ലിഷ്ക്കാരോടു നിരന്നിരിക്കേണമെന്നും മററും അവിധ പറയുന്നു.

മാൎച്ച് ൨൮൹ കേപ്പ്തൌനിൽനിന്നു ലീനെബെൎഗ്ഗിലേക്കു തീൻപണ്ടങ്ങളെ കൊണ്ടുപോൎക്കാക്കുന്ന ൧൦൪ പടയാളികളുടെ നേരെ ൪൦൦൦ ജൂലുകാപ്പിരികൾ കയൎത്തു വന്നു പാതിയോളം ആളുകളെ കൊന്നതിനാൽ ചെതിവായോ മന്നന്റെ മധുരവാക്കുകളെ വിശ്വസിപ്പാൻ സംഗതി പോരാ എന്നു കണ്ടുവരുന്നു. ലീനെബുൎഗ്ഗിൽ വെച്ചു ൨൦,൦൦൦ ജൂലുക്കാപ്പിരികൾക്കു തട്ടുകേടു പററിയിരിക്കുന്നു. ഏപ്രിൽ ൧൹ ഏകദേശം ൬൦൦൦ അംഗ്ലപടയാളികൾ പോൎക്കളത്തിൽ എത്തി മറുത്തു നില്ക്കുന്ന ജൂലുക്കാപ്പിരികളോടു അങ്കപ്പോർ കുറെപ്പാൻ ഭാവിക്കുന്നു. ഏപ്രിൽ ൨൨൹-ത്തേ വൎത്തമാനക്കമ്പിപ്രകാരം ൩൦,൦൦൦ ജൂലുകാപ്പിരികൾ ഇംഗ്ലിഷ്ക്കാരോടു പടവെട്ടി ൨൮൦൦൦ ആളോളം പട്ടുപോയി എന്നു കേൾക്കുന്നു.

മസ്കത്തിലെ അടിമ. — ഒമാൻ എന്ന നാട്ടിൽ രണ്ടു ഹിന്ദുക്കൾ അടിമയായി കിടക്കുന്നു എന്നു സയദ് തുൎക്കി എന്ന മസ്കത്തിലേ സുല്ത്താൻ കേട്ടിട്ടു അവരെ അംഗ്ലനയകാൎയ്യസ്ഥന്റെ (British Political Agent) കയ്യിൽ ഏല്പിപ്പാനും കല്പിച്ചു. സ്ത്രീ ദീനത്താൽ വഴിക്കൽ മരിച്ചു ൧൩ വയസ്സുള്ള ആൺകുട്ടി മാത്രം സുഖേന എത്തിയുള്ളു. ആയവനെ രണ്ടു വൎഷം മുമ്പെ ഒരറവി ഹൈദരാബാദിൽ വെച്ചു വാങ്ങി ഒമാനിലേക്കു കൊണ്ടുപോയിരുന്നു. ൧൬, ൧൭, ൧൮ ആം നൂററാണ്ടുകളിൽ അറവികൾ ഭാരതഖണ്ഡത്തിന്റെ കരപ്രദേശത്തിൽ കയറി അനവധി സ്ത്രീകളെയും കുട്ടികളെയും പിടിച്ചു അടിമകളാക്കികൊണ്ടു പോയ പ്രകാരം വിലാത്തിക്കാരായ ഗ്രന്ഥകൎത്താക്കളുടെ എഴുത്തിനാൽ അറിയുന്നു. ഈ സമ്പ്രദായം പണ്ടു പണ്ടേയുള്ളതു എന്നതിന്നു സംശയം ഇല്ല. ഒമാൻ നാട്ടിൽ ഏതാനും ആളുകൾ അടിമകളായി കൊണ്ടുവന്ന കാപ്പിരിക്കാരുടെ സന്തതിയാകുന്നു എന്നറിയുന്നു. ഭാരതഖണ്ഡകോയ്മ ഉപ്പോൎക്കപ്പലുകളുടെ ഉത്സാഹത്താൽ ഭാരതത്തിൽനിന്നു തെക്കെ അറവിയിലേക്കു നടത്തിയ അടിമക്കച്ചവടം നിന്നുപോയി എന്നു പറയാം.

(M. M. 1878 No. 12.)

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. **JUNE 1879.** No. 6.

CHRIST'S VICTORY OVER SATAN.

ക്രിസ്തുവിൻ ഉയൎച്ച. മത്താ. ൪, ൧—൧൧.

പരപദ്യം.

ഠരംശോ ഇരുന്ന വനം ഏതെന്നു കണ്ടു പേ പോയി
നാശപ്പെട്ടുത്താൻ വഴിനോക്കി—മോശമെന്നു
ആശു പരീക്ഷ കണ്ടു—ആശയോടു യേശുവുമാം
പിശാചിനെ ജയിച്ചുവെന്നു താൻ.

രാഗം പുന്നാഗവരാളി അടതാളചാപ്പു.

പല്ലവം.

ജയിച്ചു പിശാചിനെ മന്നൻ—കിരസ്തു നാഥൻ.
ജയിച്ചു പിശാചിനെ മന്നൻ.

അനുപല്ലവം.

ജയിച്ചു നാല്പതുദിനം കഴിഞ്ഞു വനത്തിൽ വെച്ചു.
ജല്പിക്കാതെ പിന്നിൽ പോ സാത്താനെ എന്നു ചൊല്ലി. ജയിച്ചു.

ചരണങ്ങൾ.

൧. മൂന്നു വിധ പരീക്ഷകൾ കൊണ്ടു പേയുൻ
മോടി കാണിപ്പാൻ വന്നാൻ.
മോദമായി ദൈവജാതൻ—പാദാലപ്പോൾ.
വേദം പറഞ്ഞു ചൊന്നാൻ.
വേദപരൻ വചനം ജീവഭോജനം.
വേതാളമേ നീയറിഞ്ഞീടെന്നു ചൊല്ലി. ജയിച്ചു.

൨. ആദത്തെ പാതകത്തിൽ—ആക്കിയ പേയിൻ
അഴകെല്ലാം കെടുത്തുവായെ.
അടക്കി വേദത്തിലുള്ള—വാക്യം കൊണ്ടു.
അടെച്ചു ശിരെസ്സുടെച്ചു.
അടുത്തുവന്ന സാത്താനോ — ടടുത്തു നീ പോകയെന്നു,
കൊടുത്തു വചനം മൂന്നു—കടുത്ത വാളുപോലപ്പോൾ. ജയിച്ചു.

൩. ഠരംവണ്ണം ജയിച്ചുപേയെ—നരകുവേണ്ടി.
ആവി കൊടുപ്പാൻ തൻെറ.
ആൎക്കും ജയിക്കാമിനി—സാത്താനെയും
ആയവൻ പാപത്തെയും.
ഏവരും അരുൾ വേദ—വാക്യങ്ങൾ പഠിച്ചാലേ
ഇതു പോലെ പേയേയും പാപവും ജയിക്കാവു. ജയിച്ചു.

(ആ. ആഭരണം.)

WHAT IS HINDUISM?

ഹിന്തുമതമെന്തു?

III. പുരാണങ്ങൾ.

ഹിന്തുക്കളുടെ പുരാണങ്ങൾ പല കാലങ്ങളിൽ എഴുതപ്പെട്ടു എന്നു നിശ്ചയിക്കാം എങ്കിലും ആയവ ഇന്നിന്ന സംഗതികളാൽ ഇങ്ങനേ കൂട്ടി ചേൎത്തിരിക്കുന്നെന്നു നമുക്ക ഇപ്പോൾ നിശ്ചയിപ്പാൻ പാടില്ല. ഈ പുരാണങ്ങൾ എല്ലാം ചോദ്യോത്തരരൂപത്തിൽ ഗ്രന്ഥിച്ചിരിക്കുന്നു. ഒരുവൻ ചില ചോദ്യങ്ങളെ കഴിക്കുകയും മററവൻ അതിന്നുത്തരം പറകയും ചെയ്തപ്രകാരം അവററിൽ കുറിച്ചിരിക്കുന്നതുമല്ലാതെ അങ്ങനേയുള്ള ചോദ്യങ്ങളെ തൊട്ടു വേറെ കാലങ്ങളിൽ വല്ലവർ തമ്മിൽ ചെയ്ത സംഭാഷണങ്ങളും ഇടെക്കിടേ ചെരുതിക്കൂട്ടി കിടക്കുന്നു. മേല്പടി സംഭാഷണങ്ങളെ കഴിക്കുന്ന ശിഷ്യൻ താൻ തന്റെ ഗുരുവിൽനിന്നു കേട്ടു പഠിച്ച വിശേഷങ്ങളെ അറിയിക്കുകയും ആ ഗുരു ഈ കാൎയ്യങ്ങളെല്ലാം ഇന്ന മാമുനിയുടെ വായ്മൂലം കേട്ടറികയും ചെയ്തപ്രകാരം വിവരിക്കുന്നതിനെയെല്ലാം നാം കാണുമ്പോൾ പണ്ടു പണ്ടേയുള്ള പാരമ്പൎയ്യങ്ങളെ ചരതിച്ചു കൊള്ളുകയത്രേ പുരാണങ്ങളെ സംഗ്രഹിച്ചവരുടെ മുഖ്യ ലാക്ക എന്നു വിളങ്ങും.

പുരാണങ്ങളിൽ ദേവോല്പത്തികളും സൃഷ്ടിവിവരങ്ങളും തത്വശാസ്ത്രത്തോടു സംബന്ധിച്ച പല കാൎയ്യങ്ങളും ചടങ്ങാചാരമൎയ്യാദകളും വംശപാരമ്പൎയ്യങ്ങളും ചരിത്രാംശങ്ങളും ദേവകൾ വീരന്മാർ മുനികൾ എന്നിവരുടെ പ്രവൃത്തികളെ തൊട്ടുള്ള അനേകം കററുകഥകളും അടങ്ങിയിരിക്കുന്നു. പല മതഭേദികളുടെ ഉപദേശങ്ങളെ വിവരിപ്പാന്തക്കവണ്ണം പുരാണങ്ങളെ എഴുതിയിരിക്കയാൽ ആയവററിന്നു അന്യോന്യം പൊരുത്തമല്ല വിപരീതവും ഭിന്നിതവും അത്രേ കാണ്മാനുള്ളതു. അവററെയെല്ലാമേകസാധാരണവിശ്വാസപ്രമാണത്തിൽ ചേൎക്കേണമെന്നു കരുതി സംഗ്രഹിച്ചതുമല്ല. പുരാണങ്ങളിൽ ഒരു കോടിയിൽ പരം ഗ്രന്ഥങ്ങൾ (൩൨ അക്ഷരങ്ങൾ അടങ്ങിയ ഒരു ശ്ലോകം ഗ്രന്ഥം) അടങ്ങിയിരിക്കുന്നു.

ഹിന്തുക്കളുടെ കററുകഥകളായ പുരാണങ്ങളിൽ അടങ്ങിയിരിക്കുന്ന മുഖ്യ ഉപദേശങ്ങൾ ആവിതു:

I. സൎവ്വലോകങ്ങൾക്കും ആത്മാവായിരിക്കുന്ന ദേവൻ ഒരുവൻ ഉണ്ടു. അവൻ അനേകം അവതാരങ്ങൾ മൂലമായി മനുഷ്യൎക്ക പ്രത്യക്ഷനാകുന്നു.

II. ദേവന്റെ പ്രത്യേക പ്രത്യക്ഷതകൾ:—1. ത്രിമൂൎത്തികൾ: അതായതു സൃഷ്ടികൎത്താവായ ബ്രഹ്മൻ രക്ഷകൎത്താവായ വിഷ്ണു സംഹാരകൎത്താവായ ശിവൻ എന്നിവർ തന്നെ.— ഇവൎക്ക സരസ്വതി ലക്ഷ്മി പാ

ൎത്തി എന്നിവർ മുഖ്യ ഭാൎയ്യമാർ.—2. വിഷ്ണുവിന്റെ ദശാവതാരങ്ങൾ ആ വിതു: ൧. മത്സ്യം (മീൻ): മനുപ്രളയത്തിൽ നാലു വേദങ്ങൾ നശിച്ചു പോകാതെ അവററെ ഉദ്ധരിക്കേണ്ടതിന്നു അവൻ ഒരു വലിയ മീനായവതരിച്ചു. ൨. കൂൎമ്മം (ആമ): പാലാഴിമഥനത്തിൽ ദേവകളും അസുരകളും കൂടി വാസുകി എന്ന മഹാ സൎപ്പത്തെ കയറും മന്ദരം എന്ന പെരുമലയെ മന്ഥമാക്കി അമൃതിന്നു വേണ്ടി പാല്ക്കടലിനേ കടഞ്ഞപ്പോൾ മന്ദരമല സമുദ്രത്തിൽ ആണ്ടുപോയി. ആയതിനെ തന്റെ മുതുകിന്മേൽ എടുത്തുയൎത്തുവാൻ അവൻ ആമയായവതരിച്ചു.—൩. വരാഹം (പന്നി): വെള്ളത്തിൽ മുഴുകി കിടന്ന ഭൂമിയെ തേററമേൽ എടുത്തു പൊന്തിപ്പാൻ അവൻ പന്നിയായവതരിച്ചു.—൪. നരസിംഹം (ആൾ ചിങ്ങം): ഹിരണ്യകശിപു തന്റെ പുത്രനായ പ്രഹ്ലാദൻ വിഷ്ണുവേ വണങ്ങിയതിനാൽ അവനെ കൊല്ലുവാൻ ഭാവിച്ചപ്പോൾ വിഷ്ണു ഒരു തൂണ പൊട്ടിപ്പിളൎന്നു നരസിംഹമായവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നുകളഞ്ഞു.—൫. വാമനമൻ (കുള്ളൻ) മഹാബലി എന്നൊരു രാക്ഷസചക്രവൎത്തി കടുന്തപസ്സ് കൊണ്ടു വലിയ വരങ്ങളെ പ്രാപിച്ചു ദേവന്മാരും ഭയപ്പെടത്തക്ക മഹാപരാക്രമിയായി വാഴുമ്പോൾ അവനെ ജയിച്ചടക്കുവാൻ ഒരു കുള്ളനായവതരിച്ചു.— ൬. പരശുരാമൻ (വെണ്മഴവേന്തൻ): ക്ഷത്രിയരുടെ അക്രമം നിമിത്തം അവരെയും അവരുടെ ചക്രവൎത്തിയായ കാൎത്തവീൎയ്യനേയും സംഹരിക്കേണ്ടതിന്നു ഒരു പടവീരനായവതരിച്ചു.—൭. ശ്രീരാമൻ ലങ്കാപുരത്തെ ജയിച്ചു തന്റെ ഭാൎയ്യയെ കട്ടുകൊണ്ടു പോയ രാവണാസുരനെ കൊന്നു അവളെ വീണ്ടുകൊൾവാൻ അവതരിച്ചു.—൮. ശ്രീകൃഷ്ണൻ അസുരരേയും രാക്ഷസരേയും വിശേഷാൽ തന്റെ അമ്മാമനായ കംസനേയും കൊന്നു ലോകത്തിൽ വിനോദം വളൎത്തുവാൻ അവതരിച്ചു.—൯. ബുദ്ധൻ ദുരുപദേശത്തെ ലോകത്തിൽ വൎദ്ധിപ്പിപ്പാനും തപോബലത്താൽ ലോകോപദ്രവികളായി തീൎന്നവരെ മുടിപ്പാനും അവതരിച്ചു.—൰. ഖൾ്ഗി: മതത്തേ പുതുക്കുവാനും ദുൎമ്മാൎഗ്ഗികളെ നശിപ്പിപ്പാനും നല്ല കാലത്തെ ഉളവാക്കുവാനും ഇനിമേൽ ഒരു കുതിരയായി അവതരിക്കയും ചെയ്യും.

3. ശിഷ്ടദേവന്മാർ. ദേവേന്ദ്രൻ തുടങ്ങിയുള്ള അഷ്ടദിക്പാലകരും ഹനുമാൻ ഗണേശൻ വേട്ടെക്കൊരുമകൻ അയ്യപ്പൻ എന്നിങ്ങിനെ ആണും പെണ്ണുമായ അനവധി ദേവന്മാർ ഉണ്ടു. മുപ്പത്തു മുക്കോടി ദേവകൾ ഉണ്ടെന്നു പുരാണങ്ങളിൽ പലേടത്തും പറഞ്ഞിരിക്കുന്നു.

III. മേല്പറഞ്ഞ ദേവന്മാരിൽ ബ്രഹ്മാവു ശാപഗ്രസ്തനാകയാൽ പൂജ ഇല്ലാത്തവനായ്പോയതിനാൽ അവനേ ഒഴിച്ചു ശേഷമുള്ളവരെയെല്ലാം ആരാധിക്കാം.—വിഷ്ണുവിനേയും അവന്റെ കലകളായ ദേവന്മാരെയും വഴിപ്പെടുന്നവൎക്കു വൈഷ്ണവർ എന്നും ശിവനേയും അവനോടു സം

ബന്ധിച്ച ദേവതകളേയും തൊഴുതു കൊള്ളുന്നവൎക്ക ശൈവർ എന്നും ഭദ്രകാളിയെ സേവിച്ചു ശക്തിപൂജ ചെയ്യുന്നവൎക്ക ശാക്തേയർ എന്നും പേർ നടക്കും.

IV. കാണാത്ത ദേവന്മാരെ കാണ്മപ്രതിമകളെ കൊണ്ട് ആരാധിക്കേണം. അദൃശ്യമായിരിക്കുന്ന ദേവന്മാർ ബ്രാഹ്മണരുടെ മന്ത്രബലത്താൽ തിടമ്പുകളിൽ പുക്കു കുടി കൊള്ളുന്നെന്നും ആ ബിംബങ്ങൾ നമ്മുടെ കാഴ്ചക്കു വെറും കല്ലും മരവും ലോഹങ്ങളുമത്രേ എന്ന് വരികിലും അവറ്റെ ആരാധിക്കുന്നവരുടെ വിശ്വാസബലം കൊണ്ടു ആയവ ദേവന്മാരായി ഇരിക്കുന്നുവെന്നും പുരാണങ്ങളിൽ ചൊല്ലിയിരിക്കുന്നു.

V. ഇങ്ങനേ കാണാത്ത ദേവന്മാൎക്ക കാണ്മ പ്രതിമയായി വെക്കുന്ന ബിംബങ്ങളെ പൂ ചോറു തുടങ്ങിയുള്ള വസ്തുക്കളെക്കൊണ്ടു പൂജിക്കേണം. ഇങ്ങനെ ചെയ്യുന്ന പൂജയിൽ പതിനാറു കൎമ്മങ്ങൾ (ഷോഡശോപചാരങ്ങൾ) അത്യാവശ്യം. അവയാവിതു: ൧. ആവാഹനം: ഈശ്വരനോടു പ്രസന്നനാവാൻ അപേക്ഷിക്ക.— ൨. ആസനം: ഈശ്വരന്നു പകരമായ ബിംബത്തെ ആസനത്തിൽ കയററുക.— ൩. പാദ്യം: വിഗ്രഹത്തെ ആസനത്തിൽ നിന്നിറക്കുക.— ൪. അൎഘ്യം: ജലം കോരി ഒഴിക്കുക.— ൫. സ്നാനം: എണ്ണ നൈ പാൽ തൈർ ഇളന്നീർ എന്നിവറ്റെ കൊണ്ടു വിഗ്രഹത്തിന്നു അഭിഷേകം ചെയ്തു അതിനെ പ്രതിഷ്ഠിക്ക.— ൬. ഉദ്വൎത്തനം: ബിംബത്തെ കഴുകുക.— ൭. വസ്ത്രം: അതിന്നു തിരുവുടയാട ചാൎത്തുക.— ൮. ഉപവീതം: അതിന്നു പൂണനൂലിടുക.— ൯. ഗന്ധം: അതിന്നു ചന്ദനം പൂശുക.— ൧൦. പുഷ്പം: അതിന്നു പൂമാല ചാൎത്തുക.— ൧൧. ധൂപം: അതിന്നു സുഗന്ധവൎഗ്ഗങ്ങളെ ധൂപിക്ക.— ൧൨. ദീപം: അതിന്നു മുമ്പിൽ വിളക്കുകളെ കൊളുത്തുക.— ൧൩. നൈവേദ്യം: ചോറു മുതലായവറ്റെ നിവേദിക്ക— ൧൪. താംബൂലം: അതിന്നു വെററിലയടക്ക കൊടുക്കുക.— ൧൫. പ്രദക്ഷിണം: വിഗ്രഹത്തെ വലം വെക്ക.— ൧൬. നമസ്കാരം: അതിൻെറ മുമ്പാകേ കുമ്പിടുക എന്നിവയത്രേ.

VI. ദേവന്മാരുടെ കോപശാന്തിക്കായി ആടു എരുമ കോഴി മുതലായവറ്റെ അറുത്തു ചോരയൊഴിച്ചു ബലി കഴിക്കേണം.

VII. ദേവൻ മനുഷ്യരെ അനേകം ജാതികളാക്കി പടച്ചിരിക്കുന്നു. എങ്ങനെയെന്നാൽ: ഗുരുത്തൊഴിൽ നടത്തുന്നവരെ ബ്രാഹ്മണർ ആക്കിയും പോൎച്ചേകവരെ ക്ഷത്രിയരാക്കിയും വ്യാപാരികളെ വൈശ്യരാക്കിയും ദാസപ്രവൃത്തിയെടുക്കുന്നവരെ ശൂദ്രർ ആക്കിയും തീൎത്തു. ഇങ്ങനേ നാലു വിശേഷ ജാതികളെ വകഞ്ഞിരിക്കുന്നു. ഓരോരോ വേലയും തോഴിലും ചെയ്യേണ്ടതിന്നു ആ നാലു ജാതികളെകൊണ്ട് പല കീഴ്ക്കുലങ്ങളെയും സങ്ക

ല്പിച്ചു. അവൎക്കാക്കയും മേധാവിയും ബ്രാഹ്മണർ അത്രേ. ആയവർ തന്നേ മനുഷ്യൎക്കും ദേവന്മാൎക്കും നടുവരായിരിക്കുന്നു.

VIII. മോക്ഷം ലഭിപ്പാനുള്ള വഴികൾ ആവിതു: ൧. ബ്രാഹ്മണരെ സേവിക്ക. ൨. ജാത്യാചാരം പ്രമാണിക്ക. ൩. ഭിക്ഷ കൊടുക്ക, തണ്ണീൎപ്പന്തൽ, നടക്കാവു വെക്ക, കുളം കുഴിക്കുക എന്നിവറ്റെ തന്നേ. ൪. തീൎത്ഥയാത്ര ചെയ്ക. ൫. ഗംഗാസ്നാനം. ൬. തപസ്സ് എന്നീവക തന്നേ.

IX. മരിച്ച ശേഷം മനുഷ്യന്റെ ആത്മാവു വേറൊരു ദേഹത്തിൽ പ്രവേശിച്ചു പൂൎവ്വജന്മവാസനക്കു തക്ക നന്മതിന്മകളെ അനുഭവിച്ചു ഇങ്ങനെ അനേകം ജന്മങ്ങൾ എടുത്ത ശേഷം ഒടുക്കം പരമഗതിയിൽ ലയിച്ചു പോകും; ഇതിന്നു മേല്പെട്ടു യാതൊരു കാൎയ്യവുമില്ലതാനും.

ചോദ്യങ്ങൾ.

ഇപ്രകാരമെല്ലാം വിചാരിച്ചാൽ ഇവറ്റിൽനിന്നു പല ചോദ്യങ്ങൾ ഉളവാകും. അതിൽ ചിലതാവിതു: ൧. പുരാണങ്ങൾ ദൈവവെളിപ്പാടെന്നതിന്നു ഏതു ദൃഷ്ടാന്തങ്ങൾ ഉണ്ടു? ൨. ഹിന്തുക്കൾ വിശ്വസിക്കുന്ന ഏകബ്രഹ്മത്തിൻ വെളിപ്പാടിനാൽ തന്നെ അവറ്റെ എഴുതിയിരിക്കുന്നു എന്നിരിക്കട്ടേ. എന്നാൽ ആയവ തമ്മിൽ തമ്മിൽ വിപരീതവും അന്യോന്യം പകച്ചു വെറുക്കുന്ന വിവിധദേവന്മാരെ വണങ്ങുവാൻ കല്പിക്കുകയും ചെയ്യുന്നതെങ്ങനേ? ൩. ഹിന്തുക്കൾ പുരാണങ്ങളെ വായിക്കുന്നതിനാൽ ജ്ഞാനികളും ആത്മികരും സത്യസ്നേഹ വിശുദ്ധികൾ ഉള്ളവരും പാപത്തെ അറെക്കുന്ന പരിശുദ്ധ കണ്ണുകൾ ഉള്ള ദൈവത്തോടു ഇണങ്ങിയവരും അവന്റെ സന്നിധാനത്തിൽ നില്പാൻ ധൈൎയ്യമുള്ളവരും ആയ്തീൎന്നിരിക്കുന്നുവോ അല്ല അതിന്നു വിപരീതമായിരിക്കുന്നുവോ? "തിരുവെഴുത്തിൽ നിങ്ങൾക്കു നിത്യജീവൻ ഉള്ള പ്രകാരം തോന്നുകയാൽ നിങ്ങൾ അവ ആരായുന്നുവല്ലോ എന്നു ക്രിസ്തൻ യഹൂദരോടു പറഞ്ഞു അവക്കുള്ള അരുളപ്പാടുകളും പ്രവാചകങ്ങളും ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ സാധിക്കാതെ വിശുദ്ധരായ ദൈവമനുഷ്യർ വിശുദ്ധാത്മാവിനാൽ വഹിക്കപ്പെട്ടത്രേ ഇവയെല്ലാം ചൊല്ലിയതുകൊണ്ടു തന്നേ. ഇത്ര വിലയേറുന്നതും വിശ്വാസയോഗ്യവും ഉള്ള തിരുവെഴുത്തുകളെ കുറിച്ചു പ്രശംസിക്കാവുന്നതു എങ്ങനെ എന്നാൽ: യഹോവേ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ഞാൻ മകിഴുന്നതു സമസ്ത ധനത്തിൽ എന്നപോലെ തന്നേ. നിന്റെ നിയോഗങ്ങളെ ഞാൻ ധ്യാനിച്ചും നിൻ പാതകളെ പാൎത്തും കൊൾക. തിരുവെഴുത്തുകളിൽ ഞാൻ പുളെക്കുന്നു. നിന്റെ വചനത്തെ മറക്കയുമില്ല. എന്നും മറ്റും തന്നേ. *†*

A SHORT HISTORY OF CYPRUS.

കുപ്രദ്വീപിന്റെ ചരിത്രച്ചുരുക്കം.

നമ്മുടെ ചക്രവൎത്തിനിയും രൂമിസുല്ത്താനും 1878 ജൂൻ 4ാം നു- തമ്മിൽ ചെയ്ത ഉടമ്പടി പ്രകാരം തുൎക്കർ കുപ്രദ്വീപിനെ 1878 ജൂലായി 15ാം നു- അംഗ്ലകാൎയ്യസ്ഥന്മാൎക്കു ഭരമേല്പിച്ചു. മദ്ധ്യതരന്യാഴിയുടെ കിഴക്കേ മൂലക്കൽ കിടക്കുന്ന ൟ ദ്വീപിന്നു പണ്ടു കുപ്രൊസ് എന്നും ഇപ്പോൾ നവയവനഭാഷയിൽ കിപ്രോ എന്നും തുൎക്കിയിൽ കിബ്രിസ് എന്നും പേരുകൾ നടപ്പു. ഇംഗ്ലിഷ്ക്കാർ അതിനെ സൈപ്രസ് എന്നു വിളിച്ചു വരുന്നു. അതിന്നു മുക്കോണിച്ച വടിവും 140 നാഴിക നീളവും 5 തൊട്ടു 50 വരെ അകലവും 3460 □ നാഴികയും 220,000 നിവാസികളും കാണുന്നു. ദ്വീപുകാരിൽ മുക്കാൽ പങ്കു ക്രിസ്ത്യാനരും ശേഷം മുഹമ്മദീയരും അത്രേ. നിക്കോസിയിൽ മാത്രം മുഹമ്മദീയർ അധികമായി പാൎത്തു വരുന്നു.

ആ ദ്വീപിന്റെ ചരിത്രത്തെ ചുരുക്കത്തിൽ പറവാൻ ആശിക്കുന്നു. യഫെത്തിന്റെ മകളുടെ മക്കളിൽ ഒരുത്തൻ കിതി എന്ന പുരിയെ അവിടെ സ്ഥാപിച്ചു പോൽ. പിന്നേ ചുറുചുറുപ്പും കച്ചവടമിടുമയും ഉള്ള പൊയ്നീക്യർ എന്ന ശേം വംശക്കാർ ആ ദ്വീപിനെ കൈക്കലാക്കി അതിലേ മലകളിൽനിന്നു ചെമ്പയിർ കുഴിച്ചെടുപ്പിച്ചു അവിടെയുള്ള മരംകൊണ്ടു ഉരുക്കൾ വെപ്പിച്ചു യുരോപ്പ ആസ്യ അഫ്രിക്ക എന്നീ ഖണ്ഡങ്ങളോടും ഭാരതഖണ്ഡത്തോടും കച്ചവടം നടത്തി പോന്നു. കുപ്രയിലേ ഉരുത്തച്ചന്മാർ നിനിവേ നഗരത്തോളം പോയി അതിൽ വാഴുന്ന സെമീരമിസ് രാജ്ഞിക്കായി ഫ്രാത്തു നദിയിൽ ഓടത്തക്ക മരക്കലങ്ങളെ ചമെച്ചു കൊടുത്തു. പൊയ്നീക്യർ ക്രൂരമുള്ള അഷ്ടരോത്തു എന്ന കാളിസേവയെ ദ്വീപോളം കൊണ്ടുവന്നു പാഫൊസ്, അമഥുന്തു, ഇദാലിയോൻ എന്ന സ്ഥലങ്ങളിൽ അവൾക്കു നിവേദ്യത്തറകളെ എടുപ്പിച്ചു.

അതിൽ പിന്നേ നെഞ്ഞൂറവും അത്യുത്സാഹവും ഉള്ള യവനർ ആ ദ്വീപിൽ അവിടവിടേ പാണ്ടിശാലകളെ കെട്ടി ക്രമത്താലേ നഗരങ്ങൾ ഉണ്ടാക്കി കൂട്ടം കൂട്ടമായി കുടിയേറുവാൻ വന്ന ശേഷം യവനഭാഷ എബ്രായ ഭാഷയോടു കലരുകയും അഷ്ടരോത്തിന്റെ സേവെക്കു പകരം കാമദേവിയുടെ[1] സേവ നടപ്പാകയും ചെയ്തു. കാലം ചെല്ലുമളവിൽ യവനർ പൊയ്നീക്യരുടെ കച്ചവടത്തെ മുഴുവൻ കൈക്കലാക്കിക്കളഞ്ഞു.

പൊയ്നീക്യർ അടുത്ത കരപ്രദേശത്തിൽ ഒരു സ്വാന്ത രാജ്യത്തെ സ്ഥാപിച്ചപ്പോൾ അവർ മഹത്വമുള്ള തൂർ നഗരം എന്ന രാജധാനിയിൽ

1) രോമർ വേനുസ് (Venus-അംഗ്ലയുച്ചാരണം വീനസ്) എന്നും യവനർ അപ്രൊദീതെ (Aphrodite) എന്നും വിളിച്ച കാമദേവിയായ ശുക്രദേവി.

നിന്നു ആ ദ്വീപിനെ പാലിച്ചു. ഏകദേശം 720 ക്രി. മു. കുപ്രദ്വീപുകാർ ദ്രോഹിച്ചു പാഫൊസ്, സലാമിസ്1) കിതിയോൻ മുതലായ ചെറു കോയ്മകളെ സ്ഥാപിച്ചു മിസ്രക്കോനായ ഒന്നാം അമാസിസ് ആ ദ്വീപിനെ 550 ക്രി. മു. പിടിക്കുവോളം തമ്മിൽ തമ്മിൽ വല്ലാതെ പടവെട്ടി പോന്നു. ഫാസി രാജാവായ കോരെശിന്റെ അനന്തരവനായ കമ്പിസസ്2) മിസ്രയെ അടക്കിയാറെ കുപ്രക്കാർ മിസ്രവാഴ്ചയെ ദുഃഖേന സഹിച്ചതിനാൽ മനസ്സാലേ അവന്റെ ചെങ്കോല്ക്കു അടങ്ങി. ദ്വീപുകാർ 499-498 ഒരു ചെറിയ ദ്രോഹത്തെ ഉണ്ടാക്കി എങ്കിലും 477 ക്രി. മു. ഫാസിക്കോയ്മകൾ വീണ്ടും വഴങ്ങി. ക്ഷക്ഷസ്3) എന്ന പരാക്രമി യവന രാജ്യത്തിന്നു വിരോധമായി ചെയ്ത ആക്രമത്തിൽ തനിക്കു മിക്കവാറും കുപ്രമരക്കലങ്ങളുടെ സഹായം ഉണ്ടായിട്ടും തോല്മ സംഭവിച്ചതേയുള്ളു.

യവനരും സ്വത്താനരും ആ ദ്വീപിൽ ഫാസരോടു ഓരോ പടവെട്ടി ഒടുവിൽ സലാമിസിൽ4) വെച്ചു ഫാസരെ ജയിച്ചു കുപ്രദ്വീപിൽനിന്നു ആട്ടികളഞ്ഞു. ഐയാഗൊരാസ്5) സ്വത്തയോടു മത്സരിച്ചു കുപ്രയിൽ സ്വന്ത രാജ്യത്തെ സ്ഥാപിച്ചശേഷം ഫാസർ വങ്കൂട്ടമായി കപ്പൽ കയറി വന്നു അഥേനരുടെ തുണക്കപ്പൽക്കൂട്ടത്തെ തോല്പിച്ചു ദ്വീപിനെ വീണ്ടും കൈക്കൽ ആക്കി. യവനർ എത്ര മുട്ടിചെറുത്തിട്ടും സലാമിസ് കോട്ട അഷ്ടക്ഷക്ഷസ്6) രാജാവിന്റെ കയ്യിൽ അകപ്പെട്ടതിനാൽ യവനർ മലപ്രദേശത്തിലേക്കോടേണ്ടി വന്നു. വഴിയേ അവർ കൂടക്കൂടെ താഴ്വരകളിൽ ഇറങ്ങി തുമ്പില്ലാതെ അവിടവിടേ പൊരുതിക്കൊള്ളും.

യവനൎക്കു ഭവിച്ച താഴ്ചെക്കു പകവീളുവാൻ വലിയ സിക്കന്തർ എന്ന മകെദോന്യമന്നൻ ദാൎയ്യൻ കൊദൊമനന്റെ നേരെ7) പടെക്കിറങ്ങിയപ്പോൾ ഫാസിരാജാവു കുപ്രയിൽനിന്നു തന്റെ പടയാളികളെ വരുത്തേണ്ടി വന്നു. ഗ്രാനിക്കുസ്8) ആററിൻ വക്കത്തു സിക്കന്തർ അവനെ തോല്പിച്ചതുകൊണ്ടു കുപ്രദ്വീപിന്നു സ്വാതന്ത്ര്യം ഉണ്ടായതല്ലാതെ സ്വന്തമായോരരചനെയും വരിച്ചെടുപ്പാൻ ഇട വന്നതിനാൽ കുപ്രക്കാർ സിക്കന്തൎക്കു വേണ്ടുന്ന സഹായം ചെയ്യും. താൻ തൂർ നഗരത്തെ വളെച്ചു നിരോധിച്ചാറെ കുപ്രക്കാർ തങ്ങളുടെ കപ്പലുകളിൽ നിൎത്തിയ വമ്പിച്ച വില്ലുകളിൽനിന്നു9) കല്ലുകളെ തെററി (തെറിപ്പിച്ചു) നഗരത്തിന്നു നാശം വരുത്തി. അനന്തരം കുപ്രഉരുത്തച്ചന്മാർ (ഓടായികൾ) പഞ്ചനദത്തോളം10) സിക്കന്തരോടു കൂടേ ചെന്നു അവിടെ വെച്ചു വങ്കപ്പലു

---

1) നടപ്പുകൾ ൲, ൩; സലമി ൲, ൬; പാഫി ൲, ൬ (ഇതിന്നു ഇപ്പോൾ ബഫ എന്നു പറഞ്ഞു വരുന്നു). 2) Cyrus, Cambyses. 3) Xerxes. 4) Salamis. 5) Euagoras. 6) Artaxerxes. 7) Alexander, Darius Kodomannus. 8) Granicus. 9) Catapult. 10) Kingdom of Porus.

കളെ പണിതു നെയാൎക്കൻ എന്ന ആഴിവാഴന്നോർ[1]) അവററിൽ പോ ൎവ്വെട്ടിച്ചൽ[2]) വന്ന പടയാളികളെ കയററി സിന്ധു നദിയൂടെ ഫാൎസ്യ ഉൾക്കടലിൽ കടന്നു ഫ്രാത്ത് നദി ഏറി ബാബിലോനോളം കൊണ്ടു പോയി എത്തിച്ചു. സിക്കന്തർ തിരുപ്പെട്ടതിൽ പിന്നേ തൻെറ സേനാ പതികളിൽ നാലു പേർ കരകടലുകളിൽ തമ്മിൽ പല പട വെട്ടുകയും കുപ്രദ്വീപുകാർ ഓരോ പക്ഷം തിരിഞ്ഞു അന്യോന്യം പൊരുതുകയും ചെയ്താറെ പ്ത്തോലൊമയൻ സൊതർ[3]) എന്ന സേനാപതി മിസ്രയോടുകൂട ആ ദ്വീപിനെയും സ്വാധീനപ്പെടുത്തി. 307 ക്രി. മു. അന്തിഗൊനൻ[4]) കുപ്രയെ വശത്താക്കി എങ്കിലും ഒടുവിൽ പ്ത്തോലൊമയൻ തന്നെ ഇപ്സ സിലേ[5]) പടയിൽ ജയിച്ചു പ്രബലപ്പെട്ടു. അന്നു തൊട്ടു ഇരുനൂറു വൎഷ ത്തോളം മിസ്രക്കോയ്മ പണവും കപ്പലും കപ്പമായി വാങ്ങി ദ്വീപുകാരെ ഞെരുക്കുകയും പന്ത്രണ്ടു നാടുവാഴികളെകൊണ്ടു ഭരിപ്പിക്കയും ചെയ്തു.

രോമപുരി ഇതാല്യയെ കീഴ്പെടുത്തി കൎത്താഗോവിനെ[6]) ഒടുക്കിയ ശേഷം രോമ മൂപ്പുയോഗം അയച്ച സേനാപതിയായ[7]) കാതോ 57 ക്രി. മു. കുപ്രദ്വീപിനെ പ്ത്തോലൊമയരിൽനിന്നു പിടുങ്ങി രോമ ക്കുറുപാടാക്കി തീൎത്തു. 37 ക്രി. മു. ത്രിവീരനാം അന്തോന്യൻ കുപ്രദ്വീപിനെ തനിക്കു മിസ്രയിലുണ്ടായ ക്ലേയോപത്ര എന്ന മങ്കക്കു ദാനമായി കൊടുത്തു.[8]) എന്നാൽ ഒക്താവ്യാൻ അന്തോന്യനെ അക്ഷിയുമിലേ കടൽ പടയിൽ[9]) തോല്പിച്ചപ്പോൾ കുപ്രദ്വീപു വീണ്ടും രോമപുരിയുടെ ചെങ്കോല്ക്കു കീഴടങ്ങി. അതിനാൽ കൃഷിയും ലോഹതുരങ്കവേലയും തെഴത്തും നിരത്തുകൾ പെരുത്തും, തുറമുഖങ്ങളുടെ കടപ്പുകൾ ഉറച്ചും വന്നതല്ലാതെ കുപ്ര ബാല്യക്കാർ രോമപുരിയോളം പഠിപ്പാൻ ചെന്നു തേറിവരികയും ചെയ്തു.

ഏകദേശം 10 ക്രി. മു. കുപ്രയിൽ ജനിച്ച ബൎന്നബാവു[10]) 45 ക്രി. ആ. അപൊസ്തലനായ പൌലോടു[11]) കൂടെ കുപ്രയിൽ എത്തി. സത്യവിശ്വാസികൾക്കു കാമദേവിയുടെ ആരാധനക്കാരോടു കടുപ്പമുള്ള പോരാട്ടം ഉണ്ടായി എങ്കിലും സുവിശേഷത്തിന്നു ഒടുവിൽ ജയം വന്നു താനും. എന്നാൽ ഓരപൂൎവ്വം അവിടെ നടന്നു. പൊസ്നീക്യർ കൊണ്ടുവന്ന കോട്ട മുഖിയായ[12]) അഷ്ടരോത്തിനെ ഗ്രേക്കർ പുഞ്ചിരിമുഖിയായ അൎത്തമിയാക്കി മാററിയ ശേഷം അങ്ങുള്ള രോമക്രിസ്ത്യാനർ അവളെ ദൈവമാതാവെന്നു സങ്കല്പിച്ചു അഫ്രോദിതിസ്സ[13]) എന്നു പേരും ഇട്ടു. മുങ്കാലത്തു കൃഷ്ണശിലയിൽനിന്നു കോട്ടമുഖിയായ അഷ്ടരോത്തിൻെറ ബിംബത്തെ തീ

1) Nearchus, Admiral. 2) tired of war. 3) Ptolomaeus Soter. 4) Antigonus. 5) Ipsus. 6) Carthage. 7) Senate, Cato. 8) Triumvir, Antonius, Cleopatra, Mistress. 9) Actium 2 Septbr. B. C. 31. 10) നടപ്പുകൾ 4, 36. 11) നടപ്പുകൾ 13. 12) sullen, gloomy. 13) Aphroditissa, 105 ഭാഗത്തിലേ സൂചകം നോക്കുക.

ത്തുപോലെ മറിയയുടെ പുരാതനരൂപങ്ങൾ കൃഷ്ണശിലയിൽ കോടിയ മുഖത്തോടെ കൊത്തി ഉണ്ടാക്കിയിരിക്കുന്നതു കാണാം. ആയതു തന്നെ "കറുത്തദൈവമാതാവിന്റെ" ഉല്പത്തി എന്നു തോന്നുന്നു. മുങ്കാലങ്ങളിൽ അഷ്ടരോത്തു കാമദേവി എന്നവരുടെ മുഖങ്ങളെ പൂജാരിച്ചികൾ[1] മൂടിയിട്ടതുപോലെ പൊൻ വെള്ളികൊണ്ടുള്ള മറിയാരൂപങ്ങളുടെ മുഖത്തിലും ഇപ്പോഴം മുട്ടാക്ക്[2] ഇടാറുണ്ടു. അന്നു പാഫോസിലെ ശ്രുതിപ്പെട്ട ഉത്സവത്തിൽ ബലികളെ കഴിച്ചതിന്നൊത്തവണ്ണം ഇന്നും രോമക്രിസ്ത്യാനർ മറിയെക്കു പ്രാവുകളെ അൎപ്പിച്ചു പോരുന്നു. അതിനാൽ അജ്ഞാനത്തിന്നു എത്ര വലിയ ശക്തിയുണ്ടെന്നും ആയതിൽനിന്നു നാം എങ്ങനെ സൂക്ഷിക്കേണം എന്നും വിളങ്ങുന്നു. കുപ്രദ്വീപിൽ വൎദ്ധിച്ചു വന്ന യഹൂദന്മാർ അക്തേമ്യൻ[3] എന്ന തലവനെ വരിച്ചു ഏകദേശം 2½ ലക്ഷം രോമരെയും ക്രിസ്ത്യാനരെയും മുടിച്ചുകളഞ്ഞു. രോമചക്രവൎത്തി ചീറി ദ്വീപിനെ അടക്കി കുറ്റക്കാരെ ശിക്ഷിച്ച ശേഷം തീതൻ എന്ന സേനാപതി യരുശലേം മൂലനഗരത്തെ ഇടിച്ചു പാഴാക്കിക്കളഞ്ഞു. പിന്നേയും കുപ്രയിൽ ക്രിസ്ത്യത്വം തെഴുത്തതുകൊണ്ടു ലാജർ, യൊഹന്നാൻ ലമ്പദിസ്തു, കഥരീന, മൌര തുടങ്ങിയ പുണ്യവാളന്മാർ അവിടേ ഉളവായി.

365 ക്രി. ആണ്ടുത്തോളം കുപ്ര രോമെക്കാധീനമായിരുന്ന ശേഷം രൌമ്യ സാമ്രാജ്യത്തെ കിഴക്കേ റൂമിസ്ഥാനം പടിഞ്ഞാറെ റൂമിസ്ഥാനം എന്നിങ്ങനെ വിഭാഗിച്ചപ്പോൾ കുപ്രദ്വീപു കൊംസ്തന്തീനപുരിയിലേ (ഇസ്തമ്പൂൽ) ചക്രവൎത്തികൾക്കു സ്വാധീനമായി. ഭൂകമ്പങ്ങളും പഞ്ചവും അതിന്റെ മഹിമെക്കു പലവിധേന താഴ്ച വരുത്തിയതല്ലാതേ കടക്കള്ളന്മാരും കൂടക്കൂടെ കയറി അതിനെ കൊള്ളയിട്ടും എരിച്ചും പോന്നു. നാടുവാഴികൾ പലപ്പോഴം സ്വന്തവാഴ്ചയെ സ്ഥാപിപ്പാൻ നോക്കീട്ടും നിഷ്ഫലമായി പോയതേയുള്ളു.

ഉള്ളൂക്കു നാൾക്കു നാൾ കുറഞ്ഞ കിഴക്കേ റൂമികോയ്മക്കു തെക്കുനിന്നു കൊടുങ്കാറ്റു കണക്കേ തള്ളി വരുന്ന മുസൽമന്നരോടു എതിൎപ്പാൻ കഴിവില്ലാതെയായതിനാൽ 648ാമതിൽ കുപ്രദ്വീപു ഏകദേശം വിരോധം കൂടാതെ അവരുടെ കയ്യിൽ അകപ്പെട്ടു പോയി. ആയവർ അതിലുള്ള പണ്ടേത്ത എടുപ്പുകളെയും കൊത്തുപണികളെയും തച്ചിടിച്ചും നിവാസികളെ അടിമകൾ ആക്കി വിറ്റും കൊണ്ടിരുന്നു. മുതിച്ചയുള്ള കൊംസ്തന്തീൻ കൊപ്രൊനീമൻ[4] എന്ന ചക്രവൎത്തി ആ ദ്വീപിനെ തിടുക്കോടെ പിടിച്ചിട്ടും ആയതു 805 ൽ രണ്ടാമതു മുസൽമന്നരെ വണങ്ങേണ്ടി വന്നു. രണ്ടാം നിക്കെഫൊരൊൻ ചക്രവൎത്തി[5] 964 ൽ കുപ്രദ്വീപിനെ വീണ്ടുകൊണ്ടു അതിൽ ഒസ്മാനർ കാൽ വെക്കുന്നേടത്തു പുല്ലുപോലും മുളെക്കുക

1) Priestesses. 2) Veil. 3) Actemius. 4) Constantine Copronymus. 5) Nikephoros II.

യില്ല എന്ന വാക്ക പ്രകാരം കണ്ടെത്തിയ ഇടിവിടങ്ങളെ പണിയിച്ച നന്നാക്കുവാൻ വളരെ പ്രയാസപ്പെട്ടു. എന്നാൽ ഇസ്തംബൂലിലെ ചക്രവൎത്തികൾക്ക കൃസ്തുയുദ്ധങ്ങൾകൊണ്ടു തട്ടിയ ഞെരിക്കത്തോടു കൂടെ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ആ ദ്വീപിലെ നാടുവാഴിയായ കൊംനേനൻ1) എന്ന തിരുവപ്പാടു ആ ദ്വീപിലെ വാഴ്ചയെ തനിക്കാക്കി. പരന്ത്രീസ്സ് ഇംഗ്ലന്തു എന്ന രാജ്യങ്ങൾ ചെന്താടിയൻ ഫ്രിദ്രിക്ക് എന്ന ഗൎമ്മാനചക്രവൎത്തിയോടു കൂടെ കൃസ്തുപടെക്ക പുറപ്പെട്ടപ്പോൾ ആ മടയൻ സിംഹഹൃദയനായ രിച്ചാൎദ്ദ് എന്ന അംഗ്ലക്കോന്റെ ചില കപ്പൽ കോൾകൊണ്ടു കുപ്രയിലേക്ക തള്ളപ്പെട്ടതറിഞ്ഞു സഹായം ചെയ്യാതെ അവറ്റെ പിടിച്ച കൊള്ളയിട്ടു. പാളിക്കത്തുന്ന എരിച്ചലോടു സിംഹഹൃദയൻ തന്റെ പട എല്ലാം കൂട്ടി കൊംനേനന്റെ ചിലപാനപടകളോടു എതിൎത്തു കരക്കുവച്ചക്കാരനെ സിംഹാസനത്തിൽനിന്നു ഉന്തി തള്ളി അംഗ്ലക്കൊടിയെ രാജധാനിയിൽ പറപ്പിച്ച ആ ദ്വീപു അംഗ്ല കൂറുപാടു ആക്കി കല്പിച്ച ബെരംഗാരിയ എന്ന നവരയിലെ കുമാരിയേ അവിടെ വെച്ച വേളി കഴിക്കയും2) ചെയ്തു.

രിച്ചാൎദ്ദ് 1191 കപ്പലോടി ജൂൻ 8 നു- പ്തോലൊമായിസിന്റെ മുമ്പിൽ നങ്കൂരം ഇട്ടു സലദീൻ സുല്ത്താനെ ജയിച്ച പരന്ത്രീസ്സുകാരനായ ലുസിഞ്ഞാനിലെ ഗീദോ എന്നവന്നു കുപ്രദ്വീപിനെ സ്വന്തമായി കൊടുത്തു3). 1473 ആ സ്വരൂപം അന്ന്യം മുട്ടി പോയി. അതിലെ രാജാക്കൾ പ്രാപ്തന്മാരും ധീരപരാക്രമശാലികളും ആയതിനാൽ സ്വസ്ഥതയോടു കൂട ധനപുഷ്ടി പെരുകി വന്നു. മതകാൎയ്യത്തിൽ ഉത്സാഹം ജനിച്ച കാമദേവികോട്ടങ്ങളുടെ ഇടിവിടത്തിൽ വമ്പിച്ച പള്ളികളും മഠങ്ങളും ഉയൎന്നു വന്നു. മുസൽമന്നരുടെ ഉപദ്രവം പൊറുത്തുകൂടാതെ ഫലിഷ്ഠിയ നാട്ടിൽനിന്നു ഓടി വന്ന സന്ന്യാസികൾക്ക ആ ദ്വീപു ഒതുക്കിടം ആയിതീൎന്നു.

1473 യാക്കോബ് എന്ന ഒടുക്കത്തെ രാജാവിന്റെ വിധവ ചൊൽകൊണ്ട വെനേത്ത്യാന രക്ഷാപുരുഷനായ മൎക്കൊ കൊൎന്നാരോ4) എന്നവന്റെ പെരിം പേരമകൾ ആകകൊണ്ടു വെനേത്ത്യാന ജനക്കോയ്മ ആ ദ്വീപു തങ്ങൾക്കാകുന്നു എന്നു ചൊല്ലി കൈവശപ്പെടുത്തി പണം ഉണ്ടാക്കുന്ന വിദ്യയെ മാത്രം ആശ്രയിച്ച കാടുകളെ വെട്ടിച്ച നാട്ടിന്നും ജനങ്ങൾക്കും വാട്ടം തട്ടിച്ചു. ആ ദ്വീപിൽനിന്നു അതിന്റെ പാലനത്തിനായിട്ടുള്ള ചെലവു കഴിച്ച അവർ കാലത്താൽ പത്തുലക്ഷം പൊൻപത്താക്ക ലാഭം ഉണ്ടാക്കും.

1453 മേയി 26 നു- ഇസ്തംബൂൽ രണ്ടാം മൊഹമ്മെദിന്റെ അധികാര

1) Komnenus. 2) Berengaria of Navarra. 3) Ptolemais, Guido de Lusignan. 4) Marco, Cornaro, Doge of Venice.

ത്തിൽ വന്നു. അവൻെറ ശേഷം വാണ വെറിയനായ രണ്ടാം സെലിം സുല്ത്താന്നു മെഹെമെദ് സൊകൊല്ലി എന്ന പ്രാപ്തിയുള്ള ഒസ്സീർ ഉണ്ടായിരുന്നു. ആയവൻ സുല്ത്താനോടു: ചിററാസ്സ്യ, സൂറിയ, മിസ്ര്യ എന്നീ നാടുകളെ ഉരത്ത കൈകൊണ്ടു ഭരിപ്പാൻ മനസ്സുണ്ടെങ്കിൽ കുപ്രദ്വീപു അത്യാവശ്യം എന്നു തിരുവുള്ളത്തിൽ ഏറേണം എന്നു ചൊല്ലി 1570 വൻപടയെ കുപ്രയുടെ നേരെ നടത്തി കരയെയും സമഭൂമിയേയും വേഗം കൈയിലാക്കി എങ്കിലും കരുത്തനായ മൎക്കൊ അന്തോനിയോ ബ്രഗദീനോ എന്നവൻ ഉറപ്പുള്ള ഫമഗുസ്ത കോട്ടയിൽ പുലിക്കൊത്ത ധാൎഷ്ട്യത്തോടു പതിനൊന്നു മാസത്തോളം തുൎക്കരോടു എതിൎത്തു നിന്നു[1]. ഇതിന്നിടേ തുൎക്കർ തോല്ക്കുന്തോറും 1571ആമതിൽ കിട്ടിയ കുടിയാന്മാരെ വേകുരത്തോടു[2] കൂടെ അറുത്തുകളയും. ഒടുവിൽ വിശപ്പിനാൽ കോട്ടനായകൻ ശത്രുവോടു കരാറു ചെയ്തു കോട്ടവാതിൽ തുറന്നപ്പോൾ സേനാപതി തൻെറ വാഗ്ദത്തത്തിന്നു ഭേദം വരുത്തി പടയാളികളെ വാളിന്നിരയാക്കി ബ്രഗദീനൊ എന്ന ധീരൻെറ തോൽ ഉരിച്ചു അതിൽ വൈക്കോൽ തുററു നിറെച്ചു ആഴിവാഴന്നോരുടെ കപ്പലിൻ നടുപായ്മരത്തിൻ പനുമാൻെറ മേൽ[3] വെററിക്കുറി[4]യായി തൂക്കിക്കളഞ്ഞു. ദൊം ജൂവാൻ ദെഔസ്ത്രിയ[5] എന്നവൻ ലെപന്തൊവിൽ തുൎക്കരെ ജയിച്ചിട്ടും ദ്വീപു കൈവശപ്പെടുത്തുവാൻ തുനിയായ്കയാൽ വെനേത്യ മന്ത്രി ഒസ്സീരിനോടു ഈ ജയത്തെ കുറിച്ചു പ്രശംസിച്ചപ്പോൾ ആയവൻ അവനോടു: നിങ്ങൾ ഞങ്ങളുടെ താടിയെ ചിരെച്ചു ഞങ്ങളോ നിങ്ങളുടെ ഒരു കൈയെ വെട്ടിക്കളഞ്ഞു എന്നു സൊകൊല്ലി ചിരിച്ചുംകൊണ്ടു പറഞ്ഞു. തുൎക്കരുടെ കയ്യിൽ മുത്തുപോലത്ത ഈ ദ്വീപു അകപ്പെട്ടശേഷം നഗരങ്ങളും തുറമുഖകെട്ടുകളും നിരത്തുകളും ഇടിഞ്ഞു തുടങ്ങി. കൈവിട്ട[6] ഈ സ്ഥിതിയാൽ ആ ദ്വീപിൻെറ കാൎയ്യം അമാന്തമായി എന്നു പറയേണം. പതിനാറാം നൂററാണ്ടു തൊട്ടു ക്രിസ്ത്യാനരായ യവനർ പിന്നേയും തെഴുക്കുവാനും ചുരുങ്ങിക്കൊണ്ടിരിക്കുന്ന തുൎക്കരുടെ ഇടയിൽ കടപ്പാനും തുടങ്ങി 1833 മിസ്ര്യയിലേ ഖേദിവായ മെഹെമെദ് ആലി കുപ്രദ്വീപിനെ പിടിച്ചശേഷം റൂമിസുല്ത്താൻ അതിൻെറ ആധിപത്യം അങ്ങോട്ടു ഏല്പിച്ചു എങ്കിലും 1840 തൊട്ടു പടിഷാ തന്നെ ആ ദ്വീപിനെ ഭരിച്ചു വരികയും ചെയ്തു.

എന്നാലും ദ്വീപുകാൎക്കു സൌഖ്യം വരായ്കയാൽ അവർ റൂമിസുല്ത്താനോടു ദ്രോഹിച്ചു എങ്കിലും ഭയങ്കരമായ പ്രതിക്രിയ അനുഭവിക്കേണ്ടി വന്നു. പഫോറിലും ചുററുവട്ടത്തിലും 25,000ത്തോളം യവനരെ തുൎക്കർ കുല ചെയതു പുറമേ എഴുപത്തുനാലു ഊരുഗ്രാമങ്ങളിലുള്ള ഏകദേശം

---

1) Marco Antonio Bragadino, Famagusta. 2) rage. 3) mainyard. 4) To stuff; trophy. 5) Don Juan D' Austria. 6) neglect.

18,000 ക്രിസ്ത്യാനരെ തുക്കക്കോയ്മ കൊല്ലിച്ച ചോരപ്പുനലുകളാൽ1) ദ്രോഹാഗ്നിയെ കെടുത്തുകളഞ്ഞു കഷ്ടം2).

ഇംഗ്ലിഷ്ക്കാൎക്ക എന്തെല്ലാം നന്നാക്കുവാൻ ഉണ്ടു എന്നു ആലോചനയുള്ളവന്നു ഊഹിക്കാം. ദൈവം ൨ം പുതിയ ഭാരത്തോടു നമ്മുടെ പ്രിയതമകോയ്മക്കു ശക്തി ജ്ഞാനാദികളെ ഇരട്ടിച്ചു കൊടുക്കേണമേ.

Cöl. Zeit. No. 29. 1878.

BEWARE OF DOGS. (Phil. 3, 2.)
നായ്ക്കളെ സൂക്ഷിപ്പിൻ. (ഫിലി. ൩, ൨.)

കേരളോപകാരി VI. 4. 61 ഭാഗത്തു നായ്ക്കളുടെ ഗുണാഗുണങ്ങളിൽ ഏതാനും പറഞ്ഞുവല്ലോ. മരുങ്ങാത്തവററിൽ വിശേഷിച്ചു മടിവു, ദുശ്ശീലം, അശുദ്ധി, ക്രൂരത, ബുഭുക്ഷ മുതലായ ദുൎഗ്ഗുണങ്ങൾ ഏറിവരുന്നതുകൊണ്ടു അപൊസ്തലനായ പൌൽ ഫിലിപ്പ്യരുടെ ഇടയിൽ നുഴഞ്ഞുവന്ന കള്ളോപദേഷ്ടാക്കളെ നായ്ക്കളോടുപമിച്ചു അവററിൻ കൈയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളേണം എന്നു വിളിച്ചു പറയുന്നതും കള്ളോപദേഷ്ടാക്കൾ നേരെ ചെല്ലാതെ പാളിപതുങ്ങിച്ചെന്നു മനുഷ്യരെ വഞ്ചിക്കയും കൎത്താവിന്റെ മഹത്വീകരണവും ആത്മാക്കളുടെ ഗുണീകരണവും തങ്ങൾക്കു പ്രമാണം എന്നു പച്ചപരമാൎത്ഥികളെകൊണ്ടു വിശ്വസിപ്പിച്ചിട്ടും തങ്ങളുടെ സ്വന്ത അധികാരലാഭാദി വൎദ്ധനയെ അന്വേഷിക്കയും ജാതി കുലമതാനുസാരാദികൾകൊണ്ടും ധൎമ്മപ്രമാണത്തെ കാക്കുന്നതിനാലും തങ്ങൾക്കു പ്രത്യേകമായ ശുദ്ധി സാധിച്ചു എന്നു നടിച്ചിരിക്കേ ക്രിസ്തനെയും അവന്മൂലമായി ഉണ്ടാകുന്ന നീതിയെയും തള്ളുന്നതു നിമിത്തം അവർ അശുദ്ധരായി നടക്കയും ക്രിസ്തനിൽ വിശ്വസിച്ചവരെ ഉണ്മയുള്ള വിശ്വാസത്തിൽനിന്നു തെററിക്കുന്നതുകൊണ്ടു ഇവൎക്കു വിരോധമായി ക്രൂരതയെ പ്രവൃത്തിക്കയും ഇങ്ങനെ വിശ്വാസികളുടെ സമാധാനം സ്വാതന്ത്ര്യം രക്ഷ ധനം ഇത്യാദികളെ വിഴുങ്ങുന്നതിനാൽ ബുഭുക്ഷികളായി വ്യാപരിക്കയും ചെയ്യുന്നു. ഇവരുടെ തെററുള്ള സ്ഥിതിയെ നന്നായി തെളിയിക്കേണ്ടതിന്നു അപൊസ്തലൻ തന്നെകൊണ്ടു പറയുന്നതാവിതു: ആ കള്ളോപദേഷ്ടാക്കളേക്കാൾ തനിക്കു ജഡത്തിൽ ആശ്രയിച്ചു പ്രശംസിപ്പാൻ ഇട ഉണ്ടെങ്കിലും ആയതെല്ലാം ക്രിസ്തൻ നിമിത്തം ചേതം എന്നു വെച്ചിരിക്കുന്നു (4—8) എന്നും തനിക്കു ക്രിസ്തവിശ്വാസത്തിൽ നിന്നുള്ള ദൈവനീതിയത്രേ പോരുന്നു (9) എന്നും ക്രിസ്തന്റെ മരണത്തോടും പുനരുത്ഥാനശക്തികളോടും കൂട്ടായ്മ സാധിക്കേണം എന്നും താൻ

1) Streams of blood. 2) Eadie's Bibl. Cyclopaedia.

എപ്പോഴം ക്രിസ്തനിൽ കാണപ്പെടേണ്ടതിന്നു തൻെറ മുഖ്യവാഞ്ഛയും അദ്ധ്വാനവും (10—14) എന്നും തികവോടെത്തുവാൻ ആശയുള്ള സത്യവിശ്വാസികൾക്ക ഇതത്രേ ലക്ഷ്യം എന്നും അറിയിച്ചു കൊടുക്കുന്നു. ആകയാൽ ദുരുപദേഷ്ടാക്കളിൽ ആ സൽഗുണങ്ങളെ കാണാതെ മേൽ പറഞ്ഞ ദുർഗ്ഗുണങ്ങളെ കാണുന്നതുകൊണ്ടു അവരെച്ചൊല്ലി നായ്ക്കളെ സൂക്ഷിപ്പിൻ എന്നു അപൊസ്തലൻ പ്രബോധിപ്പിക്കുന്നു. ചിററാസ്യയിൽ പലേടത്തും രൌമ്യസാമ്രാജ്യത്തിൽ മിക്ക സ്ഥലങ്ങളിലും നായ്ക്കളെ കെട്ടിയിട്ട വീട്ടുടമസ്ഥൻ കടക്കുന്നവൎക്ക കേടു വരാതെയിരിപ്പാൻ നായി എന്ന ചിത്രക്കൊത്തും "നായെ സൂക്ഷിപ്പിൻ" എന്ന എഴുത്തും ഉള്ള കല്ലിനെ പടിവാതിലിൻ മീതേ പററിക്കുന്നതു നടപ്പാകയാൽ അപൊസ്തലൻ ആയതോൎത്തു ആക്രമാപത്തു വരായ്വാൻ സഭക്കാരെ ഇങ്ങനെ ഉണൎത്തുന്നതു.*

നാം അതൊക്കയും ഓൎക്കുന്നെങ്കിൽ "നായ്ക്കളെ സൂക്ഷിപ്പിൻ" എന്നു പൌൽ അപൊസ്തലൻ പറഞ്ഞവാക്ക നമുക്ക ബോധിക്കും. നായ്ക്കൾ എന്ന പോലെ പാളി നടക്കുന്ന കള്ളോപദേഷ്ടാക്കൾ സത്യാസത്യവും ശുദ്ധാശുദ്ധവും ഇടകലൎന്നു ദൈവവചനത്തിന്നു പകരം തങ്ങൾ സങ്കല്പിച്ച ഉപദേശങ്ങളെ അറിയിക്കുന്നതിനാൽ ക്രിസ്ത്യാനരെ വശീകരിപ്പാനും തെററിപ്പിപ്പാനും ശ്രമിക്കുന്നു. ഈ വക ആളുകൾ പൌൽ അപൊസ്തലൻെറ കാഴ്ചയിൽ നായ്ക്കൾ അത്രെ.—വല്ലാത്ത കൎമ്മത്തിന്നു ഒരു നല്ല പേർ ഇടുന്നതു സാധിക്കുന്നില്ലല്ലോ അതു വ്യാജവും കപടവുമായി വരും.— ജന്തുക്ക

* മേലേത്ത ചിത്രം പൊമ്പേയി എന്ന നഗരത്തിലെ ഇടിവിടങ്ങളിൽ കണ്ടുകിട്ടിയ ഒരു ചിത്രക്കല്ലിൻെറ നേർ പകൎപ്പാകുന്നു.

ളായ നായ്ക്കളെ തൊടുന്നതിനാൽ ഞാൻ തീണ്ടിപ്പോകും എന്നു ഭയപ്പെട്ടുന്നില്ലെങ്കിലും അശുദ്ധിയിൽ പെരുമാറി വിശുദ്ധമായവററെ തൃണീകരിക്കയും ഉദരത്തിന്നോ അമിതമായ അഭിമാനത്തിന്നോ തൃപ്തിവരുവാനായിട്ടു കൂട്ടക്കാരുടെ ദേഹിദേഹങ്ങളെ ശങ്കകൂടാതെ നശിപ്പിക്കയും ചെയ്യുന്ന ആളുകളോടു പരിചയിച്ചു സംസൎഗ്ഗം ചെയ്യുന്നതിനാൽ എന്റെ ആത്മാവിന്നു ഹാനി വരും എന്നു പേടിപ്പാനേ സംഗതി ഉള്ളു; അതുകൊണ്ടു പ്രിയ വായനക്കാരേ! നായ്ക്കളേ സൂക്ഷിപ്പിൻ.—ഒരു വീട്ടിൽ കടിക്കുന്ന ഒരു നായി ഉണ്ടെങ്കിൽ ആളുകൾ എത്രയും ദൂരേ കടക്കയും ഭവനത്തിൽ ചെല്ലുവാൻ മടിക്കയും ചെയ്യും. നായുടെ പല്ലുകളേക്കാൾ കപടഭക്തിയും അശുദ്ധിയും എത്രയും അപായമുള്ളതാകുന്നു.— ചാരിയാൽ ചാരിയതു മണക്കും. നായ്ക്കളോടൊത്ത ചതിയന്മാർ നുഴഞ്ഞു വന്നിട്ടു ഒരു സ്നേഹിതന്റെയും ദൈവഭക്തന്റെയും വേഷത്തെ ധരിക്കുന്നെങ്കിലും നീ സൂക്ഷിക്കാഞ്ഞാൽ അവരുടെ വേഷം നീ അറിയാതെ മേൽക്കുമേൽ മാറിപ്പോകയും ഒടുവിൽ ഈ വക നായ്ക്കളുടെ പല്ലുകളിൻ കടിയും അവററിൻ വായിൽനിന്നു വീഴുന്ന നഞ്ഞുള്ള കേലയും കൊണ്ടു നീ തീണ്ടിപ്പോകും, എന്നു തന്നെയല്ല ആ നായ്ക്കളെ സൂക്ഷിക്കാതെ അവരോടു കൂട്ടായ്മ ചെയ്യുന്നതിനാൽ നീയും ക്രമേണ അവൎക്കു സമനായി മാറിപ്പോകും. ആദിത്യനോളം ശോഭിപ്പാനായി മുൻനിൎണ്ണയിക്കപ്പെട്ട മനുഷ്യൻ ഇവ്വണ്ണം പാപത്തിൻ ചളിയിൽ കിടന്നു ഉരുളുന്നെങ്കിൽ ആ നാളിൽ അതിശുദ്ധിയുള്ള ദൈവത്തിന്റെ തിരുമുഖത്തിൽ നോക്കുവാൻ ആളാകയില്ല. യേശുവിന്റെ രക്തത്താൽ ശുദ്ധരായി തീൎന്നിട്ടുള്ളവർ അന്നു അത്യന്തമനോഹരമായൊരു പട്ടണത്തിൽ കടക്കുന്നെങ്കിലും "നായ്ക്കളും, ഒടിക്കാരും, പുലയാടികളും, കുലപാതകരും, ബിംബാരാധികളും ഭോഷ്കിനെ കുറുള്ളവനും ചെയ്യുന്നവനും ഒക്കയും പുറത്തു തന്നെ" നില്ക്കും എന്നു നാം വായിക്കുന്നു. (വെളിപ്പാടു 22, 15.)

ആകയാൽ നായ്ക്കളെ സൂക്ഷിപ്പാൻ ദൈവം എല്ലാവരെ പ്രാപ്തന്മാരാക്കേണമേ.

F. F. F.

II. THE HUMAN SKULL: 4. THE TEETH.

4 പല്ലുകൾ (ദന്തങ്ങൾ, Dentes).

I. പല്ലുകൾ മുഖത്തിൻ മേലേത്ത രണ്ടു അരവെല്ലുകളിലും കീഴേത്ത താടിയെല്ലിലും ഉറെച്ചു നാട്ടി നില്ക്കുന്നു. അവററിന്നു അസ്ഥിക്കൊത്ത രൂപണം[1] ഉണ്ടെങ്കിലും അവ ശരീരത്തിന്റെ എല്ലുകളിൽനിന്നു പലവിധേന ഭേദിച്ചിരിക്കുന്നു. ശേഷം അസ്ഥികൾ മാനുഷകൎണ്ണിന്നു മറ

1) Formation.

ഞ്ഞിരിക്കേ പല്ലുകൾക്ക വെളിയേ കാണപ്പെടുന്ന ദന്താഗ്രവും[2] അസ്ഥിക്കകത്തു നില്ക്കുന്ന വേരും[3] എന്നീ രണ്ടംശങ്ങൾ ഉണ്ടു. മറ്റെ എല്ലുകൾ വല്ല പ്രകാരം തമ്മിൽ ഇണെച്ചിരിക്കേ പല്ലുകൾ താന്താങ്ങടെ തടത്തിൽനിന്നു ഇളകി പൊരിഞ്ഞു പോകായ്വാൻ വേണ്ടി ഊൻ[4] എന്നൊരു കടുപ്പവും മാംസപ്രായവുമുള്ള വസ്തു കൊണ്ടു ഉറപ്പിച്ചു നിൎത്തിയിരിക്കുന്നു. ആകയാൽ പല്ലുകൾ ഉതിൎന്നു വീണാലും ശരീരത്തിന്റെ ഓരോ അവയവങ്ങൾ പോയ്പോയതിന്നോളം നഷ്ടമില്ല. പല്ലുകൾ മറ്റെല്ലാ അസ്ഥികളിൽനിന്നു ഭേദിച്ച ദന്താസ്ഥി (നാഗദന്തവസ്തു)[5] എന്നൊരു വക പൊരുളാൽ രൂപിച്ചു കിടക്കുന്നു. ദന്താഗ്രത്തിന്നു എപ്പോഴും നനവും കൂടക്കൂടെ വായു മുതലായതും തട്ടി വരുന്നതിനാൽ പല്ലുകൾക്ക കേടു പറ്റായ്വാൻ അതു പളുങ്കിന്നൊത്ത കാചക്കൂട്ടു[6] കൊണ്ടു പൊതിഞ്ഞിരിക്കുന്നു. അതിന്നു ദന്തകാചം എന്ന പേർ ആക. അതിനാൽ ഓപ്പിട്ട പല്ലിന്റെ ഒളിമ (ദംശനാംശു)[7] ഉണ്ടാകുന്നു. പല്ലുകളുടെ ഇരുഭാഗങ്ങളിൽ ദന്തകാചത്തിന്റെ കനം അല്പമാക കൊണ്ടു ആയതു വിണ്ടു കീറുകയോ അടൎന്നു പോകയോ ചെയ്യുന്നിടത്തു തന്നേ പല്ലിന്റെ കേടു[8] തുടങ്ങുന്നു. രോമങ്ങൾ വളരും പ്രകാരം പല്ലുകളും ഒരു തോൽ സഞ്ചിയിലേ ദന്താങ്കുരത്തിൽനിന്നു ക്രമേണ മുളച്ചു വളൎന്നു (പല്ലിന്നു തറയിട്ടു) ഊനിൽനിന്നു ദന്താഗ്രമായി പുറപ്പെട്ടു വരുന്നു. പല്ലുകളേ പോറേറണ്ടതിന്നു വല കണക്കേ ഏറ്റവും നേരിയ മജ്ജാതന്തുക്കൾ അവറ്റിൻ ഉള്ളിൽ പടൎന്നു കിടക്കുന്നു. പല്ലിൻ വേരുള്ളിലുള്ള നേരിയൊരു തോൽ കൊണ്ടു വേരുകൾ താടിയെല്ലുകളോടു ഏച്ചു കിടക്കുന്നു. ആ തോലിന്നു കടച്ചൽ തട്ടുമ്പോൾ പൊറുത്തു കൂടാത്തേടത്തോളം വേദന ഉണ്ടാകും.

2. പല്ലുകൾ വിശേഷിച്ചു സംസാരിക്കേണ്ടതിന്നു അത്യാവശ്യം. അവ നാവിന്നു ഉച്ചാരണത്തിൽ തക്ക തടമായി നില്ക്കുന്നതു കൂടാതെ ദന്ത്യങ്ങൾ ഊഷ്മാക്കൾ താലവ്യങ്ങൾ രലാദികൾ എന്നീവക അക്ഷരങ്ങളെ ഉച്ചരിക്കേണ്ടതിന്നു പല്ലുകളാലേ സാധിക്കു. വയസ്സന്മാൎക്കും തൊണ്ടന്മാൎക്കും മാത്രമല്ല ചിലപ്പോൾ പല്ലില്ലാത നടുപ്രായക്കാൎക്കും പലപ്പോഴും നേരാംവണ്ണം ഉച്ചരിപ്പാൻ കഴിവു വരായ്കയാൽ വിലാത്തിക്കാർ നാഗദന്തം[9] കൊണ്ടുണ്ടാക്കിയ പല്ലുകളെ കൊള്ളിച്ചു വരുന്നു.

---

2) Corona. 3) Radix. 4) മോണ, മൂണ, നൊണ്ണു. 5) Substantia ostea. 6) Enamel, substantia vitrea, കാചപദാൎത്ഥം. 7) The brightness of the teeth. 8) Caries. 9) Ivory.

3. മുഖത്തിൻെറ അഴകിന്നും പല്ലുകൾ വേണം. മുന്നാരത്തേ പല്ല ഉതിൎന്നാൽ വെറും നൊണ്ണുകൊണ്ടു അധരങ്ങൾക്കു ആധാരം പോരായ്കയാൽ അവ ഉള്ളിൽ വലിയുകയും അണ്ണിപ്പല്ലുകൾ കൊഴിഞ്ഞാൽ കവിൾ ഒട്ടിപ്പോകയും ചെയ്യും.

III. സകല അവയവങ്ങളേക്കാൾ പല്ലുകൾ മനുഷ്യന്നു അധികം വേദന വരുത്തുന്നു. മുളച്ചു വരാറാകുമ്പോൾ ശിശുക്കൾ പലപ്പോഴം അത്യന്തവേദനയും പനിയും അവ വന്നതിൻെറ ശേഷമോ പ്രായമുള്ളവരിൽ അനേകർ ഓരോ പീഡകളും സഹിക്കേണ്ടിവരുന്നു. ഇതു നിമിത്തം പല്ലുകളെ പതിവായി തേച്ചു വെടിപ്പാക്കുന്നതു അത്യാവശ്യം. കടുപ്പവും ചൂടും തണുപ്പും ഏറുന്ന വസ്തുക്കളെ കഴിക്കാതെ ഭക്ഷിച്ചു തീൎന്നയുടനെ വായി കവളി കൊപ്ലുക്കഴിഞ്ഞു പല്ലുകളെ വെടിപ്പാക്കുക ശീലിക്കേണം. പല്ലിടയിൽ തടഞ്ഞു ചൊരുകിക്കിടക്കുന്ന ഇറച്ചിയുടെ ശേഷിപ്പുകളും മററും അളിഞ്ഞുപോകകൊണ്ടു ഇറച്ചിതിന്നികളുടെ പല്ലുകൾക്കു മററവരുടേതിനേക്കാൾ വേഗം കേടുപററുന്നു. അപ്രകാരമുള്ള ദന്തങ്ങളിൽ അണുപോലെ ഏററവും ചെറിയ കൃമികൾ ഉളവായ ശേഷം കുത്തുന്നതും ചൂലുന്നതുമായ ഒരു വേദനയെ വരുത്തുന്നു. ഈ വക പല്ലുൾക്കു കൃമിദന്തം എന്നും പുഴുപ്പല്ലു എന്നും പേർ പറയുന്നു. എന്നാൽ മേൽപറഞ്ഞ സംഗതികൾ കൂടാതെ വല്ലാത്ത വായിനീർ (ലാല) ജീൎണ്ണകോശത്തിലേ ഓരോ രോഗങ്ങൾ ദുൎന്നടപ്പു എന്നിത്യാദികളാൽ കൃമിദന്തങ്ങൾ ഉണ്ടാകാറുണ്ടു. എങ്ങിനെ ആയാലും പല്ലുകളെ തേച്ചു വെടിപ്പാക്കുക നല്ലൂ. തുളഞ്ഞുപോയ പല്ലിൽ കാററു കടക്കായ്വാൻ നേരിയ ഒരു ശസ്ത്രം കൊണ്ടു കൃമിസ്ഥലത്തെ ചുറണ്ടി മോറി പൊന്നോ വെള്ളിയോ മററോ കൊണ്ടു നിറച്ചു വെക്കേണ്ടതു. പല്ലുവേദനക്കു ഞരമ്പുകടച്ചൽ ഹേതുവായാൽ അരി അപ്പം എന്നിവകൊണ്ടുണ്ടാക്കി ചൂടുള്ള പിഷ്ടകങ്ങളോ കടുകു പത്തിയോ അവീനോ വീഞ്ഞിൻ ദ്രാവകവും കപ്പൂരവും ചേൎത്തുള്ളോരു കൂട്ടോ എന്നിവയും മററും ശമനം വരുത്തും. ഈ വക ഔഷധങ്ങളെ കൊണ്ടു ആശ്വാസം കാണാത്ത കൃമിപ്പല്ലുകളെ പറിച്ചു കളയാവു.

പല്ലുകൾ ഒററപ്പല്ലുകളും ഇരട്ടപ്പല്ലുകളും എന്നീരണ്ട് വക ആകുന്നു.

ഒററപ്പല്ലുകളായ എട്ടു ഉമ്മരപ്പല്ലുകളും നാലു കുച്ചൻ (കൂമ്മൻ) പല്ലുകളും എന്നിവററിന്നു ഒരേ വേരുള്ളു.

ഇരട്ടപ്പല്ലുകളായ എട്ടു ചെറിയ അണപ്പല്ലുകൾക്കു (കുലപ്പല്ലുകൾ) രണ്ടും, പന്ത്രണ്ടു വലിയ അണപ്പല്ലുകൾക്കു മൂന്നും നാലും വീതം വേരുകളുണ്ടു.

ശിശുക്കൾക്കു എട്ടു ഉമ്മരപ്പല്ലുകളും നാലു കുച്ചൻ പല്ലുകളും എട്ടു ചെറു അണപ്പല്ലുകളും മാത്രമേ ഉള്ളു. അവ ഏഴു തുടങ്ങി പതിനാലാം വയസ്സിന്നകം കഴിഞ്ഞു പോകകൊണ്ടു അവററിന്നു ബാലദന്തങ്ങൾ എന്നു പേർ.[10] അതിന്നു പകരം പഴയ വേരിൽനിന്നു പുത്തൻ പല്ലുകൾ തെഴുത്തും അണ്ണിപ്പല്ലുകൾ മുളെച്ചും പരുവ പ്രായത്തിൽ തികഞ്ഞും നിരന്നും വരുന്നു. അന്നിളകിയ പല്ലുകളെ പൊരിക്കാഞ്ഞാൽ നല്ല പല്ലു വളരുന്നതിന്നു തടങ്ങലായി ഊനിന്നു പുറത്തു പല്ലുകൾ മുളെക്കയും എന്നിട്ടും വഴിയെ ബാലദന്തം കഴിഞ്ഞു പോകയും ചെയ്യും[11]. വാൎദ്ധക്യത്തിൽ ദന്താഗ്രങ്ങൾ തേഞ്ഞും തേഞ്ഞും ഇളകി ഉതിൎന്നും കൊഴിഞ്ഞും വീഴും.

II. 1. പല്ലുകളുടെ മുഖ്യമായ പ്രവൃത്തി ഭക്ഷണസാധനങ്ങളെ കടിച്ചു നുറുക്കി ചവെച്ചു അരക്കുക തന്നേ. അതിന്നായി കടുപ്പമുള്ള ചില മാംസപേശികൾ[12] സഹായിക്കുന്നു. അതിൽ (1) രണ്ടു മതിലെല്ലുകളുടെ പേശികളും, (2) താടിയെല്ലിൽ ഒട്ടിയ വലിയ ചിറകിന്നൊത്ത രണ്ടു പേശികളും മുഖ്യമുള്ളവ. താടിയെല്ലിലുള്ളവകൊണ്ടു എത്രയോ ഉറപ്പുള്ള തീൻപണ്ടങ്ങളെ പോലും ചവച്ചു ജീൎണ്ണകോശത്തിൽ ഉരുമായുന്നതു സാധിക്കുന്നു. (ആസ്സ്) തിരികല്ലിന്നൊത്ത മേൽകീഴ് പൽനിരകളുടെ ഇടയിൽ പെടുന്ന തീൻപണ്ടങ്ങളെ നുറുക്കി ചതെച്ചരെച്ചു അവ ആസ്സിൽനിന്നൊഴിയുമ്പോൾ നാവു ഉള്ളിൽനിന്നും ചിറിചുണ്ടുകൾ പുറത്തുനിന്നും അവററെ തിക്കി നീക്കി ഉമിനീരോടു (വാനീർ) ചേൎത്ത ശേഷം ഭക്ഷണനാളത്തൂടെ ജീൎണ്ണകോശത്തിലേക്കു ഇറങ്ങിത്താഴും.

കേരളോപകാരി വായനക്കാരിൽ പല്ലുനോവു സഹിക്കുന്നവർ മേൽപറഞ്ഞ പോക്കുവഴികളെ പരീക്ഷിച്ചാൽ കൊള്ളാം; എന്നാൽ പല്ലുവേദനോപദ്രവത്തെ തങ്ങളുടെ അയുഷ്കാലത്തിൽ കേവലം അറിയാതെ പോയാൽ ഏററനല്ലു[13].

E. Lbdfr.

10) Milk-teeth. പല്ലുകൾ കാണിക്കുന്ന ചിത്രത്തിൽ ഒന്നാം രണ്ടാം പല്ലുകൾ മുന്നാരത്തേ പല്ലുകളും മൂന്നാമത്തേതു ഒരു കുച്ചമ്പല്ലും നാലും അഞ്ചും ഉള്ളതു (ചെറു) അണപ്പല്ലുകളും ശേഷം അണ്ണിപ്പല്ലുകളും കാണിക്കുന്നു. 11) "ഊനിന്നു പുറത്തുള്ള പല്ലു" എന്നതു ഒരു വസ്തുവിൻെറ പ്രയോജനമില്ലായ്മയെ കാണിക്കുന്നു. ആ വക പല്ലുകൾ ക്രമ വിരോധമായി വളരുന്നതിന്നു വേറെ സംഗതികളും ഉണ്ടു. ക്രമം കെട്ട മുന്നാരത്തേ പല്ലുകൾക്കു മുടമ്പല്ലു എന്നു പേർ. 12) muscles. 13) ഉമ്മരപ്പല്ലുകൊണ്ടു മെല്ലവേ ചിരിക്കയും വെണ്മയിൽ അണക്കടപ്പല്ലു കൊണ്ടു മക്കയും ചെയ്യുക എന്നതു കപടമുള്ള സ്നേഹത്തെ കാണിക്കുന്നു എന്നും ഈച്ചെക്കു പുണ്ണു കാട്ടൊല്ലാ കട്ടിക്കു നൊണ്ണു കാട്ടൊല്ല എന്നതിനാൽ തന്നാലേ അന്യകുറവു കണ്ടു പരിഹസിക്കുന്നവൎക്കു പിന്തുണയാകേണ്ടാ എന്നും ആരാൻെറ പല്ലിനേക്കാൾ തൻെറ നൊണ്ണു നല്ലു എന്നതു അലംഭാവമുള്ളവൻ ആയാൽ കൊള്ളാം എന്നും വെറുതേ ആശിക്കേണ്ട എന്നും മററും ഉപദേശിച്ചു രുചികരമായ ഓരോ പഴഞ്ചൊല്ലുകൾ മലയാളികൾക്കുണ്ടല്ലോ.

A MEDITATION.

വേദധ്യാനം (൭).

അവൻ ഒരു ഇടയൻ എന്നപോലെ തന്റെ ആട്ടിൻ
കൂട്ടത്തെ മേയ്ക്കും—തന്റെ കൈകൊണ്ടു കുഞ്ഞാടുകളെ
ചേൎത്തു കൂട്ടി മാറിടത്തിൽ ചുമക്കും. യശ. ൪൦, ൧൧.
ഞാൻ തന്നേ നല്ല ഇടയനാകുന്നു. യോഹ. ൧൦, ൧൪.

മേല്പറഞ്ഞതു യേശു തന്നെക്കൊണ്ടു അരുളിച്ചെയ്ത വാക്കുകളാകുന്നു. അവന്റെ ആടുകൾ ലോകത്തിൽ എങ്ങും ചിതറി പാൎക്കുന്ന തന്റെ ഭക്തന്മാർ തന്നെ. അവരുടെ മേച്ചൽസ്ഥലമോ ദൈവവചനം എന്നു പറയുന്ന വേദപുസ്തകം അത്രേ. അതു അവരെ ഓരോ സമയത്തു ആശ്വസിപ്പിക്കയും പ്രബോധിപ്പിക്കയും ഉത്സാഹിപ്പിക്കയും സ്വൎഗ്ഗീയ വഴിയിൽ നടക്കുമാറാക്കയും ചെയ്യും. അവർ അറിഞ്ഞു വിശ്വസിക്കുന്ന ദൈവവചനം അവരെ കൎത്താവിൽ ഊക്കരാക്കി നന്മയുള്ളതിൽ ഉറപ്പിക്കയും ശുദ്ധപ്രവൃത്തികൾക്കായി ജാഗ്രതപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തു അവരുടെ ജീവൻ തന്നേ. അവൻ അവരുടെ ബുദ്ധിയിൽ തെളിവും അവരുടെ ഇഷ്ടത്തിൽ അനുസരണവും നടപ്പുപ്രവൃത്തികളിൽ നല്ല ക്രമവും വരുത്തി അവരെ ഭരിക്കകൊണ്ടു അവൎക്കു കുറവുണ്ടാകുന്നില്ല. ആടുകൾ മേച്ചൽസ്ഥലത്തു മേഞ്ഞും കുടിച്ചും കളിച്ചും കിടന്നു ആശ്വസിക്കുന്ന പ്രകാരം ഭക്തന്മാരും കൎത്താവിന്റെ മേച്ചൽസ്ഥലത്തിൽ ആത്മിക സൌഖ്യങ്ങൾ അനുഭവിക്കുന്നു. അവൎക്കു ഒരു സമയം കഷ്ടങ്ങളും ദാരിദ്ര്യവും വന്നാലും പിറുപിറുക്കയില്ല അന്ധാളിച്ചു പോകയുമില്ല. അവർ അലംഭാവികൾ ആകകൊണ്ടു സുഖദുഃഖങ്ങളിലും ചാവിലും അവൎക്കു ഇളക്കം വരാ. തങ്ങളുടെ ഇഷ്ടം കൎത്താവിൻ ഇഷ്ടത്തിന്നു കീഴടങ്ങുകകൊണ്ടു ആ ഇഷ്ടം തങ്ങളിൽ നടന്നു വരുന്നതിനാലേ അവർ സന്തോഷിക്കുന്നു. ഈ ഭാഗ്യസ്ഥിതി ലോകൎക്കു ഇല്ലാത്തതു തങ്ങളുടെ ഇഷ്ടം ദൈവേഷ്ടത്തിന്നു എതിർ നില്ക്കയാൽ അത്രേ.

L. M.

൧. ഹാ, യേശു എന്നിടയനേ!
നിൻ ആടു ഞാൻ നിൻ ശിഷ്യനേ;
ഉണ്ടായ ചാവും പാപവും
നീ തീൎത്തരുൾ അശേഷവും.

൨. എൻ ആശാ പൂൎത്തി നീയല്ലോ;
എന്നുള്ളിൽ വാഴുക പ്രഭോ—
നീ പാൎത്താൽ ദുഃഖം നാസ്തിയായി
എപ്പോഴും വാഴ്ത്തും എന്റെ വായി.—

൩. പിശാചിന്റെ പരീക്ഷകൾ
മനശ്ശരീരപീഡകൾ
മറ്റേറാക്കിലും വേണ്ടാ ഭയം—
എൻ യേശുവിന്നുണ്ടേ ജയം. (൧൮൭)

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

1. RELIGIOUS RECORD വൈദികവൎത്തമാനം.

ഹിസ്പാന്യ Spain.—ഹിസ്പാന്യ രാജ്യ നിയമപ്രകാരം രോമകത്തോലിക്ക മതം രാജ്യമതം ആയാലും അന്യമതങ്ങളെ ആ ശീമയിൽ എങ്ങും പൊറുത്തു കൊള്ളേണ്ടതു. ഇപ്പോഴോ ആ നിയമത്തെ പലവിധത്തിൽ വ്യാഖ്യാനിക്കാം എന്നും വ്യാഖ്യാനിക്കുമ്പോലേ മതസ്വാതന്ത്ര്യത്തെ ചുരുക്കിക്കളയാം എന്നും രോമകത്തോലിക്ക ഐക്യത്തെ രക്ഷിക്കേണം എന്നും ഉള്ള മനസ്സിനെ ആലോചനസഭക്കാരുടെ ഇടയിൽ കണ്ടു വരുന്നു.

അൽഗേൎയ്യ (ആൎജ്ജെസ്ക്ക്)യിൽ 70-80,000 ഹിസ്പാന്യർ കുടി ഏറി പാൎക്കുന്നു. അവൎക്കു വേദപുസ്തകത്തിലേ ദൈവവചനം കേൾക്കേണ്ടതിന്നു വളരെ താല്പൎയ്യമുണ്ടു.
N. Ev. K. Z. 1878. No. 51.

ക്രിസ്ത്യാനവിശ്വാസസംബന്ധം Alliance.—നീ ഇനിക്കു തന്നിട്ടുള്ള തേജസ്സിനെ അവൎക്കു കൊടുത്തിരിക്കുന്നതു നാം ഒന്നായി ഇരിക്കുന്നപ്രകാരം അവരും ഒന്നാവാൻ തന്നേ എന്നു യോഹന്നാൻ ൧൭, ൨൨ൽ നമ്മുടെ തേജസ്സാന്ന കൎത്താവു പൌരോഹിത്യ പ്രാൎത്ഥനയിൽ സ്വൎഗ്ഗസ്ഥ പിതാവോടു അപേക്ഷ കഴിച്ചിരിക്കുന്നു. ഈ ഒരുമ ജഡികമായ കവാത്തുകൊണ്ടു അല്ല ആത്മാവിലേ ഒരുമയാൽ അത്രേ ഉണ്ടാകേണ്ടതു. രോമ ക്രിസ്ത്യാനൎക്കു പുറമേ ഒരുമ ഉണ്ടായാലും ആത്മിക ഐക്യം കൊണ്ടു ഏറ വിചാരമില്ല. സുവിശേഷക്രിസ്ത്യാനരെ പുറമേ ഓരോ ഭേദങ്ങളാൽ വേൎപ്പെട്ടു കണ്ടാലും അവരിലുള്ള സത്യവിശ്വാസികൾ ആത്മാവിലേ ഒരുമയെ അന്വേഷിച്ചു വരുന്നു. എല്ലാ സദ്വിശ്വാസികളായ സുവിശേഷക്രിസ്ത്യാനരെ ഒന്നായി ചേൎക്കുന്ന ഒരു യോഗം മുമ്പേ ലണ്ടനിൽ ഉണ്ടു. ഇയ്യിടേ ഗൎമ്മാന നാടുകളിലേ പല സുവിശേഷ സഭകളിലേ ക്രിസ്തുപ്രിയർ ജൂൻ ൧൨, ൧൩-൧൪ സീഗൻ എന്ന സ്ഥലത്തിൽ ആയിരത്തിൽ പരം ആൾ തമ്മിലുള്ള വിശ്വാസവൎദ്ധനെക്കായും സ്നേഹത്തിന്നായും പ്രാൎത്ഥനായോഗങ്ങളിലും വേദവ്യാഖ്യാനങ്ങളിലും കൂടിയതൊഴികെ വിശേഷിച്ചു ൩ ന്യായങ്ങളെ കൊണ്ടു തമ്മിൽ തമ്മിൽ ആത്മിക ചൂടും വേവും പിടിപ്പിപ്പാൻ നോക്കി. ആവയാവിതു: പെന്തെകൊസ്തുനാളിലേ ആത്മസ്നാനം, വിശ്വാസികൾക്കു ധൎമ്മത്തിൽനിന്നുള്ള സത്യസ്വാതന്ത്ര്യം, വിശ്വാസികളിൽ പുതുജീവന്റെ വൎദ്ധനെക്കു ചെയ്യേണ്ടതെന്തു എന്നിവ തന്നെ.

അതുപോലേ ഹിസ്പാന്യയിലേ മദ്രിദിൽ ൩൦ ഹിസ്പാന്യയിലും ൩ പൊൎത്തുഗാലിലും ഉള്ള സുവിശേഷസഭകൾ തെരിഞ്ഞെടുത്തയച്ച പുരുഷന്മാർ യോഗം കൂടി ഹിസ്പാന്യ പൊൎത്തുഗീസ സുവിശേഷയോഗം എന്ന പേരുള്ളൊരു യോഗത്തെ സ്ഥാപിച്ചു (ഏപ്രിൽ ൧൨൯൨). Chr. Vol. 1878. No. 29.

ഇതാല്യ രാജ്യത്തിലേ മുഖ്യ സുവിശേഷസഭാപാലകന്മാർ മേയി ൨ൻൽ ഐക്യയോഗ്യമായി കൂടി തമ്മിലുള്ള സ്നേഹവ്യാപാരവും സുവിശേഷ വേലയും ചൊല്ലി കൂട്ടാലോചന കഴിച്ചിരിക്കുന്നു. N. Ev. K. 1878. No. 27.

വേദസംഘക്കാർ. പ്രുസ്സ്യ പ്രധാന വേദസംഘം 1877ഇൽ 108957 വേദപുസ്തകങ്ങളും പുതു നിയമങ്ങളും വിററിരിക്കുന്നു (൬൩ വൎഷങ്ങൾക്കുള്ളിൽ 45,49,592). ബവാൎയ്യയിലേ വേദസംഘം 7098ഉം ബേൎഗ്ഗിലേതു 18,300ഉം വീൎത്തബെൎഗ്ഗിലേ വേദസംഘം 31,633ഉം വേദപുസ്തകങ്ങളെ ചെലവു ചെയ്തിരിക്കുന്നു.

1804 ആമതിൽ സ്ഥാപിതമായ ബ്രിതന്യപരദേശവേദസംഘത്തിന്റെ വേലയോ മേൽ പറഞ്ഞവററെ വിചാരിച്ചാൽ അത്യത്ഭുതം. ആയതു 1877-1878വരെ 29,43,597ഉം സ്ഥാപനദിവസം മുതല്ക്കു 8,20,47,062 വേദപുസ്തകപ്രതികളും പരത്തിയിരിക്കുന്നു. ഇവ 302 ഭാഷകളിലും ഉപഭാഷകളിലും അത്രേ. അതിൽ 163 ഭാഷോപഭാഷകളിൽ സംഘക്കാരുടെ അദ്ധ്വാനച്ചെലവിനാലും 53ഇൽ ഏതാനും സഹായത്താലും ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു.

അംഗ്ലസഭാമിശ്ശൻ കാനേഷുമാരിലേ ഇടങ്ങളുടെ പേരുകൾ ആവിതു:

1. കോട്ടയം. 2. ഒളശ. 3. കൊച്ചി. 4. ആല്പ്പുഴ. 5. പള്ളം. 6. എറിക്കാടു. 7. ചങ്ങനാശ്ശേരി. 8. മല്ലപ്പള്ളി. 9. മുണ്ടക്കയം. 10. മേൽക്കാവു. 11. മുട്ടചിറ. 12. മാവേലിക്കര. 13. കോട്ടവളഞ്ഞി. 14. എലന്തൂർ. 15. തലവടി. 16. കറാനം. 17. പുതുപ്പള്ളി. 18. കന്നേററി. 19. മിശ്ശൻ. 20. തിരുവെല്ലാ.

൧൮൭൭ സെപ്തമ്പ്ര ൩൦ നു തിരുവിതാംകോട്ട കൊച്ചി എന്നീ രാജ്യങ്ങളിലുള്ള അംഗ്ലസഭാമിശ്ശൻ സഭകളുടെ കാനേഷുമാരി.

മിശ്ശൻ ക്രുപ്പാടുകൾ	ബോധക മിശ്ശൻ പാർത്ത്യങ്ങൾ	ക്രിസ്ത്യാനരുള്ള ഉപദേശകർ	യുരോപ്പ്യ ബോധകന്മാർ	നാട്ടുബോധകന്മാർ	ഉപദേശിമാരും മറ്റും	സഭ. തിരുവത്താഴക്കാർ	സഭ. തിരുസ്നാനം ഏറ്റവർ	സഭ. സ്നാനാപേക്ഷക്കാർ	സഭ. ആകെ സഭക്കാർ	സഭ. വായന ശീലമുള്ളവർ	സഭ. സഭാവാസത്തിന്നുള്ള ഭേദങ്ങൾ			എഴുത്തുപള്ളികൾ. എഴുത്തുപള്ളികൾ	എഴുത്തുപള്ളികൾ. ക്രി. ആശാന്മാർ	എഴുത്തുപള്ളികൾ. ക്രി. വാദ്ധ്യാത്തിമാർ	കുട്ടികൾ. ആൺ. ആകെ	കുട്ടികൾ. ആൺ. ക്രിസ്ത്യാനർ	കുട്ടികൾ. പെൺ. ആകെ	കുട്ടികൾ. പെൺ. ക്രിസ്ത്യാനർ	ആകെ കുട്ടി	ആരാധന സ്ഥലങ്ങൾ
കോട്ടയം	Cottayam	3	5	1	1	324	997	28	1025	492	105	0	0	9	11	2	244	52	242	141	486	3
	Olesha	7	0	1	2	176	1124	104	1228	201	150	0	0	5	5	0	160	45	35	20	195	5
	Cochin	3	0	1	1	125	474	7	481	197	122	14	10	1	1	0	29	11	16	16	45	0
	Arpukara	7	0	0	4	97	596	119	715	76	52	0	0	2	2	0	32	20	7	4	39	4
	Pallam	12	0	1	4	103	1079	289	1368	231	119	4	9	6	5	3	175	24	59	13	234	5
	Erikādu	31	0	1	3	313	1169	202	1371	196	119	11	0	10	9	2	282	63	62	27	344	7
	Changanasheri	16	0	1	3	113	683	167	850	94	89	4	2	4	4	0	61	41	18	11	79	5
	Mallapalli	13	0	1	2	288	1595	179	1774	298	178	10	6	7	7	0	139	69	29	20	168	4
	Mundakayam	10	0	1	5	480	1260	129	1389	144	96	4	0	4	4	0	55	52	10	7	65	9
	Melkāvu	8	0	0	3	183	653	39	692	71	99	2	0	2	2	0	44	42	13	9	57	5
	Muttuchira	4	0	0	1	55	290	90	380	14	25	0	0	1	1	0	10	10	4	4	14	1
	Total.	114	5	8	29	2257	9920	1353	11273	2014	1157	3	3	51	51	7	1231	429	495	272	1726	48
മാവേലിക്കരയും തിരുവെല്ലായും	Mavelikara	7	0	1	2	206	562	0	562	220	136	0	0									2
	Koduvalanyi	4	0	1	2	272	622	0	622	245	193	13	4									2
	Elantur	7	0	1	2	134	330	0	330	129	87	6	8									2
	Talavadi	7	0	1	5	323	1001	126	1127	249	317	11	3									7
	Kattānam	3	0	1	2	97	302	1	303	106	97	4	10									3
	Putupalli	3	0	1	2	107	344	23	367	106	251	12	7									2
	Kannit	8	0	1	3	97	398	2	400	87	143	4	9									3
	Mission District	19	0	0	7	112	383	249	632	56	55	15	3	35	27	0	972	271	195	116	1167	8
	Tiruvella	42	1	0	16	555	1767	363	2130	389	300	0	0	21	10	0	408	144	170	73	578	17
	Total.	100	1	7	41	1903	5709	764	6473	1587	1583	4	8	56	37	0	1380	415	365	189	1745	46

രുസ്സർ തുൎക്കരോടു പടവെട്ടുന്ന കാലം എല്ലാം അംഗ്ലവേദപുസ്തകവ്യാപാരികൾ രുസ്സ സൈന്യത്തിൽ ഏറിയ വേദപുസ്തകങ്ങളെ വില്ക്കേണ്ടതിന്നു വിശേഷിച്ചു രുസ്സ മേധാവികളുടെ അനുകൂലത്താൽ സാധിച്ചതു. യുദ്ധം തീരുന്നതിന്നിടക്കു തുൎക്കപ്രദേശത്തിൽ 200,000 ഉം തെക്കേരുസ്സ്യ കൌകാസ്യ അൎമ്മിന്യകളിൽ 165,000 ഉം വേദപുസ്തകങ്ങളെ പരത്തിയതു. ഇവറ്റെ വാങ്ങേണ്ടതിന്ന് രുസ്സപടയാളികൾ പലപ്പോഴും ദൂരത്തുനിന്നു വന്നതല്ലാതെ വീട്ടിലുള്ളവൎക്കു കൊടുത്തയക്കേണ്ടതിന്നു പലർ ചില പ്രതികളെയും ഒരുമിച്ചു മേടിച്ചിരുന്നു.

N. Ev. K. Z. 1878. No. 51.

ഭാരതത്തിലേ മദ്യവൎജ്ജനയോഗം. — ഗ്രെസ്സൻ ഉപദേഷ്ടാവു ഈ യോഗത്തെ അഞ്ചു വൎഷം മുമ്പേ ആരംഭിച്ചു. 1873 മേയിൽ 1015 പേരും 77-78 ആമതിൽ 10,338 യുരോപ്യപടയാളികളും 558 തീവണ്ടി ഉദ്യോഗസ്ഥന്മാരും മദ്യവൎജ്ജനെക്കായി ഒപ്പിട്ടു. കുടിയോടു പലവിധദോഷങ്ങൾ ചേരുന്നു എന്നു വിചാരിച്ചാൽ സന്തോഷിപ്പാനേ സംഗതിയുള്ളു.

M. M. 1878. No. 215.

ഔസ്ത്രാല്യ. — വടക്കേ അമേരിക്കയിലുള്ള ബുദ്ധിമുട്ടിൽനിന്നു തെറ്റേണ്ടതിന്നു വിശേഷിച്ചു വടഅമേരിക്കാനർ നവദക്ഷിണവേത്സിലേക്കും അനേകചീനക്കാർ കuീൻസ്ലന്തിലേക്കും കുടിയേറുവാൻ ചെല്ലുന്നു. ആ മഹാദ്വീപിലേ ജാതികളായവരോടു സുവിശേഷം അറിയിക്കേണ്ടതിന്നു ഓരോ ഔസ്ത്രാല്യ സഭകൾ അദ്ധ്വാനിച്ചു വരുന്നു.

N. Ev. K. Z. 1878. No. 17.

2. MISCELLANEOUS NEWS പലവകവൎത്തമാനം.

പരന്ത്രീസ്സ രാജ്യം. — സത്യദൈവാശ്രയം കുറയുമളവിൽ മനുഷ്യൻ അഴിനില പൂണ്ടു ആത്മഹത്യ ചെയ്യാറുണ്ടു. പരന്ത്രീസ്സ് രാജ്യത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെ തുക പെരുകി കൊണ്ടിരിക്കുന്നു. എങ്ങനെയെന്നാൽ 1836 — 1845: 2762 ഉം 1846 — 1855: 3543 ഉം 1856 — 1865: 4331 ഉം 1866 — 1875: 5133 ഉം പേർ ജീവനുള്ള ദൈവം അവരെ കണക്കിന്നായി വിളിക്കുന്നതിന്നു മുമ്പേ തങ്ങൾക്കു ജീവനെക്കൊണ്ടു ഭാരം എന്നു തോന്നീട്ടു തങ്ങളുടെ പ്രാണനെ കളഞ്ഞിരിക്കുന്നു.

N. E. Kirch. Z. No. 3.

അപൂൎവ്വമായ ജനനം. — പരീസി (പെരിസ്) എന്നീ വലിയ പരന്ത്രീസ്സ മൂലനഗരത്തിൽ മനുഷ്യരെ വിനോദിപ്പിപ്പാനും വായുസഞ്ചാരത്തിൽ മനസ്സുള്ളവരുടെ ആശെക്കു തൃപ്തി വരുത്തുവാനും നാൾ തോറും ഓരാകാശപ്പന്തിനെ പറപ്പിക്കുന്നു. വേണ്ടുന്ന വാഷ്പം കൊണ്ടു നിറച്ച ആ പന്തിന്റെ തൊട്ടിയിൽ യാത്രക്കാർ ഇരുന്ന ശേഷം ഒരു കപ്പിയെ തിരിപ്പിച്ചു അതിന്മേൽ ചുററിയ കയർ അയഞ്ഞു വരും അളവിൽ ആകാശപ്പന്തേറി ചില ആയിരം അടിയോളം നേരെ പൊങ്ങി കയറും. ആയതു താഴേണം എന്നു തൊട്ടിലേ നായകന്നു തോന്നിയാൽ അവൻ ഓരടയാളം കൊണ്ടു തന്റെ അഭീഷ്ടത്തെ അറിയിച്ചിട്ടു കപ്പിയെ മറെച്ചു തിരിപ്പിച്ചു കയറു അതിന്മേൽ ചുറെക്കുന്തോറും പന്തു വീണ്ടും നിലത്തോളം താഴും. തന്നാലേ പറക്കാതെ കയറു കെട്ടി പാറുന്നതു കൊണ്ടു ഈ പന്തിന്നു (Ballon Captif) ബദ്ധവായു പന്തു എന്നൊരു പേർ വീണിരിക്കുന്നു.

൧൮൭൮ ഒക്തോബ്ര ൨൩ാം മഞ്ചെസ്തരിൽ പാൎത്തു ധനവാനായൊരു യന്ത്രകൎമ്മശാലപാലന്റെ (Manufacturer) മതാമ്മ ഓരോ പുള്ളിക്കാരോടു കൂടി കയറി ഉച്ചതിരിഞ്ഞു ൩ മണിക്കു ചില ആയിരം കാലടി ഭൂമിയിൽനിന്നു വായുവിൽ തങ്ങുമ്പോൾ ആ മതാമ്മ ഒന്നാൎത്തു മോഹിച്ചു വീണു. ഇതു അപസ്മാരമോ ഗ്രന്മന്റെ ഉപദ്രവമോ എന്നെല്ലാവരും വിചാരിച്ചു എങ്കിലും ദൈവഗത്യാ കൂട കയറി പോന്ന ഒരു വൈദ്യൻ അതല്ല പേറടുത്തു എന്നു കണ്ടു ഉടനെ ആകാശപ്പന്തു നായകൻ പന്തു താഴ്ത്തുവാൻ കുറി കൊടുത്താറെ പന്തു താഴുവാൻ തുടങ്ങി. ഏകദേശം ൧൦൦൦ കാലടി താണപ്പോൾ നല്ലൊരു ആണ്പൈതൽ ജനിച്ചു വന്നു. നിലത്തെത്തിയ ശേഷം നാലു പുരുഷന്മാർ മതാമ്മയെ ഒരു വണ്ടിയിൽ ആക്കി മറെറാരു മതാമ്മ പച്ച പൈതലെ ഒരു ശാലുയിൽ ചുരുട്ടി കൂടപ്പോയി. അമ്മെക്കും കുട്ടിക്കും യാതൊരു കേടുതട്ടാതെ നല്ല സൌഖ്യം ഉണ്ടു. ആകാശപ്പന്തിൽ കയറേണ്ടതിന്നു എട്ടുറുപ്പിക കൊടുത്ത വൈദ്യന്നു ൨൫൦ രൂപിക പേററു കൂലി സമ്പാദ്യമായി വരികയും ചെയ്തു. Cöln. Zeitg. 1878. No. 42.

മൂപ്പു. — ഗൎമ്മാനസാമ്രാജ്യത്തിലേ ഹെസ്സ്യനാട്ടിൽ ഒരു കൃഷിക്കാരൻ ൧൨൮ാം വയസ്സിൽ മരിച്ചു. നല്ല കഴിച്ചൽ ഇല്ലാതെ പാടും പട്ടിണിയും ഇട്ടു പലപടയും വെട്ടിയിരുന്നു. അവന്റെ സന്തതി രണ്ടു തൊണ്ടന്മാരായ മക്കളും ൧൩ പേരമക്കളും പരുവം തികഞ്ഞ ൨൩ പെരിംപേരമക്കളും (great grand-children) തന്നെ. Cöln. Z. No. 31. 1878.

സന്തതിവൎദ്ധന. — വടക്കേ അമേരിക്കയിലേ മേരിലെന്തു എന്ന കുറുപാട്ടിലുള്ള ബ്ല്യാദന്സ്ബുൎഗ്ഗിൽ ഒരു തീവണ്ടിപ്പാത കാൎയ്യസ്ഥന്റെ മതാമ്മ ഒരു പേറിൽ മൂന്നു പെങ്കുട്ടികളെയും രണ്ടാങ്കുട്ടികളെയും സെപ്തമ്പ്ര ൯ ൹ പ്രസവിച്ചിരിക്കുന്നു. പിന്നെ ഗൎമ്മാന്യനാടായ ഹൊൽസ്തൈനിലേ ഇത്സെഹോവിന്നു ടുക്കേ സാധുവായ ഒരു ചെരുപ്പുകുത്തിയുടെ ഭാൎയ്യ സെപ്തമ്പ്ര ൨൨ ൹ മൂന്നാണ്ണെത്തങ്ങളെയും രണ്ടു പെണ്ണെത്തങ്ങളെയും ഒന്നിച്ചു പെററിരിക്കുന്നു. ആ ദരിദ്രൻ ഗൎമ്മാന ചക്രവൎത്തിനിയോടു കുട്ടികളുടെ പേർ കല്പിപ്പാനും വല്ല സഹായം ചെയ്വാനും അപേക്ഷിച്ചിരിക്കുന്നു.

Cöln. Z. No. 40. 1878.

3. POLITICAL NEWS ലൌകികവൎത്തമാനം.

യുദ്ധച്ചെലവു.

കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങളിൽ നടന്ന യുദ്ധങ്ങളുടെ ആൾചെലവു ആവിതു:

1854	ആമതിൽ ക്രിമിലേ യുദ്ധം .	7,50,000
1859	ടി ഇതാല്യയിലേ യുദ്ധം . .	45,000
	ശ്ലെസ്വിഗ് ഹൊൽസ്തൈനിലേ യുദ്ധം . . .	3,000
1866	ടി പ്രുസ്സർ, ഔസ്ത്രിയർ, ഇതലർ എന്നിവരുടെ യുദ്ധം.	45,000
	പരന്ത്രീസ്സുകാരും മെക്ഷിക്കാനരും തമ്മിൽ വെട്ടിയ പടകൾ	65,000
1870	ടി പരന്ത്രീസ്സുകാരും 155,000 ഗൎമ്മാനരും (60,000) തമ്മിൽ കഴിച്ച അടലിൽ	215,000
	തുൎക്കരും സെൎവ്വിയരും തമ്മിൽ കറെച്ച യുദ്ധം .	25,900
1878	ടി രുസ്സരും തുൎക്കരും തമ്മിൽ നടത്തിയ യുദ്ധം .	6,00,000
	വടക്കുതെക്കു അമേരിക്കരുടെ അന്തൎയ്യുദ്ധം .	8,00,000
	ആകേ പുരുഷന്മാർ .	23,48,000

അതിൽ മുറി, വെടി, ദീനം മുതലായതിനാൽ മരിച്ചവർ കൂടീട്ടില്ല താനും.

പിന്നേ ആയുദ്ധങ്ങളുടെ ചെലവു എങ്ങനെ എന്നാൽ:

ക്രിമിലേ യുദ്ധം	ഫ്രാങ്കു	8,500,000,000
ഇതാല്യ (1859) യുദ്ധം	ടി	1,500,000,000
അമേരിക്കായുദ്ധം	ടി	37,000,000,000
ശ്ലെസ്വിഗ് ഹൊൽസ്തൈനിലേ യുദ്ധം	ടി	175,000,000
പ്രുസ്സഔസ്ത്രിയ യുദ്ധം	ടി	1,650,000,000
മെക്ഷിക്കോ യുദ്ധം	ടി	1,000,000,000
പരന്ത്രീസ്സ് ഗൎമ്മാന യുദ്ധം	ടി	12,500,000,000
തുൎക്കരുസ്സ യുദ്ധം	ടി	6,250.000,000
ആകേ	ഫ്രാങ്കു	68,575,000,000
	ഉറുപ്പിക	2,749,000,000

അതാതരാജ്യത്തിലേ കുടിയാന്മാൎക്കു നേരിട്ട പലതര നഷ്ടങ്ങൾ ആർ ശരിയായിട്ടു പറയും? മേൽപറഞ്ഞ ആൾ പണനഷ്ടം മനോരാജ്യം അല്ല ചില്ലറവിട്ട സൂക്ഷ്മക്കണക്കു ആകകൊണ്ടു യുദ്ധങ്ങളാൽ ഉള്ള അനൎത്ഥവും പരാധീനവും മററും ആലോചിച്ചുകൊള്ളുന്നവൎക്കു നന്നായി വിളങ്ങും. (Cöl. Z. 1879. No. 3.)

ഭൂലോകത്തിലേ പോൎക്കപ്പൽ സൈന്യം.

	പോൎക്കപ്പൽ—	അതിൽനിന്നു ഇരിമ്പുചുറക്കപ്പൽ
ഇംഗ്ലന്തു	353	47
പരന്ത്രീസ്സ് രാജ്യം	202	42
ഗൎമ്മാന്യ	88	16
രുസ്സ്യ	260	29
ഔസ്ത്ര്യ	61	13
ഇതാല്യ	66	15
രൂമിസ്ഥാനം	103	22
ഹിസ്പാന്യ	137	8
യവനരാജ്യം (ഗ്രീസ്സ്)	15	2
ദെന്മാൎക്കു	33	6
ഹൊല്ലന്തു	102	19
പൊൎത്തുഗാൽ	30	1
സ്വേദനും നോൎവ്വെയും	69	18
ഐകമത്യസംസ്ഥാനം	143	21
ബ്രസില്യ	65	19
പെരു	18	6
ചിലി	13	2
അൎഗ്ഗെന്തീനജനക്കോയ്മ	21	2

(M. M. 1879. No. 36.)

തെൻ അമേരിക്കാ N. America.

പെരു ബൊലിവ്യ എന്നീ ജന്മക്കോയ്മകൾ ചിലി എന്ന ജനക്കോയ്മയോടു യുദ്ധം നടത്തേണ്ടതിന്നു തമ്മിൽ ഒരുടമ്പടിയെ ഉണ്ടാക്കിയിരിക്കുന്നു. തെക്കേ അമേരിക്കാവിൽ ലോഹാദികളിൽ ധനമേറിയ പെരുവിന്നു 2700,000 ഉം നാഗരീകാദികളിൽ മുമ്പുള്ള ചീലിയിന്നു 2,47,000 ഉം അടിമതനത്തിന്റെ ഉപദ്രവേ

ത്താൽ ഔരങ്ങന്ന ബൊലിവ്യെക്കു 23,35,000 ഉം നിവാസികൾ ഉണ്ടു. ആ യുദ്ധത്തിന്റെ സംഗതിയോ ഇന്തുപ്പും വെള്ളിയും വിളഞ്ഞു വിലയേറുന്ന ചില സുരംഗങ്ങൾ കൈക്കലാക്കുക തന്നേ. Cöln. Z. No. 15. 1879.

യുരോപ്പ Europe.

രുസ്സ്യ. — ആ വലിയ സാമ്രാജ്യത്തിലേ നാസ്തികതനക്കാർ അവിടവിടേ ഓരോ ക്രൂരതകളും അരുകുലകളും നടത്തിവരുന്നു. ആ കൂട്ടരോടു ചേരുവാൻ മനസ്സില്ലാത ഒരു ബാല്യക്കാരനെ ആരോ കട്ടമ്പകലത്തു തെരുവീഥിയിൽ വെടിവെക്കയും ൧൯ വയസ്സുള്ള ബാല്യക്കാരത്തി ഓരോ പുള്ളിക്കാർ കൂടുന്ന സ്ഥലത്തു ഏതാണ്ടൊരു സംഗതിയാൽ ഒരു യുവാവിനെ മററവർ കാണ്കെ സ്വസ്ഥമായി ഇരുന്ന മുറിയിൽ വെടിവെച്ചു കൊല്ലുകയും ആ കൂട്ടുകെട്ടുകാർ ഓരോ ശ്രേഷ്ഠന്മാൎക്കു വാറോല അയക്കുകയും ചെയ്യുതു — ചക്രവൎത്തിയെ ചതികല ചെയ്യേണ്ടതിന്നു ഒരു പിച്ചൻ തുനിഞ്ഞു എന്നു മുമ്പേ പറഞ്ഞുവല്ലോ ആ ഹേതുവാൽ സന്ത് പേതൎസ്സ് ബുൎഗ്ഗിന്നും മുഖ്യ കുരുപാട്ടകൾക്കും ഉള്ള വാഴികൾക്കെല്ലാം ചക്രവൎത്തി നാസ്തികതനക്കാരെ ശിക്ഷിക്കേണ്ടതിന്നു പൂൎണ്ണാധികാരം സമ്മാനിച്ചിരിക്കുന്നു.

ബുൽഗാൎയ്യ. — ബുൽഗാരരുടെ ആലോചനായോഗക്കാർ ഏപ്രിൽ ൨൯-യിൽ ബത്തൻബെൎഗ്ഗിലേ ലൂവി എന്ന പ്രഭുവെ തങ്ങളുടെ രാജാവായി തെരിഞ്ഞെടുത്തിരിക്കുന്നു.

ആസ്യ Asia.

അഫ്ഘാനസ്ഥാനം. — ൧. ഖൈബർ കണ്ടിവാതിൽ ഏപ്രിൽ ൨൧-നു ബ്രൌൻ രോബൎത്സ് എന്നീ രണ്ടു സേനാപതികളുടെ പടകൾ മുഖിഖയിൽ പുഴെക്കും ഗണ്ഡമൿ മൈതാനത്തിന്നും നടുവെ പാളയം ഇറങ്ങിയിരുന്നു. നിവാസികൾ മമത കാണിച്ചു വരുന്നു. മേയി ൧-നു ചില ഘനശാലികളായ ഷിൽജേ ഗോത്രത്തലവന്മാർ ഗണ്ഡമക്കിൽ എത്തി മേജർ കവഞ്ഞാരി എന്നവരോടു തങ്ങളുടെ വിധേതയെ ബോധിപ്പിച്ചിരിക്കുന്നു. മേയി ൮-നു യാക്കൂബ് ഖാൻ അംഗ്ലക്കോയ്മയോടു വഴിപ്പെടുവാൻ കാബൂലേ വിട്ടു അംഗ്ലപാളയത്തിലേക്കു പുറപ്പെട്ടു — ഇംഗ്ലിഷ്ക്കാർ കൈക്കലാക്കിയ പ്രദേശത്തിന്റെ അതിരോളം മേജർ കവഞ്ഞാരി കുതിരപ്പടകളുമായി അവരെ എതിരേററു ചേന്നു നിരത്തിന്റെ ഇരുവിളുമ്പിൽ ൨½ നാഴിക നീളത്തിൽ നില്ക്കുന്ന ഭടന്മാരുടെ അണികളിൽ കൂടി അവൎക്കു വേണ്ടി അടിച്ച കൂടാരത്തിൽ എത്തിച്ചു ൨൧ നിയമ വെടി കഴിപ്പിച്ചു കൊടുത്തതിനാൽ യാക്കൂബ് ഖാന്നു വളരെ ആനന്ദം ജനിച്ചു. അവിടെനിന്നു ലഹോരോളം എഴുന്നെള്ളി—മെയി ൧൦-യിൽ ഉപരാജാവുമായി ഉണ്ടായ കൂടിക്കാഴ്ചയിൽ ഇംഗ്ലിഷ് കോയ്മക്കു കുറുംതൊട്ടു ശതർഗത്തൻ കണ്ടിവാതിലോളമുള്ള നാട്ടും ഖൈബർ, ലോവഗ്ഗി, കന്ദഹാർ, പിഷിൻ എന്നീ സ്ഥലങ്ങളും ഏല്പിച്ചു കൊടുപ്പാനും തന്റെ മൂലനഗരത്തിൽ സദാകാലം ഓർ അംഗ്ലകാൎയ്യസ്ഥനെ കൈക്കൊൾവാനും സന്ധിച്ചിരിക്കുന്നു.

൨. മേയി ൩൩-നു രോബൎത്സ് സേനാപതി തനിക്കു കീഴ്പെട്ട വിവിധ പടയാളികൾക്കു അണിപ്പകപ്പു നോട്ടം (review) കഴിച്ചു. കുറുംതാഴ്വരയിൽ 5000 കാലാളരും 18 പീരങ്കിത്തോക്കുകളും വേണ്ടുന്ന കുതിരപ്പടകളുമുണ്ടു. പടത്തലവനായ രോബൎത്സ് പിന്നീടു ഒരു വലിയ ദൎബ്ബാരിനെ ചേൎത്തു അതിൽ കൂടി വന്ന പ്രധാനികളോടു അകത്തു കത്തിയും പുറത്തു പത്തിയും എന്ന ഭാവം കാണിക്കാതെയും മുല്ലമാരുടെ ദുരുപദേശങ്ങൾക്കു ചെവി കൊടുക്കാതെയും ഇരുന്നാൽ ജീവധനമതവിശേഷമായി സൌഖ്യമനുഭവിക്കും എന്നു അറിയിച്ചിരിക്കുന്നു.

൩. ഏപ്രിൽ ൨൧-നു ക്രീഘ് (Capt. Creagh) നായകൻ മാൎവ്വാട പട്ടാളത്തിന്റെ ഒരു പങ്കു കംദക്കയിലേക്കു നടത്തുമ്പോൾ 1200 മമ്മന്ദ് ഗോത്രക്കാർ അവരെ വളെച്ചു സംഹരിപ്പാൻ നോക്കിയതു സാധിക്കാതെ ലണ്ടികോതലിൽനിന്നു വന്ന തുണപ്പടയാൽ ആയവർ തോററു മണ്ടിക്കളഞ്ഞു. ഏപ്രിൽ ൨൮-നു ഒരു വലിയ കൂട്ടം മമ്മന്ദ് ഗോത്രക്കാർ ദക്കയെ പിടിപ്പാൻ ചെല്ലുകയിൽ മാൎവ്വാടപട്ടാളം അവരോടെതിൎത്തു ഇരുപക്ഷക്കാർ വല്ലാതെ പട വെട്ടിയിരുന്നു. മേയി ൧൧-നു ലണ്ടികോതലിൽനിന്നു ദക്കാവിലേക്കു പോകുന്ന യുദ്ധവാഹനക്കാരെ (convoy) 300 കൊള്ളക്കാർ (marauders) ആക്രമിച്ചു ചില വണ്ടിക്കാൎക്കു മരിക്കത്തക്ക മുറിവുകളെ ഏല്പിച്ചു എങ്കിലും കാവൽപ്പടയും (escort) ഹഫ്ത് ചാരിൽനിന്നു പാഞ്ഞു വന്ന മൺപണിക്കാരും (sappers) അവരുടെ തുണപ്പടയും അവരെ ഓടിച്ചുകളഞ്ഞു. ആ മൺപണിക്കാർ തൊൎഖാൻ എന്ന കണ്ടിവാതിലിൽ ഒരു കോട്ടയെ പണിയിച്ചു വരുന്നു.

ബൊംബായി. — ബൊംബായി തുറമുഖവകക്കുള്ള പൊൎഹസ്സു എന്ന ഊരിൽ മേയി ൧൧-നു കട്ടംപകലത്തു ൨൦൦ കവൎച്ചക്കാർ മുമ്പേത്ത ബരോഡയിലേ രാജാവായ ഖണ്ഡരാ

യോവിൻെറ ദിവാജ്ഞിയായിരുന്ന ഗണേശബന്തു എന്ന ധനവാൻെറ ഭവനത്തിൽ ഏറി തനിക്കുള്ള 10-12 കാവല്ക്കാരിൽ ചിലരെ കൊന്നു ഭവനക്കാരിൽ ഓരോരുത്തരെ മുറിപ്പെടുത്തതിൻെറ ശേഷം 75,000 രുപ്പികയോളം മുതൽ കവൎന്നു കൊണ്ടു പോയിരിക്കുന്നു.

പൂണാ. — മേയി 13നു-ഒരു കൂട്ടം കവൎച്ചക്കാർ കോയ്മയുടെ മേൽശാല, ബുധവാട കോവിലകം, എല്ലാ ന്യായകോടതികൾ, തപ്പാൽചാവടി, പൊലീസ്സ് ഠാണാവു എന്നീ കോയ്മ നിൎമ്മാണങ്ങൾക്കു തീ വെച്ചിരിക്കുന്നു. ആ ഭവനങ്ങളും അതിലേ പല വിലയേറിയ പട്ടോലകളും അമ്പതു വീടുകളും വിശ്രാമ ബാഘ്യം ധനിധേരാജ കോവിലകവും വെന്തു പോയി. എരിച്ചും കെട്ടും പോയ മുതൽ ഏകദേശം 20 ലക്ഷത്തോളം മുട്ടും. പൂണാവിലേ വരുമാന പകുപ്പിലേ എഴുത്തനായ വാസുദേവബാലവന്തു (Financial Dept. Clerk) എന്നവൻ കോയ്മയോടു കല്പന വാങ്ങി കത്തിക്കവൎച്ചക്കാരുടെ നായകനായി തീൎന്നിരിക്കുന്നു. ആയവനെ പിടിച്ചേല്പിക്കുന്നവന്നു ആയിരം ഉറുപ്പിക സമ്മാനം കിട്ടും.

ബെങ്കളൂർ. — രാജ്യദ്രവ്യ മേൽകണക്കുവകുപ്പിലേ (Accountant General Dept.) കണക്കുപിള്ള (Cashier) ആയ സേട്ടുരാവോ എന്ന പ്രായം ചെന്ന ഉദ്യോഗസ്ഥൻ പത്തമ്പതിനായിരം ഉറുപ്പികയോളം കോയ്മയോടു ഭഗ്ഗിച്ചെടുത്തിരിക്കുന്നു. 600 ഉറുപ്പിക മാസപ്പടി ഉണ്ടായിട്ടും സാധാരണ വെള്ള ഉടുത്തു പഴയ പന്നാസ്സുള്ള വണ്ടിയിൽ ഏറിയതിനാലും പരമാൎത്ഥമുള്ള മുഖവും ശാന്തശീലവും കാണിച്ചതിനാലും ഇവന്നൊത്ത കാൎയ്യസ്ഥൻ ഇനിയുണ്ടോ എന്ന സംശയഭാവത്തോടെ 55 വയസ്സു കഴിഞ്ഞവൻ എങ്കിലും ഉദ്യോഗത്തിൽ നിൎത്തുകയും പല വിധത്തിൽ മാനിക്കയും ചെയ്തു ശേഷം അവൻ തിരണ്ടകള്ളൻ എന്നു ഇപ്പോൾ അത്രേ വെളിച്ചത്തു വന്നുള്ളു. അവൻ എവിടേക്കോ ഓടിയൊളിച്ചതിനാൽ താൻ മുമ്പേ പണി എടുത്ത ആ ആഫീസ്സിൻെറ ചുവരിന്മേൽ അവനെ പിടികിട്ടി ഏല്പിക്കുന്നവൎക്കു ൫000 ഉറുപ്പിക സമ്മാനം ഉണ്ടാകും എന്ന പരസ്യത്തെ പററിച്ചിരിക്കുന്നതു.

ബൎമ്മ. — തീബാ എന്ന ബൎമ്മാവിലേ രാജാവു മന്ത്രികൾ തലതികഞ്ഞ യോഗത്തിൽ താൻ ഇത്രോടം ഭയംകൊണ്ടു ബ്രിതിഷ് കോയ്മയുടെ ന്യായങ്ങളെ കേട്ടനുസരിച്ചിരിക്കേ തനിക്കു ഇനിമേലാൽ വഴിപ്പെടുവാൻ ഭാവമേയില്ല എന്നു പ്രശംസിച്ചു പോന്നു. ഇരാവദി എന്ന നദിയിൽ കൂടി ഏററിറക്കം നടത്തുന്ന ഇംഗ്ലിഷ് പുകകപ്പൽകൂട്ടുകാൎക്കു 16 പുകക്കപ്പലുകളും 31 പരന്ന മരക്കലങ്ങളും ഉണ്ടു. ആ പുകക്കപ്പലുകൾ കൊണ്ടു പരന്ന മരക്കലങ്ങളെ flats ഇഴെക്കാറുണ്ടു രണ്ടു വകയിൽ കൂടി 13,600 പടയാളികളെയും 11,200 കണ്ടി പോർകോപ്പുതീൻപണ്ടങ്ങളെയും കയററി രംഗ്ഗൂനിൽനിന്നു മണ്ടലേയോളം എട്ടു പത്തു നാൾക്കുള്ളിൽ എത്തിക്കയും ആം. വീമ്പും വമ്പും പറയുന്നതിനാൽ ഇത്രോടം ആൎക്കും ജയം സാധിച്ചിട്ടില്ല എന്നു ബൎമ്മാവിലേ മന്നൻ ഓൎത്താൽ നന്നു.

ആഫ്രിക്കാ Africa.

മിസ്രം. — മിസ്രയിലേ ഖേദിവു ബേക്കർ പാഷാവു ഗൊൎദ്ദൻ പാഷാവു എന്നീ ഇംഗ്ലിഷ്ക്കാരെക്കൊണ്ടു ക്രമത്താലേ ൫൫ കോടി നിവാസികൾ ഉള്ള സുദാൻ എന്ന രാജ്യത്തെ തൻെറ ചെങ്കോലിന്നു കീഴ് പെടുത്തു. മുമ്പേത്ത ദൎപ്പൂർ എന്ന രാജ്യത്തിലേ ശെക്കാവിൽ പാൎത്ത മിസ്രസൈന്യത്തിന്നു ബാർ എൽ ഘസാലിൽ എന്ന നാട്ടിൽ നടന്നു വന്ന അടിമക്കച്ചവടത്തെ ഇല്ലാതാക്കുവാൻ കല്പനയുണ്ടായി. അറവികളായ അടിമക്കച്ചവടക്കാരിൽ സുലൈമാൻ എന്ന പേരുള്ള ധീരന്നു അക്കാലത്തു അവിടവിടേ ഇരുപത്തഞ്ചോളം അടിമ പാണ്ടികശാലകളും അതിലേ ആങ്കുട്ടികളും പുരുഷന്മാരും കൂടാതെ മുഹമ്മദീയൎക്കു വില്പാൻ നിശ്ചയിച്ച പതിനായിരം പെങ്കുട്ടികളും സ്ത്രീകളും ഉണ്ടായിരുന്നു. എന്നാൽ ആ മല്ലനോടു പടവെട്ടുന്നതു കളിയല്ല. മിസ്രക്കാൎക്കു മൂവായിരം പടയാളികൾ മാത്രം ഉണ്ടാകകൊണ്ടു അവനോടു പോക്കളത്തിൽ എതിൎക്കാതെ തങ്ങൾ വേണ്ടുന്ന തീൻപണ്ടങ്ങൾ ശേഖരിച്ചു ഒരു രാത്രി മുഴവൻ അദ്ധ്വാനിച്ചു ഒരു മൺകോട്ടയെ കോരിക്കിളെച്ചെടുത്തു പിറെറന്നു സുലൈമാൻ ൫൫,000 പോൎച്ചേവകരുമായി ആ കോട്ടയെ വളെച്ചു അതിനെ കൈയിലാക്കേണ്ടതിന്നു താനും കൂട്ടരും ബഹു ധീരതകാണിച്ചു ഏറിയവർ പട്ടു പോയിട്ടും നാലു വട്ടം പാഞ്ഞേറുവാൻ നോക്കിയ ശേഷം ആവതില്ല എന്നു കണ്ടു ൫൦൱൭ ആൾ മരിച്ചതിനാൽ പിൻവാങ്ങിക്കളഞ്ഞു. മിസ്രക്കാരിൽ ൨൦ പേർ മാത്രം പട്ടുപോകയും മുറിവേല്ക്കയും ചെയ്തതേയുള്ളു.

Cöln. Zeitg. No. 15. 1879.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. JULY 1879. No. 7.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(Translated by S. W.)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

ഹെരോദാ രാജാവിന്റെ നാളുകളിൽ യേശു യഹൂദായിലെ ബെത്ലഹേമിൽ വെച്ചു ജനിച്ചു എന്നു നാം വായിക്കുന്നുവല്ലോ. (മത്ത. ൨, ൧.) ഈ രാജാവിനെ കുറിച്ചു വിശുദ്ധ വേദത്തിൽ ചുരുക്കമായി വിവരിച്ചതിനെയും അതിന്നു സംബന്ധിച്ച ഓരോ വേദവാക്യങ്ങളെയും തെളിയിക്കേണ്ടതിന്നു ഈ ചരിത്രത്തെ കഥിപ്പാൻ തുനിയുന്നു.

യഹൂദ ജനം വളരെ കാലമായി തമ്മിൽ യുദ്ധം ചെയ്തു പോന്ന അശ്ശൂര്യർ, യവനർ എന്നിവരാൽ ഏറെ അസഹ്യപ്പെട്ട ശേഷം യവനസാമ്രാജ്യത്തിന്നു കീഴടങ്ങേണ്ടിവന്നപ്പോൾ (ക്രി. മു. 332) അന്ത്യോഹ്യൻ എപിഫാനൻ* അവരെ ദൈവധൎമ്മത്തെ വിട്ടു അജ്ഞാനമതത്തെ കൈക്കൊള്ളേണ്ടതിന്നു ആവോളം നിൎബ്ബന്ധിച്ചതു കൊണ്ടു യഹോവ ഭക്തിയുള്ള അഹരോന്യരായ മക്കാബ്യർ ആയുധമെടുത്തു വീരന്മാരായി നാല്പതു സംവത്സരങ്ങൾക്കകം പൊരുതു ജയിച്ചു രാജ്യത്തെ യഥാസ്ഥാനപ്പെടുത്തി ഈ യുദ്ധത്തിന്നു ആദിയിൽ പുറപ്പെട്ട മക്കാബ്യരുടെ പടനായ്കൻ ആ വംശത്തിലുള്ള മഹാപുരോഹിതനായ മതഥ്യൻ തന്നേ. ഇവന്റെ പൌത്രനായ ഒന്നാം യോഹാൻ ഹിൎക്കാൻ (ക്രി. മു. 130) യഹൂദരുടെ രാജാവായി എദോമ്യരെ ജയിച്ചു യഹൂദമാൎഗ്ഗം അംഗീകരിക്കുമാറാക്കി. തങ്ങൾ കീഴ്പെടുത്തിയ എദോമ്യരെ വാഴേണ്ടതിന്നു അവരിൽനിന്നു തന്നെ നാടുവാഴികളെ തെരിഞ്ഞെടുത്തു. ഇവരിൽവെച്ചു അന്തിപ്പാസ് എന്നു പേരുള്ളവൻ ഹെരോദ്യരുടെ വംശപിതാവത്രേ. രോമസാമ്രാജ്യത്തെ വാഴുന്ന യൂല്യൻ കൈസർ† തന്റെ എതിരാളിയായ പൊമ്പെയ്യന്റെ പക്ഷക്കാരെ ജയിച്ചു മിസ്രവഴിയായി കനാൻ ദേശത്തിൽവന്നു. ഇതിനിടേ

* എപിഫാനെസ്. † തേസാർ.

മക്കാബ്യരുടെ ഗൃഹഛിദ്രം നിമിത്തം രോമക്കോയ്മക്കു കീഴ്പെട്ടു വന്ന യഹൂദരാജ്യാവസ്ഥകളെ ക്രമപ്പെടുത്തേണ്ടതിന്നു കൈസർ മേല്പറഞ്ഞ അന്തിപ്പാവെന്നവന്റെ മകനായ അന്തിപത്തരെ രാജ്യത്തിന്മേൽ നാടുവാഴിയാക്കി സ്ഥാനാപതി* എന്ന മാനപ്പേരിനെയും കല്പിച്ചു. ഇങ്ങനെ ഹിക്കാൻ മഹാപുരോഹിതനായി മതകാൎയ്യങ്ങളെയും അന്തിപത്തർ രാജ്യകാൎയ്യങ്ങളെയും നടത്തിവന്നു...... അന്തിപത്തർ എന്ന നാടുവാഴിക്കു ഫാസായേൽ, ഹെരോദാ എന്നീ രണ്ടു മക്കൾ ഉണ്ടായിരുന്നു. അവൻ ഫാസായേലിന്നു യഹൂദ രാജ്യത്തേയും, ഹെരോദാവിന്നു ഗലീലയേയും ഭരിപ്പാൻ ഏല്പിച്ചുകൊടുത്തു. അന്നു ഇരുപത്തഞ്ചു വയസ്സുള്ള ഹെരോദാ തിന്മകൾ പ്രവൃത്തിക്കുന്നതിൽ അതിനിപുണൻ എന്നു വേഗം വെളിപ്പെട്ടു വന്നു. ഗലീലനാട്ടിൽ എങ്ങും കൂട്ടമായി കൂടുകയും വളരെ അനൎത്ഥം വരുത്തുകയും ചെയ്ത കവൎച്ചക്കാരെ അവൻ കഠിനമായി ശിക്ഷിച്ചുപോന്നു. മരണം അനുഭവിച്ച ഈ കവൎച്ചക്കാരുടെ സംബന്ധക്കാരിൽ ചിലർ ഹെരോദാവിന്മേൽ യരുശലേമിലേ പുരോഹിതനോടു അന്യായപ്പെട്ടു. അവൻ ഹെരോദാവിന്നു കല്പന അയച്ചു. അതിനാൽ ഹെരോദാ യരുശലേമിലേ സുനേദ്രിയത്തിന്മുമ്പാകെ തന്റെ സൈന്യത്തോടുകൂടെ വന്നു. എന്നാൽ പുരോഹിതനായ ഹിക്കാനും സുനേദ്രിയസംഘം ഒക്കയും അവന്റെ ക്രൂരസ്വഭാവത്തെ കണ്ടപ്പോൾ അവനെ വിസ്തരിപ്പാൻ ശങ്കിച്ചു വെറുതെ വിട്ടയച്ചു. സുനേദ്രിയത്തിൽവെച്ചു സമേയസ് എന്നു പേരുള്ളൊരു പറീശൻ മാത്രം അവരോടു: നിങ്ങൾ ഭയം നിമിത്തം അവനെ വിടുന്നതു ശരിയല്ല, ശിക്ഷിക്കാതിരുന്നാൽ അവൻ നമുക്കു ഒരു ചമ്മട്ടി ആയീരും എന്നു പറഞ്ഞു. ഈ വാക്കു നിമിത്തം ഹെരോദാ പിന്നേതിൽ തന്റെ സിംഹാസനം സ്ഥിരപ്പെടുത്തുവാൻ അനേക കുലീനന്മാരെ കൊന്നപ്പോൾ സമേയാസിന്റെ ധീരതയും ന്യായവും വിചാരിച്ചു അവനെ ബഹുമാനിച്ചതേയുള്ളൂ. സുനേദ്രിയം തന്നേ വിട്ടുകളഞ്ഞതിനാൽ ഹെരോദാ അവരുടെ ബലഹീനതയെ കണ്ടു, തനിക്കു വന്ന അപമാനത്തെ ആയുധംകൊണ്ടു മോചിപ്പാൻ വട്ടം കൂട്ടി, എങ്കിലും അച്ഛനും ജ്യേഷ്ഠനും ചൊന്നതു കേട്ടു തല്ക്കാലം അടങ്ങി പാൎത്തു താനും.

എദോമ്യവാഴ്ചയിൽ യഹൂദന്മാൎക്കും പ്രത്യേകം പറീശന്മാൎക്കും വെറുപ്പു തോന്നിയതുകൊണ്ടു അല്പ സമയം കഴിഞ്ഞാറെ അന്തിപ്പരുടെ കീഴിൽ ഉദ്യോഗം ചെയ്ത മല്ക്കുസ് എന്നൊരു യഹൂദൻ അന്തിപത്തരുടെ കുഡുംബത്തെ സ്ഥാനത്തിൽനിന്നു നീക്കി യഹൂദദേശത്തിന്നു സ്വാതന്ത്ര്യം വരുത്തുവാൻ തുനിഞ്ഞു. അന്നു രോമസാമ്രാജ്യത്തിൽ സംഭവിച്ച ഭിന്നതകൾ നിമിത്തം അവന്നു നല്ലതക്കം കിട്ടി. അതോ മാൎക്കു ബ്രൂതൻ, കാൻ,

* പ്രൊക്കുരാതൊർ.

കസ്ത്യൻ മുതലായ രോമ കുലീനന്മാർ വൃദ്ധമാലക്കാർ കൂടി വന്ന ശാല യിൽവെച്ച യൂല്യൻ കൈസരിനെ കുത്തി കൊന്നു കളഞ്ഞു. (ക്രി. മു. 44) ഈ ദുഷ്ക്രിയ ചെയ്തവരിൽ തക്ക ശിക്ഷ നടത്തേണ്ടതിന്നു കൈസരുടെ പക്ഷക്കാർ പുറപ്പെട്ടപ്പോൾ ബ്രൂതനും കസ്ത്യനും കനാൻ മുതലായ പൂർവ്വദേശങ്ങളിൽ അവരുടെ നേരെ പടവെട്ടുവാൻ സൈന്യങ്ങളെ ശേഖരിച്ചു. ഇതിന്നായിട്ടു യഹൂദവാസികൾ 700 താലന്തു ദ്രവ്യം കൊടുക്കേണ്ടി വന്നു. അന്തിപത്തർ ഈ പണത്തെ ബലാല്ക്കാരേണ ജനങ്ങളിൽനിന്നു പിരിപ്പിച്ചതുകൊണ്ടു യഹൂദരുടെ പക അവന്മേൽ വീണു. എന്നാൽ മല്കൂസ് കരുതിക്കൂട്ടിയ ദ്രോഹം വെട്ടാവെളിച്ചം ആയ്പോയതിനാൽ അന്തിപത്തരിന്നു അതിനെ അമൎത്തുവാൻ കഴിവുണ്ടായി. മല്കൂസ് കൌശല പ്രയോഗംകൊണ്ടു ആപത്തിൽനിന്നു വഴുതി അന്തിപത്തരുടെ പ്രസാദം തനിക്കു വീണ്ടും വരുത്തിയ ഉടനെ അവന്നു വിഷം കൊടുത്തു കൊന്നുകളകയും ചെയ്തു. നാടുവാഴിയുടെ മക്കളായ ഹെരോദാവും ഫാസായേലും ഈ ദുഷ്പ്രവൃത്തിക്കാരനെ ജനം നിമിത്തം പരസ്യമായി ശിക്ഷിപ്പാൻ ധൈൎയ്യമില്ലാത്തവർ എങ്കിലും ഹെരോദാ അവനെ നിഗ്രഹിപ്പാൻ ഓരോ ഉപായ വഴികളെ അന്വേഷിച്ചു പോന്നു.

ഇതിന്നിടയിൽ കസ്ത്യൻ ചിററാസ്യയെ സ്വാധീനപ്പെടുത്തിയതുകൊണ്ടു അവന്നു ഉപകാരവിധേയത്വം കാട്ടേണ്ടതിന്നു പുരോഹിതനായ ഹിക്കാൻ, ഹെരോദാ, മല്കൂസ് എന്നിവർ ഒരുമിച്ചു അങ്ങോട്ടു പുറപ്പെട്ടു. മല്കൂസ് തൂറിൽ വെച്ചു മുമ്പേ രോമരുടെ കൈയിൽ അകപ്പെട്ട തന്റെ മകനെ ഈ യാത്രയിൽ വിടുവിച്ചു യഹൂദ ജനത്തിന്റെ സ്വാതന്ത്ര്യത്തെ പ്രസിദ്ധപ്പെടുത്തുവാൻ ഭാവിച്ചു എങ്കിലും ഹെരോദാവും തൂറിലുള്ള രോമപടനായകനും കൂടി മല്കൂസിനെ കൊല്ലുവാൻ മുൻകരുതിയതുകൊണ്ടു യാത്രക്കാർ പട്ടണത്തിന്നു സമീപിച്ചപ്പോൾ ഹെരോദാവിന്റെ സേവകർ പട്ടണത്തിൽ പാൎപ്പിടങ്ങളേയും ഭക്ഷണത്തേയും ഒരുക്കും എന്നു നടിച്ചു മുഞ്ചെന്നു രോമപടനായകനോടു യാത്രക്കാർ എത്തിയ വിവരം അറിയിച്ച ഉടനെ രോമപടയാളികൾ പട്ടണവാതില്ക്കൽ തന്നെ മല്കൂസിനെ കൊന്നുകളഞ്ഞു. മഹാപുരോഹിതനായ ഹിക്കാൻ ഈ ദുഷ്പ്രവൃത്തി ചെയ്യിപ്പിച്ചവനെ നന്നായറിഞ്ഞു ഭയപ്പെട്ടതുകൊണ്ടു ഹെരോദാ ഞാൻ കസ്ത്യന്റെ കല്പനപ്രകാരമത്രെ ഈ ക്രിയ നടത്തിയതു എന്നു ഹിക്കാനോടു ഒഴികഴിവു പറഞ്ഞു. യഹൂദ ജനമോ കലഹിച്ചു മല്കൂസിന്റെ മരണം നിമിത്തം ഹെരോദാവിനേയും കൊല്ലുവാൻ നോക്കി. ഇവനോ ഉപായബലങ്ങളാൽ കലഹത്തെ അടക്കി. എന്നാറെ ഫിലിപ്പി പട്ടണസമീപത്തു ശത്രുക്കളെ ജയിച്ചതിൽ പിന്നെ (ക്രി. മു. 42) കിഴക്കേ ദിക്കുകളിൽ വന്ന രോമകൈസരായ അന്തോന്യനിൽ യഹൂദർ ആ

ശ്രയിപ്പാൻ തുനിഞ്ഞു. ഹെരോദാവോ അതിന്നു മുമ്പേ അന്തോന്ന്യനെ വശീകരിച്ചിരുന്നതിനാൽ ആയവൻ കനാൻ രാജ്യഭാരത്തെ ഹെരോദാവിന്നും സഹോദരനായ ഫാസായേലിന്നും കല്പിച്ചു കൊടുത്തു യഹൂദൎക്കു നീരസം വരുമാറു കടുപ്പം കാട്ടി തന്നിൽനിന്നു അകററി കളഞ്ഞു. അന്തോന്ന്യൻ തൂറിൽ താമസിച്ചപ്പോൾ പറീശർ വലിയ കൂട്ടമായി അവിടെ ചെന്നു എദോമ്യർ തങ്ങളുടെ മേൽ ഭരിക്കുന്നതു ന്യായമല്ല എന്നു അവനോടു ബോധിപ്പിച്ചു വാഴ്ചമാററത്തിന്നായി ഏറിയോന്നു അപേക്ഷിച്ചിട്ടും അവരെ കേളാതെ തന്റെ സേവകരെക്കൊണ്ടു ആട്ടി പുറത്താക്കുകയും ചെയ്തു.

ഹെരോദ മക്കാബ്യരോടു ബാന്ധവം കെട്ടുന്നതിനാൽ തന്റെ സിംഹാസനത്തിന്നു അധികം സ്ഥിരതയും പ്രജാമമതയും വരും എന്നു വെച്ചു മറിയമ്ന എന്നവളെ വിവാഹം നിശ്ചയിച്ചു. ഇവളും ഇവളുടെ അനുജനായ അരിസ്തൊബൂലും മക്കാബ്യ വംശത്തിൽ ഒടുക്കത്തേവരും മഹാപുരോഹിതനായ രണ്ടാം ഹിൎക്കാന്റെ പൌത്രരും ആയിരുന്നു. ഈ വിധമായി മക്കാബ്യരുടെ ശ്രീത്വവും മഹാത്മ്യവും പുതു സ്വരൂപത്തിൽ പകരുന്നതിനാൽ പറീശരും ജനവും എദോമ്യരോടു നിരന്നു വരും എന്നു ഹിൎക്കാൻ ആശിച്ചതു കൊണ്ടു തന്റെ പൌത്രിയെ ഹെരോദാവിന്നു വിവാവാഹം ചെയ്വാൻ സമ്മതിച്ചു. (ശേഷം പിന്നാലെ.)

THE DEATH OF A SECRET CHRISTIAN (A VISION).
ഒരു രഹസ്യക്രിസ്ത്യാനന്റെ മരണം (ദൎശനം).

കുറത്തിപ്പാട്ടു.

൧. കാലഗണങ്ങൾ പറന്നു നാലു ദിക്കിൽനിന്നു
ജ്വാല കത്തിക്കുന്നു കണ്ണും ശൂലവും മിന്നുന്നു
മാലപോൽ സൎപ്പം അണിഞ്ഞു കാലകാലവീരൻ
വാലു ചുഴററിപ്പതിച്ചു കോലവിരൂപാക്ഷൻ.

൨. പൊട്ടു പൂണൂലും ധരിച്ചിട്ടൊട്ടു കുഡുംബിക്കാർ
ചട്ടകളഞ്ഞിട്ടു പൂട്ടി കെട്ടി വരുന്നേരം
തൊട്ടതിലോർ നമ്പനെ അറുമട്ടുകെട്ട ക്രൂരൻ
ഇട്ടു നിലത്തിൽ അവനെ ഒട്ടുമാത്രനേരം.

൩. ക്ഷീണവും ആയാസവും അങ്ങേറിവന്നു പാരം
കാണികൾ ഗ്രഹിച്ചു പാപി വീണതിന്റെ സാരം
വേണമോ ദാഹത്തിനെന്നവർ വിളിച്ചന്നേരം
ബാണതുല്യം ചാടിപേയും കാട്ടി മഹാഘോരം.

൪. ദേഹശക്തി മാറി മൂൎഛ്ശം ഭാവജാലം പോയി
ശോകവും നാനാവിധത്തിൽ പാപിക്കുളവായി
ലോകധനം ബന്ധുജനം സാരമില്ലെന്നായി
പോകുവാൻ കാലം അണഞ്ഞിതെന്നു ബോധമായി.

൫. ശീതമേറി കണ്ണുഴിഞ്ഞു ബോധമേറമാറി
ഏതു ലോകത്തെന്നറിയാഞ്ഞു ഉള്ളിൽ ഭീതിയേറി
ഭൂതജാലങ്ങൾ അണഞ്ഞന്നേരം വാശി കൂറി
ഖേദവും പാപിക്കു നിറവായി ഭാവം മാറി.

൬. നാഗവാഹനൻ ശയനൻ വേഗമോടിക്കൂടി
ലോകവഞ്ചകൻ വേതാളം ഓടിവന്നു ചാടി
ശോകമില്ലാതാകുമെന്നു ചൊല്ലിനൃത്തമാടി
ഭോഗമെട്ടും കാട്ടി അട്ടഹാസിച്ചു കൊണ്ടാടി.

൭. വാദമുണ്ടായങ്ങുപേയും പാപിയും ഒട്ടേറെ:
“ഖേദമെന്തെടോ! നിനക്കുറന്നെരികിൽ പോരേ
മോദമോട്ട ലീലക്രീഡ ചെയ്യു പാക്കനേരേ
ഏതു നാഥനും നിനക്കുണ്ടാകയില്ലന്നേരം.”

൮. ഇത്തരം പേയിൻ വചനം കേട്ടു ഭയം പൂണ്ടു
സത്വരം പരിഭ്രമിച്ചു പാപി ചൊല്ലുന്നുണ്ടു:
“കർത്തനേശുവിൻ അടിയാൻ ഞാനറിക പേയേ!
സത്യമിതു നിൻ നരകത്തഞ്ചു മഹാ തീയേ.

൯. പൂജനിനക്കേറെ നാൾ ഞാൻ ചെയ്യുതുണ്ടോ പോക
നീചബിംബാരാധനകൾ ഞാൻ വെടിഞ്ഞതോക്ക
വ്യാജമന്ത്രം ഞാൻ ജപിച്ചതല്ലം എന്നുൾകൊൾക
പൂശ്ശും തിരുനീരണിഞ്ഞില്ലേറെ നാൾ ഞാൻ നോക്ക.”

൧൦. കൺ ചുവപ്പിച്ചങ്ങു സാത്താൻ ഗജ്ജനം ചെയ്യേവം:
“വഞ്ചനചെയ്യാൻ നിനക്കു ശേഷിയുണ്ടോ മൂഢാ?
കൊഞ്ചിയുല്ലസിച്ചു പൂജകണ്ടതറിയുന്നേൻ
തുഞ്ചലെന്യേ ദാസിയാട്ടം കണ്ടതും നീയല്ലോ.

൧൧. കേശവും വളൎത്തു പൂണുൽ ഇട്ടിരുന്ന നിന്നെ
യേശുവിനാൽ എന്നു ചൊന്നാൽ ഏല്ക്കുമോ താൻ നിന്നെ
നാശമുള്ളോനേ! നിൻ നെഞ്ചിൽ കാണുന്നേ എൻ നാമം
വാശി പിടിച്ചാൽ ഗുണമില്ലെന്നറിഞ്ഞു കൊൾക.

൧൨. താതൻ നിനക്കാരു? ഞാനോ, ദൈവമോ നീ ചൊല്ലു
ഏതു ദൈവമന്ദിരത്തിൽ സ്നാതൻ നീയേ ചൊല്ലു
ജാതിയിൽ നീ ആരു ക്രിസ്തുൻ ദാസനോ നീ ഓക്കു
ഏതു പള്ളിയിൽ നീശാബതാചരിച്ചു ചൊല്ലു.

൧൩. പാപഹ നിൻ സത്യകമ്മം അനുഷ്ഠിച്ചോടാ
പേപറയാതെ തെളിഞ്ഞു ചൊല്ലു പരമാത്ഥം
ജീവകാലമൊക്കെ എന്റെ പേർ വരിച്ച നിന്നെ
പോവതിന്നു ഞാൻ വിടുമോ കണ്ടുകൊൾക നീയും.”

൧൪. ഇങ്ങിനെ പേ ചൊന്ന വാക്കാൽ ഏറി പാപഭാരം
മങ്ങിപാപിയിൻ മനസ്സും തിങ്ങി ദുഃഖഭാരം
എങ്ങു പോകാൻ എന്നു തന്നിൽ ചിന്ത ചെയ്യു പാരം
അങ്ങു വന്നോർ ദൈവദൂതൻ അത്ഭുതശൃംഗാരൻ

൧൫. മംഗലനിമ്മായരൂപി ചൊല്ലി പാപിയോടെ:
“ഇങ്ങിരിക്കും നാൾ കിരസ്റ്റിൻ സംഗതി അൻപോടെ
പൊങ്ങിയസാമോദം ലോകമെങ്ങും അറിഞ്ഞീടാൻ
തുംഗമേറുസ്നാതനായാൽ മാത്രമുണ്ടു സാക്ഷ്യം.

൧൬. ലോകരെ നാണിച്ച ഭയത്തോടൊളിച്ച പാൎത്താൽ
ശോകമല്ലാതില്ലൊടുവിൽ എന്നറിഞ്ഞുകൊൾക
പോകണം നീ "ഭീരുക്കളിൻ ഭാഗത്തിൽ" എന്നോൎക്ക
വേകവാൻ നീ നേടിലോകമോദമയ്യോ പാപീ!"

൧൭. ഇത്തരങ്ങൾ കേട്ടപാപി ചത്തുയിരും പോയി
പത്തുനൂറു പേഗണങ്ങൾ എത്തിമോദമായി
കുത്തിയിടിച്ചും ചതെച്ചും കൊണ്ടുപോകുന്നാത്മം
കത്തി എരിയുന്ന കടലിൽ എറിഞ്ഞു നീക്കാൻ.

൧൮. "ഞാനിതറിഞ്ഞില്ല കഷ്ടം! നന്മ ചെയ്യേൻ ഏറെ
മാനുവേൽ ദേവാത്മജനെന്നുണ്ടിനിക്കു ബോധം
ഏനസ്സു നീക്കുന്നതവൻ എന്നുരെച്ച ഞാനും
തീ നരകമോ ഇനിക്കു" എന്നലറി ആത്മം.

൧൯. "ഞങ്ങളും ഇതിൽ അധികം വിശ്വസിക്കുന്നുണ്ടു
സംഗതിയെല്ലാം അറിയാം പിന്നെ എന്തു പാപീ!
പൊങ്ങിയ രോഗത്തിനു മരുന്നറിഞ്ഞെന്നാലും
ഭംഗിയായ് സേവിച്ചീടാഞ്ഞാൽ സൌഖ്യമാമോ മൂഢാ?"

൨൦. ഇങ്ങിനെ പേയിൻ പടയും പാപിയിനാത്മാവും
തങ്ങളിൽ വാദിച്ച നരകക്കരയിൽ ചേൎന്നു
പൊങ്ങിമറിയുന്ന തീയിൽ അങ്ങെറിഞ്ഞാത്മാവെ
ഭംഗിയെന്ന്യേ സന്തതവും വേകുവാൻ പേക്കൂട്ടം!

(M. Walsalam.)

SEARCH THE SCRIPTURES. (John 5, 39.)
തിരുവെഴുത്തുകളെ ആരായുവിൻ! (യോഹ. ൫, ൩൯.)

മേൽ കാണിച്ച ചിത്രത്തിൽ നാം ഒരു ചെറുക്കനെ കാണുന്നു. അവ ന്റെ പേർ തിമോത്ഥ്യൻ ദൈവഭക്തിയുള്ള അമ്മയായ യൂനിക്കയും മൂത്ത മ്മയായ ലോയിസും അവനെ തിരുവെഴുത്തുകൾ പഠിപ്പിക്കയും വായിപ്പി ക്കയും ചെയ്യുന്നതിനെ ആ ചിത്രം കാണിക്കുന്നു.

ഈ തിമോത്ഥ്യെൻെറ വലിയ ഗുരുനാഥനായ പൌൽ അപൊസ്തലൻ അവനെക്കൊണ്ടു "ചെറുപ്പം മുതൽ നീ തിരുവെഴുത്തുകളെ അറിയുന്നു" എന്നു സാക്ഷ്യം പറയുന്നതു കൊണ്ടു അവൻ തിരുവെഴുത്തുകളെ താല്പ ൎയ്യത്തോടെ പഠിച്ചു എന്നു നമുക്ക വിളങ്ങുന്നു. ൨ തിമോ. ൩, ൧൫.

കുട്ടികളെ ചെറുപ്പം മുതൽ തിരുവെഴുത്തുകളെ വായിപ്പിക്കയും പഠിപ്പി ക്കയും ചെയ്യുന്ന അമ്മയപ്പന്മാർ എത്ര നല്ലവരാകുന്നു അപൊസ്തലനായ പൌൽ തിമോത്ഥ്യെൻെറ അമ്മയെ ചൊല്ലി പറയുന്നതു: നിന്നിലുള്ള നി ൎവ്വ്യാജവിശ്വാസം ആദ്യം നിൻെറ മൂത്തച്ചിയായ ലോയിസിലും അമ്മ യായ യൂനിക്കയിലും അധിവസിച്ചു. ൨ തിമോ. ൧, ൫. അവർ തന്നെ തി രുവെഴുത്തുകളെ സ്നേഹിച്ചു ദൈവം അതു നിമിത്തമായിട്ടു അവരെയും സ്നേഹിച്ചു.

തിരുവെഴുത്തുകളെ സ്നേഹിക്കുന്ന മനുഷ്യർ ഭാഗ്യവാന്മാർ തന്നെ അ വയല്ലോ നിന്നെ ക്രിസ്തയേശുവിലേ വിശ്വാസത്താൽ രക്ഷെക്ക ജ്ഞാനി യാക്കുവാൻ തിരുവെഴുത്തുകൾ മതിയാകുന്നു. ൨ തിമോ. ൩, ൧൫.

തിരുവെഴുത്തുകൾ കൂടാതെ നാം എന്തുള്ളൂ? വെറും മാനുഷമായ ശാ സ്ത്രങ്ങൾ നമുക്കുണ്ടായാലും, നാം പാപികളായി വസിക്കയും കുരുടരായി രിക്കയും രക്ഷാമാൎഗ്ഗത്തെ കാണാതെ ഇരിക്കയും ചെയ്യും. തിരുവെഴുത്തുക ളോ രക്ഷാമാൎഗ്ഗത്തെ നമുക്ക കാണിക്കയും അതിലെ നടപ്പാൻ ജ്ഞാനി കളാക്കയും ചെയ്യുന്നു.

തിരുവെഴുത്തുകളുടെ ഉത്ഭവം ദൈവത്തിൽനിന്നത്രേ. അവ ദൈവ ശ്വാസീയവും ആകുന്നു. തിരുവെഴുത്തുകൾ ഒന്നും സ്വയമായ വ്യാഖ്യാന ത്താൽ ഉളവായതല്ല എന്നു മുമ്പെ അറിഞ്ഞിരിക്ക നല്ലൂ. മനുഷ്യെൻെറ ഇഷ്ടത്താൽ ഒരിക്കലും സാധിച്ചിട്ടില്ല. വിശുദ്ധാത്മാവിനാൽ വഹിക്ക പ്പെട്ടതത്രെ വിശുദ്ധരായ ദൈവമനുഷ്യർ ചൊല്ലീട്ടുള്ളൂ; ആകയാൽ തിരു വെഴുത്തുകൾ ദൈവത്തിൻെറ വചനമാകുന്നു. ദൈവവചനമാകകൊ ണ്ടു നിത്യമാകുന്നതല്ലാതെ എല്ലാ മനുഷ്യൎക്ക വേണ്ടി പ്രമാണമുള്ള വച നമാകുന്നു. ൨ പേത്രു. ൧, ൨൧.

ഈ ദൈവവചനം ശാസനക്കായിട്ടും നീതിയിലേ അഭ്യാസത്തിന്നാ യിട്ടും പ്രയോജനമാകുന്നു എന്നു മാത്രമല്ല സകല നല്ല പ്രവൃത്തിക്കും മ നുഷ്യനെ പ്രാപ്തനാക്കുവാനും തികഞ്ഞ ദേവമനുഷ്യനായി തീരുവാനും കോപ്പുള്ളതാകയാൽ (൨ തിമോ. ൩, ൧൭.) പൌൽ അപൊസ്തലൻ തിമോ ത്ഥ്യന്നു "ദൈവമനുഷ്യൻ" എന്നു പേരിടുന്നു.

ദൈവചനം നമുക്ക രക്ഷക്കായിട്ടു ദൈവശക്തിയും ദേവജ്ഞാനവു മാകുന്നു.

ദൈവവചനം എന്ന സത്യവേദം ലോകത്തിലുള്ള എല്ലാ പുസ്തക

ങ്ങളിൽ ഏററവും വയസ്സുള്ളതു. ആകാശ ഭൂമിയും ഒഴിഞ്ഞു പോയാലും എൻെറ വചനം ഒഴിഞ്ഞു പോകയില്ല എന്നു ലോകരക്ഷിതാവു പറയുന്നു. ആകയാൽ സകല പുസ്തകങ്ങളിൽ വെച്ചു ഈ സദ്വേദം പ്രമാണവും വററിപ്പോകാത്ത ഒരുററും നിത്യം കായ്ക്കുന്ന ഒരു വൃക്ഷവും തന്നെ എത്രത്തോളം കായി പറിച്ചാലും അത്രത്തോളം പുതുതായി കാച്ചു കാണുന്ന കല്പവൃക്ഷം എന്ന ജീവവൃക്ഷം ഇതേ.

ദൈവവചനമാകുന്ന ഈ തിരുവെഴുത്തുകളെ വായ്പിൻ!! ഈ വിലയേറിയ പുസ്തകത്തെ സ്നേഹിപ്പിൻ. അതിൽ കിടക്കുന്ന രക്ഷാമാൎഗ്ഗത്തെ അന്വേഷിപ്പിൻ തിരുവെഴുത്തുകളെ ശോധന കഴിച്ചു ഒത്തു നോക്കി ആരായുവിൻ. ദൈവവചനത്തിൽ വിശ്വസിപ്പിൻ വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെട്ടും.

൧. ഹാ! യേശു ആത്മ വൈദ്യനേ.
തീൎത്താലും മനോ രോഗത്തെ!
ദീനങ്ങൾ എണ്ണിക്കൂട്ടമോ?
സൎവ്വ ഔഷധം നിൻചൊൽ ഗുരോ!

൨. ഞാൻ ചെവിടൻ ദൈവച്ചൊൽ
അനുസരിച്ചു വന്നപോൽ
എൻ ചെവി നല്ല വിത്തിന്നു
തുറന്നാൽ എത്ര നല്ലതു. G. W.

HATING THE NAME OF JESUS.
യേശുനാമദ്വേഷി.

ഈ നൂററാണ്ടിൻെറ ആരംഭത്തിൽ ഗൎമ്മാന്യരാജ്യത്തു ധനവും മാനകീൎത്തിയുമുള്ളൊരാൾ കഠിനദീനത്തിൽ വലെഞ്ഞു കിടന്നപ്പോൾ തനിക്കു മുമ്പു മുഖപരിചയമുള്ള ഒരു ഉപദേഷ്ടാവു തൻെറ അടുക്കൽ വരുന്നതിൽ സമ്മതപ്പെട്ടു അദ്ദേഹവുമായി സംഭാഷണം തുടങ്ങിയതാവിതു: "എൻെറ പ്രിയ ഉപദേഷ്ടാവേ! ഞാൻ ഇപ്പോൾ ഈ ലോകത്തെ വിട്ടു പോകേണമെന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു തങ്ങളുമായി ഭക്തിയുള്ള സംഭാഷണം കഴിപ്പാൻ വളരെ ആശിക്കുന്നു, എന്നാൽ വെറുതെ അദ്ധ്വാനിക്കാതിരിക്കേണ്ടതിന്നു ഞാൻ ആദ്യം ഒന്നിനെ അപേക്ഷിക്കുന്നു; ആയതു "യേശു ക്രിസ്തുവിനെ തൊട്ടു കേൾപ്പാൻ എനിക്കു മനസ്സില്ലാ എന്നു തന്നെ."

ഇതിനെ നിങ്ങൾ ആദിയിൽ തന്നെ പറഞ്ഞതു എത്രയും നന്നു, ഞാനോ യേശുവിനെക്കൊണ്ടു തന്നെ ഒന്നാമതായി നിങ്ങളോടു പറവാൻ ഒരുങ്ങിയിരുന്നു; എങ്കിലും ഭക്തിയുള്ള സംഭാഷണം ഇനിയും പലതുണ്ടാകകൊണ്ടു നാം ദൈവത്തെ കുറിച്ചു സംസാരിക്കാമല്ലോ എന്നു ഉപദേഷ്ടാറു ഉത്തരം പറഞ്ഞു.

കാൎയ്യം തന്നെ ഞാൻ പരമദൈവത്തെ ഏററവും വണങ്ങുന്നു, അവനെ പററി കേൾപ്പിക്കുന്നതിനെ എല്ലാം അതിസന്തോഷത്തോടെ കേ

ധംകം എന്നു ദീനക്കാരന്റെ വാക്ക കേട്ട ഉപദേഷ്ടാവു ദൈവസ്നേഹത്തെ കുറിച്ചു വളരെ എരിവോടെ സംസാരിച്ചു തീൎന്നപ്പോൾ ദീനക്കാരൻ അയ്യാളുടെ കൈപിടിച്ചു ഞെക്കി താങ്ങൾ വീണ്ടും ഇങ്ങോട്ടു വരേണം എന്നപേക്ഷിച്ചു.

ഉപദേഷ്ടാവു മറുനാളിൽ വന്നപ്പോൾ ദീനക്കാരൻ താങ്ങളുടെ വരവിന്നായി ഞാൻ ഏററവും താല്പൎയ്യത്തോടെ കാത്തിരുന്നു. എന്നാൽ താങ്കൾ ഇന്നു ഏതു കാൎയ്യം സംബന്ധിച്ചു സംസാരിപ്പാൻ വിചാരിക്കുന്നു? എന്നതിന്നു ദീനക്കാരന്റെ ഇഷ്ടപ്രകാരം ദൈവത്തിന്റെ സൎവ്വജ്ഞാനം, സൎവ്വശക്തി, സൎവ്വജ്ഞത എന്നിവയെ പററി സംസാരിച്ചു എങ്കിലും ഇതിനാലും ദീനക്കാരന്റെ മനസ്സാക്ഷി ഉണൎന്നു വന്നില്ല. പിന്നെ മൂന്നാം ദിവസത്തിൽ ദൈവത്തിൻ വിശുദ്ധിയെക്കൊണ്ടും നാലാം നാളിൽ നീതിയെക്കൊണ്ടും നീതികേടിനാൽ സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും നീതികേടിന്നും വിരോധമായി ദൈവകോപം സ്വൎഗ്ഗത്തിൽനിന്നു വെളിപ്പെട്ടു വരുന്നു എന്നതിനെക്കൊണ്ടും (രോമ. ൧, ൧൮.) അറിയിച്ചപ്പോൾ അവന്റെ മനസ്സാക്ഷിയെ കുത്തിത്തുടങ്ങീട്ടു അവൻ "ഇപ്പോൾ മതി മതി ഇതെനിക്കു സഹിച്ചു കൂടാ. നിങ്ങൾ പറയുംപ്രകാരം ദൈവം നീതിമാനും വിശുദ്ധനും ആകുന്നെങ്കിൽ എന്റെ കാൎയ്യം വിഷമം തന്നെ" എന്നു തിണ്ണം നിലവിളിച്ചാറെ ഉപദേഷ്ടാവു സലാം പറഞ്ഞു മിണ്ടാതെ വീട്ടിലേക്കു പോയി.

ചില ദിവസം കഴിഞ്ഞിട്ടു ദീനക്കാരൻ തന്റെ പണിക്കാരനെ അയച്ചു ഉപദേഷ്ടാവിനെ വരുത്തി "അയ്യോ! നിങ്ങൾ വരുവാനായിട്ടു ഇത്ര താമസിച്ചതെന്തു? പറഞ്ഞുകൂടാത്തവണ്ണം നരകഭയം എന്നെ പിടിച്ചിരിക്കുന്നു. ദൈവത്തെ വിചാരിച്ചു എന്റെ ആശ്വാസത്തിന്നു വേണ്ടി ഒന്നു രണ്ടു വാക്കുകളെ കേൾപ്പിക്കേണം. മുമ്പെ നിങ്ങൾ പറഞ്ഞുപോയിട്ടുള്ള കഠിനവാക്കുകളുടെ ഓൎമ്മ എന്നിൽനിന്നു അകലേണ്ടതിന്നു വേണ്ടി എന്നെ ആശ്വസിപ്പിക്കേണം എന്നു ദീനക്കാരൻ വളരെ കെഞ്ചി. മുമ്പെ പറഞ്ഞുപോയിട്ടുള്ള വാക്കുകളെ ഒന്നെങ്കിലും നിഷേധിപ്പാൻ കഴികയില്ല; എന്നാൽ ഒരു ദിവ്യ ഔഷധവും ആശ്വാസവും ഉണ്ടു, എങ്കിലും അതിനെ കുറിച്ചു സംസാരിപ്പാൻ നിങ്ങൾ വിരോധിച്ചല്ലോ എന്നു ഉപദേഷ്ടാവു ഉത്തരം ചൊല്ലി. അതിന്നു അങ്ങനെയല്ല, എന്റെ ആശ്വാസത്തിന്നായി ഒരു മരുന്നു അറിയുന്നെങ്കിൽ അതിനെ അത്യാവശ്യമായി പറഞ്ഞു തരേണം എന്നു ദീനക്കാരൻ പറഞ്ഞാറെ യേശു ക്രിസ്തുവിനെക്കൊണ്ടു സംസാരിപ്പാൻ സമ്മതമുണ്ടെങ്കിൽ നിങ്ങളുടെ ആശപ്രകാരമായിരിക്കാം" എന്നു ഉപദേഷ്ടാവു പറഞ്ഞതിന്നു ദീനക്കാരൻ "ഈ നരകാഗ്നിയിൽനിന്നു തെററിപ്പോകേണ്ടതിന്നു എനിക്കു തുറന്ന വഴിയെ

കാണിച്ചാൽ ഇഷ്ടംപോലേ അവനെ തൊട്ടു നിങ്ങൾക്കു എന്നോടു സംസാരിക്കാമെന്നു" സമ്മതിച്ചു.

അപ്പോൾ ഉപദേഷ്ടാവു സുവിശേഷപുസ്തകത്തെ എടുത്തു പാപികളെ കൈക്കൊണ്ടു രക്ഷിക്കുന്ന യേശുവിനെ തൊട്ടു ദീനക്കാരനോടു വായിച്ചുപദേശിപ്പാൻ തുടങ്ങി. ഇങ്ങനെയുള്ള ഉപദേശങ്ങൾ ദിവ്യവിത്തായി നല്ല നിലത്തിൽ വീണു, അവ തന്നെ അവന്റെ ഹൃദയത്തിന്നു ആശ്വാസമായ്തീൎന്നു. എന്നിട്ടു ഒടുക്കത്തെ നാഴിക വന്നപ്പോൾ തനിക്കു കിട്ടിയ മഹാദൈവികതുണക്കായി സ്തുതിച്ചു ഭയമെന്നി തന്റെ ആത്മാവിനെ തന്റെ പിതാവായ ദൈവത്തിൻ കൈക്കൽ ഏല്പിക്കയും ചെയ്തു.

L. C. C. L.

THE MOUSE.*

ചുണ്ടെലി (മൂഷികൻ).

ഈ ചരിത്രത്തിൽ കാണുന്ന എലി ഈ നാട്ടിലേതല്ല കനാൻ രാജ്യത്തിലേതത്രേ. കൃഷിനിലം സുഭിക്ഷമാകുമളവിൽ എലികളും ഏറുന്നതു

* മൃഗവൎഗ്ഗത്തിൽ പൃഷ്ഠാസ്ഥി (Animalia Vertebrata) എന്ന നാലാം വൎഗ്ഗത്തിലും ഉയിരുള്ള കുട്ടികളെ പെറുന്നതായി സസ്തന (Mammalia) എന്ന നാലാം വിഭാഗത്തിലും കൊറിച്ചു തിന്നുന്ന ക്ഷുണ്ണാദ (Rodents, Glires) എന്ന മൂന്നാം പകുപ്പിലും തന്നെ ചുണ്ടെലി ചേൎന്നു കിടക്കുന്നു. ഈ വകെക്കു കൃഷ്ണകലപ്പല്ലുകൾ ഇല്ലാഞ്ഞാലും മുന്നാരത്തെ പല്ലുകൾക്കു പെരുത്തു മൂൎച്ചയുണ്ടു. ആയവററിന്നു മുമ്പുറത്തു മാത്രം കാച്ച പദാൎത്ഥമുണ്ടാകകൊണ്ടു പല്ലുകൾ തേയുമളവിൽ അവ വളൎന്നു കൊള്ളും. താടിയെല്ലു മുമ്പോട്ടും പിമ്പോട്ടും എളുപ്പത്തിൽ അനങ്ങുന്നതു പോലേ അതു ഇരുപുറത്തോട്ടു നീങ്ങുന്നതല്ല. മിക്കതരം ശാകാദർ ആകകൊണ്ടു അണ്ണിപ്പല്ലുകളുടെ അഗ്രത്തിന്റെ മേലായി പരന്നിരിക്കുന്നു. ഏകദേശം എല്ലാവരുടെ കാലുകൾക്കു കൈകളിൽ നീളമേറുകയും കുട്ടികൾ കുരുട്ടും നഗ്നവുമായി പിറന്നു വരികയും ചെയ്യുന്നു. ഈ വകെക്കു ഏഴു ഗോത്രങ്ങളുള്ളതിൽ മൂഷികർ (Murina) മൂന്നാമത്തേതു. ഇതിന്നും മേൽപറഞ്ഞവണ്ണം ഓരോ കിരീയങ്ങൾ ഉണ്ടു താനും. v. Schubert, Natural History III.

കൊണ്ടു ഫലവത്തായ കനാനിൽ പലവക എലികൾ അനവധിയുണ്ടു. അവിടെ പ്രയാണയെലിയും നീരെലിയും[1] എന്നിവ കൂടാതെ കുറുവാലനായ നാട്ടെലിയെയും[2] കൂട്ടമായിട്ടു കാണാം. പിന്നെ നമ്മുടെ ചിത്രത്തിലേ ചുണ്ടെലി എന്ന ഏററവും ചെറിയ ഓരെലി യുക്തിയോടേ വിളയാറാകുന്ന കോതമ്പത്തിന്റെയോ മറേറാ കതിരുകളെ തമ്മിൽ പിണെച്ചുണെച്ചു കൂടു കെട്ടി ഇണയുമായി അതിൽ പാൎത്തു തണ്ടുകളിന്മേൽ കളിച്ചു, നടന്നു കതിരുകളെ വേണ്ടും പോലേ മുറിച്ചു തറിച്ചു കൊറിച്ചു തിന്നുന്നു. ഈ ജന്തു പരുത്ത നാശകരം ആകയാൽ മൃഗശാസ്ത്രികൾക്കു ഇതു ഫലിഷ്ടരുടെ കൃഷിക്കു മൂലനാശം വരുത്തി എന്നു തെററായി ഊഹിച്ചു[3]. അതു ഏതു വക എന്നു പിന്നീടു പറവാൻ ആശിക്കുന്നു.

SCRIPTURE PRIZE-QUESTIONS.
വിരുതിനുള്ള വേദചോദ്യങ്ങൾ.

മേയിമാസത്തിന്റെ പത്രം ചില സ്ഥലങ്ങളിൽ തക്ക സമയത്തു എത്താതെ അതിലേ ചോദ്യങ്ങൾ ഉത്തരങ്ങൾ വേഗത്തിൽ കിട്ടുവാൻ ഇടയുണ്ടായില്ല. എന്നാലും പുതുചോദ്യങ്ങളെ ഇട്ടുന്ന മാസത്തിൽ മുമ്പുള്ളവററിന്നുള്ള ഉത്തരങ്ങളെ പ്രസിദ്ധമാക്കും എന്നു നിശ്ചയിച്ചിരിക്കകൊണ്ടു അവററിന്നു പറരുന്ന ഉത്തരങ്ങൾ ഇതാ: 1. വിശ്വാസം; എബ്ര. 11, 1; യോഹ. 20, 29; എശായ 28, 16; ii. കൊരി. 4, 18. 2. സ്നേഹം; i. കൊരി. 13. 3. പ്രത്യാശ; രോമ. 5, 5. 4. ബില്യം; iv. മോശ 22—24. 5. ശിംശോൻ; ന്യായാധി. 13, 2.

പുതുചോദ്യങ്ങൾ:

6. പറീശരെ തൊട്ടു യേശു “ഹാ കഷ്ടം” എന്ന വാക്കു എത്രവട്ടം പറഞ്ഞെന്നും എവിടെ എഴുതിക്കിടക്കുന്നു എന്നും പറവിൻ.

7. “വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഏറേ ധന്യം” എന്നു കൎത്താവായ യേശു പറഞ്ഞ വചനം എവിടേ എഴുതിയിരിക്കുന്നു?

8. പ്രവാസത്തിൽനിന്നു വന്ന യഹൂദന്മാരിലേ ലൌകികവും വൈദികവുമുള്ള കാൎയ്യങ്ങളെ നടത്തിയ ഏഴു മുഖ്യ പ്രധാനികളുടെ പേരുകൾ പറഞ്ഞു തരാമോ?

(മേലെഴുത്തു: Rev. J. Knobloch, Calicut.)

A MEDITATION.
6. വേദധ്യാനം.

എന്റേവ ഞാൻ അറിയുന്നവനും
എന്റേവററാൽ അറിയപ്പെട്ടുന്നവനും ആകുന്നു. യോ. ൰, ൰൪.
എന്നു ലോകരക്ഷിതാവായ യേശു അരുളിയതു.

എന്റേവ ഞാൻ അറിയുന്നു എന്ന അരുളപ്പാടു ദുഃഖിതൎക്കും ദരിദ്രൎക്കും ഉപദ്രവപ്പെട്ടവൎക്കും ഉപേക്ഷിക്കപ്പെട്ടവൎക്കും നല്ലൊരാധാരവും ആശ്വാസവും തന്നേ. ഭൂലോകത്തിൽ എണ്ണം കൂടാതെ കുടിയിരിക്കുന്ന മാ

---

1) Mus amphibius, Linné. 2) Mus terrestris, Linné അതിന്നു എബ്രായർ ഫെറാ എന്നും അറവികൾ ഫാറാ എന്നും പറയുന്നു. ഇതു യശായ ൬൬, ൧൭. എന്ന വാക്യത്തിലേ എലിയോ മറെറാരു ജന്തുവോ എന്ന വിവാദം വിദ്വാന്മാൎക്കു ഇന്നോളം തീൎന്നില്ല. 3) Sorex religiosus മത ചുണ്ടെലി എന്നു വിളിക്കയും ചെയ്യു. ൧ ശമുവേൽ ൬, ൫. Bible Nat. History, Calw.

നക്ഷസമൂഹത്തിങ്കൽ വെച്ച ദൈവം എന്നെയും അറിഞ്ഞു കുറിക്കൊള്ളു മോ എന്നു സംശയിപ്പാൻ എളുപ്പമല്ലയോ. എന്നിട്ടും നിന്റെ എല്ലാ സംശയങ്ങളെ പൊളിപ്പാൻ തക്ക ഉത്തരം മേലേത്ത വാക്യത്തിൽ ഉണ്ടു. ദൈവം നിന്നെയും നിന്റെ പാൎപ്പിടത്തെയും നീ സഹിക്കുന്ന കഷ്ട ഞെരുക്കങ്ങളെയും നിന്റെ പ്രാപ്തിയെയും പ്രാപ്തികേടിനെയും മറ്റും നന്നായി അറികയാൽ നിന്നെ നോക്കി തന്റെ കൂറ്റായ്മയിൽ ചേൎത്തു ബലക്ഷയം നീക്കി തന്നെ കൊണ്ടുള്ള അറിവിങ്കൽ വൎദ്ധിപ്പിക്കയും ഉറപ്പിക്കയും ചെയ്യുന്നു എന്നതിൽ ആശ്വസിച്ചു സന്തോഷിക്കുകേ വേണ്ടു. കൎത്താവു നമ്മെ അറിയുന്നു എന്നു പറഞ്ഞതു നാം മറ്റവരെ അറിയുന്ന അറിവു പോലെ അല്ലാ താനും അവൻ നമ്മുടെ ഉള്ളും പുറവും വെടിപ്പായി അറിയുന്നതു കൊണ്ടു നമ്മെ സ്നേഹിക്കയും താങ്ങുകയും തന്റെ കൃപാദാനം ആകുന്ന സമാധാനം, രക്ഷ, നിത്യഭാഗ്യം എന്നിവറ്റിൽ ഓഹരിക്കാരാക്കുകയും ചെയ്യുന്നു. ആകയാൽ എന്റെ കൎത്താവു എന്നെ അറിയുന്നു എന്നതിൽ ഇനിക്കു ഏതു സ്ഥിതിയിൽ എങ്കിലും സന്തോഷിക്കാം.

Martyrdom (C. M.)

൧. കൎത്താവു എന്നെ പാലിപ്പോൻ
കിണ്ടങ്ങൾ തട്ടുമോ?
കഷ്ടത്തിൽനിന്നു രക്ഷിപ്പോൻ
കടാക്ഷം മാറുമോ?

൨. അവങ്കൽ ഞാനും നോക്കിയാൽ
അപായം അണയാ!
അനാഥഭാവം ദുഃഖമാൽ
അസൌഖ്യപ്പെടുത്താ.

J. M. F.

NURSERY RHYMES.*

വിളയാട്ടുതാരാട്ടുകൾ.

2. Cock-a-doodle-do ചേവൽ വിളയാട്ടം.

```
    f>  >       >   >
6/8 1 5' 6 5' | 1 5' 6 5' | 1 5' 1 3' | 2¯· 0' ||

3 2' 1 7' | 6 7' 1 2' | 3 1' 2 7' | 1¯ 0'· ||
```

൧. കോക്കരേക്കൊ—കോക്കരേക്കൊ—കോക്കരേക്കൊക്കോ—
കൊങ്ങൻചേവൽ മുറ്റത്തൂടെ നടകൊള്ളുന്നോ!

൨. നെറ്റിപ്പൂവും താടിപ്പൂവും കണ്ണിൽ മേവും തീ
തറുടത്ത വീരവാളി സാല്വ കണ്ടല്ലീ.

൩. ഭ്രകല്യങ്ങമ്മാറു കാൽ കവെച്ചു ചെല്ലുകിൽ
തുവൽതോക ഞെട്ടിഞാന്നു മിന്നും തെളിവിൽ.

൪. മോടിയാണ്ടു ആണ്മയോൎത്തു വമ്പു കാട്ടുന്നോൻ
മോട്ടം പൂണ്ടു ചിറകാട്ടി തട്ടി കൂവുന്നോൻ.

൫. മോടിക്കാരൻ മൈ മിനുക്കി വീമ്പുകാരനോ
കോപ്പരാട്ടി കാണിപ്പാനും എന്റെ തൊഴിലോ?

---

*Infant's Magazine & Nursery Rhymes. പൂവൻ മലയാളത്തിൽ കൊക്കരേക്കോ എന്നേ കൂവുന്നുള്ളു.

൬. തലക്കുവൽ മൈമ്പിൽ കേട്ടു കൊണ്ടിരിക്കുമ്പോൾ
വെള്ളകീറി മയ്യൽ ഓടി പാറിക്കുറിക്കൊൾ.

൭. നീ കണക്കെ ശോമ്പൽ വിട്ടു ഒളി തേറുന്നേൻ.
നേരെ തൻപുരാനെ വാഴ്ത്തി വേല നോക്കുവേൻ.

൮. മാറിൻ മൊഞ്ചു മുററും ചേവൽ മറുതോട്ടത്തിൽ
മാററുകാരൻ നീയേ നണ്ണി പോരു ക്കുറുകിൽ

൯. വീരവാദം കേട്ടു പൂവൻ ചാടി ചെല്ലുന്നേ.
വീട്ടു തേററം കൊണ്ടു നീയും വീമ്പു കാട്ടുന്നേ.

൧൦. ചീമ്മയുള്ള തൂവലേച്ചു തൊപ്പക്കുച്ചുന്നേ.
ചീത്ത കോലം വീത്തു ചീററമാണ്ടു ചീറുന്നേ.

൧൧. മാർ മറുത്തു മൈതരിച്ചു കൺ തുറിക്കുമ്പോൾ
മാററാൻ കൺ മയങ്ങി ചാമ്പിച്ചിമ്പി ക്കുമ്പുമ്പോൾ

൧൨. ചിറകിണ പൊൽപരിച്ചു ചേലിൽ പൊക്കുമ്പോൾ
ചീളെന്നനു വാൾ കണക്കെ മുള്ളു ഓങ്ങുമ്പോൾ

൧൩. കത്തും തല്ലും തട്ടും വെട്ടും കൊട്ടും മുട്ടുമ്പോൾ
കോപമേറി കണ്ണില്ലാതെ പോരു കോലുമ്പോൾ

൧൪. ഉന്തി വീണരുണ്ടെണീററു ചീററം മൂക്കുമ്പോൾ
കന്തുകാലിൽനിന്നു വെററിക്കാസ്സിറയുമ്പോൾ:

൧൫. "മോഹിക്കേണ്ട മന്നിൽ വാസം നൊടി നേരത്തിൽ
മോവൽ ഒന്നിൽ ഞാൻ വിഴുങ്ങും നിന്നെ വേഗത്തിൽ!"

൧൬. കട്ടുമുള്ളു പള്ളെക്കാഴെ കത്തിവാന്നല്ലോ!
കൊട്ടുകാലൻ ക്കൂച്ചൽ വിട്ടു കലചെയ്യല്ലോ!

൧൭. കോവിൽ മുമ്പിൽ വീടർ കേൾക്ക ക്കൂവലിട്ടല്ലോ
കോയ്മനായ്മ ഇങ്ങുറെച്ചു വീണിട്ടില്ലല്ലോ!

൧൮. കാണരാസ്സു ചോരമുക്കളപ്പൊങ്ങച്ചത്താൽ
കാരണോരെ ചൊല്ലു തള്ളി കേട്ടു വന്നതാൽ.

൧൯. കൊള്ളുമ്മന്നു കൊള്ളിവാക്കിനിക്കു കൊള്ളുമോ?
മൊഞ്ചൻ പോലെ ആക്കും മൊഞ്ചും മൊട്ടും കാട്ടാമോ?

൨൦. തുമ്പില്ലാത്ത വമ്പും വീമ്പും കിണ്ടം പററുമോ?
അൻപിൽ തട്ടുകേട്ടു താഴ്ച തോല്വ ചേരുമോ?

൨൧. പിള്ളർ കിള്ളൽ തള്ളൽ നുള്ളൽ വീക്കൽ നല്ലതോ?
പിച്ചിമാന്തൽ അടിപിടി പോപ്പിണക്കമോ?

൨൨. അൻപില്ലാത്ത ഏവൻ കലക്കാരനല്ലയോ;
തുൻപം കേട്ടും ക്കൂട്ടും കല്ലുനെഞ്ചൻ പിന്നെയോ!

൨൩. ദൈവം ജീവൻ രക്ഷിച്ചോണ്ടു നന്മ ഏകും പോൽ
ദൈവജാതിയായ നീയും ആ ദൃഷ്ടാന്തം കോൾ.

൨൪. കുഞ്ഞിൻ കിട പിടക്കൂട്ടം തോട്ടത്തുടല്ലോ
കാവൽ പൂവൻ ചന്തത്തോടുലാത്തുന്നവല്ലോ!

൨൫. പ്രാവുറാഞ്ചൻ കുഞ്ഞി ആഞ്ഞിനോക്കി റാഞ്ചുന്നാൽ
കാവൽക്കാരൻ കിണ്ടം കണ്ടു കൊക്കിച്ചാക്കും ആൾ.

൨൬. കാകൻ തത്തി കുഞ്ഞു ആഞ്ചി വാരി കൊല്ലുന്നോൻ;
കോക്കാൻ നുണ പാളിച്ചാടി കോഴി ഞെക്കുന്നോൻ;

൨൭. മാവിൻ പൂതല്ലൊക്കും കീരി എററി പിടിപ്പോൻ;
മൈയൊതുക്കും പാമ്പു മോടിവെച്ചു മയപ്പോൻ!

൨൮. കോഴിവംശശത്രു വ്യാഘ്രിപ്രാഘ്രികളല്ലാം
കോഴിമിത്രനായ നീയറിഞ്ഞു തടുക്കാം
൨൯. ഇളയോൎക്കും തുണനിന്നു നീ ഉണരുമോ?
എളിയോരെ കിണ്ടം നീക്കി കൈയെ നീട്ടുമോ?
൩൦. മുട്ട തീൎക്കും കൊററു കിട്ടിയെന്നു കൂററിട്ടാൽ
ഊട്ടു കെട്ടു കൂട്ടർ പാഞ്ഞു വട്ടം കൂട്ടുന്നാർ.
൩൧. ഉള്ള വണ്ണം പോററി—തന്നെപ്പോററി അല്ല നീ!
ഉണ്മയററ പേരിനിക്കും പോരുന്നില്ലല്ലീ!
൩൨. കോഴികൾക്കു മുമ്പുള്ളോന്നു ചെമ്മുവരട്ടേ!
കോക്കരേക്കൊ—കോക്കരേക്കൊ—കോക്കരേക്കൊക്കോ

ചോനാൎക്കണ്ടികേരളൻ.

---

1. കൊങ്ങൻ = വലിയ. 2. മേവുക = പാൎക്ക. 3. കവെക്ക = കാൽ പാത്തിവെക്ക; തോക = തുണ്ടുന്നവാൽ; ഞാലുക = ആട്ടുക; തെളിവിൽ = ശോഭയോടെ. 4. മോടി = പ്രഭാവം; മോട്ടം = ഗൎവ്വം. 5. വീമ്പു = വമ്പു പറക. 6. തലക്കൂവൽ = ഒന്നാമത്തേ കൂവൽ; കൂറുക = ധരിക്ക. 7. ഒളി = വെളിച്ചം; തൻപുരാൻ = ദൈവം. 8. മൊഞ്ചു = അഴകു; മുററുക = തികഞ്ഞിരിക്ക; നണ്ണുക = നിനെക്ക; പോരു = പോർ; കൂറുക = അറിയിക്ക. 9. വീരവാദം = പോൎക്കു വിളിക്കുന്നതു; വീട്ടുതേററം = വീട്ടുമിടുമ. 10. ചീൎമ്മ = ചാരുത്വം; ഏച്ചു = എഴുനീല്പിച്ചു; തൊപ്പ = കരുത്തുവൽ; കൂച്ചുക = തരിച്ചു നില്ക്ക; കൂമ്പുക = അടെക്ക. 12. പൊൽ പരിച്ചു = പൊൻ പലിശ; ചീളെന്നു = പെട്ടന്നു. 13. കോലുക = ഭരിക്ക; 14. എണീററു = എഴുന്നീററു; കന്നുകാൽ = വിരലിൻ അററത്തിന്മേൽ; വെററി = ജയം; കിറയുക = മത്സരിക്ക. 15. മോവൽ = ഓരിറക്കം. 16. കട്ടുമുള്ളു = കാലിലേമുള്ളു; കൊട്ടുകാൽ = തമ്മിൽ മുട്ടുന്ന കാൽ 17. വീടർ = വീടന്മാർ = പിടക്കോഴികൾ. 18. ചോരമുക്കളം = ചോരത്തിളപ്പു. 19. കൊള്ളു = ഇട്ടൽ; കൊള്ളിവാക്കു = ധിക്കാരം. 19. മൊഞ്ചൻ = കോപി; മൊഞ്ചും മൊട്ടും = ഗുരുത്വക്കേടു. 20. തട്ടുകേടു = മുടക്കം. 22. തുൻപം = ഉപദ്രവം. 23. പോൽ = പോലെ; കോൽ = കോലുക. 24. കിട = തരക്കാർ. 25. പ്രാവുറാഞ്ചൻ = പ്രാപ്പിടിയൻ; റാഞ്ചുക = നഖം കൊണ്ടേററി പിടിച്ചു കൊണ്ടു പറക്ക; കൊക്കിക്ക = ആൎക്കുക. 26. കാകൻ = കാക്ക; കോക്കാൻ = മൃത്തപൂച്ച, കാട്ടുപൂച്ച; പാളുക = ഒതുങ്ങി പതുങ്ങുക. 27. എററുക = ചാടുക. 31. പോററി = പാലകൻ. 32. ചെമ്മുവരിക = സുഖിച്ചിരിക്ക.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

POLITICAL NEWS ലൌകികവൎത്തമാനം.

ഭാരതഖണ്ഡം India.

ചെന്നപ്പട്ടണത്തു മേയി ൧൭-നു-യിൽ ഒരു കോൾ ആരംഭിച്ചു ൨൦-നു രാവിലെ ൭ മണിക്കു അതി കൊട്ടൂരതയോടെ അടിച്ചു പല പല നാശങ്ങളെ ഉണ്ടാക്കി. വായുവിന്റെ വേഗത അളക്കുന്ന വായുമാനം കൊണ്ടു അതൊരു മണിക്കൂറിന്നകം ൩൦ നാഴിക വഴി ദൂരത്തോളം ചെന്നു എന്നു കണ്ടു. അന്നു 4, 40 അംഗുലം മാത്രം മഴ പെയ്തുള്ളു. മച്ചിലിബന്തരിൽ ഈ ചുഴലിക്കാററു കൊണ്ടു ഒന്നും അറിഞ്ഞു വന്നില്ല. ഈ ചുഴലിക്കാററു വങ്കാള ഉൾക്കടലിന്റെ നടുവിൽ ഉളവായി ൨൧-നു നെല്ലൂരിൽ എത്തുകയും അവിടെനിന്നു വടക്കോട്ടു രായിച്ചൂരിലേക്കും തെക്കോട്ടു കൊച്ചി കോഴിക്കോട്ടുകളിലേക്കും പരന്നു പോയിരിക്കുന്നു. ചെന്നപ്പട്ടണത്തിന്നു തെക്കേ വാലിന്റെ അടി മാത്രം കൊണ്ടതു. ആൎക്കാട്ടിൽ എത്തിയപ്പോൾ ൨൭, ൨൮-നു-കളിൽ ൧൭ അംഗുലത്തോളം മഴ പെയ്തു പോയി.

മഴ.—ഈയാണ്ടിൽ മഴക്കാലം നേരത്തു തുടങ്ങും എന്ന പരബോധം ഉണ്ടായിരിക്കേ ആയതു ആരും നിനയാത്ത സമയത്തിലും വിധത്തിലും ആരംഭിച്ചു. മേയി ൧൭-ൻ-നു ചെന്നപ്പട്ടണത്തു കടൽ മറിഞ്ഞു കോപിക്കുന്നതു കണ്ടു വങ്കാളയുൾക്കടലിൽ കോൾ ഇളകി എന്നു ജ്ഞാനികൾക്കു തോന്നി. അന്നും വിശേഷിച്ചു പിറെറ മലയാളത്തിൽ കാററു കറുകി അടിച്ചു മഴയും കേമമായി പെയ്തു തുടങ്ങി. പലകൃഷിക്കാരും നാട്ടുകാരും മഴെക്കു ഒരുങ്ങിയില്ല എ

ന്നു പറഞ്ഞാൽ ആശ്ചൎയ്യമില്ല. അനേക ഉരുക്കാരും വൎഷകാലത്തിന്നു രണ്ടാഴ്ചയുണ്ടല്ലോ എന്നു വെച്ചു ഒടുക്കത്തേ യാത്രെക്കായി വട്ടം കൂട്ടുകയും പുറങ്കടലിൽ ഓടുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ കാററിന്റെ ഊററത്താൽ എത്ര ഉരുക്കൾ കരനീളെ നശിച്ചു പോയി എന്നു പറവാൻ പ്രയാസം. ചോമ്പാൽ തുക്കത്തിൽ ഒരു വിലാത്തികപ്പൽ പൊളിഞ്ഞു പോയി ഉരുക്കാർ ഒരു നാൾ മുഴുവനും ചോമ്പാൽ കല്ലു പുറത്തു കാത്ത ശേഷം കരെക്കെത്തിയുള്ളു. കോഴിക്കോടു തലശ്ശേരി കണ്ണനൂർ എന്നീസ്ഥലങ്ങളിൽ ആകെ പത്തു നാല്പതു നാട്ടുരുക്കൾ പൊളിഞ്ഞു പോയി. ഏഴി മലയുടെ തെക്കേ ഭാഗത്തേ കിഴക്കേ മൂലയിലേ പാലക്കോട്ടഴിക്കൽ അര നാഴിക നീളത്തിലും അകലത്തിലും ഒരു ചേററു പതം വീണിരുന്നു. അതിൽ നാല്പത്തെട്ടോളം കോട്ടിയ ദീപോട്ടം പത്തമാരി മഞ്ചു മുതലായ മരക്കലങ്ങൾ പുറങ്കടലിലേ കോൾ സഹിക്കാതെ തെററി സുഖേന ഇരുന്ന ശേഷം മേയി ൨൯-നു- രാവിലേ ചളി ഇളകി തെമ്പുറായി ശക്തിയോടെ ഊതുമ്പോൾ ൩൪ ഉരുക്കൾ മറിഞ്ഞും പൊളിഞ്ഞും ആണ്ടു പോയി. കടപ്പുറത്തു അനവധി തേങ്ങയും കൊപ്പരയും ഇലിച്ച പിണ്ണാക്കും മററും അടിഞ്ഞു വീഴുകയും നാട്ടുകാർ കീരി കണ്ട പാമ്പു പോലെ ആ മുതലിനെ മട്ടപ്പു വരുവോളം പെറുക്കികൊണ്ടിരിക്കയും ചെയ്തു. ആ ഉരുക്കൾ കച്ചി ബൊംബായി മംഗലപുരം എന്നീ ബന്തരുകളിലേക്കു ചരക്കു കയററിയിരുന്നു. കോൾ കഠിനമായിരുന്നു എങ്കിലും ഉരുക്കാർ എല്ലാവരെയും തിരയടിച്ചു കയററി എന്നേ പറയേണ്ടു ഒരു തണ്ടേലിന്റെ ൨ ആണ്കുട്ടികൾ മാത്രം മുങ്ങി മരിച്ചുള്ളു. ഈ ആപത്തിനെ കൊണ്ടു കേട്ടപ്പോൾ തഹശീല്ദാർ തൊട്ടു കോൽക്കാരോളം ഉള്ള കച്ചേരിക്കാരും പൊലീസ്സുകാരും എത്തി അറഞ്ഞ മഴ പെയ്തിട്ടും കാവലും ശോധനയും നടത്തി രക്ഷപ്പെട്ടവരെ കോയ്മയുടെ ചെലവിൽ സ്വന്ത നാട്ടിലേക്കു അയച്ചിരിക്കുന്നു.

ഉരുക്കാർ തങ്ങളുടെ ഉരുക്കളെ രക്ഷിപ്പാൻ കഴിച്ച അദ്ധ്വാനങ്ങൾ ഒരു ദൃഷ്ടാന്തത്താൽ വിളങ്ങും. ഒരു കോട്ടിയക്കാരൻ കൊച്ചിയിൽ ചരക്കുകയററി ബൊംബായ്ക്കു ഓടുമ്പോൾ കോളിലകപ്പെട്ടു മംഗലപുരം ബന്തരിൽ തങ്ങാം എന്നു വിചാരിച്ചു കഴിവു വരാതേ മടങ്ങി കോവിൽക്കണ്ടിക്കു പിടിച്ചു അവിടെ കോളിന്റെ കൊടുരം കൊണ്ടു തിരിച്ചു വടക്കോട്ടോടി ഏഴിമലയോളം എത്തി കരയിൽ ഉള്ള നഷ്ടവും ആപത്തും കണ്ടു തിരിച്ചു കണ്ണനൂരിലേക്കു ചെന്നു ധൈൎയ്യത്തോടെ കരക്കോടിച്ചു ഉരു അല്ലാതെ ചരക്കിന്നു ചേതം തട്ടീട്ടില്ല. ഉരുക്കാർ നാലു ദിവസം തീ മൂട്ടാതെയും ഭക്ഷിക്കാതെയും ഇരുന്നു പോൽ.

പൂണാവു.—മേയി ൧൬-നു- പൊലീസ്സുകാർ ചില കത്തിക്കവൎച്ചക്കാരെ പിടിക്കുമ്പോൾ ദൌലാത്തു രാവോ എന്ന തലവനും നാലു പേരും കൊല്ലപ്പെടുകയും ഒരു ലക്ഷം ഉറുപ്പിക മുതൽ കിട്ടിപ്പോകയും ചെയ്തു. ഇവർ കണ്ടരാവോ എന്ന മുമ്പേത്ത ബറോഡയിലേ രാജാവിന്റെ ദിവാഞ്ജിയുടെ പാൎപ്പിടം ബൊംബായ്ക്കടുക്കേ കൊള്ളയിട്ടു എന്നറിയേണം. പിന്നേ പുരച്ചുട്ട കുററത്തിൽ കുടുങ്ങിയ നാലു പേരെ കിട്ടി. ഒന്നു കോയ്മയുടെ പുസ്തകപാണ്ടിശാലയുടെ മേൽ വിചാരകനായി ൱ ഉറുപ്പിക മാസപ്പടിവാങ്ങുന്ന വയസ്സനായ ഒരു ബ്രാഹ്മണനും അദ്ദേഹത്തിന്റെ മകനും ഒരു കോൽക്കാരനും ആയവന്റെ സംബന്ധക്കാരനും തന്നേ.

ബെല്ലാരി.—18നു- രാത്രിയിൽ നാലാം നാട്ടു കുതിരപ്പട്ടാളത്തിലേ ചില ശിപായ്കൾ പൊന്തിക (club) കൈയിൽ പിടിച്ചു അങ്ങാടിയിൽ ചെന്നു കാക്കാണിക്കാരോടു വക്കാണിച്ചു അവരെ തല്ലുന്നതു പൊലീസ്സുകാർ തടുത്താറെ ശിപായ്കൾ ഇവരെ വല്ലാതെ വീക്കി പരുക്കു വരുത്തിയിരിക്കുന്നു. ഒന്നു രണ്ടു പൊലീസ്സുകാർ മുറിവുകൊണ്ടു രോഗാലയത്തിൽ മരിച്ചു. കുററക്കാരായ ശിപായ്കൾക്കു തക്ക ശിക്ഷ ഉണ്ടാകും.

അബ്ഘാനസ്ഥാനം Afghanistan.—ആലിമസ്ജീദ ജല്ലാലാബാദ് എന്നീ സ്ഥലങ്ങളിലും ഖൈബർ താഴ്വരയിലും നടപ്പു ദീനത്തിന്റെ ബാധ തുടങ്ങിയതിനാൽ ഗ്രുണ്ടമക്കിലേ പാളയത്തെ പൊളിച്ചു ഉയൎന്ന സ്ഥലത്തിൽ ഉണ്ടാക്കുവാൻ പോകുന്നു.

അംഗ്ലകോയ്മക്കും യാക്കൂബ് ഖാന്നും തമ്മിലുള്ള സന്ധിപ്പു:

൧. കോയ്മക്കും അമീരിന്നും സമാധാനവും മമതയും ഉണ്ടാക.

൨. ഇംഗ്ലിഷ്കാരോടു എടവാടു ചെയ്ത അമീരിന്റെ പ്രജകൾക്കു യാതൊരു തൊന്തിരവും അലമ്പലും ഉണ്ടാകുന്നില്ല.

൩. അമീർ അംഗ്ലകോയ്മയുടെ അഭിപ്രായപ്രകാരം മാത്രം അന്യകോയ്മകളോടു പെരുമാറുകയും അംഗ്ലകോയ്മ അമീരിന്നു ആക്രമിക്കുന്നവരിൽനിന്നു സഹായിക്കയും ചെയ്യും.

൪. സദാകാലം ഒരംഗ്ലസ്ഥാനാപതി കാബൂലിൽ വസിക്കും അമീരിന്നു മനസ്സുപോലെ

ഭാരതത്തിൽ സ്ഥാനാപതികളെ നിശ്ചയിച്ചു പാൎപ്പിക്കാം.

൫. അംഗ്ലസ്ഥാനാപതികൾ സുഖത്തോടും മാനത്തോടും തന്റെ രാജ്യത്തിൽ പാൎക്കേണ്ടതിന്നു അമീർ ഏല്ക്കുന്നു.

൬. ൭. കച്ചവടത്തിന്നും എടവാടിന്നും കഴിയുന്ന സഹായം അമീർ ചെയ്യും.

൮. കറം താഴ്വരയിൽ കൂടി കാബൂലോളം ഒരു വൎത്തമാനക്കമ്പിയെ നിൎത്തുവാൻ അംഗ്ലകോയ്മെക്കു അനുവദിച്ചിരിക്കുന്നു.

൯. കറം പിഷീൻസിബി എന്നീ താഴ്വരകൾ ഒഴികെ അംഗ്ലകോയ്മ പിടിച്ച പ്രദേശങ്ങളെ അമീരിന്നു തിരിച്ചു ഏല്പിക്കുന്നു. അവരുടെ കൈയിലുള്ള രാജ്യത്തിൽനിന്നുണ്ടാകുന്ന മുതലെടുപ്പിൽനിന്നു കാണുന്ന ബാക്കി അംഗ്ലകോയ്മ അമീരിന്നു ഏല്പിക്കും. എന്നാൽ കൈബർ മിച്നി എന്നീ കണ്ഡിവാതില്കളിലും ചുററുവട്ടത്തിൽ പാൎക്കുന്ന മലവാസികളിലും അംഗ്ലകോയ്മെക്കു പൂൎണ്ണാധികാരം സമ്മതിച്ചിരിക്കുന്നു.

൧൦. മേൽപറഞ്ഞ നിയമത്തിൻപ്രകാരം അമീർ നടക്കുന്ന കാലത്തോളം കാലത്താൽ ആറുലക്ഷം ഉറുപ്പിക സഹായപ്പണം (subsidy) കൊടുക്കും. ഇരുപക്ഷക്കാർ നിശ്ചയിക്കുന്ന യോഗം അതിരിനെ സ്ഥിരപ്പെടുത്തും.

ഈ നിയമത്തിന്നു മേയി 30 നു- ഉപരാജാവവൎകൾ സമ്മതം കൊടുത്തിരിക്കുന്നു.

ഇതിനാൽ യുദ്ധം അവസാനിച്ചു ആവശ്യമല്ലാത്ത പട്ടാളങ്ങൾക്കു അവരവരുടെ പടക്കൊട്ടില്കളിലേക്കു മടങ്ങുവാൻ കല്പന ഉണ്ടാകും.—അമീർ യാക്രൂബ് ഖാൻ ബദക്ഷാൻ നാട്ടിലേ ദ്രോഹത്തെ അടക്കുവാൻ ആരംഭിച്ചു.

ആഫ്രിക്കാ Africa.

സുപ്രത്യാശമുന.—മേയി മാസത്തിന്റെ പത്രത്തിൽ പറഞ്ഞതിൻ വണ്ണം സൂലുകാപ്പിരികൾക്കു ആൾചേതം വന്നില്ലെങ്കിലും ഓരോ തോല്വകൾ തട്ടിയിരിക്കുന്നു. മാൎച്ച ൨൮ ൨൯നു- കൎന്നൽ വൂഡിന്റെ പാളയത്തിൽ (ലുനെബെൎഗ്ഗിൽ) ൨൫൦൦ പേർ പട്ടു പോയി. ഏപ്രിൽ ൨നു- ചെൽമ്സ്ഫൊൎട്ട് കൎത്താവു ജിംഘൊലോവ (ജിഞ്ജിഘ്ലോവസി?) യിൽ മൺ കിളകൊണ്ടും മററും ഉറപ്പിച്ച തന്റെ പാളയത്തെ ൧൧൦൦൦ സൂലുകാപ്പിരികൾ കയറി പിടിപ്പാൻ വളരെ സാഹസം ചെയ്തിട്ടും ൧൴ മണിക്കൂറകം ൧൨൦൦ ആൾ വെടികൊണ്ടതിനാൽ ശേഷമുള്ളവർ മണ്ടി പോയി. ഏപ്രിൽ ൩നു- രാക്കാലത്തു ചെൽമ്സ്ഫൊൎട്ട് കൎത്താവു ൩ പട്ടാളങ്ങളും ചില കടൽ പടയാളികളും (Marines) വിരോധം കൂടാതെ എക്കൊവേയോളം കൊണ്ടു പോയി അവിടുത്തേ മൺകോട്ടയിൽ തടവുകാരെപോലേ ശത്രുക്കളെ തടുത്തു കൊണ്ടു പാൎത്ത കൊന്നൽ പീൎസ്സനും പടയും വിടുവിച്ചു ജിംഘൊലോവയിലേക്കു കൂട്ടി കൊണ്ടു പോയി. ൧൫ ആംനു- കേപ് തൌനിൽ നിന്നയച്ച കമ്പിവൎത്തമാന പ്രകാരം ആ നാട്ടിൽ കുടിയേറിപ്പാൎക്കുന്ന വെള്ളക്കാരുടെ ഒരു തന്നിഷ്ടപട്ടാളം മൊരോസി എന്ന ബസുതോകാരുടെ തലവന്റെ കോട്ടയെ കയറി പിടിപ്പാൻ തുനിഞ്ഞതു നിഷ്ഫലമായി.

ഏപ്രിൽ ൧൭നു- ബ്യൂസ്സ് എന്ന ലന്തക്കാർ ഉണ്ടാക്കിയ പാളയത്തെ പൊളിച്ചു അംഗ്ലകോയ്മയോടേ നിരന്നു കൊണ്ടു താന്താങ്ങളുടെ സ്ഥലങ്ങളിലേക്കു വാങ്ങി പോയിരിക്കുന്നു.

ഏപ്രിൽ ൨൬നു- ചെതെവായോവിന്റെ സഹോദരനായ മങ്ങേസ ഇംഗ്ലിഷ്ക്കാരെ അഭയം പുക്കിരിക്കുന്നു. ചെൽമ്സ്ഫൊൎട്ട് കൎത്താവിന്റെ അപേക്ഷ പ്രകാരം ഇംഗ്ലന്തിൽനിന്നു അധികം സൈന്യം സുപ്രത്യാശമുനയിലേക്കു അയക്കുന്നു.

മേയി 30 നു- ശ്രീ ഗാൎന്നത്തു വൂൽസ്ലേ സുപ്രത്യാശമുനയിലേക്കു യാത്രയായി. അവർ ചെൽമ്സഫൊൎട്ട് കൎത്താവിന്റെ കൈയിൽനിന്നു സേനാപതിസ്ഥാനം ഏല്ക്കുവാൻ പോകുന്നു.

തെൻ അമേരിക്കാ S. America.

മേയിമാസത്തിൽ ഇക്കിൽ (Iquique) എന്ന തുറമുഖത്തിന്റെ തുക്കിക് ചീലിക്കാരുടെ രണ്ടു മരപ്പോൎക്കപ്പലുകളും പെരുവിയാന ഓർ ഇരിമ്പു ചുറക്കപ്പലും തമ്മിൽ പട വെട്ടുമ്പോൾ കപ്പൽ മൂന്നും ആണ്ടു പോയിരിക്കുന്നു.

കഴിഞ്ഞ മാസത്തിന്റെ പ്രതിയിൽ ഒരു ചെറിയ തെററു നുഴഞ്ഞു വന്നു. അതാവിതു: 113 ഭാഗം II. 1. എന്ന അക്കം തൊട്ടു അതിൽ ചേരുന്ന സൂചകങ്ങളുമായി ഇറങ്ങിത്താഴം എന്ന വാക്കോളം III. ഭാഗം പള്ളികളുടെ ചരിത്രത്തിന്റെയും 2 എന്ന അക്കത്തിന്റെയും നടുവിൽ ചെല്ലേണ്ടതു. എല്ലാവരും ഈ തെററു പൊറുക്കേണമേ.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. **AUGUST 1879.** No. 8.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(*Translated by S. W.*)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

(VIാം പുസ്തകം 124ാം ഭാഗത്തിൽനിന്നു തുടൎച്ച.)

എന്നാൽ ഈ ആശയെ കെടുക്കഒന്നൊരു കിണ്ടം അവന്നു പിണഞ്ഞു. എങ്ങിനെ എന്നാൽ മക്കാബ്യരിൽ അന്ത്യപ്രഭുവായ അന്തിഗൊനൻ രാജ്യഭാരം കൈക്കലാക്കുവാൻ ശ്രമിച്ചതു അല്പ സമയത്തേക്കു സാധിച്ചു. ഇവൻ രണ്ടാം ഹിക്കാന്റെ സഹോദരനായ രണ്ടാം അരിസ്റ്റോബൂലിന്റെ മകൻ ആയിരുന്നു. അന്നു ചിററാസ്യയിൽ അതിക്രമിച്ചു ബലപ്പെട്ടു വന്ന പൎത്ഥരുടെ സഹായം കൊണ്ടു അന്തിഗൊനൻ യരുശലേം പട്ടണത്തെ വളഞ്ഞു ദൈവാലയത്തെ കൈക്കലാക്കി. അക്കാലം യഹൂദന്മാരിൽ അന്തഃഛിദ്രം ഉണ്ടായിരുന്നതുകൊണ്ടു പുരോഹിതനായ ഹിക്കാന്റെ പക്ഷത്തിൽ എദോമ്യരായ ഫാസായേലും ഹെരോദാവും ചില യഹൂദരും മാത്രം കൂടി; അന്യപക്ഷക്കാരോ അന്തിഗൊനനോടു ചേൎന്നു പൎത്ഥരുമായി അവന്റെ സംബന്ധികളായ ഹെരോദാവിനോടു യുദ്ധം ചെയ്തു. അല്പസമയം കഴിഞ്ഞാറെ സമാധാനം വരുത്തുവാൻ രണ്ടു പക്ഷക്കാരും സമ്മതിച്ചപ്പോൾ ഹിക്കാനും ഫാസായേലും ദമസ്കിലുള്ള പൎത്ഥരുടെ പാളയത്തിൽ ക്ഷണിച്ചപ്രകാരം എത്തിയ ഉടനെ പൎത്ഥർ അവരെ പിടിച്ചു അന്തിഗൊനന്റെ കയ്യിൽ ഏല്പിക്കയും യരുശലേം പട്ടണത്തെ കൊള്ളയിടുകയും അന്തിഗൊനനെ രാജാവാക്കുകയും ചെയ്തു. ഹിക്കാൻ ഇനിമേലാൽ മഹാപുരോഹിതനാകായ്വാൻ അന്തിഗൊനൻ അവന്റെ ചെവികളെ ചെത്തി. അതു കണ്ടു ഫാസായേൽ ഭയപ്പെട്ടു തന്റെ തലയെ കാരാഗൃഹച്ചുവരോടു അടിച്ചു മരിച്ചുകളഞ്ഞു. ഹെരോദാ ബഹു കൌശലക്കാരനായിരുന്നതു കൊണ്ടു അന്തിഗൊനന്റെ കയ്യിൽ അകപ്പെട്ടില്ല. അവന്നു എതിൎത്തു നില്പാൻ കഴിവി

ല്ലായ്കയാൽ താനും കൂട്ടരുമായി ശവക്കടലിന്റെ കരയിലുള്ള മസ്സാദാ എന്ന അടുത്തു കൂടാത്ത കോട്ടയിൽ ചെന്നിരുന്നു. അവിടെ സ്ഥലം പോരായ്ക കൊണ്ടു ഹെരോദാ 9000 ആളുകളെ വിട്ടയച്ചു. കോട്ടയകത്തു തന്റെ മണവാട്ടിയായ മറിയമ്ന യേയും അവളുടെ സംബന്ധക്കാരെയും 800 പടസേവകരേയും പാർപ്പിച്ചിട്ടു താൻ മിസ്രയിൽ കൂടി രോമപുരിയോളം പോയി അന്തോന്ന്യൻ, ഒക്താവ്യൻ എന്ന മഹത്തുക്കളോടു സഹായം അപേക്ഷിച്ചു. ഏകദേശം മൂന്നു* സംവത്സരങ്ങളോളം അന്തിഗൊനൻ യരുശലേമിൽ വാണ ശേഷം അവന്നു തുണെച്ച പത്ഥർ സുറിയയെ ആക്രമിച്ചൊരു രോമസൈന്യം നിമിത്തം മടങ്ങിപ്പോകേണ്ടി വന്നതിനാൽ താൻ ചിറകൊടിഞ്ഞ നിലയിൽ ആയി വന്നു; സഹോദരനായ ഫാസായേലിന്റെ മരണ ശേഷം ഹെരോദാ മാത്രം അന്തിഗൊനന്നു വിരോധമായി യഹൂദരാജ്യവാഴ്ചയെ നടത്തുവാൻ കൊതിച്ചുള്ളു. അവന്നു മസ്സാദാ എന്ന കോട്ട ഒഴികെ കനാൻ രാജ്യത്തിൽ സ്വന്തമായതൊന്നും ഉണ്ടായിരുന്നില്ല താനും. ശേഷം രാജ്യമെല്ലാം അന്തിഗൊനന്റെ വശത്തായിരുന്നു. രാജ്യഭാരം ചെയ്വാൻ ഹെരോദാവിനേക്കാൾ അവന്നു അധികം അവകാശം ഉണ്ടായിരുന്നു. അന്തിഗൊനൻ ഭരിച്ചാൽ രാജ്യം ക്രമേണ രോമകോയ്മയിൽനിന്നു നീങ്ങി സ്വാതന്ത്ര്യപ്പെട്ടും എന്നും, ഹെരോദാവോ രോമപക്ഷക്കാരനായി രാജ്യത്തെ മേല്ക്കുമേൽ അധികം തങ്ങൾക്കു കീഴ്പെടുത്തുമെന്നും അന്തോന്ന്യൻ, ഒക്താവ്യൻ എന്നവർ ഊഹിച്ചു അന്തിഗൊനൻ രോമസംസ്ഥാനത്തിന്റെ ശത്രു എന്നു വിധിച്ചു ഹെരോദാവെ യഹൂദരാജ്യത്തിന്നു രാജാവായി വാഴിക്കയും ചെയ്തു.†

ഹെരോദാവിന്റെ ആശ രോമയിൽ വെച്ചു സാധിച്ചതിനാൽ അവൻ അവിടം വിട്ടു ഗലീലയിൽ എത്തി തന്റെ പക്ഷക്കാരെ ശേഖരിച്ചു യരുശലേമിൽ വാഴുന്ന അന്തിഗൊനന്റെ നേരെ യുദ്ധം ചെയ്വാൻ തുടങ്ങി. ഈ ഞെരുക്കമുള്ള കാലത്തു ഇസ്രയേലൎക്കു തക്ക ഉപദേഷ്ടാക്കൾ ഇല്ലാതിരുന്നു. എന്നാൽ അതിന്നു പകരം പറീശർ എന്നൊരു മതഭേദക്കാർ ഉണ്ടായി. ആയവർ പരിശുദ്ധാത്മാവില്ലാത്തവർ ആയിരുന്നതിനാൽ ഇസ്രയേലർ തങ്ങളുടെ ദൈവമായ യഹോവെക്കു വിശുദ്ധ രാജകീയ പൌരോഹിത്യ കുലമായി തീരേണം എന്നു ബോധിക്കാതെയിരിക്കയാൽ അവർ ഗ്രഹിക്കാത്ത ദേവാലോചനെക്കു പകരം തങ്ങളുടെ സ്വന്ത ആലോചനകളെ പ്രമാണിച്ചനുസരിപ്പിപ്പാൻ ശ്രമിച്ചു പോന്നു. അത്രയുമല്ല പ്രവാചകന്മാരുടെ വാഗ്ദത്തങ്ങളിൻ പ്രകാരം മശീഹ അതിഞെരുക്കമുള്ള കാലത്തിൽ വന്നാൽ തങ്ങൾ ആശിച്ചവററെ മാത്രം നിവൃത്തിക്കും എന്നു പ്രപഞ്ചബുദ്ധികൊണ്ടു വ്യാഖ്യാനിച്ചുപദേശിച്ചു. ഇതിനാൽ

* ക്രി. ആ. മു. 39—36 † ക്രി. മു. 39

പറീശരും ജനം മിക്കതും ഹെരോദാവോടു മറുത്തുനിന്നു; ഇവനോ എപ്പോഴും രോമരുടെ സഹായവും പ്രസാദവും അനുഭവിച്ചു വാണു കൊണ്ടു മശീഹയെയും അവന്റെ രാജ്യത്തെയും തൊട്ടുള്ള ജനത്തിന്റെ അഭിപ്രായത്തെ തീരെ കെടുപ്പാൻ ശ്രമിച്ചു. രോമരുടെ നുകത്തെ നിരസിച്ചു സ്വാതന്ത്ര്യം പ്രാപിക്കും എന്നു ആശിച്ചവരോ മക്കാബ്യരോടു ചേൎന്നതിനാൽ അവരെ മൂലനാശം വരുത്തുവാൻ ഹെരോദാ കരുതിക്കൊണ്ടു മറിയമ്നയെ ഉപായമായി വേട്ടതിനാൽ ആയതു സാധിപ്പിപ്പാൻ നിശ്ചയിച്ചു.

ഇങ്ങനെ യഹൂദയിൽ പൌരയുദ്ധം തുടങ്ങി പൎത്ഥർ അന്തിഗൊനനും രോമപട്ടാളം ഹെരോദാവിന്നും സഹായിച്ചു ഹെരോദാ യരുശലേം പട്ടണത്തെ പിടിച്ചു അന്തിഗൊനനെ അതിൽനിന്നു പുറത്താക്കുന്നതിന്നു മുമ്പെ തന്റെ മണവാട്ടിയായ മറിയമ്നയെ മസ്സാദായിൽനിന്നു ശമറിയയിലേക്കു വരുത്തി പരസ്യമായി കല്യാണം കഴിക്കയും ചെയ്തു. പിന്നെ താൻ യരുശലേം പട്ടണത്തെ രണ്ടു സംവത്സരങ്ങളോളം വളഞ്ഞപ്പോൾ നഗരവാസികൾ കനത്ത പഞ്ചം അനുഭവിച്ചതിനാൽ ശത്രുക്കൾക്കു പട്ടണത്തെ പിടിപ്പാനും രോമർ അന്തിഗൊനന്റെ തല വെട്ടുവാനും സംഗതിവന്നു. പൎത്ഥർ മുമ്പെ പിടിച്ചു തടവിൽ പാൎപ്പിച്ചു ഹിൎക്കാൻ എന്ന പുരോഹിതനെ ഹെരോദാ വിടുവിച്ചു കിഴവനായതു കൊണ്ടു ഇനി അവനെ പേടിപ്പാൻ ആവശ്യം ഇല്ല എന്നു വിചാരിച്ചതിനാൽ കൊല്ലാതെ മാനിച്ചു വെച്ചു താൻ മുറിച്ചെവിയൻ ആകകൊണ്ടു (3 മോ. 21, 17.) പുരോഹിതസ്ഥാനത്തിൽ ഇരിപ്പാൻ പാടില്ലായ്കയാൽ ബബിലോനിൽനിന്നു വരുത്തിയ ഹനനയേൽ എന്ന ആചാൎയ്യനെ പുരോഹിതനാക്കുകയും ചെയ്തു.

രോമരുടെ തുണയാലും മറിയമ്നയെ വേട്ടതിനാൽ മക്കാബ്യരോടു ബന്ധുത്വം വന്നതിനാലും ഹനനയേലിനെ പുരോഹിതസ്ഥാനത്തിൽ ആക്കിയതു കൊണ്ടു അഹരോന്യ മമതയാലും ഇനി അലമ്പൽ കൂടാതെ സുഖേന വാഴ്വാൻ തഞ്ചമുണ്ടാകും എന്നു ഹെരോദാ വിചാരിച്ചു. എന്നാൽ അവൻ ജനത്തെ അശേഷം സ്നേഹിക്കയും ദൈവപ്രസാദം വരുത്തുകയും ചെയ്യാതെ ഇരുന്നതു കൊണ്ടു അവന്റെ വാഴ്ചയിൽ ദൈവാനുഗ്രഹം ഉണ്ടായിരുന്നില്ല താനും.

മറിയമ്നയുടെ അനുജനായ അരിസ്തൊബൂൽ മക്കാബ്യ വംശത്തിൽ കടക്കുറി കണക്കേ ഒടുക്കത്തേവൻ ആയിരുന്നു. ഈ പ്രാപ്തിയുള്ള കോമളയുവാവിനെ ജനം അധികം സ്നേഹിച്ചു. ഇവൻ ഇസ്രയേലിനെ യഥാസ്ഥാനപ്പെടുത്തും എന്നു പറീശർ പ്രത്യേകം ആശിച്ചത്കൊണ്ടു ഹെരോദാ അവനെ പകെച്ചു ചതികുലചെയ്വാൻ തക്കം നോക്കി. അരിസ്തൊബൂൽ, മറിയമ്ന എന്നവരുടെ അമ്മയായ അലക്സന്ത്രാ അന്നു ജീവിച്ചിരുന്നു. അവളുടെ ഭൎത്താവായ അലക്സന്തർ ഹെരോദാവിനെ ജയിച്ചു അന്തി

ഗൊനന്റെ സഹോദരൻ ആയിരുന്നു. ഇവൾ തന്റെ മകളുടെ ഭൎത്താവായ ഹെരോദാവല്ല, ജനപ്രിയനും സ്വന്തമകനും ആയ അരിസ്റ്റൊബ്ബൂലത്രെ ഇസ്രയേൽ രാജാവാകേണ്ടത് എന്നു അതിതാല്പൎയ്യപ്പെട്ടു. അതിന്നായി അവൾ ഓരോ ഉപായങ്ങളെ പ്രയോഗിച്ചു. അതായത് അന്നു മിസ്ര രാജ്യത്തെ ഭരിച്ച ക്ലെയോപത്രമൂലമായി അവൾ രോമകൈസരായ അന്തോന്യനെ അരിസ്റ്റൊബ്ബൂലനിൽ പ്രസാദിപ്പിച്ചു അരിസ്റ്റൊബ്ബൂൽ രോമപുരിയിൽ പോയി പഠിക്കേണമെന്നു അലക്സന്ത്ര താല്പൎയ്യപ്പെട്ടു എങ്കിലും ഇതിനാൽ തനിക്കു വരുവാനുള്ള ആപത്തിനെ ഹെരോദാ കണ്ടിട്ടു ബാല്യക്കാരനെ അയപ്പാൻ സമ്മതിച്ചില്ല. എന്നാൽ അരിസ്റ്റൊബ്ബൂലിന്റെ സ്നേഹിതന്മാരെ സന്തോഷിപ്പിക്കേണ്ടതിന്നു അവൻ ബാല്യക്കാരന്നു തക്ക പ്രായം വരുമ്പോൾ അവനെ മഹാപുരോഹിതസ്ഥാനത്തിൽ ആക്കും എന്നു വാഗ്ദത്തം ചെയ്തു. ഈ ചക്കരവാക്കുകളാൽ അലക്സന്ത്രെക്കു തൃപ്തി വന്നില്ല. അവളുടെ മകന്നു പുരോഹിതസ്ഥാനം മാത്രമല്ല രാജത്വവും കൂടെ ന്യായമായി കിട്ടേണ്ടതാകുന്നു എന്നു അറിഞ്ഞത് കൊണ്ടു ഈ രണ്ടു സ്ഥാനവും അന്തോന്യൻ കൈസർ ക്ലെയോപത്രയുടെ ശിപാൎശിയാൽ അരിസ്റ്റൊബ്ബൂലിന്നു കൊടുക്കും എന്നു അവൾ ആശിച്ചു. ഹെരോദാ ഈ കള്ളി അറിഞ്ഞു ഇവരാൽ തനിക്കു അനൎത്ഥം ഉണ്ടാകും എന്നൂഹിച്ചതിനാൽ അലക്സന്ത്രയേയും മകനായ അരിസ്റ്റൊബ്ബൂലിനെയും ചരതിച്ചു; അലക്സന്ത്രയോ തന്റെ മകനെ കൂട്ടി ക്ലെയോപത്രയുടെ അടുക്കൽ ഓടിപ്പോവാൻ രഹസ്യമായി നിശ്ചയിച്ചു. ഹെരോദാ അതിനെ ഒറററിഞ്ഞാറെ അറിയാത്ത ഭാവം കാട്ടി അവരുടെ പുറപ്പാടിന്നു വിരോധം കാണിക്കാതെ ഇരുന്നു. പരിചാരകർ അവരിരുവരേയും പെട്ടികളിൽ ആക്കി ചരക്കു എന്ന പോലെ അടുത്ത തുറമുഖത്തു കൊണ്ടുപോയി കപ്പലിൽ കയററിയപ്പോൾ ഹെരോദാ അവിടെ വെച്ചു അവരെ പിടിച്ചു ക്ലെയോപത്ര നിമിത്തം തൽക്കാലം അവരെ ശിക്ഷിക്കാതെ വല്ല വിധേന അവരെ നശിപ്പിക്കേണം എന്നു ശ്രദ്ധമായി ആലോചിച്ചുകൊണ്ടിരുന്നു. അരിസ്റ്റൊബ്ബൂൽ മഹാപുരോഹിതസ്ഥാനം പ്രാപിച്ച ശേഷം ഉണ്ടായ ഒന്നാം കൂടാരപ്പെരുന്നാളിൽ ജനങ്ങൾ അവനെ മഹാസന്തോഷത്തോടും ആൎപ്പുവിളിയോടും കൈക്കൊണ്ട ശേഷം ഹെരോദാവും അവനെ ഒരു വിരുന്നിന്നു യരിഖോവിലേക്കു ക്ഷണിച്ചു. സദ്യ കഴിഞ്ഞു സന്ധ്യയായ ശേഷം അവർ പൂങ്കാവിൽ ഉലാവുകയും കുളങ്ങളിൽ കുളിക്കയും ചെയ്തു കൊണ്ടിരിക്കേ ചില ആളുകൾ ഹെരോദാവിന്റെ രഹസ്യാലോചന പ്രകാരം അരിസ്റ്റൊബ്ബൂലിനെ നീന്തിക്കുളിക്കയിൽ മുക്കിക്കൊന്നുകളഞ്ഞു. അവൻ മരിച്ചു എന്നു ഹെരോദാ അറിഞ്ഞ ഉടനെ വ്യാജഭാവത്തോടെ മഹാവിലാപം നടിച്ചു അരിസ്റ്റൊബ്ബൂലിന്റെ മരണത്തിന്നു

ഹെരോദാ കാരണഭൂതനായിരിക്കും എന്നു ജനങ്ങൾ സംശയിപ്പാൻ തുടങ്ങിയതു കൊണ്ടു അവൻ തന്റെ ദുഷ്ടമനസ്സാക്ഷിയെ അമൎത്തി തന്നെ താൻ ജനങ്ങളുടെ മുമ്പാകെ അശേഷം കുററമില്ലാത്തവനെന്നു കാണിക്കേണ്ടതിന്നും അവൎക്ക പ്രസാദം ജനിക്കേണ്ടതിന്നും ബഹു ദുഃഖത്തോടും ഏററം അലങ്കാരഘോഷങ്ങളോടും കൂടെ ശവസംസ്കാരം ചെയ്തു. ഇങ്ങിനെ അന്യായമുള്ള വിത്ത് വിതെച്ച അയതു ക്രമേണ വിളഞ്ഞ ശേഷം മററനേകൎക്കും കൊടിയ നാശത്തിന്നു സംഗതിവരുത്തുകയും ചെയ്തു.

ഹെരോദാവിൻ കയ്യാൽ വന്ന തന്റെ പുത്രന്റെ മരണം നിമിത്തം അലക്സന്ത്ര തന്റെ സങ്കടത്തെ മിസ്രരാജ്ഞിയായ ക്ലെയോപത്രക്ക അറിയിച്ചു. ഇവൾ അന്തോന്യന്നു ഈ വ്യസനവൎത്തമാനത്തെ ഉണൎത്തിച്ചതിനാൽ അവൻ ഹെരോദാവിനെ ഈ ദുഷ്പ്രവൃത്തിക്ക ഉത്തരം പറവാൻ വേണ്ടി രോമപുരിക്ക വിളിപ്പിച്ചു. കല്പന പ്രകാരം അവൻ പുറപ്പെട്ടപ്പോൾ കൈസരിന്റെ മനസ്സ മറിഞ്ഞു പോകുമാറു അത്യന്ത ധനങ്ങളെ കാഴ്ചയായി കൊണ്ടു പോയി. തന്റെ ഭാൎയ്യയെയും അമ്മാവിയമ്മയേയും കാവലിൽ ആക്കി രാജ്യഭാരത്തെ തല്കാലത്തേക്ക തന്റെ സംബന്ധക്കാരനായ യോസേഫിന്റെ കയ്യിൽ ഏല്പിച്ചു. തനിക്ക വഴിയിലോ അന്തോന്യൻ കൈസരാലോ വല്ല ആപത്തു നേരിട്ടു എന്നു കേട്ട ഉടനെ യോസേഫ് സൌന്ദൎയ്യവും പ്രാപ്തിയുമുള്ള മറിയമ്ന എന്ന തന്റെ ഭാൎയ്യ കൈസരിന്നു വശം ആകായ്വാൻ അവളെ കൊല്ലേണം എന്നൊരു ഗൂഢാജ്ഞയെ കൊടുത്തു പോയി. ഹെരോദാ പോയ ശേഷം യോസേഫ് ഇവരെ വളരെ സ്നേഹിക്കയും മാനിക്കയും ചെയ്തു കൊണ്ടു ഈ രഹസ്യത്തെ ക്രമേണ അവരോടു അറിയിച്ചു. മറിയമ്ന ഈ വൎത്തമാനം കേട്ടപ്പോൾ ഭൎത്താവു തന്റെ ആങ്ങളയുടെ കുററമില്ലാത്ത രക്തത്തെ ചിന്നിച്ചവനാകകൊണ്ടു എന്നേയും കൊല്ലുന്നതു നിശ്ചയം തന്നെ എന്നു പറഞ്ഞതു അമ്മക്കും ബോധിച്ചു.

യോസേഫിന്റെ ഭാൎയ്യ ഹെരോദാവിന്റെ സഹോദരി ആയിരുന്നു. ഹെരോദാ രോമയിൽനിന്നു തന്റെ ആശ സാധിപ്പിച്ചു അരിസ്റ്റോബൂലിന്റെ മരണാവസ്ഥയെ തൊട്ടു അന്വേഷണം നടക്കരുത് എന്നു അന്തോന്യനിൽനിന്നു ഒരു സമ്മതപത്രം വാങ്ങി സ്വന്തനാട്ടിൽ എത്തിയപ്പോൾ യോസേഫ്, അലക്സന്ത്ര, മറിയമ്ന എന്നീ മൂവൎക്ക തമ്മിൽ ഐക്യതയുള്ള പ്രകാരം സഹോദരിയിൽനിന്നു കേട്ടു. ഹെരോദാ പോകുമ്പോൾ യോസേഫിന്നു മറിയമ്നയെ കുറിച്ചു കൊടുത്ത ഗൂഢകല്പന അവൾ അറിയുന്നു എന്നു താൻ ഹെരോദാവിനോടു സമ്മതിച്ചു. ഇതിൻ നിമിത്തം രാജാവു അധികം സംശയിച്ചു യോസേഫിനെ വിസ്തരിക്കാതെ കൊല്ലിക്കയും അലക്സന്ത്രയെ തടവിൽ ആക്കി തന്റെ ഭാൎയ്യക്ക ഒരു വി

ധം ക്ഷമകൊടുക്കയും ചെയ്തു. എന്നിട്ടും അന്നു തൊട്ടു അവളിൽ അധികം സംശയം ജനിച്ചു പോന്നു.

31. ക്രി. മു. അക്തിയും എന്ന സ്ഥലത്തു വെച്ചു അന്തോന്ന്യനും ഒക്താവ്യനും തമ്മിലുണ്ടായ യുദ്ധത്തിൽ ഒക്താവ്യൻ ജയം കൊണ്ടു ഏകഛത്രാധിപതിയായ്തീൎന്നു* അന്നു മുതൽ കൈസർ എന്നും ഔഗുസ്തൻ എന്നും ഉള്ള മാനപ്പേർ പൂണ്ടു കൊള്ളുകയും ചെയ്തു. അന്തോന്ന്യൻ തോല്ക്കുകൊണ്ടു ഹെരോദാ തന്റെ ഭാവിയെ കുറിച്ചു സംശയിച്ചപ്പോൾ ഒരു വിധം തടവിലിരുന്ന അലക്സന്ത്ര വൃദ്ധനായ ഹിക്കാൻ എന്ന തന്റെ അഛ്ശനോടു: ഹെരോദാ നിങ്ങളേയും കൊല്ലുവാൻ ഭാവിക്ക കൊണ്ടു നാട്ടിൽനിന്നു ഓടിപ്പോകേണം എന്നു പറഞ്ഞതു കേട്ടു ഹിക്കാൻ അറവി രാജാവിനോടു തന്നെ കൈക്കൊള്ളേണ്ടതിന്നു എഴുതി അപേക്ഷിച്ചു. ഈ കത്തു കൊണ്ടുപോകുന്നവൻ അതിനെ ഹെരോദാവിന്നു കാണിച്ചു അവൻ അതു തുറന്നു വായിച്ചു എങ്കിലും അങ്ങോട്ടു അയച്ചു മറുപടിയും തനിക്കു കാണിപ്പാൻ കല്പിച്ചു. ആ മറുപടി കണ്ട ശേഷം കിഴവനായ ഹിക്കാനെ വരുത്തി ശിരഛ്ശേദം കഴിപ്പിച്ചു താനും. (ക്രി. മു. 30.) (ശേഷം പിന്നാലെ.)

A MEDITATION.
7. വേദധ്യാനം.

യഹോവായുടെ നാമം ഉറക്കേറും ഗോപുരം; അതിലേ നീതിമാൻ മണ്ടിക്കൊണ്ടു ഉയരേ സുഖിക്കും. സദൃ. ൧൮, ൧൦.

ദൈവത്തെ പരിചയായി കിട്ടിയവൻ തനിക്കു വിരോധമായ്വരുന്ന യാതൊരു തിന്മയിൽ പേടിച്ചു പോകാ. എന്നാലും വിരോധിയുടെ കോപക്രോധങ്ങളിലും ഭയപ്പെട്ടു ആപത്തിലും ശങ്കിച്ചു വിറെക്കുന്ന ആളുകളുണ്ടു. ദൈവഭക്തിയുള്ളവനോ ദാവീദ് രാജാവെ അനുസരിച്ചു പറയുന്നിതു: ദൈവം എന്റെ പക്ഷത്തിൽ ഉള്ളതുകൊണ്ടു മനുഷ്യൻ എന്നോടു ചെയ്യുന്നതിനെ ഞാൻ ഭയപ്പെടുകയില്ല; (സങ്കീ. ൧൧൮, ൬.) ആപത്തുകളിൽ ഭയം തോന്നുമ്പോൾ വിശ്വാസികൾ ദൈവം നമുക്കാശ്രയവും ബലവും ആകുന്നു എന്നുറപ്പിച്ചു ക്ലേശങ്ങളിൽ അവനത്രേ തുണ എന്നു ഏററം കാണപ്പെടുന്നു അതുകൊണ്ടു ഭൂമി മാറുകിലും സമുദ്രമദ്ധ്യേ മലകൾ കുലുങ്ങിയാലും (സങ്കീ. ൪൬, ൨. ൩.) നാം ഭയപ്പെടുകയില്ല. ദൈവം തന്നെ ചങ്ങാതിയും തുണയും പരിചയും സഹായക്കാരനും ആയിരുന്നാൽ ഭയം ഒട്ടും അരുതു. കഷ്ട ഞെരുക്കങ്ങളുടെ ഇരുട്ടു മൂടൽ പോലെ ഇറങ്ങിയാലും മരണതിമിരം അടുത്താലും ജീവനുള്ള യഹോവ തന്നെ വിശ്വാ

---

* കേരളോപകാരി 104ാം ഭാഗം.

സികളുടെ വെളിച്ചവും സൂൎയ്യനും ആകയാൽ പേടി അവക്കൊട്ടും അരുതേ. വിരോധികൾ അടുത്തു സിംഹങ്ങൾ പോലേ അലറി തങ്ങളുടെ പല്ലുകളെ മൂൎച്ചയുള്ള കുന്തങ്ങൾ കണക്കേ കാണിച്ചാലും ഭക്തൎക്ക ദൈവമായവൻ പരിചയും ശരണവുമായിരിക്ക കൊണ്ടു അവൎക്ക ഭ്രമത ഉണ്ടാകയില്ല നിശ്ചയം.

൫. എൻ വിശ്രാമം നിന്റെ നാമം
ക്രിസ്തു യേശു എൻ പ്രഭോ!
ശത്രുവിങ്കൽ എന്തു പേടി?
രക്തത്താൽ നീ എന്നെ നേടി
എന്റെ കോട്ട നീയല്ലോ!

൬. എന്നാൽ പിന്നെ ഞാനും നിന്നെ
മാത്രം ചാരിക്കൊള്ളുവൻ.
പാപമേ നിന്നെ കേളാതേ
ലോകമേ നിന്നെ തൊഴാതെ
നേരെ മേലോട്ടോട്ടുവൻ. (൧൬)

J. M. F.

THE LIZARD AND THE FLY.
ഗൌളിയും (പല്ലിയും) തുമ്പിയും — ഒരു കഥ.

ശുകതരുണി മധുരമൊഴി പകരുമൊരു സുന്ദരീ!
ചൊല്ലെക്കൊണ്ട സാമോദമാശു ചൊൽ സല്ക്കഥാ.
ജഗദധിപനുടെ കരുണ ഭരണഹരണങ്ങളെ
സന്തോഷമാൎക്കുണ്ടടങ്ങുന്ന വത്സലാ!
പകനിറെയുമൊരു ഗവുളിയൊരു നിശിയിലെൻ ഗൃഹേ
പാഞ്ഞോടി ആറീട്ടു തുമ്പിയൊന്നിന്റെ മേൽ
ബഹു സുമതികളിവരുടെ കളി സമരവൃത്തിയേ
പാടേ ഞെളിഞ്ഞിരുന്നങ്ങു നോക്കീടിനാർ.
ചുമരിലമുമുഴമകലേ കപടമതി ഗൌളിതാൻ
സൂക്ഷിച്ചിരുന്നാദ്യമുചിവാനീവിധം:
"കമലമുഖികളമൊഴികൾ പൊഴിയുമൊരുരൂപിണീ!
കാണായിവന്നു നീ യെൻ ഭാഗ്യകാലമേ!
തവ വചനരസമതിനു സമമിഹധരാതലേ
സാലശൃംഗസ്ഥനാം ഞാൻ കേട്ടതില്ലഹോ!
ഭവദധിമധുരകവിതയുടെ രസമതോൎത്തു ഞാൻ
പാരം ഞെരുങ്ങുന്നു ചുംബനം നല്കുവാൻ
അഴകുടയ തവ തനുവിനരിമമമഹാരമേ
ആലിംഗനം ചെയ്യിടാനിങ്ങുവാ സഖേ!
ഒഴികഴിവുപറയരുതു സുമുഖി നികടേ വരാൻ
ഓടിക്കളിച്ചുട്ടത്തീടിങ്ങു സാമ്പ്രതം."
കപടമൊരു കണശമറിയാതുള്ള തുമ്പിതാൻ
ഘാതകന്റെ മുമ്പിലെത്തി സാമോദമേ!
അപകടകമതിയുടയ ഗവുളി വെറുതേവലം
ആയം പെരുക്കിപ്പിടിച്ചങ്ങു തുമ്പിയെ
ചതിയനുടെ മമതയതിനൎത്ഥം ഗ്രഹിച്ചുടൻ
ചഞ്ചലിച്ചയ്യോ! പിടിച്ചങ്ങു തുമ്പിപെൺ
കൊതിപെരുകി ഗവുളിനിജവക്ത്രം ഇളക്കിനാൻ
കോട്ടമേന്ന്യേ തുമ്പി ചാടി പറന്നുടൻ.
"മതിമതി! കമതിചതിവു ഏളി കരുതുമധമ! കേൾ
വഞ്ചകം നീ യെന്തു കാണിച്ചതീവിധം?
ചതിനയതയൊടഗതികളുടെ കലമഴിച്ചിടാൻ

ചാതുൎയ്യവാക്കുകൊണ്ടിങ്ങടുക്കുന്നു നീ
സഖി, മമത ഹൃദി കരുതുമതികുശലനെന്നു നീ
സമ്പ്രഹാരാൎത്ഥം നടിച്ചെന്നുവാൻ ഗുണം?
സുഖമിതിതി തവ മതിയിലരുതു ശമനം ഖല!
സൂക്ഷിച്ചുകൊൾക നീ നാശമാകും ജവം."
ഭ്രമരകമിതുരചെയ്തുരുച്ചുവടകലേ നീങ്ങിനാൽ
പാൎശ്വഗൻ തോറെറന്നു പാടിക്കളിച്ചഹോ!
ഉമനനഹ! ധവളനിറശവ്വളി ഒളിമാൎഗ്ഗമായ്
സാധുവാന്തുമ്പിയിൻ പിമ്പിൽ ഞെരുങ്ങിനാൻ
അഹിതനിതി കൊതിയൊടരുതവണ വലവീശിനാൻ
ആറീട്ടമാക്ഷേപയോഗ്യനായ്തീൎന്നഹോ!
ബഹുമദമൊടുടനെ ഭ്രമകരമുര ചെയ്തീവിധം:
"പാതകാ! ഘാതകാ! പാൎത്തു ഞാൻ നിന്മനം
മധുരമൊഴി പലതുരചെയ്തെന്നോടടുത്തതും
വാത്സല്യമൂലമല്ലല്ലോ നിശാചരാ!
ഇതികമതി നയതയൊടു ചതികൾ പലർ ചെയ്തിലും
ഈശസാന്നിദ്ധ്യം ലഭിച്ചവന്നില്ല മാൽ."
പരിചൊടൊരു തരുണ നടിയെന്നോടു ശൌളിയെ
പഞ്ചാംഗഭേദം വരുത്തി ചതെച്ചുടൻ!
പരമകൃപ പ്രതിദിനമണിഞ്ഞിങ്ങുവത്സലാ!
ഭദ്രമായി നിത്യം സുഖിക്കഹോ! മംഗളം

M. Walsalam.

PAMICKI, THE SANDWICH-ISLANDER.

പമിക്കി എന്നവന്റെ ചരിത്രം.

പമിക്കെന്നവൻ തെൻസമുദ്രത്തിലുള്ള സംദ്വിച്ച്ദ്വീപിൽ (Sandwich) പിറന്നു. ഇവന്റെ ജനനകാലത്തിൽ ആ ദ്വീപിലേ ജനങ്ങൾ എല്ലാം മഹാക്രൂരരും ദുഷ്ടരും അജ്ഞാനികളും ആയിരുന്നു. ഇവന്റെ അമ്മയും കൂടെ മഹാക്രൂരതയുള്ളവൾ തന്നെ. എങ്ങിനെ എന്നാൽ അവൻ ജനനത്തിൽ അംഗഹീനനും ബലഹീനനുമായിരുന്നതിനാൽ അവൾ അവനെ അടുത്ത കാട്ടിലേക്കു എടുത്തുകൊണ്ടു പോയി അവിടെ ഒരു കുഴിമാന്തി ജീവനോടു കൂടെ അവനെ അതിൽ പൂത്തു പോയ്ക്കളകയും ചെയ്തു. ഇവനോ ദൈവം തനിക്കു കൊടുത്ത ശക്തി എല്ലാം കൂട്ടി മേൽ മൂടിയ മണ്ണെല്ലാം നീക്കി അവിടെ കിടന്നു കരവാൻ തുടങ്ങി. അതിന്നു സമീപത്തിൽ തന്നെ തനിക്കു ഏകമായിരുന്ന കുട്ടി മരിച്ചു പോയതിനാൽ അതിന്റെ അമ്മ കരഞ്ഞു കൊണ്ടിരുന്നു. അവൾ ഈ കുട്ടിയുടെ കരച്ചൽ കേട്ട ഉടനെ അതു തന്റെ കുട്ടിയുടെ ശബ്ദം പോലെ ഇരുന്നതിനാൽ ഭ്രമിച്ചു സന്തോഷിച്ചു കൊണ്ടു ആ ദിക്കിലേക്കു ചെന്നു. അവിടെ എത്തിയപ്പോൾ കരഞ്ഞു കൊണ്ടു കിടക്കുന്ന കുട്ടി മരിച്ചു പോയ തന്റെ ആൺകുട്ടിക്കു സമപ്രായമുള്ളതെന്നു കണ്ടു അല്പനേരം ഭ്രമിച്ചുനിന്നു പിന്നെ ധൈൎയ്യത്തോടെ ആ കുട്ടിയെ എടുത്തു തന്റെ വീട്ടിലേക്കു പോയി സ്വ

ന്തമകൻ എന്നു വെച്ചു പോററി വളൎത്തി. അല്പ സമയം മാത്രം അമ്മയുടെ സ്നേഹം അവളിൽനിന്നു അനുഭവിപ്പാൻ അവന്നു സംഗതി വന്നുള്ളൂ. തനിക്കു നാലു വയസ്സു പ്രായമായപ്പോൾ ആ സ്ത്രീ കഴിഞ്ഞു പോയതിനാൽ അവനെ പോററുവാൻ ആൾ ഇല്ലാതെ അവൻ അനാഥനായി തീൎന്നതൊഴികെ അവൻ അംഗഹീനൻ ആകകൊണ്ടു ആരും അവനെ തിരിഞ്ഞും മറിഞ്ഞും നോക്കിയതുമില്ല. വല്ല വീടിനോടും അവൻ സമീപിച്ചാൽ വീട്ടുകാർ അവനെ ആട്ടി ഓട്ടിക്കളയും. ഇങ്ങിനെയുള്ള കഷ്ടങ്ങൾ അവന്നു സഹിപ്പാൻ പാടില്ലായ്കയാൽ അവൻ നാടു വിട്ടു കാടു പുക്കു ദുഷ്ടമൃഗങ്ങളെ പോലെ അതിൽ സഞ്ചരിച്ചു പോന്നു.

ഇതു നിമിത്തം അവൻ മുന്നിലും അധികം അലങ്കോലമായി നടന്നതിനാൽ ജനങ്ങൾ അവനെ ഏററവും പകെക്കുകകൊണ്ടു താനും അവരെ അത്യന്തം പകെച്ചു എല്ലാ പാപങ്ങളെയും മടിയാതെ ചെയ്തു വന്നു, അജ്ഞാനത്തിന്റെ സൎവ്വ ദുഷ്കൎമ്മങ്ങൾ നടക്കുന്ന ദിക്കുകളിലേക്കു എല്ലാം പോയി ദുഷ്ടന്മാരോടു കൂടുകയും ചെയ്തു. ഇങ്ങിനെ അവന്റെ വികൃതി മേല്ക്കുമേൽ പെരുകിയതുകൊണ്ടു കോവിലകത്തിലും അവന്റെ വൎത്തമാനം അറിവാൻ സംഗതി വന്നു. തമ്പുരാൻ അവനെ അരമനക്കു വരുത്തിയപ്പോൾ ആബാലവൃദ്ധം രസിപ്പാൻ തക്കവണ്ണം അവൻ അവിടെ കളിച്ചതിനാൽ അന്നുമുതൽ അവനെ അരമന കൂത്താടി ആയി നിശ്ചയിച്ചു. ഈ കാൎയ്യം സംഭവിച്ച 1820ാം വൎഷത്തിൽ തന്നെ അമ്മെരിക്ക മിശ്ശ്യൻ ആ ദ്വീപിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടു.

ഇങ്ങിനെ ഇരിക്കുമ്പോൾ ഇവന്നു ഒരു മഹാവ്യാധി പിടിപെട്ടതിനാൽ കൈകാലുകൾ കുഴങ്ങി കണ്ണും മങ്ങലിച്ചു പോയി. ആകയാൽ അരമനയിൽ ഇവനെകൊണ്ടു ഉപകാരമില്ലാതെ വന്നതുകൊണ്ടു മേപ്പടി രാജാവും റാണിയും ഇവനെ തള്ളിക്കളഞ്ഞു അവനോടു ചേൎന്നിരുന്നവരും കൂടെ അവനെ വിട്ടകന്നു. ഇവൻ ഒരു മാസത്തോളം വ്യാധികൊണ്ടു വളരെ വരുത്തപ്പെട്ടിട്ടും അവന്നു തുണ ചെയ്യുന്നോർ ആരും ഉണ്ടായില്ല. എന്നിട്ടും അവൻ ജീവിച്ചതു അത്ഭുതം തന്നെ. അവന്റെ ചെറുപ്പത്തിൽ അവനെ കുഴിയിൽനിന്നു വീണ്ടതും കൂടെ ഇത്ര അത്ഭുതമല്ല.* ഇങ്ങിനെയിരിക്കുമ്പോൾ ഒരുനാൾ ഒരു ക്രിസ്ത്യാനൻ അവനെ കാണേണം എന്നിട്ടു അങ്ങും ഇങ്ങും തേടി നടന്നു. അപ്പോൾ ഒരു ചോലെക്കുള്ളിൽ എഴനീല്പാൻ പാടില്ലാതെ പട്ടിണികൊണ്ടു വലഞ്ഞു കൺ കാണാതെ കിടക്കുന്നതു കണ്ടു. എന്നിട്ടും അവന്റെ കഠിന നെഞ്ചിന്നു മാററമില്ലാതെ തന്റെ ജന്മനാളിനെ ശപിച്ചു കൊണ്ടു ജീവനെ ഒടുക്കിക്കളവാൻ നോക്കി. ക്രിസ്ത്യാനനോ മുമ്പെ ഇവനെ കുറിച്ചു കേട്ടതല്ലാതെ

* ആശ്ചൎയ്യമല്ല.

ഒരിക്കലും കണ്ടിട്ടില്ലെന്നു വരികിലും ഇപ്പോൾ കണ്ട ഉടനെ ദൈവസ്നേഹത്തെ ഓൎത്തു അവൻ ഇവന്നു ആവോളം സഹായം ചെയ്തു പോന്നു. ഈ ഉതകത്താൽ അവൻ അല്പം ബലപ്പെട്ടു കൊണ്ടാറെ ക്രിസ്തൻ മാത്രം രക്ഷിതാവെന്നും നിന്നെ പോലെയുള്ള ഏതു അരിഷ്ട പാപിക്കും അവൻ സൌഭാഗ്യത്തെ കൊടുക്കുമെന്നും വിശേഷാൽ ഇഹത്തിൽ രക്ഷാനിശ്ചയത്തെയും പരത്തിൽ നിത്യ ധന്യത്തെയും നല്കുമെന്നു അവന്നു നന്നായി ബോധം വരുത്തിയതും കൊണ്ടു അവൻ തന്റെ വരുത്തം കൂട്ടാക്കാതെ പറഞ്ഞതെല്ലാം നല്ലവണ്ണം കേട്ടു: ഇപ്പോൾ കേട്ട രക്ഷിതാവു തനിക്കു സൌഖ്യത്തെ തരുമെന്നു ഉറപ്പോടെ വിശ്വസിച്ചു. ക്രിസ്ത്യാനൻ ദിവസേന അവന്നു വേണ്ടുന്ന ആഹാരം കൊടുക്കയും ആത്മിക ഉപദേശത്തെ കഴിക്കയും ചെയ്തു. ഇങ്ങിനെ രക്ഷിതാവിൻ വാഗ്ദത്തങ്ങൾ തന്നെ ഇവന്നു ദിവ്യ ബലമായി തീൎന്നു. ഇവനോടു അറിയിച്ചതെല്ലാം നല്ല നിലത്തിലേ വിത്തിനോടു തുല്യമായി വന്നു. ആകയാൽ അവന്റെ സ്നേഹിതൻ അവനെ വിട്ടു പോകുമ്പോൾ എല്ലാം താൻ തനിച്ചിരിക്കുന്നതിനെ കൊണ്ടു അധികം ചിന്തിക്കാതെ അവൻ പറഞ്ഞു പോയ ഉപദേശങ്ങളെ തൊട്ടു വളരെ ആലോചിച്ചപ്പോൾ എല്ലാം കരുണാസമ്പന്നനായ ദൈവത്തോടു വിടാതെ പ്രാൎത്ഥിച്ചു പോന്നു. ഇങ്ങിനെ അവൻ സമയത്തെ തക്കത്തിൽ വാങ്ങിക്കൊണ്ടു വന്നതിനാൽ അവന്നു നേരം ബഹു വേഗം കഴിഞ്ഞു പോയപ്രകാരം തോന്നി. അവന്റെ സ്നേഹിതന്റെ വാക്കുകളെ ഓൎത്തും ധ്യാനിച്ചും കൊണ്ടു കൎത്താവിനോടു കൂടക്കൂട അപേക്ഷിച്ചു വന്നതിനാൽ കൎത്താവു താൻ തന്നെ തന്നോടു കൂടി എപ്പോഴം ഇരിക്കുന്ന ഉററ സ്നേഹിതൻ എന്നു അനുഭവിച്ചറികയും ചെയ്തു. പിന്നെ നല്ല സൌഖ്യം വന്നപ്പോൾ ബോധകന്മാരുടെ പ്രസംഗം കേൾക്കേണ്ടതിന്നു അവൻ തന്റെ ചങ്ങാതിയോടും കൂടെ നാട്ടകത്തിലേക്കു പോയി.

അതിന്റെ ശേഷം അവന്നു മറെറാരു പരീക്ഷ നേരിട്ടു അതോ ഇവനിലുണ്ടായ മാററങ്ങളെകൊണ്ടു അവന്റെ പഴയ സ്നേഹിതന്മാർ അവനെ അത്യന്തം നിന്ദിച്ചു പരിഹസിച്ചു. അവനെ തിരികെ പാപത്തിലേക്കു വശീകരിപ്പാൻ വട്ടം കൂട്ടി എങ്കിലും കൎത്താവു അവനെ വിശ്വാസത്തിലും പൊറുതിയിലും ബലപ്പെടുത്തിയതിനാൽ അവരുടെ പ്രയത്നങ്ങൾ ഒന്നും ഫലിച്ചില്ല; ഒടുക്കം ആയവരും തങ്ങൾ നിരസിച്ച സുവിശേഷം ബലമേറിയതെന്നതിന്നു മതിയായ ദൃഷ്ടാന്തം ഇവനിൽ കണ്ടതിനാൽ അവനെ പരീക്ഷിപ്പാൻ മടുത്തു പോയി. ഇപ്പോഴോ രാജാവും രാണിയും സുവിശേഷപ്രസംഗത്തിന്നു ചെവികൊടുക്കുന്നതു കൂടാതെ ആ ദ്വീപിൽ പാൎക്കുന്ന ജനങ്ങളിലും കൂടി ഒരു വലിയ മാററം ഉണ്ടായി വരികയും ചെയ്തിരിക്കുന്നു.

പിന്നെ പമിക്കി എന്നവൻ മിശ്ശ്യൻ പള്ളിക്കൂടത്തിലേക്ക പോയി വാ യിപ്പാൻ ശീലിച്ചതിന്റെ ശേഷം തിരുസ്നാനത്തിൽ അവന്നു ബത്തിമേയു എന്ന പേരും ലഭിച്ചു അവൻ വായ്പാൻ ശീലിച്ച ഉടനെ തിരികെ അവന്റെ കണ്ണിന്റെ പ്രകാശം അശേഷം പോയിപ്പോയി എങ്കിലും ദിവ്യവചനത്തെ അറിയേണ്ടതിന്നു തക്ക പ്രയത്നം കഴിക്കാതെ ഇരുന്നില്ല. എങ്ങിനെ എന്നാൽ എഴുത്തുപള്ളിയിലേ കുട്ടികളെക്കൊണ്ടു വേദപുസ്തകത്തെ വായ്പിച്ചു കേട്ടു അദ്ധ്യായങ്ങളായിട്ടു കാണാപാഠം പഠിച്ചു പോന്നു താൻ പഠിച്ചവററെകൊണ്ടു ധ്യാനിക്കുന്നതു തന്നെ അവന്നു മുഖ്യസന്തോഷവേലയായ്തീൎന്നു. അത്രയുമല്ല അവന്റെ നടപ്പും സ്വഭാവവും ഏററവും മാറി തിരുസ്നാനം പ്രാപിച്ചു ചില മാസങ്ങൾക്കിടേ താൻ പ്രസംഗിപ്പാനും രാജധാനിയിൽ ഒരു സഭയെ വിചാരിപ്പാനും തന്നെ നിയമിക്കപ്പെട്ടു. ഈ സ്ഥലത്തിൽ അവൻ അനേകം കാലം ഇരുന്നതിനാൽ ഏറിയ നന്മകൾ ഉളവായി വന്നു. താനോ ഒരു കൂലിക്കാരനേക്കാൾ അധികം വേല ചെയ്വാൻ ശക്തിയുള്ളവനായിരുന്നു. തന്നെ കുഴിയിൽനിന്നു മാന്തിയെടുത്തു കാട്ടിലേ ആപത്തിന്നും പട്ടിണിക്കും തെററിച്ചു ജനങ്ങളുടെ വിരോധത്തിൽനിന്നും തന്റെ അറിയായ്മക്കും പാപത്തിന്നും അവനെ തടുത്തു രക്ഷിച്ച കൎത്താവു തന്നെ ഈ കാൎയ്യങ്ങൾക്ക എല്ലാം വേണ്ടുന്ന ത്രാണിയും ബലവും അവന്നു നല്കിയതു. അവന്റെ വാക്സാമൎത്ഥ്യത്തെ നോക്കിയാൽ താൻ മറുലോകത്തിൽനിന്നു വന്നവൻ എന്നു തോന്നും; ആകയാൽ താൻ പലപ്പോഴും ദൈവം ലോകത്തെ ന്യായം വിധിപ്പാൻ വരുമ്പോൾ അവൻ ചെയ്യുന്ന ഭയങ്കരവും മഹത്വവുമുള്ള കാൎയ്യങ്ങളെ പറഞ്ഞു കേൾക്കുന്നവർ നടുങ്ങി തങ്ങടെ കൈകൊണ്ടു മുഖങ്ങളെ മൂടികൊള്ളും. ലോകത്തിൻ പാപങ്ങളെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാട്ടിനെ കൊണ്ടു ജനങ്ങളോടു ഘോഷിക്കുമ്പോൾ എല്ലാം പലരുടെ മനം ഉരുകി പോകും. ഇനി ഒടുക്കം അനേകർ എഴുനീററു തങ്ങടെ ആത്മാവിന്റെ വീണ്ടെടുപ്പിന്നായുള്ള കൎത്താവിൻ കരുണയെ അറിയിക്കുന്ന ദൂതനായിട്ടു തള്ളപ്പെട്ട ഈ എളിയവനെ തെരിഞ്ഞെടുത്തതുകൊണ്ടു കൃപാസമ്പന്നനായ ദൈവത്തെ ഏററവും പുകഴ്ത്തുകയും ചെയ്യും. * * *

THE MOABITE STONE.*

മോവാബ്യ ഓൎമ്മക്കല്ലു.

അംഗ്ലസഭാമിശ്ശനിലേ ബോധകനായ ആഗസ്തസ് ക്ലൈൻ1) 1868ാമതിൽ ചാവുകടലിന്റെ കിഴക്കുള്ള ദിബോനിൽ2) മോവാബ്യ ഓൎമ്മക്ക

---

* Chambers's Journal No. 651. (1876. 17 June). 1) Rev. Augustus Klein (ആയവർ ബാസൽ മിശ്ശൻ ബോധകശാലയിൽ പഠിച്ചു വന്നു). 2) ഇതിന്നു ഇപ്പോൾ ദിബാൻ എന്നു പറഞ്ഞു വരുന്നു.

ല്ലിനെ യദൃഛ്ശയാ കണ്ടെത്തി. ആയതിനെ ൨ രാജ. ൩ാം അദ്ധ്യായത്തിൽ പറഞ്ഞു വരുന്ന മോവാബിലെ മന്നനായ മേശ 890ാം ആണ്ടു ക്രിസ്തന്നു മുമ്പെ കൊത്തിച്ചു സ്ഥാപിച്ചിരിക്കുന്നു. ഇസ്രയേൽ രാജാവായ ആഹാബ് മോവാബ്യരെ ജയിച്ച ശേഷം അവർ ഇസ്രയേൽ രാജ്യത്തിന്നു നൂറായിരം ആട്ടിങ്കുട്ടികളെയും രോമം കൂടിയ നൂറായിരം ആട്ടിക്കൊററന്മാരെയും കപ്പം കൊടുക്കേണ്ടി വന്നു. ആഹാബ് മരിച്ച ഉടനെ മോവാബ്യർ കലഹിച്ചു അമ്മോന്യരെയും എദോമ്യരെയും സഹായത്തിന്നു വിളിച്ചു എന്നുവരികിലും അവർ തങ്ങളിൽ തന്നെ പിണങ്ങിപ്പോയതിനാൽ ഇസ്രയേല്യൎക്ക അവരെ എളുപ്പത്തിൽ ജയിച്ചു കൊള്ളയിടുവാൻ സംഗതി വന്നു. എന്നിട്ടും മോവാബ്യരാജാവായ മേശ അടങ്ങാതെ പുതുതായി പോരിന്നു ഒരുമ്പെടുകയാൽ ഇസ്രയേൽ രാജാവായ യഹോരാം യഹൂദായിലേ രാജാവായ യഹോശാഫാത്തിനെയും എദോമിലേ രാജാവെയും തുണെക്ക വിളിച്ചു മോവാബു ദേശത്തെ ആക്രമിച്ചാറെ മോവാബ്യർ രണ്ടാമതും തോററുപോയതിനാൽ മേശ തന്റെ വടക്കേ അതിരിലുള്ള സകല പട്ടണങ്ങളെ ഉറപ്പിച്ചു എതിൎത്തുകൊണ്ടു മുമ്പറഞ്ഞ പടക്കൂട്ടം വളഞ്ഞ വഴിയിൽ കൂടി ചുററി വന്ന സംഗതി മേൽ പറഞ്ഞ കല്ലെഴുത്തിനാൽ തെളിയും. ആ കൽ ആകട്ടെ മുകിൽവൎണ്ണമുള്ള ഒരു വക ചാണമാണിക്യം (ഉരക്കല്ല്)[3] ആകുന്നു. അതിന്നു നാലടി ഒരു അംഗുലം നീളവും രണ്ടടി ഒന്നര അംഗുലം അകലവും തക്ക കനവും പെരുത്തു ഭാരവുമുണ്ടു. അതിന്റെ മിനുക്കിയ മേല്പാട്ടിൽ നാലു പുറവും രണ്ടംഗുലം അകലത്തിൽ കുരുക്കുവളരും ഒന്നര വിരൽ അകലേ 34 വരികളിൽ എബ്രായ എഴുത്തിന്നൊത്ത ഫൊയ്നീക്യ അക്ഷരത്തിൽ എഴുത്തും കൊത്തിപ്പതിച്ചിരിക്കുന്നു[4]. ആ കല്ലിലേ എഴുത്തു ഗിൻസ്ബുൎഗ്ഗ്[5] പണ്ഡിതർ ഇംഗ്ലിഷിൽ ഭാഷാന്തരം ചെയ്തതാവിതു: മേശയായ ഞാൻ ദിബോങ്കാരനായ ഖേമോഷ്ഗാദ് എന്ന മോവാബ്യരാജാവിന്റെ മകൻ, എന്റെ അപ്പൻ മോവാബിനെ 30 ആണ്ടു ഭരിച്ചു ഞാനും എന്റെ അപ്പന്റെ ശേഷം വാഴ്ച നടത്തി, എന്റെ സകല കവൎച്ചക്കാരിൽനിന്നു എന്നെ രക്ഷിച്ചു എന്റെ എതിരാളികളുടെ മേൽ എൻ കണ്ണ് നോക്കികൊണ്ട് വാഴ്ത്തുമാറാക്കിയ[6] ഖേമോഷിന്നു ഞാൻ ഈ രക്ഷാകല്ലിനെ കൊൎച്ചയിൽ[7] നാട്ടിയിരിക്കുന്നു. കേട്ടാലും ഖേമോഷിന്നു തന്റെ നാടോടു തിരുവുള്ളക്കേടുണ്ടായതിനാൽ ഇസ്രയേൽ രാജാവായ ഒമ്രി[8] മോവാബെ ഏറിയ നാൾ ഞെരുക്കിക്കളഞ്ഞു; അന

(3 Basalt. 4) ഭാരതഖണ്ഡത്തിലുള്ള എപ്പേൎപ്പെട്ട അക്ഷരങ്ങൾക്കു ഈ എഴുത്തു ആധാരം എന്നു കാണിപ്പാൻ തക്ക കോപ്പുണ്ടു. 5) Dr. Ginsburg. 6) സങ്കി. ൫൯, ൧൦ നോക്ക. 7) Korcha. 8) ൧ രാജ. ൧൬, ൧൬ പറഞ്ഞ ഒമ്രി (അമ്രി എന്നും പറയുന്നു) എന്നവനിൽനിന്നു ആഹാബ് അഹസ്യ യോരാം അഥല്യ മുതലായവർ ജനിച്ചു. അസ്സൂൎയ്യരാജാക്കന്മാരുടെ പട്ടോലകളിൽ ഒമ്രിസാമ്രാജ്യത്തിന്റെ പേർ കൂടക്കൂടെ വായിക്കാം. ആ കല്ലിൽ കാണുന്ന ഓരോ സ്ഥലത്തിന്റെ പേരുകൾ ആവിതു: Chemosh, Medeba, Baal-Meon, Kirjathaim, Ataroth, Kirjath, Siran, Mochrath, Nebo, Ashtar-Chemosh, Jahath, Arcer=Aroer?, Arnon, Beth-Bamoth, Bezer, Bikran, Beth- Gamwl, Beth-Diblathaim, Beth-Baal-Meon, Horonaim.

ന്തരവനായ അവന്റെ മകൻ: ഞാനും മോവാബേ ഞെരുക്കും എന്നു പറഞ്ഞു. എന്റെ നാളുകളിൽ അവൻ: നാം പോയി ഞാനും അവന്റെ മേലും അവന്റെ കുഡുംബത്തിന്മേലും എന്റെ ആഗ്രഹത്തിന്റെ നിവൃത്തി കണ്ണാലെ കാണും എന്നും ഇസ്രയേലോ: ഞാൻ അതിനെ എന്നേക്കും ഒടുക്കും എന്നും പറഞ്ഞു. എന്നാൽ ഒമ്രി മെദേബാനാട്ടിനെ പിടിച്ച്; എതിരാളി താൻ ഉള്ളനാളുകളിലും മകന്റെ നാളുകളിലും അതിനെ 40 വൎഷത്തോളം അടക്കി വാണിരുന്നു; ഖേമോഷോ എന്റെ നാളുകളിൽ അതിനെ കരളലിഞ്ഞു ഞാനും ബായാൾ മേയോനെ പണിതു ചുററിലും ഓർ അകിഴ് കോരി കിരിയഥായിമിനെ പണിതു. ഗാദിലേ മനുഷ്യർ പണ്ടേ തൊട്ടു അതരോഥ് നാട്ടിൽ പാൎക്കയും ഇസ്രയേൽ രാജാവു അതരോഥിനെ ഉറപ്പിക്കയും ചെയ്തിരുന്നു. ഞാനോ ഖേമോഷ് മോവാബ് എന്നവരുടെ മനം തെളിവിന്നായി വാടിയേറിപ്പിടിച്ച് വാടിയിലേ പോരാളികളെ വധിക്കയും ചെയ്തു. അതിലെ കവൎച്ചകൊണ്ടുപോയി കിൎയ്യാഥിലേ ഖേമോഷിന്റെ മുമ്പിൽ അടിയറവെച്ചു അവിടെയോ സീരാൻ മൊഖ്രാത്ഥ് എന്ന ഊരുകളിലേ കുടിയാന്മാരെ പാൎപ്പിച്ചു. പിന്നെ ഖേമോഷ് എന്നോടു: ഇസ്രയേലിന്റെ കൈയിലുള്ള നേബോവേ ചെന്നു പിടിക്ക എന്നു പറഞ്ഞു. റാൻ എന്നിട്ടു ഞാനും രാത്രിയിൽ തന്നെ പുറപ്പെട്ടു പുലൎച്ചമുതൽ ഉച്ചയോളം അതിനോടു എതിൎത്തു 7000 പുരുഷന്മാരെ വാളിന്നിരയാക്കി സ്ത്രീകളെയും കന്യകമാരെയും വധിക്കാതെ അഷ്ടർ ഖേമോഷിന്നു നടച്ചിറ വെച്ചു. യഹോവെക്കുള്ള ഭജനപാത്രങ്ങളെ ഞാൻ എടുത്തു ഖേമോഷിന്നു തിരുമുല്ക്കാഴ്ചയാക്കി. ഇസ്രയേൽ രാജാവു ഇനിക്കു വിരോധമായി പടവെട്ടിയപ്പോൾ യാഹാസിനെ ഉറപ്പിച്ചു അതിൽ ആളുകളെ പാൎപ്പിച്ചു. ഖേമോഷ് അവനെ എന്റെ മുമ്പിൽനിന്നു ആട്ടിക്കളഞ്ഞപ്പോൾ ഞാൻ മോവാബിൽനിന്നു 200 പുരുഷന്മാരെയും അതിലേ എളിയവരെയും കൂട്ടി യാഹാസിൽ പാൎപ്പിച്ചു അതിനെ ദിബോനോടു ചേൎക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അതിൽ കൊൎച്ചയേയും കാട്ടിലേ വാടിയേയും നഗരവാടികളെയും അതിലേ പടിവാതിലുകളെയും ഗോപുരങ്ങളെയും ഒരു കൊട്ടാരത്തെയും ദുഷ്ടന്മാൎക്കു വേണ്ടി ആ വാടിക്കകത്തു തുറുങ്കുകളെയും പണിതിരിക്കുന്നു. കൊൎച്ചിലേ വാടിക്കകത്തു ഒരു കൊക്കരണി ഇല്ലായ്കയാൽ, ഞാൻ ജനങ്ങളോടു ഓരോരുത്തൻ തന്റെ സ്വന്ത വീട്ടിൽ ഓരോ കൊക്കരണി ഉണ്ടാക്കേണം എന്നു കല്പിച്ചു. ഇസ്രയേലിലേ തെരിഞ്ഞെടുത്ത പുരുഷന്മാരെക്കൊണ്ടു ഞാൻ കൊൎച്ചയുടെ അകിഴിന്നു വാടിയിടുവിച്ചു. ഞാൻ അൎരെ പണിതു അൎന്നോൻ പുഴയെ കടപ്പാൻ തക്ക നിരത്തിനെയും ഉണ്ടാക്കിച്ചു പാഴിടമായിപ്പോയ ബേഥ് ബാമോഥിനെ ഞാൻ പണിയിച്ചു, ദിബോനിൽനിന്നു വന്ന ആ

യുധപാണികൾ ഇടിച്ചുകളഞ്ഞ ബേസറിനെ ദിബോൻകാർ ഇണങ്ങുകകൊണ്ടു ഞാൻ പണിയിച്ചിരിക്കുന്നു. എന്റെ രാജ്യത്തോടു ചേൎത്തിരിക്കുന്ന നൂറു ...ബിക്രാൻ തുടങ്ങി ഞാൻ വാണിരുന്നു. ഞാൻ ബെഥ്ഗാമുൽ, ബെഥ്ദിബ്ലാഥായിം, ബെഥ്ബാ യാൾ മേയോൻ എന്നിവറെറ കെട്ടിച്ചു നാട്ടിലേ എളിയവരെ വരുത്തി അതിലിരുത്തി. അപ്രകാരം പണ്ടുതൊട്ടു എദോമ്യർ പാൎത്ത ഹൊരോനായിമിനെ ഞാൻ പണിതു; ഖേമോഷ് എന്നോടു: എഴനീറ്റു ഇറങ്ങി ഹൊരോനായിമിനോടു പടവെട്ടി അതിനെ പിടിക്ക എന്നു പറഞ്ഞതിനാൽ തന്നെ ഖേമോഷ് അതിനെ എന്റെ ദിവസങ്ങളിൽ മടക്കിത്തന്നതുകൊണ്ടു ഞാൻ അതിനെ കയ്യേററം ചെയ്തു പിടിച്ചു ആകയാൽ ഈ കല്ലിനെ ഓൎമ്മക്കായിട്ടു നാട്ടിയിരിക്കുന്നു താനും[9].

മേല്പറഞ്ഞ കല്ലിനെക്കൊണ്ടു ഒരു നീണ്ട ചരിത്രം പറവാനുണ്ടായിരുന്നു. ക്ലൈൻ എന്ന ബോധകൻ അതിനെ നല്പപ്പോൾ കണ്ടെത്തി. ആ സമയം അവിടെയുള്ള അറവികൾ ആയതു തങ്ങളുടെ കൃഷിയെ ചാഴിയും മററും വിലക്കുവാൻ ഉപകാരം എന്നു കരുതിയിരുന്നു. പ്രസ്സ്യകാൎയ്യസ്ഥൻ ബെൻഹാമീദ് എന്ന ബെദുവി മക്കളുടെ ശേഖിന്നു 120 പൊന്നു കൊടുത്തു കല്ലിനെ കൊണ്ടുപോവാൻ വിചാരിച്ചപ്പോൾ അറവികൾ അതിനെ ഓരിടത്തു കൊണ്ടുപോയി മറെച്ചുകളഞ്ഞു. ഒടുവിൽ അതിനെക്കൊണ്ടു തക്കിച്ചതിനാൽ കൊണ്ടുപോകുവാൻ സമ്മതിച്ചില്ല. പ്രസ്സ്യകാൎയ്യസ്ഥന്നു ആയതു സാധിച്ചില്ല എന്നു പരന്ത്രീസ്സ് കാൎയ്യസ്ഥനായ ഗന്നോ[10] കണ്ടപ്പോൾ ബെദുവി മക്കളുടെ അടുക്കേ ഒരു അറവിയെ അയച്ചു ആ കല്ലിന്നു 360 പൊന്നു പറഞ്ഞു, കടലാസ്സിൽ ആ കല്ലിന്റെ എഴുത്തു പതിച്ചെടുപ്പിപ്പാൻ കല്പിച്ചു. അറവിക്കാരൻ ആ കടലാസ്സിനെ കല്ലിൽ അമുക്കി തീരാറായപ്പോൾ അറവികൾ വാളും വടിയുമായി അവനേക്കൊള്ള വന്നു. ആ അറവി കടലാസ്സു തെരുതെരേ ഞമുണ്ടി കൈയിലടക്കിയ ഉടനെ അവർ അവന്റെ പുറത്തു വാൾ കൊണ്ടു വെട്ടി മുറിയേല്പിച്ചതിനാൽ അവൻ അതിനോടു കൂട മണ്ടിക്കളഞ്ഞു. ഗന്നോസായ്പു ആ ഞമുണ്ടിയ കടലാസ്സു വിരിച്ചു വായിച്ചു പൊരുൾ തിരിച്ചതിനാൽ വഴിയേ ആയതു വലിയ ഉപകാരമായ്വരികയും ചെയ്തു. ബെദുവി മക്കൾ ശമിച്ചു നില്ക്കായാൽ പരന്ത്രീസ്സു മന്ത്രി റൂമിക്കോയ്മയുടെ സഹായം ലഭിച്ചു ആയതു ദമസ്കിലേ വാലിയോടു ഏല്പിപ്പാൻ അവിടുന്നു കല്പിച്ചു. ബെദുവി മക്കളുടെ ശേഖമാരോ ആ ദേഹത്തോടു നീരസം ഉണ്ടാകയാൽ കല്ലിനെ തകൎത്തു തങ്ങളിൽ അംശിച്ചുകളഞ്ഞു. അഴിനില പൂണ്ടു വിട്ടുകൊടുക്കേണ്ട എന്നു അംഗ്ലനായകനായ വാരൻ[11] എന്നവരും ഗന്നോ

9) യറമിയ പ്രവാചകൻ ൪൮, ൧൮; ൪൯, ൩൪; ൧൬, ൧ ഇത്യാദികളും. യശായ ൧൫, ൧൬ നോക്കുക. 10) Ganneau, 11) Capt. Warren.

സാധ്യം കരുതി അക്കല്ലിന്റെ കണ്ടങ്ങൾ എവിടെ എല്ലാം ഉണ്ടെന്നറിവാൻ ആളയച്ചു തിരക്കിച്ചു ക്രമത്താലേ ഇരുവരുടെ ഉത്സാഹം കൊണ്ടു ഗന്നോ സായ്പിന്നു രണ്ടു വലിയ കണ്ടങ്ങളെയും വാരൻ നായകന്നു ചെറിയ കണ്ടങ്ങളെയും കിട്ടിയതിനാൽ അവററെ തമ്മിൽ പററിക്കയും ചെയ്തു. ഫലസ്തീനനാട്ടിലേ പഴമക്കൂട്ടം ആ കല്ലിനെ പരീസു നഗരത്തിന്നു ദാനമായി കൊടുക്കയും അതിന്റെ ഒരു വാർപ്പു ദ്രിബ്സിൻ കല്ലിനെ[12] കൊണ്ടു എടുപ്പിച്ചു ലണ്ടനിലേ പൌരാണികശാലെക്കു കൊടുത്തയക്കയും ചെയ്തു.

12) Gypsum അറവിയിൽ ദിയിബ്സിൻ എന്നും ഫാസ്സിയിൽ ഭൃബ്സിൻ എന്നും ഖല്ദായയിലേ ഗിഫേസ് എന്നും ഉള്ള ശബ്ദത്തിൽനിന്നു എല്ലാ വിലാത്തി ഭാഷകളിലേ വാക്കുളവായതു.

THE BONES OF THE TRUNK (1).
ഉടമ്പെല്ലുകൾ—ദേഹാസ്ഥികൾ (൧).

ശരീരത്തിൻ എല്ലുകൾ അഞ്ചു വിധമാകുന്നു.

൧. നെട്ടമുള്ളിലേ മുതുകെല്ലുകൾ ഇരുപത്തുനാലു[1].
൨. മൂട്ടുപൂണെല്ലു ഒന്നു[2].
൩. വാരിയെല്ലുകൾ ഇരുപത്തുനാലു[3].
൪. എതിർമുള്ളു ഒന്നു[4].
൫. ഉക്കെൽക്കെട്ടു ഒന്നു[5].

1) കൃഷി വളൎപ്പുകളിൽ കണ്ണു കൊള്ളുന്നതിന്നു പുല്ലുകൊണ്ടും മററും അവലക്ഷണമായ ആളുരു നാട്ടമേൽ കെട്ടി നിൎക്കുന്നേ വെക്കുന്നു. അതിന്നു

1) Vertebrae. 2) Os sacrum, ത്രികം, ത്രികാസ്ഥി. 3. Ribs, Costae, പാൎശ്വാസ്ഥികൾ. 4) Breast-bone, Sternum, ഉരോസ്ഥി. 5) Pelvis.

കുനിവാനോ ചരിവാനോ പാടില്ല. അപ്രകാരം വേണമെങ്കിൽ അതിന്റെ പുറം കൂട്ടി കെട്ടിയ നാട്ട കണ്ടന്നുണ്ടമായിരിക്കേണം. ഇതു തന്നെ മാനുഷ ശരീരസ്ഥിതിയിൽ വിളങ്ങുന്നു. മനുഷ്യന്റെ നെട്ടുമുള്ളു[6] ഒരു നാട്ടകണക്കേയല്ല അതു കട്ടത്തുരുണ്ട ഇരുപത്തുനാലു തുണ്ടങ്ങളായിരിക്കുന്നു. അവററിൻ മേൽ കീഴ് പുറങ്ങൾ ഓരായം ചേരുമാറു പരന്നു കുച്ചം[7] കൊണ്ടു യോജിച്ചിരിക്കുന്നതിനാൽ സൎവ്വശരീരാംശങ്ങൾക്കു തക്ക ഉറപ്പും ആകവും സാധിക്കയും ഉടൽ കുനിഞ്ഞു നിവിന്നു തിരിഞ്ഞു വളഞ്ഞു കൊൾവാൻ സ്വാധീനമായിരിക്കയും ചെയ്യുന്നു. ഓടൽ പോലെ ഇരിക്കുന്ന ഈ അസ്ഥിയുടെ മദ്ധ്യത്തിൽ മൃദുവായി ചുകന്നു തടിച്ച അകമജ്ജ[8] കേടു വരാതെ തല തുടങ്ങി അററത്തോളം നിറഞ്ഞിരിക്കുന്നു. ഈ മജ്ജയിൽനിന്നു സ്പൎശ്ശം സ്വേച്ഛാചലനം[9] എന്നിവററിന്നു പററിയ ഓരോ മജ്ജാതന്തുക്കൾ ശരീരത്തിൽ എങ്ങും പടന്നു കിടക്കുന്നു. ഈ മജ്ജസ്തംഭത്തിന്നു ഒരു സൂചി മാത്രം തട്ടിയാൽ ഉടനെ തരിപ്പും മരണവും ഉണ്ടാകും അല്ലായ്കിൽ ചിലപ്പോൾ സ്പൎശ്ശമോ സ്വേച്ഛാചലനമോ മാത്രം ഇല്ലാതെ പോകും താനും. മേൽക്കുമേൽ കിടക്കുന്ന ഈ മുതുകെല്ലുകൾ തെററി അകമജ്ജെക്കു ഹാനി വരാതവണ്ണം ഇരുഭാഗങ്ങളിൽ അവററെ തമ്മിൽ ഇണെച്ചു ചേൎക്കേണ്ടതിന്നു ചിറകിനൊത്ത ആണികൾ ഉണ്ടു. നേരേ പുറത്തു അകമജ്ജയെ കാപ്പാൻ തക്കമുള്ള ഓരേ തുണ്ടെല്ലോടു ചേൎന്നിരിക്കുന്നതിനെ മനുഷ്യൻ നിവിൎന്നാലല്ല കുനിഞ്ഞാൽ തന്നെ നന്നായി കാണുകയും ചെയ്യാം*.



നെട്ടുമുള്ളിന്റെ ആകൃതിയെ നോക്കിയാൽ ആയതു ചൊവ്വല്ല രണ്ടു സ്ഥലത്ത് വളഞ്ഞതായിരിക്കുന്നു. അതിന്റെ പ്രയോജനമോ മനുഷ്യൻ ഓടിച്ചാടിതുള്ളി നടക്കുമ്പോൾ അതിനാലുള്ള കടുത്ത ഇളക്കം ഉരത്തോടല്ല മെല്ലനേ മാത്രം തലയിൽ എത്തി തലച്ചോററിന്നു യാതൊരു പ്രകാരവും കേടുപാടു തട്ടിക്കാതെയിരിപ്പാൻ തന്നെ. നെട്ടെല്ലിന്നു തലെക്കൽ വണ്ണം കുറകയും ഉക്കെൽക്കെട്ടോടു അടുക്കുമളവിൽ തടിപ്പു ഏറുകയും ചെയ്യുന്നു. അതിനെ മൂന്നംശമായി വിഭാഗിക്കാറുണ്ടു. കഴുത്തുമുള്ളുകൾ

6) നട്ടമുള്ളു, തണ്ടെല്ലു, മുള്ളത്തണ്ടു എന്നും പറയുന്നു; Spinal column, Backbone, Spine, പൃഷ്ഠാസ്ഥി. 7) Cartilage. 8) Medulla Spinalis, പൃഷ്ഠമജ്ജ. 9) തൊട്ടറിവും മനസ്സോടെ ശരീരാവയവങ്ങൾ കൊണ്ടു നടത്തുന്ന അനക്കങ്ങളും.

*മേലേത്ത ചിത്രം മുതുകെല്ലുകളിൽ ഒന്നു കാണിക്കുന്നു. a ശരീരത്തിന്റെ ഉള്ളിലേക്കു നോക്കുന്ന അംശം. b അകമജ്ജ കിടക്കുന്ന ദ്വാരം. c c ഇരുപുറത്തേ വാരിയെല്ലുകൾ. d d ഇറകിനൊത്ത ആണികൾ. e മുള്ളു.

ഏഴും[10] മുതുമുള്ളുകൾ പന്ത്രണ്ടും[11] കടിമുള്ളുകൾ അഞ്ചും[12] എന്നിങ്ങനെ മൂന്നു പങ്കു തന്നെ[13].

1. കഴുത്തുമുള്ളുകളിൽ ചെണ്ടക്കുററി കണക്കേ തലയെ ചുമക്കുന്ന ആധാരാസ്ഥിയും[14] അതിൻ കീഴേ പല്ലോടൊത്ത ദന്താസ്ഥിയും[15] മററുള്ളവററിൽനിന്നു ഭേദിച്ചിരിക്കുന്നതു തലയെ യഥേഷ്ടം അങ്ങും ഇങ്ങും മേലും കീഴും ഇളക്കിക്കൊൾവാൻ തന്നെ[16]. ഈ പലവക തിരിച്ചൽ സാധിക്കേണ്ടതിന്നു ആ മുള്ളുകൾക്കു തമ്മിൽ അധികം മുറുകിയിട്ടുങ്ങിയ പിടിത്തമില്ലെങ്കിലും തലയുടെ ഭാരം അവററെ ഇടവിടാതെ അമൎത്തിവരികയാൽ വേണ്ടുന്ന ഉറപ്പു കൂടുന്നു താനും. എന്നാൽ തൂക്കിക്കളയുന്നവരുടെ തലയിൽനിന്നു ഉടലിന്റെ ഭാരമെല്ലാം തൂങ്ങുമ്പോഴേ അവരുടെ നെട്ടെല്ലു വലിഞ്ഞു ആ രണ്ടു മുള്ളുകൾ എളുപ്പത്തിൽ ഓരായം വിട്ടുളുക്കി ശ്വാസകോശങ്ങളുടെ മുഖ്യ തന്തുക്കൾ[17] പുറപ്പെടുന്ന പൃഷ്ഠമജ്ജയുടെ ആ സ്ഥലത്തെ തന്നെ ഞെക്കുകയാൽ പെട്ടെന്നു മരണമുണ്ടാകുന്നു. ഇതോൎത്താൽ തുമ്പില്ലാത്ത വിനോദത്തിന്നായി കുട്ടികളെ തലകൊണ്ടു പൊന്തിക്കുന്നതും മററും അനൎത്ഥമുള്ള കളിയെന്നും പലർ അതിനാൽ മരിക്കയോ മററവൎക്കു ഓരോ കേടു തട്ടുകയോ ചെയ്തിരിക്കുന്നു എന്നും ബോധിക്കും.

2. പിന്നെ പന്ത്രണ്ടു മുതുമുള്ളുകളിൽനിന്നു രണ്ടു വാരിയെല്ലുകൾ വീതം മുളെച്ചിരിക്കയാൽ അവ ഇരുപത്തുനാലു വാരിയെല്ലുകൾക്കു ആധാരം ആകുന്നു.

3. തലക്കൽ നടുമുള്ളിന്റെ ഇളന്തലയും കടിപ്രദേശത്തു മുതുതലയും ഉണ്ടാകകൊണ്ടു കടിമുള്ളുകൾ അഞ്ചും ശരീരത്തിന്റെ ആട്ടം കുനിച്ചു മറിച്ചു തിരിച്ചു മുതലായ അനേക വിവിധ അനക്കങ്ങൾക്കുപയോഗമാകയാൽ മനുഷ്യനൊത്ത മെയ്യൊതുക്കമുള്ള സൃഷ്ടി വേറേയില്ല എന്നറിവൂതാക.

2. മൂട്ടുപൂണെല്ലു. സാക്ഷാൽ നെട്ടെല്ലിന്റെ തുടൎച്ചയായ മൂട്ടുപൂണെല്ലിന്നു ശിശുപ്രായസ്ഥൎക്കു അഞ്ചു മുള്ളുകൾ ഉണ്ടെങ്കിലും അവ കുറെകാലം കൊണ്ടു ഏകദേശം ഓരെല്ലായി ചമയുന്നു. കൂശാകൃതിയുള്ള ഈ എല്ലു നെട്ടെല്ലിന്റെ കടിത്തലയും ഉക്കെൽക്കെട്ടിൻ പിൻപുറത്തു വൈരപ്പൂൾ കണക്കേ കുടുക്കിയ എല്ലും അത്രേ. അതിനോടു മുമ്പറഞ്ഞ

10) Cervical vertebrae. 11) Dorsal vertebrae. 12) Lumbar vertebrae. 13) പൂണമുള്ളു അഞ്ചും (os sacrum, ത്രികാസ്ഥി) വാൽമുള്ളുനാലും (os coccygis, ഗുദാസ്ഥി) എന്നിവ കൂട്ടിയാൽ നെട്ടെല്ലിന്നു ആകേ മുപ്പത്തുമൂന്നു മുള്ളുകൾ ഉണ്ടു. 14) Atlas, ശിരാധാരം. 15) Dentatus, Epistropheus. 16) 21-22ആം ഭാഗങ്ങൾ നോക്കിയാൽ ആധാരയെല്ലു പിടരിയെല്ലിൻ പെരുന്തുളയിൽ കൂടി കടന്നു നില്ക്കുന്നപ്രകാരം വിളങ്ങും. 17) Nerves മജ്ജതന്തു, നരമ്പു.

നാലു നേരിയ വാലെല്ലുകൾ[18] തുടൻ നെട്ടെല്ലു അവസാനിക്കയും ചെയ്യുന്നു. ഇവ അടിവയററിന്നു ആകമായി നില്ക്കുന്നു. ഇങ്ങനെ സകല മാനുഷാംഗങ്ങളിൽ നട്ടമുള്ളു അത്യന്തം അതിശയമുള്ളതും സ്രാഷ്ടാവിൻെറ ജ്ഞാനത്തെ വൎണ്ണിക്കുന്നതുമാകുന്നു. (ശേഷം പിന്നാലെ.)

E. Lbdfr.

A SPECIAL DAY OF HUMILIATION & THANKSGIVINGS.
അനുതാപസ്തോത്രാപദാനദിവസം.

നീ നിൻെറ ദൈവമായ യഹോവായെ അന്വേഷിച്ചു അവനെ നിൻെറ പൂൎണ്ണഹൃദയം കൊണ്ടും നിൻെറ പൂൎണ്ണ ആത്മാവു കൊണ്ടും നീ അവനെ അന്വേഷിച്ചാൽ നീ അവനെ കണ്ടെത്തും. ആവൎത്തനം ൪, ൨൯.

ഏകദേശം മൂന്നു നാലു വൎഷങ്ങളായി നമ്മുടെ ഹിന്തുസ്ഥാനത്തിൽ മഴ തക്ക പോലെ ഇല്ലാഞ്ഞതിനാലും ഓരോരിക്കൽ അധികമായി പെയ്തു വന്നതിനാലും കഠിന ക്ഷാമം ഉണ്ടായ്വന്നതു കൂടാതെ കഴിഞ്ഞ വൎഷത്തിൽ ഓരോരോ ദേശങ്ങളിൽ വെട്ടുകിളികളും എലികളും എണ്ണമില്ലാതെ വന്നു കൃഷി എല്ലാം നഷ്ടമാക്കിയതിനാൽ അനേകൎക്ക വളരെ ഞെരുക്കം തട്ടി. പലരും വിശപ്പുകൊണ്ടു മരിക്കയും ഈയിടേ പകൎച്ചപനി, വസൂരി, നടപ്പുദീനം മുതലായ കഠിനരോഗങ്ങളാൽ ഏറിയവർ ഈ ലോകം വിട്ടുപോകയും ചെയ്തു. ഇതെല്ലാമോൎത്താൽ വളരെ ദുഃഖിപ്പാനും ക്രിസ്ത്യാനരായ നാം ഈ കഷ്ടങ്ങൾ എല്ലാം വന്ന സംഗതിയെ ഭക്തിധ്യാനങ്ങളോടെ തിരുവെഴുത്തുകളിൽനിന്നു അവിടവിടെ വായിച്ചു വിശേഷിച്ചു ലേവ്യ ൨൬ാം കുറി കൊള്ളുവാനും ആവശ്യം.— അവിടെ പറയുന്നതെങ്ങിനെ എന്നാൽ "നീ എൻെറ ന്യായപ്രമാണങ്ങളിൽ നടന്നു എൻെറ കല്പനകളെ പ്രമാണിച്ചു അവയെ ചെയ്താൽ ഞാൻ തത്സമയത്തു നിങ്ങൾ മഴ തരും. ഭൂമി തൻെറ വൎദ്ധനയെയും തരും ഭൂമിയിലുള്ള വൃക്ഷങ്ങൾ അവയുടെ ഫലത്തെയും തരും. ഞാൻ ദേശത്തു സമാധാനത്തെ തരും. നിങ്ങൾ കിടക്കും ആരും നിങ്ങളെ ഭയപ്പെടുത്തുകയില്ല. നിങ്ങൾ പഴയ ധാന്യത്തെ ഭക്ഷിക്കയും പുതിയതിൻെറ നിമിത്തം പഴയതിനെ നിങ്ങൾ പുറത്തുകൊണ്ടുവരികയും വേണം. ഞാൻ നിങ്ങളുടെ ഇടയിൽ കടന്നു നിങ്ങൾക്കു ദൈവമായിരിക്കും നിങ്ങൾ ഇനിക്കു ജനവും ആയിരിക്കും."

"എന്നാൽ നിങ്ങൾ എന്നെ ചെവിക്കൊള്ളാതെയും ഈ കല്പനകളെ ഒക്കയും പ്രമാണിക്കാതെയും ഇരുന്നാൽ, ഞാനും ഇതിനെ നിങ്ങളോടു ചെയ്യും; കണ്ണുകളെ ക്ഷയിപ്പിക്കുന്നതും ഹൃദയത്തെ ദുഃഖിപ്പിക്കുന്നതുമായ ഭയത്തെയും ക്ഷയരോഗത്തെയും ജ്വരത്തെയും ഞാൻ നിങ്ങളുടെ മേൽ വരുത്തും; നിങ്ങളുടെ വിത്തിനെയും നിങ്ങൾ വൃഥാ വിതെക്കും. എന്തെന്നാൽ നിങ്ങളുടെ ശത്രുക്കൾ അതിനെ ഭക്ഷിക്കും."

---

18) പതിമ്മൂന്നാം സൂചകത്തെ നോക്കുക.

ഇപ്രകാരം മനുഷ്യജാതിക്കു നേരിടുന്ന സകല കഷ്ടനഷ്ടങ്ങളെ ദൈവം അയക്കുന്നതു നമ്മുടെ പാപങ്ങൾ നിമിത്തം ആകുന്നു എന്നും നമ്മുടെ നന്മക്കായി അവൻ നമ്മെ ശിക്ഷിക്കുന്നു എന്നും നമ്മെ പാപദാസ്യത്തിൽനിന്നു വിടുതൽ ഉള്ളവരാക്കി തീൎപ്പാൻ അവന്നു മനസ്സുണ്ടു എന്നും നന്നായി വിശ്വസിച്ചു സത്യ അനുതാപമുള്ളവരായി ദൈവത്തിൻ സന്നിധാനത്തിൽ വന്നു നമ്മെ തന്നെ താഴ്ത്തി നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞു കൃപയെ തേടുക!

ഇപ്പോൾ രണ്ടു മാസമായി മഴ നന്നായി പെയ്യുന്നതിനാൽ കൃഷിവൃക്ഷാദികൾ എത്രയും വായ്പു വളരുന്നതു കൊണ്ടു ദൈവം വീണ്ടും നമ്മോടും നമ്മുടെ ജന്മദേശത്തോടും കരുണ കാണിക്കുന്നു എന്നു വിളങ്ങി വരുന്നു പൂൎവ്വകാലത്തിൽ മോശയോടു ദൈവം “ഞാൻ എന്റെ ജനത്തിൻ നിലവിളിയെയും ഞെരുക്കങ്ങളെയും കണ്ടിരിക്കുന്നു എന്നു പറഞ്ഞതു പോലെ നമ്മുടെ അരിഷ്ട സ്ഥിതിയെയും ദൈവം കണ്ടിരിക്കുന്നു എന്നു വിശ്വസിച്ചു ധൈൎയ്യം കൊള്ളുക.

എന്നാൽ ഈ വരുന്ന ആഗുസ്ത് ൧൦ാം തിയ്യതി ഞായറാഴ്ചയിൽ നമ്മുടെ ആരാധന സ്ഥലങ്ങളിലും ഓരോരുത്തർ താന്താങ്ങളുടെ വീടുകളിലും ഈ സംഗതിയെ വിചാരിച്ചു കൊണ്ടു അനുതാപപ്പെട്ടു കൎത്താവിനെ മഹത്വപ്പെടുത്തുക എന്നിങ്ങിനെ കൎണ്ണാടകസഭാപത്രാധിപൻ നമ്മോടു അറിയിക്കുന്നു. നാം കേരളോപകാരി വായനക്കാരുടെ മുമ്പിൽ ആ അഭിപ്രായത്തെ വെക്കുന്നതോ ഇതിൽ കൂടുവാൻ മനസ്സുള്ളവർ യഥേഷ്ടം കൎണ്ണാടകസഹോദരന്മാരോടു കൂട ചേരേണ്ടതിന്നു തന്നെ.

(സഭാപത്രത്തിൽനിന്നു).

THE BIBLE IN THE NURSERY & IN INFANT SCHOOLS.
ശിശുശാലകളിലും അകംഭാഗത്തിലും കഴിക്കേണ്ടുന്ന ചോദ്യോത്തരം.

സവേദം അറികയും സ്നേഹിക്കയും ചെയ്യുന്ന ഏവൎക്കും വാത്സല്യമുള്ള വന്ദനം ചൊല്ലി, അവർ താഴെ പറയുന്ന സവേദചോദ്യങ്ങളെ ചെറുകിടയുടെ മുമ്പിൽ വെച്ചു ഉത്തരം പറവാൻ ശീലിപ്പിക്കേണമേ!

1. വേദം പറയുന്ന എട്ടാളുകൾക്കു രണ്ടുരു മരണമുണ്ടായി. അവരുടെ പേരുകൾ ഏവ?

2. മരിച്ച ഓരാൾക്കു ശവസംസ്കാരം കഴിക്കപ്പെടാതിരുന്നെങ്കിൽ ഉയിൎത്തെഴുനീല്പുയില്ലയായിരുന്നു ആയതാർ?

3. ഉയിരററ മേനിയോടു ശവപ്പെട്ടിയിൽ കിടന്നിട്ടും കേട്ടുതട്ടാതിരിക്കയും ചെയ്യുവനാർ?

4. യഹൂദരെ കാണുന്തോറും ക്രിസ്ത്യാനരാകുന്ന നാം ഏതു യഹൂദനെ ഓൎക്കേണ്ടതു? G. W.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

RELIGIOUS RECORD വൈദികവൎത്തമാനം.

MEDICAL MISSION IN CASHMIR.*

കാശ്മീരത്തിലേ വൈദ്യമിശ്ശൻ.

ഹിമാലയപൎവ്വതത്തിന്റെ ഉയൎന്ന വരികളുടെ (ശാഖകളുടെ) ഇടയിലും പഞ്ചനദത്തിന്റെ

വടക്കും കാശ്മീരം എന്ന മലരാജ്യം പഞ്ചനദത്തിന്റെ വടക്കു കിടക്കുന്നു. ഹിമപൎവ്വതങ്ങളുടെ ഇടയിലേ ഈ നാട്ടിന്നു തെളിനീർ പൊയ്കകളും ആലങ്കട്ട മലകളും (glacier) ഭംഗിയുള്ള കാടുകൾകൊണ്ടു മൂടിയ ചിനെപ്പുതാഴ്വരകളും (side-valleys) വാഴ്വുള്ള നിലവും സുഖമുള്ള വായുവും ഉണ്ടു. താണ നിലങ്ങളിൽ പാൎക്കുന്ന ഹിന്തുക്കളേക്കാൾ കാശ്മീരർ നെടുപ്പവും കെല്പും ഏറുന്നവർ ആയാലും അവർ പാപത്തിൽ മുഴുകി മട്ടില്ലാതെ മടിച്ചു കളയുന്നു. കുളിക്കാതെ ചേറോടു നടക്കയാൽ ഓരോ വരുത്തം അവരെ പിടിക്കുന്നു. അവർ ഉടുക്കുന്ന രോമനിലയങ്കി അകല കൈകളുള്ളതും കാലിന്റെ നരിയാണിയോളം താഴുന്നതും തന്നെ. ഈ ഓരൊററ തുണിമാത്രമേ അവരുടെ മേലുള്ളു. പണിയും പ്രയാണവും ചെയ്യുമ്പോൾ ആയതിനെ കയററി അരെക്കു ചുററി തുണികൊണ്ടു കെട്ടിമുറുക്കും. ആ വക കുപ്പായം വെള്ളം കാണായ്കയാൽ മുമ്പുള്ള കടകരെ പോലെ വെള്ളപ്പേൻ നിറഞ്ഞു മുയിങ്ങു ചൂർ അടിച്ചുകൊണ്ടിരിക്കും. ഹിമകാലത്തിലേ കടുപ്പമുള്ള കുളിർ അടക്കേണ്ടതിന്നു ഒരു തീച്ചട്ടിയെ മൂടിയ മടച്ചൽകൊട്ടയുടെ മേൽ ഇരുന്നു കായുകയും കൈകളെ കുപ്പായത്തിൻ ഉള്ളിൽ ഇട്ടു പൊത്തുകയും ചെയ്യുന്നു. ഈ തീച്ചട്ടികളുടെ പുക വീട്ടിൽനിന്നു പുറത്തു പോകുവാൻ ഇടം ഇല്ലായ്കയാൽ അകത്തു നിറഞ്ഞ പുക പല കൺവ്യാധിക്കും മററും വളമായ്തീരുന്നു.

കാശ്മീരത്തോളം വൈദ്യമിശ്ശൻകൊണ്ടു മറെറാരു രാജ്യത്തിന്നും ആവശ്യമുണ്ടായിരുന്നില്ല. ആയതിനെ അംഗ്ലസഭാമിശ്ശൻ പ്രവീണ്യ വൈദ്യനായ എല്മസ്ലിയെ (Dr. Elmslie) കൊണ്ടു സ്ഥാപിച്ചു. വലിയ ദാരിദ്ര്യത്തിൽ കാഞ്ഞു വളൎന്നു പലവിധ വലെച്ചലിൽ തെളിഞ്ഞു വന്ന ഈ സ്തോതൻ ആ വേലെക്കു തക്കയാൾ അത്രേ. ഒന്നാം ആണ്ടിലേ വേനൽകാലത്തു 2000ഉം പിറേറ കൊല്ലങ്ങളിൽ 3-4000 വീതവും ദീനക്കാരെയും ക്ലേശക്കാരെയും നോക്കി വരികയും ചില മാസങ്ങൾക്കുള്ളിൽ നൂറോളം പേൎക്കു പടലം പൊളിക്കയും ചെയ്തു. ദൈവം അദ്ദേഹത്തിന്റെ കൈപുണ്യത്തെ വളരെ അനുഗ്രഹിക്കുന്നു എന്നു നാട്ടുകാർ കണ്ടു മഹാരാജാവിനോടു വൈദ്യൻസായ്പു പിരിയാതെ തങ്ങളോടുകൂട പാൎത്തുവരേണ്ടതിന്നു അനുവദിക്കേണം എന്നുണൎത്തിച്ചു. യുരോപ്യരെ ഹിമകാലത്തിൽ തന്റെ രാജ്യത്തിൽ പാൎപ്പിക്കരുതു എന്നു ഏതു സംഗതി

* മേലേത്ത ചിത്രം മൂല നഗരമായ ശ്രീനഗരത്തിന്റെ കാഴ്ചയെ കാണിക്കുന്നു.

യാലോ മഹാരാജാവു ഭാരതഖണ്ഡത്തിലേ നാട്ടുവാഴിത്തലവന്മാരിൽ (ഉപരാജാവു) ഒരുവരോടു നിയമം ചെയ്യതിനാൽ എല്മസ്ലി വൈദ്യൎക്കു അവിടെ പാൎപ്പാൻ ന്യായമില്ല മുങ്കോപിയായ രാജാവിന്നു സമ്മതിപ്പാൻ മനസ്സുമില്ല. ഇങ്ങനെ ഇടവംതൊട്ടു തുലാത്തോളം (May—Oct.) വിശേഷിച്ചു കാശ്മീരത്തിലേ മൂലസ്ഥാനമായ ശ്രീനഗരത്തിലും ശേഷം മാസങ്ങളിൽ പഞ്ചനദത്തിലും വൈദ്യവേലയെ നടത്തും. അദ്ധ്വാനപ്പെരുമയാൽ വന്ന ബലഹീനത നിമിത്തം താൻ ശരീരസൌഖ്യത്തിന്നായി യുരോപയിലേക്കു പോയിട്ടും അടങ്ങി വിശ്രമിക്കാതെ കാശ്മീര ആകാരാദിപുസ്തകത്തെ ചമെച്ചു ഇപ്പോളുള്ള കാശ്മീരഭാഷയെ എഴുത്തുഭാഷയാക്കി തീൎത്തു. 1872ാമതിൽ സമമനസ്സുള്ള ഭാൎയ്യയോടുംകൂട വേണ്ടുന്ന കെല്പു നേടുന്നതിന്നു മുമ്പേ മടങ്ങിച്ചെന്നു നടപ്പുദീനം കാശ്മീരത്തിൽ പരക്കേ തട്ടിയതിനാൽ രാപ്പകൽ ഇടവിടാത അദ്ധ്വാനംകൊണ്ടു തൻെറ ശരീരശക്തി ക്ഷയിച്ചു തുടങ്ങി. ശരീരത്തിന്നു മാത്രമല്ല ആത്മാക്കൾക്കും ചികിത്സിച്ചു സൌഖ്യം വരുത്തുവാൻ അദ്ധ്വാനിച്ചതുകൊണ്ടു ശാന്തിക്കാരും ഉദ്യോഗസ്ഥന്മാരും തങ്ങളാൽ ആകുന്നേടത്തോളം ജനങ്ങളെ വൈദ്യൻെറ അടുക്കെ പോകാതിരിപ്പാൻ തടുത്തിട്ടും അനേകർ പരസ്യമായല്ല രഹസ്യമായിട്ടത്രേ വൈദ്യരെ ശരീരാത്മസൌഖ്യത്തിന്നായി കാണ്മാൻ ചെന്നതു. തനിക്കു ഹിമകാലത്തു കാശ്മീരത്തിൽ പാൎക്കേണ്ടതിന്നു അനുവാദം ഉണ്ടാകേണം എന്നു പഞ്ചനദത്തിലും കാലികാതയിലും ഉള്ള കോയ്മയോടു കഴിച്ച അപേക്ഷെക്കു തക്ക സമയത്തിൽ കല്പന എത്തായ്കയാൽ അൎദ്ധപ്രാണനായി കാശ്മീരത്തിൽനിന്നു ചൂടുള്ള പഞ്ചനദത്തിലേക്കു ഇറങ്ങി 1872 നൊവെമ്പ്ര 12ാം നു- മരിച്ചുപോയി. നൊവെമ്പ്ര 30ാം നു- കാശ്മീരത്തിൽ താമസിപ്പാൻ കല്പനയും എത്തി. എന്നാൽ അവൻെറ പ്രയത്നം വെറുതേയായില്ല. എല്മസ്ലി സ്വന്തകാൎയ്യം നോക്കാതെ പരോപകാരത്തിന്നായി തൻെറ ജീവനെ കളഞ്ഞതു ഓൎത്തു മഹാരാജാവിൻെറ മനസ്സിന്നു പെരുത്തു അയ്യോഭാവവും പതവും ഉണ്ടായ്വന്നതുകൊണ്ടു മെക്ഷ്വെൽ വൈദ്യർ ആസ്ഥാനത്തെ ഏററപ്പോൾ ശ്രീനഗരത്തിൽ ഒരു രോഗാലയത്തെ പണിയിപ്പാൻ നിശ്ചയിച്ചു. മെക്ഷ്വെൽ വൈദ്യർ 1874 മേയിൽ എത്തിയാറെ കഴിഞ്ഞ എല്മസ്ലി സായ്പും തൊണ്ണൂറു വയസ്സുള്ള വിശ്വസ്തു കാദിർബഖ്ഷ് ഉപദേശിയും എന്നിവരുടെ സാക്ഷ്യത്തെ കേട്ടനുസരിച്ച ചില ആത്മാക്കളെ കണ്ടു. ആഴ്ചവട്ടത്തിൽ ൬ ദിവസങ്ങളിൽ 100-200 ദീനക്കാൎക്കു ചികിത്സിക്കും പണി തുടങ്ങുംമുമ്പെ കിഴവനായ ഉപദേശി ഒരു വേദവചനത്തെ വായിച്ചു പ്രസംഗിക്കും,

രോഗാലയം തീൎന്നാറെ ദീനപ്പൊറുതി അന്വേഷിച്ചു വരുന്നവർ നാൾക്കുനാൾ പെരുകിയതിനാൽ മെക്ഷ്വെൽ വൈദ്യർ നന്നായി ചടെച്ചു 1875ാമതിൽ ക്ഷേമാവൎത്തനത്തിന്നായി ഇംഗ്ലന്തിലേക്കു പോകേണ്ടിവന്നു. പഞ്ചനദത്തിൽനിന്നു വന്ന ഒരു യുരോപ്യനും ഒരു നാട്ടുകാരനും ആയ രണ്ടു ബോധകന്മാർ കഴിയുന്നേടത്തോളം പണിയെ നടത്തി. 1877 ജനുവരിയിൽ ഡൌൻസ് (Downes) വൈദ്യർ ചേൎന്നു. അദ്ദേഹം ആദിയിൽ പട്ടാളത്തിൽ ഒരു നായകനും പിന്നീടു പട്ടമില്ലാത്ത മിശ്ശനെരിയും ആയിരുന്നു. അക്കാലത്തു കാഫിരിസ്ഥാനത്തിൽ (Kafiristan) കടപ്പാൻ വിചാരിച്ചിട്ടും കോയ്മ അവരെ തടുത്തുകളഞ്ഞു. ചുറുക്കും തുനികരവും ഉള്ളവനായി ഇംഗ്ലന്തിൽ പോയി വൈദ്യശാസ്ത്രാദികളെ പഠിച്ചു ചൎമ്മപത്രം (Diploma) നേടി വൈദ്യനായി താൻ കാശ്മീരത്തിലേ പണി ഏററപ്പോൾ ഓരാളെകൊണ്ടു ആവതല്ലാത പണിക്കു ഒരു സഹവൈദ്യനെയും ഒരു ബോധകനെയും തനിക്കു വൈകാതെ അയക്കുകയും ബോധകനോ ഹിന്തുസ്ഥാനിഭാഷ അധികം നടപ്പല്ലായ്കയാൽ വിശേഷിച്ചു കാശ്മീരഭാഷയെ പഠിക്കേണ്ടതിന്നു കല്പിക്കയും വേണം എന്നു സംഘക്കാരോടു അപേക്ഷിച്ചു. താൻ മൂന്നുനാൾ തൻെറ വീട്ടിലും മൂന്നു ദിവസം രോഗാലയത്തിലും ദീനക്കാരുടെ സങ്കടം കേൾക്കും. മാസംതോറും ചകട്ടുമേനിക്കു 2000 ആൾ തൻെറ വീട്ടിൽ ആലോചന കേൾക്കയും മരുന്നു വാങ്ങുകയും ചെയ്യും. മിഥുനംതൊട്ടു ചിങ്ങംവരെ രോഗാലയത്തിൽ 219 പാൎപ്പുദീനക്കാർ (in-patients) പൊറുപ്പിന്നായി ഇരിക്കയും 4180 പുറദീനക്കാർ (out-patients) ചികിത്സ അനുഭവിക്കയും 540 പേർ ശസ്ത്രപ്രയോഗത്തെ (operation) ഏല്ക്കുകയും ചെയ്തു. ഇതു ഓരാളുടെ ശക്തി മിഞ്ചുന്ന അദ്ധ്വാനം എന്നേ ചൊല്ലാവു. തൊണ്ടനായ കാദിർബഖ്ഷിൻെറ അലിവുള്ള ബോധനയെയും വേവുള്ള പ്രാൎത്ഥനയെയും ദീനക്കാർ മനസ്സു കൊടുത്തു കേൾക്കുന്നതും ഏറിയവർ പൊറുപ്പോടെ നാട്ടിലേക്കു മടങ്ങി

"ടക്കർ സാഹിബിനെ" അനുഗ്രഹിക്കുന്നതും വിചാരിച്ചു ഔഷധവൈദ്യർ ചൈയ്യപ്പെട്ട വേലയിൽ ഉത്സാഹിച്ചിരിക്കുന്നു. മഹാരാജാവു മിശ്ശനേരികൾക്കു ഹിമകാലത്തും കാശ്മീരത്തിൽ താമസിക്കേണ്ടതിന്നു സമ്മതിച്ചതിന്നു പുറമേ കളികാലത്തിൽ ഒരു മിശ്ശനേരികുഡുംബം രോഗാലയത്തിൽ പാൎപ്പാൻ തക്കവണ്ണം ഓർ എടപ്പു ഉണ്ടാക്കുവാൻ കല്പിച്ചിരിക്കുന്നു.*

Calw. Miss. Blatt 1878. No. 5.

---

*കാശ്മീരം മുമ്പെ വലിയൊരു സരസ്സായിരുന്നു എന്നു പലരും ഊഹിക്കുന്നു. അതിന്നു 25,000 □ നാഴിക പരപ്പുണ്ടെങ്കിലും 150,000 പേർ മാത്രം അതിൽ വസിക്കുന്നുള്ളു. ഭൂകമ്പം വസന്തരോഗങ്ങൾ പഞ്ചം എന്നിവററാൽ നിവാസികൾ ഈ ചെറു തുകയോളം ചുരുങ്ങിപ്പോയി. ഇപ്പോൾ കഠിനമായി ബാധിച്ചിരിക്കുന്ന ക്ഷാമത്തെ ശമിപ്പിപ്പാൻ വേണ്ടി അംഗ്ലകോയ്മ സഹായിച്ചു വരുന്നു. 1846ാമതിൽ ഇംഗ്ലിഷ്കാർ ഒന്നാം ശിഖയുദ്ധത്തെ അവസാനിച്ചശേഷം ഗുലാബ് സിങ്ങ് എന്നവന്നു ആ രാജ്യം ഏല്പിച്ചുകൊടുത്തു ആശ്രിതരാജ്യമായി (Protected State) അതിനെ വങ്കാളസംസ്ഥാനത്തിന്നു കീഴ്പെടുത്തിയിരിക്കുന്നു. മൂലസ്ഥാനമായ ശ്രീനഗരം വിതസ്താ (Jhelum) എന്ന പുഴവക്കത്തു കിടക്കുന്നു.

POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

അഫ്ഘാനസ്ഥാനം. — ഉപരാജാവവർകൾ കൈയൊപ്പു വിളയാടിയ സന്ധിപ്പിനെ ജൂൻ ൩൰ നു- അമീർ യാക്കൂബ് ഖാൻ എന്നവൎക്കു ഒരു ദൎബ്ബാരിൽ വെച്ചു ഏകിയിരിക്കുന്നു. ൨൯ നു- അമീർ തന്റെ പ്രജകളിൽ അംഗ്ലസൈന്യത്തോടു ഇടപാടു ചെയ്ത ഏവൎക്കും പൊതുവിൽ ക്ഷമ അറിയിക്കുന്ന ഒരു വിമോചനപത്രത്തെ (amnesty) സമ്മാനിച്ചു.

ജൂലായി ൭ ആം നു- അംഗ്ലസൈന്യങ്ങൾ കന്ദഹാരെ വിട്ടു ആ നഗരത്തെ അമീരിന്റെ കാൎയ്യസ്ഥന്നു ഏല്പിപ്പാൻ പോകുന്നു.

ജൂലായി ൧൦ നു- ഹെരാത്തിലെ നാടുവാഴി അമീരിനോടു: സൈസ്താൻ നാട്ടിന്റെ അതിരോളം വന്ന പാൎസ്സിസൈന്യത്തെ എതിരേററു താൻ തടുപ്പാൻ മനസ്സില്ല എന്നറിയിച്ചതു കൂടാതെ അമീർ ഇംഗ്ലിഷ്കാരുമായി സന്ധിച്ചു വന്നതു തനിക്കു ബോധിക്കുന്നില്ല എന്നുണൎത്തിച്ചുകൊണ്ടു തന്റെ യജമാനനോടു ചെറുത്തു നില്ക്കുന്നു.

ബൎമ്മ. — മണ്ഡലേയിൽ വാഴും തീബാ എന്ന മന്നൻ തന്റെ സിംഹാസനത്തെ ഉറപ്പിക്കേണ്ടതിന്നു ഏകദേശം നൂറു തമ്പാന്മാരും തമ്പാട്ടിമാരും അവരുടെ പ്രജയും കൊടുമയോടെ കൊന്നുകളഞ്ഞതു പോരാ എന്നു വെച്ചു ശേഷിക്കുന്ന രാജസന്തതിയേയും ഉപദ്രവിപ്പാൻ തുടൎന്നിരിക്കുന്നു. ആ സംഗതിയാൽ ജൂൻ ൻ നു- ഒരു തമ്പാട്ടി അംഗ്ലഉപദേഷ്ടാവിന്റെ അടുക്കൽ അഭയം ചൊല്ലി ഓടിച്ചെന്നിരിക്കുന്നു. ഇതറിഞ്ഞു മന്നൻ അവളുടെ അമ്മയെ പിടിച്ചു തടവിലാക്കി കനമുള്ള ചങ്ങലകൊണ്ടു അണിയിച്ചു. അംഗ്ലക്കോയ്മ മന്നന്റെ നടപ്പിനെ ശാസിച്ചു തന്റെ ക്രൂരതകളെ വിടേണ്ടതിന്നു തീൎച്ചയുള്ള കല്പനകളെ അയച്ചു. ഒരു മാസത്തിന്റെ അവധി വേണം എന്നു മന്നൻ പറഞ്ഞു യുദ്ധത്തിന്നായി ഒരുങ്ങികൊള്ളുന്നു.

എന്നാലും ജൂൻ ൧൪ നു- അംഗ്ലകാൎയ്യസ്ഥനായ ഷാ (Shaw) സായ്പവൎകൾ കഴിഞ്ഞു പോയപ്പോൾ ബൎമ്മകോയ്മ സമഭാവം കാണിച്ചതല്ലാതെ ആഡോംബരമുള്ള ശവസംസ്കാരയാനച്ചടങ്ങുകളാൽ (imposing funeral procession) അംഗ്ലകോയ്മയെ ഉപചരിച്ചിരിക്കുന്നു.

അന്തമൻ ദ്വീപുകൾ. — നാടുകടത്തപ്പെട്ട തടവുകാരിൽ ൧൮൭൭ാമതിൽ മുപ്പത്തേഴും ൧൮൭൮ാമതിൽ അറുപത്തൊമ്പതും വിവാഹങ്ങൾ നടന്നു. കഴിഞ്ഞ ആണ്ടിലേ വേളികളിൽ രണ്ടു തടവുകാർ സ്വാതന്ത്ര്യമുള്ള പെണ്ണുങ്ങളെ കല്യാണം ചെയ്ത താനും.

M. M. 1879 10. V.

നടപ്പുദീനം. — പെഷാവരിൽ നടപ്പുദീനം കുറഞ്ഞു പോയെങ്കിലും ലാഹോർ, രവൽപിണ്ടി, ഹിസ്സാർ എന്നീജില്ലകളിൽ മാറിട്ടില്ല. കന്ദഹാർ നഗരത്തിലും മററും ഈ ദീനം തുടങ്ങിയ പ്രകാരം കേൾക്കുന്നു.

ആർക്കാടു. — ആർക്കാട്ടിലേ മുഹമ്മദീയപ്രഭു ഖാൻബഹാദർ ജൂൻ 16നു- ജ്വരത്താൽ മരിച്ചു പോയി.

നിലമ്പൂരിലേ തേക്കിങ്കാടു. — നിലമ്പൂരിൽ കോയ്മ 1844 ആമതിൽ തേക്കു വളൎത്തുന്ന ഒരു കാടുണ്ടാക്കി അതിന്നു 3435 ഏക്കർ പരപ്പുണ്ടു. 1877-78 ആം കൊല്ലത്തോളം വട്ടപലിശയോടു കൂടെ 877,827 രൂപ്പിക ചെലവും മുള തേക്കു മരങ്ങളും വിററ വക 300,402 രൂ.

വരവും ഉണ്ടു. ആ കാട്ടിനെ 1986 കൊല്ലംവരെ നിൎത്തിയാൽ മതിപ്പിൻ പ്രകാരം 2,61,14,960 ഉ. ചെലവും 4,23,11,820 ഉ. വരവും തമ്മിൽ രണ്ടും കഴിച്ചാൽ 160 ലക്ഷം രു. ലാഭവും പിൻവരുന്ന കരുന്തലകൾക്കു ഏറിയ ഉപകാരവും ഉണ്ടാകും. ഈ കാട്ടിൽ ആദിയിൽ കുററിക്കാടുണ്ടായതിനാൽ തൈകൾ എല്ലാം നേരെ വളൎന്നു. ആയവ നീണ്ടുതടിക്കുമളവിൽ വല്ല കുറവുള്ളതിനെ വെട്ടി തുടമുള്ളതിനെ മാത്രം നിൎത്തും ഇങ്ങനെ 60 തേക്കു മാത്രം ഏക്കരിൽ ഇരിക്കുവോളം കൊല്ലന്തോറും മുറിക്കും. ഇതിനാൽ മരങ്ങൾ ചൊവ്വായി വളരുകയല്ലാതെ പശിമ കൂറുള്ള സ്ഥലത്തു 30 കോൽ നീണ്ടു കൊമ്പില്ലാത്ത തായ്മരം കിട്ടുകയും ചെയ്യും. ഈ മരം 30 ആം വയസ്സോളം നീളത്തിലും അതിന്റെ ശേഷം വണ്ണത്തിലും അധികം വളരുന്നു എന്നു കേൾപ്പു. M. M. No. 127. 1879.

ആഫ്രിക്കാ Africa.

സുപ്രത്യാശമുന.— മെയി മാസത്തിൽ സ്രൂലുകാപ്പിരികളുടെ മന്നനായ ചെതിവായോ അംഗ്ലകോയ്മയോടു സന്ധിപ്പാൻ ഭാവം കാണിച്ചു എങ്കിലും ചെന്നു നോക്കുമ്പോൾ അങ്ങില്ലാപൊങ്ങിന്റെ വേർ അത്രേ എന്നു കണ്ടിരിക്കുന്നു.

മൂന്നാം നപോലെയോന്റെ മകനായ ലൂയി സ്രൂലുകാപ്പിരികളോടുള്ള യുദ്ധത്തെ കാണേണ്ടതിന്നു പോയിരിക്കുന്നു. എന്നാൽ ജൂൻ ൧ന്നു മറെറാരു അംഗ്ല നായകനുമായി ശത്രുവിന്റെ വസ്തുത ശോധന ചെയ്യേണ്ടതിന്നു പോകയിൽ ഒരു കാപ്പിരി ആക്രന്തം കൊണ്ടു തമ്പാനെ കുത്തി കൊന്നിരിക്കുന്നു. അവർ 1856 ആമതിൽ മാൎച്ച് 16 ന്നു ജനിച്ചു ചക്രവൎത്തിയുമായി 1870 ആമതിൽ ഇംഗ്ലന്തിൽ ആശ്രയസ്ഥാനം പ്രാപിച്ച ശേഷം വൂലിച്ചിലേ രാജകീയ യോദ്ധാശാലയിൽ (Royal Military College) കാളന്തോക്കു പ്രയോഗവും സൂത്രാഭ്യാസവും പഠിച്ചു പരീക്ഷയിൽ ജയിച്ച 34 പേരിൽ ഏഴാമനായി തെളിഞ്ഞു വന്നതിനാൽ തനിക്കു മനസ്സുണ്ടായിരുന്നു എങ്കിൽ അംഗ്ലസൈന്യത്തിൽ പ്രാപ്തിക്കു തക്ക സ്ഥാനത്തെ ഏല്പാൻ അവകാശം ഉണ്ടു.

ജൂൻ ൯ന്നു-യിലെ വൎത്തമാന പ്രകാരം ചെതിവായോ നിരന്നു വരുവാൻ ഭാവിക്കുന്നതു കൊണ്ടു ഇംഗ്ലന്ത് നാട്ടിൽനിന്നു അതിനെ ചൊല്ലി കല്പന എത്തുവോളം ഇരുപക്ഷക്കാർ യുദ്ധം നിൎത്തിയിരിക്കുന്നു എങ്കിലും അംഗ്ല സൈന്യം ൨൦ നാഴികയോളം ചെതിവായോവിന്റെ പാൎപ്പിടത്തിന്നു അടുത്തു വന്നു പാളയം ഇറങ്ങിയിരിക്കുന്നു.

മിസ്രു Egypt.—മിസ്രു രൂമിസുല്ത്താന്റെ കീഴെ ഇരിക്കുന്നു എന്നു എല്ലാവൎക്കും അറിയാമല്ലോ. ആ രാജ്യത്തെ സുല്ത്താന്റെ പേരിൽ മെഹെമെത് ആലി ഉപരാജാവായി (വാലിയായി) വാണിരുന്നു. 1866 ആമതിൽ സുല്ത്താൻ ഒരു പ്രമാണത്താൽ (firmân) മെഹെമെത് ആലിയെയും അവന്റെ സ്വരൂപത്തെയും വാഴ്ചയിൽ സ്ഥിരപ്പെടുത്തി ഖിദിവ്-എൽ-മിസ്ര് എന്നൎത്ഥമുള്ള മിസ്രുരാജാവു എന്ന സ്ഥാനവും അവകാശവും കൊടുത്തു. മെഹെമെത് ആലിയുടെ മൂത്ത മകനായ ഇസ്മയേൽ ഖിദിവായ ശേഷം തന്റെ രാജ്യത്തിൽ ഓരോ വമ്പിച്ച കൃഷികൎമ്മശാലകൾ മുതലായ പണികളെ നടത്തേണ്ടതിന്നു ഏറിയ പണം കടമായി വാങ്ങി. ദുമ്പില്ലായ്മയും ശാഠ്യബുദ്ധിയും മററും കൊണ്ടു ഒപ്പിക്കേണ്ടുന്ന പലിശയെ ശരിയാംവണ്ണം കൊടുക്കായ്കയാൽ ചില കോയ്മകൾ തങ്ങളുടെ പ്രജകളുടെ പേരിൽ ഖിദിവിനെ മുട്ടിച്ചതു ഇസ്മയേൽ കേൾക്കായ്കയാൽ അംഗ്ല പരന്ത്രീസ്സ കോയ്മകൾ അവരെ പിഴുക്കുവാനും മൂത്ത മകനായ തൃഫിക്കിനെ വാഴിപ്പാനും നിശ്ചയിച്ചു. ഖിദിവ് വിരോധിച്ചാൽ രൂമിസുല്ത്താൻ ഹലിം പഷാ എന്നൊരന്യന്നു രാജ്യഭാരം ഏല്പിച്ചു കൊടുപ്പാൻ ഭാവിക്കുന്നു എന്നു ഇസ്മയേൽ കേട്ടപ്പോൾ ആത്മജാതന്നു വേണ്ടി സിംഹാസനത്തെ ഒഴിച്ചു കൊടുത്തു (ജൂൻ ൨൬ന്നു-) എന്നു തന്നെയല്ല വിലാത്തിയിലേ മുഖ്യ കോയ്മകളുടെ അഭിപ്രായത്തെ അനുസരിച്ചു ഹുസ്സൈൻ ഹസ്സാൻ എന്ന രണ്ടു മക്കളുമായി ഇസ്മയേൽ ഇതാല്യ രാജ്യത്തിലുള്ള നെയാപൊലിയിൽ (Naples) പാൎപ്പാൻ പോയിരിക്കുന്നു. ഇംഗ്ലിഷ് പരന്ത്രീസ്സ് കോയ്മകൾ ഏകോപിച്ചു മിസ്രു രാജ്യത്തിന്റെ വാഴ്ചയും ആയവ്യയങ്ങളും ക്രമത്തിൽ ആക്കുവാൻ ഏററിരിക്കുന്നു.

സുവെജ് തോട്. — ൧൮൭൯ആമതിൽ ൫൨,൩൩൮,൧൭൮ തൊൻ അളത്തമുള്ള ൧൪൭൭ കപ്പലുകൾ സുവെജ് തോടിനെ കടന്നു. അതിന്നു ൫൨,൦൩൮,൭൨,൩൨൦ ഫ്രാങ്ക കടവുകൂലി കൊടുത്തു വന്നു. കച്ചവടത്തിൻെറ വീഴ്ചകൊണ്ടു ൧,൩൮൦,൨൩൩ ഫ്രാങ്ക കഴിഞ്ഞ കൊല്ലത്തിൽ കുറഞ്ഞു കാണുന്നു. കടന്ന കപ്പലുകളിൽ അഞ്ചിൽ നാലു ബ്രിതിഷ് കപ്പലുകൾ അത്രേ. മേൽ പറഞ്ഞ കപ്പലുകളിൽ ൭൩,൫൩൫ യാത്രക്കാരുണ്ടായതിൽ ൪൫,൧൧൪ പേർ ഭാരതത്തിലേക്കു പോയവരത്രേ.

തോടു തുറന്നു വിട്ട നാൾ മുതൽ ൧൦,൭൮൫ കപ്പലുകൾ കടന്നു വന്നു. അതിൽനിന്നു ൮,൦൦൭ ബ്രിതിഷ് കപ്പലുകൾ തന്നെ

M. M. 1879 No. 52.

മൊരിഷസ്സ്. — (Mauritius) ദ്വീപിന്നു 745 □ നാഴിക പരപ്പും 345,955 നിവാസികളും 109866 സാധാരണ നിവാസികളും 236089 തമിഴർ മുതലായ ഭാരതഖണ്ഡക്കാരും അത്രേ.)

M. M. 1879 No. 52.

യുരോപ Europe.

ഇംഗ്ലന്ത്. — ലാരൻസ് കൎത്താവു എന്നു കേൾവിപ്പെട്ട പഞ്ചനദ വാഴുന്നോരും ഭാരതോപരാജാവും ജൂൻ 30നു-ത്തേ കമ്പിവൎത്തമാനപ്രകാരം ഇംഗ്ലന്തിൽ മരിച്ചു പോയതിനാൽ ഉപരാജാവവൎകളുടെ കല്പനെക്കു ജൂലായി 1നു- ഭാരതത്തിൽ പട്ടാളങ്ങൾ ഉള്ള സ്ഥലങ്ങളിൽ എല്ലാം അവരുടെ ബഹുമാനത്തിന്നായി 30 നിയമവെടി വെച്ചിരിക്കുന്നു. ഓലക്കസഭയുടെ വിധിപ്രകാരം ശവത്തെ ലണ്ടനിലേ വെസ്മിൻസ്തർ എബ്ബേ എന്ന പള്ളിയിൽ അടക്കം ചെയ്യും.

രുസ്സ്യ. — രുസ്സ്യച്ചക്രവൎത്തിയെ ചതികുല ചെയ്വാൻ ഭാവിച്ച സൊലാവിയെഫ് എന്നവന്നു ജൂൻ 9നു- സന്ത് പേതൎസ്സ് ബുൎഗ്ഗിൽ തൂക്കുമരത്താൽ മരണവിധി നടന്നു.

നാടുമാറിപോയവർ. — ൧൮൭൮ആമതിൽ വിലാത്തിയിൽനിന്നു വടക്കേ അമേരിക്കാവിലേക്കു കുടിയേറുവാൻ പോയവരിൽ 94651 ആണുങ്ങളും 54583 പെണ്ണുങ്ങളും ഉണ്ടു. അതാതു രാജ്യപ്രകാരം അവരുടെ തുകയാവിതു:

ഗൎമ്മാന്യയിൽനിന്നു	31,958
ഇംഗ്ലന്തു വേത്സുകളിൽനിന്നു	19,893
ഐൎല്ന്തിൽനിന്നു	17,I13
ശ്വേദനിൽനിന്നു	6,173
നൊൎവ്വേഗ്യയിൽനിന്നു	5,216
ഇതാല്യയിൽനിന്നു	5,168
ഔസ്ത്രിയയിൽനിന്നു	4,881
പരന്ത്രീസ്സ് രാജ്യത്തിൽനിന്നു	4,668
രുസ്സ്യയിൽനിന്നു	4,216
സ്കോത്ലന്തിൽനിന്നു	3,700
ദെന്മാൎക്കിൽനിന്നു	2,688
അമേരിക്കാവിലേ കാനദയിൽനിന്നു	24,533

M. M. No. 107. 1879.

ബാസൽ മിശ്ശൻ. — ബാസൽ മിശ്ശൻെറ മേധാവിയായ ഇൻസ്പെക്തർ യോസൻഹൻസ് ബോധകർ (Rev. J. Josenhans) വാൎദ്ധക്യം നിമിത്തം ജൂൻ ൧നു- തങ്ങടെ സ്ഥാനത്തെ ഒത്തോ ഷൊത്ത് എന്ന ബോധകൎക്കു (Rev. Otto Schott) ഏല്പിച്ചു കൊടുത്തു. യോസൻഹൻസ് ബോധകർ മുപ്പതു വൎഷമായി വൎദ്ധിച്ചു കൊണ്ടിരിക്കുന്ന ആ മിശ്ശന്നു മേധാവിയായി തൻെറ സകല ശക്തിയെ രാപ്പകൽ സന്തോഷത്തോടെ ചെലവു കഴിച്ച ശേഷം ആ വമ്പിച്ച വേലയെ ശരിയാംവണ്ണം എടുക്കേണ്ടതിന്നു തന്നെക്കൊണ്ടു കഴിവു വരികയില്ല എന്നു ശങ്കിച്ചു യോഗക്കാരോടു വിട വാങ്ങി എങ്കിലും വെറുതെ സ്വസ്ഥത അനുഭവിപ്പാൻ അല്ല തന്നാൽ ആകുന്നേടത്തോളം കൎത്താവിൻെറ വേലെക്കായി വിശ്വാസികളെ ഉത്സാഹിപ്പിക്കേണ്ടതിന്നു അവർ ആഗ്രഹിച്ചു മുതിരുന്നു. ഇവരെകൊണ്ടു കൎത്താവു ഭാരതം ചീനം ആഫ്രിക്ക മുതലായ രാജ്യങ്ങളിലേ സഭകൾക്കും പുറജാതിക്കാൎക്കും വിലാത്തി വട അമേരിക്ക തേൻ അമേരിക്ക ഔസ്ത്രാല്യ മുതലായ ഖണ്ഡങ്ങളിലേ ക്രിസ്ത്യാനൎക്കും ഏറിയ ആത്മീക ഉപകാരങ്ങളെ എത്തിച്ചതുകൊണ്ടു സകല അനുഗ്രഹങ്ങൾക്കു കാരണമായ ജീവനുള്ള ദൈവത്തെ സ്തുതിപ്പാൻ നാം കടമ്പെട്ടിരിക്കുന്നു.

ഷൊത്ത് ബോധകർ ഓരോ സഭകളെ പരിപാലിച്ചു വേദനിപുണതയും ഭക്തിവൈരാഗ്യവും പൂണ്ടു പുതിയ സ്ഥാനത്തെ ഏററിരിക്കുന്നു. കൎത്താവവൎക്കു ഏല്പിച്ച തിരുവേല അവർ മൂലമായി വാൎദ്ധിച്ചു കൊള്ളേണ്ടതിന്നു നാം അവൎക്കും കമ്മട്ടിയാൎക്കും പ്രാൎത്ഥനയാൽ പിന്തുണ നില്ക്കേണ്ടതു. അങ്ങിനെക്കൊട്ടൻ തന്നാൽ ആംവണ്ണം എന്നതു ഇവിടെയും കൊള്ളുന്നവല്ലോ.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. SEPTEMBER 1879. No. 9.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(*Translated by S. W.*)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

(VIാം പുസ്തകം 142ാം ഭാഗത്തിൽനിന്ന തുടൎച്ച.)

അക്കാലം രോദ ദ്വീപിൽവന്ന ഔഗുസ്തൻ കൈസരെ കാണേണ്ടതിന്ന ഹെരോദാ ചെന്നതല്ലാതെ മിസ്രയിലും കൂടെ പോയി അവനെ വണങ്ങിയതിനാൽ കൈസർ അവനിൽ പ്രസാദിച്ച വാഴ്ചയെ സ്ഥിരപ്പെടുത്തുകയും അകമ്പടിയായി നാനൂറു ഗല്ല്യരേയും ചില ദേശങ്ങളെയും അവന്നു കൂട്ടികൊടുക്കുകയും ചെയ്തു. ഈ യാത്രയിൽ അവൻ മറിയമ്ന അലക്സന്ത്രാ എന്നവരെ കാക്കുവാനായി സൊഹേമൻ എന്നവനേ ഏല്പിച്ചു. മുമ്പേ യോസേഫിന്നു കൊടുത്ത ഗൂഢ കല്പന ഇവന്നും കൊടുത്തിരുന്നു. ഈ സ്ത്രീകൾ സൊഹേമനിൽനിന്നു ഈ രഹസ്യകല്പനയെ അറിയേണ്ടതിന്നു ആവോളം ശ്രമിച്ചു. ഹെരോദാ മടങ്ങി വരികയില്ല എന്നു ഇവന്നും വിചാരിച്ചത് കൊണ്ടു അതിനെ അവരോടു അറിയിച്ചു. എന്നാൽ ഹെരോദാ വളരെ മാനത്തോടെ മടങ്ങി വരും കാലം കോവിലകത്തുള്ളവരിലും ഭാൎയ്യയിലും ഭാവക്ഷയം കണ്ടതല്ലാതെ തൻെറ സഹോദരിയായ ശലോമയും അമ്മയായ കിപ്രോയും ഹെരോദാവിൻ മനസ്സിനെ മറിയമ്നയിൽനിന്നു അകറ്റുവാൻ ആകുന്നേടത്തോളം ഉത്സാഹിച്ചു. മറിയമ്നയും അലക്സന്ത്രയും എദോമ്യരാകുന്ന ഈ കുഡുംബത്തെ മക്കാബ്യ വൈരാഗ്യം പൂണ്ടു പകെച്ചതു നിമിത്തം ഹെരോദാവിൻെറ സ്ത്രീകളിൽ ദ്വന്ദ്വപക്ഷങ്ങൾ ഉളവായി. സൊഹേമൻ മറിയമ്നയെ തൊട്ടു തനിക്കു ഹെരോദാവിൽനിന്നു കിട്ടിയ ഗുപ്തമായ കല്പനയെ സ്ത്രീകളോടു അറിയിച്ചു എന്നു ഹെരോദാ കേട്ടപ്പോൾ ആയവൻ മറിയമ്നയോടു കൂടെ വ്യഭിചരിക്കയാൽ അത്രെ അവളോടു അറിയിച്ചത് എന്നൂഹിച്ചതിനാൽ അവനെ പെട്ടെന്നു ശിരഃഛേദം ചെയ്യുകയും മറിയമ്നയുടെ നേരെ തൻെറ കോപം ജ്വലിക്ക

യും ചെയ്ക. ഭാൎയ്യയെ കൊല്ലുന്നതിനാൽ മാത്രം തന്റെ മാനത്തെ രക്ഷിപ്പാനും വാഴ്ചക്ക ഈടു വരുത്തുവാനും കഴിവുള്ളു എന്നു അമ്മയും സഹോദരിയും അവനോടു മന്ത്രിച്ചു, ജനബോദ്ധ്യത്തിന്നു വേണ്ടി മറിയമ്നയെ വിസ്തരിപ്പാൻ ഹെരോദാ വരുത്തിയ വിധികൎത്താക്കന്മാരിൽ ചിലർ അവളെ ദൂരമുള്ള ഒരു കോട്ടയിൽ അടച്ചു സൂക്ഷിക്കേണ്ടതിന്നു ആലോചന കൊടുത്തതിന്നു ശലോമ ഉത്തരമായി: ഇവൾ മക്കാബ്യവംശത്തിലെ ഒടുക്കത്തെ റാണി ആകകൊണ്ടു ജനങ്ങൾ അവളെ വളരെ സ്നേഹിക്കയും മാനിക്കയും ചെയ്യുന്നതിനാൽ അവളെ കോട്ടയിൽ പാൎപ്പിക്കുന്നെങ്കിൽ പുരുഷാരം ലഹള ഉണ്ടാക്കും എന്നു പറഞ്ഞാറെ ഹെരോദാ താമസിയാതെ അവളെ കൊല്ലിക്കയും ചെയ്തു.—29 ക്രി. മു.

മറിയമ്ന മരിച്ചതിൽ പിന്നെ ഹെരോദാവെ ഇടവിടാതെ ദുരാത്മാവു ബാധിക്കയാൽ അവൻ അസുരപ്രവൃത്തികളെ നടത്തിപോന്നു. ഭാൎയ്യഹത്യ കൊണ്ടു മനസ്സാക്ഷി കുത്തി സ്വസ്ഥതയില്ലാതെ താൻ പലപ്പോഴും ഒരു മുറിയിൽ അടെച്ചു പൂട്ടിയിരിക്കയും ചിലപ്പോൾ നായാടുകയും ചെയ്തുവന്നിട്ടും അവന്നു മനസ്സന്തോഷം ഉണ്ടായില്ല. അന്നു ആ നാട്ടിൽ പകരുന്നൊരു വ്യാധികൊണ്ടു അനേകർ മരിച്ചു. ജനം മാത്രമല്ല ഹെരോദാ താനും ഇതിൽ ദൈവത്തിൻ ഭയങ്കരശിക്ഷയെ കണ്ടു. താൻ ശമൎയ്യയിലെ നിൎജ്ജനദേശത്തിൽ വാങ്ങി പാൎത്തിട്ടും അവിടെയും ഈ വ്യാധി തന്നെ പിടിച്ചു അവൻ വേഗം മരിച്ചു പോകും എന്നു അലക്സന്ത്ര കൊതിച്ചു താൻ സിംഹാസനം കയറേണ്ടതിന്നു വേണ്ടുന്ന ഒരുമ്പാടുകളെ ചെയ്തു യരുശലേമിലുള്ള സൈന്യത്തേയും സ്വാധീനമാക്കി. ഈ വിവരം ദീനപരവശതയിൽ കിടന്ന ഹെരോദാ കേട്ടാറെ അലക്സന്ത്രയെ കൊല്ലിച്ചു. സൌഖ്യമായ ശേഷം അവൻ അതിക്രൂരനായി അല്പ കാൎയ്യത്തിന്നു വേണ്ടി സംശയിച്ചാൽ തന്റെ ഉററ ചങ്ങാതികളെയും കൂടെ വധിക്കയും ചെയ്യും.

നയഭയങ്ങളാൽ സകലത്തെ കീഴ്പെടുത്തി താൻ കൊതിച്ച ലാക്കിൽ എത്തി എങ്കിലും ആത്മരക്ഷ ഇല്ലാതെയായ്പമഞ്ഞു. രോമ ചക്രവൎത്തിയിൽനിന്നു തന്റെ രാജ്യഭാരത്തിന്നു മഹിമയും യഹൂദൎക്കു രോമകോയ്മയോടു രഞ്ജനയും വരുത്തുവാനായിട്ടു വലുതായ പല എടുപ്പുകളെ എടുപ്പിച്ചു. നേരംപോക്കിന്നു ഒരു കളി വിനോദകാഴ്ചപുരയേയും വലുതായ രംഗസ്ഥലത്തേയും പണിതു. യഹൂദന്മാൎക്കോ താൻ രംഗസ്ഥലത്തിൽ ചെയ്യിച്ച മൃഗപ്പോരും അങ്കപ്പോരും കൊണ്ടു വെറുപ്പുണ്ടായതേ ഉള്ളു. ഓരങ്കപ്പോരിന്നെ നടത്തുവാൻ ഒരിക്കൽ ആ ഖലൻ ചെന്നപ്പോൾ അവനെ കുത്തികൊന്നുകളവാൻ പത്തു യഹൂദന്മാർ തമ്മിൽ ശപഥം ചെയ്തു. തന്നാൽ ഒന്നും ചെയ്വാൻ ആവതില്ലാത്ത ഒരു കുരുടനും ഹെരോദാവോടു തനിക്കുള്ള നീരസം കാണിക്കേണ്ടതിന്നു അവരോടു ചേ

ന്നു. ഹെരോദാവോ ഒറററിഞ്ഞു ആ പത്തു പേരെ കൊല്ലിക്കയും യഹൂദർ ഒററുകാരനെ വധിച്ച് കളകയും ചെയ്തു.

അനന്തരം ഒന്നാം ഹിക്കാൻ പിടിച്ചിടിച്ച ശമയ്യനഗരത്തെ ഹെരോദാ വീണ്ടും പണിതു, അററകുററങ്ങളൊക്കയും തീൎത്തു ചുററും കേമമുള്ള വാടികളാൽ ഉറപ്പിച്ചു, ഔഗുസ്തൻ കൈസരിന്റെ ബഹുമാനത്തിന്നായി അതിൽ സെബാസ്തെ അല്ലെങ്കിൽ ഔഗുസ്ത എന്നു പേരുള്ള ക്ഷേത്രത്തെ കെട്ടിച്ചു. അതൊഴികേ മററു അനേകം സ്ഥലങ്ങളെ ഉറപ്പിക്കയും മറുരാജ്യങ്ങളിൽനിന്നു വരുത്തിയ കൂലിച്ചേകവരെ അവററിൽ പാൎപ്പിക്കയും ചെയ്തതിനാൽ തന്റെ സിംഹാസനത്തിന്നു സ്ഥിരത വരുവാൻ ഇട ഉണ്ടായി. അതു കൂടാതെ പല പരോപകാരക്രിയകളെകൊണ്ടു ജനങ്ങളെ വശീകരിച്ചു പ്രജാപ്രിയത്തിന്നായി പ്രയത്നിക്കയും ചെയ്തു. അതോ കനാൻ രാജ്യത്തിൽ കഠിന ക്ഷാമം ഉണ്ടായപ്പോൾ (22 ക്രി. മു.) അവൻ മിസ്രയിൽനിന്നു ധാന്യം വരുത്തുവാൻ തന്റെ വെള്ളി ഉപകരണങ്ങളെ കൊടുക്കയും മേച്ചിലില്ലായ്കകൊണ്ടു ആടുകൾ ഒടുങ്ങുകയാൽ ജനങ്ങൾക്ക വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ പരദേശങ്ങളിൽനിന്നു ആട്ടുരോമങ്ങളേ വരുത്തുകയും ദേശപ്രയോഗത്തിന്നു പല എടുപ്പുകളെ എടുപ്പിക്കയും കുളങ്ങളെ കുഴിപ്പിക്കയും പെരുവഴികളെ ഉണ്ടാക്കിക്കയും നീരോട്ടത്തിന്നു തോടുകളെ കീറിക്കയും മററും അനേക ഉപകാരങ്ങൾ ചെയ്തിരുന്നെങ്കിലും അജ്ഞാനാചാരങ്ങളെ പ്രത്യേകം നടപ്പാക്കി രോമാധികാരത്തിന്നു തന്നെതാൻ ദാസ്യപ്പെടുത്തിയതുകൊണ്ടു പ്രജാസ്നേഹം അവന്നു ഉണ്ടായിരുന്നതേയില്ലാ. അതു കൂടാതെ അവൻ ചക്രവൎത്തിയുടെ ബഹുമാനത്തിന്നായി കൈസരയ്യ എന്ന പട്ടണത്തെ കെട്ടി അതിൽ ഔഗുസ്ത എന്നു പേരുള്ള ഒരു ക്ഷേത്രത്തേയും വിനോദക്കാഴ്ച പുരയേയും പട്ടണസമീപം ഒരു തുറമുഖത്തേയും പണിയിച്ചു.

പിന്നേ ഹെരോദാവു രണ്ടാം മറിയമ്ന എന്നവളെ വേൾപ്പാൻ ആഗ്രഹിച്ചു. ഇവളോ ശീമോൻ എന്നൊരു നികൃഷ്ടന്റെ മകൾ ആയിരുന്നതുകൊണ്ടു ഇവളെ മാനത്തോടെ ഭാൎയ്യയായി എടുക്കേണ്ടതിന്നു അന്നുള്ള മഹാപുരോഹിതനെ ഭ്രഷ്ടനാക്കി ഇവന്നു ആ സ്ഥാനം കൊടുത്തു. ഹെരോദാ അജ്ഞാനക്ഷേത്രങ്ങളും എടുപ്പുകളും പണിയിച്ചത്കൊണ്ടു ജനങ്ങൾക്ക നീരസവും തനിക്കതിനാൽ അനൎത്ഥവും സാദ്ധ്യമായി വന്നു. അതുകൊണ്ടു അവൻ യഹൂദരെ പാട്ടിൽ ആക്കേണ്ടതിന്നു 17. ക്രി. മുമ്പെ (അല്ലെങ്കിൽ 20. 21? ക്രി. മു.) യരുശലേമിലേ ദൈവാലയത്തെ പുതുക്കുവാൻ തുടങ്ങി. ദൈവാലയം അഞ്ഞൂറു സംവത്സരത്തോളം പഴക്കം ചെന്നതുകൊണ്ടും രണ്ടു പ്രാവശ്യം അതിനെ കോട്ടപോലെ ഉപയോഗിച്ച ശത്രുക്കൾ അതിനെ പിടിച്ചതു കൊണ്ടും ജീൎണ്ണിച്ചതിനാൽ പുതുക്കുവാൻ അത്യാവ

ശ്യമായിരുന്നു. ദൈവാലയത്തെ പുതുക്കുവാനുള്ള അഭിപ്രായം ഹെരോദാ ജനത്തോടു അറിയിച്ചപ്പോൾ ഈ വമ്പണി തുടങ്ങി തികെക്കേണ്ടതിന്നു രാജാവിന്നു മനസ്സും കഴിവും ഉണ്ടോ എന്നു സംശയിച്ചതിനാൽ അവൻ പണിത്തരങ്ങളെല്ലാം ഒരുങ്ങും മുമ്പേ ഞാൻ ആലയത്തെ പൊളിക്കുന്നില്ല എന്നവൎക്കു ഉറപ്പു കൊടുക്കേണ്ടി വന്നു. എല്ലാ വിധമായ പണിത്തരങ്ങളെ ഒരുക്കുവാൻ രണ്ടു സംവത്സരം വേണ്ടി വന്നു. തെയ്യാറായ ശേഷവും ദൈവാലയത്തെ ഒരുമിച്ചല്ല അംശാംശമായി പൊളിച്ചു നന്നാക്കുവാൻ സമ്മതിച്ചതേയുള്ളു—. ഒമ്പതര സംവത്സരത്തിന്നകം മുഖ്യ പണികൾ തീൎത്തിരുന്നെങ്കിലും ദൈവാലയത്തെ മുഴുവൻ നന്നാക്കേണ്ടതിന്നു ഹെരോദാവിന്റെ ജീവകാലം മാത്രമല്ല 64 ാം ക്രിസ്താബ്ദത്തോളം തന്നെ പണിനടത്തേണ്ടി വന്നു. അത്കൊണ്ടത്രേ യഹൂദന്മാർ യേശുവോടു "ഈ മന്ദിരം നാല്പത്താറു വൎഷംകൊണ്ടു പണിയിക്കപ്പെട്ടു. . . . ." "എന്നു പറവാൻ സംഗതിയുണ്ടായി. യോഹ. 2, 20.

(ശേഷം പിന്നാലെ-)

A MEDITATION.

വേദധ്യാനം (8)

ദൈവവചനം എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു
ആനന്ദവുമായിരിക്കുന്നു. എന്തെന്നാൽ സൈന്യങ്ങളുടെ ദൈവമായ യഹോവായേ,
നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നു. യറ. ൧൫, ൧൬.

നാമവും ക്രിയയും ഭക്തനിൽ ഒത്തു വരേണ്ടതു. ദൈവപുത്രൻ എന്ന നാമത്തെ നീ ആഗ്രഹിക്കുന്നെങ്കിൽ യേശുവെ വിശ്വസിക്കുന്നവനായി ജീവിച്ചു നടക്കുകേ വേണ്ടു. നീ വാക്കു ആചാരക്രിയകളിൽ നിന്നെ തന്നെ ദൈവപുത്രനായി കാണിക്കേണം. വാക്കു തന്നെ പോരാ. പലർ കൎത്താവേ കൎത്താവേ എന്നു വിളിക്കുന്നെങ്കിലും സ്വൎഗ്ഗസ്ഥപിതാവിന്റെ ഇഷ്ടത്തെ ചെയ്യുന്നവരത്രേ അവന്റെ ആളുകളാകുന്നു. ശേഷമുള്ളവരോ തങ്ങൾ ജീവനുള്ളവർ എന്നു നിനെച്ചാലും ദിവ്യ ജീവൻ പരിശുദ്ധാത്മാമൂലം സൽക്രിയകൾക്കായി അവരിൽ വ്യാപരിപ്പാൻ കഴിയായ്കകൊണ്ടു ചത്തവരത്രേ. ആത്മിക വഞ്ചന എല്ലാ ചതിവുകളിൽ വലിയതും നഷ്ടം വരുത്തുന്നതും ആകുന്നു. "ഞാൻ രക്ഷപ്പെട്ടവൻ" എന്നു വല്ലവൻ തന്നെക്കൊണ്ടു ഊഹിച്ചാലും അവൻ വേഷധാരിയത്രേ എന്നു തെളിയുന്നതു കഷ്ടമല്ലയോ. അവൻ രക്ഷപ്പെട്ടവൻ അല്ല എന്നും വിധിക്കപ്പെട്ടവനും നശിക്കുന്നവനും അത്രേ എന്നും കാണായ്വരും. ൦രം തരമുള്ള കപടഭക്തരും ആത്മവഞ്ചകരുമായവരെ ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്ന കൎത്താവിന്റെ കണ്ണു കാണുന്നു. പുറമേ ഭ

ക്തി കാണിച്ചവരോടു താൻ: എന്നോടു അകന്നു പോകുവിൻ; നിങ്ങളെ ഞാൻ ഒരു നാളും അറിഞ്ഞിട്ടില്ല എന്നു തീൎച്ച കല്പിക്കയും ൧൦ ംര വിധിയെ സ്ഥിരപ്പെടുത്തുകയും ചെയ്യും. J. M. F.

൧. മനുഷ്യർ ഒക്കെ ഭൂമിയിൽ
നടന്നോരോരോ ക്രിയെക്കും
ന്യായാധിപൻ ഗ്രന്ഥങ്ങളിൽ
കണ്ടോളമേ പിണെക്കും
താൻ ചെയ്യതും ചെയ്യാത്തതും
അറിഞ്ഞിട്ടന്നെല്ലാവൎക്കും
ശരി എന്നോൎത്തടങ്ങും.

൨. യഹോവാച്ചൊൽ മറന്നവർ
എപ്പേൎക്കും അയ്യോ കഷ്ടം
ഭൂവി അദ്ധ്വാനിച്ചിട്ടവർ
ചേൎത്തുള്ളതന്നു നഷ്ടം
ചെറിയ കൂട്ടത്തിൽ ദയ
കാട്ടാത്തവരും അഞ്ചുക
നിത്യാഗ്നിയെ പുകേണ്ടു. (൨൨൩)

THE LORD'S DAY.

സ്വസ്ഥദിവസത്തെ കുറിച്ചു.

വിലന്തി പല്ലവി.

രക്ഷിക്ക രക്ഷിക്ക രക്ഷക ഞങ്ങളെ
പക്ഷമൊടീക്ഷണം ചെയ്യ.

അനുപല്ലവി.

പാപികളാകിയ ഞങ്ങളെ നിന്നുടെ
മുമ്പിൽ നീ ചേൎത്തു രക്ഷിക്ക.

ചരണങ്ങൾ.

൧. ദൈവമേ നിന്നെ നൽവന്ദനചെയ്യുന്നാൽ
പാവനത്വവുമുണ്ടാകും എന്നും
ദ്യോവിങ്കൽ നിത്യം സുഖിച്ചിരിക്കാമെന്നും
വ്യവസ്ഥയായോൎമ്മ തരിക. രക്ഷിക്ക.

൨. ശുദ്ധദിവസമാമിട്ടിനത്തെ ഞങ്ങൾ
ശുദ്ധമായാചരിപ്പാനും നിന്റെ
ശുദ്ധമാമാലയേ ചെന്നു നമിപ്പാനും
ശുദ്ധിയും ബുദ്ധിയും തന്നു രക്ഷിക്ക.

൩. കഴിഞ്ഞരാത്രി മുഴവനും ഞങ്ങളെ
കരുണയാ നീ പാലിച്ചു ഇപ്പോൾ
കൎത്താവേ ഇട്ടിനേ ആത്മസംബന്ധമാം.
കാൎയ്യത്തിൽ ഇഷ്ടം വരുത്തി രക്ഷിക്ക.

൪. പാപസമുദ്രത്തിൽ മഗ്നരാം ഞങ്ങടെ
പാപമശേഷവും നീക്കി ദൈവ
കോപവും ശാപവും തീൎത്തു നീ ഞങ്ങളെ
കേവലം പാലനം ചെയ്യ രക്ഷിക്ക.

൫. വിശ്വാസികളാം നിൻ ഭൃത്യരെയൊക്കയും
ആശ്വസിപ്പിക്കേണം നാഥാ. മുദാ.
വിശ്വാസികളായ ഭൃത്യരെ സഭയിൽ
ശശ്വദയക്കുക ദേവ. രക്ഷിക്ക.

൬. ആത്മരക്ഷക്കുള്ള വിശ്വാസമെല്ലാൎക്കും
ആത്മാവാം ദേവ നീ നല്കി ഇന്നു
ആദരാലെല്ലാരും സത്യസഭാതന്നിൽ
ആഗമിപ്പാന്നിടയാക്കി രക്ഷിക്ക.

൭. പൂതമാം നിന്റെ വചസ്സുകൾ ഞങ്ങളിൽ
പുതുതായിട്ടിരിക്കേണം സദാ
താതസുതാത്മകദൈവത്തിന്നെപ്പോഴും
സ്തുതിയും കീൎത്തിയും ഭവതു രക്ഷിക്ക. C. D. David.

THE TWO HEMISPHERES ഭൂമിയുടെ അൎദ്ധഗോളങ്ങൾ.*

(Vആം പുസ്തകം 136 ആം ഭാഗത്തിന്റെ തുടൎച്ച).

പടിഞ്ഞാറെ ഭൂഗോളാൎദ്ധം—വടക്കു—കിഴക്കേ ഭൂഗോളാൎദ്ധം.

---

* ഈ വിഷയത്തിന്റെ തുടൎച്ച നിനയാത്ത വിധത്തിൽ താമസിച്ചു പോയതു കൊണ്ടു മാന്യന്മാരായ വായനക്കാൎക്കു മുഷിച്ചൽ തോന്നരുതേ. 6. 6 ഉം 7. 7 ഉം ഭൂഗോളത്തിന്റെ അച്ചുതണ്ടും 1. 1. ധ്രുവവൃത്തവും 2. 2 ഉം ഉത്തരായണാന്ത രേഖയും 3. 3 ഉം മദ്ധ്യരേഖയും, 4. 4 ഉം ദക്ഷിണായനാന്തരേഖയും, 5. 5 ഉം പ്രതിധ്രുവവൃത്തവും സൂചിപ്പിക്കുന്നു എന്നറിയേണം.

൧. ഈ ചിത്ര പ്രകാരം ഭൂഗോളത്തെ ഊഹത്താൽ രണ്ടു സമാംശങ്ങൾ ആക്കി മുറിച്ചു ആ മുറികളെ കമിഴ്ത്തി തമ്മിൽ തൊട്ടു വെച്ചിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

൨. കിഴക്കേ ഗോളാൎദ്ധത്തിൽ ഉറെച്ച നിലവും വെള്ളവും ഏകദേശം സമമായി ഇരിക്കുന്നു; പടിഞ്ഞാറേതിലോ മുക്കാൽ അംശം സമുദ്രത്തിന്നു കാലംശം ഭൂമിയേ കാണ്മൂ.

൩. പൂൎവ്വഗോളാൎദ്ധത്തിലുള്ള ഉറെച്ച നിലത്തെ നാലു ഖണ്ഡങ്ങളാക്കി കല്പിച്ചിരിക്കുന്നു: കിഴക്കു വടക്കുള്ളതിന്നു (൧) ആസ്യ എന്നും അതിന്റെ പടിഞ്ഞാറു തൊട്ടിരിക്കുന്നതിന്നു യുരോപ എന്നും യുരോപയുടെ നേരെ തെക്കുള്ളതിന്നു ആഫ്രിക്ക (൩) എന്നും ആസ്യയുടെ തെക്കും ഗോളാൎദ്ധത്തിന്റെ കിഴക്കേ വെളുമ്പിലും കിടക്കുന്ന മഹാദ്വീപിന്നു ഔസ്ത്രാല്യ (൬) എന്നും പേർ. യുരോപ ആഫ്രിക്ക എന്നിവറ്റെ മദ്ധ്യതരന്യാഴി എന്ന കടൽ തമ്മിൽ വേൎപ്പെടുത്തിയാലും ആഫ്രിക്ക വടക്കു കിഴക്കേ കോണിൽ ഒരു കരയിടുക്കിനാൽ ആസ്യയോടു ചേൎന്നിരിക്കുന്നതു കൊണ്ടു ആസ്യ യുരോപയോടും ആഫ്രിക്കയോടും ഇണങ്ങിരിക്കുന്നു.

യുരോപയുടെ വട പടിഞ്ഞാറു (൪) എന്ന അടയാളത്താൽ കാണിച്ച ദ്വീപുകൾ അംഗ്ലസാമ്രാജ്യം (ഇംഗ്ലന്തു) അത്രേ.

ആഫ്രിക്കയിൽ കൂടി മൂന്നു ഊഹരേഖകൾ ചെല്ലുന്നു. (2) എന്ന ഉത്തരായണാന്ത രേഖയുടെ വടക്കു സഹര എന്ന മഹാമരുഭൂമി പരന്നു കിടക്കുന്നു. അതിന്റെ തെക്കു കൊവാര (ജോലിബാ എന്നും നീഗർ എന്നും പറയുന്ന) നദി വരെച്ചിരിക്കുന്നു. അതിന്റെ തെക്കേ ഭാഗത്തു പടിഞ്ഞാറു നിന്നു തുടങ്ങിയാൽ സിയെറലേയോനെ, ലിബേരിയ, പൽകര, പൊങ്കര (അതിൻ വടക്കു അശന്തേരാജ്യം) ദാഹൊമെ, ബെനിൻ മുതലായ തീരപ്രദേശങ്ങളുണ്ടു. (3) എന്ന മദ്ധ്യരേഖയടുക്കേ മാലാമലകളേയും നീല കൊങ്ങോ എന്നീനദികളുടെ ഉൽപത്തിയേയും വൻപോയ്കളായ ന്യസ്സ മുതലായവറ്റേയും കാണാം. (4) എന്ന ദക്ഷിണായന രേഖയുടെ തെക്കു സുപ്രത്യാശമുനമ്പു നില്ക്കുന്നു. അതിന്റെ തെക്കേ പാതിയും പടിഞ്ഞാറെ പാതിയും ഇംഗ്ലിഷ്കാൎക്കുള്ളതു. ത്രൻസ്വാൽ ജനക്കോയ്മ ആ രേഖയുടെ ഇരുഭാഗത്തു കിടക്കയാൽ ഇംഗ്ലിഷ് സ്വാധീനത്തിലുള്ള രാജ്യത്തിന്റെ വലിപ്പത്തെ അല്പം ഊഹിക്കാം. പിന്നെ ആഫ്രിക്കയുടെ കിഴക്കു ദക്ഷിണായനാന്തത്തിൽ കിടക്കുന്ന വലിയ ദ്വീപു മദഗസ്കാർ അത്രേ.

ആസ്യയുടെ വടക്കേ അംശം രുസ്സ കോയ്മെക്കും തെക്കു പടിഞ്ഞാറുള്ള പങ്കു റൂമിസുല്ത്താന്നും തെക്കു കിഴക്കുള്ളതു ചീന ചക്രവൎത്തിക്കും അതിന്റെ കിഴക്കുള്ള ദ്വീപാവലി ജാപാന ചക്രവൎത്തിക്കും കീഴടങ്ങുന്നു. 6.7. എന്നീ രേഖകൾക്കുടുത്ത ഭാരതഖണ്ഡം എന്ന മുക്കോണിച്ച അൎദ്ധദ്വീപും

അതിൻെറ കിഴക്കുള്ള ബൎമ്മാ തെനസ്സെരിം എന്ന കരപ്രദേശവും ഇംഗ്ലി ഷ്ക്കാരെ അനുസരിക്കുന്നു. അതിൻെറ കിഴക്കു അനാമും തെക്കോ മുനമ്പു രൂപമുള്ള മലക്കയും കാണാം. ആ മുനമ്പിൻെറ തെക്കും കിഴക്കും എട്ട വലിയ ദ്വീപുകൾ ഉണ്ടു. എല്ലാററിൽ വടക്കുള്ള ത്ഥായിവാൻ എന്ന ഫൊൎമ്മോസ ദ്വീപു ചീനക്കുള്ളതു. അതിൻെറ തെക്കു ലൂസോനും (Luzon) മിന്ദനാവോവും ഇവററിൻ തെക്കിലും ബൊൎന്നെവോ ചേലബസ് എ ന്നിരണ്ടു ദ്വീപുകളും എല്ലാററിൽ തെക്കോ സുമാത്ര ജാവ എന്ന വലിയ സുന്ദാദ്വീപുകളും ചെറിയ സുന്ദാദ്വീപുകൾക്കു പകരം ഒരു ദ്വീപും കാ ണാം. ലന്തക്കാരും ഹിസ്പാന്യരും പൊൎത്തുഗീസരും മററും അവിടെ ഭരി ക്കുന്നു.

ചെറിയ സുന്ദാദ്വീപുകൾ വടക്കു പടിഞ്ഞാറെ അററം കൊണ്ടു ഔ സ്ത്രാല്യയോടു കുറശ്ശേ അടുക്കുന്നു. ഔസ്ത്രാല്യയുടെ നേരെ വടക്കു പപൂവാ എന്ന നവഗിനേയ ദ്വീപും തെക്കോ തസ്മാന്യ ദ്വീപും ഉണ്ടു.

൯. പശ്ചിമ ഗോളാൎദ്ധത്തിൽ അമേരിക്കാ എന്ന ഖണ്ഡവും ആസ്യ യുടെ കിഴക്കേ മുനമ്പും കാണാം. (൭) എന്ന വടക്കേ പങ്കിന്നു വട അ മേരിക്കാ എന്നും (൮) എന്ന തെക്കേതിന്നു തെൻ അമേരിക്കാ എന്നും പേർ. മദ്ധ്യാമേരിക്കാ എന്ന കരയിടുക്കു രണ്ടിനെ തമ്മിൽ ഇണെക്കുന്നു. അതി ൻെറ കിഴക്കുള്ള ഉൾക്കടലിലേ ദ്വീപുകൾ പടിഞ്ഞാറെ ഇന്ത്യാ ദ്വീപു കൾ എന്നറിയേണം. 2 ഉം 4 ഉം എന്നീ ആയനാന്തരേഖകൾക്കിടേ പ ടിഞ്ഞാറെ വശത്തിൽ അനേക ചെറു ദ്വീപങ്ങൾ ഉണ്ടു.

൧൦. വട തെൻമുനമ്പുകളിൽ അതിർ ഇത്രോടം നിശ്ചയിപ്പാൻ പാടി ല്ലാത്ത ഹിമഭൂമികൾ കിടക്കുന്നു.

൧൧. വെള്ളത്തിൻെറ വിഭാഗം കേട്ടാലും: 1 1. ഉം ഇടയിൽ ധ്രുവസമു ദ്രവും, 5. 5 ഉം ഇടയിൽ പ്രതിധ്രുവ സമുദ്രവും ആസ്യൌസ്ത്രാല്യകൾക്കും അമേരിക്കാവിന്നും മദ്ധ്യേ മഹാശാന്തസമുദ്രവും യുരോപാഫ്രിക്കകൾക്കും അ മേരിക്കാവിന്നും ഇടയിൽ നീണ്ട അത്ലന്തിക സമുദ്രവും ആഫ്രിക്ക ആസ്യ ഔസ്ത്രാല്യ എന്നിവററിൻ നടുവിൽ ഹിന്തു സമുദ്രവും (ഭാരതസമുദ്രവും) അലെക്കുന്നു. ഭാരതസമുദ്രത്തിൽനിന്നു രണ്ടു കൈ വടക്കു പടിഞ്ഞാറോ ട്ടു ചെല്ലുന്നു. പടിഞ്ഞാറുള്ള ചെങ്കടൽ ആഫ്രിക്കാവിലേ മിസ്ര അബെ സ്സിന്യ എന്നീ രാജ്യങ്ങളെ അറവിയിൽനിന്നും വടക്കുള്ള പാസ്യഉൾക്കടൽ അറവിക്കെട്ടു പാസിസ്ഥാനം എന്നിവററെയും വേൎത്തിരിക്കുന്നു.

SCRIPTURE PRIZE-QUESTIONS.
വിരുതിന്നുള്ള വേദചോദ്യങ്ങൾ.

ജൂലായി മാസത്തിൻെറ പത്രത്തിലേ ചോദ്യങ്ങൾക്കു തലശ്ശേരി കോഴിക്കോട്ടു എന്നീ സ്ഥ ലങ്ങളിൽനിന്നു കിട്ടിയ ഉത്തരങ്ങളെ നോക്കിയാൽ ഒരു പെൺകട്ടിയേ വിരുതിനെ പ്രാപി ച്ചു വന്നുള്ളു.

പറരുന്ന ഉത്തരങ്ങൾ ഇതാ: 6. ഒമ്പതു പ്രാവശ്യം; മത്തായി 23, 13. 14. 15. 16. 23. 25. 27. 29. ലൂക്ക. 11, 43. 7. അപോ. 20, 35. 8. സെരുബാബെൽ, യോശുവ, എസ്രാ, നഹമിയ, ഹഗ്ഗായി, ജകൎയ്യ, മലാക്കി.

പുതു ചോദ്യങ്ങൾ.

9. പ്രായശ്ചിത്തം എന്ന വാക്ക പുതുനിയമത്തിൽ എത്ര വട്ടവും എവ്വിടത്തും എഴുതിയിരിക്കുന്നു?

10. ഉറിയ എന്നും മീഖ എന്നും പേരുള്ള മുമ്മൂന്ന പുരുഷന്മാർ ആർ എന്ന പറയാമോ?

11. കിഴക്കോട്ടു പോയപ്പോൾ ഒരിബോലൻ, പടിഞ്ഞാറോട്ടു ചെന്നപ്പോൾ ധന്യപുത്രൻ, തെക്കോട്ടു കിഴിഞ്ഞപ്പോൾ സന്തുഷ്ടവൃദ്ധൻ, വടക്കോട്ടുള്ള യാത്രയിൽ ഭാഗ്യമൃതൻ ആയവൻ ആർ? (മേലെഴുത്തു: Rev. J. Knobloch, Calicut.)

III. THE BONES OF THE TRUNK (2).
ഉടമ്പെല്ലുകൾ (ദേഹാസ്ഥികൾ) ൨.

(154 ഭാഗത്തിന്റെ തുടൎച്ച.)

൩. ൯. വാരിയെല്ലുകളും എതിർമുള്ളും.

ഹൃദയവും ശ്വാസകോശങ്ങളും ചരതിച്ചു കൊള്ളേണ്ടതിന്നു ഏററവും ഉറപ്പുള്ള അറ കണക്കേ ഇരുഭാഗങ്ങളിലും ചാപാകൃതിയിൽ വളഞ്ഞു നേരിയ പന്ത്രണ്ടീതു വാരിയെല്ലുകൾ മുൻ പറഞ്ഞപ്രകാരം ൧൨ മുതുമുള്ളുകളിൽനിന്നു തുടങ്ങി നെഞ്ഞറെക്ക വേണ്ടുന്ന ഇടം ഉണ്ടാവാൻ തക്കവണ്ണം ഒന്നിച്ചു കൂടുന്നു. അതിൽ മേലേയുള്ള ഏഴീതു നേൎവ്വാരികൾ[1] കട്ടാരം കണക്കേയുള്ള എതിൎമ്മുള്ളിന്റെ[2] കുച്ചുത്തോടു അവററിന്റെ കൂ

1) True ribs. 2) Breast-bone, sternum.

ച്ചാഗ്രഹങ്ങളാൽ ചേരുകയും ശേഷം കീഴുള്ള പഴവാരികൾ[3] അതാതിൻ കൂച്ചാന്തങ്ങൾകൊണ്ടു അന്യോന്യം ചേൎന്നു മേലുള്ളവറ്റോടും ഇണങ്ങുകയും ചെയ്യുന്നു. ആ സ്ഥലത്തിന്നു നെഞ്ഞറക്കുഴി[4] എന്നും കീഴോട്ടു അള്ളു[5] എന്നും ചൊല്ലുന്നു. ഇങ്ങിനെ നെഞ്ഞറപ്പലകയും പുറവും ആമത്തോടു പോലെ കടുപ്പമല്ലാ പൊങ്ങിപ്പുള്ളതാകയാൽ[6] തല്ലും കുത്തും തട്ടും മുട്ടും തെറിച്ചു പോകുന്നതുകൊണ്ടു നെഞ്ഞറപണ്ടങ്ങൾക്കു കേടു പാടുവരാതെയിരിക്കുന്നു. നെഞ്ഞറക്കണ്ടത്തിന്മേൽ[7] ഉള്ള അസ്ഥികൾക്കു കൂച്ചവും കൊഴപ്പും ഏറിയിരിക്കയാൽ ചില ശവം ദഹിപ്പിക്കുമ്പോൾ ആയതിനെ ചുടുവാൻ കുത്തിച്ചീച്ചു പണിപ്പെടേണ്ടിവരുന്നു. ഇതിനാൽ തന്നെ കഠിനനെഞ്ചൻ എന്നും നെഞ്ഞൂററക്കാരൻ എന്നും ചൊല്ലുവാൻ സംഗതി വരുന്നതു.

൭. ഉക്കെൽക്കെട്ടു ഒന്നായിരിക്കുന്നു എങ്കിലും അതിന്നു നാലു പകുതികളുണ്ടു. കുണ്ടങ്കിണ്ണം പോലെ രണ്ടു വലിയ അസ്ഥികൾ മുമ്പറഞ്ഞവണ്ണം വഴിയോട്ടു മൂടുപ്പൂണെല്ലു എന്ന വൈരപ്പൂൾ കൊണ്ടു തമ്മിൽ ചേൎന്നിരിക്കയും മുമ്പോട്ടോ തുറന്നിരിക്കയും ചെയ്യുന്നു. അതിന്നു ഇടുപ്പെല്ലു എന്നു പേർ[8]. ഇവ നെട്ടെല്ലിന്നു ആധാരമായിരിക്കുന്നതല്ലാതെ ജലബാധാശ്രമാദികൾക്കു വേണ്ടിയ ഇടം കൊടുക്കുകയും ചെയ്യുന്നു. ഈ അസ്ഥികൾ മുമ്പുറത്തു വളഞ്ഞുകൊണ്ടു തമ്മിൽ ചേരുന്ന സ്ഥലത്തിന്നു നാണിടമെല്ലു[9] എന്നു പേർ. അതിന്റെ കീഴിൽ തമ്മിൽ വേപ്പെട്ടു വളയം കണക്കേ അതിനോടു ഇണഞ്ഞ രണ്ടു ചണ്ണയെല്ലുകൾ[10] ആസനത്തിന്നു ആക്കമായിരിക്കുന്നു[11]. ചണ്ണയെല്ലിന്റെ ദ്വാരങ്ങളിൽ അല്ല ഇടുപ്പെല്ലിന്റെ അടിയിൽ കിടക്കുന്ന തടത്തിൽ തുടയെല്ലിന്റെ കുമള[12] പിടിച്ചിരിക്കുന്നതുകൊണ്ടു കീഴവയവങ്ങൾ ഉക്കെൽക്കെട്ടിൽനിന്നു പുറപ്പെടുന്നു[13].

---

3) False ribs. 4) Pit of the heart. 5) Pit of the stomach. 6) Elastic. 7) അസ്ഥികളും പണ്ടങ്ങളും അടങ്ങിയതു. 8) Hip-bone, os ilium (2) അരക്കെട്ടെല്ലു, ഉക്കെല്ലു. 9) ഈററവാതിൽ, ശ്രദ്ധാസ്ഥി, os pubis. 10) os ischii. 11) ചണ്ണയെല്ലുകളുടെ ഉരുളികളിൽ തുടയെല്ലുകളുടെ മൊട്ടു ആഴ്ത്തിക്കിടക്കുന്നു. 12) Head of the bone ഉക്കയെൽക്കെട്ടു എന്ന ചിത്രം കാണിക്കുന്ന എല്ലുകൾ ആവിതു: മേലേത്ത രണ്ടു ഇടുപ്പെല്ലുകളും നടുവിൽ അവറ്റെ തമ്മിൽ ഇണക്കുന്ന (ഒരു) ത്രികാസ്ഥിയും ഇടത്തും വലത്തും ഇടുപ്പെല്ലുകളുടെ താഴെ വളയം കണക്കേ ഓരോ ചണ്ണയെല്ലുകളും എന്നിവ തന്നെ. 13) കുത്തിരിക്കുമ്പോൾ ചണ്ണയെല്ലുകൾ ആസനത്തിലും തുടയെല്ലുകളുടെ മുഴ ഇരുഭാഗത്തും ഇരിക്കുന്നു എന്നു തൊട്ടറിയാമല്ലോ.



ഈ അസ്ഥികൾ ശിശുപ്രായത്തിൽ മൃദുവും കൃശവും ഉള്ളതാകകൊണ്ടു കുട്ടികളെ നിവിൎന്നു ഇരിപ്പാനോ നില്പാനോ നിൎബ്ബന്ധിച്ചാൽ ഉടലെല്ലുകൾക്കു ദോഷമേ വരികേയുള്ളൂ; തത്രപ്പെട്ടാൽ താടിവരാ എന്നു പഴഞ്ചൊൽ ഉണ്ടല്ലോ.

മേല്പറഞ്ഞ അസ്ഥികളാൽ നെഞ്ചറ, അള്ള, കടിയറ എന്നീ മൂന്നു മടകൾ ഉടലിൽ ഉളവാകുന്നു.

മാനുഷാംഗത്തെ സൂക്ഷ്മത്തോടെ നോക്കിയാൽ സങ്കീൎത്തനക്കാരനോടു (സങ്കീൎത്തനം ൧൩൯, ൧൪.): ഞാൻ ഭയങ്കരവും അതിശയവുമായി ഉത്ഭവിക്കയാൽ നിന്നെ വാഴ്ത്തുന്നു നിന്റെ ക്രിയകൾ അതിശയമുള്ളവ എന്നു എൻ ദേഹി പെരികെ അറിയുന്നു എന്നു വൎണ്ണിക്കേണ്ടതാകുന്നു. E. Lbdfr.

(ശേഷം പിന്നാലെ.)

---

* ഈ ചിത്രത്തിൽ ഒരു ഭാഗത്തുനിന്നു നോക്കിയാൽ ഉക്കെൽക്കെട്ടിന്റെ രൂപവും തുടയെല്ലുകൾ ഉക്കെൽക്കെട്ടിൽ പിടിച്ച വിധവും പൃഷ്ഠാസ്ഥിയുടെ അററത്തുള്ള ഗുദാസ്ഥി എന്ന വാലെല്ലിന്റെ നില്പും അതിനാൽ അടിവയററിന്നു ഉണ്ടാകുന്ന ആക്കവും കാണാം.

THE DESTRUCTION OF BEL IN BABEL.

ഒരു പൂൎവ്വവൃത്താന്തം.*

അസ്തിയഗിസ്† എന്നരാജാവു മരിച്ചശേഷം ബാബേൽ രാജ്യം പാസിരാജാവായ കോരേഷിന്റെ സ്വാധീനത്തിലായ്വന്നു. ദാനിയേൽ എന്നവൻ നിത്യം രാജസന്നിധിയിൽ പാൎത്തവനും രാജാവിന്റെ എല്ലാ സ്നേഹിതന്മാരെക്കാൾ മാന്യനും ആയിരുന്നു. അക്കാലത്തു ബബിലോന്യൎക്ക ബേൽ എന്നു പേരുള്ളോരു ദേവൻ ഉണ്ടായിരുന്നു. ആയവന്നു ദിനപ്രതി ൧൨ പറ കോതമ്പും ൪൦ ആടുകളും ൬ പാടം വീഞ്ഞും വഴിപാടു കഴിച്ചു വന്നു. രാജാവു താനും ഈ ദേവനെ സേവിച്ചുകൊണ്ടു ദിനംതോറും അവനെ കുമ്പിട്ടു വന്നു. ദാനിയേലോ സത്യദൈവത്തെ ഉപാസിച്ചതേയുള്ളു. ആകയാൽ രാജാവു ബേലിനോടു നീയും പ്രാൎത്ഥിക്കാത്തതു എന്തുകൊണ്ടാകുന്നു? എന്നു ചോദിച്ചതിന്നു അവൻ: കൈകളാൽ ഉണ്ടാക്കപ്പെട്ട വിഗ്രഹങ്ങളെ അല്ല സ്വൎഗ്ഗത്തെയും ഭൂമിയെയും ഉണ്ടാക്കിയവനും, എല്ലാ ജീവികളുടെ കൎത്താവും ആയ ജീവനുള്ള ദൈവത്തെ മാത്രം ഞാൻ സേവിക്കേയുള്ളു എന്നുത്തരം പറഞ്ഞു. എന്നാൽ ബേലിനെ നീ ജീവനുള്ള ദേവനെന്നു കരുതുന്നില്ലയോ? ദിവസേന അവൻ എത്ര ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നു എന്നു നീ കാണുന്നില്ലേ? എന്നു രാജാവു ചോദിച്ചതിന്നു ദാനിയേൽ ചിരിച്ചുകൊണ്ടു: മഹാരാജാവേ ഭ്രമിക്കരുതേ; ഈ ബേൽ ദേവൻ അകത്തു കരുവും പുറത്തു ഓടുംകൊണ്ടുള്ളോരു തിടമ്പാകകൊണ്ടു അവൻ ഒരു നാളും ഭക്ഷിക്കയില്ല എന്നു ഉത്തരം പറഞ്ഞു. എന്നാറെ രാജാവു വളരെ കോപിച്ചു എല്ലാ പൂജാരികളെ വിളിച്ചു വരുത്തി അവരോടു: ഈ നിവേദ്യം ഭക്ഷിച്ചുകളയുന്നവനാർ എന്നു നിങ്ങൾ എന്നോടു പറയാഞ്ഞാൽ നിങ്ങൾ മരിക്കേണ്ടിവരും നിശ്ചയം. അല്ല ബേൽ ഇതിനെ ഭക്ഷിക്കുന്നപ്രകാരം തുമ്പു വരുത്തുവാൻ നിങ്ങൾ പ്രാപ്തരായാൽ ദാനിയേൽ മരിക്കേണ്ടി വരും താനും. എന്തെന്നാൽ അവൻ ബേലിനെ ദൂഷിച്ചിരിക്കുന്നു എന്നരുളിച്ചെയ്തു. എന്നാറെ ദാനിയേൽ മഹാരാജാവേ തിരുമനസ്സുപോലെ ആകട്ടേ എന്നു പറഞ്ഞു. ബേലിൻ പൂജാരികൾ അവരുടെ സ്ത്രീകളും കുട്ടികളും കൂടാതെ ൭൦ പേർ ആയിരുന്നു.

അനന്തരം രാജാവു ദാനിയേലോടു കൂട ബേലിന്റെ ക്ഷേത്രത്തിൽ എഴുന്നെള്ളി. അപ്പോൾ അതിലേ പൂജാരികൾ: തമ്പുരാനേ അടിയങ്ങൾ അമ്പലത്തിന്നു പുറത്തു നില്ക്കാം നിന്തിരുവടി ഭക്ഷണപാനീയങ്ങളെ ഒക്കയും നിവേദ്യത്തിന്നു അകത്തു വെപ്പിച്ചു വാതിൽ പൂട്ടി തൃക്കൈമോ

---

* തല്ലാഗമമായ ബാബലിലേ ബേൽ എന്ന കഥയത്രേ. † ഇതു അസ്തിയഗിസ് അല്ല, ദൎയ്യാവു (ദരിയുസ്സ്) എന്ന രാജാവായിരുന്നു എന്നു തോന്നുന്നു.

തിരം കൊണ്ടു മുദ്രവെപ്പിക്കയും ചെയ്തു, പുലർകാലേ വന്നിട്ട ബേൽ അവയെല്ലാം അമറേത്തു കഴിച്ചില്ല എന്നു കണ്ടാൽ അടിയങ്ങളെ ആബാലവൃദ്ധം കൊന്നുകളയുന്നതിനാൽ യാതൊരു സങ്കടവും ഇല്ല, അല്ല ദേവൻ അവററെ ഭക്ഷിച്ചിരുന്നു എന്നു വരികിലോ, ഈ സാധുക്കളുടെ മേൽ കുററം ചുമത്തിയ ദാനിയേലിന്നു മരണം കല്പിച്ചാലും എന്നുണത്തിച്ചു. ഇത്ര ധൈര്യത്തോടെ അവർ പറവാൻ മുതിന്നതു ശ്രീകോവില്ക്കകത്തുള്ള പീഠക്കല്ലിൽ കൂടി അതിഗൂഢമായോരു കന്നം പുറത്തു പോവാൻ തക്കവണ്ണം തുരന്നുണ്ടാക്കിയിരുന്നു. അതിൽ കൂടി അങ്ങു കടന്നു ചെന്നു നിവേദ്യദ്രവ്യങ്ങൾ എടുത്തു ഭക്ഷിച്ചു കളവാൻ തരമുണ്ടു. അതിനാൽ അവർ ധൈര്യത്തോടെ പുറപ്പെട്ടു പോയ ശേഷം രാജാവു നിവേദ്യങ്ങളെ ബേലിൻ ശ്രീകോവില്ക്കകത്തു വെപ്പിച്ചു, പുറപ്പെടുമ്പോൾ ദാനിയേൽ തൻെറ ദാസന്മാരോടു വെണ്ണീർ കൊണ്ടു വരുവാൻ കല്പിച്ചു ആയതു രാജാവു കാണ്കെ ക്ഷേത്രത്തിന്നകത്തു രഹസ്യമായി വിതറി പുറത്തിറങ്ങി വാതിൽ പൂട്ടി അതിന്നു രാജമുദ്ര വെക്കുകയും ചെയ്തു. പൂജാരികളോ രാത്രിയിൽ വന്നു പതുക്കേ അകത്തു കയറി പതിവു പോലെ തങ്ങളുടെ സ്ത്രീകളും കുട്ടികളും ഒക്കക്കൂടി അവിടെ ഉണ്ടായതെല്ലാം തിന്നു കുടിച്ചു പോകയും ചെയ്തു. പുലകാലേ രാജാവു അങ്ങു എഴുന്നെള്ളുമ്പോൾ ദാനിയേലും കൂട പോയി അപ്പോൾ രാജാവു: മുദ്രയെല്ലാം ശരിയോ എന്നു പരിശോധിച്ചു വാതിൽ തുറപ്പിച്ചു രാജാവു ഉടനെ പ്രതിഷ്ഠയുടെ മുമ്പിൽ ചെന്നു ശബ്ദം ഉയത്തി: ബേലേ നീയൊരു മഹാ ദേവൻ നിന്നിലൊരു വഞ്ചനയും ഇല്ല എന്നു പുകഴ്ത്തിയപ്പോൾ ദാനിയേൽ ചിരിച്ചു കൊണ്ടു രാജാവേ അകത്തു കടക്കാതിരിപ്പാൻ വിരോധിച്ചു. നിലത്തു നോക്കു ഈ കാൽ വടുക്കൾ ആരുടേതു എന്നു കുറിക്കൊണ്ടാലും! എന്നറിയിച്ചതിന്നു രാജാവു ഞാൻ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും കാൽവടുക്കളെ കാണുന്നു സത്യം എന്നു തിരുവുള്ളക്കേടോടെ ചൊല്ലി പൂജാരികളെ അവരുടെ കുഞ്ഞികുട്ടികളോടു കൂടെ വരുത്തി അവരിൽ ആരും തെററിപ്പോകാതിരിപ്പാൻ എല്ലാവരേയും പിടിപ്പാൻ കല്പിച്ചു. നിവേദ്യദ്രവ്യങ്ങളെല്ലാം കവന്നുതിന്നുന്ന സൂത്രം ഏതെന്നു തെളിയിപ്പാൻ നോക്കിയപ്പോൾ അവരുണ്ടാക്കിയ ഒളിക്കന്നം രാജാവിന്നു കാട്ടിക്കൊടുത്തു. അതിനാൽ ശാന്തിക്കാരുടെ വഞ്ചതിയെല്ലാം രാജാവറികയും ബിംബാരാധന സാരമില്ലാത്തതെന്നു ബോധിക്കയും ചെയ്തു. ആ പൂജാരികളെ ആബാലവൃദ്ധം ഒടുക്കി ക്ഷേത്രത്തേ ബേൽ ദേവനോടു കൂട ദാനിയേലിന്നു ഏല്പിച്ചതിനാൽ അവൻ ആയതു നിമ്മൂലമാക്കുകയും ചെയ്തു.

യേശുക്രിസ്തൻ എന്ന ദൈവപുത്രൻ പാപികൾക്കു വേണ്ടി തന്നെത്താൻ ഒരു പൂണ്ണ പ്രായശ്ചിത്ത ബലിയായി ഏല്പിപ്പാൻ മനുഷ്യപു

ത്രനായി ഠരം ലോകത്തിലേക്ക ഇറങ്ങി വരുന്നതിന്നു ൬൦൦ സംവത്സരം മു മ്പേ ഇക്കാൎയ്യം സംഭവിച്ചു. എന്നാൽ ദാനിയേൽ എന്ന ദൈവമനുഷ്യൻ ഉപാസിച്ച ദൈവം ബാബേലിലേ മനുഷ്യരെ പോലെ ചെയ്യുന്ന ആളു കളോടു ൨൦൦൦ ആണ്ടുകൾക്ക മുമ്പേ അരുളി ചെയ്തിതു: "അല്ലയോ എൻ ജനമേ കേൾക്ക! ഞാൻ ചൊല്ലട്ടേ ഇസ്രയേൽ നിന്നെ പ്രബോധി പ്പിക്കട്ടെ ഞാനേ ദൈവം നിൻ ദൈവം തന്നെ; നിന്റെ ബലികളെ ചൊല്ലി നിന്നെ ശാസിക്കയില്ല, നിന്റെ ഹോമങ്ങളും നിത്യം എന്റെ മുമ്പിൽ ആകുന്നു. നിന്റെ വീട്ടിൽനിന്നു കാളയും നിന്റെ തൊഴുത്തുക ളിൽനിന്നു കോലാടുകളെയും ഞാൻ എടുക്കയില്ല. കാട്ടിലേ ജന്തുക്കളിൽ ക്കെയും മലകളിൽ ആയിരമായി നടക്കുന്ന മൃഗങ്ങളും എനിക്കല്ലോ ഉള്ള വ, കുന്നുകളിലേ പക്ഷി എല്ലാം അറിയും. നിലത്തിന്മേൽ ഇളകുന്നതും എനിക്ക ബോധിച്ചു, എനിക്ക വിശന്നാൽ നിന്നോടു പറകയില്ല ഊഴി യും അതിന്റെ നിറവും എനിക്കല്ലോ ഉള്ളതു. ഞാൻ കൂറ്റ കാളകളുടെ മാംസം തിന്നുകയോ കോലാടുകളുടെ ചോര കുടിക്കയോ? ദൈവത്തിന്നു ബ ലിയായി സ്തോത്രത്തെ കഴിച്ചുകൊണ്ടു മഹോന്നതന്നു നിന്റെ നേൎച്ചക ളെ ഒപ്പിക്ക. എന്നിട്ടു ഞെരുക്ക നാളിൽ എന്നെ വിളിക്ക ഞാനും നിന്നെ ഉദ്ധരിക്കും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും." (സങ്കീ. ൫൦, ൭— ൧൫.) ആകയാൽ ഇന്നാട്ടിലുള്ള ഞങ്ങളുടെ സഹോദരന്മാർ തങ്ങളുടെ ദേ വന്മാരുടെയും ക്ഷേത്രങ്ങളുടെയും, പൂജാരികളുടെയും രഹസ്യങ്ങളെ ഒാര ല്പം അധികം ശോധന കഴിച്ചുവെങ്കിൽ കൊള്ളായിരുന്നു.

കണ്ണില്ലാത്തവരെ പോലെ അല്ലല്ലോ ഏതു പൊട്ടക്കഥയേയും വി ശ്വസിക്കേണ്ടതു; സകലത്തെയും ശോധന ചെയ്തു നല്ലതിനെ മുറുകപ്പി ടിപ്പിൻ, നല്ലതൊന്നു കണ്ടു കിട്ടാഞ്ഞാൽ സകലവും ചാടിക്കളക തന്നേ നല്ലു. എന്നാൽ ഇപ്രകാരം ചെയ്വാൻ മനസ്സുള്ളവരും മനസ്സില്ലാത്തവ രും പാപികളെ രക്ഷിപ്പാൻ യേശുക്രിസ്തു ലോകത്തിൽ വന്നു എന്നു അ റിയേണ്ടതാകുന്നു.

J. Lffr.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

POLITICAL NEWS ലൌകികവൎത്തമാനം.

യുരോപ Europe.

ഇംഗ്ലന്തു.— ആഫ്രിക്കാവിൽ സ്രൂല്യകാപ്പിരികളുടെ ആക്രന്തത്താൽ മരിച്ചു പോയ ലൂയി നപോലെയോൻ എന്ന പ്രഭുവിന്റെ ശവത്തെ ഒാരിംഗ്ലിഷ് പോൎക്കപ്പൽ ഇംഗ്ലന്തിലേക്ക കൊണ്ടുപോകയും ജൂലായി ൧൨നു ചക്രവൎത്തിനി തമ്പുരാട്ടിയവൎകളും ഇളമയും മറ്റും ഏറിയ മഹാന്മാർ ചിസ്സൽഹസ്റ്റിൽ കൂടി വന്നിട്ടു ശവസംസ്കാരം നടക്കയും ചെയ്തു.

ആസ്യ Asia.

അബ്ഘാനസ്ഥാനം.— ആമീർ സമാധാനപ്പെട്ടതു കൊണ്ടു ആ നാട്ടിൽ എങ്ങും സന്തോഷമുണ്ടു. കാബൂലിലും ചുററുവട്ടത്തിലും നടപ്പുദീനം അധികം പകൎന്നുവരുന്നു. (ജൂലായി ൧൫൹) മേജർ കവഞ്ഞാരി എന്ന അംഗ്ലകാൎയ്യസ്ഥൻ പരിവാരങ്ങളുമായി ജൂലായി ൨൭൹യിൽ കാബൂലിൽ എത്തി. അമീർ അവരെ രാജകീയമാനത്തോടേ എഴുന്നെള്ളിച്ചു കൈക്കൊണ്ടിരിക്കുന്നു.

ബൊംബായി.— ദക്ഷിണഖണ്ഡത്തിന്റെ കിഴക്കേ അംശങ്ങളിൽ അകവില വളരെ പൊന്തിയിരിക്കുന്നതു കൂടാതെ എലികൾ അനവധി പെരുകി കൃഷിക്കു വളരെ നഷ്ടം വരുത്തുന്നു. അവിടങ്ങളിൽ ൩൪,൨൦൦ പേൎക്കു ധൎമ്മമരാമത്തു പണിയും ൧൦,൮൦൦ പേൎക്കു ധൎമ്മക്കഞ്ഞിയും ഉണ്ടു. കോയ്മ പിടികിട്ടി മരണവിധിയെ കല്പിച്ച കുത്തിക്കവൎച്ചക്കാരിൽ ഒരുത്തൻ ചില മഹരാട്ടി ബ്രാഹ്മണർ ഞങ്ങളെ മാസപ്പടിക്കു വെച്ചു ഞങ്ങളും കവൎന്നു നേടിയ മുതലിനെ അവൎക്കു ഏല്പിക്കയും ചെയ്തിരിക്കുന്നു എന്നു ഏററു പറഞ്ഞതു ഓൎത്താൽ വളരേ വ്യസനം തോന്നുന്നു.

രാജമന്ത്രി.— രമ്പ എന്ന സ്ഥലത്തിൽ ചില മാസമായി ഒരു ലഹള നടക്കുന്നു. അതിന്റെ ആരംഭം ചെറിയ ഒരു സംഗതിയാലത്രെ എന്നു കേൾക്കുന്നു. ആ നാട്ടിൽ അല്പം പനകൾ ഉണ്ടു. നാട്ടുകാർ അവററെ കള്ളിന്നു ചെത്തിയിരിക്കെ, കോയ്മ ശേഷം സ്ഥലങ്ങളിൽ ഉള്ളതുപോലെ അവിടെ ഇത്രോടം കത്തിപ്പണം വാങ്ങുകയോ കള്ളുകുത്തക നടപ്പാക്കുകയോ ചെയ്യാതെ എല്ലാവിടത്തും സമന്യായം പ്രമാണം വേണം എന്നു കല്പിച്ചു ഒട്ടാകേ നൂററുപ്പിക നികുതി കെട്ടിയിരിക്കുന്നു. ആ പണം വസൂലാക്കേണ്ടതിന്നു പോയ ഉദ്യോഗസ്ഥൻ ആയിരം ഉറുപ്പിക പിരിപ്പാൻ ഭാവിച്ചപ്പോൾ എല്ലാവരും വളരെ മനസ്സുകേടു കാണിച്ചു. ഇവർ സങ്കടം ബോധിപ്പിപ്പാൻ ഭാവിച്ചതു ലഹള ചെയ്യാനാകുന്നു എന്നു മററു ഉദ്യോഗസ്ഥന്മാൎക്കു തോന്നീട്ടു കൂടിയ ജനങ്ങളുടെ മേൽ വെടിവെപ്പാൻ തുടങ്ങി. ഇവരോ ആരും ഞങ്ങളുടെ സങ്കടം എടുക്കുന്നില്ല എന്നു വിചാരിച്ചു മത്സരിപ്പാൻ തുനിഞ്ഞ ശേഷം നാട്ടുടേ ദ്രോഹം കിളൎന്നു ചിലർ തലവന്മാരായി ഓരോ കൂട്ടം ആളുകളെ ചേൎത്തു അവിടവിടേ ചെന്നു കുത്തിക്കവൎന്നും കൊള്ളയിട്ടും തറകളെ എരിച്ചുംകൊണ്ടു നാട്ടുകാരെ ഭ്രമിപ്പിച്ചുപോന്നു. പോലീസ്സുകാർ ഇവരെ അമൎത്തി നോക്കിയെങ്കിലും അവൎക്കു തോല്വ വന്നതല്ലാതെ തോക്കുകളും വെടിക്കോപ്പുകളും മത്സരക്കാരുടെ കൈയിൽ വന്നതുകൊണ്ടു കോയ്മ നാട്ടുപട്ടാളക്കാരെ അയക്കേണ്ടി വന്നു.

ജൂലായി ൧൮൹ രണ്ടു ചെറിയ തീക്കപ്പലുകൾ സബ്രി പുഴയുടെ അഴിക്കൽ നങ്കൂരം ഇട്ടപ്പോൾ ലഹളക്കാർ ഒന്നിൽ അല്പം പോലീസ്സുകാർ മാത്രം ഉള്ളു എന്നു കണ്ടു അതിന്നു നേരേ വെടിവെച്ചു അതിനെ പിടിച്ചു കൊള്ളയിടുകയും ചെയ്തു. ഈ കാൎയ്യസാദ്ധ്യത്താൽ ലഹളക്കാൎക്കു ധൈൎയ്യവും നാട്ടുകാൎക്കു ഭയവും വൎദ്ധിച്ചു കോയ്മയോ ജൂലായി ൨൧൹ രണ്ടു ചെറിയ പീരങ്കിത്തോക്കും ൧൦ആം നാട്ടുപട്ടാളവും അതിന്റെ ശേഷം ൩൯ആം നാട്ടുപട്ടാളവും രാജമന്ത്രിയിലേക്കു അയച്ചിരിക്കുന്നു. മലപ്രദേശത്തിൽ ഓടി തഞ്ചം കാണുന്തോറും മിന്നൽ പോലെ ഇറങ്ങി ഓരോ ഗ്രാമങ്ങളെ കൊള്ളയിടുന്ന കവൎച്ചക്കൂട്ടങ്ങൾ ഏറ കാലതാമസം കൂടാതെ വലയിൽ കുടുങ്ങി തങ്ങളുടെ ക്രിയകൾക്കു തക്ക പ്രതിഫലത്തെ ലഭിക്കും എന്നു നണ്ണേണ്ടു.

ഭാരതഖണ്ഡത്തിൽ.— ആകെ നൂററിനാല്പത്തൊമ്പതു ബ്രഹ്മസമാജ സഭകൾ ഉണ്ടു. അവററിൽ നാല്പത്തുനാലിന്നു മന്ദിരങ്ങൾ എന്നൊരു വിധം ആരാധനസ്ഥലങ്ങൾ ഉണ്ടു. ഈ ബ്രഹ്മസമാജ സഭകൾ ഉള്ള രാജ്യങ്ങളും നഗരങ്ങളും ആവിതു: കാലികാത ൨൦, വങ്കാളം ൫൪, അസ്സാം ൭, ചോട്ടനാഗപൂർ ൩, വിഹാരം ൭, ഒരിസ്സ ൨, വടക്കുപടിഞ്ഞാറേ പകുപ്പ ൮, മദ്ധ്യദേശം ൧, പഞ്ചനദം ൫, സൈന്ധവം ൩, ഗുജ്ജരം ൩, ബൊംബായി ൬, ചെന്നപ്പട്ടണം ൬. ഇവർ പതിനെട്ടു വ

ൎത്തമാനപത്രങ്ങളെ അച്ചടിച്ചു വരുന്നു, അതിൽനിന്നു ആറു അംഗ്ലഭാഷയിൽ തന്നെ.

രുസ്സ്യാസ്യ.—ജൂലായി മാസത്തിന്റെ ആരംഭത്തിൽ കിഴക്കേ സിബീൎയ്യയിലേ ഇൎക്കുത്സ്ക് എന്ന വലിയ നഗരം പുരച്ചുട്ടുക്കാരാൽ വെന്തുപോയി. ജൂലായി ൨൨ നു നിജ്നൈനൊവ്ഗൊരോദ് എന്ന മുഖ്യ രുസ്സ്യാസ്യയിലേ നഗരത്തിന്നു തീപിടിച്ചു. ൧൮൧൭ ആം വൎഷംതൊട്ടു അവിടേ കൊല്ലന്തോറും ജൂലായി ൨൭ നു ഒരു വമ്പിച്ച ചന്ത നടക്കുന്നു. അതിന്നായി മഹാചീനത്തിന്നും രുസ്സ്യ രാജ്യത്തിന്റെ പടിഞ്ഞാറെ അതിരിന്നു ഇടേ കിടക്കുന്ന രാജ്യങ്ങളിൽനിന്നു ഒന്നരലക്ഷത്തോളം കച്ചവടക്കാർ കൂടുന്നു. ആ സമയത്തു ൪൦,൦൦൦ നിവാസികൾ ഉള്ള നഗരത്തിന്നു ഐയ്യായിരത്തോളം മരച്ചാപ്പുകൾ കെട്ടാറുണ്ടു. പുറനാട്ടു കച്ചവടക്കാർ ൧൮൬൩ ആമതിലേ ചന്തെക്കായി ഇരുനൂറു ലക്ഷം ഉറുപ്പിക വിലയുള്ള ചരക്കു കൊണ്ടുവരികയും അതിൽനിന്നു നൂറെറഴുപതു ലക്ഷം ഉറുപ്പികയോളം വില്ക്കയും ചെയ്തിട്ടുണ്ടായിരുന്നു. ഇതു വിചാരിച്ചാൽ അവിടേ കിളൎന്നുവന്ന വന്തീ എന്തെല്ലാം നാശം ഉണ്ടാക്കിട്ടുണ്ടായിരിക്കാം.

തുൎക്കോമന്നർ എന്ന മുഹമ്മദീയ ജാതി രുസ്സ്യക്കു കീഴ്പെട്ട രാജ്യങ്ങളിൽ കടന്നു ഓരോ അലമ്പൽ ഉണ്ടാക്കിയതു കൊണ്ടു രുസ്സർ ൩൦,൦൦൦ പടയാളികളെ അവരുടെ മൂലസ്ഥാനമായ മെൎവ്വ് എന്ന നഗരത്തെ പിടിക്കേണ്ടതിന്നു അയച്ചിരിക്കുന്നു.

ആഫ്രിക്കാ Africa.

ജൂലുകാപ്പിരികളുടെ മന്നനായ ചെതെവായോ സമാധാനപ്പെടുന്ന ഭാവം നടിച്ചു ചില ദൂതന്മാരുടെ കൈയാൽ ഓരാനക്കൊമ്പു ശ്രീഗാൎന്നത്ത് വൂസലേ എന്ന അംഗ്ല സേനാപതിയുടുക്കലേക്കു അയച്ചു അവരെക്കൊണ്ടു ഇംഗ്ലിഷ്ക്കാർ തന്റെ നാട്ടിൽ അധികം മുഞ്ചെല്ലരുതു എന്ന അപേക്ഷ കഴിപ്പിച്ചു. ശ്രീഗാൎന്നെത്ത് വൂസലേ ദൂതന്മാരെ തിരിച്ചയച്ചു മന്നനു സമാധാനപ്പെടുവാൻ മനസ്സുണ്ടെങ്കിൽ അധികാരമുള്ള മൂന്നു മന്ത്രികളെ അയപ്പാൻ കല്പിച്ചു എന്നിട്ടു തനിക്കു ചതിപ്രയോഗങ്ങൾ ബോധിച്ചു എന്നറിയിപ്പാൻ താൻ ജൂൻ ൩൦നു ചെതെവായോവിന്റെ മൂലസ്ഥാനമായ ഉലുന്ദിക്കു ൧൨ നാഴികയോളം അടുക്കുംവരെ തനിക്കു കീഴ്പെട്ട സൈന്യവും നടത്തി. ജൂലായി ൧നു ഉലുന്ദിയിൽ എത്തുവാനും ഭാവിച്ചു. സേനാപതി ചെല്ലുന്ന വഴിയിൽ മുപ്പതോളം മൺകോട്ടകളെ നശിപ്പിച്ചു കളഞ്ഞു. ജൂലായി ൨നു ചെൽമ്സ്ഫോൎദ്ദ് കൎത്താവു 700 കാപ്പിരികളെ പിടിച്ചു. ചെതെവായോ മന്നൻ സേനാപതി നിശ്ചയിച്ച പ്രകാരം ജൂലായി ൩നു അകം വഴിപ്പെടായ്കയാൽ ചെൽമ്സ്ഫോൎദ്ദ് കൎത്താവു ജൂലായി ൪നു ഉംവൊലോസി എന്ന പുഴയെ കടന്നു ഉലുന്ദിയുടെ നേരെ പുറപ്പെട്ടന്നു ചെതെവായോ കണ്ടു 20,000 ജൂലുകാപ്പിരികളുമായി രണ്ടു മണിക്കൂറോളം അംഗ്ലപടകളെ കൊള്ള നാലു പുറത്തുനിന്നു ചാടി വന്നു. ഇംഗ്ലിഷ്ക്കാർ എട്ടു പീരങ്കിത്തോക്കുകളിൽനിന്നു വെടിവെച്ച പൊള്ളുണ്ടകളും ഭടന്മാരുടെ ഉണ്ടകളും വീരന്മാരെ തട്ടുത്തു അകററിയ ശേഷം കുന്തക്കാരായ കുതിരപ്പട അവരെ പിന്തേറി ഓടിച്ചു കളഞ്ഞു. ഇംഗ്ലിഷ്ക്കാൎക്കു ൪,൦൬൨ വെള്ളക്കാരും ൧,൧൦൩ നാട്ടു പടയാളികളും ഉണ്ടായുള്ളു. ജൂലുക്കാരിൽനിന്നു ആയിരത്തിൽ പരം പട്ടിരിക്കേ ഇംഗ്ലിഷ് പക്ഷത്തിൽ ൧൦ പേർ മരിച്ചു ൮൭ ആളുകളേ മുറി ഏററുള്ളു. ജയം കൊണ്ടയുടനെ അംഗ്ലസൈന്യം ഉലുന്ദിയെ പിടിച്ചിടിച്ചു കളഞ്ഞു. ഏറിയ ജൂലുക്കാർ അംഗ്ലപാളയത്തിൽ ചെന്നു അഭയം പുക്കു വരുന്നു. ജൂലുക്കാൎക്കു ഒതുക്കിടം ഉണ്ടാകായ്വാൻ ചുററിലുള്ള മൺകോട്ടകളെ തകൎത്തു. കുതിരക്കുന്തപ്പടയെ കണ്ടും കുന്തത്തിന്റെ കുത്തു അനുഭവിച്ചും കൊണ്ടതിനാൽ ആ കാപ്പിരികൾ വിസ്മയിച്ചു രണ്ടു പോയിരിക്കുന്നു.

വടഅമേരിക്കയുടെ തെക്കേ അംശങ്ങളിൽ മഞ്ഞപനി (പിംഗലജ്വരം) എന്ന വല്ലാത്ത വ്യാധി പെരുകുന്നതുകൊണ്ടു നിവാസികൾ മെംഫിസ് എന്ന നഗരത്തിൽനിന്നു അക്കുടിക്കുകളിലേക്കു ഓടുവാൻ തുടങ്ങി.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. OCTOBER 1879. No. 10.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(Translated by S. W.)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

(VIാം പുസ്തകം 164ാം ഭാഗത്തിൽനിന്നു തുടൎച്ച.)

രോമയിൽ വെച്ചു ചില സംവത്സരങ്ങളായി പഠിച്ചിരുന്ന തന്റെ രണ്ടു മക്കളെ കൊണ്ടുവരേണ്ടതിന്നു ഹെരോദാ 16 ക്രി. മു. അങ്ങോട്ടു യാത്രയായി; ഇവർ ഒന്നാം മറിയമ്നയുടെ മക്കളായ അരിസ്തൊബൂലും അലക്സന്തരും തന്നെ. അല്പ സമയത്തിന്നു മുമ്പെ ഹെരോദാവിന്നു ത്രകോനിത്തി, പത്തനേയ, ഔരാനിത്തി എന്ന കനാൻ രാജ്യത്തിന്റെ വടക്കു കിഴക്കുള്ള ജില്ലകളെ കൊടുത്ത കൈസരായ ഔഗുസ്തൻ അവനെ മാനത്തോടെ കൈക്കൊണ്ടു. ഈ രണ്ടു മക്കൾ മക്കാബ്യ വംശത്തിലേ അവസാന സന്തതിയായ മറിയമ്നയുടെ മക്കൾ ആകകൊണ്ടു ജനങ്ങൾ ഇവരെ ഏററവും സ്നേഹിച്ചു. അവരെ കൊണ്ടുവന്ന ഉടനെ ശലോമ ഈ മക്കളെകൊണ്ടു അഛ്ശനിൽ സംശയം ജനിപ്പിച്ചു. അവനും ഇതിന്നു ഇട കൊടുത്തിരുന്നെങ്കിലും അരിസ്തൊബൂലിന്നു ശലോമയുടെ മകളായ ബരനീക്കയേയും അലക്സന്തരിന്നു കപ്പദോക്യ രാജാവിന്റെ മകളായ ഗ്ലഫീരയേയും വേളികഴിപ്പിച്ചു കൊടുത്തു. ഹെരോദാ ശലോമ എന്നവർ ഒരു പക്ഷവും അരിസ്തൊബൂലനും അലക്സന്തരും മറുപക്ഷവും ആയി നിന്നിരിക്കെ ബരനീക്ക ഇരുപക്ഷത്തിൽ ദൂതിയായി സിദ്ധാന്തം വൎദ്ധിപ്പിച്ചു പോന്നു. ഹെരോദാ ശലോമ എന്നവരുടെ പക്ഷത്തിൽ ഹെരോദാവിൻ സഹോദരനായ ഫെരോരാസും ചേൎന്നു. അഛ്ശൻ എദോമ്യനാകകൊണ്ടു ആ വംശത്തിന്റെ ഉന്നതഭാവത്തിന്നും ധാൎഷ്ട്യത്തിന്നും വിരോധമായുള്ള മക്കാബ്യ വംശത്തിന്റെ നീരസഭാവം ഒരം രണ്ടു മക്കൾക്കു കിട്ടിയതിനാൽ അവൎക്ക വെച്ച കണികളിൽ അവർ അകപ്പെട്ടു. അമ്മയെ കൊന്ന വ്യസനത്തെ പററി തമ്മിലുണ്ടായ സംഭാഷണത്തെ ബരനീക്കയും ശലോമയും ഹെ

രോദാവിന്നു അറിയിച്ചത് കൊണ്ടു അവൻ തന്റെ മക്കളെ തൊട്ടു അവർ എന്നെ കൊന്നുകളയും എന്നു ശങ്കിച്ചു ഓരോന്നു ആലോചിക്കയും പ്രവൃത്തിക്കയും ചെയ്തിട്ടും സംശയം വൎദ്ധിച്ചതേ ഉള്ളൂ. അവൻ സിംഹാസനത്തിൽ ഏറ്റം മുമ്പേ ദോരിസ് എന്നവളേ വേളി കഴിച്ചിട്ടു, അവൾ അന്തിപത്തർ എന്ന മകനെ പ്രസവിച്ചിരുന്നു. രാജാവായപ്പോഴേ ജനപ്രസാദം വരുത്തുമാറു ഇവളെ ഉപേക്ഷിച്ചു മറിയമ്നയെ പാണിഗ്രഹം ചെയ്തു. എന്നാൽ ദോരിസും അന്തിപത്തരും അന്നു ജീവിച്ചിരുന്നു. ഈ അന്തിപത്തരെ കോവിലകത്തേക്കു വരുത്തി തന്റെ മക്കളായ അരിസ്തൊബൂൽ, അലക്ക്സന്തർ എന്നവർ അനുസരിയാതെ ഇരുന്നാൽ അവകാശം ഇവന്നു കൊടുക്കുമെന്നുള്ള വാഗ്ദത്തം ചെയ്തു പാൎപ്പിച്ചു. ഇതിനാൽ ഈ രണ്ടു മക്കളുടെ മനസ്സു കയിച്ചു പോയതേയുള്ളൂ. അന്തിപത്തരുടെ താല്പൎയ്യമോ ഇവരെ നിഗ്രഹിച്ചു അഛ്ശന്റെ സിംഹാസനം കയ്ക്കലാക്കേണം എന്നത്രേ. അതിന്നു വേണ്ടി അവൻ പല യുക്തി സാമൎത്ഥ്യങ്ങളാൽ അവരെ അഛ്ശന്നു വിരോധമായി ഓരോന്നു ചെയ്യിപ്പിച്ചു പിന്നേതിൽ താൻ അവരെറ്റ അഛ്ശനോടു മന്ത്രിക്കയും ചെയ്തുവന്നു. ഇങ്ങിനെ കുടിലനായ അന്തിപത്തർ ഉപായമുള്ള തന്റെ അഛ്ശനെ തോല്പിച്ചു തന്നിൽ പ്രിയം വരുത്തിയത് കൊണ്ടു ഹെരോദാ അവനെ സ്നേഹിച്ചു. കൈസരുടെ സ്നേഹവും അവനിലും ഉണ്ടാകേണ്ടതിന്നു അവനെ രോമെക്കയച്ചു. അവിടെനിന്ന് അവൻ ഈ രണ്ടു സഹോദരന്മാരുടെ നേരെ ഓരോ കൃത്രിമങ്ങളെ കത്തുകൾമൂലം യന്ത്രിച്ചു അവരെറ്റ അഛ്ശൻ വിശ്വസിച്ച് തന്റെ രണ്ടു മക്കളെകൊണ്ടു കൈസരോടു അന്യായപ്പെട്ടു, മക്കളോടു കൂടെ കൈസരുടെ സന്നിധിയിങ്കൽ ചെന്നു. ഔഗുസ്തൻ അഛ്ശനേയും മക്കളേയും വിസ്തരിച്ചാറെ ശിക്ഷിക്കത്തക്കതായ കുററം കാണാതെ പൈശാചികമായ ഏഷണിപ്രവൃത്തി ഇവരെ തൊട്ടു നടന്നു എന്നു തെളിഞ്ഞത്കൊണ്ടു ഇരുപക്ഷക്കാരും നിരന്നു വരുവാൻ പ്രബോധിപ്പിച്ചു മേലാൽ അഛ്ശനെ അനുസരിക്കേണം എന്നൊരു ശാസനയും കൊടുത്തു, അവരെ തമ്മിൽ യോജിപ്പിച്ചു. ഹെരോദാ വിടവാങ്ങി പുറപ്പെടും മുമ്പേ കൈസരുടെ പാദത്തിങ്കൽ വളരെ പണം കാഴ്ചയായി വെച്ചിട്ടു സിംഹാസനത്തെ തന്റെ മക്കളിൽ ബോധിക്കുന്നവന്നു കൊടുപ്പാനോ ഇഷ്ടംപോലെ രാജ്യത്തെ പലരിൽ പകുത്തു ഏല്പിപ്പാനോ അനുവാദം ലഭിച്ചു. യഹൂദയിൽ എത്തിയപ്പോൾ എല്ലാം ശുഭമായി എന്നു മററവൎക്കു തോന്നിച്ചു പട്ടണങ്ങളെയും വിനോദകാഴ്ചപ്പുരകളേയും കുളങ്ങളേയും വീണ്ടും ഉണ്ടാക്കുകയും ചെയ്തു.

അന്തിപത്തർ പിന്നേയും മുൻ പറഞ്ഞപ്രകാരം വേറെ സഹായികളുമായി ഹെരോദാവിന്റെ കോവിലകത്തിൽ ഓരോ ദുസ്തന്ത്രങ്ങളേയും ക

ലക്കങ്ങളേയും ഉളവാക്കി. വള്ളി മരത്തെ ചുററി പടരുന്നപ്രകാരം നിൎഭാഗ്യമായ രാജകുഡുംബം പല വിധമായ കൃത്രിമങ്ങളാൽ ബാധിക്കപ്പെട്ടു. ഈ ഞെരുക്കസ്ഥിതിയിൽ രാജാവു ആരെ വിശ്വസിക്കേണ്ടു എന്നും സത്യാസത്യം ഇന്നതു എന്നും അറിയാത്തവനാകയാൽ ആരെയും വിശ്വസിക്കാതെ തന്റെ നേരെയുള്ള ദുഷ്ക്കുററുകൾ തെളിയേണ്ടതിന്നു അവൻ ഭയങ്കരമുള്ള ദണ്ഡവിധികളെ അവരിൽ നടത്തി.

ഹെരോദാ വേണ്ടുംവണ്ണം കാൎയ്യത്തെ വിസ്തരിക്കാതെ കണ്ടു ഓരോരുത്തനെ കൊന്നതിനാൽ ജനങ്ങൾ ഒടുക്കുവാൻ കരുതുന്ന ശത്രുക്കളെക്കൊണ്ടു രാജാവോടു ഏഷണി പറഞ്ഞാൽ കാൎയ്യം സാധിക്കുന്നതുകൊണ്ടു താൻ ദുഷ്പ്രവൃത്തിക്കാൎക്കു നല്ല ആക്കമായിരുന്നു. അവന്നു ഏവരിലും സംശയം തോന്നിയതിനാൽ തന്റെ സ്വഭാവസ്ഥിതി എത്രയും ക്രൂരമായി തീൎന്നു. അരിസ്തൊബുൽ, അലക്സന്തർ, എന്നവരെ കൊല്ലിച്ചു തനിക്കു സിംഹാസനം കിട്ടുമാറു ഹെരോദാവിന്റെ കോവിലകത്തിൽ താറുമാറുകളെ വരുത്തിയതു അന്തിപത്തർ തന്നേ. അലക്സന്തരുടെ അമ്മായപ്പനായ അൎഹലാവുസ് എന്ന കപ്പദോക്യ രാജാവു ഹെരോദാവിന്റെ കോവിലകത്ത് സംഭവിച്ച വ്യസന വൎത്തമാനങ്ങളെ കേട്ട് യരുശലേമിലേക്കു വന്നു. അവനും അവിടെ നടന്നിരുന്ന കൃത്രിമങ്ങളെ കണ്ടു. ഈ സമാധാനക്കേടുള്ള കുഡുംബത്തെ യോജിപ്പിച്ചു. എങ്കിലും അവൻ പോയ ഉടനെ കാൎയ്യങ്ങൾ മുമ്പേ പോലെ തന്നെ ആയി. ഹെരോദാ നീക്കികളഞ്ഞ രണ്ടു അകമ്പടികളെ അലക്സന്തർ തന്റെ സേവയിൽ ആക്കിയതിനാൽ ഹെരോദാ ഇവർ ഒററുകാർ എന്നു ഊഹിച്ചു ക്രൂരമായി ഭേദിപ്പിച്ചപ്പോൾ ആയവർ വേദന പൊറുക്കാതെ രാജാവിനെ വേട്ടയിൽ കൊല്ലേണം എന്നു അലക്സന്തർ അവരോടു കല്പിച്ചപ്രകാരം കളവായി ഏററു പറഞ്ഞു. വേറെ ഒരുവൻ കള്ളക്കത്തുകളെ കൊണ്ടു ഈ രണ്ടു മക്കളുടെ കുററത്തെ ഹെരോദാവിന്നു ബോധിപ്പിച്ചു. ഇപ്രകാരം അവൻ തന്റെ മക്കളെ കുറിച്ചു കളവായി കേട്ടവററെ വിശ്വസിച്ചു, കൈസരുടെ മുമ്പിൽ വീണ്ടും അന്യായം ബോധിപ്പിച്ചു. ഹെരോദാ കപ്പദോക്യ രാജാവായ അൎഹലാവിനെയും മററു പ്രമാണികളേയും വരുത്തി മക്കളുടെ കാൎയ്യത്തെ വിസ്തരിപ്പിക്കേണം എന്നു കൈസർ കല്പിച്ചു. എങ്കിലും അവൻ ബെരുത്തുസിൽ (ബൈരുത്ത്) വെച്ചു തന്റെ സ്നേഹിതന്മാരെ മാത്രം വിളിച്ചു മക്കളെ വിസ്തരിച്ചു കുററക്കാർ എന്നു കാണിച്ചു. അവൎക്കു മരണവിധി കല്പിച്ചു ആ തമ്പാന്മാരെ ശമറിയയിലേ സെബസ്തെയിൽ കൂട്ടിക്കൊണ്ടു പോയി അവിടെ വെച്ചു ശിരഃഛേദം ചെയ്യിക്കയും ചെയ്തു. അവരുടെ ശവങ്ങളെ മക്കാബ്യരുടെ കല്ലറകളുള്ള അലക്സന്ത്രിയം എന്ന കോട്ടയിൽ അടക്കിയതു.

അന്തിപത്തൎക്കു തന്റെ രണ്ടു സഹോദരന്മാരുടെ വധംകൊണ്ടു തൃപ്തി

വരാതെ തന്റെ ക്രൂരമുള്ള വഴിയിൽ പിന്നെയും നടന്ന പല അസുര ക്രിയകളേയും പ്രവൃത്തിപ്പാൻ തുടങ്ങി. ഹെരോദാവിന്റെ സഹോദരനായ ഫെരോരാസുമായി തന്റെ വയസ്സനായ അഛ്ശനെ വിഷം കൊടുത്തു കൊല്ലേണമെന്ന തമ്മിൽ ശപഥം ചെയ്തു. ഈ ദുഷ്പ്രവൃത്തി അവരുടെ മേൽ തെളിയാതിരിക്കേണ്ടതിന്ന ആയത്തു തങ്ങൾ യരുശലേമിൽനിന്ന അകന്നിരിക്കുമ്പോൾ സംഭവിക്കേണം എന്നവർ നിശ്ചയിച്ചു. എന്നാൽ ഹെരോദാവിന്ന ഈ മൎമ്മവും അറിയായ്കുന്നു. പറീശർ ഹെരോദാവിന്നും രോമ കൈസൎക്കും അധീനരായിരിക്കും എന്ന ആണ ഇടുവാൻ മനസ്സില്ലാത്തവർ ആയിരുന്നതുകൊണ്ടു അവന്റെ കോപം അവരുടെ മേൽ വീണു. ഈ ആണ ഞങ്ങളുടെ മനസ്സാക്ഷിക്ക വിരോധമാകുന്നു എന്ന പറഞ്ഞ പറീശർ പിന്നേത്തേതിൽ കൎത്താവോടു "കൈസൎക്ക കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ" എന്ന ചോദിച്ചു. മത്ത. 22, 17. അതു നിമിത്തം ഹെരോദാ അവൎക്ക വലിയ പിഴ കല്പിച്ചു എങ്കിലും ഈ പണം ഫെരോരാസിന്റെ ഭാൎയ്യ അവൎക്ക കൊടുത്തത് കൊണ്ടു രാജാവിന്റെ കോപവും സംശയവും അവളുടെ നേരെ ജ്വലിച്ചു. ഹെരോദാവിന്റെ വംശം നശിക്കയും ഫെരോരാസിന്റെ സന്തതി രാജ്യഭാരം ചെയ്കയും ചെയ്യും എന്ന പറീശർ വാഗ്ദത്തം ചെയ്തത് കൊണ്ടു ഹെരോദാ പറീശരെ മുടിപ്പാൻ ക്രോധത്തോടെ ഉത്സാഹിച്ചു. കോവിലകത്തു പാൎത്ത പലരേയും വളരെ പറീശരേയും അവരുടെ സ്നേഹിതന്മാരേയും തല വെട്ടിച്ചു. ഹെരോദാ ഫെരോരാസിന്റെ ഭാൎയ്യയേയും നന്നായി സൂക്ഷിച്ചു. അല്പസമയം കഴിഞ്ഞിട്ടു ഇവളുടെ ഭൎത്താവു (ഹെരോദാവിൻ സഹോദരൻ) പെട്ടെന്ന മരിച്ചതുകൊണ്ടു അവൾ അവന്ന വിഷം കൊടുത്തു എന്നൂഹിച്ചു. ഹെരോദാ ഈ കാൎയ്യത്തെ കുറിച്ചു അന്വേഷണം കഴിച്ചപ്പോൾ ഫെരോരാസും അന്തിപത്തരും തന്നെ കൊല്ലുവാൻ വിഷം ഒരുക്കി വെച്ചിരിക്കുന്നതു തെളിവായി വന്നു. അന്നുമാത്രം ഇതുവരെ തന്റെ മൂക്കിൽ കയറിട്ടു നടത്തിയപ്രകാരം ഹെരോദാ ബോധിച്ചു അന്തിപത്തരുടെ ഉൾ അറിഞ്ഞു വന്നു. അന്തിപത്തർ അരിസ്റ്റോബുലിലും അലക്സന്തരിലും ചുമത്തിയ കുററം കേവലം കളവെന്ന ബോധിച്ചതുകൊണ്ടു ഈ മക്കളെ കൊന്നതു അന്യായം തന്നെ എന്ന തേറി. മക്കാബ്യരുടെ അവസാനസന്തതിയായ മറിയമ്നയുടെ രണ്ടു മക്കളെ ഹെരോദ കൊല്ലിക്കും സമയം തന്നെ കന്യകയായ മറിയെക്ക ദൈവദൂതൻ ഗലീല്യ നചറത്തിൽ വെച്ചു പ്രത്യക്ഷനായി അവളോടു "നീ ഒരു പുത്രനെ പ്രസവിച്ച് അവന്ന യേശു എന്ന പേർ വിളിക്കും യഹോവ അവന്ന ഗോത്രപിതാവായ ദാവീദിൻ സിംഹാസനം

നിരന്തരമായി നല്കും, അവൻ ദൈവപുത്രൻ എന്നു പേർ കൊണ്ട് നിത്യ രാജാവായി വാഴുകയും ചെയ്യും" (മത്ത. 1, 21ff. ലൂക്ക 1, 26ff.) എന്നുള്ളപ്രകാരം അറിയിച്ചിരുന്നു. (ശേഷം പിന്നാലെ.)

സൂചകം:—"ശീലോ (സമാധാനപ്രഭു) വരുവോളത്തിന്നു രാജദണ്ഡം യഹൂദയിൽ നിന്നും ധൎമ്മദാതാവ് തന്റെ പാദങ്ങളിൽനിന്നും നീങ്ങിപ്പോകയില്ല, ജാതികളുടെ ശേഖരിപ്പു അവനോടു ചേരുകയും ചെയ്യും" എന്നു (1 മോശ 49, 10) പൂൎവ്വപിതാവായ യാക്കോബ് മരണത്തിന്നു ഒരുങ്ങിയിരിക്കുമ്പോൾ തന്റെ പുത്രനായ യഹൂദയോടു പ്രവചിച്ച വാഗ്ദത്തം മേല്പറഞ്ഞ സംഭവത്താൽ നിവൃത്തിയായി വന്നു എന്നു പറയാം. അതായതു പുതുനിയമത്തിന്റെ മദ്ധ്യസ്ഥനും നിത്യമായിരിക്കുന്ന മഹാപുരോഹിതനും ആയ യേശു വരുവോളത്തേക്കു അഹരോന്യരായ മഹാപുരോഹിതർ ജീവിക്കയും എന്നെന്നേക്കുമായി വാഴുന്ന മശീഹരാജാവു ജനിക്കുമ്പോൾ യഹൂദ ചെങ്കോൽ ധരിച്ച മക്കാബ്യവംശം ഒടുങ്ങുകയും ചെയ്കകൊണ്ടു യഹൂദ ജനത്തിന്റെ ആശ അവരിൽനിന്നു അററു പോയതിനാൽ പൂൎവ്വസ്വാതന്ത്ര്യത്തേയും ദാവീദ് രാജ്യത്തെയും കാംക്ഷിച്ചു നോക്കി ദാവീദ്രാജപുത്രനായ മശീഹ വന്നു തങ്ങളുടെ രാജ്യത്തെ യഥാസ്ഥാനത്താക്കും എന്ന പ്രവാചകവാക്കിനെ ഓൎത്തു പ്രതീക്ഷിച്ചു കൊണ്ടിരുന്നു.

WHAT IS HINDUISM?

ഹിന്തുമതമെന്തു?

IV. വേദാന്തം.

ഹിന്തുക്കളിൽ ബുദ്ധി സാമൎത്ഥ്യമുള്ളവർ തങ്ങളുടെ മാൎഗ്ഗത്തിൽ സാധാരണ വഴക്കമായിരിക്കുന്ന പുരാണ കാൎയ്യങ്ങളിൽ തൃപ്തിയില്ലായ്കകൊണ്ടു ശാസ്ത്രോപദേശങ്ങളെ തന്നെ തങ്ങളുടെ ഉപദേശത്തിന്നു പ്രമാണമാക്കി വിശ്വസിച്ചു പോന്നു. ഈ ശാസ്ത്രങ്ങൾ വെവ്വേറെ ആറംശങ്ങളായി പിരിഞ്ഞിരിക്കുന്നതാവിതു: വൈശേഷികം, ന്യായം, മീമാംസം, സാംഖ്യം, യോഗം, വേദാന്തം എന്നിവ തന്നെ. അവററിൽ വേദാന്തമത്രെ പ്രമാണം. ആകയാൽ അതിന്നു ശാസ്ത്രശിഖാമണിയെന്നും നിഖണ്ഡിത പരമാൎത്ഥമെന്നും ചൊല്ലുന്നു. ഈ ശാസ്ത്രത്തിന്നു വ്യാസമാമുനി തന്നെ സ്ഥാപകൻ ആയിരിക്കുന്നതു. ഇതിനെ അത്യന്തം വിസ്തീൎണ്ണമാക്കി പഠിപ്പിച്ചവൻ ശങ്കരാചാൎയ്യൻ തന്നെ. വേദാന്തമുഖ്യോപദേശങ്ങൾ ആവിതു: ൧. അനാദി നിത്യസ്വയംഭൂവായിരിക്കുന്നൊരു പരമനുണ്ടു അവനിൽ അഖിലാണ്ഡങ്ങളും അടങ്ങിയിരിക്കുന്നു. ൨. ദേവനും ലോകവും ഒന്നു തന്നെ എന്നു ചിലരും വെവ്വേറെ എന്നു മററവരും വാദിക്കുന്നു. ഇതിൽ മുമ്പുള്ളവർ അദ്വൈതികൾ എന്നും പിമ്പുള്ളവർ ദ്വൈതർ എന്നും പേർ. ൩. പരമൻ ലോകത്തെ താങ്കന്നു ഉളവാക്കിയെന്നും അഴിവുകാലത്തിൽ ആയതു തിരികെ താങ്കൽ ഒടുക്കും എന്നും ദ്വൈതർ വിശ്വസിക്കുന്നു. ൪. അദ്വൈതരോ ഉലകങ്ങളെ പരമൻ സൃഷ്ടിച്ചതുമല്ല അവ ഉള്ളതുമല്ല ഇല്ലായ്മയായ പ്രപഞ്ചത്തെ ഉണ്ടെന്നു പ്രമാണിപ്പിക്കുമാറു അവൻ മായകൊണ്ടു മോഹിപ്പിച്ചു. ആ മോഹത്തെ അവൻ ചരതിച്ചു കൊള്ളുന്നു എന്നു

തന്നെ വിശ്വസിച്ചു കൊള്ളുന്നതു. ൭. മനുഷ്യരുടെ ആത്മാവ് പരമ
ൻെറ ഓരംശം ആകുന്നുവെന്നു അദ്വൈതർ വാദിക്കുന്നതുമല്ലാതെ തീയിൽ
നിന്നു പൊരി തെറിക്കും കണക്കേ ആത്മാക്കൾ അവനിൽനിന്നു പിരിഞ്ഞു
ഒടുക്കം അവനിൽ തന്നെ കലൎന്നു പോകും എന്നു സിദ്ധാന്തിക്കുന്നു. ൬.
ആത്മാവു സ്ഥൂലശരീരം സൂക്ഷ്മം അല്ലെങ്കിൽ ലിംഗശരീരം എന്നീ ര
ണ്ടിൽ കുടി കൊള്ളുന്നു. സ്ഥൂലശരീരമെന്നതു മാംസരക്താദികളോടു കൂടി
യ ജഡമായ നമ്മുടെ ഉടൽ അത്രേ. സൂക്ഷ്മം എന്ന ലിംഗശരീരമോ ന
മ്മുടെ തടിച്ച ഉടലിന്നു എതിസ്വഭാവമുള്ളതും സ്ഥൂലജഡം അഴിഞ്ഞു
പോകുമ്പോൾ ആത്മാവിന്നാധാരമായിരിക്കുന്ന ഉൾശരീരവും തന്നേ. ഓ
രോ മനുഷ്യൻ തൻെറ അഹങ്കാരമെന്ന തന്നറിവു കാത്തു കൊള്ളുവാനും
മരണശേഷം മുന്നേപോലേ ആളേ അറിഞ്ഞു കൊൾ്വാനും സൂക്ഷ്മശരീ
രം തന്നെ കാരണമായിരിക്കുന്നു. ൯. മാനുഷാത്മാവിന്നു മൂന്നു പ്രധാന
ഗുണവിശേഷങ്ങൾ ഉണ്ടു അവയാവിതു. സല്ഗുണമായ സത്വം ഗൎവ്വഗു
ണമായ രജസ് അന്ധകാരഗുണമായ തമസ് എന്നിവ തന്നെ. ഒരുവ
നിൽ സത്വഗുണം അധികരിച്ചാൽ അവൻ തൻെറ ആശാപാശങ്ങളെ
എല്ലാം അടക്കിക്കൊള്ളും; രജോഗുണം അധികരിക്കുന്നു എന്നു വരികിൽ
അവൻ തൻെറ ആഗ്രഹങ്ങൾക്കിടം കൊടുത്തു ഇഷ്ടം പോലെ എല്ലാം
ചെയ്യും. തമോഗുണം മിഞ്ചിയെങ്കിലോ അവൻ മേല്ക്കുമേൽ ദോഷം ചെ
യ്തു തനിക്കു മഹാ കഷ്ടത്തെ സമ്പാദിക്കും. ഇങ്ങിനെ മനുഷ്യർ ത്രിഗുണ
ചേഷ്ടകൾക്കു അധീനരായിരിക്കുമ്പോൾ തങ്ങൾ തന്നെ തന്നിഷ്ടപ്രകാ
രം ചെയ്യുന്നു എന്നു ഭാവിച്ചാലും ഉള്ളവണ്ണം തങ്ങൾ അറിയാത ഒരു ശ
ക്തി നീക്കുവാൻ കഴിയാതവണ്ണം തങ്ങളേ അധികരിക്കുന്നു. നന്മയും തി
ന്മയുമായ സൎവ്വവസ്തുക്കളെ ദേവൻ തൻെറ യുക്തി പ്രകാരം നടത്തി
നന്മയെന്നു തങ്ങൾക്കു തോന്നുന്നതു തന്നെ ചെയ്വാനും അനുഭവിപ്പാനും
സംഗതി വരുത്തുകയാൽ അവർ കല്പിതമായ വിധി പ്രകാരം നടക്കേണ്ടി
വരുന്നു. ൧൦. മേല്പറഞ്ഞ ത്രിഗുണങ്ങൾ തനിച്ചും കൂടിയും അധികരിച്ചും
കുറഞ്ഞും ഇരിക്കുന്ന സമയം ആയതു കലൎപ്പില്ലാത്ത ആത്മാവിനേ മറ
ച്ചുകളയുന്നു. ഇങ്ങിനെ ത്രിഗുണങ്ങൾ അറിവുള്ള ആത്മാവിന്നു വേറാ
യിരിക്കുന്നതിനാൽ അറിവുകേടു എന്നു പൊരുൾ ഉള്ള അജ്ഞാനം എ
ന്ന പേർ അതിന്നുണ്ടാകുന്നു. ആത്മാവിനെ പലപ്പോഴും വെളിച്ചത്തോ
ടുപമിച്ചു പറഞ്ഞിരിക്കുന്നു. ഒരു വിളക്കു ഒരു സ്ഫടികപാത്രത്തിൽ വെ
ച്ചിരിക്കുന്ന പ്രകാരം ഭാവിക്ക ആ സ്ഫടികം ശുദ്ധമായിരിക്കയാൽ വിളക്കു
മങ്ങിപ്പോകാതെ നല്ലവണ്ണം പ്രകാശിക്കുന്നു. സ്ഫടികത്തിന്നു വൎണ്ണം പൂ
ശിയിരുന്നാൽ ആ നിറത്തിന്നു തക്കവണ്ണം വെളിച്ചവും മങ്ങിയിരിക്കും.
വിളക്കിനെ മൂടിയ വസ്തു ഉരുവൊളിയററതായിരുന്നാൽ വെളിച്ചവും അ

ശേഷം മറിഞ്ഞു പോകും. ഈ മൂന്നു കാൎയ്യങ്ങൾ ത്രിഗുണങ്ങളുടെ ക്രിയകളെ ദൃഷ്ടാന്തമായ്ക്കാണിക്കുന്നതുമല്ലാതെ ശുദ്ധം മലം അന്ധകാരം എന്നീ പൊരുൾ കൊള്ളുന്ന സത്വം രജസ്സ് തമസ്സ് എന്നീ നാമങ്ങൾ ആ ഗുണങ്ങൾക്കുണ്ടായ സംഗതി ഇന്നതെന്നും തെളിവായ്ക്കാട്ടുന്നു. ൯. അജ്ഞാനത്തിന്നു രണ്ടു ശക്തികൾ ഉണ്ടു. അതിലൊന്നു മനുഷ്യരിൽ അഹങ്കാരം വളൎത്തി അതിനാൽ ആത്മാവിനെ ചുററിക്കൊള്ളുന്നു. മറേറതു ജഗദ്രൂപമായ ഒരു കാഴ്ചയെ ഉളവാക്കി ആയതു നമുക്കു പുറമേയുള്ള പ്രപഞ്ചം എന്നു വിശ്വസിക്കുമാറാക്കി. ഇങ്ങനെ പ്രപഞ്ചം അജ്ഞാന ശക്തി കൊണ്ടു ആത്മാവെ ബാധിച്ചു ഉളവാക്കുന്നൊരു മായക്കാഴ്ചയല്ലാതെ മറേറതുമല്ല. ൧൦. ഇങ്ങനെയുള്ള അജ്ഞാന സ്ഥിതിയിൽനിന്നു വിടുതൽ പ്രാപിക്കേണ്ടുന്നതിന്നു തന്നെ മനുഷ്യൻ വിശേഷാൽ ഉത്സാഹിക്കേണ്ടിയതു. പ്രപഞ്ചം ഒഴികെ വേറെ വസ്തുക്കളും ഉണ്ടെന്നുള്ള ഭാവം സകല തിന്മകൾക്കും മുരടാകുന്നു, ആകയാൽ ആ ദുൎബ്ബോധത്തെ നീക്കേണ്ടതിന്നു "തത്വം അസി" (തത്ത് അതു ബ്രഹ്മം ത്വം നീ, അസി ആകുന്നു) അതു നീ തന്നെ എന്ന മഹാവാക്യം നന്നായറിഞ്ഞു കൊള്ളേണ്ടതാവശ്യം; നീ ആരായിരുന്നാലും നീ ആ ദേവൻ തന്നെ വേറൊന്നുമല്ല എന്നു തന്നെ തത്വമസ്യാദി മഹാവാക്യത്തിൻെറ ഭാവം ആകുന്നു. ആയതു ശരിയായി അറിയുന്ന വേദാന്തി അതിനെ മുറുകെ പിടിച്ചു ശേഷം നീ എന്നതു ഞാൻ എന്നാക്കി മാററി "അഹം ബ്രഹ്മാസ്മി" ഞാൻ തന്നെ ബ്രഹ്മം ആകുന്നു എന്ന ബ്രഹ്മോപദേശത്തെ ധ്യാനിക്കയും വേണം (ഇതു തന്നെ ലോകം പുകഴ്ത്തുന്ന ബ്രഹ്മോപദേശമെന്ന സാരോപദേശമാകുന്നു എന്നേവരും അറിക). എന്നാൽ അവൻ തന്നെ ധ്യാനപ്പൊരുളാക്കി ധ്യാനിക്കുന്ന വഴക്കത്തെയും ഒടുക്കം തള്ളിക്കളഞ്ഞു ഒന്നും ചിന്തിക്കാതെ യാതൊന്നെങ്കിലും ശ്രദ്ധയും ഇമ്പവും ഇല്ലാത്തവനായി ഇരിക്കേണം ഇതു തന്നെ ആത്മാവിൻ സച്ചിദാനന്ദനിലയാകുന്നു. ൧൧. ഇങ്ങിനെ അജ്ഞാനസ്ഥിതിയിൽനിന്നു വിടുതൽ കിട്ടേണ്ടതിന്നു പ്രപഞ്ചത്തെ വെറുത്തു ദേഹേന്ദ്രിയങ്ങളെയെല്ലാം അടക്കി ഡംഭം എല്ലാം ഒഴിച്ചു ദാനധൎമ്മങ്ങൾ ചെയ്തു ഏകവ്യാപിയായ പരബ്രഹ്മത്തോടു യോഗം സാധിപ്പിച്ചു കൊള്ളേണം. ൧൨. മേല്പറഞ്ഞ വിടുതല കിട്ടിയവന്നു മൂന്നു വിധം നന്മകൾ സാധിക്കും. അതായതു ഇഹത്തിൽ അവന്നു വേണ്ടിയ ദിവ്യവരങ്ങൾ ഉണ്ടാകയും മരണശേഷം അവൻ ബ്രഹ്മലോകത്തിലേക്കു പ്രവേശിക്കുകയും ഒടുക്കം അവൻെറ ആത്മാവു ഒരു തുള്ളി വെള്ളം കടലിൽ കലരും കണക്കേ അവൻ ബ്രഹ്മത്തിൽ ലയിച്ചു അതിനോടൊന്നായിപ്പോകയും ചെയ്യും. ഇങ്ങനെ അവൻ തന്നറിവുവിട്ടു എന്നേക്കും മലിന പാശത്തോടു അകന്നു പോകയും ചെയ്യും. ൧൩. അജ്ഞാനത്തിൽനിന്നു വിടുതൽ പ്രാപിപ്പാൻ ആ

ഗ്രഹിക്കുന്നവർ വിഗ്രഹാരാധന തുടങ്ങിയുള്ള ലോകാഡംബരങ്ങളെ വെറുത്തുപേക്ഷിച്ചു വിട്ടുകളയേണം. ഇങ്ങിനെ തള്ളുന്നവരെ ജനങ്ങൾ മഹാബുദ്ധിശാലികൾ എന്നു കരുതേണ്ടതുമല്ലാതെ ദേവനേ അറിഞ്ഞ അറിവാളികൾ എന്നു പൊരുളുള്ള ബ്രഹ്മജ്ഞാനികൾ എന്നു വിളിക്കുകയും വേണ്ടതു. ൧൦. മേല്പറഞ്ഞ അജ്ഞാന നിലക്കുടുത്തവററെ ചെയ്യാതെ പുരാണ മാൎഗ്ഗത്തെ അനുസരിച്ചു നടക്കുന്നവൎക്കു ക്രിയാനുസാരികൾ എന്നു പൊരുൾ കൊള്ളുന്ന കൎമ്മജ്ഞാനികൾ എന്നു പേർ. ആയവർ തങ്ങളുടെ ക്രിയകൾക്കു തക്ക പദവിയെ പ്രാപിക്കും; അവരുടെ അനുഭവങ്ങളെല്ലാം ചിററിമ്പങ്ങൾക്കുട്ടത്തതും ഒരു കാലത്തിലുൾപ്പെട്ടതുമായിരിക്കും. അവരുടെ അഭിഷ്ടങ്ങൾ മുഴവൻ ദേവലോകത്തിൽ വെച്ചു സാധിച്ചാലും തങ്ങളുടെ പുണ്ണ്യം തീരുവോളം അവററെ അനുഭവിച്ചു തിരികെ അധികം പുണ്ണ്യം സമ്പാദിക്കേണ്ടതിന്നു മനുഷ്യജന്മം എടുക്കുകയും ചെയ്യും. ഇങ്ങിനെ ലോകാവസാനമായ കല്പാന്തം വരെക്കും ജനനവട്ടത്തിൽ അവർ കിടന്നുഴലും ബ്രഹ്മായുസ്സിൻെറ ഒരു പകലായ 216 കോടി വൎഷങ്ങളുടെ ശേഷം ലോകം മുടിഞ്ഞു പോകും; അപ്പോൾ സകലവും അഴിഞ്ഞു ബ്രഹ്മത്തിന്നു മനസ്സാകുവോളം കിടന്ന ശേഷം തിരികെ അവൻ സൃഷ്ടിക്കും. ൧൧. ബ്രഹ്മജ്ഞാനമില്ലാതെയും ക്രിയകൾ ഒന്നും കൂടാതെയും ഇരിക്കുന്ന പാപികൾ 28 നരകങ്ങളിലൊന്നിൽ പതിക്കുകയോ മൃഗജീവികളിൽ വല്ലതുമായി പിറക്കുകയോ ചെയ്യേണ്ടി വരും. മറുജന്മക്കടൽ അക്കരേ കടന്നവർ തങ്ങളുടെ മലിനമെല്ലാം നീങ്ങി തിരികെ മനുപ്രളയ ശേഷം മനുഷ്യരായി ജനിച്ചു കൊണ്ടിരിക്കും താനും.

സൂചകം.

മേല്പറഞ്ഞ വേദാന്തമാൎഗ്ഗത്തെ കുറിച്ചു ഇനി ഒരിക്കൽ നമുക്കധികം പരിശോധിപ്പാൻ ഇടയുണ്ടാകും എന്നാൽ തല്ക്കാലം നാം കുറിക്കൊള്ളേണ്ടുന്നവയാവിതു. ൧. ബുദ്ധിശാലികൾക്കു പരമഗതി പ്രാപിപ്പാൻ ഒരു വഴിയും ബുദ്ധിഹീനൎക്കു മറെറാന്നും ഇങ്ങിനെ രണ്ടു വഴികളെ ദേവൻ സ്ഥാപിച്ചിരിക്കുന്നുവെന്നും മനുഷ്യർ ഇഷ്ടപ്രകാരം അതിൽ ഒന്നു തിരഞ്ഞെടുക്കാമെന്നും വേദാന്ത ശാസ്ത്രത്തിൽ കാണുന്നു. എന്നാൽ ഈ രണ്ടു വഴികളും തമ്മിൽ മുററും വിപരീതമുള്ളതത്രേ. ഒന്നു ആത്മാവിന്നും മറേറതു ശരീരത്തിന്നും അടുത്ത വഴികൾ അല്ലോ. ബ്രഹ്മജ്ഞാനി പരബ്രഹ്മത്തെ ധ്യാനിക്കുമ്പോൾ കൎമ്മജ്ഞാനി മുപ്പത്തുമുക്കോടി ദേവകളിൽ വല്ലതിനെ കുമ്പിടുന്നു. ഇങ്ങിനെയുള്ള വിപരീതത്തെ ദൈവം നിയമിച്ചുവെന്നു എങ്ങിനെ പ്രമാണിക്കാം? മനുഷ്യർ സ്വന്ത ലാഭമഹത്വങ്ങളെ കൊതിച്ചു ഇപ്രകാരമുള്ളതിനെ വകഞ്ഞുണ്ടാക്കി എന്നല്ലാതെ നമുക്കു

വിചാരിപ്പാൻ പാടുണ്ടോ. ൨. ദൈവത്തെ അറിയുന്ന അറിവുമാത്രമല്ല ആത്മവിശുദ്ധിയും കൂടെ മനുഷ്യർക്കത്യാവശ്യം; ആയതു ലഭിപ്പാനുള്ള വഴി വേദാന്തത്തിൽ ഇല്ലല്ലോ. ൩. വേദാന്തം തന്റെ അനുസാരികളെ വാസ്യാടികളും അഹങ്കാരികളുമാക്കി തീൎക്കുന്നു. ആയതവരെ സന്മാൎഗ്ഗികളാക്കുന്നില്ല. അവരുടെ പ്രമാണവും പ്രവൃത്തിയും ഭേദിക്കുന്നു; ചൊല്ലിൽ വിഗ്രഹാരാധന വെറുത്തും നടപ്പിൽ ആയതാചരിക്കുന്നു. ഇങ്ങിനെയുള്ളവർ ദൈവദാസന്മാരായിരിപ്പാൻ കഴിയുമോ? "ദൈവം ഗൎവ്വികളോടു എതിരിടുന്നു താഴ്മയുള്ളവൎക്കു കരുണയെ കൊടുക്കുന്നു" (യാക്കോ. 4, 6.). "ഉയരത്തിൽനിന്നുള്ള ജ്ഞാനമോ മുമ്പിൽ നിൎമ്മലമായി പിന്നേ സമാധാനവും ശാന്തതയും ഉള്ളതു" (യാക്കോ. 3, 17.). "മനുഷ്യർ തന്നിഷ്ടക്കാർ, ലോഭികൾ, പൊങ്ങച്ചക്കാർ, ഗൎവ്വികൾ, ദൂഷണക്കാർ, പിതാക്കൾക്കു അവശർ, കൃതഘ്നർ, അപവിത്രർ, അവത്സലർ, നിയമലംഘികൾ, നുണയർ, അജിതേന്ദ്രിയർ, മെരുങ്ങാത്തവർ, ഗുണദ്വേഷികൾ, ദ്രോഹികൾ, ധാൎഷ്ട്യമുള്ളവർ, ഡംഭികളുമായി ദേവപ്രിയത്തേക്കാൾ ഭോഗപ്രിയമേറി ഭക്തിയുടെ സാരം തള്ളി അതിന്റെ വേഷം ധരിക്കുന്നവരായും ഇരിക്കും; ഇവരെ വിട്ടൊഴിയുക" (2 തിമോ. 3, 2—5.). "കള്ള നാമമുള്ള (അദ്ധ്യാത്മ) ജ്ഞാനത്തിന്റെ ബാഹ്യമായ വൃഥാലാപങ്ങളേയും തൎക്കസൂത്രങ്ങളേയും അകററിനിന്നു ഉപനിധിയെ കാത്തുകൊൾക" (1 തിമോ. 6, 20.). "മനുഷ്യരുടെ സമ്പ്രദായ പ്രകാരവും ക്രിസ്തനോടല്ല ലോകത്തിൻ ആദ്യപാഠങ്ങളോടു ഒത്തവണ്ണം ആത്മജ്ഞാനം എന്ന വെറും വഞ്ചനയാൽ ഒരുവനും നിങ്ങളെ കവൎന്നു കൊണ്ടു പോകായ്വാൻ നോക്കുവിൻ. ക്രിസ്തനിൽ അത്രേ ദേവത്വത്തിൻ നിറവു ഒക്കയും മെയ്യായി വസിക്കുന്നു. സകലവാഴ്ചെക്കും അധികാരത്തിന്നും തലയായ ഇവനിൽ നിങ്ങളും നിറഞ്ഞിരിക്കുന്നു സത്യം" (കൊല. 2, 8—10.). "ഈ യുഗത്തിൻ ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? താൎക്കികൻ എവിടെ? ഈ ലോകജ്ഞാനത്തെ ദൈവം ഭോഷത്വം ആക്കിയില്ലയോ? എന്തുണ്ടെന്നാൽ ദേവജ്ഞാനമുള്ളതിങ്കൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കു കൊണ്ടു ഘോഷണത്തിൻ ഭോഷത്വത്താൽ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ ദൈവത്തിന്നു നന്നു എന്നു തോന്നി. യഹൂദർ അടയാളം ചോദിക്കയും യവനർ ജ്ഞാനത്തെ അന്വേഷിക്കയും ചെയ്യുമ്പോൾ ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തനെ ഘോഷിക്കുന്നു; ആയതു യഹൂദന്മാൎക്കു ഇടൎച്ചയും ജാതികൾക്കു ഭോഷത്വവും എങ്കിലും യഹൂദർ താൻ യവനർതാൻ വിളിക്കപ്പെട്ടവർ ഏവൎക്കും തന്നെ ദേവശക്തിയും ദേവജ്ഞാനവും ആകുന്ന ക്രിസ്തനെ അത്രേ (ഘോഷിക്കുന്നു.)" (1 കൊരി. 1, 20—24).

* † *

A MEDITATION.
വേദധ്യാനം. (9)

ഞങ്ങളുടെ ദൈവം സ്വൎഗ്ഗത്തിൽ തന്നെ; പ്രസാദിച്ചതെല്ലാം താൻ ചെയ്യും.
സങ്കീ. ൧൧൫, ൩.

പണ്ടു പുറജാതികൾ നിങ്ങളുടെ ദൈവം എവിടെ എന്നു ഇസ്രയേല്യരായ ദൈവജനത്തോടു ചോദിച്ചപ്പോൾ അവർ "ഞങ്ങളുടെ ദൈവം സ്വൎഗ്ഗത്തിൽ തന്നെ; പ്രസാദിച്ചതെല്ലാം താൻ ചെയ്യുന്നു" എന്നു ഉത്തരം കൊടുത്തു. പുറജാതിക്കാർ ബിംബങ്ങളെ സേവിക്കകൊണ്ടു അവ ആ ക്ഷേത്രത്തിലും ഈ അമ്പലത്തിലും ആ കാവിലും ഈ കോട്ടത്തിലും ഉണ്ടെന്നു അവൎക്കു ചൂണ്ടി കാണിപ്പാൻ എളുപ്പം തന്നെ. എന്നാൽ "അവരുടെ തിടമ്പുകൾ പൊൻ വെള്ളി മുതലായ ലോഹങ്ങളാൽ തീൎക്കപ്പെട്ട മാനുഷകൈക്രിയയത്രേ. അവററിന്നു വായുണ്ടു പറകയില്ല, കണ്ണുകളുണ്ടായിട്ടും കാണ്കയില്ല, ചെവികൾ ഉണ്ടായിട്ടും കേൾക്കയില്ല, മൂക്കുണ്ടായിട്ടും മണക്കയില്ല കൈകകളുണ്ടു സ്പൎശിക്കാ താനും, കാലുകൾ കൂടെ നടക്കാ താനും, തൊണ്ടകളാൽ കുശുകുശുക്കയുമില്ല. എന്നവററപോലെ അവ ഉണ്ടാക്കുന്നവരും അതിൽ തേറുന്നവരും എല്ലാം ആകുന്നു." സങ്കീ. ൧൧൫, ൪-൮. ദൈവമാകുന്ന യഹോവെക്ക് ഇസ്രയേല്യരുടെ ഇടയിൽ ഒരു ദൈവാലയം ഉണ്ടായിരുന്നെങ്കിലും അതിൽ ദൈവത്തെ എങ്ങും കണ്ടില്ലാ താനും. യഹോവയുടെ ആലയത്തെ പണിയിച്ച രാജാവായ ശലമോൻ പറഞ്ഞിതു: "ദൈവം ഭൂമിയിൽ അധിവസിക്കും സത്യം തന്നെയോ? ഇതാ സ്വൎഗ്ഗങ്ങളും സ്വൎഗ്ഗങ്ങളുടെ സ്വൎഗ്ഗങ്ങളും നിന്നെ കൊള്ളുകയില്ലല്ലോ. ഞാൻ പണിയിച്ച ഈ ഭവനം അതിന്നെന്തു മാത്രം" ൧ രാജാ. ൮, ൨൭. "ഞങ്ങളുടെ ദൈവം സ്വൎഗ്ഗത്തിൽ തന്നെ" എന്നു ഘോഷിച്ച ഇസ്രയേൽ താൻ സൎവ്വസമീപസ്ഥൻ എന്നും കൂട വിശ്വസിച്ചു. സ്വൎഗ്ഗത്തിൽ അധിവസിക്കുന്നവൻ അത്രേ നിത്യനും അത്യുന്നതനും സൎവ്വലോകത്തിന്റെ അധികാരിയും നാഥനും ആകുന്നു. എല്ലാ മനുഷ്യരും ഒരേ വാനത്തിങ്കീഴിൽ പാൎക്കുന്നപ്രകാരം അവരെല്ലാവരും സ്വൎഗ്ഗത്തിലുള്ള ആ ഒരേ ദൈവത്തേയും സേവിക്കേണ്ടതാകുന്നു.

ഈ ദൈവം പ്രസാദിച്ചതെല്ലാം താൻ ചെയ്യുന്നു. ഭൂമിയേയും ആകാശത്തേയും സകല ചരാചരങ്ങളേയും ദൈവം സൃഷ്ടിച്ചപ്പോൾ തനിക്ക് പ്രസാദിച്ചതേ ചെയ്തുള്ളു. ഇപ്പോഴും തിരുഹിതം പോലെ സൃഷ്ടിക്കയും സകലവും നടത്തുകയും മനുഷ്യരുടെ കല്ലിച്ച ഹൃദയത്തെ മാററി അവരേ തന്റെ സംസൎഗ്ഗത്തിന്നായി പ്രാപ്തന്മാരാക്കി തീൎക്കയും ചെയ്യുന്നു. അവന്റെ തിരുമനസ്സിന്നു തന്റെ ശക്തി ഒക്കുന്നു.

മാഗർ കിഴക്ക് നിന്നു യരുശലേം നഗരത്തിൽ എത്തി യഹൂദരുടെ രാജാവായി പിറന്നവൻ എവിടെ എന്നു ചോദിച്ചതിന്നു യഹൂദയിലേ ബെത്ലഹേമിൽ തന്നെ എന്നവൎക്കു ഉത്തരം കിട്ടിയതു. അന്നു ജനിച്ച യേശുക്രിസ്തൻ പണ്ടേത്ത കാലത്തിൽ ഇസ്രയേൽ ജനത്തിന്റെ നടുവിൽ യഹോവയായി വിളങ്ങിയവനാകയാൽ പ്രവാചകനായ യശായ പ്രവചിച്ചപ്രകാരം "ഇതാ നിങ്ങളുടെ ദൈവം" എന്നു പറവാൻ സംഗതി ഉണ്ടായല്ലോ യശായ ൪൦, ൯. എന്നാൽ കൎത്താവാകുന്ന ക്രിസ്തൻ സ്വൎഗ്ഗാരോ

ഹണമായി പിതാവിൻ വലഭാഗത്ത് സിംഹാസനം പ്രാപിച്ചതുകൊണ്ടു മുഖത്തെ അങ്ങോട്ടു തിരിച്ചു മേലവ അന്വേഷിപ്പിൻ ഭൂമിയിലുള്ള എല്ലാവരും ആയുള്ളോരെ മേലോ. തന്നെ വിചാരിപ്പിൻ! S. W.

൧. ഇതാ വന്നസുമാനം
ഇക്കാട്ടിൽ നില്ക്കാമോ
ചിയോനേ നിത്യസ്ഥാനം
ആരണ്ടു പോരുന്നോ
എന്നോടു വരുവിൻ
ചുരുക്കമാം പ്രയത്നം
മഹത്വം അന്ത്യരത്നം
മുൻചാവു ജീവൻപിൻ.

൨. ഒരം ലോകർ പരിഹാസം
പേടിപ്പിക്കരുതേ—
നമുക്കാം സ്വൎഗ്ഗവാസം
അവൎക്കു പുകയെ
ജഡ സ്വഭാവവും
അവൎക്കു ദേവലോകം
ശിക്ഷ്യക്കിതത്രേ ശോകം
ചിരിപ്പു പിൻ വരും (൧൧൬)

PRAISE TO THE HOLY TRINITY.
ത്രിയേക വന്ദനം.

രാഗം ശങ്കരാഭരണം. ദ്വിപദങ്ങൾ. ആദിതാളം.

൧. അഖില ചരാചര അമലാ ശരണം.
അനുദിനം ഭുവിയിതിലുദയാ ശര.
അതിരില്ലാ ഗുരുവെ ശര.

൨. അടിയനു വരമരുൾകാ കൃപാലോ
ആദിയുമന്തവുമില്ലാ ശര.
ആദിയിൽ ഭൂതലം സൃഷ്ടികാ ശര.
ആദവും ഹവ്വയിൽ താതാ ഗുരുവേ.
ആദര വാകണമേ കൃപാലോ.

൩. ഇക്ഷിതി രക്ഷക പക്ഷമേ ശര.
ഇന്നിടെ ചക്ഷ്വേത്രുക്ഷാ ശര.
ഇഷ്ടരുടെ വിഷ്ടപ ഗുരുവേ.
ഇഷ്ടമായരുളണമേ കൃപാലോ.

൪. ഈശനിൽ തിരുസുതനേശുവേ ശര.
ഈക്ഷണെ അക്ഷയ നിരുപമ ശര.
ഈ മേദിനി നരരിൽ സൽഗുരുവേ.
ഈ ദിനമരുളണമേ കൃപാലോ.

൫. ഉന്നത ദിവതലേ ഉദയാ ശര.
ഉലർ കലകരുണാ സനനേ ശര.
ഉത്തമ സൽഗുരുവാം ശ്രീ ഗുരു.
ഉക്തി പോലരുളണമേ കൃപാലോ.

൬. ഊൎജ്ജിത സുരൻ നരർ പടിവേ ശര.
ഊക്ക മോടാശ്രയ അമൃതമേ ശര.
ഊനമകററിയവാ സൽഗുരു.
ഊറുകമമ മനമ്മേൽ കൃപാലോ.

൭. ഋണമടാന ദയാലുവേ ശര.
ഋഷഭ വാഹനെ നീക്കി നീ ശര.
ഋഷിമാക്കും മേലാം സൽഗുരു.
ഹൃത്തിനെ മാററണമേ കൃപാലോ.

൮. എല്ലയും തൊല്ലയുമില്ലാ ശര.
എതിർ നര അരിഹരവീരാ ശര.
എഴുന്നരുൾ മമ ചിത്തിൽ സൽഗുരു.
എന്നും എഴുന്നരുൾകാ കൃപാലോ.

൯. ഏദനിൽ മോദമുരച്ചവാ ശര.
ഏനമാമ്മേദമുരച്ചവാ ശര.
ഏവരും സ്തുതി ചെയ്യാൻ സൽഗുരു.
ഏകനെ ഏകണമേ കൃപാലോ.

൧൦. ഐശ്വൎയ്യ വ്യാപക ശക്തനെ ശര.
ഐഹികെ മുക്തി തെളിച്ചവാ ശര.
ഐക്യമാമെല്ലാക്കും സൽഗുരു.
ഐയമകററുകഹോ കൃപാലോ.

൧൧. ഒരു പൊരുളാം ത്രിത്വത്തിനു ശര.
ഒരുവിധം നരഗുരു ഗുരുപതി ശര.
ഒത്തു നരർ സ്തുതിയാ സ്സ്ൽഗുരു.
ഒരുമനാ വരാനരുൾകാ കൃപാലോ.

൧൨. ഓവി മഹോന്നതനധിപാ ശര.
ഓഹൊ ദുരിതാപഹനെ ശര.
ഓരോ തിരുപുരയെ സൽഗുരു.
ഓൎമ്മിപ്പാൻ വരന്താ കൃപാലോ.

൧൩. ഔദാൎയ്യസ്സ്വയകരനെ ശര.
ഔവ്വണ്ണം ശുഭകണ്ണെ ശര.
ഔവ്വം കലമടിയനു സൽഗുരു.
ഔദാൎയ്യാൽ അരുൾകാ കൃപാലോ.

൧൪. അംബരതാരക സ്രഷ്ടാ ശരണം.
അംഭസ്സിന്നധികാരി ശര.
അംബുജകാന്തികൊട്ടത്തോൻസൽഗുരു.
അംബികയിൽ നരരൂപ കൃപാലോ.

൧൫. അക്കരെ സുരർമണി സ്വയമണി ശര.
അക്കരെദിനമണി ശുഭമണി ശര.
അക്കരെ അഗതിയെ സൽഗുരു.
അക്കരെയാക്കുകാമെൻ കൃപാലോ.

ആ ആഭരണം.

THE MANUFACTURING OF PAPER.



നാരുകൾ നുറുക്കി ചീച്ച കുഴക്കി കടലാസ്സിനെ ഉണ്ടാക്കുന്ന സൂത്രത്തെ ഒന്നാമതു കണ്ടെത്തിയതു ചീനക്കാർ തന്നെ.* യുരോപക്കാർ ഏതു വഴിയായി ഈ യുക്തിയെ അറിഞ്ഞു എന്നു പറവാൻ പ്രയാസം. എന്നാൽ അറവികൾ തത്താൎയ്യ എന്ന നാട്ടിലേക്കു ചെയ്ത യുദ്ധയാത്രകളിൽ ഈ ഉപായത്തെ പഠിച്ചു അതു യുരോപയിൽ പ്രസിദ്ധമാക്കി പോൽ. യുരോപ്യർ ഈ വിദ്യയെ ക്രമത്താലേ നന്നാക്കിയിരിക്കുന്നു എങ്കിലും ക്രിസ്താബ്ദം ൧൮൦൦ാമതിൽ മേസ്ത്രിയായ ലുയിരോബേർ എന്ന പരന്ത്രീസ്സകാരൻ കടലാസ്സു വളരെ† നീളത്തിൽ ഉണ്ടാക്കുന്ന ഒരു പുതുയന്ത്രം ക

* ചീനക്കാർ മുൻകാലങ്ങളിൽ കേരളത്തിൽ കച്ചവടം ചെയ്യുമ്പോൾ തങ്ങളുടെ രാജ്യത്തിൽനിന്നു ഓരോ വിശേഷ ചരക്കുകളോടു കൂട കടലാസ്സിനെയും കൊണ്ടുവന്നിരിക്കുന്നു. അതിന്റെ വരവു ഈ അടുത്ത പത്തു പതിനഞ്ചു സംവത്സരങ്ങളിൽ ചുരുങ്ങിപ്പോയുള്ളു.

† കുവപ്പൊടി കലക്കുമ്പോലെ പഴന്തുണി കൊണ്ടുണ്ടാക്കിയ കുഴിനെ നന്നായി ഇളക്കി സമചതുരമായ ഒരു അച്ചുകടലാസ്സിന്റെ കനത്തിന്നു തക്കവണ്ണം അതിൽ മുക്കി എടുത്തുണക്കി വച്ചിരം ചേൎത്തു മിനുസം വരുത്തി കരടു കളഞ്ഞു ഏനത്തോടു മുറിക്കുക സമ്പ്രദായം. ആ അച്ചിയോ കടലാസ്സിന്റെ വലിപ്പം പോലെ ഓരോ വണ്ണത്തിൽ ഉള്ളതു. ആയതു സമചതുരവും രണ്ടു കൈപ്പിടിയും ഉള്ള ഒരു ചട്ടം. ചട്ടത്തിന്റെ അടിയിൽ കസേലകൾക്കു ചൂരലിട്ടു കണക്കേ പിത്തളക്കമ്പിയുടെ വല മറെറാരു ചട്ടത്തിൽ താഴ്ത്തിക്കിടക്കുന്നു. അതിന്റെ രൂപം തവിടു അരിക്കുന്ന അരിപ്പ (പെനേല എന്നതു പൊൎത്തുഗീസ്സുവാക്കു) പോലെയോ ചല്ലട പോലെയോ എന്നു പറയാം.

കടലാസ്സുനിമ്മാണം.

ണ്ടെത്തുന്നതുവരെ ശീലമുള്ളവനും കൂട പ്രയാസത്തോടെ ഒരു ദിവസം കുറച്ചു മാത്രമേ ഉണ്ടാക്കുവാൻ കഴിവുണ്ടായിട്ടുള്ളു. ആവിശക്തിയെ മനുഷ്യർ ഉപയോഗിച്ചു ശേഷം മുമ്പെ ൪൦ ആളുകൾ അച്ചുകൊണ്ടു പ്രയാസേന ഉണ്ടാക്കിയ തുകയോളം പന്ത്രണ്ടു പേർ എളുപ്പത്തിൽ വെടിപ്പായിട്ടു തീൎത്തിരിക്കുന്നു. ഇപ്പോൾ യൂരോപയിൽ യന്ത്രപ്രയോഗം കൊണ്ടു പതിവായി എടുത്തുവരുന്ന കടലാസ്സുപണി എങ്ങിനെ എന്നാൽ: കടലാസ്സേട്ടിന്നു വേണ്ടുന്ന സാധനങ്ങളിൽ തുണിക്കണ്ടങ്ങൾ ഏറെ ആവശ്യമുള്ളതു.* ആയവറെറ അതാതു ഗുണപ്രകാരം പലതരങ്ങൾ ആക്കി പററുകളും † മററും കളഞ്ഞു കഴിയുന്നേടത്തോളം വെടിപ്പാക്കി തരാതരം യന്ത്രക്കത്തിരിയാൽ തറിച്ചു മുറിച്ചു ശേഷം അതിൻെറ മെഴുകും നിറവും കളഞ്ഞു നൂലിന്നു മയവും പതവും വരുത്തുവാൻ വേണ്ടി ക്ഷാരവെള്ളത്തിലെങ്കിലും കുമ്മായ വെള്ളത്തിലെങ്കിലും നാലോ പത്തോ മണിക്കൂറോളം പുഴുങ്ങിയതിൽ പിന്നെ കഴുകി അവറെറ ഇഴയാക്കേണ്ടതിന്നു ൬ അടി നീളവും വിസ്താരം കുറഞ്ഞതുമായ ഒരു തൊട്ടിയിൽ ഇട്ടു വെക്കും. ആ തൊട്ടിയുടെ നീളത്തോളം ചെല്ലുന്നതും അതിൻെറ ഇരു നെററിക

* പന്നാസ്സു തുണിയും കീററു തുണിയും മററും. † Buttons.

ളിൽ പിടിപ്പിച്ചതുമായ 40 ഓ 60 ഓ അഴിക്കുത്തിയുള്ള നെട്ടുരുൾ* തൊട്ടിയുടെ അടിയിൽ അസാരം ചായിച്ചുറപ്പിച്ച 6 ഓ 12 ഓ അഴിക്കുത്തികളുടെ ഇടയിലേ പാത്തിയിൽ വീഴുന്നു. നെട്ടുരുളിനെ തിരിക്കുമ്പോൾ മേൽ പറഞ്ഞ കഷണങ്ങൾ വെള്ളത്തോടൊഴുകി കത്തിരി പോലെ പണി ചെയ്യുന്ന ആ രണ്ടു അഴിക്കുത്തികളിൽ ചെന്നു താററപ്പെടുന്നു. ഇതിനെ വെളുപ്പിച്ച മററൊരു വലിയ പെട്ടിയിൽ വെച്ചു ചതെച്ചു ചീച്ച അതോടു വജ്രപ്പശ (വച്ചിരം) ചേൎക്കും. പൊടിയരി കഞ്ഞികൾ ഒക്കുന്ന ഈ സാധനം വിസ്താരമുള്ള കുഴലൂടെ നമ്മുടെ ചിത്രത്തിൽ ഇടത്തു ഭാഗത്തു കാണുന്ന വട്ടമുള്ള വലിയ കൽ കുഴിത്തൊട്ടിയിൽ (1) എത്തും.† ഊറി പോകാതെ താഴെയുള്ള തിരിക്കുററിയൂടെ ‡ കലൻ്റു പുറപ്പെടേണ്ടതിന്നു A എന്നൊരു മന്തു അതിൽനിന്നു തിരിഞ്ഞു കൊണ്ടിരിക്കുന്നു. കടലാസ്സു (കൂഴ്)കഞ്ഞി തിരിക്കുററിയെ വിട്ടാൽ പൂഴിപ്പിടിയൻ എന്നു പറയുന്ന (2) തൊട്ടിയിൽ വീഴും. ഇതിൻ പുറത്തു വിലങ്ങനെ വരെച്ചിരിക്കുന്ന ചെറിയ തോടുകളിൽ പൂഴി മുതലായ കനമുള്ള വസ്തുക്കൾ നിന്നു പോകും. ചീയാത്ത നാരുകളും കരടുകളും തടുക്കേണ്ടതിന്നു കരടുപ്പിടിയൻ എന്ന ചീപ്പിന്നൊത്ത പിച്ചളയച്ചിൽ കൂടി (3) എന്നക്കമുള്ള തൊട്ടിയുടെ കള്ളിയിലും അതിൽ കൂടിയും കടക്കേണം. അവിടെനിന്നു തന്നെ വെടിപ്പാക്കിയ സാധനം ഊറി പോകാതെ ഇരിക്കേണ്ടതിന്നു വേഗത്തിൽ തിരിക്കുന്ന ഒരു ചക്രം അതിനെ നല്ലവണ്ണം ഇളക്കി കലത്തി കൊണ്ടിരിക്കുമ്പോൾ ആ കടലാസ്സുകഞ്ഞി ഓർ ഓവിൽ കൂടി പാവിലേ മുണ്ടു പോലെ ബഹു നേരിയ പിച്ചളക്കമ്പിവല അടിയുള്ള നീണ്ടൊരു അരിപ്പയിലേക്കു (4) ചെല്ലുന്നു. ഈ അരിപ്പ ചിത്രത്തിൽ കാണുന്ന പ്രകാരം വണ്ണം കുറഞ്ഞ ഏറിയ നെട്ടുരുളുകളിന്മേൽ (8) എന്ന ജോടുരുളുകളോളം മുമ്പോട്ടു ചെന്ന ശേഷം ഇതിൻ ചുവട്ടിലുള്ളതിനെ ചുററി അതിനെ ചുരുങ്ങാതാക്കുന്ന കീഴ്ഭാഗത്തുള്ള ഉരുളുകൾ വഴിയായിട്ടു മടങ്ങി ചെല്ലുന്നു. മേൽ പുറത്തു ഇരുഭാഗത്തുള്ള (5) എന്നോരോരോ തോൽവാറുകൾ കടലാസ്സിന്നു അതിരാകയാൽ ഇവററെ അടുപ്പിച്ചോ അകററിയോ വെക്കുന്നതിനാൽ കടലാസ്സിൻ്റെ അകലം ഏറുകയും കുറയുകയും ചെയ്യും. കൂഴ് സമമായി വ്യാപിച്ചു ചേൻ്റു വെള്ളം വാൻ്റു പോകേണ്ടതിന്നു അരിപ്പ ആടിക്കൊണ്ടിരിക്കുന്നു. കമ്പികൊണ്ടു പൊതിഞ്ഞ (7ഉം 8ഉം) എന്നീ രണ്ടു ജോടുരുളുകൾ കൂഴിനെ അമൎത്തിയ പിൻ തലയായി കെട്ടിയ ഒരു കമ്പിളി (9) അരിപ്പവിട്ട പാടു പോലെ ഇരിക്കുന്നതിനെ കൈക്കൊള്ളുന്നു. ഈ നനവു കമ്പിളി അതിനെ അമൎക്കുന്ന രണ്ടുരുളുകളെ (10 എന്നതിൻ്റെ പിൻ

---

*roller. †vat. ‡ അതിന്നു തീവണ്ടിക്കാർ ബംബാ എന്ന ഹിന്തുസ്ഥാനി വാക്കെടുത്തു പറയുന്നു. തിരിനാളം എന്നും പ്രണാളം എന്നും (a spout, cock) ഏററന്നു എന്നു തോന്നുന്നു.

ഭാഗത്തു) കടത്തിയ ശേഷം വേറെ നാലുരുളുകൾ കടലാസ്സിന്നു കേമമുള്ള അമൎത്തൽ കൊണ്ടു പശിമയും മിനുസവും വരുത്തുന്നു. ആ നാലിൽ അവസാനത്തേതിന്മേൽ കൂടി താഴോട്ടു ചെല്ലുമ്പോൾ മുകളിൽനിന്നു എതിരേല്ക്കുന്ന ഉണക്കക്കമ്പിളിക്കു (11) തട്ടി അമ്പുകൾ കാണിക്കുന്ന വഴിയായിട്ടു (12ഉം, 13ഉം, 14ഉം) എന്ന പൊള്ളുരുളുകളെ ചുററിക്കൊള്ളുന്നു. യന്ത്രത്തിൻ പള്ളക്കുള്ള മൂന്നു കുഴലുകളുടെ പൊള്ളുരുളുകളിൽ പ്രവേശിക്കുന്ന ആവി അവററിന്നു ചൂടു പിടിപ്പിക്കുന്നതിനാലും മേലും കീഴും നടക്കുന്ന ഉണക്കക്കമ്പിളികൾ കടലാസ്സിന്നു തട്ടി അല്പനേരം ഒരുമിച്ചു കൂടി ഓടുന്നതിനാലും അതു ആറി വലത്തേ അററത്തുള്ള വലിയ നെട്ടുരുളിന്മേൽ (15) തിരിച്ചു വരുന്നു. ഇനി പായായി മുറിച്ചെടുക്ക മാത്രമേ വേണ്ടു. സാധാരണ കടലാസ്സിന്നു ഇപ്പോൾ വിവരമായി തെളിയിച്ച പണി മതിയാകുന്നെങ്കിലും വിശേഷ തരങ്ങൾക്കു ഏററവും മിനുസം വരുത്തുവാനായി ഓരോ പായി ഓരോ തുത്ഥനാകപലകകളുടെ അടിയിൽ അട്ടിയാക്കി വെച്ചു വളരേ ഉറപ്പോടെ അമൎക്കും. നീലവും പച്ചയും ചുവപ്പും മററും വല്ല നിറത്തിൽ ഉണ്ടാക്കേണമെങ്കിൽ കുഴിനെ കുഴിതൊട്ടിയിൽ വരുത്തും മുമ്പേ അതിനോടു വേണ്ടുന്ന ചായങ്ങൾ ചേൎത്താൽ മതി.

വിലാത്തിക്കടലാസ്സു പ്രയോഗിക്കുന്ന ൩൫,൦൦,൦൦,൦൦൦ ആളുകൾ കൊല്ലംതോറും ൨൦,൦൦,൦൦൦ ശതത്തുക്കം എഴുത്തു കടലാസ്സും ൮൦,൦൦൦,൦൦൦ ശതത്തുക്കം അച്ചടിക്കടലാസ്സും ൧൦,൦൦,൦൦൦ ശതത്തുക്കം ഓരോ മാതിരിക്കടലാസ്സും ആകെ ൮,൨൦,൦൦,൦൦൦ ശതത്തുക്കം കടലാസ്സു ചെലവഴിക്കുന്നു. പൂഴിപ്പിടിയനിൽ വീഴുന്ന കുഴ് ൩ നിമിഷത്തിനകം കടലാസ്സായി തീരും എന്നറിഞ്ഞു പുരാണ നിൎമ്മാണം ഇപ്പോഴത്തേതിനോടു ഒപ്പിച്ചു നോക്കിയാൽ മനുഷ്യൎക്കു ദാനമായി കിട്ടിയ ബുദ്ധിയെയും അതിനാൽ ദൈവവചനം അച്ചടിച്ചു എല്ലാവൎക്കും എത്തിപ്പാൻ സംഗതിവന്നതിനെയും കുറിച്ചു പ്രത്യേകമായി ദൈവത്തെ സ്തുതിക്കേണ്ടതാകുന്നു. എന്നാൽ കടലാസ്സു പ്രയോഗിക്കുമ്പോൾ ദൈവനാമദൂഷണത്തിന്നും കൂട്ടുകാരന്റെ നാശത്തിന്നും അല്ല ദൈവസ്തുതിക്കായിട്ടേ ചെയ്യാവു. E. Hlbrck.

THE COCOANUT TREE, THE PALMYRA, AND THE GOURD.

താല കേര തുംബികൾ (ഒരു കഥ.)

വരികരികിലമിതരസവാൎത്തകൾ ചൊല്ലുന്ന
വാണിംധരേ! ശുകപ്പൈതലേ! ഓമലേ!
പെരുകിയൊരു കുതുകമൊടു ഭാഷിക്ക സല്ക്കഥാ
ഭീരുതപമെന്തിന്നു ധീമത്തുക്കൾക്കെടോ?
മധുരമൊഴിപകരുമൊരു ശുകതരുണി ചൊല്ലിനാൾ:

വത്സലാ ശ്രൂണമൊരു തുംബിയിൻ ചിത്രമദം
നദിയരികിലതിവുയരമുടയതൊരു കേരവും
നാലുദണ്ഡിൻ ദൂരേ നിന്നേകതാലവും.
അതിനിതിനുമിടയിലൊരു തുംബിലതയും മരുവി
ആഭാസഭാഷണം ചെയ്തു താലത്തെയും.
ശതദശസഹസ്ര വർഷങ്ങളായ്നില്ക്കിലും
സ്വല്പശ്ശപൊങ്ങുന്ന താലമേ! ശ്രൂണമേ.
മതി! മതി! നിനക്കില്ല ശക്തി പൊങ്ങിടുവാൻ
വർഷങ്ങളഞ്ചാറു പോയിട്ടുമെന്തെടോ?
ബത! ജലവുമൊരു വളവുമരുളുവതിനാരുവാൻ?
പാടേ മുളെച്ചുണ്ണമേററുനില്ക്കുന്ന നീ
സവിധമഹ! പെരിയദലമകുടധരകേരമോ
ചാടിക്കളിച്ചുപൊങ്ങീടുന്നു സാംപ്രതം.
ഇതിവികടമൊഴിയുടയ കപടധരതുംബിയിൻ
ഏററപ്പെരുക്കങ്ങളാൽ പൊങ്ങികേരവും,
ചതികപടമുണരുവതിനൊരുമതിയുമെന്നിയേ
ചാടിപ്പിടിക്കയെന്മേലെന്നുരെച്ചഹോ!
പടരുവതിനൊരുസുഗതിലാഭിച്ച തുംബി താൻ
പററിപ്പിടിച്ചു മേല്പട്ടങ്ങു പൊങ്ങിനാൻ
പരിചിനൊടൊരഞ്ചാറുദിന മളവിൽ തുംബിയും
പത്രാഗ്രഭാഗത്തിലെത്തി നോക്കീടിനാൻ.
കരിയോടു സമംവർണ്ണമുടയപടുതാലവും
കാപട്യകീർത്തനം കേട്ടാണകേരവും
അലമലമിവരിരുവരുമല്പബലശാലികൾ
ആരും സമം വരാ നമ്മോടു മല്ലിടാൻ
ബലമുടയതാലവും പൊണ്ണനാം കേരവും
പാരിൽ നമുക്കു കീഴായിത്ര വേഗമേ
അചലമതിപനയെ അടിയിൽ ആക്കി ഞാനിതാ
അല്പനാം കേരവും ചൊല്ക്കീഴമന്നുതേ!
അറിവതിനു ധരണിയിതിലെന്നോടു തുല്യനായ്
ആരുമില്ലെന്നു തിളെച്ചു നിന്നീടിനാൻ.
ഇതികപടചുര മരുവി മൂന്നു മാസങ്ങളായ്
ഇത്ര തന്നെയെന്നു വാടിക്കരിഞ്ഞഹോ
വിറകിനു പകരവുമിഹപറകിലതിനില്ലതാൽ
വിരവിൽ വലിച്ചു താഴത്തിട്ടു മർത്ത്യരും.
അറികയിതു സമമിഹകമതികപടധാരികൾ
ആരെയും കീഴാക്കി പൊങ്ങും ജവംവൃഥാ
വിരവിലിഹവളരുവതു വിരവിലധമായിടും
വിജ്ഞാനസാരം ഇതെങ്ങുമേട്ടഷ്ടമാം.
ക്രമശ വളരുവതു ബഹുദിനമിഹ ശുഭപ്പെട്ടും
കാണാമിതേതിലും സാധുക്കളോർത്തിടിൻ.
കപടനുതികളിലധികകൌതുകം കൊള്ളുന്ന
കാരണം ന്യായങ്ങൾ മായുന്നു ഭൂതലേ.
ശുഭത ബഹു ശുഭത തവ വരിക മമ വത്സലാ!
സൂക്ഷ്മം പരീക്ഷിച്ചു വാഴ്ക ഹോ! മംഗളം!

M. Walsalam.

THE SPIRITUAL SWORD.

ആത്മിക വാൾ.

"ദൈവവചനം എന്നതോ ജീവനും ചൈതന്യവും ഉള്ളതായി ഇരുമുനയുള്ള ഏതു വാളിനേക്കാളും മൂൎത്തും ആത്മാവേയും ദേഹിയേയും സന്ധി മജ്ജകളേയും വേൎപ്പിടുകഒംവരെ കൂടി ചെല്ലുന്നതും ഹൃദയത്തിലേ ചിന്തന ഭാവങ്ങളേയും വക തിരിക്കുന്നതും ആകുന്നു." (എബ്ര. ൪, ൧൨.)

ഒരു ക്രിസ്തീയ ഗൃഹസ്ഥൻ ഒരു ദിവസം വടക്കേ അമേരിക്ക നാട്ടിലേ മിസ്സിസ്സിപ്പി (വലിയ നദി അല്ലെങ്കിൽ വെള്ളങ്ങളുടെ പിതാവു) എന്ന നദിയെ കടക്കേണ്ടതിന്നു തീക്കപ്പൽ കയറുവാൻ വന്നപ്പോൾ അങ്ങു നിന്നിരുന്ന ആളുകൾക്കു തന്റെ പക്കൽ ഉള്ള ഒരു കൂട്ടം സത്യവേദസംബന്ധമായ ചെറുപുസ്തകങ്ങളെ കൊടുത്തു വരുമ്പോൾ ആ കൂട്ടത്തിലേ ഒരവിശ്വാസി ആ ഗൃഹസ്ഥന്റെ അടുക്കൽ ചെന്നു തനിക്കും ഒന്നു വേണം എന്നു ചോദിച്ചു വാങ്ങിയശേഷം ആ ചെറു പുസ്തകത്തെ ഒന്നു രണ്ടു മടക്കായി മടക്കി കീശയിലേ കത്തിയെടുത്തു "ഇതാ നിങ്ങളുടെ ഒന്നാം തരമായ ആയുധം" എന്നു പറഞ്ഞ് ആ പുസ്തകത്തെ തുണ്ടു തുണ്ടായി നറുക്കുമ്പോൾ ഒരു ചെറു കഷണം കടലാസ്സു പാറി തന്റെ കുപ്പായത്തിൽ പററിപ്പോയി അതിൽ "ദൈവം നിത്യതപം" എന്നീ രണ്ടു വാക്കുകൾ എഴുതീട്ടുണ്ടായിരുന്നു. പിന്നേ അവൻ ആ സ്ഥലത്തെ വിട്ടു പോകുമ്പോൾ തന്റെ കുപ്പായത്തിൽ പററിയ ആ കടലാസ്സു കഷണത്തെ കണ്ട് എടുത്തു വായിച്ചപ്പോൾ മേല്പറഞ്ഞ വാക്കുകളെ കണ്ടു ആ വാക്കുകൾ അവന്റെ ഹൃദയത്തിൽ എത്രയും കൂൎത്തു മൂൎത്തുള്ള ഒരു ശൂലം കണക്കേ തറക്ക കൊണ്ടു അതിനെ തന്റെ ഹൃദയത്തിൽനിന്നു പറിച്ചു കളവാനായി നന്ന മദ്യപിക്കയും നേരംപോക്കിന്നായി ഓരോ കളികളെ കളിക്കയും ചെയ്തു എങ്കിലും എല്ലാ പ്രയത്നം വെറുതെ ആയി "ദൈവം നിത്യതപം" എന്നീ വാക്കുകൾ അവനെ എപ്പോഴും നൊമ്പലിച്ചു പോന്നു. ഒടുവിൽ അവൻ വേദപുസ്തകത്തെ വാങ്ങി ശോധന ചെയ്തു. യേശുക്രിസ്തനിൽ പാപികളുള്ള നിത്യരക്ഷയേയും സമാധാനസന്തോഷങ്ങളേയും കണ്ടു അവനിൽ വിശ്വസിച്ചു അന്നു മുതൽ അവൻ മനോപീഡ കൂടാതെ സത്യസ്വസ്ഥതയിൽ ജീവിച്ചു വന്നതുമല്ലാതെ തനിക്കു കിട്ടിയ ദൈവകരുണയേയും താൻ നശിപ്പിച്ച പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പാപികളുടെ രക്ഷിതാവായ യേശുക്രിസ്തനേയും അനുതപിക്കുന്ന എപ്പേൎപ്പെട്ട പാപികൾക്കും ക്രിസ്തൻമൂലം വിശ്വാസത്താൽ ലഭിക്കുന്ന നീതീകരണത്തേയും തൊട്ടു മററുള്ളവരോടു അറിയിക്കുന്ന ഒരു പ്രസംഗക്കാരനായി തീൎന്നിരിക്കുന്നു.

(Canarese Arunodaya.) C. A.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

I. RELIGIOUS RECORD വൈദികവൎത്തമാനം.

THE JUBILEE-SINGERS മഹോത്സവഗീതക്കാർ.

ഈ ഭൂമിയിൽ എങ്ങും നിറഞ്ഞ മനുഷ്യർ ചെയ്യുന്ന തിന്മയും ദോഷവും എത്ര! ദൈവം ദോഷത്തെ പ്രവൃത്തിക്കുന്നവരെ എങ്ങനെ എങ്കിലും ശിക്ഷിച്ചാലും അവരുടെ ദുഷ്കൎമ്മത്തെ നന്മെക്കായി മാററുന്നുണ്ടു. എല്ലാ കൊടുമരങ്ങളിൽ യേശു ക്രിസ്തുവിന്റെ ക്രൂശാരോഹണം അതിഭയങ്കരമുള്ളതല്ലോ. ദുഷ്പ്രവൃത്തിക്കാരെ താൻ തക്കവണ്ണം നീതിയോടെ ശിക്ഷിച്ചിരിക്കേ ആ അരുകലയാൽ ലോകത്തിന്നു നിത്യരക്ഷയെ ഉളവാക്കുവാൻ തിരുമനസ്സുണ്ടായിരുന്നു. ഇങ്ങനെ എല്ലാ ദോഷത്തിന്റെ അവസ്ഥ. ദോഷം ചെയ്യുന്ന ഏവന്നും ഹാ കഷ്ടം. ദോഷത്തെ അനുഭവിക്കുന്നവൎക്കോ നീതിയും കരുണയും സൎവ്വശക്തിയും ഉള്ള ദൈവം ആയതിനെ വല്ലവിധത്തിൽ നന്മെക്കായി മാററിക്കൊടുക്കും.[1)]

ആ ഏറിയ തിന്മകളിൽ ഒന്നു അടിമപ്പാടു തന്നെ. എന്നാൽ ക്രിസ്തീയ വേദപുസ്തകത്തിലും ലോകചരിത്രത്തിലും കാണുന്നപ്രകാരം ഭൂമിയിൽ എങ്ങും നടപ്പായ അടിമപ്പാടിനെയും അതിന്നു ഇട ഉണ്ടാക്കിയ സംഗതികളെയും കുറിച്ചു ഇപ്പോൾ പറവാൻ പോകുന്നില്ല. അമേരിക്കാഖണ്ഡത്തിലേ അടിമപ്പാടിനെ കൊണ്ടേ പറവാൻ ആഗ്രഹിക്കുന്നുള്ളു.

1. The Thraldom of the Indians ഇന്ത്യാനരുടെ അടിമപ്പാടു.

അമേരിക്ക എത്രയും വമ്പിച്ച ഭൂഖണ്ഡം ആയിരിക്കേ യുരോപ്യൎക്കു അതിനെക്കൊണ്ടു പതിനഞ്ചാം നൂററാണ്ടിന്റെ ഒടുവിൽ മാത്രം അറിവു കിട്ടിയുള്ളു. ആ ഖണ്ഡത്തെ കണ്ടെത്തിയ പ്രകാരം കേരളോപകാരി 1878, 107ാം ഭാഗത്തു സൂചിപ്പിച്ചു. ആയതു പെരുത്തു വിസ്തീൎണ്ണമുള്ളതാകയാൽ അതിന്റെ ദ്വീപുകളും കരപ്രദേശവും അറിയേണ്ടതിന്നു പല വൎഷങ്ങൾ ചെന്നു. കാൎയ്യസൂക്ഷ്മത്തിൽ താല്പൎയ്യമുള്ളവൎക്കു ഒരു സൂചകം അടിയിൽ വെച്ചിരിക്കുന്നു.[2)] ഹിസ്പാന്യർ കണ്ടെത്തിയ ദ്വീപുകളെയും നാടുകളെയും എല്ലാം തങ്ങളുടെ കോയ്മയുടെ പേരിൽ കൈക്കലാക്കി എതിൎത്തു നില്ക്കുന്നവരോടു മറുത്തു പൊരുതു അവരെ ജയിച്ചതല്ലാതെ പുതിയ ഖണ്ഡത്തിലുള്ള സമ്പത്തിനെക്കൊണ്ടു കേട്ട അനേക ഹിസ്പാന്യരും അവിടേക്കു പോയി കുടിയേറിയപ്പോൾ

1) 1 മോശേ 50, 14.

2) അമേരിക്കാഖണ്ഡത്തിന്റെ വടക്കേ അംശത്തിലേ കടല്പുറത്തെ ഫ്ലോരിദ വരെക്കും ഇംഗ്ലിഷ്കാരും അവിടെ തൊട്ടു തെൻ അമേരിക്കയുടെ വടക്കേ കരയിലുള്ള കിഴക്കേ മുനമ്പോളം ഹിസ്പാന്യരും ബ്രസീല്യയെ പൊൎത്തുഗീസരും അമേരിക്കയുടെ പടിഞ്ഞാറെ കര ഹിസ്പാന്യരും കണ്ടെത്തിയതു. കൊലുമ്പൻ 1492 ഗ്വാനഹാനി, ക്രുബ, ഹായിതി (= സൻ ദൊമിംഗോ, ഹിസ്പാന്ന്യോല) എന്ന ദ്വീപുകളും, 1493 കറായിബ ദ്വീപുകൂട്ടത്തെയും ജമായിക്ക ദ്വീപിനെയും, 1498ഇൻ പിങ്കാലത്തു പടിഞ്ഞാറെ ഇന്ത്യ എന്ന പേർ കൊണ്ട ദ്വീപുസഞ്ചയത്തിന്റെ തെക്കേ അററത്തു കിടക്കുന്ന ത്രിനിദാദ് ദ്വീപിനെയും അതിന്നടുത്ത തെക്കേ അമേരിക്കയുടെ വടക്കേ കരയിൽ ഒരിനൊക്കോ നദിയേയും, 1502 തെൻ അമേരിക്കയുടെ വടക്കേ കരയേയും കണ്ടെത്തി. മറേറാരോ ഹിസ്പാന്യർ 1512 വടക്കേ അമേരിക്കയുടെ തെക്കേ തീരത്തുള്ള ഫ്ലോരിദ അൎദ്ധദ്വീപിനെയും, 1517 യുക്കതാൻ അൎദ്ധദ്വീപിനെയും, 1518 മെക്ഷിക്കോ രാജ്യത്തേയും, 1526 പേരുവേയും, 1530 അമേരിക്കയുടെ തെക്കേ മുനമ്പിനേയും, 1535 ചീലയേയും, 1536 കലിഫൊൎന്നിയ അൎദ്ധദ്വീപിനെയും കണ്ടെത്തി. പൊൎത്തുഗീസരോ 1500 ഭാരതഖണ്ഡത്തിലേക്കുള്ള കപ്പൽയാത്രയിൽ അധികം പടിഞ്ഞാറോട്ടു ഓടിയതിനാൽ ബ്രസീല്യയെ യദൃഛ്ശയാ കണ്ടതു. ഇംഗ്ലിഷ്കാർ ആകട്ടേ ന്യൂഫൌന്ത്ലന്തും സൻജൊൻ ദ്വീപിനേയും വടക്കേ അമേരിക്കയുടെ കിഴക്കു കരയും തെക്കുള്ള കടല്പുറത്തെ ഫ്ലോരിദ വരെക്കും നല്പപ്പോൾ കണ്ടു പിടിച്ചിരിക്കുന്നു.

നിവാസികളെ എല്ലാം കുടിയേററക്കാൎക്കു വിഭാഗിച്ചു കൊടുത്തു. അവിടെ പാൎക്കുന്ന ഇന്ത്യാനർ[3] മനുഷ്യരോ എന്ന ദുസ്സംശയത്തെ നടപ്പാക്കിയ ഹിസ്പാന്യർ തങ്ങളുടെ ദ്രവ്യാഗ്രഹത്തിന്നു തൃപ്തി വരുത്തേണ്ടതിന്നു പണി എടുപ്പാൻ ഒട്ടും ശീലിക്കാത്ത ആ കാട്ടാളരെകൊണ്ടു അവരുടെ പ്രാപ്തിക്കും ശേഷിക്കും കൊള്ളരുതാത്ത അതികഠിനപ്പമുള്ള ഓരോ അദ്ധ്വാനത്തെ കഴിപ്പിച്ചു. അതിനാൽ ഇപ്പി ജനം പഴതേ ചത്തൊടുങ്ങിയതു കൂടാതെ[4] തീ വാളുകളാൽ മാത്രം അടങ്ങിയ അനേക ലഹളകളും പൊങ്ങിവന്നു. നാട്ടുകാരായ ഇന്ത്യാനരെ ഓരോ ഹിസ്പാന്യൎക്കു കീഴ്പെടുത്തിയതിനേയും ആയവർ അവരോടു ചെയ്യു കൊടൂര പ്രവൃത്തികളെയും കണ്ടു ഹിസ്പാന്യ പാതിരിയച്ചന്മാർ പൊറുക്കാതെ ധീരതയോടു വിരോധമായ പ്രസംഗം കഴിച്ചു എങ്കിലും കോയ്മ ലുബ്ധപൂൎവ്വന്മാരായ കുടിയേററക്കാരുടെ ആവലാതിക്കു ചെവി കൊടുത്തു പാതിരിയച്ചന്മാരെ ശാസിച്ചു. ഭക്തനായ പാതിരിയച്ചനും പിന്നീടു അദ്ധ്യക്ഷനുമായി ലസ് കാസസ് മെക്ഷിക്കോവിൽനിന്നു ഹിസ്പാന്യയിലേക്കു പന്ത്രണ്ടു കപ്പൽയാത്രകളെ ചെയ്തു കോവിലകത്തിൽ ചെന്നു രാജാവോടും മററും ഞെരുങ്ങുന്ന ഇന്ത്യാനൎക്കു വേണ്ടി സ്നേഹവാക്സാമൎത്ഥ്യത്തിലും അപേക്ഷ കഴിച്ചു അവൎക്കു തന്റേടം അരുളേണ്ടതിന്നു ഏററവും കെഞ്ചിയിരുന്നു. തന്റെ പ്രയത്നത്താൽ ഒടുവിൽ എത്രയും മുറുക്കമുള്ള കല്പന പുറപ്പെട്ടിട്ടും ആരും അതിനെ കൂട്ടാക്കീട്ടില്ല.[5]

ആ സമയത്തു ഇന്ത്യാനൎക്കു പകരമായി കെല്പേറുന്ന കാപ്പിരികളെ അഫ്രിക്കയിൽനിന്നു വരുത്തി കൂലിപ്പണിക്കാക്കേണം എന്ന ആലോചന പലരിൽ നടന്നു. ലസ് കാസസ് താൻ എത്രയും സ്നേഹിച്ചു വന്ന ഇന്ത്യാനൎക്കു അതിനാൽ ഉണ്ടാകുന്ന ഒഴിച്ചലിനേയും ആദായത്തേയും ഓൎത്തു അതിന്നു സമ്മതം കൊടുത്തു.[6] അതിനാൽ താൻ അറിയാതെ തന്റെ ഇഷ്ടത്തിന്നു പ്രതികൂലമായ അറെപ്പുള്ള അടിമക്കച്ചവടത്തിന്നു ഇട കൊടുത്തു. ആയതിനാൽ മുന്നൂറു സംവത്സരത്തോളം മാനുഷജാതിക്കു ഇളിഭ്യവും അപകീൎത്തിയും[7] ഭവിച്ചതേയുള്ളൂ. കാപ്പിരികളെ ക്ഷണിച്ചാലും അവൎക്കു കൂലിപ്പണിക്കായി അങ്ങു ചെല്ലുവാൻ ആകട്ടേ ആയവർ വന്നാലും ഗൎവ്വിഷ്ഠന്മാരായ ഹിസ്പാന്യൎക്കു അവരോടു മാനുഷഭാവം കാണിപ്പാൻ ആകട്ടേ മനസ്സുണ്ടാകുമോ?

2. African slaves for America. കാപ്പിരികളുടെ വരവു.

ബലഹീനമുള്ള ഇന്ത്യാനൎക്കു പകരം ശക്തിയുള്ള കാപ്പിരികളെ ആഫ്രിക്കാഖണ്ഡത്തിൽനിന്നു കൊണ്ടു വരേണം എന്നുറെച്ചപ്പോൾ പലരും കപ്പലേറി ആഫ്രിക്കയുടെ തുറമുഖങ്ങളിൽ കാപ്പിരികളെ കയറേറണ്ടതിന്നു കരെക്കണഞ്ഞു. ചെമ്പിച്ച ഇന്ത്യാനർ മനുഷ്യരോ മറേറാ എന്നും അവൎക്കു വെള്ളക്കാരോടു സമാവകാശം ഉണ്ടോ എന്നും സംശയിച്ചവർ കരിക്കട്ട പോലേത്ത കാപ്പിരികളെ ആദരിച്ചു നോക്കാതെ മററവരിൽ ഹീനമായി വിചാരിച്ചു എന്നു പറയേണ്ടല്ലോ. ഭാരതത്തിൽനിന്നു സിംഹളം ബുബ്ബോൻ മൊരിഷസ് മുതലായ ദ്വീപുകളിലേക്കു കൂലിപ്പണി എടുപ്പാൻ യാത്രയാകുന്ന ഭാരതീയർ (ഹിന്തുക്കൾ) തന്റേടക്കാരായി പോയിവരുന്ന

3) പുതുതായി കണ്ടെത്തിയ ഭൂമി വിലാത്തിക്കാർ ഇന്ത്യാ എന്നു വിളിച്ചു വരുന്ന ഭാരതഖണ്ഡം അത്രേ എന്നൂഹിച്ചു ആ രാജ്യത്തിന്നു തെററായി ഇന്ത്യാ എന്നു വിളിച്ചതുപോലേ അതിലേ കുടിയാന്മാൎക്കു ഇന്ത്യാനർ എന്ന പേരിനെ ഇട്ടതു ആശ്ചൎയ്യം അല്ലല്ലോ.

4) അതിന്നു ഒരു ദൃഷ്ടാന്തം കൊണ്ടു മതിയാകേണം. കൊലുമ്പൻ ഹായിതി (= ഹിസ്പാന്യോല) എന്ന ദ്വീപിൽ ഇറങ്ങിയപ്പോൾ അതിൽ പത്തു ലക്ഷം ആൾ പാൎത്തിരുന്നു. പതിനാറു വൎഷങ്ങൾക്കു പിന്നെ അറുപതിനായിരം പേരേ ശേഷിച്ചു കണ്ടുള്ളു കഷ്ടം.

5) ഭാരത നിവാസികളോടു ഇംഗ്ലിഷ്കാർ കാണിക്കുന്ന മുഖപക്ഷമില്ലാത്ത നീതിയും മാനുഷരഞ്ജനയും ഇംഗ്ലന്തിലേ മേൽക്കോയ്മയുടെ കല്പനപ്രകാരം ഭാരതക്കോയ്മ അടിമകളെ വിടുവിച്ചതിൽ കാണിച്ച അനുസരണവും അതിന്നു വിപരീതം അല്ലയോ.

6) ഹിസ്പാന്യയിലേ സെവില്ല്യ (Sevilla) എന്ന നഗരത്തിൽ 1474 കുലീന കുലത്തിൽനിന്നു ജനിച്ച ലസ് കാസസ് (Bartolome de las Casas) 1856 മദ്രിദിൽ മരിച്ചു.

7) Affront, and infamy.

തിന്നു അംഗ്ലക്കോയ്മ വൈരാഗ്യത്തോടെ നോക്കിയിരിക്കേ ഹിസ്പാന്യരാദി വിലാത്തിക്കാർ അക്കാലത്തു കാപ്പിരികളെ പണിക്കു വിളിച്ചിട്ടില്ല; കാപ്പിരികൾ ജനിച്ച ഊരും നാടും വളരേ സ്നേഹിക്കുന്നതുകൊണ്ടു അറിയാനാട്ടിൽ ചെല്ലേണ്ടതിന്നു മടിക്കയുമായിരുന്നു. ആകയാൽ ഉപായം വേണ്ടി വന്നു. ഉരുക്കാർ കടപ്പുറക്കാരെ കപ്പലോളം വരേണ്ടതിന്നു ക്ഷണിച്ചു അവിടേ എത്തിയശേഷം പിടിച്ചു വെക്കുകയോ അല്ല ക്രൂട്ടമായി ഇറങ്ങി കണ്ടവരെ പിടിച്ചു കപ്പലിലേക്കു കൊണ്ടു പോകയോ അല്ല ഓരോ ചില്ലറ ചരക്കിന്നു അടിമകൾ കൊള്ളുകയോ ചെയ്യുന്നു. ആഫ്രിക്കായിലുള്ളേടത്തോളം മാനുഷജീവന്നു മറെറങ്ങും വിലകുറയായ്കയാലും അടിമപ്പാടവിടേ വളരെ പരന്നിരിക്കയാലും അടിമകളെ കിട്ടേണ്ടതിന്നു ഏറ പ്രയാസമില്ല. ഇങ്ങനെ ബോത്സ്വേൻ* എന്ന രാജാവു ഒരിക്കൽ ഒരു പരന്ത്രീസ്സ് അടിമക്കപ്പക്കാരനോടു ചരക്കു വാങ്ങി അതിന്നു കാപ്പിരി ബാല്യക്കാരെ മാററമായി കൊടുപ്പാൻ ഏററാറെ ഇവരേ ഏല്പിക്കേണ്ട സമയമടുത്തു വേണ്ടുന്ന ആളുകളെ ശേഖരിപ്പാൻ കഴിവു വരാഞ്ഞപ്പോൾ താൻ അയൽവക്കത്തു പാത്ത കപിക്† എന്ന ഗോത്രക്കാരോടു പടവെട്ടുവാൻ നിശ്ചയിച്ചു രാക്കാലത്തിൽ തൻെറ പടയാളികളെ അവരുടെ ഊരുകളിൽ അയച്ചു. അവരോ ഒരു മണിക്കൂറിന്നകം പുരുഷന്മാർ സ്ത്രീകൾ ശിശുക്കൾ എന്നീ തരക്കാരെ കൊല്ലുകയും കുടിലുകളെ എരിക്കയും ബാല്യക്കാരെയും പൈതങ്ങളെയും പിടിച്ചു പരന്ത്രീസ്സ് കപ്പത്തലവന്നു ഏല്പിക്കയും ചെയ്തു.‡ ഈ മന്നൻ അടിമകളെ കൈയിൽ ആക്കിയതു പോലേ ഏറിയ രാജാക്കന്മാർ അടിമകൾ കിട്ടേണ്ടതിന്നു ക്രൂഷിയും കച്ചവടം ചെയ്തു സ്വസ്ഥതയോടെ പാക്കുന്നവരെ നായാടുന്നതു മുമ്പേ സമ്പ്രദായം എങ്കിലും, വിലാത്തിക്കാർ അടിമക്കച്ചവടം തുടങ്ങിയ ശേഷം അതിന്നു പുതിയ വീൎയ്യം പിടിച്ചപ്പോൾ പണലാഭം വിചാരിച്ചു രാജാക്കന്മാരും അടിമക്കച്ചവടക്കാരും അടിമനായാട്ടിനെ വലുങ്ങനെ നടത്തും. തുറമുഖങ്ങളിലേ പാണ്ടിശാലകളെ നിറെക്കേണ്ടതിന്നു ഏറിയ രാജ്യങ്ങൾ ശൂന്യമായി പോകയും ഈ ബാധ തീരപ്രദേശങ്ങളിൽനിന്നു ഉൾനാടോളം പരക്കയും ചെയ്തു. കൊട്ടുമയും കോഴയും കൊണ്ടു പിടിച്ചവരെ ഓരോ ഇരിമ്പു കാരയിലും§ അവർ ഓടിപ്പോകായ്വാൻ അതിനെ നീണ്ട ചങ്ങലയിലും പൂട്ടി വെച്ചു വെയിലും ചൂടരും ക്രൂട്ടാക്കാതെ ബദ്ധന്മാരെ കൊണ്ടു പോകയിൽ തളൎന്നവരെ ചമ്മട്ടികൊണ്ടു ഉണൎത്തി നടത്തും. അവർ അധികം തിന്നാതെയിരിപ്പാൻ നാവിൻെറ അടി കീറി മരുന്നിട്ടു പൊരുപ്പിക്കും. അതിനാൽ വഴിയിൽ വെച്ചു പലരും മരിക്കും. വരുത്തവും ചൂടും പൈദാഹവും സഹിച്ചു അൎദ്ധപ്രാണന്മാരായി എത്തിയ ക്രൂട്ടരെ മഴയും വെയിലും കൊ



*Boatswaine. †Quick. ‡Pauli, Evang. Missions in Africa, p. 13. §Iron collar.

നമ്മുടെ ചിത്രത്തിൽ കാണുന്ന Vorraths Kammern എന്നതു അമരത്തു അടിമകൾക്കായി തിൻപണ്ടങ്ങൾ വെക്കുന്ന അറകൾ.

ള്ളുന്ന ഒരു വിധം കരക്കയിൽ പാൎപ്പിക്കും. ഇതു ഉയൎന്ന മതിലോ കിളയോ കൊണ്ടു ഉറപ്പിച്ച ചതുരമായ ഒരു സ്ഥലം. അതിൽ തിങ്ങിവിങ്ങി പാൎത്തു ഉഗ്രവെയിൽ പൊറുത്തു ജീവനോടു ശേഷിച്ചവരെ അടിമക്കപ്പലുകളിൽ കയററും. ചരക്കല്ല മനുഷ്യരെ മാത്രം കൊണ്ടു പോകുന്ന ആ വിധം കപ്പലുകൾക്കു ഏകദേശം ഒരു കോൽ തമ്മിൽ അകന്ന ഓരോ തട്ടുകൾ ഉണ്ടു. അതിൽ ദുഃഖേന കുത്തിരിപ്പാനേ പാടുള്ളു. പ്രയാസത്തോടു കിടപ്പാൻ സ്ഥലം കിട്ടുന്ന ആ എളിയവർ കാററിന്റെ അനുകൂലത പോലേ പത്തരുപതു നാൾ ആ സ്ഥിതിയിൽ ഇരിക്കേണ്ടി വരുന്നു. സ്ഥലം പോരായ്കയാൽ ചിലരുടെ ഉടൽ തിരിച്ചു പോകയോ പലരും കൃശരായി തീരുകയോ ചെയ്യും. വെളിച്ചവും പ്രത്യേകമായി നല്ല വായുവും കുറയുന്നതുകൊണ്ടു അനേകൎക്കും ഓരോ ദീനം ഉണ്ടായാലും ആരും ദീനപ്പൊറുതിക്കു മരുന്നു കൊടുക്കുന്നില്ല. മസൂരിയോ മററു വല്ല രോഗമോ അത്യുഷ്ണത്താൽ ഉളവായാൽ ചിലപ്പോൾ നാന്നൂറു അറുനൂറു പേരിൽനിന്നു പാതിയിൽ അധികം ഒടുങ്ങും. മരിച്ചവരെ കുപ്പപോലെ കടലിൽ ചാടുകേയുള്ളൂ. ഇപ്പോൾ ഔസ്ത്രാല്യയിൽനിന്നു കപ്പൽവഴിയായി കൊണ്ടു വരുന്ന കുതിരകൾക്കും ഓരോ കപ്പലുകളിൽ ഭക്ഷണത്തിന്നായി കയററിയ ആടു വാത്തു കോഴി മുതലായവററിന്നും ആ അടിമകളിൽ ഏററ രക്ഷ ചെല്ലുന്നു എന്നു നാണത്തോടെ സ്വീകരിക്കുകേ വേണ്ടു. ഒടുവിൽ അടിമക്കപ്പൽ അമേരിക്കാവിലേ തുറമുഖങ്ങൾ ഒന്നിൽ എത്തി ചരക്കു കിഴിച്ചു. ആ എളിയ അടിമകളെ വില്ക്കേണ്ടതിന്നു ഒരു ചന്തയിൽ നിൎത്തും. അവരവൎക്കു എത്ര നോവും ആധിയും ഉണ്ടായാലും വിഷാദഭാവം കാണിക്കായ്വാൻ ചമ്മട്ടികൊണ്ടുള്ള അടികൾ കൂടക്കൂടെ അവരുടെ പുറത്തു താണു അവരെ ഉണൎത്തും. പിന്നേ പൊന്നും പത്താക്കും നിറഞ്ഞ മേഖലത്തോടേ തോട്ടക്കാരും മററും വന്നു ഉലാവി നോക്കി നടക്കും. മൃരികളുടെ മുന്നരും വയരും * കൈയും കാലും പല്ലും മററും നോക്കും പോലേ ദൈവസദൃശരായ കൂട്ടുകാരെ മാനുഷഭാവവും നാണവും വിട്ടു തൊട്ടും പിടിച്ചും ഞെക്കി വലിച്ചും പരിശോധിച്ചു ബോധിച്ചവ വാങ്ങും. ഈ ഇളിഭ്യമായ പ്രവൃത്തിയെ കൊണ്ടു വായിച്ചാൽ വെകളിയും വേകുരവും† പിടിക്കുന്നു. അതിന്റെ ശേഷം ആ അടിമകൾ പുതിയ യജമാനന്റെ വഴിയെ പുറപ്പെട്ടു മറുനാട്ടിൽ തോട്ടപ്പണിയെ എടുപ്പാൻ പോകുന്നു. പല സ്ഥലത്തു വല്ലിയേക്കാൾ അടിയും കുത്തും കിട്ടും ഓടിപ്പോയാൽ മുരന്നായ്ക്കളും വേട്ടക്കാരും തന്നെ പിടിച്ചു മുമ്പേത്തതിൽ കടുപ്പത്തോടെ നടത്തും. വേളികഴിച്ചാലും ഭൎത്താവോ ഭാൎയ്യയോ കുട്ടികളോ വെറും അടിമകൾ ആകയാൽ മുതലാളിക്കു ഇഷ്ടം പോലേ വിവാഹ ബാന്ധവത്തെയും ജനകസംബന്ധത്തെയും കൂട്ടാക്കാതെ തോന്നിയവരെ വില്ക്കാം. അതിൽ അന്യായക്കാരനും പ്രതിയും ഇല്ല. ആ സാധുക്കളുടെ ക്ലേശാഗാധത്തെ വേണ്ടുംപോലേ വൎണ്ണിപ്പാൻ ഒരു കൊല്ലത്തേ കേരളോപകാരിക്കുള്ള ഏടുകൾ പോരായത്രേ. എന്നിട്ടും കാപ്പിരികൾക്കു വിശേഷമുള്ള ബുദ്ധിയും വേവുള്ള സ്നേഹവും നന്നിയും താഴ്മയും ഇത്യാദി സൽഗുണങ്ങൾ ഉണ്ടു എന്നു സുവിശേഷത്തെ കൈക്കൊണ്ടവരിൽ നന്നായി വിളങ്ങി വരുന്നു. ആയതു ചെന്നേടത്തു അടിമടത്താഴ്ചയിൽ മുങ്ങിയവരെ സത്യമായി ഉയൎത്തിയിരിക്കുന്നു. എന്നാൽ അടിമക്കച്ചവടംകൊണ്ടു ആഫ്രിക്കെക്കു എത്രയോ വലിയ നാശം വന്നു. അടിമക്കച്ചവടക്കാർ മുന്നൂറു വൎഷങ്ങൾക്കുള്ളിൽ മുന്നൂറു ലക്ഷം കാപ്പിരികളെ തങ്ങളുടെ പിതൃഭൂമിയിൽനിന്നു കവൎന്നു അടിമകളാക്കിയിരിക്കുന്നു എന്നു പറയാം. ഇവരേ സമ്പാദിക്കേണ്ടതിന്നു നടത്തിയ യുദ്ധങ്ങളിൽ പട്ടവരും പിടികിട്ടിയവരിൽനിന്നു ഓരോ യാത്രകളിൽ മരിച്ചവരും എത്ര ആയിരം ലക്ഷം മതിയാകും എന്നറിയുന്നില്ല. ഈ വക അടിമക്കച്ചവടം ഇപ്പോൾ നിന്നുപോയി. ഇംഗ്ലിഷ്കാരിൽ മാനുഷരഞ്ജനയും അയ്യോഭാവവും ഉള്ള ഓരോ മാനശാലികൾ അമ്പതു വൎഷത്തോളം പോരാടിയ ശേഷം അടിമക്കച്ചവടം കടൽക്കവൎച്ചയത്രേ എന്നു 1807 ആമതിൽ അംഗ്ലക്കോയ്മ ‡ പരസ്യമാക്കി ഏറിയ ദ്രവ്യം ചെലവിട്ടു അനേക യുദ്ധക്കപ്പലുകളെകൊണ്ടു അടിമക്കപ്പലുകളെ പിടിപ്പിച്ചു അടിമകളെ വിടുവിക്കയും ഇന്നാളോളം അടിമക്കച്ചവടത്തെ തന്നാൽ ആകുന്നിടത്തോളം ഒടുക്കിക്കളകയും ചെയ്യുന്നു. 1842 ആണ്ടു തൊട്ടു സകല വിലാത്തികോയ്മകൾ അടിമക്കച്ചവടത്തെ ഇല്ലാതാക്കേണ്ടതിന്നു അംഗ്ലക്കോയ്മെക്കു കൈകൊടുത്തു തങ്ങളുടെ ശേഷിക്കു തക്കപ്രകാരം സഹായിച്ചു വരുന്നു. (ശേഷം പിന്നാലേ.)

---

* മുമ്പും പിമ്പും, † Excitement and rage. ‡ അതിന്നു മുമ്പേ ഇംഗ്ലിഷ്കാർ തങ്ങളുടെ അടിമകൾക്കു സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നു.

2. POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

അഫ്ഘാനസ്ഥാനം.— ആ രാജ്യത്തിൽ യുദ്ധത്തിന്നായി പോയ എല്ലാവിധ പടയാളികൾക്കു അംഗ്ലക്കോയ്മ ആറു മാസത്തിന്റെ ബത്ത സമ്മാനമായി കൊടുപ്പാൻ കല്പിച്ചിരിക്കുന്നു.

അഫ്ഘാനരെ വിശ്വസിപ്പാൻ പ്രയാസം ഉണ്ടെന്നും യാക്കൂബ് ഖാൻ അമീർ തന്റെ രാജ്യത്തെ ക്രമപ്രകാരം ഭരിപ്പാനും അംഗ്ലകാൎയ്യസ്ഥന്മാരെ പാലിപ്പാനും ആളല്ല എന്നും തെളിഞ്ഞിരിക്കുന്ന കഷ്ടം. സപ്തെമ്പ്ര ൩-൹ ചില അഫ്ഘാനപട്ടാളങ്ങൾ മാസപ്പടിക്കായി കാബൂലിലേക്കു പോയി ഒരു തിങ്കളിന്റെ മാസപ്പടി വാങ്ങിയ ശേഷം ഇതു പോരാ രണ്ടു മാസത്തിന്റെ ശമ്പളം വേണം എന്നു തിരക്കിയതിനെ സേനാപതി കൂട്ടാക്കാഞ്ഞതിനാൽ ഒരു പടയാളി: നാം അംഗ്ലകാൎയ്യസ്ഥനേയും പിന്നെ അമീരിനേയും പോയി കൊല്ലുക എന്നാൎത്തു ബാലഹിസ്സാരിലേക്കു കൂട്ടമായി പുറപ്പെട്ടു അവിടെ എത്തിയാറെ അംഗ്ലകാൎയ്യസ്ഥന്റെ പണിക്കാരെ കല്ലെറിവാൻ തുനിയുന്നതു ശ്രീ ലൂയി കവഞ്ഞാരിയുടെ അകമ്പടിക്കാർ കണ്ടു തങ്ങളുടെ നായകന്മാർ അറിയാതെ വെടിവെപ്പാൻ തുടങ്ങിയതിന്നു മത്സരക്കാർ ഓടി ആയുധങ്ങളെയും കാളന്തോക്കുകളെയും കൊണ്ടുവന്നു ബാലഹിസ്സാരിനെ വളെച്ചു അതിന്റെ നിലാമുററം ഏറി അതിലുള്ളവരെ വെടിവെപ്പാൻ വട്ടം കൂട്ടി. അതിനെ കണ്ടു ശ്രീ കവഞ്ഞാരി അമീരിന്നു രണ്ടു ദൂതന്മാരെ അയച്ചു മറുവടി കിട്ടിയതും ഇല്ല. അപ്പോൾ ആറു മാസത്തെ ശമ്പളം കൊടുപ്പാൻ ഏററപ്രകാരം ശ്രീ കവഞ്ഞാരി ഒരു കുതിരയാളനെ കൊണ്ടു അറിയിച്ചിട്ടും മത്സരക്കാർ അവനെ പിടിച്ചു അരമനയുടെ നിലാമുററത്തുനിന്നു താണേടത്തിലേക്കു തള്ളിയിട്ടു അവൻ ബോധം കെട്ടു തെളിഞ്ഞ ശേഷം ഓടി പിടിപ്പെട്ടു എങ്കിലും പിറേറന്നു രാവിലെ തെറുവാൻ തരം കിട്ടിയാറെ ബാലഹിസ്സാരിൽ ചെന്നു. അവിടെ രണ്ടു നായകന്മാരെ തുണ്ടിച്ചും അരമന ചുട്ടും അതിലെ ശ്രീ കവഞ്ഞാരി ശാസ്ത്രവൈദ്യരും അകമ്പടിക്കാരും കൊന്നും വെന്തും അല്പം ദൂരത്തിൽ മൂന്നു നായകന്മാരെ കുഴിച്ചിട്ടതും കണ്ടു ലണ്ടികോതലിലേക്കു കുതിരപ്പുറത്തു ചാടി ൧൨-൹ രാത്രിയിൽ എത്തി കഷ്ടവൎത്തമാനം അറിയിച്ചിരിക്കുന്നു. ഒരു മുല്ലാ അമീരിനോടു അംഗ്ലകാൎയ്യസ്ഥന്റെ സഹായത്തിന്നായി വിശ്വസ്തതയുള്ള പട്ടാളങ്ങളെ അയപ്പാൻ അപേക്ഷിച്ചിട്ടും കൂട്ടാക്കാഞ്ഞതു വിചാരിച്ചാൽ അമീരിൽ സംശയം ജനിക്കുന്നു.

ഈ അറുകല നിമിത്തം കന്ദഹാരിലേ പടക്കൂട്ടം മുന്നിശ്ചയിച്ചതിൻ വണ്ണം തിരിച്ചു പോകാതെ ആ നഗരത്തെ കാത്തു കൊള്ളും. എന്നു തന്നെയല്ല കോയ്മ നാനാദിക്കുകളിൽനിന്നു പടയാളികളെ അഫ്ഘാനസ്ഥാനത്തിന്നു നേരെ നടത്തുന്നു. മൗശി സംസ്ഥാനത്തിൽനിന്നു രണ്ടു പട്ടാളം ശിവാസ്സുൾ വടക്കു പടിഞ്ഞാറു പകുപ്പിലേക്കും മൂന്നു അഫ്ഘാനസ്ഥാനാത്തേക്കും യാത്രയാകും. സപ്തെമ്പ്ര ൧൬-൹ ആലിഖേയിൽനിന്നു ഒർ ഉപസൈന്യം പുറപ്പെട്ടു ശതർഗൎദ്ദൻ കണ്ടിവാതിലിനെ പിടിച്ചു. ആലിഖേയിലിലും ശതർ ഗൎദ്ദനിലും ഉള്ള പടകൾ അൎക്കബിംബചിഹ്നങ്ങളാൽ Leliography തമ്മിൽ വൎത്തമാനം അറിയിച്ചു വരുന്നു.

ഹെരാത്തിലേ അഫ്ഘാന പട്ടാളങ്ങൾ സപ്തെമ്പ്ര ൫-൹ ദ്രോഹിച്ചു തങ്ങളുടെ സേനാപതിയെ കൊല്ലുകയും അവന്റെ ഭവനം എരിച്ചു കളകയും ചെയ്ത പ്രകാരം സപ്തെമ്പ്ര ൧൩-൹-യിൽ മാത്രം സിമ്ലയിൽ വൎത്തമാനം അറിഞ്ഞുള്ളു.

കന്ദഹാരിൽനിന്നു ഒരുപസൈന്യം പുറപ്പെട്ടു ഖേലത് ഈ ഘിൽജേ എന്ന സ്ഥലത്തെ പിടിച്ചു കാക്കേണം എന്ന കല്പന പുറപ്പെട്ടു. ദാദൎർ സഖർ എന്നീ സ്ഥലങ്ങളുടെ ഇടയിലേ തീവണ്ടിപ്പാതയെ ഒരു വിധേന വേഗത്തിൽ തീൎക്കേണ്ടതിന്നു ബൊംബായിൽനിന്നു വേണ്ടുന്ന സാമാനങ്ങളെ കപ്പൽവഴിയായി അയച്ചു വരുന്നു. അവ്വഴിയായി അഫ്ഘാനസ്ഥാനത്തേക്കു പോകുന്ന പടയാളികളെ അയപ്പാൻ ഭാവിക്കുന്നു. ഒരു ദിവസ

ത്തിൽ ഒരു നാഴികയിൽ അധികം പാത്തികൾ ഇട്ടുതീരും.

സപ്തമ്പ്ര ൨൯ന-യത്തേ കമ്പിവത്തമാന പ്രകാരം അമീരിന്റെ കാൎയ്യം അകത്തു കത്തിയും പുറത്തു പത്തിയും കണക്കനേ ഇരിക്കുന്നു. താൻ അംഗ്ലകാൎയ്യസ്ഥനെയും പരിവാരങ്ങളും കൊല്ലിക്കയും ൧൩ പട്ടാളങ്ങളെ പീരങ്കിത്തോക്കുകളോടു കാബൂലിൽനിന്നു കഷ്മിയിലേക്കു അയക്കുകയും കാബൂൽ ലാൽപൂര എന്നീസ്ഥലങ്ങൾക്കിടേ പാൎക്കുന്ന ഗോത്രങ്ങളെ പത്രമൂലമായി ഇംഗ്ലിഷ്ക്കാൎക്കു വിരോധമായി മത്സരിപ്പിക്കയും ചെയ്തു എന്നു കേൾവി.

രാജമന്ത്രി. — നിജാം ൧൮൬൦ ആമതിൽ അംഗ്ലകോയ്മെക്കു ഏല്പിച്ച ഭദ്രാജലം റക്കപ്പിള്ളി എന്നീരണ്ടു താലൂക്കുകളും മുമ്പേ രാജമന്ത്രിയോടു ചേൎന്ന രമ്പ എന്ന താലൂക്കും ഇപ്പോൾ ഗോദാവരി ക്രുരുപാട്ടിലേ കൊല്ലെക്കുതർ സാഗ്ലിന്റെ കീഴെ ഇരിക്കുന്നു. കഴിഞ്ഞ മാസത്തിൽ രമ്പയിലേ ലഹളയെ കൊണ്ടു നാം പറഞ്ഞു പോലെ ഇപ്പോൾ മേപ്പടി രണ്ടു താലൂക്കുകളിൽ ലഹളക്കാർ കോയ്മെക്കു അലമ്പൽ ഉണ്ടാക്കുന്നു എന്നു അറിയിപ്പാൻ ഉണ്ടു. ഭദ്രജലത്തേ തഹശില്ദാരും വൊട്ടു ഗൂദിയം കാട്ടദരോഗയും എന്നീ രണ്ടു ഉദ്യോഗസ്ഥന്മാർ കുടിയാന്മാരെ ഉപദ്രവിച്ചിട്ടാകുന്നു കലഹിച്ചതു എന്നു കേൾക്കുന്നു. മത്സരക്കാർ കൂട്ടങ്കൂട്ടമായി സപ്രിപുഴ വക്കത്തു അവിടവിടേനിന്നു കേവുരുക്കളെ കത്തി വരുന്നവരുടെ മേൽ വെടിവെച്ചു ഉരുക്കളെ പിടിക്കുന്നതു കൂടാതെ രണ്ടു തറകൾക്കു കൊള്ളയിട്ടതു കൊണ്ടു ഭദ്രാജലത്താലൂക്കകാർ നിജാമിലേക്കു ഓടിപ്പോകുന്നു. (ജൂലായി ൩൧.)

രമ്പയിലേ മത്സരക്കാരിൽനിന്നു എഴുപതാളോളം പിടിപ്പെട്ടു. അമ്മാൽറട്ടി എന്നവൻ രാജപ്പട്ടം ഏററു ഓരോ രാജാക്കന്മാരെ തന്നോടു ചേരുവാൻ ക്ഷണിച്ചു എങ്കിലും ആരും അനുസരിച്ചില്ല. വൊട്ടു ഗുദിയമിൽ വെച്ചു ഏകദേശം അഞ്ഞൂറു കോയ്മപ്പിരട്ടർ ൫—ന്നു മണിക്കൂറോളം അവിടെയുള്ള കിളതുരങ്കക്കാരോടു (Sappers & Miners) പടവെട്ടി തോററുപോയി. സംസ്ഥാനവാഴിയുടെ ഉടമ്പടി കതിരയാളരും നിജാമിൽനിന്നു വന്ന ൧൧൦ കതിരപ്പട്ടാളക്കാരും കാലാളുകളും ക്രമത്താലേ ദ്രോഹികളെ വലയിൽ മീൻ പിടിക്കുമ്പോലെ കട്ടക്കിക്കളയുന്നു. ഗോദാവരി സപ്രി എന്നീപുഴകൾ മഴവെള്ളം കൊണ്ടു നിറഞ്ഞു കവിയുന്നതിനാൽ ദ്രോഹികളെ പിന്തേരുവാൻ ഏതാനും താമസം ഉണ്ടു. അതുകൂടാതെ പനിയുടെ സമയം ആരംഭിച്ചു ൧൭ാം ൨൭ാം നാട്ടുപട്ടാളങ്ങളിൽ ഏറിയ ആളുകൾ പനി പിടിച്ചു കിടക്കുന്നു.

രമ്പയിലെ മൻസബ്ദാരും കുഡുംബവും പരിചാരകരും കോയ്മയുടെ തടവുകാരായി ബർഹമ്പൂരിൽ എത്തി (സപ്തമ്പ്ര ൧൨-) ഈ തിരിക്കുററിയെ പൊറിപ്പാൻ സാധിച്ചതു കൊണ്ടു അവനെ ചുററി തിരിഞ്ഞവർ തലവനില്ലാതെ കോയ്മയോടു നിരന്നുവരുവാൻ നോക്കുന്നു.

മംഗലപുരം. — ഉഡുപ്പിയിലെ ആറു സ്വാമികൾ പുത്തികെമഠസ്വാമിക്കു ഏതോ വല്ല സംഗതിയാൽ ഭ്രഷ്ടുവിധിച്ചു പോൽ. അദ്ദേഹം അപമാനം പൊറുക്കാതെ തന്റെ അനുചാരന്മാരിൽ (adherents) വലിയ പുരുഷാരത്തെ കൂട്ടി ഉഡുപ്പിയിലെ കൃഷ്ണക്ഷേത്രത്തിൽ ഏതാനും പൂജകൾ കഴിപ്പാൻ പുറപ്പെട്ടപ്പോൾ ആ അമ്പലത്തിലെ പൂജാരി ഒററിഞ്ഞു വാതിലുകളെ പൂട്ടിച്ചു. നാട്ടു ക്രിസ്ത്യാനനായ തഹശില്ദാർ എത്തി വാതിലുകളെ തുറപ്പിച്ചാറെ പുത്തികേ സ്വാമി ക്ഷേത്രത്തിൽ കടന്നു. തഹശില്ദാർ പിന്നെ ഒരു കൂട്ടം ആളുകളെ പിടിച്ചു തടവിൽ ആക്കിച്ചതു കൂടാതെ ഉഡുപ്പിയിലേ സ്വാമികളോടു കൂട പത്തറുപതു പേൎക്കു അന്യായമായ ആൾ ശേഖരത്തിന്നു സഹായിച്ച പ്രകാരം കുററം ചുമത്തി പോൽ (ആഗൊസ്തു ൧൩ ൹).

ആഫ്രിക്ക Africa.

മിസ്രു. — രൂമിസുല്ത്താൻ മുമ്പേത്ത പ്രമാണങ്ങളെ കൂട്ടാക്കാതെ ഖിദിവിന്റെ സ്വതന്ത്രത്തെ തള്ളുവാനും അതിന്നു സമ്മാനിച്ചു കൊടുത്ത അവകാശങ്ങളെ ഇല്ലാതാക്കുവാനും ശ്രമിച്ചതു അംഗ്ല പരന്ത്രീസ്സ് കോയ്മകൾ സമ്മ

തിക്കാഞ്ഞതുകൊണ്ടു സുല്ത്താന്റെ മന്ത്രിസഭ ഖിദിവ് ഇസ്മയേൽ പാഷാവിന്റെ സ്ഥാനമാനാധികാരങ്ങൾ എല്ലോളം കുറെക്കാതെ മുഴവനെ തൃഫികതമ്പാന്നു സമ്മതിച്ചുറപ്പിച്ചിരിക്കുന്നു. ഇതത്രേ ന്യായം (ജൂലായി വൻ). ഈ യഥാസ്ഥാനപ്രമാണത്തിൽ എൽ കഹിര (Cairo)ക്കാർ ഏററവും സന്തോഷിച്ചു (ആഗുസ്തു ഫൠ.)

സുപ്രത്യാശമുന. — അംഗ്ലസൈന്യം ഉലുന്ദി എന്ന സ്ഥലത്തെ പിടിച്ചപ്പോൾ ജൂലുകാപ്പിരികളുടെ മന്നനായ ചെജ്ജുപായോ അവിടെനിന്നു കാട്ടുപ്രദേശത്തിൽ മണ്ടി പുതിയൊരു മൺകോട്ടയെ എടുപ്പിച്ചു പരിചാരകരെ ശേഖരിപ്പാൻ തുനിഞ്ഞതുകൊണ്ടു അംഗ്ലസേനാപതി ഉലുന്ദിയിൽ ഒരു കാവൽപ്പടയെ നിൎത്തുവാനും മന്നനെ പിടിപ്പാനും വട്ടം കൂട്ടുന്നു (ജൂലായി വവ ൹). അംഗ്ലസൈന്യം രണ്ടു പടയായി ജൂലുനാട്ടിൻ ഉള്ളിൽ കടക്കുന്നതു ചെജ്ജുപായോ അറിഞ്ഞു ഞാൻ എന്നെത്തന്നെ ഇംഗ്ലിഷ്കാൎക്കു ഏല്പിച്ചാൽ അവർ എന്നെ കൊല്ലുമോ ജീവനോടു രക്ഷിക്കുമോ എന്തു ചെയ്വാൻ ഭാവം എന്നു ചോദിച്ചതിന്നു മന്നൻ അഭയം വീണാൽ കൊല്ലുകയില്ല എന്നു സേനാപതി ഉത്തരം കൊടുത്തു (ജൂലായി വൻ). ചെൽമ്സ്ഫൊൎദ്ദ് കൎത്താവു ഇംഗ്ലന്തിലേക്കു പോയി. ശ്രീ ഗാൎന്നത്ത് വൂൽസ്‌ലേ ഉലുന്ദിയിലും കൎന്നൽ രസ്സൽ എൻഹ്ലൊഗാനാവിലും എത്തിയിരിക്കുന്നു. (ആഗുസ്തു ഫവ ൹).

ഉപസേനാപതി (Brigadier) ക്ലാൎക്കു ചെജ്ജുപായോവിന്റെ ഒളിപ്പിടത്തെ വളഞ്ഞു കാവൽ നിന്നശേഷം ആഗൊസ്തു വവ ൹ ചെജ്ജുപായോ മന്നനെ ബദ്ധനാക്കി സേനാപതിയുടെ കൈയിൽ ഏല്പിച്ചിരിക്കുന്നു. ഇങ്ങനെ 40,000 വീരന്മാൎക്കു പടത്തലവനായ ഈ മന്നൻ നിഗള ക്രൂരതകൾ നിമിത്തം അര അംഗ്ലപട്ടാളത്തിന്നു ഇരയായ്തീൎന്നു. മന്നൻ ഇനിമേൽ കോയ്മത്തടവുകാരനായ് (state-prisoner) കേപ്തൌനിൽ പാൎക്കേണ്ടിവരും അവന്റെ രാജ്യത്തെ അംഗ്ലമേൽക്കോയ്മ അനുസരിക്കുന്ന 2 തലവന്മാരുടെ കൈയിൽ വിഭാഗിച്ചു കൊടുത്തു, തിരുവിതാങ്കോടു മുതലായ രാജ്യങ്ങളിൽ ഉള്ളതുപോലേ കണ്ടു അംഗ്ലകാൎയ്യസ്ഥന്മാരെ പാൎപ്പിക്കയും ചെയ്യും.

യുരോപ്പ Europe.

ഇംഗ്ലന്തു. — മേയിതൊട്ടു സപ്തമ്പർ വരെക്കും ഉള്ള അവിടുത്തേ വേനല്ക്കാലത്തു അപൂൎവ്വമായ മഴ പെയ്തു നിലം തണുക്കയാൽ ധാന്യപുൽകൃഷികൾക്കു വമ്പിച്ച നഷ്ടം ഭവിച്ചു. സാംരാജ്യത്തിന്നു 30,000 — 50,000 ലക്ഷം ഉറുപ്പികയോളം നഷ്ടമുണ്ടു എന്നു പറഞ്ഞു കേൾക്കുന്നു. ധാന്യകൃഷി മിക്കതും നശിച്ചതിനാൽ കച്ചവടക്കാർ ഐക്യസംസ്ഥാനത്തിൽനിന്നു കോതമ്പം മുതലായ ധാന്യങ്ങളെ അനവധി കടൽവഴിയായി വരുത്തുന്നു.

റൂമിസ്ഥാനം. — ഔസ്ത്രിയ കോയ്മ തന്റെ പടയെ നൊവിഭജാരിലേക്കു നടത്തുവാൻ ഭാവിക്കുന്നു.

സുല്ത്താൻ യവനരാജ്യത്തിന്നു ബൎല്ലീനിലേ നിയമപ്രകാരം നിശ്ചയിച്ച നാടുകളെ ഏല്പിപ്പാൻ പോകുന്നു.

രുസ്സ്യ. — ആ സാംരാജ്യത്തിലേ പ്രസിദ്ധപത്രികകൾ മിക്കതും ഗൎമ്മാനകോയ്മെക്കും ഗൎമ്മാനൎക്കും വിരോധമായി ഓരോ അപ്രിയമുള്ള വൎത്തമാനങ്ങളെ പരത്തികൊണ്ടു രുസ്സ്യ ഗൎമ്മാന രാജ്യങ്ങൾക്കു തമ്മിൽ നീരസവും ദ്വേഷ്യവും ഉണ്ടാക്കിവരുന്നു.

രുസ്സ്യയും ചീനവും തമ്മിൽ സന്ധിച്ചു വന്നു. രുസ്സ്യ വടക്കേ കുൽജയെ ചീനത്തിന്നു ഏല്പിച്ചു എങ്കിലും കശ്ഗാരിലേക്കു ചെല്ലുന്ന കണ്ടിവാതിലുകളോളം തെക്കേ അംശം തനിക്കായ് നിയമിച്ചു. ചീനം രുസ്സ്യക്കു 50 ലക്ഷം രൂബൽ പണം കൊടുക്കേണ്ടതു.

രുസ്സ്യ ചക്രവൎത്തിക്കും പാൎസ്സിസ്ഥാനഷാവിന്നും തമ്മിൽ വളരെ മമതെയുണ്ടു. തെക്കെ തുൎക്കൊ മന്നരെ ശിക്ഷിക്കേണ്ടതിന്നു പുറപ്പെട്ടസൈന്യത്തിന്നു ആവശ്യമായ ഒട്ടകങ്ങളെ കൊണ്ടു ഷാ സഹായിക്കയും ഒരു രുസ്സ്യകാൎയ്യസ്ഥനെ തെഹെരാനിൽ കൈകൊള്ളുകയും ചെയ്തിരിക്കുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. NOVEMBER 1879. No. 11.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(*Translated by S. W.*)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

(VIാം പുസ്തകം 181ാം ഭാഗത്തിൽനിന്നു തുടൎച്ച.)

അന്നു യരുശലേമിൽ സമാധാനക്കേടിലും ഭയപരവശതയിലും പാൎത്ത ഹെരോദാ യേശുവിന്റെ തിരുജനനത്തെ കുറിച്ചു ഏതും അറിയാതെ ഇരുന്നു. അന്തിപത്തർ വരുത്തിയ വ്യസനത്തെ കൊണ്ടും ഔഗുസ്തൻ കല്പിച്ച ചാൎത്തലിനെകൊണ്ടും അവന്നു ഈ ജനനാവസ്ഥയെ തൊട്ടു വിചാരിപ്പാൻ ഇട ഉണ്ടായതുമില്ല.

ഹെരോദാ അന്തിപത്തരുടെ മേൽ കൈസരോടു അന്യായം ബോധിപ്പിച്ചതിന്നു അവിടെനിന്നു അവനെ കൊല്ലുവാൻ മറുവടി എത്തിയ കാലത്തു യേശുവിന്റെ ജനനത്തെ അറിഞ്ഞിട്ടുള്ള മാഗർ കിഴക്കുനിന്നു യരുശലേമിൽ വന്നു. ബെത്ലഹേം യരുശലേമിൽനിന്നു ചില നാഴിക മാത്രം ദൂരമായാലും തനിക്കു യേശുവിന്റെ ജനനത്തെ തൊട്ടു മാഗൎക്കു മതിയായ ഉത്തരം കൊടുപ്പാൻ കഴിഞ്ഞില്ല. ആചാൎയ്യൎക്കും ഈ കാൎയ്യംകൊണ്ടു നല്ല തുമ്പുണ്ടായിരുന്നില്ല. ആയതു അവർ മശീഹയെ വേറെ വിധമായി കാംക്ഷിച്ചതിനാൽ തന്നെ. ഹെരോദാവിന്നോ ഈ വൎത്തമാനം വളരെ കലക്കം വരുത്തിയതു അവൻ ദൈവഭക്തനായി മശീഹാപ്രത്യക്ഷതെക്കു കാത്തിരുന്നതുകൊണ്ടല്ല ഒരു യഹൂദരാജാവുണ്ടായി എന്നു കേട്ടതുകൊണ്ടത്രേ. തല്ക്കാലം പിറന്ന രാജാവു രാജാസനത്തിൽ കയറേണ്ടതിന്നു തക്ക വയസ്സു എത്തുമ്പോൾ ഹെരോദാ ജീവനോടെ ഇരിക്കയില്ല എന്നു വിചാരിപ്പാൻ സംഗതി ഉണ്ടായിരുന്നിട്ടും രാജ്യസ്വാതന്ത്ര്യം ആഗ്രഹിക്കുന്ന യഹൂദന്മാർ വല്ല ഹേതുനിമിത്തം ഒരു കുട്ടിയെ തെരിഞ്ഞെടുത്തു ജനിപ്പാനുള്ള മശീഹയായി പ്രസിദ്ധപ്പെടുത്തുവാൻ പോകും എന്നൂഹിച്ചു മകാബ്യവംശം തീരേ മുടിഞ്ഞതുകൊണ്ടു ഇനി പരസ്യമായി ഒരു തലവനെ തെരി

ഞ്ഞെടുപ്പാൻ കഴിവില്ലായ്കകൊണ്ടു ബെത്ലഹേമിൽ മശീഹ ജനിച്ച എന്ന ശ്രുതിയെ പരത്തുന്നതിനാൽ ജനത്തിൽ ഇളക്കവും ദ്രോഹവും സംഭവിക്കും എന്നു ഹെരോദാ പേടിച്ചു നടുങ്ങി ജനങ്ങൾ തന്നെ ഏററവും വെറുക്കുന്നതുകൊണ്ടു അവരിൽ മക്കാബ്യെക്കൊതി തിരികെ ഉദിപ്പാൻ സംഗതി വന്നാൽ തന്നെ സിംഹാസനത്തിൽനിന്നു തള്ളിക്കളയും എന്നു തനിക്കു ബോധം വന്നു. പറീശർ രോമകൈസക്കു അധീനമായി വരേണ്ടതിന്നു കഴിപ്പാനുള്ള ആണയോടു എത്ര വിരോധം കാണിച്ചു എന്നു ഹെരോദാ ഓൎത്തുമൊഴികെ കൈസരോടു ചെയ്യേണ്ടുന്ന ഈ ആണയും ചാൎത്തലും എല്ലാ മക്കാബ്യപക്ഷക്കാൎക്കു ഏററവും അനിഷ്ടം ജനിപ്പിച്ചു എന്നും മശീഹയെ കുറിച്ചുള്ള ആശ ജനങ്ങളിൽ ജീവിച്ചിരിക്കുന്നു എന്നും അജ്ഞാനകോയ്മ ദൈവജനത്തെ ഭാരപ്പെടുത്തുന്തോറും അവൎക്കു എദോമ്യരിൽനിന്നും രോമരിൽനിന്നും വിടുവിക്കുന്ന മശീഹയെ കുറിച്ചുള്ള ആശ മേൽക്കുമേൽ വൎദ്ധിക്കുന്നു എന്നും നല്ലവണ്ണം ബോധിച്ചു. ഇതിൻ നിമിത്തം മശീഹ ജനിച്ചു എന്നൊരു ശ്രുതികൊണ്ടു യഹൂദർ തനിക്കു വിരോധമായി ഉളവാക്കുവാൻ ഭാവിക്കുന്ന കൂട്ടുകെട്ടു മാഗരുടെ സഹായത്താൽ വെളിപ്പെട്ടു വരും എന്നു കരുതി അവരോടു: നിങ്ങൾ പോയി ജനിച്ച മശീഹയെ അന്വേഷിച്ചു വണങ്ങീട്ടു വീണ്ടും എന്റെ അടുക്കൽ വന്നു കാൎയ്യത്തെ അറിയിപ്പിൻ എന്നു വളരെ താല്പൎയ്യമായി പറഞ്ഞയച്ചു. ഈ യുക്തിയുള്ള പ്രവൃത്തി ഹെരോദാവിന്റെ ക്രൂരവും സംശയവും ഉള്ള സ്വഭാവത്തിന്നു എത്രയോ പററുന്നു. മാഗർ വരാഞ്ഞതിനാൽ തന്നെ അവന്നു മുമ്പെ ഉണ്ടായ സംശയം നിശ്ചയമായ്തീൎന്നു. ഈ കാൎയ്യത്തെ പററി ശോധന ചെയ്വാൻ വേണ്ടുന്ന സഹായികൾ ഇല്ലാഞ്ഞതുകൊണ്ടു ശത്രുക്കളെ യദൃച്ഛയാ നശിപ്പിക്കേണം എന്നു തോന്നി ബെത്ലഹേമിലേ രണ്ടു വയസ്സിന്നു കീഴ്പെട്ടുള്ള ആണ്പൈതങ്ങളെ കൊല്ലിച്ചു. പെട്ടെന്നു നടത്തിയ ഈ ഭയങ്കര പ്രവൃത്തിയാൽ ശത്രുക്കൾക്കു അവരുടെ ആഗ്രഹത്തെ സാധിപ്പിക്കുന്ന കുട്ടിയുടെ മേലുള്ള ആശയെ ഇല്ലായ്മയാക്കുകയും മേലാൽ അവരുടെ മത്സരഭാവത്തെ തകൎപ്പാൻ തക്കവണ്ണം താൻ പോരും എന്നു കാണിക്കയും ചെയ്തു. ഇങ്ങിനെ മുരം പാപിയും ശവക്കുഴിക്കടുത്തവനുമായ ഹെരോദാ തന്റെ പാപങ്ങളെ ക്ഷമിച്ചു കൊടുക്കുന്ന രക്ഷിതാവിനെ അന്വേഷിച്ചു കണ്ടെത്തുന്നതിന്നു പകരമായി അവനെ സംഹരിപ്പാൻ വേണ്ടി കുററമില്ലാത്ത അനേക കുട്ടികളുടെ രക്തത്തെ ചിന്നിച്ചു. അവൻ ബെത്ലഹേമിൽ നടത്തിയ രാക്ഷസ പ്രവൃത്തി ജനങ്ങൾക്കു അത്ര അത്യാശ്ചൎയ്യം ജനിപ്പിച്ചില്ല പോൽ. അവർ ഈ പ്രവൃത്തി എന്തിന്നായി ചെയ്തു എന്നശേഷം അറിയാഞ്ഞതു കൂടക്കൂടെ ഇപ്രകാരവും ഇതിൽ അധികവും ഉള്ള പാതകങ്ങളെ ചെയ്യുന്നതു അവന്റെ വഴക്കം ആയിരുന്നതി

നാൽ അത്രേ. അന്നും അന്തിപത്തരെ കൊല്ലേണ്ടതിന്ന അനുവാദം കിട്ടും മുമ്പെയും ഹെരോദാ ഏകദേശം എഴുപതു വയസ്സുള്ളവനായി ഭയങ്കരമുള്ള ദീനം പിടിച്ചു തന്റെ കുടലുകളിലും കടിപ്രദേശത്തിലും കുരുക്കൾ (അന്തർവ്വിദ്രധി abscess) പെരുത്തതിനാൽ പറവാൻ കഴിയാത്ത വേദന പൊറുത്തതല്ലാതെ കാലുകൾ വീങ്ങി പൊട്ടി ശ്വാസം നാറി ഏങ്ങി നെഞ്ഞിൽ കഠിന വേദനകളും അവയവങ്ങളിലൊക്കയും മീൻപാച്ചലും തീരാ തീൻകൊതിയും ഉണ്ടായിട്ടും ഇനിയും സൌഖ്യം വരും എന്നാശിച്ചതിനാൽ വൈദ്യശ്രേഷ്ഠന്മാരെ വരുത്തി അവരുടെ കല്പനകളെല്ലാം അനുസരിച്ചു, ശവക്കടലിന്റെ തീരത്തുള്ള കല്ലിരോയെ എന്ന ചൂട്ടുറവിൽ നീരാടിച്ചിട്ടും ഭേദം വരാതെ അത്യാസന്നമായി തീൎന്നതുകൊണ്ടു യരിഖോവിലേക്ക കൊണ്ടുപോയി അവിടെ അവൻ നിരാശ പൂണ്ടു കിടന്നു. തനിക്ക അടുത്ത മരണത്തെകൊണ്ടു അഴിനില പൂണ്ടു പീഡിതനായി വലഞ്ഞു.

ഹെരോദാ വേഗം മരിക്കും എന്ന ശ്രുതി യരുശലേം നഗരത്തിൽ പരന്നപ്പോൾ അവൻ രോമപ്രീതിക്കായി ദൈവാലയത്തിന്റെ വാതിലിന്മേൽ സ്ഥാപിച്ച സ്വൎണ്ണക്കഴുകു അധൎമ്മകൃതം എന്നു വെച്ചു പറീശരും അവരുടെ ശിഷ്യരും ഉടനെ കയറി കൊത്തി തകൎത്തുകളഞ്ഞു. ഈ കാൎയ്യം മരണമെത്തമേൽ കിടന്ന ഹെരോദാ കേട്ടപ്പോൾ കുററക്കാരെ ക്രൂരമായി ശിക്ഷിപ്പാൻ കല്പിച്ചു. അതായതു അന്നു പിടികിട്ടിയ ൨ റബ്ബിമാരേയും ൪൦ ഓളം പറീശ ശിഷ്യന്മാരേയും സോമഗ്രഹണം ഉള്ള ഒരു രാത്രിയിൽ ആ നിഷ്കണ്ടകൻ ചുട്ടുകളയിക്കയും ചെയ്തു. തന്റെ ദീനം മേല്ക്കുമേൽ അധികം വിഷമിച്ചു ചീഞ്ഞഴിയുന്ന തന്റെ കുടലും കടിപ്രദേശവും പുഴുത്തു പോയതുകൊണ്ടു അഴിനില പൂണ്ടു ആത്മഹത്യം ചെയ്വാൻ നോക്കി, സാധിച്ചില്ലെങ്കിലും അവൻ കഴിഞ്ഞുപോയി എന്നൊരു ശ്രുതി നീളെ പരന്നു. തടവിൽ ഉണ്ടായ അന്തിപത്തരും ഇതിനെ കേട്ടിട്ടു കാവല്ക്കാരോടു തന്നെ വിട്ടയപ്പാൻ അപേക്ഷിച്ചു. എന്നാൽ അന്നു തന്നെ ഹെരോദാ തന്റെ ഈ മകനിൽ മനസ്സുപോലെ ശിക്ഷ നടത്താം എന്നു കൈസരിൽനിന്നു ആജ്ഞ എത്തും സമയം ചാവാറായ രാജാവു അന്തിപത്തൎക്കും അനുകൂലമായി മുൻ എഴുതിയിരുന്ന മരണപത്രികയെ മാററി അൎഹലാവുസ്, ഹെരോദാ അന്തിപ്പാസ്, ഫിലിപ്പ് എന്നീ മൂന്നു മക്കളിൽ രാജ്യത്തേ വിഭാഗിക്കയും (ലൂക്ക ൩, ൧.) അന്തിപത്തരെ ശിരഃഛേദം ചെയ്യിക്കയും ചെയ്തു. തന്റെ മകന്റെ രക്തച്ചൊരിച്ചൽ ഹെരോദാവിന്റെ അന്ത്യക്രിയയായിരുന്നു. അന്തിപത്തരുടെ ശിരഃഛേദം കഴിഞ്ഞിട്ടു അഞ്ചു ദിവസം ചെന്ന ശേഷം ഹെരോദാ നാടുനീങ്ങുകയും ചെയ്തു. അവൻ തന്റെ എഴുപതാം വയസ്സിൽ രാജ്യഭാരത്തിന്റെ

നാല്പതാം ആണ്ടിൽ തന്നെ അന്തരിച്ചതു. അപ്പോൾ സഹോദരിയായ ശലോമ പടയാളികൾ മുഖാന്തരമായി മരണപത്രികയെ വായിപ്പിച്ചു പരസ്യമാക്കി, രാജപുത്രന്മാർ ശവത്തെ പൊൻ പെട്ടിയിൽ ആക്കി, ധ്രാക്കർ, ഗമ്മാനർ, ഗല്ലർ മുതലായ അകമ്പടിക്കാരും മഹാഘോഷത്തോടു കൂട യാത്രയായി ശവസംസ്കാരം കഴിപ്പിക്കയും ചെയ്തു.

ഹെരോദാ തന്റെ ഒടുക്കത്തേ ദിവസങ്ങളിൽ അന്നുവരെ ചെയ്ത അന്ന്യായങ്ങളേയും രാക്ഷസപ്രവൃത്തികളേയും നിത്യതയേയും ന്ന്യായവിധിയേയും ഓൎത്തിട്ടു തന്നെത്താൻ ദൈവത്തിൻ തിരുമുമ്പിൽ താഴ്ത്തി മനന്തിരിഞ്ഞു കരുണ അന്വേഷിച്ചുവോ എന്നു ചോദിച്ചാൽ, ഇല്ല എന്നു ദുഃഖത്തോടെ പറയേണ്ടി വരും. ഈ അരിഷ്ടനായ രാജാവു ജീവിച്ചതുപോലെ തന്നെ മരിച്ചു. ഒടുക്കത്തേ ശ്വാസം വരേ തന്റെ ക്രൂരതെക്കു നീക്കം വന്നില്ല. അവൻ മഹാരോഗിയായി യരിഖോവിൽ കിടന്നപ്പോൾ രാജ്യത്തിന്റെ എല്ലാ മഹാന്മാരെ 6000 പേരോളം തന്റെ അടുക്കൽ വരുത്തി അവസാനകല്പന കൊടുക്കും എന്നു തോന്നിച്ചു അവരെ രംഗസ്ഥലത്തു ചേൎത്തടച്ചു തന്റെ സഹോദരിയായ ശലോമയോടു സ്വകാൎയ്യമായി ഞാൻ മരിക്കും സമയം രാജ്യത്തിൽ എങ്ങും വിലാപം ഉണ്ടാകേണ്ടതിന്നു അപ്പോൾ തന്നെ അവരെ എല്ലാവരേയും കൊല്ലിക്കേണം എന്നു കല്പിച്ചു. എങ്കിലും ശലോമ ഈ പ്രഭുക്കളെ ഞാൻ കൊല്ലിച്ചാൽ യഹൂദജനം എന്നേയും രാജകുഡുംബത്തെയും ഒടുക്കിക്കളയും എന്നു ഭയപ്പെട്ടതുകൊണ്ടു ഹെരോദാ മരിച്ചിട്ടും ഈ കല്പനയെ നടത്താതെയിരുന്നു.

എദോമ്യരുടെ സിംഹാസനത്തെ സീയോനിൽ ഉറപ്പിക്കേണ്ടതിന്നും രോമകൈസരുടെ പ്രസാദം അനുഭവിക്കേണ്ടതിന്നും ഹെരോദാവു പുറമേ യഹൂദമാൎഗ്ഗത്തെ അനുസരിച്ചു പിതാക്കന്മാരുടെ വിശ്വാസത്തെ ധൈൎയ്യത്തോടെ പിടിച്ചു സ്വീകരിക്കുന്ന മക്കാബ്യരേയും പറീശരേയും അശേഷം കൂട്ടാക്കാതെ കണ്ടു വെളിപ്പെടുത്തിയ സത്യത്തെ ധിക്കരിച്ചും യഹൂദരെ രോമീകരിപ്പാൻ ഉത്സാഹിച്ചും കുററമില്ലാത്ത അനേകരുടെ രക്തത്തെ ചിന്നിച്ചും കൊണ്ടതിനാൽ അവൻ മഹാപാതകനായി ഇഹത്തിൽ തന്നെ ദൈവത്തിന്റെ ഭയങ്കര ശിക്ഷാവിധിക്കു പാത്രമായി തീൎന്നു എന്നു അറിവൂതാക.

സത്യത്തെ അറിഞ്ഞിട്ടും അതിന്നു വിരോധമായി അവസാനം വരെ നടക്കുന്ന പാപികളെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല എന്നു ഈ ചരിത്രവും സാക്ഷിയായി നില്ക്കുന്നു.

"പാപത്തിന്റെ ശമ്പളം മരണം അത്രേ." (ശേഷം പിന്നാലെ.)

A MEDITATION.

(10) വേദധ്യാനം.

"നിങ്ങളുടെ നിക്ഷേപം എവിടെ അവിടെ നിങ്ങളുടെ ഹൃദയം ആകും." മത്താ. ൬, ൨൧.

മൂഢന്മാരെ കുറിച്ചു തിരുവെഴുത്തിൽ വായിക്കുന്നിതു: "ഇവരുടെ ആന്തരം (ഹൃദയം) ആയതു തങ്ങളുടെ വീടുകൾ എന്നേക്കും പാൎപ്പിടങ്ങൾ തലമുറകളോളവും ഇരിക്കും; ദേശങ്ങൾ തോറും തങ്ങളുടെ നാമങ്ങളെ വിളങ്ങിക്കുന്നു എന്നത്രേ." ഹൃദയം ശരീരത്തിന്റെ നടുമയ്യം (കേന്ദ്രം) ആകും പ്രകാരം ആയതു സ്നേഹം ആഗ്രഹം തേററം ഇത്യാദികളുടെ ഉറവും കൂടെ ആകകൊണ്ടു ദൈവം മനുഷ്യന്റെ അറിവോ ഇമ്പവും കപടഭക്തിയുമുള്ള വാക്കുകളോ അല്ല തന്റെ ഹൃദയം അടക്കമേ നോക്കി അവനെ മതിക്കുന്നുള്ളു. അതിൽ അവന്റെ സാരതത്വം അടങ്ങുന്നുവല്ലോ! "നിങ്ങളുടെ നിക്ഷേപം എവിടെ അവിടെ നിങ്ങളുടെ ഹൃദയവും ആകും." എന്നു കൎത്താവു അരുളിച്ചെയ്തതിൻ മുമ്പേ "നിങ്ങൾ ഭൂമിമേൽ അല്ല സ്വൎഗ്ഗത്തിലത്രേ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിച്ചു കൊൾവിൻ" എന്നു ജനങ്ങളെ പ്രബോധിപ്പിച്ചു. അതിന്റെ സംഗതിയോ നിങ്ങളുടെ നിക്ഷേപം ഇരിക്കുന്നേടത്തു നിങ്ങളുടെ ഹൃദയം ആകും എന്നത്രേ. ആകയാൽ നിന്റെ സ്നേഹത്തേയും ആഗ്രഹത്തേയും ആകൎഷിക്കുന്ന നിധിയോ വസ്തുവോ ആളോ മററോ ഉള്ളേടത്തും തന്നെ നിന്റെ ഹൃദയവും ഇരിക്കും. ലോകത്തെ അനുഭവിച്ചു അതിനെ ദുരനുഭോഗമാക്കാതേയും മുതൽ വൎദ്ധിച്ചാലും അതിൽ മനസ്സു വെക്കാതെയും ചെയ്യുന്നവൻ നശ്വരമായ മുതൽ ഉണ്ടെങ്കിലും ഭൂമിമേൽ ഉറെച്ചു കുടുങ്ങീട്ടില്ല. നമുക്കുത്തമവും അതിപ്രേമവുമുള്ള നിക്ഷേപം സ്വൎഗ്ഗത്തിൽ അത്രേ ഇരിക്കേണ്ടതാകുന്നു. അവിടെ ദൈവമക്കൾക്കു് കേടു മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ ഓർ അവകാശം സൂക്ഷിച്ചു വെച്ചിരിക്കുന്നു. വിശ്വാസത്താൽ ജയിച്ചവൎക്കു അങ്ങു കിരീടങ്ങൾ വെച്ചിരിക്കുന്നു. അവർ നീതിമാന്മാരാകകൊണ്ടു സ്ഥിരവും സ്വൎഗ്ഗീയവുമായ രാജ്യത്തെ അവകാശമായനുഭവിക്കയും ചെയ്യും. നല്ല ക്രിയയിലേ ക്ഷാന്തിപൂണ്ടു നിത്യജീവനെ അന്വേഷിക്കുന്നവൎക്കു നീതിയുള്ള ന്യായാധിപതിയായ കൎത്താവു അവിടെ നിക്ഷേപങ്ങളെ ചരതിച്ചു വെച്ചിരിക്കുന്നു. ഠരം നിക്ഷേപങ്ങളെ ഇപ്പോൾ കാണായ്കിലും അവററെ അന്വേഷിച്ചു സമ്പാദിപ്പാൻ ഏവൎക്കും കഴിവുണ്ടു താനും. ദൈവത്തിന്നായി സമ്പന്നനാകയും ദൈവരാജ്യത്തെ അന്വേഷിക്കയും നന്മ ചെയ്കയിൽ മന്ദിച്ചു പോകായ്കയും ചെയ്യുന്നവൻ ആ നിധികളെ നേടിക്കൊള്ളും നിശ്ചയം. മനുഷ്യൻ ഭൂമിയിൽ ഉള്ളുന്നു നിക്ഷേപം ചരതിച്ചു വെ

ച്ചേടത്തു തന്റെ ഹൃദയത്തിന്റെ ആഗ്രഹവും പ്രത്യാശയും കൊണ്ടു മാറാതെ പററി കിടക്കും. ആകയാൽ സ്വൎഗ്ഗീയ നിക്ഷേപങ്ങളായ മനന്തിരിവു, വിശ്വാസം, ഭക്തി മുതലായവ നേടുകയും അവററെ ഒടുവിൽ അനുഭവിക്കയും ചെയ്യേണ്ടതിന്നു മനുഷ്യർ ഏററവും താല്പൎയ്യപ്പെടേണ്ടതു. ഇങ്ങിനെയുള്ളവർ ഇഹത്തിലും പരത്തിലും ആനന്ദ തൃപ്തിയുള്ളവരാകും ഭൂമിക്കടുത്ത നിക്ഷേപങ്ങളെ അന്വേഷിക്കുന്നവരോ "അൎത്ഥം എത്ര വളരെ ഉണ്ടായാലും തൃപ്തിവരാ മനസ്സിന്നൊരു കാലം" എന്നൊരു കവി പറയും പ്രകാരം ഒരു നാളും തൃപ്തിയും ഭാഗ്യവും ഇല്ലാത്തവരായി തീരുന്നതൊഴികെ മരണത്തിൽ മഹാദരിദ്രന്മാരായി കാണപ്പെടുകയും ചെയ്യും. അഴിഞ്ഞു പോകുന്ന നിക്ഷേപങ്ങളെ സമ്പാദിക്കുന്നവരോടു കൎത്താവു അരുളി ചെയ്യുന്നിതു: "മൂഢ, ഈ രാത്രിയിൽ (അല്ലെങ്കിൽ ഈ പകലിൽ) നിന്റെ ദേഹി നിന്നോടു ചോദിക്കപ്പെടും. പിന്നെ നീ ഒരുക്കിയവ ആൎക്കാകും? S. W.

ഫ. എൻധനം — നില്ക്കണം!
പോരാ, കെട്ടു പോം മുതൽ.
ദ്രവ്യത്തിങ്കൽ ആത്മപ്രീതി
വെച്ചവൎക്കു ചോരഭീതി
തീരുന്നില്ല രാപ്പകൽ.

ഉ. സൎവ്വദാ — നിറയാ
ക്ഷേയത്താലെ ഹൃദയം.
ദൈവം നിധി ആകും ന്യായം!
താൻ വ്യയം വരാതൊരായം;
അവൻ മാത്രം എൻ ധനം. (ഫ്വ്വ)

THE ELEPHANT ISLE.

ഗുഹാപുരിദ്വീപു (എലെഫന്തദ്വീപു).

ഗുഹാപുരി അല്ലെങ്കിൽ എലെഫന്ത ഗുഹ ബൊംബായിക്കു സമീപമുള്ള ഒരു തുരുത്തിയിലുണ്ടു. എലെഫന്റ് എന്ന ഇംഗ്ലീഷ് പദത്തിന്നു ആന എന്നൎത്ഥം. ഈ പേർ ആ ഗുഹയിലുള്ള പാറെക്കു ആനയുടെ വടിവുള്ളതുകൊണ്ടു കൊടുത്തിരിക്കുന്നു. ഈ ഗുഹ ഏററം ആശ്ചൎയ്യമുള്ളതെന്നിട്ടും അനേകം അന്യദേശികളായ [നമ്മുടെ ചക്രവൎത്തിനിയുടെ തിരുമനസ്സിലേ കുമാരനും കൂട] സഞ്ചാരികൾ ഭാരതഖണ്ഡത്തിൽ വന്നു കണ്ടു അതിനെ തൊട്ടു പല വിവരണകൾ എഴുതിയിരിക്കുന്നു എങ്കിലും പൂൎവ്വകാലത്തിൽ ഹിന്തുക്കൾക്കുണ്ടായ വിദ്യകൌശലങ്ങളെ പാറയിൽ കുഴിച്ച ചുവരിന്മേൽ ചെത്തികിടക്കുന്ന ചിത്രക്കൊത്തുകളാൽ ഗ്രഹിച്ചു തലകുലുക്കുകയും ചെയ്തിരിക്കുന്നു.

ഗുഹാപുരി ഗുഹയാകട്ടെ: ഒരു കരിങ്കൽ പാറകുന്നിൽനിന്നു പാതി കിഴക്കോട്ടിറങ്ങുന്ന ദിക്കിൽ വടക്കോട്ടു മുഖമായി കിടക്കുന്നു. അതിന്റെ മേല്പാടങ്ങൾ നാലു വരിയായി ക്രമത്തിൽ ഉരുണ്ട കല്ലു കൊണ്ടു കെട്ടി ഇക്കാലങ്ങളിൽ പണിതു കൂട്ടുവാൻ പ്രയാസമായ വിധത്തിൽ കെട്ടി പൊന്തിച്ചി



മേലേത്ത ചിത്രം ഗുഹാലയം ഉള്ള ഗുഹപുരിദ്വീപിനെ കാണിക്കുന്നു. വരുന്ന മാസത്തിന്റെ പ്രതിയിൽ ആ ഗുഹാലയത്തിന്റെ ഒരു ചിത്രത്തെ കൊടുപ്പാൻ ഭാവിക്കുന്നു. ഗുഹപുരിദ്വീപിന്റെ തുറക്കൽ (കടവിങ്കൽ) വിഭീഷണ വാരണരൂപം കൊത്തി നില്ക്കുന്നതുകൊണ്ടു യുരോപ്യരിൽ നല്പപ്പോൾ ആ ദ്വീപിൽ കാൽ വെച്ച പൊൎത്തുഗീസർ ആയതിന്നു എലെഫന്ത (Elephanta) എന്നൎത്ഥമുള്ള ആനത്തുരുത്തു എന്നു പേർ ഇട്ടിരിക്കുന്നു പോൽ. (Beeton's Dictionary).

രിക്കുന്നു. മേല്മാടത്തിൻ മേല്ഭാഗത്തിൽ കാഴ്ചക്കു പുറമേ പെടുന്ന നെട്ടായത്തിൽ ഒരു പെരുംകല്ലുത്തരമുണ്ടു ആയതു പാറയിൽനിന്നു കൊത്തി എടുത്തു ചിത്രങ്ങൾ കൊത്തി 50 തൂണുകളുടെ മേൽ നിർത്തിയിരിക്കുന്നു. ചില തൂണുകൾ വിചിത്രമായലങ്കരിച്ചും ചിത്രിച്ചും വേറു ചിലതു ഒഴുക്കുമ്പണിയോടെയും, മററു ചിലതു നാലുപുറവും പടയാളികൾ ന്യായാധിപഗുരുഭൃതർ എന്നിവരുടെ ചിത്രങ്ങൾ ഭംഗിയോടെ കൊത്തപ്പെട്ടും ഉള്ളവയായി കാണാം. ചിത്രിച്ചരൂപങ്ങളുടെ കാഴ്ച ഇമ്പകരമുള്ളതായാലും ചിലതിൻേറതു ഭീകരമായുള്ളവ. (Rvshvr.)

MEMORIAL VERSES.

സൂത്രഗീതം.

൧. ടിഷച് പ്രത്യയാന്താഃ.

അവി, മഹ്യോഷ്ഠിഷജവരക്ഷണതൃപ്ത്യവഗമകാന്തിഗതിപ്രീത്യാദിഷു.
അവതി പ്രീണയതീമം സരിദിത്യവിഷോംബുനിധിർമഹപൂജായാം.
മഹ്യന്തെ അമരാ അമുനാ ഇതി മഹിഷം പൊത്താം മഹിഷീയെരുമാ.
അമരോഗെ’മേദീഷ്ഠശ്ചാമിഷ മിരയുമിറച്ചിയുമപി സംഭോഗം.
വൃദ്ധിശ്ചരുഹേ രൗഹിഷമൊരു പുൽ മൃഗഭേദേ രൗഹിഷ ഇതി വാച്യഃ
ണിലോപശ്ചതവേസ്തവിഷഃ സ്വർഗ്ഗവുമബ്ധിയുമതു പോൽ താവിഷമതുമാം.
തവിഷീ താവിഷിയും സ്ത്രീലിംഗം തടിനീ ധരണീ സുരകന്യാ ച.
നഞിവ്യഥേരവ്യഥിഷോ’ർക്കോ’ബ്ധിർനിശീഥിനീ പൃഥിവീ ചാവ്യഥിഷീ.
ബുക്ചക്രലേരിതി ചാത് ടിഷജ്രൂഹ്യഃ കില്ബിഷമംഘമിതി ടിഷജധികാരഃ

൨. കിരച് പ്രത്യയാന്താഃ.

ഇഷി, മദി, മുദി, ഖിദി, ഛിദി, ഭിദി, തിമി, മിഹി, മുഹി, മുചി, രുചി, മന്ദിഭ്യഃ കിരജിതി.
ഇഷിരോ’ഗ്നിർമദിരാ തു സുരാസ്യാന്മുദിരഃ കാമുകജലധരയോശ്ച.
ഖിദിരശ്ചന്ദ്രശ്ഛിദിരഃ ഖഡ്ഗോ ഭിദിരം വജ്രം തിമിരമിരുട്ടും.
മിഹിരഃ സ്ഥവിരദിവാകരയോഃ സ്യാന്മുഹിരാ ദപ്കമൂർഖസഭാഹാഃ. [(ചാവ്യാഞ്ച).
മുചിരോ, മുചിരാ, മുചിരം ദാതരി (ദാത്ര്യാഞ്ച) രുചിരോ, രുചിരാ, രുചിരം ചാരൌ
മന്ദിരവും, മന്ദിരയും വീടാം നഗരവുമാം പുല്ലിംഗേ കടലാം.
രുധി, ബധി, ശുഷി, ചന്ദിഭ്യശ്ചസ്യാത് രുധിരം രക്തം ബധിരൻ ചെകിടൻ.
ശുഷിരഃ, ശുഷിരാ, ശുഷിരം ശുഷ്ണേ (ശുഷ്കായാഞ്ച) ശുഷിരഃ ശുഷിരം വാനിർവ്യഥനം.
ചന്ദിര ശബ്ദം ദ്വിരദത്തിലുമച്ചന്ദ്രനിലും വർത്തിപ്പൂ പണ്ടേ.
ണിദശേരാശിരനഗ്നിയരക്കൻ; അജിരഃ ശിശിരശ്ചനിപാത്യതേ.
അജിരം മുററം; ശിശിരഃ, ശിശിരാ, ശിശിരം ശീതളമായുള്ളതു പോൽ.
തുഹിനത്തിലുമൃതുഭേദത്തിലുമീശിശിരത്തിന്നു ക്ലീബത പോൽ മുഖ്യം.
ശിഥില, സ്ഥിര, ഖദിര, സ്ഥവിര, സ്ഫിര, ശിവിരാശ്ച നിപാത്യന്തേ തദ്യഥാ.
ശ്ലഥമോചന ഉപധായാശ്ചേത്വം രേഫസ്യ ച ലോപഃ സ്യാദ്ധാതോഃ.
പ്രത്യയരേഫസ്യ ചലഃ ശിഥിലഃ, ശിഥിലാ, ശിഥിലം അഴഞ്ഞ പദാർത്ഥം.
സ്ഥാ, സ്ഫായോസ്തുടിലോപത്വേന സ്ഥിരശബ്ദഃ സ്ഫിരശബ്ദശ്ചാഭൂൽ.
സ്ഥാശീങ്ങോർവുക് ഹ്രസ്വത്വഞ്ച സ്ഥവിരൻ വൃദ്ധൻ ശിവിരം പടവീട്.
ഇതികിരജധികാരോ’ വസിതോ’ ഭദ്രകഥയാമൃഹമിലജധികാരം.

വായനക്കാർക്കു ഇതിൽ രുചിയുണ്ടെന്നു കണ്ടാൽ ശേഷം പിന്നാലെ. (P. Satyarthi.)

IV. THE BONES OF THE EXTREMITIES.
കരചരണാസ്ഥികൾ.
(൧൭ ആം ഭാഗത്തിൽനിന്നു തുടൎച്ച.)

1. കരാസ്ഥികൾ The upper Extremities.

ഉടലിൻ മേൽഭാഗത്തു ഇരുപുറങ്ങളിലും മുപ്പത്തുരണ്ടീതു അസ്ഥികളോടു കൂടിയ കയ്യെല്ലുകൾ ഇരിക്കുന്നു. അവയാവിതു:

൧. ഉടലിന്റെ പിൻപുറത്തുള്ള കൈപ്പല(ക)ച്ചട്ടുവം[1].

൨. എതിർ മുള്ളിന്റേയും കൈപ്പലയുടേയും മദ്ധ്യേ ഇരിക്കുന്ന പൂണെല്ലു[2].

൩. കൈതണ്ടെല്ലു[3].

൪. മുട്ടെല്ലും[4] തിരിയെല്ലും[5] എന്നീ രണ്ടു അസ്ഥികളെ കൊണ്ടു ചേൎക്കപ്പെട്ട മുഴങ്കൈ.

൫. കൈപടത്തിന്റേയും വിരലുകളുടെയും അസ്ഥികൾ ഇരുപത്തേഴ[6].

തണ്ടെല്ലിന്റെ കുമളകൈപ്പലച്ചട്ടകത്തിൻ അക്രാരിത്തേങ്ങയുടെ മുറി പോലെ വില്ലിച്ചാണ്ടൊരു തടത്തിൽ ശില്പമായി ചേൎന്നിരിക്കയാൽ അതിന്നു തോന്നിയ വിധത്തിൽ വീശുവാൻ സ്വാതന്ത്ര്യം ഉണ്ടാകുന്നു.*


†

൧. ൨. ഘനമുള്ളൊരു ഭാരത്തെ തോളിന്മേൽ ചുമത്തി വെച്ചാലും അതിനാൽ കൈപ്പലകയും തണ്ടെല്ലിൻ കുമളയും (മൊട്ടും) മുമ്പോട്ടു തെററി പോകാതിരിക്കേണ്ടതിന്നു പൂണെല്ലു കൈപ്പലകയെ ഒരു ചാരുമല്ലു കണക്കേ താങ്ങുന്നു. അതോ എതിൎമ്മുള്ളിന്റെ മേലേത്ത അററത്തു ചേൎന്നു വരുന്ന പൂണെല്ലുകൾ ചുമലിന്റെ മുമ്പുറത്തുള്ള വള്ളുകണക്കേ വളഞ്ഞു ചെന്ന ശേഷം തണ്ടെല്ലു കൈപ്പലച്ചട്ടകത്തിൽ കൂട്ടുന്ന കെണിപ്പിന്റെ മീതെ തന്നെ ചട്ടകത്തോടു ഇണയുന്നു. ഈ കൈപ്പലക

1. Shoulder-blade, Scapula, അംസഫലക. 2. Collar-bone Clavicle, clavicula, ജത്രു. 3. Upper arm, os humeri, പ്രഗണ്ഡാസ്ഥി, ഭുജാസ്ഥി. 4. Ulna, അരത്നി, കൂൎപ്പരാസ്ഥി. 5. Radius മണിബന്ധധാരാസ്ഥി. 6. മൂന്നാം ചിത്രത്തെ ൨൧൦ാം ഭാഗത്തു നോക്കുക.

* ഒരേ ഭാഗത്തുള്ള എല്ലുകളേ പറയുന്നുള്ളു. ഇവിടെ പറയുന്നതു നന്നായി തിരിയേണ്ടതിന്നു ൧൬൩ാം ഭാഗത്തുള്ളതായി ഉടലിന്റെ നെഞ്ചറ മുതലായതു കാണിക്കുന്ന ചിത്രത്തെ നോക്കേണ്ടതു.

† ഇടത്തേതു മനുഷ്യന്റെ പുറത്തോടു തൊട്ടുത്തു വരുന്ന ചട്ടുവത്തിന്റെ അകവും വലത്തേതു അതിന്റെ അരുക്കാഴ്ചയെയും കാണിക്കുന്നു. വലത്തേ ചിത്രത്തിൽ അരുവാൾകത്തി പോലേത്ത മുനമ്പിൽ പൂണെല്ലു കൂടി വരുന്നു. അതിന്നു Acromion, അംസാഗ്രം എന്നു പേർ.

ച്ചട്ടകം വേറെ വല്ല അസ്ഥികളോടു വല്ല കെണിപ്പിനാൽ സന്ധിച്ചു കൊള്ളാതെ ഉരത്തപേശികളെ കൊണ്ടു ഇങ്ങും അങ്ങും തളെച്ചു കിടക്കയാൽ അതിന്നും കൈകൾക്കും നിനെച്ചു പോലെ അനക്കവും ആക്കവും സാധിക്കുന്നു.*

൨. ൪. തണ്ടെല്ലിനോടു ഇണഞ്ഞു ചേൎന്നു കിടക്കുന്ന മുഴങ്കൈ തിരിച്ചു മറിപ്പാൻ തക്കവണ്ണം നേരിയതും തടിച്ചതുമായ രണ്ടസ്ഥികൾ അതിന്നായി ആവശ്യം തന്നെ.



ഊഞ്ചൽ ഉത്തരത്തിന്മേൽ അങ്ങോട്ടും ഇങ്ങോട്ടും ആടി കൊണ്ടിരിക്കും പ്രകാരം മുഴങ്കൈയെ അങ്ങും ഇങ്ങും തിരിക്കേണ്ടതിന്നു നേരിയ തിരിയെല്ലു മുട്ടെല്ലാകുന്ന ഉത്തരത്തെ ഒരു വിധേന ചുറ്റേണം.† കൈമടക്കുമ്പോൾ മുട്ടെല്ലിന്റെ മേൽതല (കുമള) മുഴപോലെ മുന്തുന്നു. അവിടെ മുട്ടിയാൽ ഭുജം ആകേ തരിച്ചു പോകയും ചെയ്യും. ഈ രണ്ടെല്ലുകൾ കൈപ്പടത്തോടു ചേരുന്നേടത്തിന്നു മണിക്കണ്ടം[1] എന്നു പേർ.

൫. കൈ വിരലുകളെ എളുപ്പത്തിൽ ഇളക്കുവാനും ഓരോ പ്രവൃത്തിയെ ചെയ്വാനും കൈപ്പടം രണ്ടു വരിയായി കിടക്കുന്ന എട്ടു ചെറിയ അസ്ഥികളാൽ ത്രപിച്ചിരിക്കുന്നതു കൂടാതെ അവറ്റിന്നും വിരലുകൾക്കും മദ്ധ്യേ അഞ്ചു നീണ്ട അസ്ഥികളും ഓരോ വിരലിന്നു മുമ്മൂന്നും തള്ളവിരലിന്നു രണ്ടും നേരിയ എല്ലുകളും ഉണ്ടു.[2] E. Lbdfr.

---

* V. 127ആം ഭാഗത്തുള്ള എല്ലുകൂട്ടം സൂക്ഷിച്ചു നോക്കിയാൽ കാൎയ്യബോധം ഉണ്ടാകും.

† കീഴേത്തതു തിരിയെല്ലും (മണിബന്ധധാരാസ്ഥിയും) മേലേയുള്ളതു മുട്ടെല്ലും (കൂപ്പരാസ്ഥിയും) എന്നറിക.

1. Wrist. 2. 1 — 8 എന്നക്കമുള്ള എലുമ്പുകൾക്കു മണിബന്ധാസ്ഥികൾ Ossi carpi എന്നും ആ അഞ്ചു നീണ്ട എലുമ്പുകൾക്കു കരാംഗുല്യധാരാസ്ഥികൾ Ossi metacarpi എന്നും അവറ്റോടു ചേൎന്ന വിരലെലുമ്പുകൾക്കു കരാംഗുല്യാസ്ഥിക ossi digitarum, phalanges എന്നും പേർ. പിന്നെ മണിബന്ധാസ്ഥികളോടു ചേൎന്ന മേലേത്ത നേരിയ എല്ലു കൂപ്പരാസ്ഥിയും കീഴേത്തതോ മണിബന്ധധാരാസ്ഥിയും അത്രേ. മണിബന്ധധാരാസ്ഥി എന്ന നെട്ടെല്ലു മണിബന്ധാസ്ഥികൾക്കു ആധാരം എന്നതും തെളിയും.

കൈയുടെ പടത്തിന്നു പുറവടി (the back of the hand) എന്നും അതിന്റെ മറുഭാഗത്തിന്നു ഉള്ളങ്കൈ (the palm of the hand) എന്നും വിരലുകളുടെ മടക്കിന്നു കരട്ടു (Knuckle) എന്നും അഞ്ചു വിരലുകൾക്കു ചെറുവിരൽ, മോതിരവിരൽ, നടുവിരൽ, ചൂണ്ടൻവിരൽ, പെരുവിരൽ എന്നും പറയുന്നു.

(ശേഷം പിന്നാലേ.)

A HYMN ഒരു ഗീതം.

Ach mein Herr Jesu etc.



2. എൻ ദുഃഖംകൊണ്ടും മാവിലാപത്താലെ
ഞാൻ ചത്തു, നീയോ സ്നേഹാധിക്യത്താലെ
നിൻ കൈകൾ നീട്ടി ഉദ്ധരിച്ചീ ദോഷി:
ആകാ നീ രോഷി!

3. എൻ കോട്ട പാറ ആശ്രയസഹായം
നിൻ ശുദ്ധ വിളികൊണ്ടു മക്കത്തായം
വന്നതിനാലെ ഭാഗ്യമൂലം താതാ
കീൎത്തിമാനാക! (J. Knobloch.)

---

(4) SCRIPTURE PRIZE-QUESTIONS.

(൪) വിരുതുടയ വേദചോദ്യങ്ങൾ.

I. സെപ്തെംബർ മാസത്തിലേ ചോദ്യങ്ങൾക്കു പറവുന്ന ഉത്തരങ്ങൾ:

9. I യോഹ: 2, 2; 4, 10; എബ്ര: 2, 17; ഇവയല്ലാതെ രോമ: 3, 25ഉം നോക്കുക.

10. a. 1. ദാവീദിൻ പടത്തലവരിൽ ഒരുത്തനും ബത്ശേബയുടെ ഭൎത്താവും ആയ ഉറിയ II ശമു: 11, 3. 6;

2. ആചാൎയ്യനായ ഉറിയ II രാജ: 16, 10; യശായ 8, 2; (എസ്രാ 8, 33).

3. ശെമയ്യുടെ പുത്രനായ ഒരു പ്രവാചകൻ, യെറമിയ 26, 18-24.

b. 1. ബിംബാരാധിയായ മീഖാ, ന്യായാ: 17.

2. മെഫിബോശെതിന്റെ മകനായ മീഖാ, II ശമു: 9, 12; I നാളാ: 8, 34.

3. പ്രവാചകനായ മീഖാ, യറമിയ 26, 18-24; മീഖാ 1, 1.

11. ഗോത്ര പിതാവായ യാക്കോബ്, ഉല്പത്തി 28, 10; 31, 18; 46, 1. 5; 50, 13.

II. ഇവററിന്നുത്തരങ്ങൾ തലശ്ശേരി, കോട്ടയം എന്നീ രണ്ടു സ്ഥലങ്ങളിൽനിന്നു വന്നു ചേൎന്നു. വിരുതു തലശ്ശേരിക്കാരൻ നേടിയതു.

III. പുതു ചോദ്യങ്ങൾ:

12. വിശ്വാസത്തേ കൊണ്ടും അവിശ്വാസത്തേ കൊണ്ടും യേശു ആശ്ചൎയ്യപ്പെട്ടതു എവിടെ എഴുതി കിടക്കുന്നു എന്നു പറക!

13. ദിബോരയുടെ കാലത്തു ഒരു പടനായകനെ കൊന്നവളുടെ പേർ എന്തെന്നും ആയവന്റെ പേർ എന്തെന്നും അവനെ കൊന്നതു എവിടേ എന്നും എങ്ങിനേ എന്നും ആയവളുടെ ഭൎത്താവാർ എന്നും ഇവയെല്ലാം എഴുതിയിരിക്കുന്ന സ്ഥലം ഏതു എന്നും പറയാമോ?

14. പുനൎജ്ജനനം, പുനരുത്ഥാനം, എതിർക്രിസ്തു, ക്രിസ്തുവിൻ ശരീരരക്തങ്ങൾ, വിശ്വാസത്താലേ നീതീകരണം, ക്രിസ്തീയ സ്നേഹം എന്നിവററെ തൊട്ടു പ്രത്യേകം എഴുതിയിരിക്കുന്ന അദ്ധ്യായങ്ങൾ ഏവ?

15. കുഷ്ഠരോഗികളായ രണ്ടു രാജാക്കന്മാർ, ഒരു പടനായകൻ, ഒരു ദാസൻ, ഒരു പരീശൻ, ഒരു പ്രവാദിനി എന്നിവരുടെ പേരുകളും പത്തു കുഷ്ഠരോഗികളെ കൊണ്ടു എഴുതിയ സ്ഥലവും പറയുമോ?

(മേലെഴുത്തു Rev. J. Knobloch, Calicut.)

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

1. RELIGIOUS RECORD വൈദികവൎത്തമാനം.

THE JUBILEE-SINGERS മഹോത്സവഗീതക്കാർ.

(൫൯ാം ഭാഗത്തേ തുടൎച്ച).

3. The Great Year of Jubilee മഹായോബേൽ ആണ്ടു.

ഐകമത്യസംസ്ഥാനത്തിൽ അടിമെക്കു വിരോധമായ വടക്കേ ക്രുറുപാട്ടുകളും അടിമപ്പാടിന്നു അനുകൂലമുള്ള തെക്കേ ക്രുറുപാട്ടുകളും തമ്മിൽ ഏറിയൊന്നു പകെച്ച ശേഷം തെക്കർ സ്വാധീനക്കോയ്മയായിട്ടു അടിമപ്പാടിനെ തങ്ങളുടെ നാട്ടുകളിൽ നിലനിൎത്തുവാൻ ശ്രമിച്ചപ്പോൾ വടക്കർ അവരോടു 1861 ആമതിൽ അതിഗൌരവത്തോടു[1] ചെറുത്തുനിന്നു. അടിമകൾ ആദിയിലേ വടക്കരുടെ പക്ഷം എടുത്തു അവരുടെ ജയത്തിന്നു വേണ്ടി പ്രാൎത്ഥിച്ചതുമല്ലാതെ തങ്ങളുടെ രക്ഷെക്കായി അവരുടെ പാളയങ്ങളിലേക്കു ഓടി ചെല്ലുവാനും തുടങ്ങി. അടിമകളെ വിട്ടുവിപ്പാൻ അത്രേ വടക്കർ പട വെട്ടുന്നുള്ളു എന്നു രക്ഷാപുരുഷനായ ലിൻകോൽൻ സായ്പു[2] പരസ്യമായറിച്ചപ്പോഴോ അടിമകൾ ആബാലവൃദ്ധം വടക്കൻ സൈന്യത്തോടു ചേൎന്നുവന്നു. വടക്കർ സാധിപ്പിപ്പാൻ ഭാവിച്ച വൻകാൎയ്യം ദൈവേഷ്ടപ്രകാരമെങ്കിലും അവൎക്കു തെക്കരേക്കാൾ ആൾ ഏറയുണ്ടായിട്ടും അഭിപ്രായ ബലാദി ശ്രേഷ്ഠതകൊണ്ടല്ല ദൈവകരുണയാൽ ആയതു സാധിക്കേണമെന്നും മററവരെ ശിക്ഷിപ്പാൻ ഭാവിക്കുന്നവൻ ദൈവശിക്ഷെക്കു അടങ്ങേണമെന്നും വടക്കർ ഗ്രഹിച്ച ശേഷമേ 1862 ആമതിൽ മാത്രം അവൎക്കു ജയവും അടിമകൾക്കു പൂൎണ്ണ സ്വാതന്ത്ര്യവും വന്നുള്ളു എങ്കിലും "ദൈവം നിങ്ങളെ അനുഗ്രഹിക്കുക" എന്നിജയഘോഷത്തോടെ അടിമകൾ തങ്ങളെ വിട്ടുവിക്കുന്നവരെ കണ്ടേടത്തെല്ലാം അനുഗ്രഹിക്കാറുണ്ടായിരുന്നു.

4. A hard task കട്ടമയുള്ള തുരം.

വടക്കർ അടിമകളെ ബലാല്ക്കാരത്തോടു വിട്ടുവിച്ചതിനാൽ പൊട്ടുന്നനവേ നാലുകോടി അടിമകൾക്കു തൻേറടം വന്നു എങ്കിലും അവർ പാൎപ്പിടം കഴിച്ചൽ ബാലശിക്ഷ എന്നിവയില്ലാത്തവരും സ്വാതന്ത്ര്യത്തിന്റെ കിണ്ടങ്ങളും വഴിയും അറിയാത്തവരും ആയിരുന്നു. അടിമ

1) Enthusiasm. 2) President Abraham Lincoln.

കളുടെ മുമ്പേത്ത യജമാനന്മാരായ തെക്കർ അവൎക്കു വേണ്ടി കൊടുത്ത മുതൽ വിടേണ്ടി വന്നതിനാലും കഠിനയുദ്ധത്തിന്റെ ചെലവു സഹിച്ചു പരുത്തി മുതലായ കൃഷികളിൽ വലിയ നഷ്ടം അനുഭവിച്ചതിനാലും ആയവൎക്കു ഇവരെ നോക്കേണ്ടുന്നതിന്നു കഴിവില്ലായ്കയാൽ വടക്കൻ ക്രൂരുപാടുകളിലേ നിവാസികൾ അതിന്നായി കൈകൊടുക്കേണ്ടി വന്നു. ഇവർ യുദ്ധം കഴിഞ്ഞു ആറു മാസം തികയുന്നതിന്നു മുമ്പെ കടിഞ്ഞിൽ കൂടാരം ചിററാരി മുങ്കാലത്തു അടിമകളെ പാൎപ്പിച്ച ചാപ്പ എന്നിവററിൽ മാത്രമല്ല വെളിയിലും എഴുത്തുപള്ളികളെ നടത്തിച്ചു വന്നു. പട തീരുന്നതിന്നു മുമ്പെയും അതിന്റെ ശേഷവും മനസ്സലിവുള്ള പത്തു നൂറിതു സ്ത്രീകൾ കൂട്ടം കൂട്ടമായി തങ്ങളുടെ ഭവനസൌഖ്യം വിട്ടു പ്രാണനെ വിചാരിയാതെ പൈയും പട്ടിണിയും പൊറുത്തു ഉക്കുടി പാൎത്തും കൊണ്ടു ഈ സാധുക്കൾക്കു വേണ്ടി തങ്ങളുടെ ജീവനെ ചെലവിട്ടു. തെക്കൎക്കോ ഇതിൽ പെരുത്തു നീരസം തോന്നിയതു കൊണ്ടു കാപ്പിരികളെ പഠിപ്പിക്കുന്ന ആ വേലയിൽനിന്നു ഒഴിവാൻ മനസ്സില്ലാത്ത സ്ത്രീകളെ ഒററുകാർ എന്ന് വിധിച്ച് വധിക്കയും ഒളികുല ചെയ്യിക്കയും ചെയ്യും. എന്നാൽ ആ സ്ത്രീകളുടെ അദ്ധ്വാനത്തിന്റെ ഫലം എത്രയും വലിയതു. മുൻകാലങ്ങളിൽ പഠിപ്പാൻ തുനിയുന്ന അടിമകളെ മുതലാളികൾ അതികഷ്ടമായി ശിക്ഷിച്ചിരിക്കേ ഇപ്പോൾ ദേഹത്തിന്നും ആത്മാവിന്നും ഒരു പോലെ കിട്ടിയ വിടുതൽ നിമിത്തം പഠിച്ചാലേ കഴികയുള്ളു എന്നോരാൎത്തി എല്ലാവരെ പിടിച്ചു പോന്നു. അപ്പന്മാരായവർ തങ്ങളുടെ കുഡുംബങ്ങളെ പുലൎത്തേണ്ടതിന്ന് പകൽ മുഴുവനും എല്ലു മുറിയ പണി ചെയ്യ് മയിമ്പോടെ ചില നാഴിക ദൂരത്തോളമുള്ള രാവെഴുത്തുപള്ളികളിൽ പഠിക്കേണ്ടതിന്നു ചെല്ലും.

എഴുപതു വയസ്സു കടന്ന തൊണ്ടികൾ ഓരാഴ്ചവട്ടത്തിന്നുള്ളിൽ അക്ഷരങ്ങൾ മുഴുവൻ മനസ്സിലാക്കി കിഴവന്മാരും പേരമക്കളും ഒരുമിച്ചു നിലത്തെഴുത്തു പഠിക്കും. അറിവാൎത്തിയുള്ള ആ കാപ്പിരികൾ തങ്ങൾക്കായദ്ധ്വാനിച്ച ഗുരുക്കന്മാരെ അത്യന്ത നന്ദിയോടും ഉററ ഇണക്കത്തോടും[1] സ്നേഹിച്ചു വന്നു.

൧൮൪൬ാം വൎഷം തൊട്ടു ജമായിക്ക ദ്വീപിലും പടിഞ്ഞാറെ ആഫ്രിക്കയിലും കാപ്പിരികളുടെ ഇടയിൽ സുവിശേഷ വേല നടത്തിയ അമേരിക്ക മിശ്ശൻ സംഘം അത്യുത്സാഹത്തോടു കിഴിഞ്ഞു വിടുതൽ പ്രാപിച്ച അമേരിക്കയിലേ അടിമകൾക്കും ബോധകന്മാരെയും ഗുരുക്കന്മാരെയും അയച്ചു. അതോ ൧൮൬൧ാമതിൽ ൮൭ വേലക്കാർ മാത്രം ഉണ്ടായിരിക്കേ അവരുടെ തുക ൧൮൬൮ാമതിൽ ൫൩൨ പേരോളം വൎദ്ധിച്ചു വന്നു. കാപ്പിരികൾക്കു സ്വന്ത ആശാന്മാരും ബോധകന്മാരും മററും ഉണ്ടാകേണ്ടതിന്നു ആ സംഘക്കാർ നൂററിൽ പരം ഗുരിക്കന്മാർ പഠിപ്പിച്ചു വരുന്ന ൧൭ ഗുരുശാലകളെയും ൭ വിദ്യാലയങ്ങളെയും സ്ഥാപിച്ചു. അതിൽ തെന്നസ്സീ[2] എന്ന ക്രൂരുപാട്ടിലേ നെശ്വിൽ[3] എന്ന നഗരത്തിൽ ഫിസ്ക് സൎവ്വകലാശാലയുമുണ്ടു.

5. The Fisk University ഫിസ്ക് സൎവ്വകലാശാലസ്ഥാപനം.

ഏറിയ വിരോധങ്ങൾ ഉണ്ടായിട്ടും ൧൮൬൫ാമതിൽ നാലുമാനയോഗ്യരായ പരോപകാരപ്രിയർ ഏതും കൂട്ടാക്കാതെ ആ വിദ്യാലയത്തെ സ്ഥാപിപ്പാൻ മുതിൎന്നു. അവരാരെന്നാൽ അമേരിക്ക മിശ്ശൻ സംഘത്തിന്റെ മുന്നാളിയായ സ്മിത്തു ബോധകനും[4] പോൎച്ചേവകൎക്കു സുവിശേഷം അറിയിച്ചും കാപ്പിരികളുടെ ആവശ്യങ്ങളെ അറിഞ്ഞും കൊൾവാൻ ഒഹൈയൊ[5] ക്രൂരുപാടിൽ തളിൎക്കുന്ന ഒരു വലിയ സഭയെ വിട്ടു വന്ന ക്രവാത്തു ബോധകനും[6] സേനാപതിയായ ഫിസ്ക്കും യുദ്ധകാലത്തിൽ കാപ്പിരികളെ ആദരിച്ച ഒഗ്ദൻ[7] പണ്ഡിതനും എന്നിവർ തന്നെ. ഇവൎക്കു വേറെ വഴിയില്ലായ്കയാൽ അവരിൽ മൂന്നു പേർ സ്വന്തമുതലിൽനിന്നു ൩൨,൦൦൦ ഉറുപ്പിക റൊക്കം കൊടുത്തു തക്കൊരു ഇടത്തെ വാങ്ങി അതിൽ യുദ്ധകാലത്തിൽ മരക്കൊണ്ടു ദീനക്കാൎക്കു വേണ്ടി എടുപ്പിച്ചിരുന്ന നിടുമ്പുരകളിൽ ൧൮൬൬ാമതിൽ ഒരു പാഠകശാലയെ ആ

1) Attachment. 2) Tennessee. 3) Nashville. 4) Smith. 5) Ohio. 6) Cravath. 7) Ogden.

രംഭിച്ചു. നായകന്മാർ ഇരുന്ന മുറികളിൽ ഗുരുക്കന്മാർ പാൎപ്പിക്കയും ദീനക്കാർ കിടന്ന നിടുമുറികളിൽ പഠിപ്പു നടത്തുകയും ശവപ്പുരകളെയോ നഗ്നന്മാൎക്കും വിശന്നവൎക്കും ഉടുപ്പു തീമ്പണ്ടങ്ങളെ സൂക്ഷിക്കുന്ന കലവറ ആക്കുകയും ചെയ്തു. അടിമകളുടെ അനവധിയുള്ള ഇരിമ്പു ചങ്ങലകളെ വിററു വേദപാഠകപുസ്തകങ്ങളെയും വാങ്ങി താനും. ഗുരുക്കന്മാരും ബോധകന്മാരും ആയി തീരേണ്ടതിന്നു ഏറിയ കാപ്പിരി ബാല്യക്കാർ പഠിപ്പാൻ വന്നു കൂടി. മിക്ക പേർ പത്തു കൊല്ലത്തോളം അഭ്യസിച്ച ശേഷം ശാലയെ വിട്ടപ്പോൾ തിറത്തോടെ ഒടുക്കത്തെ പരീക്ഷ ജയിച്ചു തങ്ങളുടെ കൂട്ടുകാരായ കാപ്പിരികൾക്കു സുവിശേഷത്തെ ഘോഷിപ്പാൻ പുറപ്പെട്ടു. കലാശാലമേധാവികൾക്കു വലിയ കാൎയ്യസാദ്ധ്യം ഉണ്ടായിരുന്നെങ്കിലും പഠിപ്പു നടത്തിവന്ന മരയെടുപ്പുകൾക്കു കേടും ഇടിച്ചലും തട്ടിയതു കൊണ്ടു സ്ഥിരപാൎപ്പിടത്തെയുണ്ടാക്കുന്ന വഴി കാണായ്കയാൽ വളരെ ബുദ്ധിമുട്ടി. വലെച്ചലും തട്ടി ഉൾനാട്ടിൽ ജനിച്ച ജൊജ് ഹൈപത്ത് എന്നൊരു ദരിദ്രനായ തുന്നക്കാരന്റെ മകൻ അവൎക്കു ഈ കുഴക്കിൽ വഴി കാണിച്ചു. അപ്പനിൽനിന്ന് തന്നിൽ പകൎന്നു വന്ന വാദ്യവാസന എന്ന വരത്തെ താൻ ഉപയോഗിച്ചു ക്രമത്താലെ മിടുക്കനായ ഗീതഗുരു ആയ്തീൎന്നു. യുദ്ധം കിളൎന്നപ്പോൾ പോൎക്കളത്തിൽ ഓരോ പടവെട്ടി വന്നു എങ്കിലും താൻ ഞായറാഴ്ചതോറും കാപ്പിരികളെ പൂൎണ്ണ മനസ്സോടെ പഠിപ്പിക്കും. ഫിസ്കു സൎവ്വകലാശാലയെ സ്ഥാപിതമായ ശേഷമോ ഒരുവൻ പണ്ഡിതൻ ആ പരമാൎത്ഥിയെ പാട്ടിനെയും ഭണ്ഡാരത്തെയും നടത്തിപ്പാൻ ക്ഷണിച്ചു. (ശേഷം പിന്നാലെ).

2. POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

അബ്ഘാനസ്ഥാനം. — സപ്തമ്പ്ര ൨൨ ൹ ശതർഗൎട്ടൻ കരതിക എന്നീ സ്ഥലങ്ങൾക്കിടേ പോക്കോപ്പുകളെ കൊണ്ടുപോകുന്ന കാവൽക്കാരെ ഒരു കൂട്ടം മൊംഗൊലരും ഘിൽജെക്കാരും എതിൎത്തു വൃ ശിപായ്കളെയും ൧൨ കോവൎക്കഴുതക്കാരെയും വൎത്തമാനക്കമ്പിപ്പണിക്കാരെയും കൊല്ലുകയും കോവർകഴുതകളെ കൊണ്ടുപോകയും ചെയ്തു. ഇവർ വഴിപോക്കരായി ഒരുമിച്ചു നടന്നു ചങ്ങാതിഭാവം നടിച്ചു മുമ്പേ ചൊൽക്കൊണ്ട ഠക്കരെ പോലേ പെട്ടെന്നു കത്തിയൂരി അവരെ കുത്തിക്കൊന്നിരിക്കുന്നു. ഒരു കൂട്ടം പടയാളികൾ ഇവരെ പിന്തേൎന്നതു വെറുതെയായിരുന്നു.

യാക്കൂബ് ഖാൻ അമീർ രോബൎത്സ് സേനാപതിയടുക്കലേക്കു രണ്ടു ദൂതന്മാരെ അയച്ചു അവരെ കൊണ്ടു തന്റെ കുററമില്ലായ്മയെ കഴിയുന്നേടത്തോളം സ്ഥാപിപ്പാൻ നോക്കിയിരിക്കുന്നു. അമീർ എഴുതിയ കത്തിന്നും അവരുടെ വാക്കിന്നും തക്കവണ്ണം കാൎയ്യസ്ഥിതി ആയാൽ അമീരിന്നു കുററമില്ലപോൽ (സപ്തമ്പ്ര ൨൫).

സേനാപതിയായ ബേക്കർ കുഷിയിൽ എത്തിയശേഷം അമീരും മകനും പടതലവനും ഇരുനൂറു അകമ്പടിക്കാരുമായി കാബൂൽനിന്നു പുറപ്പെട്ടു അനുവാദപ്രകാരം അംഗ്ലപ്പാളയത്തിൽ ആശ്രയം പ്രാപിച്ചിരിക്കുന്നു. ഖേലാത്ത് ഈ ഘിൽജെയിൽ ഹ്യൂഗ് നായകന്റെ ഉപസൈന്യം (Brigade) എത്തിയിരിക്കുന്നു. (സപ്തമ്പ്ര ൨൭ ൹).

ശതർഗൎട്ടനിൽനിന്നു സേനാപതിയായ രോബൎത്സ് കുഷിയിൽ എത്തിയ ശേഷം അവിടേയുള്ള സൈന്യം കാബൂലിലാമാറു ഒക്ടോമ്പ്ര ൩ ൹ പുറപ്പെട്ടപ്പോൾ കാബൂൽ ഘരാസ്യ എന്നീയിടങ്ങൾക്കിടേയുള്ള കുന്നു മേട്ടുകളിൽ അബ്ഘാനപടയാളികളും കാബൂൽ നിവാസികളും തിങ്ങിവിങ്ങിനിന്നു ഇംഗ്ലിഷ് പടയെ ഞെരുക്കുവാൻ ഭാവിച്ചതല്ലാതെ ഘിൽജേക്കാർ അംഗ്ലപ്പടയുടെ ഇരുഭാഗത്തു അലമ്പൽ ചെയ്വാനും പടഭണ്ഡാരവാഹനക്കാരെ (convoy of commissariate stores) വളയുവാനും ഭാവിച്ചു. സേനാപതിയായ ബേക്കർ ഓരോ കുന്നുമേട്ടുകളിൽനിന്നു ശത്രുക്കളെ ആട്ടി ൨൦ പീരങ്കിതോക്കുകളും രണ്ടു പടക്കൊടികളും പിടിപ്പിച്ചിരിക്കുന്നു.

കാബൂലിലേ ബാലഹിസ്സാർ എന്ന അരമനെക്കടുത്ത ഉയൎന്ന കുന്നിന്മേൽ കോഹിസ്ഥാനക്കാരായ പടയാളികൾ പാളയം ഇറങ്ങി

അതിനെ മൺകിളകൊണ്ടു ഉറപ്പിച്ചതിനാൽ പടനായകനായ മസ്സെ അവർ പിന്മാറിയാൽ അവരെ കുട്ടക്കേണ്ടതിന്നു കുതിരപ്പടയോടു പുറപ്പെട്ടു ചെല്ലുംവഴിയിൽ ഷേർപ്പൂരിലേ പടപ്പാളയത്തിൽ (cantonment) എത്തിയപ്പോൾ ഒഴിച്ചിട്ട എഴപത്തൊമ്പതു കാളന്തോക്കുകളെ കണ്ടെത്തി. ഒക്തോബ്ര ൯൹ ശേഷം പടകൾ ശത്രുക്കളോടു പോരാടുവാൻ ഭാവിച്ചാറെ അവർ ഒട്ടുക്കു തലേരാത്രിയിൽ ഓടിപ്പോയതും ൧൦ കാളന്തോക്കു ഉപേക്ഷിച്ചതും കണ്ടിരിക്കുന്നു.

മറെറാരു വൎത്തമാനപ്രകാരം ഒക്തോബ്ര ൰൦ ൹ പടനായകനായ ബേക്കർ ൧൦൦൩ ശത്രുക്കളെ അവരുടെ മൺകോട്ടയിൽനിന്നു ആട്ടി ഇരുപതു പീരങ്കിതോക്കുകളെ പിടിച്ചിരിക്കുന്നു.

കവാലഹിസ്സാരിലേ ദ്രോഹികളും ആ കുന്നിന്മേൽ ഉള്ള മത്സരക്കാരും തെററിയൊഴിഞ്ഞതു കൊണ്ടു സേനാപതിയായ രോബൎത്സ് അമീരുമായി ഒക്തോബ്ര ൰൨ ൹ കാബൂലിൽ പ്രവേശിപ്പാൻ വിചാരിച്ചിരുന്നു.

ബൎമ്മ. — ക്രൂരനും വെറിയനുമായി മണ്ടലേയിലേ മന്നനായ തീബാ എന്നവൻ അംഗ്ലകാൎയ്യസ്ഥനെ വേണ്ടുംവണ്ണം മാനിക്കാതെ പലവിധത്തിൽ അസഹ്യപ്പെടുത്തിയിരുന്ന ശേഷം കാബൂലിലുള്ള അംഗ്ലകാൎയ്യസ്ഥന്റെ പരിതാപമുള്ള മരണവൎത്തമാനം കേട്ട നാൾ തൊട്ടു അധികം അഹങ്കരിച്ചു പോന്നു. ഇതു വിചാരിച്ചു ഭാരതക്കോയ്മ തന്റെ കാൎയ്യസ്ഥനെ വിളിപ്പിച്ചു സാമ ദാന ഭേദ ദണ്ഡം എന്നീ നാലുപായങ്ങളിൽ നാലാമതിനെ കൊണ്ടു രാജാവിന്നു ബോധം വരുത്തുവാൻ ഭാവിക്കുന്നു (ഒക്തോബർ ൧ ൹).

കൊയിമ്പത്തൂർ. — മുമ്പെ തെൻ കൎണ്ണാടകത്തിലും പിന്നീടു കൊയിമ്പത്തൂർ താലൂക്കിലും കൊല്ലെക്ടരായ മക് അല്പം വെബ്സ്റ്റർ സായ്പവൎകൾ സെപ്തമ്പർ ൨൧ ൹ കൊയിമ്പത്തൂരിൽ മരിച്ചു. ജനരഞ്ജനയും കാൎയ്യപ്രാപ്തിയും ഉള്ള ഈ കോയ്മയുദ്യോഗസ്ഥൻ നടപ്പുദീനത്തിന്നു ആശ്വാസം വന്ന ശേഷം അതിൽനിന്നുണ്ടായ ഒരു വക പനിയാൽ കഴിഞ്ഞു പോയി.

ബങ്കളൂർ. — ഇവിടെനിന്നു കിളതുരങ്കക്കാരും രണ്ടു നാട്ടു പട്ടാളവും അബ്ഘാന പോരിന്നായി പുറപ്പെട്ടിരിക്കുന്നു.

ഭാരതത്തിലേ കാനേഷുമാരി 1877-78 ആമതിലേ കാനേഷുമാരി കണക്കു പ്രകാരം ഭാരതത്തിലേ വിശേഷങ്ങൾ ആവിതു:

	□ നാഴിക	ആൾ
അംഗ്ലഭാരതം	899,341	19,10,96,603
ആശ്രിതരാജ്യങ്ങൾ	575,265	6,91,61,540
പരന്ത്രീസ്സ് വക	178	2,71,460
പൊൎത്തുഗീസ് രാജ്യം	1,086	407,712
	14,75,870	240,09,37,315

അംഗ്ലഭാരതത്തിലെ നിവാസികൾ:

വൈഷ്ണവരും ശൈവരും	13,93,43,820
ശിഖർ	11,74,436
മുഹമ്മദീയർ	4,08,67,125
ബൌദ്ധരും ജൈനരും	28,32,851
ക്രിസ്ത്യാനർ	8,87,682
പലവക	5,417,304
അറിയാമതക്കാർ	5,61,039
	19,10,96,603

ഇവർ 3,70,43,524 വീടുകളിൽ പാൎക്കുന്നു.

M. M. 244.

ഭാരതത്തിലേ പൊന്നും വെള്ളിയും പൊൻ നാണിയം ദുല്ലഭം മാത്രം കാണ്മാൻ കിട്ടുന്നതു കൊണ്ടു അധികം പൊന്നു പുറനാടുകളിൽനിന്നു ഭാരതത്തിൽ വരാറില്ല എന്നൂഹിക്കാം. എന്നാലും കാൎയ്യം അങ്ങനെയല്ല. 1869-1878 മാൎച്ച 31൹ വരെ കടൽവഴിയായിട്ടു എത്തിയ പൊന്നു 2,84,43,163 ഫൌൺ അതിൽനിന്നു തിരിച്ചു അയച്ചതു:

1869-1876 വരെ		14,76,923 ഫൌൺ
പഞ്ചത്തിന്നായി	1877-78	23,47,160 ടി
കൊടുത്തതു		37,24,083 ടി
	ബാക്കി	2,46,19,080 ഫൌൺ

ഈ പൊന്നു എവിടെ എന്നു ചോദിച്ചാൽ ഏറിയതു ആഭരണമായി മാറി എങ്കിലും വലിയൊരു തുക അവരവർ കുഴിച്ചു വെച്ചിട്ടുണ്ടായിരിക്കാം. ഭൂലോകത്തിൽ എങ്ങും 1871-75

എന്നീ കൊല്ലങ്ങളിൽ കൊല്ലം ഒന്നിൽ ഉരുക്കി സ്സുടം ചെയ്യു പൊന്നിൻ വിലവിനേക്കാൾ മേൽ പറഞ്ഞ വൻതുക ഐയ്യിരട്ടിച്ച അനുഭ വം എന്നേ വേണ്ടു.

വെള്ളിയോ ഭാരതഖണ്ഡത്തിൽ കടൽവ ഴിയായി 1869-78 മാൎച്ച് 31 നു- ഓളം എത്തിയ

വെള്ളിയുടെ വില	70,2,50,000 ഫൌൺ
അതിൽനിന്നു കടൽ വഴിയായി കൊടുത്തയ ച്ചതു	1,55,00,000 ഫൌൺ
ബാക്കി	5,47,50,000 "

ഈ വെള്ളി ആകട്ടേ പണവും ആഭരണ വുമായിട്ടു ഓരോരുത്തരുടെ കൈയിൽ കിടപ്പു ണ്ടു. ഹോ എത്ര പണം വിലാത്തിക്കു പോകു ന്നുണ്ടു, എന്നു പറയുന്നവരുടെ നിനവു തെ റെറന്നു ബോധിക്കുമല്ലോ, വിലാത്തി ചീനം മു തലായ ദേശങ്ങളുടെ പൊന്നും വെള്ളിയും ഭാ രതത്തിലേക്കു ചെല്ലുന്നു എന്നേ പറവാനുള്ളു.

Fr. M. M. 242.

യുരോപ Europe.

ഇംഗ്ലന്തു.—൧൮൭൮ ആം ആണ്ടിൻെറ തപ്പാൽ പ്രവൎത്തനവിവര പ്രകാരം ഐക്യ രാജ്യത്തിൽ 13,881 തപ്പാൽ ചാവടികളും 25,767 കത്തിടുന്ന സ്ഥലങ്ങളും ഉണ്ടു. ലണ്ടൻ മഹാന ഗരത്തിൽ ഓരോ വാരത്തിൽ ചകട്ടു മേനി യായി 71,50,000 കത്തിടപ്പെടുകയും 7,14,50,00 കത്തു കൊടുക്കപ്പെടുകയും ചെയ്യും. ഈ തുക യെ 52 കൊണ്ടു പെരുക്കിയാൽ 37,180 ലക്ഷം കത്തു ഒരു കൊല്ലത്തിൽ ലണ്ടൻ നഗരത്തിൽ തപ്പാലിൽ ഇടപ്പെടും. ഈ തുക നാലിനാൽ പെരുക്കിയാൽ 1,48,720 ലക്ഷം കത്തുകൾ കി ട്ടും. ഇതു ഇംഗ്ലന്തു സ്കൊത്ലന്തു ഐയൎല്ലന്തു എ ന്നീ ഐക്യരാജ്യത്തിൽ ഒരു കൊല്ലത്തിന്നകം എഴുതി വരുന്ന കത്തുകൾ. ൧൮൭൭ ആം കൊ ല്ലം ഉണ്ടായതിൽ ൧൮൭൮ ആമതു 5,89,62,100 വിവിധ കത്തുകൾ ഏറ കാണിക്കുന്നു. എഴുതു ന്നവരുടെ സൂക്ഷ്മക്കുറവു മരണം ദേശമാററം മുതലായ സംഗതികളാൽ മേൽവിലാസക്കാരെ കണ്ടു പിടിക്കാതെ അവറെറ മുതലാളികൾക്കു മടക്കി കൊടുത്തിരിക്കുന്നു അവററിൽ 38,311 കത്തിൽ പണം കണ്ടതു. M. M. 227.

രുസ്സ്യ.—പാൎസ്സിസ്ഥാനവഴിയായി കേ ൾക്കുന്ന പ്രകാരം രുസ്സരുടെ മുമ്പട (advance column) ഗ്രുജൂഖ് തെപ് എന്ന സ്ഥലത്തിൽ വെച്ചു തെക്കേ തുൎക്കോമന്നരോടു പട വെട്ടേ ണ്ടി വന്നപ്പോൾ 700 രുസ്സർ പട്ടുപോകയും ശത്രുക്കൾ അവരുടെ തോക്കുകൾ കൈയിൽ ആക്കുകയും ചെയ്തിരിക്കുന്നു (സപ്ത. ൨൩ നു-).

രുസ്സൎക്കും ചീനൎക്കും തമ്മിലുള്ള നിയമത്തി ന്നു ഒപ്പിടേണ്ടതിന്നു ചീനകാൎയ്യസ്ഥൻ ലിവാ ദ്രിയിൽ എത്തി. ഇനിമേലാൽ ചീനൎക്കു സ ന്ത് പേതൎസ്സ് ബുൎഗ്ഗിൽ ഒരു സ്ഥിരകാൎയ്യസ്ഥൻ ഉണ്ടാകും (സപ്ത. ൨൬ നു-).

ആഫ്രിക്കാ Africa.

സുപ്രത്യാശമുനമ്പു.—ഇംഗ്ലിഷ്കാർ ഉലുന്തിയെ പിടിച്ചപ്പോൾ ഇസന്ദ്ഌവനിൽ ജ്ജുലുക്കാപ്പിരികളുടെ കൈയിൽ അകപ്പെട്ടു പോയ എല്ലാ പൊല്ലുണ്ടകളും ബാണങ്ങളും ഉപകരണങ്ങളും വീണ്ടുകൊണ്ടിരിക്കുന്നു.

ഔസ്ത്രാലിയ Australia.

സിഡ്നേ എന്ന വലിയ നഗരത്തിൽ ഒരു കാഴ്ച ചന്തയെ സെപ്തമ്പ്ര ൧൭ ആം നു- ൽ കാ ണികൾക്കു തുറന്നു വിട്ടിരിക്കുന്നു.

അമേരിക്കാ America.

ഐകമത്യസംസ്ഥാനം.— 1616 ആം കൊല്ലത്തിൽ പുകയില കൃഷിയെ ആ രാജ്യത്തിൽ ആരംഭിച്ചു ഏററമതിയായി പുറ നാടുകളിലേക്കു അയച്ച സംഖ്യയാവിതു:

൧൭൦൦ ആമതിൽ	2,20,00,000,	റാത്തൽ
൧൭൯൦	" 10,00,00,000	" (പരം)
൧൮൭൭	" 46,30,00,000	"

ഇങ്ങനെ പുകയിലകൃഷി പെരുത്തു വൎദ്ധി ച്ചിരിക്കുന്നു. വിൎഗ്ഗിന്യ, മേരിലന്തു, വടകരോ ലീന. തെനെസ്സി, കെന്തക്കി, മിസൂരി എന്നി ആറു കൂറുപാടുകൾ 30,00,00,000 ത്തിൽ ഏറ റാത്തൽ പുകയില വളൎത്തുണ്ടാക്കുന്നു. എ ന്നാൽ ഐകമത്യകോയ്മ പുകയിലക്കു അധികം നികുതി ചാൎത്തിയതുകൊണ്ടു ൧൮൭൮ ആമതിൽ ആ കൃഷി 10,00,00,000 റാത്തലിന്നു ചുരുങ്ങി പോയി. (M. T. 227).

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. DECEMBER 1879. No. 12.

SHORT ACCOUNT OF THE LIFE OF HEROD THE GREAT.

(*Translated by S. W.*)

ഒന്നാം മഹാഹെരോദാവിൻ ചരിത്രസംക്ഷേപം.

(VIാം പുസ്തകം 204ാം ഭാഗത്തിൽനിന്നു തുടൎച്ച.)

വംശാവലിയുടെ വിവരം.

ഈ വംശാവലി കാണിക്കും പ്രകാരം മക്കാബ്യരുടെ വംശപിതാവു മതത്ഥ്യ തന്നേ. ഇവന്നു യോഹന്നാൻ, ശീമോൻ, യൂദാ, എലിയാസർ, യോനഥാൻ എന്ന അഞ്ചു മക്കൾ ഉണ്ടായിരുന്നു. ശീമോൻ എന്നവന്നു യോഹന്നാനായ ഒന്നാം ഹിക്കാനും ഹിക്കാനന്നോ അന്തിഗൊനൻ ഒന്നാം അരിസ്റ്റൊബ്യൂൽ, അലക്സന്തർ യന്നേയുസ് എന്നീ മൂന്നു പുത്രന്മാരും ജനിച്ചു. അലക്സന്തർ എന്നവൻ അലക്സന്ത്രാ എന്നവളെ വേളി കഴിച്ചിട്ടു രണ്ടാം അരിസ്റ്റൊബ്യൂൽ രണ്ടാം ഹിക്കാൻ എന്നിവരും രണ്ടാം അരിസ്റ്റൊബ്യൂലിന്നു അന്തിഗൊനൻ, അലക്സന്തർ എന്നവരും ജനിച്ചു. രണ്ടാം ഹിക്കാന്റെ മകളായ അലക്സന്ത്രയെ രണ്ടാം അരിസ്റ്റൊബ്യൂലിന്റെ മകനായ അലക്സന്തർ വിവാഹം കഴിക്കയും അവരിൽനിന്നു അരിസ്റ്റൊബ്യൂൽ എന്ന മകനും മറിയമ്ന എന്ന മകളും ഉണ്ടാകയും ചെയ്തു. ഇവർ തന്നേ മക്കാബ്യവംശത്തിൻ ഒടുക്കത്തവർ. ഈ മറിയമ്നയാൽ മക്കാബ്യൎക്കും ഹെരോദ്യൎക്കും തമ്മിൽ ബാന്ധവം ഉണ്ടായി വന്നു.

ഹെരോദ്യരുടെ വംശപിതാവു അന്തിപ്പാസ് എന്നവൻ തന്നെ ആയിരുന്നു. ഇവന്റെ മകനായ അന്തിപത്തർ: മഹാഹെരോദാ, ഫാസായേൽ, ഫെരോരാസ്, ശലൊമ എന്നീ നാലു മക്കളെ ജനിപ്പിച്ചു. മഹാഹെരോദാവിൻ ഒന്നാം ഭാൎയ്യയായ ദോരിസ് അന്തിപത്തരേയും, രണ്ടാമവളായ ഒന്നാം മറിയമ്ന അരിസ്റ്റൊബ്യൂൽ അലക്സന്തർ എന്നവരേയും, മൂന്നാം പത്നിയായ രണ്ടാം മറിയമ്ന ഹെരോദാ ഫിലിപ്പൻ എന്നവനേയും; മൽഥാക്കെ എന്ന നാലാം കളത്രം ഹെരോദാ അന്തിപ്പാ, അഹെലാവ് എ

ന്നവരേയ്യം; അഞ്ചാമവളായ ക്ലെയോപത്ര ഫിലിപ്പിനെയും പ്രസവിച്ചു. അരിസ്റ്റോബ്ബുലിന്നു ഹെരോദാ, ഒന്നാം ഹെരോദാ അഗ്രിപ്പാ, ഹെരോദ്ര്യ എന്നീ മൂന്നു മക്കളും ഹെരോദാ അഗ്രിപ്പാവിന്നു ബരനീക്ക, രണ്ടാം ഹെരോദ അഗ്രിപ്പാ, ദ്രുസില്ല എന്ന മൂവരും ഉണ്ടായി. ഹെരോദാ ഫിലിപ്പു ഹെരോദ്ര്യയെ വേട്ടതിനാൽ ശലോമ എന്ന പുത്രി ജനിച്ചു. അവൾ ഫിലിപ്പിന്നു ഭാൎയ്യയായ്തീൎന്നു.

ഹെരോദാവിന്നു അനേകം ഒല്ലിയിൽ വെച്ചിരുന്നു എങ്കിലും അവന്റെ മേല്പറഞ്ഞ അഞ്ചു കെട്ടിലമ്മമാരുടെ പുത്രന്മാരിൽ ചിലർ മാത്രം പ്രഭുക്കളും പ്രധാനികളും ആയ്തീൎന്നു കൊണ്ടു അവരെ തന്നെ വംശാവലിയിൽ കാണിച്ചതു.

കനാൻ രാജ്യത്തിൽ വാണ മഹാഹെരോദാവിൻ പിൻവാഴ്ചക്കാർ.

രോമ കൈസരായ ഔഗുസ്തൻ മഹാഹെരോദാവിന്റെ മരണപത്രിക പ്രകാരം അവന്റെ രാജ്യത്തെ അഹെലാവ്, ഹെരോദാ അന്തിപ്പാ, ഫിലിപ്പ് എന്നീ മൂന്നു പുത്രന്മാൎക്ക സ്ഥിരപ്പെടുത്തി കൊടുത്തു. അഹെലാവിന്നു ഏദോം, യഹൂദ, ശമൎയ്യ എന്നിങ്ങിനെ രാജ്യത്തിന്റെ പാതിയും പ്രഭുസ്ഥാനവും കിട്ടി. അവൻ പിതാവിന്റെ കാൽവടുക്കളിൽ നടന്നു ദുഷ്ടനായി വാണു പ്രജകളെ വളരെ പീഡിപ്പിച്ചതു കൊണ്ടു ജനരഞ്ജന അവനിൽ അശേഷം ഇല്ലാതേ പോയി. ഇതു നിമിത്തം നാം മത്തായി 2, 22ൽ വായിക്കുന്നിതു "യഹൂദയിൽ അഹെലാവ് പിതാവായ ഹെരോദാവിന്റെ സ്ഥാനത്തിൽ വാഴുന്നതു യോസേഫ് കേട്ടിട്ടു അവിടെ പോവാൻ ഭയപ്പെട്ടു ശിശുവിനേയും മറിയയെയും കൂട്ടിക്കൊണ്ടു ഹെരോദാ അന്തിപ്പാവാണ ഗലീലയിൽ പോയി പാൎത്തു" ഓരോ കുററം നിമിത്തം കൈസർ അവനെ തന്റെ വാഴ്ചയുടെ പത്താം വൎഷത്തിൽ സ്ഥാനത്തിൽനിന്നു പിഴക്കി ഗല്യ നാട്ടിലേക്ക* മറുനാടു കടത്തുകയും ചെയ്തു.

മഹാഹെരോദാവിൻ രണ്ടാം മകനായ ഹെരോദാ അന്തിപ്പാ ഗലീല, പെരയ്യ എന്ന നാടുകളുടെ വാഴിയായ്തീൎന്നു. ഇവൻ സ്നാപകനായ യോഹന്നാനെ കൊല്ലിച്ചതു. ഈ ഹെരോദാ അന്തിപ്പാ തന്റെ സഹോദരഭാൎയ്യയായ ഹെരോദ്ര്യയെ ഒരു രോമയാത്രയിൽ കണ്ടു മോഹിച്ചു അധൎമ്മമായി കൈക്കൊണ്ടു (മാൎക്ക 6, 17ff). വിവാഹത്തിൽ അവൾക്കു പിറന്ന ശലൊമ തന്റെ കൂത്താട്ടം കൊണ്ടു അമ്മയുടെ സൂത്രത്താൽ യോഹന്നാന്റെ തല വെട്ടിക്കുന്നതിന്നു ഹെരോദാവിനെ വശീകരിച്ചു. അവൻ ഗനേസരെത്ത് സരസ്സിന്റെ തീരത്തു തിബേൎയ്യ എന്ന നഗരത്തെ പണിയിച്ചു. ഇവന്റെ അടുക്കൽ യഹൂദ നാടുവാഴിയായ പൊന്ത്യപിലാത്തൻ യേശുവിനെ വിസ്താരത്തിന്നു അയച്ചതിനാൽ അന്നു മുതൽ ഇവ

* പരന്ത്രീസ്സരാജ്യം.

രിരുവരും ചങ്ങാതികളായ്തീൎന്നു. കൈസരായ കലിഗ്ഗുല അവനെ (39 ലോ 40 ലോ ക്രി. അ.) സ്ഥാനഭ്രഷ്ടനാക്കി ഹിസ്പാന്ന്യ രാജ്യത്തിൽ മറുനാട്ടു കടത്തി അവിടെ തന്നേ അവൻ മരിച്ചു. അവന്റെ ഇടവകയെയും കൈസർ ഹെരോദാ അഗ്രിപ്പാവിന്നു കൊടുത്തു.

മഹാഹെരോദാവിന്റെ മൂന്നാം പുത്രനായ ഫിലിപ്പ് ത്രകൊനിത്തി, ഇതുറിയ, ഗൌലൊനിത്തി, (ഗോലാൻ 5 മോ. 4, 43) പത്തനേയ (ബാശാൻ), ഔരാനിതി (ഹൌരാൻ) എന്നീ നാട്ടുകളും (ലൂക്ക 3, 1) ലുസാനിയ നാട്ടിലേ ചില ദേശങ്ങളും പ്രാപിച്ചു. ലിബനോൻ പൎവ്വതത്തിന്റെ അടിയിൽ യൊൎദാൻ നദിയുടെ ഉറവിന്നരികെ ഉണ്ടായ പനിയാ എന്ന പട്ടണത്തെ അവൻ വലുതാക്കി അതിൽ തനിക്ക് കോവിലകം പണിയിച്ചതിനാൽ ആ പട്ടണത്തിന്നു കൈസൎയ്യ ഫിലിപ്പി എന്നു പേർ വന്നു (മത്ത. 16, 13). മഹാഹെരോദാവിന്റെ മക്കളിൽ ഇവൻ മാത്രം നീതിയും ന്യായവും ഉള്ള വാഴ്ച കഴിച്ചു. അവൻ ഹെരോദ്യ പുത്രിയായ ശലോമയെ വേട്ടു, മക്കൾ ഇല്ലാതെ തന്റെ മുപ്പത്ത്നാലാം വയസ്സിൽ ബെത്സൈദയിൽ വെച്ചു മരിച്ചപ്പോൾ അവന്റെ ഇടവകയെ കൈസർ സുറിയനാടോടു ചേൎക്കയും ചെയ്തു.

യഹൂദ്യയിലേ രോമനാട്ടുവാഴികൾ.

കൈസർ അഖെലാവിനെ നാട്ടു കടത്തിയാറെ അവന്റെ ഇടവകയെ സുറിയനാടോടു ചേൎത്തിട്ടു ഒരു രോമനാട്ടുവാഴി യഹൂദയിൽ വന്നു ഭരിച്ചു. ഈ നാട്ടുവാഴികൾ യരുശലേം നഗരത്തിൽ അല്ല ഉൾക്കടലരികേ ഉള്ള കൈസൎയ്യയിൽ പാൎത്തു (അപൊ. 21, 8.) (ഇതു നിമിത്തം അത്രേ യരുശലേമിൽ തടവിലകപ്പെട്ട അപൊസ്തലനായ പൌലിനെ നാട്ടുവാഴിയായ ഫെലിക്സിന്റെ അടുക്കലേക്കു കൈസൎയ്യക്കു അയച്ചതു. അപൊ. 23, 23ff)· ഉത്സവങ്ങൾ ക്രമത്തോടും സമാധാനത്തോടും നടക്കേണ്ടതിന്നു നാട്ടുവാഴികൾ ആ കാലങ്ങളിൽ യരുശലേമിൽ പോയി അവിടെ അവർ മഹാഹെരോദ പണിയിച്ച രാജധാനിയിൽ താമസിക്കും. അതുകൊണ്ടു യഹൂദന്മാർ യേശുവിനെ പിടിച്ച പെസഹ ഉത്സവനാളുകളിൽ നാട്ടുവാഴിയായ പിലാതൻ യരുശലേമിൽ ഉണ്ടായിരുന്നു.

ഒന്നാമത്തേ മൂന്നു രോമനാട്ടുവാഴികളായ കൊപോനിയൻ, മാൎക്ക അമ്പീവ്യൻ, അന്നിയൻ രുഫുസ് എന്നവർ അല്പകാലത്തേക്കു വാണതേ ഉള്ളൂ. തിബേൎയ്യൻ കൈസർ 14ാം ക്രിസ്താബ്ദത്തിൽ സൎവ്വാധികാരം പ്രാപിച്ചപ്പോൾ വലൎയ്യാൻ ഗ്രാതുസ് എന്നവനെ യഹൂദ നാട്ടുവാഴിയാക്കി അവൻ ഇരുപത്തഞ്ചു വത്സരം വാണശേഷം പൊന്ത്യപിലാത്തൻ അവന്റെ സ്ഥാനത്തിൽ വന്നു. ഈ നാട്ടുവാഴി കൎത്താവായ യേശുവിന്റെ മരണത്തിൽ സമ്മതിച്ചതിനാൽ ഓർ ആപത്തിൽനിന്നു വഴുതി പോവാൻ ഭാവിച്ചു

എങ്കിലും തെററിപ്പോയില്ലതാനും. യഹൂദർ അവനെ കുറിച്ച കൈസരോടു സങ്കടം ബോധിപ്പിക്കും എന്നു പേടിച്ച അവരുടെ നിലവിളിയെ കേട്ടു യേശുവിന്നു മരണവിധി കല്പിച്ചത് (യോഹ. 19, 12ff). എന്നിട്ടും ചില സംവത്സരങ്ങൾ കഴിഞ്ഞാറെ യഹൂദന്മാർ അവന്റെ അന്ന്യായമായ ക്രൂരതകൾ നിമിത്തം കൈസരോടു സങ്കടം ബോധിപ്പിച്ച 36ാം വൎഷം അവൻ രോമയിൽ ചെന്നു ശിക്ഷയെ അനുഭവിക്കേണ്ടി വന്നു. ആ കൊല്ലത്തിൽ സുറിയനാടുവാഴി മഹാപുരോഹിതനായ കയഫാവിനെയും സ്ഥാനത്തിൽനിന്നു പിഴക്കി.

പിലാതൻ രോമയിൽ പോയ ശേഷം ഏകദേശം അഞ്ചു സംവത്സരത്തോളം മാത്രമേ യഹൂദനാടു രോമക്കു അധീനം ആയിരുന്നുള്ളു. ഈ കാലങ്ങളിൽ മക്കേല്ലൻ, മരുല്ലൻ എന്ന രണ്ടു നാടുവാഴികൾ വാണു. എന്നാൽ ഇവരുടെ വാഴ്ചയെ കുറിച്ച ചരിത്രം ഒന്നും വിവരിക്കുന്നില്ല.

ഹെരോദാ അഗ്രിപ്പയും മകനായ രണ്ടാം അഗ്രിപ്പയും.

അരിസ്തൊബൂലിന്റെ രണ്ടാം മകനായ ഒന്നാം അഗ്രിപ്പാ തന്റെ യൌവനകാലം മിക്കതും രോമയിൽ ഓരോ പ്രപഞ്ചനൃത്തവിനോദങ്ങളിൽ കഴിച്ച, മുതൽ എല്ലാം ദുൎവ്യയമാക്കി ദാരിദ്ര്യം നിന്ദ അപമാനം ദുഃഖാദികൾ ഏറിയോന്നു അനുഭവിച്ചു. തന്റെ തോഴനായ കലിഗുല 37ാം ക്രിസ്താബ്ദത്തിൽ സൎവ്വാധിക്യം പ്രാപിച്ചാറെ അവന്നു ഫിലിപ്പിന്റെ മരണത്താൽ (34 ക്രി. അ). സുറിയനാടോടു ചേൎത്ത ഫിലിപ്പിന്റെ ഇടവകയെയും രാജസ്ഥാനത്തേയും കൊടുത്തു. ഹെരോദ്യ തന്റെ ഭൎത്താവായ ഹെരോദാ അന്തിപ്പാ ഇടപ്രഭു മാത്രം ആയിരിക്കേ അവളുടെ സഹോദരനായ അഗ്രിപ്പാ രാജാവായി തീൎന്നതു കൊണ്ടു തനിക്കു അസൂയ തോന്നി. ഭൎത്താവിന്നും രാജനാമം കിട്ടേണ്ടതിന്നു അവനുമായി കൈസരടുക്കേ രോമെക്കാമാറു പുറപ്പെട്ടു. ആയതു അഗ്രിപ്പാ അറിഞ്ഞ ഉടനെ ഓരോ ഉപായങ്ങളെ പ്രയോഗിച്ചതു കൊണ്ടു അവളുടെ ആശ നിഷ്ഫലമായി എന്നു മാത്രമല്ല കൈസർ ഹെരോദ അന്തിപ്പയെ പിഴക്കി ഗല്യനാട്ടിലേക്കു നാടുകടത്തുകയും താൻ ഭരിച്ചിരുന്ന ഗലീല, പിരേയ, നാടുകളെ കൂട അവന്നു കൊടുക്കുകയും ചെയ്തു. (40 ക്രി. അ.)

കലിഗുല കൈസർ (41 ക്രി. അ). രോമയിൽ വെച്ച ചതികുലകൊണ്ടു തിരുപ്പെട്ടാറെ അന്നു അവിടെ ഉണ്ടായിരുന്ന അഗ്രിപ്പാവിന്നു തന്റെ സ്നേഹിതരായ രോമ കുലീനന്മാരുടെ സഹായം ഉണ്ടായതിനാൽ ക്ലൌദ്യൻ കൈസരിൽനിന്നു അവന്നു യഹൂദ, ശമൎയ്യ നാടുകളേയും മുമ്പെ അഹേലാവിന്നു ഉണ്ടായ ഇടവകകളെയും തനിക്കുള്ള രാജ്യങ്ങളോടു കൂടെ ചേൎത്തു കിട്ടിയതിനാൽ മഹാഹെരോദാവിൻ രാജ്യമെല്ലാം വശത്തായി വരികയും ചെയ്തു.

എന്നാൽ മൂന്ന കൊല്ലം മാത്രം അവന്നു ഈ ഭാഗ്യം അനുഭവിപ്പാൻ സംഗതിവന്നുള്ളു. യഹൂദ ജനത്തെ പ്രസാദിപ്പിക്കേണ്ടതിന്നു അവൻ ആവോളം പ്രയത്നിച്ചു. യരുശലേമിലുള്ള ക്രിസ്ത്യാനികളെ ഹിംസിക്കയും അപ്പൊസ്തലനായ യാക്കോബിനേ വാൾ കൊണ്ടു കൊല്ലിക്കയും ചെയ്തു. യഹൂദൎക്ക പ്രസാദം വന്നതു കണ്ടു പേത്രുനേയും പിടിച്ചു കൊല്ലുവാൻ ഭാവിച്ചു (അപൊ. 12, 1ff. എന്നിവചനത്തിൽ മാത്രം അവന്നു ഹെരോദാ എന്ന പേർ കാണ്മാനുള്ളു). താൻ കൈസൎയ്യക്ക പോയി ഭദ്രാസനമേറി തന്റെ ശ്രേഷ്ഠതയാൽ നിഗളിച്ചു ചുററും നില്ക്കുന്ന പുരുഷാരം തന്നെ ദൈവീകരിച്ചതിൽ പ്രസാദസമ്മതിയുണ്ടായതു കൊണ്ടു തനിക്ക വന്ന ഭയങ്കരദൈവശിക്ഷയാൽ താൻ കൃമികൾക്ക ഇരയായി. അല്പ ദിവസം കൊണ്ടു വീൎപ്പു മുട്ടി പോകയും ചെയ്തു (അപൊ. 12, 20 ff). അന്നു അവന്റെ മകനായ രണ്ടാം അഗ്രിപ്പാവിന്നു പതിനേഴ വയസ്സു മാത്രം പ്രായം ഉള്ളതുകൊണ്ടു ക്ലൌദ്യൻ കൈസർ അവന്നു അഛ്ശന്റെ രാജ്യത്തെ ഏല്പിക്കാതെ കനാൻ രാജ്യം സുറിയനാടോടു ചേൎത്തു അതിന്റെ നാടുവാഴികളാൽ വാഴിക്കയും ചെയ്തു. പ്രായം തികഞ്ഞാറെ കൈസർ അവന്നു രാജ്യത്തെ മുഴവൻ ഏല്പിക്കാതെ ഫിലിപ്പ്, ലുസാന്യ എന്നവൎക്കുണ്ടായിരുന്ന നാടുകളും മന്നൻ എന്ന നാമവും ദൈവാലയവിചാരണയും ഏല്പിച്ചു കൊടുത്തതേയുള്ളു. അരിസ്തൊബൂലിന്റെ മകനും, കല്കീസ നാട്ടിന്റെ പ്രഭുവുമായ ഹെരോദാ തന്റെ സഹോദരനായ ഒന്നാം അഗ്രിപ്പാവിൻ മകളായ ബരനീക്കയെ വേട്ടു. ഭൎത്താവു മരിച്ചതിൽ പിന്നെ അവൾ തന്റെ ആങ്ങളയായ രണ്ടാം ഹെരോദാ അഗ്രിപ്പാവിനോടു കൂട പാൎത്തു. അവനുമായി നാടുവാഴിയായ ഫെസ്തനെ വന്ദിപ്പാനായി കൈസൎയ്യയിൽ ചെന്നു ഏറിയ ദിവസങ്ങൾ അവിടെ പാൎത്തു (അപൊ. 25, 13). അവിടെ വെച്ചു അപൊസ്തലനായ പൌൽ ഇവന്റെ മുമ്പാകെ പ്രതിവാദം കഴിച്ചു. അഗ്രിപ്പ അവന്നു അനുകൂലമായി ഫെസ്തനോടു നല്ല സാക്ഷ്യം പറകയും ചെയ്തു (അപോ. 26, 28. 30ff). ഈ അഗ്രിപ്പ യഹൂദരും രോമരും തമ്മിൽ ചെയ്ത ഭയങ്കര യുദ്ധത്തെ സന്ധിപ്പിപ്പാൻ ആവോളം ഉത്സാഹിച്ചിട്ടും സാധിച്ചില്ല താനും. യഹൂദരാജ്യം ഒടുങ്ങിയപ്പോൾ (70 ക്രി. അ). തന്റെ വാഴ്ച സ്ഥിരമായി നില്ക്കയും സ്വരാജ്യം അനേകൎക്ക സങ്കേതമായി തീരുകയും ചെയ്തു. അവൻ 101ാം ക്രിസ്താബ്ദത്തോളം വാണു ദ്രുസില്ല, ബരനീക്ക എന്ന സഹോദരിമാരോടു കൂട യരുശലേമിൻ നാശത്തെ കണ്ടു വയസ്സനായി മരിക്കയും ചെയ്തു.

അവന്റെ സഹോദരിയായ ദ്രുസില്ല അസ്സീസ്സസ് എന്ന എമേസ്സയിലേ പ്രഭുവിനെ കെട്ടി എങ്കിലും രോമനാടുവാഴിയായ ഫെലിക്കിന്റെ വശീകരത്തെ അനുസരിച്ചു ഭൎത്താവിനെ വിട്ടു അവനോടു പോയി ചേൎന്നു.

ഇവരിരുവരും അപൊസ്തലനായ പൌൽ ക്രിസ്തങ്കലേ വിശ്വാസം, നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവററെ ചൊല്ലി പ്രസംഗിക്കുന്നതു കേട്ടപ്പോൾ ഫേലിക്കിന്നു ഭയം ഉണ്ടായതിന്റെ സംഗതി ഇതുകൊണ്ടു ബോധിക്കാമല്ലോ (അപൊ. 24, 24ff).

കനാൻ രാജ്യത്തിലേ രോമനാട്ടുവാഴികൾ.

അഹ്ഹേലാവിന്റെ സ്ഥാനഭ്രംശം തൊട്ടു 41ാം ക്രിസ്താബ്ദംവരെ യഹൂദ നാട്ടിൽ രോമനാട്ടുവാഴികൾ വാണ പ്രകാരം മീതെ കാണിച്ചുവല്ലോ. മഹാഹെരോദാ കനാൻ രാജ്യത്തെ മുഴുവൻ അടക്കി വാണ പ്രകാരം നാല്പത്തൊന്നാം ക്രിസ്താബ്ദം മുതൽ ഒന്നാം ഹെരോദ അഗ്രിപ്പാവും തന്റെ ഏകശാസന നടത്തി ഇരുന്നു. അഗ്രിപ്പാവിന്റെ മരണശേഷം (44 ക്രി. അ.) കൈസർ 53ാം ക്രിസ്താബ്ദത്തിൽ രണ്ടാം അഗ്രിപ്പാവിന്നു കനാൻ ഒഴികെ ശേഷമുള്ള ഇടവകകളെ കൊടുത്തു; എന്നാൽ കനാൻ രാജ്യം മുഴുവൻ അതിന്റെ സംഹാരംവരെ ഏഴു രോമ നാട്ടുവാഴികൾ നിരന്തരമായി ഭരിച്ചു. അവരുടെ നാമങ്ങൾ ആവിതു: ഫാദൻ, തിബേയ്യൻ, കുമാനൻ, ഫേലിക്, ഫെസ്തൻ, അല്പിനൻ, ഗേസ്സ്യൻ ഫ്ലോരൻ എന്നവർ തന്നേ. ഇവരിൽ മിക്ക പേർ യഹൂദ ജനത്തെ ഭയങ്കരമായി പീഡിപ്പിച്ചു അവരോടു അതി ക്രൂരതയും നീരസവും കാണിച്ചതു കൊണ്ടു യഹൂദൎക്കും യരുശലേമിന്നും അത്ര വേഗം വന്ന നാശത്തിന്നു അവരും കുററക്കാരായി തീൎന്നു താനും. ഫേലിക്, ഫെസ്തൻ എന്ന രണ്ടു നാട്ടുവാഴികളെ കുറിച്ചു അപൊസ്തല പ്രവൃത്തി 24, 25 എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചു കിടക്കുന്നു. നാട്ടുവാഴിയായ ഗേസ്സ്യൻഫ്ലോരൾ സ്ഥാനത്തിൽ എത്തിയപ്പോൾ രാജ്യാവസ്ഥകൾ എല്ലാം നാനാവിധമായി ഒടുങ്ങുമാറായിരുന്നു. അവനോ എല്ലാ നാട്ടുവാഴികളേക്കാൾ അധികം കഠിനനും ദുഷ്ടനും ആയി ഏറിയ അധൎമ്മകൎമ്മങ്ങൾ ചെയ്തു പ്രജകൾക്കു നീരസം വരുത്തി ലഹള ഉളവാക്കി. 65ാം ക്രിസ്താബ്ദം അവൻ സ്ഥാനമേറി പിറെറയാണ്ടിൽ നാശകരമായ യുദ്ധം രാജ്യത്തിൽ തുടങ്ങി. യരുശലേം നഗരവും ദൈവാലയവും കുററി അററു ക്രമേണ രാജ്യമെല്ലാം ശൂന്യമായ്തീരുകയും ചെയ്തു. 70ാം സംവത്സരത്തിൽ യഹൂദ്യസംസ്ഥാനം കേവലം ഒടുങ്ങിപ്പോയി. അന്നു തൊട്ടു ഇന്നുവരെ അവർ ഒരുമയും രാജാവും ഇല്ലാത്തവരായി ഭൂലോകം എങ്ങും ചിതറിപ്പാൎക്കുന്നു.

“ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാണ്ക! വീണവരിൽ ഖണ്ഡിതവും, നിന്നിൽ ദയയും ഉണ്ടു; ദയയിൽ നീ പാൎത്തുകൊണ്ടാലത്രേ, അല്ലായ്കിൽ നീയും അറുക്കപ്പെടും.” രോമ. 11, 12.

മക്കാബ്യരുടെ വംശാവലി.



THE CAVE TEMPLE ON THE ELEPHANTA ISLE (2.)

ഗ്രഹപുരിയാം ഗുഹാലയം (൨.)

(11ാം നമ്പർ 208ാം ഭാഗത്തിന്റെ തുടൎച്ച.)

ഈ ഗുഹയുടെ മേലുള്ള അംശത്തിൽ മൂന്നു തലകളോടു കൂടിയ പല ചിത്രങ്ങൾ ഉണ്ടു. ആയവ ഹിന്തുക്കളുടെ ത്രിമൂൎത്തികളാകുന്ന ബ്രഹ്മൻ, വിഷ്ണു, ശിവൻ എന്നിവരെ ഉദ്ദേശിക്കുന്നതാകുന്നു. അവററിൻ മദ്ധ്യമുഖ

മേ്ൽ പ്രകാശിച്ചു കാണുന്നുള്ളു. വിഗ്രഹങ്ങൾക്കു 18 അടി ഉയരവും 14 അടി വിസ്താരവും ഉണ്ടു. വലത്തേ മുഖം പാലകനായ വിഷ്ണുവിന്റെ താകയാൽ അനേകപുഷ്പമാലകൾ കൊണ്ടലംകൃതമായ പ്രകാരം കൊത്തി പണിതിരിക്കുന്നു; അതിന്റെ ഇടക്കൈയിൽ പൂച്ചെടിയുടെ കൊമ്പും വലക്കൈയിൽ പൂവൻ പഴവും വിശേഷമായ മോതിരവും ഉണ്ടു. ഇട ഭാഗത്തേ മുഖം മരണത്തേയും നാശത്തേയും പ്രകാശിപ്പിക്കുന്നതായ ശിവൻ എന്നു സങ്കല്പിച്ചിരിക്കേ പാമ്പുകളെ തലയിലും, കഴുത്തിൽ എല്ലുകളും, നാവിനെ ഓക്കാന ഭാവത്തിൽ തള്ളിയും, ഒരു കയ്യിൽ തലയോടും, മറേറതിൽ നാഗത്താനെയും പിടിച്ചിരിക്കുന്നു.

മേല്പറഞ്ഞ ത്രിമൂൎത്തി പ്രതിമയുടെ വലഭാഗത്തു ചെന്നു കാണുന്ന വരെ ആശ്ചൎയ്യപ്പെടുത്തതക്ക ഓരോരുത്തരുടെ ചതുർഭുജവിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു. അതിന്റെ ഒന്നാമത്തേ വലക്കൈ ഒരു ബസവന്റെ മേലും മറേറ കൈ ഒരു സൎപ്പത്തിന്റെ പടത്തിന്മേലും വെച്ചിരിക്കുന്നു. ഒന്നാമത്തേ ഇടക്കൈയിൽ ഒരു വട്ടപ്പലിശ പിടിച്ചു മുമ്പോട്ടു മറച്ചിരിക്കുന്നു. മറേറ കൈ വെറുതെ വിട്ടിരിക്കുന്നു. അതിന്റെ തലയിൽ അനേക ആഭരണങ്ങളണിയിച്ചിരിക്കുന്നു. ചതുർഭുജവിഗ്രഹത്തിന്റെ വലഭാഗത്തു ഒരു ഭാൎയ്യയും ഭൎത്താവും നാട്യം നടിക്കുന്ന ഭാവത്തിലും, ഇരുവരുടെ ഇട ഭാഗത്തിൽ ഒരു സുന്ദരയുവാവു ആനപ്പുറത്ത് കയറിയ പ്രകാരവും, ഇപ്പറഞ്ഞവററിന്റെ മേൽഭാഗത്തു ഒന്നിന്നു നാലു തലകളും, മറെറാന്നിന്നു നാലു കൈകളും രൂപിച്ചു നിൎത്തിയ രണ്ടു വിചിത്ര വിഗ്രഹങ്ങൾ നില്ക്കുന്നതല്ലാതെ അനേക ചെറുരൂപങ്ങൾ മേഘത്താൽ മറക്കപ്പെട്ടപ്രകാരം തോന്നിച്ചു പ്രതിഷ്ഠിച്ചിരിക്കുന്നു. മേൽ വിവരിച്ച ഭാൎയ്യാഭൎത്താക്കന്മാരിൽ ഭൎത്താവിന്റെ രൂപത്തിന്നു 17 അടി ഉയരമുണ്ടു; ആ ഭാൎയ്യക്കൊ 15 അടി ഉയരമുള്ളതല്ലാതെ മൃദുത്വമായ കവിൾതടവും മോഹനമുഖമായും തൊടുത്തു എന്നും ഹിന്തുസ്ത്രീകൾക്കു മാതൃകയായി വെച്ചിരിക്കുന്നു. ഇതിൻ പിമ്പിൽ പക്ഷികളെ കൊണ്ടലംകൃതമായും മനുഷ്യകോലത്തിൽ നാലുകൈകൾ മാത്രം കൊട്ടത്തിരിക്കുന്നതായും ഒരു രൂപമുണ്ടു. ഇവയല്ലാതെ കാഴ്ചയിൽ പെടുന്ന പല വിഗ്രഹങ്ങൾ വൎണ്ണിപ്പാൻ മേലാതവാറു പോൽ.— ഗുഹയുടെ ഓരോ ഭാഗത്തിൽ ഓരോ ചെറിയ ഇരുട്ടുമുറികൾ ഉണ്ടു. അവ പൂൎവ്വകാലങ്ങളിൽ ഹിന്തു മതഭക്തവൈരാഗികളുടെ ധ്യാനത്തിന്നുള്ള വിശുദ്ധ മുറികൾ ആയ്യുണ്ണിതിരുന്നാലും ഇപ്പോൾ അവ കടവാതൽ, ഉടുമ്പ്, തേൾ, പാമ്പെന്നിവക അന്ധക ജന്തുക്കൾക്കു അഭയസ്ഥാനമായി കിടക്കുന്നു.

പടനായകനായ ഹമിൽതൻ[1] സാഹ്യ് പറയുന്നതാവിതു: ഞാൻ ഈ ഗുഹയുടെ വാതിൽ കടക്കും മുമ്പെ കൈതോക്കുകൊണ്ടു[2] അതിന്നക

1) Capt. Hamilton. 2) Pistol.



ബൊംബായ്ക്കടുത്ത "ഗൃഹപുരി" (എലെഫന്ത) എന്ന ദ്വീപിലെ ഗുഹയിൽ കൊത്തിയുണ്ടാക്കിയൊരു മഹാശിവക്ഷേത്രം.

ത്തേക്ക ഒരു വെടിവെച്ച അതു അന്തകജന്തുക്കളെ അകററുവാൻ തന്നെ. അത്തൊഴിൽ 14 അടി നീളവും, 2 അടി വണ്ണവും ഉള്ളൊരു പെരുമ്പാമ്പ് ആ ഇരുട്ടറയിൽനിന്നു കുതിച്ചു എന്നെയും കൂട്ടരെയും അതിവേഗതയോടെ തുരത്തി.

ഗുഹയുടെ മറെറാരു ഭാഗത്തു ഹിന്തുവടിവിൽ ഇരിക്കുന്ന ഒരു സ്ത്രീയും പുരുഷനുമുണ്ടു. ആ പുരുഷൻെറ കാൽ ഒരു കാളപ്പുറത്തു വെച്ചിരിക്കുന്നു. ഇതിൻ നാലു പാടും പല കാവല്ക്കാർ കിടക്കുന്നു.

ഗുഹയുടെ പടിഞ്ഞാറേ അററത്തിൽ 20 ചതുരശ്ര അടി വിസ്താരമുള്ള നാലു വാതിലുകൾ ഉള്ള ഓർ ഇരുട്ടുമുറിയുണ്ടു. ഇതിൻ ഗൎഭത്തിൽ ബലിപീഠം ഉള്ളതു കൂടാതെ നാലു വാതിലുകളെ കാക്കുവാൻ നാലു ദ്വാരപാലകരുമുണ്ടു. ഈ പ്രതിമകളിൽ നന്ന ഉയരമുള്ളതിന്നു 13½ അടി പൊക്കം. ദ്വാരപാലകരുടെ ചിത്രച്ചെലുത്തുകൾ നന്ന ചന്തമുള്ളതു. അതിനെ തൊട്ടു ഹന്തൻ[1] സായ്പ് പറയുന്നതാവിതു: ദ്വാരപാലകരിൽ ഏററം ഉയരമുള്ള വിഗ്രഹം വലങ്കാൽ ഊന്നിയും, ഇടങ്കാൽ വില്ലിച്ചും വലഞ്ഞുമൽ ശരീരവശം കുനിച്ചുംകൊണ്ടു ഹിന്തു മാൎഗ്ഗത്തിൻെറ വലിയ രഹസ്യം വഹിക്കുന്നപ്രകാരം നില്ക്കുന്നുണ്ടു. എങ്കിലും ഇത്ര ബുദ്ധികൌശലങ്ങളോടു കൂടിയ ഈ ഹിന്തുക്കൾ ഇങ്ങിനേത്ത വിഗ്രഹാരാധനയിൽ അകപ്പെട്ടതുകൊണ്ടു നമുക്ക സങ്കടം എന്നു പരിതപിച്ചിരിക്കുന്നു പോൽ.

ഈ വിവരിച്ച മാടം പെരുംപാറ കൊത്തി തുരംഗമിട്ടു ചിത്രിച്ചതു. അവിടെയുള്ള ക്ഷേത്രവും ഇപ്പോൾ രണ്ടംശമായുണ്ടു. ഗുഹയുടെ വലഭാഗത്തുള്ള ക്ഷേത്രം അനേകമാനുഷരൂപചിത്രകൊത്തുകളാൽ അലങ്കരിച്ചിരിക്കുന്നു; ഇവകളിൽ ജ്ഞാനത്തിൻെറ ദേവനും ശിവൻെറ പുത്രനുമായ ഗണപതിയുടെ ചിത്രം മുഖ്യം. ഗുഹയിൽ തന്നെയുള്ളൊരു പാറയും വളരെ ആഴത്തിൽ കണ്ണീൎക്കൊത്ത തണ്ണീരും ഉണ്ടു. ആയതിന്നു സൂൎയ്യകിരണം തട്ടുവതാൽ ആ വെള്ളം സുഖകരം. ഗോൽദിംഗ്ഹം[2] എന്നൊരു സായ്പിന്നു ഒരു ഹിന്തുശാസ്ത്രി ഈ വെള്ളത്തിൻ വൈശിഷ്ട്യം തൊട്ടു ഒരു കവിത ചമച്ചു കൊടുത്തിരിക്കുന്നു. ആ വിദ്വാനായ സായ്പ് ഈ ഗുഹയിലുള്ള അവസ്ഥയെ നോക്കീട്ടു ഹിന്തുക്കളുടെ ചരിത്രമൎയ്യാദകളെയും മററും അറിവാനായി ഇതു നല്ലൊരു പുസ്തകമെന്നു പറഞ്ഞിരിക്കുന്നു. ഈ മാടം നാശത്തിൻെറ ദേവനായ ശിവൻേറതാകുന്നു എന്നു പല അറിവാളികൾ അഭിപ്രായപ്പെട്ടിരിക്കുന്നു. എങ്കിലും ഹിന്തുമതത്തിൻെറ പതനം പോലെ തന്നെ അവരുടെ ബുദ്ധികൌശലാദികളും ക്ഷയിച്ചു പോയതിന്നു ഈ എലെഫന്ത ഗുഹപുരി ഇന്നോളം സാക്ഷിയായി നില്ക്കുന്നു.

Rvshvr.

1) Hanton. 2) Goldingham.

IV. THE BONES OF THE EXTREMITIES.

കരചരണാസ്ഥികൾ.

(൨൧൦ ആം ഭാഗത്തിൽനിന്ന തുടൎച്ച).

2. The lower Extremities ചരണാസ്ഥികൾ.

കാലെല്ലുകളുടെ വിവരം കൈകളുടേതിന്നു തുല്യം. ഓരോഭാഗത്തു മുപ്പതീതു എല്ലുകൾ ഉണ്ടു. അവയാവിതു:

൧. തുടയെല്ല[1].

൨. നിട്ടെല്ലും[2] കാൽവണ്ണയെല്ലും[3] കൂടിയ മുഴങ്കാൽ.

൩. മുട്ടു ചിരട്ട[4].

൪. കാലിന്നും അതിൻ വിരലുകൾക്കും ഉള്ള അസ്ഥികൾ 26[5].



*

ശരീരത്തെ താങ്ങിക്കൊള്ളുന്ന തുടയെല്ലിന്നു സകല അസ്ഥികളിലും നീളവും ഉറുതിയും ബലവുമുണ്ടു. അതിൻെറ കുമള മുമ്പേ കാണിച്ചതിൻവണ്ണം ഇടുപ്പെല്ലിൻെറ തടത്തിൽ അമിഴ്ത്തി ഇണെച്ചു വരുന്നു. എന്നാൽ മനുഷ്യൻ ആടാതെ ഉറെച്ചു നില്ക്കേണ്ടതിന്നും തുടയെല്ലു കുമളകൾ തട

* മേൽപറഞ്ഞ അസ്ഥികൾ എല്ലാം ഇടത്തേ ചിത്രത്തിലും തുടയെല്ലിൻെറ തനിച്ച വടിവു വലത്തേതിലും കാണ്മൂ.

1) Thigh-bone, Os femuris, (ഊരു) ഊൎവ്വസ്ഥി. 2) Shin-bone, Tibia, ചലനാസ്ഥി, കതിരമുഖം. 3) Fibula, സ്ഥാപനാസ്ഥി. 4) Knee-pan, Patella; (ജാനു) ജാനുസ്ഥി, മുട്ടിൻചിരട്ട. 5) പിന്നിൽ നോക്കുക.

ങ്ങളിൽനിന്നുളുക്കാതിരിക്കേണ്ടതിന്നും[1] ആ തുടയെല്ലുകൾ ചൊവ്വല്ല അ സാരം വളഞ്ഞിരിക്കുന്നതൊഴികേ ഇടുപ്പെല്ലുകളിൽ ചെനമ്പു അകന്നും മുട്ടുകൾക്കു സമീപം അടുത്തും ഇരിക്കുന്നു. തുടയെല്ലിൻെറ മേലും കീഴും പററിച്ച തടിച്ച മാംസപേശികൾ വണ്ണമുള്ള മുഴകളായി കാണപ്പെടു ന്നു. അവററാൽ തുടയെല്ലിനെ ഇടുപ്പെല്ലിൻെറ തടത്തിൽ (ഉരുളിയിൽ) അൎദ്ധവൃത്തത്തോളം തിരിക്കാം.

തുടയെല്ലിൻെറ കീഴംശത്തിലേ മുഴപ്പും (മുഴങ്കാലിൻെറ) നിട്ടെല്ലിൻെറ മീതെയുള്ള മുഴപ്പും തമ്മിൽ കെണിച്ച (കെണിപ്പായി) കൂടുന്നേടത്തിന്നു മുട്ടുകെണിപ്പു (ജാനുസന്ധി) എന്നു പേർ.

അതിന്നു പുറത്തുനിന്നു യാതൊരു കേടുപാടു തട്ടായ്വാൻ മുട്ടിൻ ചിര ട്ട ജാനുസന്ധിയുടെ മുമ്പിൽ വെച്ചു കിടക്കുന്നു[2].

മുഴകൈയെ തിരിക്കേണ്ടതിന്നു രണ്ടെല്ലുകൾ ആവശ്യമുള്ളതു പോലേ മുഴങ്കാലിനെ തിരിച്ചു ഉറപ്പാക്കേണ്ടതിന്നു തടിച്ച നിട്ടെല്ലും നേരിയ കാൽ വണ്ണയെല്ലും എന്നീ രണ്ടസ്ഥികൾ വേണം. എന്നിട്ടും മുഴങ്കാലെല്ലുകൾ മുഴകൈയെല്ലുകളോളം തമ്മിൽ തിരിച്ചു വരുന്നില്ല[3].



കാലാകുന്ന പാദത്തിന്നു മൂന്നംശങ്ങളുണ്ടു.

൧. കാലിൻെറ തറെക്കു[4] ഏഴെലുമ്പുകൾ ഉള്ളതിൽ പിൻപുറത്തു അടിയിൽ മടമ്പെല്ലും[5] അതിനോടു തൊടുത്ത മേലേത്ത ചാട്ടെല്ലും[6] പ്ര മാണം. ഈ ചാട്ടെല്ലിൽ നിട്ടെല്ലിൻെറ കുഴിഞ്ഞ തലയും രണ്ടു നരിയാ ണികളും ഇണഞ്ഞു വരുന്നു. ഉള്ളിലേ നരിയാണി നിട്ടെല്ലിൻെറ മുഴ യും പുറത്തേതോ കാൽവണ്ണയെല്ലിൻെറ മുഴയും[7] എന്നേ വേണ്ടു[8].

൨. കാലിൻ നടുവിലുള്ള അഞ്ചെലുമ്പുകൾ[9] കൊണ്ടു മേലിലേ പുറ വടിയും അടിയിലേ ഉള്ളങ്കാലും[10] ഉണ്ടാകുന്നു.

൩. പതിന്നാലു കാൽവിരലെലുമ്പുകൾ[11] പെരുവിരലൊഴികേ ഓ രോ വിരലിന്നു മുമ്മൂന്നു എലുമ്പുകൾ ഉണ്ടു[12]. കാലിൻെറ അടിയെ കൊ

1) തിരമ്പി, ഞെട്ടി, ഇളകിപോക എന്നും പറയുന്നു. 2) ആയതു 171 ഭാഗത്തുള്ള അ സ്ഥികൂടത്തിൻെറ ചിത്രത്തിൽ നന്നായിട്ടു കാണാം. 3) അസ്ഥികൂടത്തെ നോക്കുക. 4) Instep, Tarsus കാൽത്തറ, പാദമൂലാസ്ഥി. 5) Heel, Os calcis. 6) Talus, astragalus. 7) Malleolus internus et externus, ഗുല്ഫം. 8) നിട്ടെല്ലു തുടയെല്ലോടും ചാട്ടെല്ലോടും ചേൎന്നുവരുന്നു എന്നറിക. 9) Metatarsus, Metapedium, പാദാംഗുല്യാധാരാസ്ഥി. 10) Back and sole of the foot. 11) Toes, Phalanges, പാദാംഗുല്യസ്ഥികൾ. 12) ഒന്നിൻെറ മടക്കിന്നു കുറട്ടു (Knuckle) എന്നു പേർ.

ണ്ടു ഇനിയും ഒരു വിശേഷം സൂചിപ്പിക്കേണ്ടതു. അതോ: ഉള്ളങ്കാൽ പരന്നു (നിരപ്പായി) ഇരുന്നു എങ്കിൽ നടന്നു നില്ക്കുമ്പോൾ ശരീരത്തിന്റെ വലിയ ഭാരത്താൽ വേഗത്തിൽ തളൎച്ചയും അടിക്കു വേദനയും പററുമായിരുന്നു. ഇതൊഴിച്ചു കാലുകൾക്കു വേണ്ടുന്ന പൊങ്ങിപ്പിന്നെ[1] കൊടുക്കേണ്ടതിന്നു സ്രഷ്ടാവു ഉള്ളങ്കാലിനെ വില്ലു പോലെ വളെച്ചു തീൎത്തിരിക്കുന്നു. തട്ടൊത്ത അടിക്കാർ മററവരോളം നടപ്പാനും നിന്നദ്ധ്വാനിപ്പാനും ആളല്ല. പാദം ഹസ്തത്തോടു ഒരു വിധത്തിൽ ഒക്കുന്നതു കൊണ്ടു കയ്യില്ലാത്ത ചിലർ കാൽ കൊണ്ടു എഴുതുകയും ചിത്രം വരെക്കുകയും വീണ വായിക്കുകയും ചെയ്യാൻ നല്ലവണ്ണം ശീലിച്ചിട്ടുണ്ടു.

ഒടുവിൽ ഏപ്പുകളെ കുറിച്ചു അല്പം പറവാനുണ്ടു. നാം ഇത്രത്തോടം പലപ്പോഴും കണ്ട പ്രകാരം അസ്ഥികൾ എല്ലാം സ്വാധീനാസ്വാധീനങ്ങളായി പ്രവൃത്തിക്കേണ്ടതിന്നു അന്യോന്യം ചേൎന്നിരിക്കുന്നു. അസ്ഥികൾ ഉറപ്പും ബലവുമുള്ള കെട്ടുകളാൽ[2] വരിഞ്ഞിരിക്കകൊണ്ടു അവ ഒടിഞ്ഞു പോയാലും വേൎപ്പെട്ടു പോകയില്ല. വണ്ടിക്കാർ വണ്ടിയുരുളകൾക്കു കൂടക്കൂടെ ചെരുവിയും കീലും ഇടുന്നതു പോലെ എല്ലുകളുടെ അററത്തിൽനിന്നു ഒരു വിധം നെയി[3] വിടാതെ കെണിപ്പുകളിലേക്കു ഉററി ചേൎന്നു അവററിന്നു അയവു വരുത്തുന്നു. എന്നാൽ അധികം ദൂരേ നടക്കയിൽ ഉള്ള നെയി വേഗം ചെലവാകുമ്പോൾ അസ്ഥികളുടെ മുഴപ്പുകൾ (അഗ്രങ്ങൾ) തമ്മിൽ ഉരഞ്ഞു പോകുന്നതിനാൽ കാൽ കെണിപ്പുകളിൻ ഉള്ളിൽ ഒരു വക വേദനയും വീക്കവും ഉളവാകും. ഇതു വിശേഷിച്ചു പ്രായം ഏറും തോറും അനുഭവമായ്വരുന്നു.

ഹസ്തം ഓരോ പ്രവൃത്തിയെ ചെയ്യേണ്ടതിന്നു ആയതു എത്രയോ ശില്പമായും പാദം ശരീരത്തെ ധരിക്കേണ്ടതിന്നു അത്യന്തം ബലമായും ചമഞ്ഞിരിക്കുന്നു. മൃഗങ്ങളുടെ അസ്ഥികൂട്ടം മനുഷ്യരുടേയവററിന്നു തുല്യമാകിലും മനുഷ്യന്നു മാത്രം നിവിൎന്നുനിന്നു നടപ്പാനും ദൈവത്തിൻ വിശിഷ്ട ക്രിയകളെ കാണ്മാനും കഴിവുള്ളൂ. മഹത്വം തിരണ്ട ഈ ജീവനുള്ള ദൈവത്തെ നിങ്ങൾ വല്ലപ്പോഴെങ്കിലും വണങ്ങി അവന്നു ചെല്ലേണ്ടുന്ന സ്തോത്രത്തെ ചെലുത്തി ഒപ്പിച്ചുവോ?

E. Lbndrfr.

ഇതി അസ്ഥിഖാണ്ഡസ്സമാപ്തഃ (ശേഷം പിന്നാലേ).

A MEDITATION.

(11) വേദധ്യാനം.

വിശേഷിച്ചു ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും
മനുഷ്യൎക്കു വെച്ചുകിടക്കുന്നു. എബ്ര. ൯, ൨൭.

മനുഷ്യൻ ഒരു വട്ടം മാത്രം മരിക്കുന്നതുകൊണ്ടു ആ മരണം നിൎഭാഗ്യമുള്ളതായി തീരുന്നു എങ്കിൽ അതിനെ സന്മരണമാക്കുമാറു ഒരു മറുജന്മം

1) Elasticity, വില്ലിപ്പു. 2) Ligaments, ബന്ധനങ്ങൾ. 3) Synovia, സന്ധിസ്നേഹം, കെണിപ്പു നെയി.

എടുത്തു പിഴെച്ചു പോയതു നന്നാക്കുവാൻ കഴികയില്ല. വല്ല ലൌകിക കാൎയ്യങ്ങളിൽ തെററായി ചെയ്തതു ഒരു സമയം നന്നാക്കുവാൻ പാടുണ്ടു. പരീക്ഷയിൽ തോററവൻ തനിക്കു നേരിട്ട തിന്മകൾ ഓൎത്തു പിന്നീട്ട അതിനെ ജയിച്ചു അതിൽനിന്നു ഒഴിഞ്ഞു പോകാം. എന്നാൽ മരണവേള ഒരിക്കൽ മാത്രം അടുക്കുന്നതുകൊണ്ടു: അയ്യോ ഞാൻ തെററി അതിലും ഇതിലും പിഴെച്ചു പോയി എന്നുന്നു ദുഃഖിച്ചാലും ജീവചക്രത്തെ തിരിച്ചു പുതുതായി ആരംഭിച്ചു സന്മാൎഗ്ഗിയായി ജീവിപ്പാൻ തക്കം വരികയില്ല. എന്നാൽ ദൈവം വിശ്വസ്തനും കരുണാസമ്പൂൎണ്ണനും ആകകൊണ്ടും ദുഷ്ടന്റെ മരണത്തിൽ തനിക്കു ഇഷ്ടമില്ലായ്കകൊണ്ടും മനുഷ്യൻ മരിക്കും മുമ്പെ താൻ പലപ്പോഴും ദീനം, ക്ലേശം, വ്യസനം, മുതൽനഷ്ടം, ഓരോ ആപത്തു മുതലായവററാൽ മനുഷ്യനെ തട്ടി ഉണൎത്തി അവന്നു ബോധം വരുത്തി ശേഷിക്കുന്ന ജീവകാലത്തിൽ അനുതാപവിശ്വാസഭക്തികളാൽ മരണത്തിന്നു ഒരുങ്ങി നില്ക്കേണ്ടതിന്നു അദ്ധ്വാനിച്ചു വരുന്നു. ഒരിക്കൽ മരിക്കുന്നതു മനുഷ്യൎക്കു വെച്ചുകിടക്കുംപോലെ ക്രിസ്തനും അനേകരുടെ പാപങ്ങളെ എടുപ്പാനായി ഒരിക്കൽ ഹോമിക്കപ്പെട്ടു. കൎത്താവായ യേശുക്രിസ്തുവിന്റെ യാഗമരണത്താൽ അത്രേ നമ്മുടെ മരണത്തിന്നു ആശ്വാസവും ഭാഗ്യവും വരുന്നുള്ളു. കൎത്താവിന്റെ ബലിമരണത്തിൽ വിശ്വസിക്കുന്ന ഏവൎക്കും സകല പാപങ്ങളുടെ മോചനവും നിത്യജീവനും സാധിക്കുന്നു. ആകയാൽ മൎത്ത്യൻ ജീവനുള്ളന്നു യേശുവിൻ മരണത്താലുളവായ്പന്ന പാപമോചനത്തെ കൈക്കൽ ആക്കുവാൻ എത്രയോ ഉത്സാഹിക്കേണ്ടതു. ദൈവം എല്ലാവൎക്കും സ്രഷ്ടാവാകയാൽ താൻ യേശുക്രിസ്തനെകൊണ്ടു എല്ലാവൎക്കു വേണ്ടി വ്യത്യാസം കൂടാതെ രക്ഷയേയും ഉളവാക്കിയതിന്നു തക്കവണ്ണം വിശ്വാസത്താൽ ഏവരും അതിന്റെ പങ്കാളികളായി തീരുകയും ചെയ്യും. പുത്രമരണത്താൽ നമുക്കു പിതാവാകുന്ന ദൈവത്തോടു നിരന്നു വരുവാൻ വഴിവെച്ചു കിടന്നിരിക്കേ നാം ഓരോരുത്തൻ ഈ നിരപ്പിനെ താന്താങ്ങൾക്കു സ്വന്തമാക്കേണ്ടതാകുന്നു. മരണത്തിൽ ഉണ്ടാകുന്ന പ്രാണവേദന കിടുകിടുപ്പു മുതലായ ഞെരിക്കങ്ങളെ ഭയപ്പെടുവാൻ ആവശ്യമില്ല, അതെല്ലാം തൽക്കാലികമത്രേ. മരണത്തെ ഭയങ്കരമായി തീൎക്കുന്ന പാപത്തെ ഭയപ്പെടുകേ വേണ്ടു. കൎത്താവിൽനിന്നു പാപമോചനം പ്രാപിക്കാതെ കണ്ടു ആരും ആശ്വാസത്തോടെ മരണമെത്തമേൽ കിടക്കുവാൻ തുനികയുമരുതേ.

മരണത്തിൽ പിന്നെ ന്യായവിധിയും മനുഷ്യന്നു വെച്ചുകിടക്കുന്നു. അതിന്നായി മരിച്ചവരുടെ ആത്മാക്കൾ സന്തോഷത്തോടോ ഭയത്തോടോ കാത്തുകൊണ്ടിരിക്കുന്നു. പാപം മറെച്ചിളെച്ചു കിട്ടിയ ആത്മാവിന്നു ന്യായവിധിയെ പേടിപ്പാൻ സംഗതിയില്ല; യേശുക്രിസ്തൻ ഉളവാ

ക്കിയ രക്ഷ തികെഞ്ഞിരിക്കുന്നു എന്നും അവനിൽ വിശ്വസിക്കുന്നവൻ ന്യായവിധിയിൽ വരാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു എന്നും പരത്തിൽ വെട്ടാവെളിച്ചമായി വിളങ്ങും.

മഹാപുരോഹിതനും രക്ഷിതാവും കൎത്താവുമാകുന്ന യേശു ക്രിസ്തനേ നിന്റെ പ്രായശ്ചിത്തമരണത്തിന്റെ അനുഗ്രഹം എന്റെ മരണത്തിലും എനിക്കു അനുഭവമാക്കി നൽകേണമേ! നീ എന്റെ എല്ലാ പാപങ്ങളെയും ക്ഷമിച്ചു തന്നു നിന്റെ കരുണയിലും സമാധാനത്തിലും മരിപ്പാൻ എനിക്കു തുണനില്ക്കേണമേ! എന്നു അപേക്ഷിക്ക. അപ്പോൾ നാം അവന്റെ വരവിൽ സന്തോഷിച്ചുല്ലസിക്കയും അവൻ തനിക്കുള്ളവൎക്കു ഒരുക്കി വെച്ച ഭാഗ്യത്തിൻ ഓഹരിക്കാരായി തീരുകയും ചെയ്യും. S. W.

൧. ജീവന്മദ്ധ്യത്തിങ്കൽ നാം
ചാവിൽ ഉൾപ്പെടുന്നു.
കൃപ എങ്ങിനെ വരാം?
തുണ ആർ നില്ക്കുന്നു?
മദ്ധ്യസ്ഥാ നീയല്ലാതെ
പാപാൽ നാം ആണ്ട ശാപത്തുൾ
അന്തം നരകത്തിരുൾ.
ശുദ്ധസഭാ ഗുരോ! ശക്തജഗൽപ്രഭോ!
ദ്രോഹം ക്ഷമിക്കുന്ന ദേവ! ത്രിയേക പുരാൻ
ചാവിൽ നാം മുങ്ങാതെ
ജീവിച്ചൊളിയെ കാണ്മാൻ
കൃപ ചെയ്യാലും! (൨൨൦)

A CHRISTMAS ODE.
ക്രിസ്താവതാരകീൎത്തനം.

രാഗം ഖമാജി. പല്ലവി. ചെമ്പട.

ശ്രീധരൻ പരൻ ധരണിയിൽ പിറന്നാൻ
തിരുമഹിമ വെടിഞ്ഞാൻ . . . . . . ശ്രീ.

അനുപല്ലവി.

ശോഭചിന്നുന്ന സൂൎയ്യ താരനില കടന്നു—രീരീരീ
ശാപം പൂണ്ട നര താപം തീൎപ്പതിന്നു— ശ്രീ.

ചരണങ്ങൾ.

ലഭിക്കും ഗുണമെന്നു കാതിന്നുഗുണം കെട്ടത്താദം—ഹവ്വാ
ലാഭം പാപകഷ്ടം ശാപം മാരണം മാഖേദം.
കൃപനിരയത്തിന്നു പാപിലോകർ പിറന്നു—രീരീരീ
കോടികോടികളാ യോടി വീണിടുന്നു—ശ്രീ.

൨

പരഗതിയറിവതിനുഴന്നു തപ്പിനടന്നു പലരും—പാഴിൽ
പാഞ്ഞു പേയിൻ പിമ്പെ ആഞ്ഞു പോകുന്നതിഘോരം.
നരകഗതിയെന്നുണൎന്നതിൽ ചിലർ തിരിയുന്നു—രീരീരീ
നാഥൻവന്നുദിച്ചു ഖേദം നീക്കീടുന്നു—ശ്രീ.

൩

പരന്നു കിടക്കും താരാ പരിഗണങ്ങടെയിടയിലതാ! തോന്നി
ഭാതിങ്ങുന്നൊരുഭം കേതനം രാജേശനതാ!
നിറെഞ്ഞുന്നതസ്ഥലത്തിൽ വിരെയും പേകൾഭ്രമിച്ചു—രീരീരീ
നിലകെട്ടോടി തമ്മിൽ തലതല്ലിച്ചതെച്ചു—ശ്രീ.

൪

പരംധരണിയംബരതലങ്ങളും നിറെഞ്ഞമഹേശൻ—താനേ
പാരം സ്വല്പസ്ഥലം മേരിയിൻ ഉദരേ പൂകാൻ:
തിരുപരാക്രമം ദയപരമനീതിമതിയും—രീരീരീ
തീരെമാററിതിരു പേരും പ്രാഭവവും—ശ്രീ.

൫

ആട്ടിടയരണെവാൻ മാട്ടുതൊഴുത്തിൽ പിറന്നീശൻ—സൂക്ഷ്മം
ആടുമാടുകടെ പേടി യാഗമഴിച്ചീശൻ
മീട്ടിവീണകിന്നരം ശ്രേഷ്ഠ ദൂത ഗായകർ—രീരീരീ
വിയത്തിലെങ്ങും തിരുമഹത്വം ആത്തുബഹ—ശ്രീ

൬

"പരന്നു മഹിമവിണ്ണിൽ, ധരണിയിൽ വര സമാധാനം; ഇങ്ങു
പാരിൽ മർത്യരിൽ സംപ്രീതിയും ഭവിക്ക"—എന്നും
പരിചിൽ ഘട്ട്യംമുഴക്കി തിരുവനന്തപുരത്തിൽ*—രീരീരീ
പറന്നു ചേൎന്നസ്തുതി പകൎന്നു താണ്മയോട്ടു—ശ്രീ.

൭

മതി! മതി! ഗമിക്കുന്ന മതി തള്ളന്നുവത്സല ഖേദം—യേശു
മാനുവേൽ തരുന്നേ നിരന്തസൽമോദം.
പതിമതിഗതിയിതിയതിധൃതിയൊടഖിലർ— രീരീരീ
പതിപ്പിനാശ്രയം ഇക്ഷിതിയിൻ രക്ഷകനിൽ—ശ്രീ.

M. Walsalam.

THE BIBLE IN THE NURSERY & IN INFANT SCHOOLS (2.)

ശിശുശാലകളിലും അകംഭാഗത്തിലും കഴിക്കേണ്ടുന്ന ചോദ്യോത്തരം ൨.

5. യേശു ക്രിസ്തുനു ദാഹിച്ചപ്രകാരം വേദം എത്ര പ്രാവശ്യം പറയുന്നു?
6. മാനുഷസഹായം കൂടാതെ ജീവനില്ലാത്ത ഏതു വിഗ്രഹം അനങ്ങിയിരുന്നു?
7. ഏതു രണ്ടു പ്രവാചകന്മാർ തമ്മിൽ ഏററവും തുല്യരാകുന്നു?
8. യോബിന്നു നാശം വന്നുപോയ നാല്ക്കാലിക്കൂട്ടത്തിന്നു പകരം ദൈവം പിന്നെയും രണ്ടിരട്ടിയായി സമ്മാനിച്ചിരിക്കേ മക്കളിൽ വെച്ചു മരിച്ച സംഖ്യയെ മാത്രം ഒപ്പിച്ച സംഗതി യെന്തു? (G. W.)

A SACRED SONG ഒരു ഗീതം.

യഹോവ എനിക്കു തന്നെ; ഞാൻ ഭയപ്പെടുകയില്ല. സങ്കീ. ൧൧൮, ൬.

L. J. F.

1=4 4/8

5 4' 3'	3 2' 0'	4 3' 2'	2 3' 0'	3 4' 3'	6' 2' 2' 1'	3 2
1 7' 1'	1 7' 0'	7 1' 7'	7 1' 0'	1 1' 1'	1' 1' 1'	1 7
3 2' 1'	5. 0'	5 1' 5'	5. 0'	7 6' 5'	4 §4' 4'	5⁻

നേരം മ യഞ്ഞി ശോഭ യും മഞ്ഞി വാനത്തെ ക ണ്ടു കൂ ടാ

5 4' 3'	3 2' 0'	4 3' 2'	2 3' 0'	1 7' 1' 4' 2' 1' 7'	1⁻
1 7' 1'	1 7' 0'	7 1' 7'	7 1' 0'	1 1' 1'	1' 4' 3' 2'	3⁻
3 2' 1'	5. 0'	5 1' 5'	5. 0'	3 3' 3'	4' 6' 5' 5'	1⁻

മോ ദം ക റഞ്ഞും മാ ന സു ടഞ്ഞും ആ ശ യെ എ ന്നും ഹ ടാ

---

* തിരു + അനന്ത + പുരം = ദിവ്യ ആകാശപട്ടണം = സ്വൎഗ്ഗം.

2. കാറുള്ള ദേശം
രാത്രിയിൽ ക്ലേശം.
രാവിലെ ഇമ്പമിതാ
ഭാനുവിളങ്ങി
വാനം തിളങ്ങി
മോദിക്ക രക്ഷസദാ.

3. ഓളങ്ങളൂടെ
ജ്വാലയിൽ കൂടെ
താങ്ങുന്ന ദൈവം എന്നെ
തൂണുകൾ ആടും
വൃക്കളും വാടും
സാധുവെ അഞ്ചരുതേ!

4. കണ്ണുതുറന്നു
വീഴ്വതോ വന്നു
വാരിധിയിൽ നടക്കുന്നോൻ
അല്പവിശ്വാസി
സത്രനിവാസി
യേശുവൊ ജീവിക്കുന്നോൻ.

5. കാൽപിഴച്ചാലും
താണുപോയാലും
മേല്പെട്ടു നോക്കുകനീ
കാറു തെളിഞ്ഞു
ഖേദം ഒഴിഞ്ഞു
പ്രേമത്തിൽ പാളുന്നു തീ.

6. കേൾക്കുക താത
ജീവന്റെ നാഥ
ദ്വേഷിയേ ആട്ടിക്കൊൾവൂ
വാഗ്ദത്തം തന്നു
ശാന്തത വന്നു
രാജിതകൃപചെയ്ക.

7. ചിത്രം നിൻവമ്പു
ജീവൻ നിൻഅമ്പു
സാന്ത്വനം താൻ ചൊല്ലുകേ
യേശുവിൻ ശക്തി
തേമ്പാത്ത ഭക്തി
ദാസനിൽ സാധിക്കുകേ. L. J. Frohnmeyer.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

I. RELIGIOUS RECORD വൈദികവൎത്തമാനം.

THE JUBILEE-SINGERS മഹോത്സവഗീതക്കാർ.

(൨൧൨ാം ഭാഗത്തേ തുടൎച്ച).

6. The first singing Trip ഒന്നാം ഗായനയാത്ര.

നിത്യാഭ്യാസത്താൽ ആനയെ എടുക്കാം എന്നും തെളിഞ്ഞ പാട്ടുകാരെകൊണ്ടു മാലോകൎക്കും സമ്മതം വരുത്താം എന്നും ഹൈവൎത്ത് സായ്പ് നിശ്ചയിച്ചു തന്റെ ശിഷ്യന്മാൎക്കു നല്ല പ്രാപ്തിയെ വരുത്തിയ ശേഷം കൂട്ടത്തിൽനിന്നു ൧൩ പേരെ തെരിഞ്ഞെടുത്തു അവരോടു കൂട ൧൮൭൧ ഒക്തോബ്ര ൬ാംനു ഒഹൈയൊ കൂറുപാട്ടിലേ സിൻസിനാതി നഗരത്തിലേക്ക്[1] പുറപ്പെട്ടു. പാട്ടുകാർ സഭയിൽ ചെല്ലേണ്ടതിന്നു അവൎക്കു തക്ക വസ്ത്രങ്ങളും തീവണ്ടി കേവു കൂലിയും ചിലനാളത്തേ വിറ്റൂണിൻ[2] വകയും ഉണ്ടാകേണ്ടതിന്നു താൻ നേടി വെച്ച പണവും അല്ലാതെ കടമായി വാങ്ങിയ പണവും കൂടെ ചെലവാക്കേണ്ടി വന്നു. ഒക്തോബ്ര ൮, ൯ാംനു-കളിൽ ചിക്കാഗോ നഗരം3) കത്തിപ്പോയപ്പോൾ ലക്ഷം പേർ പാൎപ്പിടം ഇല്ലാതെ വലെഞ്ഞതിനാൽ തങ്ങൾ മേളക്കൊഴുപ്പു[4] കൊണ്ടു ആദ്യം നേടിയ നൂറുറുപ്പിക അവൎക്കു ദാനമായ്ക്കൊടുത്തു. ചിലിക്കോത്തു പുരിയിലേ[5] വഴിയമ്പലത്തെ അന്വേഷിച്ചപ്പോൾ കരിക്കട്ട പോലെ കറുത്ത കാപ്പിരികളെ കൈക്കൊൾവാൻ രണ്ടു വഴിയമ്പലക്കാൎക്കു മനസ്സില്ലാതിരുന്നു; എന്നാൽ മൂന്നാമൻ അവരെ ചേൎത്തു എങ്കിലും അവിടെയുണ്ടായിരുന്ന വഴിപോക്കർ കാപ്പിരികളെ വെറുത്തതിനാൽ തന്റെ ഉറക്കറയെ അവൎക്കു ഏല്പിക്കയും വെള്ളക്കാൎക്കു അവരോടു കൂട ഭക്ഷിപ്പാൻ മനസ്സില്ലായ്കയാൽ അവൎക്കു പ്രത്യേകം ഭക്ഷണം കൊടുക്കയും ചെയ്തു. അവർ പാടി

---

1) Ohio, Cincinnati. 2) വിറ്റൂണ എന്നതു വല്ല അഭ്യാസികൾ തങ്ങളുടെ വിദ്യയെ കൊണ്ടു സമ്പാദ്യം ഉണ്ടാകാതിരിക്കുന്ന സമയം ഭക്ഷണത്തിന്നു ചെലവു കൊടുക്കേണ്ടി വരുന്നതു തന്നേ. 3) Chicago. 4) Concert. 5) Chillicothe.

ക്കൊണ്ടു വടക്കൻ ദിക്കുകളിൽ സഞ്ചരിച്ചു അന്നന്നു അവൎക്കുണ്ടായ വരവു തങ്ങളുടെ ഭക്ഷണത്തിന്നും പ്രയാണത്തിന്നും മാത്രം തികെഞ്ഞുള്ളു. എന്നിട്ട് കൎത്താവിലുള്ള പ്രത്യാശ നാണിപ്പിക്കുന്നില്ല എന്നു വെച്ചു അവർ ധൈൎയ്യത്തോടെ നിലെച്ചു, നവയോൎക്കിലെത്തി[1] അടിമ വിടുതി യോഗക്കാരെ കണ്ടപ്പോൾ ആയവർ അവരെ തങ്ങളുടെ ഭവനങ്ങളിൽ കൈക്കൊള്ളുകയും ഹെന്രിവാൎത്തു ബീജർ[2] എന്ന കേൾവിപ്പെട്ട ബോധകൻ അവൎക്കു വഴിയുണ്ടാക്കുകയും ചെയ്തു. നവയോൎക്കിലേ ഗീതജ്ഞന്മാരുടെ മുമ്പാകെ പാടിയപ്പോഴും കൂടെ എല്ലാവരും അവരുടെ വിദഗ്ദ്ധതയെ സമ്മതിക്കേണ്ടി വന്നു. അവരിൽ ഒരു ഗീതജ്ഞൻ പറയുന്നതാവിതു: കയിൽനാദത്താൽ കേൾക്കുന്നവൎക്കു മയക്കം വരുത്തുന്ന പാട്ടുകാരെ ഞാൻ കേട്ടു എന്നാലും ഇവരുടെ പാട്ടിനാൽ സമമായ ഇളക്കം ഇത്രോളം എങ്ങും കണ്ടില്ല. അടിമ കാലത്തെ തൊട്ടു പാടിയ ഓരോ പാട്ടുകളിൽ അടങ്ങിയ അല്ലലും പാടും ദീനതയും ആധിയും ആവലാധിയും കേഴ്ചയും വിടുതലിന്നായിട്ടുള്ള ആകാംക്ഷയും മറ്റും അവരുടെ സ്വരവാക്കുകൾ മൂലമായി ഗ്രഹിച്ചതു മാത്രമല്ല ഇരിമ്പകം (ഉരിപ്പു) പോലെ കരുത്തുള്ള കിഴവന്മാരും പൈതങ്ങളെ പോലെ കണ്ണീർ ഓലോല വാൎത്തു. യഹോവ തന്റെ മക്കളെ അടിമവീട്ടിൽനിന്നു വിടുവിക്കും മുമ്പെ തങ്ങളുടെ കുടിലുകളിൽ നടത്തിയ കൂട്ടില്ലാത്ത പാട്ടു കേൾക്കേണ്ടതിന്നു സംഗതി ഉണ്ടായിരുന്നു.—അന്നു തൊട്ടു അവരുടെ യാത്രയിൽ നഗരം തോറും എല്ലാവരും അവരുടെ പാട്ടു കേൾക്കേണ്ടതിന്നു തിക്കിതിരക്കിക്കൂടും. ഘടിഗാരങ്ങളെ ഉണ്ടാക്കുന്ന ബ്രിസ്തലിലേ[3] ഒരു സായ്പ് വിദ്യാലയത്തിന്നു ആവശ്യമുള്ള ഘടിഗാരങ്ങളെ ദാനമായി കൊടുപ്പാനും മിദ്ല്തൌനിൽ[4] ഒരു കച്ചവടക്കൂട്ടം വാതുദീപത്തെ (ആവിവിളക്കിനെ)[5] കത്തിപ്പാൻ വേണ്ടുന്ന ഉപകരണങ്ങളെ കൊടുപ്പാനും ബൊസ്തനിൽ[6] ഒരു യന്ത്രക്കാരൻ വില മതിച്ച വലിയ കുഴൽ കിന്നരത്തെ[7] കൊടുപ്പാനും ഏറ്റു. അവർ ബൊസ്തനിൽ ഓരൊററ മേളക്കൊഴുപ്പുകൊണ്ടു ൨൫൦൦ ഉറുപ്പികയും അവരുടെ യാത്രയുടെ അവസാനത്തിൽ നാല്പതിനായിരം ഉറുപ്പികയും സമ്പാദിച്ചു. ഈ നേടിയ മുതലിന്റെ പാതി മുതൽ കൊടുത്തു ൨൫ ഏക്കർ വിസ്താരമുള്ള സമ ഉയൎന്നിലം നശ്വിലിന്നു സമീപത്തു വാങ്ങി. ആ സ്ഥലം മുമ്പെ മങ്കോട്ടു ആയതിനാൽ വിദ്യാലയമാണവന്മാരും[8] കൂലിക്കാരും കൂടി ആ സ്ഥലത്തെ തട്ടി നിരത്തി പുതിയ വിദ്യാലയത്തിന്നു അടിസ്ഥാനം ഇടുകയും ചെയ്തു.

ഇങ്ങിനെ കൎത്താവു ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി അവൎക്കു സാധിപ്പിച്ചു. അതിന്റെ ശേഷം അവരുടെ രണ്ടാം മേളക്കൊഴുപ്പു യാത്രയിൽ ബൊസ്തനിൽ വെച്ചു ൨൦,൦൦൦ പേൎക്കു ഒരിക്കൽ തന്നെ പൂൎണ്ണസമ്മതം വരുത്തി. ഫിലദെല്പിയ ബല്തിമോർ[9] എന്നീ നഗരങ്ങളിലും പാടി. ഇല്ലിനോയിസ്സ്[10] നഗരത്തിൽ ഉള്ള വഴിയമ്പല വേലക്കാർ അവൎക്കു ശുശ്രൂഷ ചെയ്യരുതെന്നു അഹങ്കരിച്ചതിനാൽ അവർ തന്നെ തങ്ങളുടെ ചെരുപ്പു തുടെക്കുകയും മററും ചെയ്യേണ്ടി വന്നു.

7. The Transatlantic Debut കടൽ യാത്ര.

സൎവ്വകലാശാലയെ തീൎക്കേണ്ടതിന്നു ഇന്നും വക പോരായ്കയാൽ അവർ ഇംഗ്ലന്തിലേക്കു പോകുവാൻ നിശ്ചയിച്ചു. അന്നോളം ആബാലവൃദ്ധം അവരുടെ പാട്ടു കേട്ടു വന്നിരിക്കേ നവയോൎക്കിൽ അനേക തീക്കപ്പൽക്കൂട്ടങ്ങൾ ഉള്ളതിൽ ഒന്നു മാത്രമേ കറുത്ത പാട്ടുകാരെ സായ്പന്മാരോടു കൂടെ ഒന്നാം തരത്തിൽ കയറി പോവാൻ അനുവദിച്ചുള്ളു. ശെഫ്സ്ബരി വാഴുന്നോരും അൎഗ്ഗൈൽ പ്രഭുവും മുമ്പേത്ത ശ്രേഷ്ഠമന്ത്രിയായ ഗ്ലെദ്സ്റ്റൻ സായ്പും[11] അവരെ തങ്ങളുടെ അരമനകളിൽ കൈക്കൊണ്ടതല്ലാതെ ചക്രവൎത്തിനി തമ്പുരാട്ടി അവൎക്കും വേല്സ് ഇളമയവൎക്കും

1) Newyork. 2) Rev. Henry Ward Beecher. 3) Bristol. 4) Middletown. 5) Gas-light. 6) Boston. 7) Organ. 8) Students. 9) Philadelphia, Baltimore. 10) Illinois. 11) Lord Shaftesbury, Duke of Argyll, Mr. Gladstone.

ളും മുൻകാലത്തു തിരിച്ചറിവില്ലാത്ത കാപ്പിരികൾ തങ്ങളുടെ കുച്ചകങ്ങളിൽ പഠിച്ച പാട്ടുകൾക്കു ചെവി ചാൎക്കേണ്ടതിന്നു മടിച്ചതേയില്ല.

ഇവൎക്കു ൱൨ പാട്ടുകൾ ഉള്ള ഒരു പുസ്തകം ഉണ്ടു. ആ പാട്ടുകൾക്കു നല്ല താളവും മേളവും ഉള്ളതു കൂടാതെ ഉൾക്കാമ്പിനെ കാൎന്നു കളയുന്ന അഴകുള്ള പാട്ടുകളെ കേട്ടാൽ അടിമതനത്തിലേ ഇളപ്പവും[1] ഇളിഭ്യവും തന്നെയല്ല, വീണ്ടെടുപ്പിന്റെ തെളിഞ്ഞ ആശയും ദൈവജനത്തിന്റെ പുനൎജ്ജനനവും കൂടെ അതിൽനിന്നു വിളങ്ങും. ഈ പാട്ടുകളാൽ ക്രിസ്തീയ വിശ്വാസത്തിൽ സ്ഥാപിതമായ പ്രത്യാശ തിളങ്ങി വരുന്നു. സ്യുവാൎട്ട് എന്ന മേളക്കൊഴുപ്പൻ[2] അമേരിക്ക യുദ്ധം കഴിഞ്ഞ ഉടനെ അടിമകൾ പണിയെടുത്ത തോട്ടങ്ങളിൽ ചെന്നു അവരെക്കൊണ്ടു പാട്ടുകളെ പാടിച്ചു, അതിൽ ഉത്തമമായവറ്റെ ഒരു പ്രബന്ധത്തിൽ ചേൎത്തു കുറിച്ചിരിക്കുന്നു. മേൽ പറഞ്ഞ പാട്ടുകാർ മൂന്നു മാസങ്ങളോളം ലണ്ടനിൽ പാടിയ ശേഷം സ്പുൎജ്ജൻ[3] എന്ന ശ്രുതിപ്പെട്ട ബോധകൻ ൭൦൦൦ ആൾ കൂടിയ സഭയിൽ പ്രസംഗിച്ചു തീൎന്നാറെ താൻ അവിടെ വെച്ചു അവരെ കൊണ്ടു പാടിച്ചു. സ്കോത്ലാന്തിലും അവർ മൂദി എന്ന[4] ഉണൎവ്വുബോധകന്റെ പ്രസംഗത്തിൽ പാട്ടുകൊണ്ടു സഹായിക്കയും ചെന്നേടത്ത് എല്ലാം ഏവൎക്കും സന്തോഷം വരുത്തുകയും എണ്പതിനായിരം ഉറുപ്പിക സമ്പാദിച്ചു കൊണ്ടു അമേരിക്കാവിലേക്കു തിരിച്ചു പോകയും ചെയ്തു.

തിരികെ രണ്ടാമതും അവർ ഇംഗ്ലന്തിലേക്കു ചേൎന്നു ലണ്ടനിൽ മൂദി സങ്കി എന്നവൎക്കു തങ്ങളുടെ പ്രസംഗങ്ങളിൽ സഹായിച്ച ശേഷം വേല്സിലും തെക്കേ ഇംഗ്ലന്തിലും പോയി പിന്നെയും എണ്പതിനായിരം ഉറുപ്പിക നാട്ടിലേക്കയച്ച ശേഷം ഹൊല്ലന്തിലേക്കും ചെന്നു അവിടെയും ജനങ്ങൾക്കു പരസമ്മതം വരുത്തി മടങ്ങിപ്പോന്നു. ൲൮൱൭൰൩ാമതിൽ സൎവ്വകലാശാലയെ പ്രതിഷ്ഠിച്ചു വമ്പിച്ച എടുപ്പുകളെ ഉണ്ടാക്കീട്ടും സ്ഥലം പോരാ എന്നു പിറേറന്നു തന്നെ കണ്ടതുകൊണ്ടു ഫിസ്ക് സേനാപതി പിന്നേതിൽ ഇംഗ്ലന്തിലേക്കു എഴുതി അയച്ചതാവിതു: എങ്ങിനെയെങ്കിലും ഞങ്ങൾക്കു ഇനിയും മറെറാരു വലിയ എടുപ്പു കൊണ്ടു അത്യാവശ്യമുണ്ടു. ആയതോ വിശേഷാൽ കറുത്ത പ്രേരിതരെ[5] വേണ്ടും പോലെ അഭ്യസിപ്പിച്ചു തങ്ങളുടെ വേലെക്കായി ഒരുക്കുവാൻ തന്നെ. പുതിയ പാഠകശാലെക്കു അടിസ്ഥാനം ഇട്ടിരിക്കുന്നു എങ്കിലും അതിനെ നിവൃത്തിക്കേണ്ടതിന്നു വേണ്ടി ഞങ്ങളുടെ പാട്ടുകാർ ൩ാമതിൽ യുരോപ്പിലേക്കു യാത്ര ചെയ്യും. ഗൎമ്മാനർ അവരെ ഏററവും സന്തോഷത്തോടെ കൈക്കൊണ്ടതിനാൽ അവർ പല ഗൎമ്മാന നഗരങ്ങളിലും വിശേഷിച്ചു ബെൎല്ലിനിലും അധികം നാൾ താമസിച്ചു അവിടെ ചക്രവൎത്തിയും ഇളമയും കുഡുംബ സഹിതം അവരുടെ പാട്ടിൽ വളരെ രസിച്ച ശേഷം ൲൮൱൭൰൭ മേയി മാസത്തിൽ അവർ സ്വിത്സൎലാന്തിലേക്കും പുറപ്പെട്ടു കേട്ടവൎക്കു വിസ്മയവും സമ്മതവും വരുത്തി പോന്നു.

8. Short sketch of the life of one of the Singers. പാട്ടുകാരിൽ ഒരുത്തന്റെ ചുരുങ്ങിയ ജീവചരിത്രം.

തോമാസ രത്ലിങ്ങ്[6] എന്നവൻ ൲൮൱൫൰൪ൽ തെന്നസീ കുറുപാട്ടിൽ ജനിച്ചു. താൻ ജനിക്കുമ്മുമ്പെ മുതലാളി തന്റെ അപ്പനെ വിററു കളഞ്ഞതിനാൽ അപ്പനെ തനിക്കു അറിവാൻ പാടുണ്ടായിരുന്നതുമില്ല. അവന്റെ അമ്മ അടിമയുടെ കഷ്ടപ്പാടിൽനിന്നു തെററി പോകേണ്ടതിന്നു കൂടക്കൂട കാട്ടിലേക്കു ഓടിപ്പോയെങ്കിലും പിടിപ്പെട്ടു കഠിനമായ വാറടി കൊള്ളേണ്ടി വന്നു. അതിനാലും ഫലമില്ലായ്കയാൽ മുതലാളി അവളെ തെക്കേ നാട്ടിലേക്കു വിററു കളഞ്ഞു. എന്റെ കുട്ടികളെ വിടുകയേ ഇല്ല എന്നു കരഞ്ഞുകൊണ്ടു അമ്മ പറഞ്ഞതും കൂലിക്കാർ അവളെ ഇഴെച്ചുകൊണ്ടു പോയതും താൻ നല്ലവണ്ണം ഓൎക്കുന്നു. അവൻ അമ്മയേയോ ദൂരേ കൊണ്ടുപോയി

1) Baseness. 2) Seward, componist. 3) Spurgeon. 4) Moody. 5) Missionaries, മിശ്ശനേരികൾ. 6) Rutling.

വിററു കളഞ്ഞ ഉടപ്പിറപ്പുകളെയോ ഇതുവരെ കണ്ടിട്ടില്ലാതാനും. ൨൦ാം വയസ്സിൽ തന്നോളം പോരുന്ന കരി എടുത്തു പൂട്ടേണ്ടതിന്നു മുതലാളി അവനെ നിർബ്ബന്ധിച്ചു. പിന്നെ അവനെ മേശയെ ശുശ്രൂഷിപ്പാൻ ആക്കിയതു കൊണ്ടു യജമാനന്മാർ പോരിനെ തൊട്ടു എന്തു സംസാരിക്കുന്നു എന്നു ചെവി കൊടുത്തു കേൾക്കും..[1] തങ്ങളോടു അറിയിക്കേണ്ടതിന്നു അപേക്ഷിച്ച ശേഷം അടിമകളോടു താൻ ഉററു കേട്ട വൎത്തമാനത്തെ പതിവായിട്ടു അറിയിക്കും. വടക്കർ തോററുവെങ്കിൽ അവരുടെ മുഖങ്ങൾ വാടും ജയിച്ച വൎത്തമാനം കൊണ്ടു വരുന്തോറും എല്ലാവരും ഒത്തൊരുമിച്ചു പാടുവാനും തുടങ്ങും. ൧൮൬൫ാമതിൽ വിടുതലിന്റെ വൎത്തമാനം അവിടേയും എത്തി. ആയതു യജമാനൻ തന്റെ അടിമകളോടു അറിയിച്ചപ്പോൾ അവർ സന്തോഷം കൊണ്ടു തുള്ളിച്ചാടി പാടുവാനും തുടങ്ങി. മൂന്നു വൎഷം കഴിഞ്ഞ ശേഷം തോട്ടത്തിൽനിന്നു പുറപ്പെടുന്ന അവധി എത്തി. രത്ലിങ്ങ് ഉടനെ ഫ്രിസ്കു സൎവ്വകലാശാലയിൽ ചേൎന്നു അവിടെ ചില കൊല്ലങ്ങൾ പഠിച്ചു പാട്ടുകാർ തങ്ങളുടെ കറുത്ത സഹോദരന്മാരുടെ ഉപകാരത്തിന്നായി നടത്തിയ മേളക്കൊഴപ്പുകളിൽ സഹായിച്ചു പോരുകയും ചെയ്യു. Basl. Volkob. 1878 p. 146 ff.

(ശേഷം പിന്നാലേ).

---

1) ഭാരതത്തിലും ഇംഗ്ലിഷ് ഭാഷയെ അശേഷം തിരിയാത്ത ഭാവമോ സംസാരിക്കുന്നതു കൂട്ടാക്കാത്ത ഭാവമോ കാണിക്കുന്ന വേലക്കാരെ പോലേ അത്രേ.

2. POLITICAL NEWS ലൌകികവൎത്തമാനം.

ആസ്യ Asia.

മദ്രാശിസംസ്ഥാനം — പുകവണ്ടികിണ്ടം. — ഒക്തോബർ ൧൦-ാം ബങ്കളൂരിൽനിന്നു ഒരു കൂട്ടം കിളത്തുരങ്കകാർ (Sappers, Miners) കുഡുംബങ്ങളുമായി ചെന്നപ്പട്ടണത്തേക്കു പുറപ്പെട്ടു. ആ രാത്രിയിലേ കനത്ത മഴകൊണ്ടു പുകവണ്ടിപ്പാതയുടെ പശയില്ലാത്ത മണ്ണു വെള്ളം കുടിച്ചു ഇരുന്നു പോയതു യന്ത്രനായകൻ അറിയാതെ ൧൫-ാം രാവിലേ ൧. മണിക്കു ൧൭ നാഴിക മദ്രാശിയിൽനിന്നു ദൂരപ്പെട്ട ചിനമ്പേട്ടയോടു അടുത്തായപ്പോൾ യന്ത്രവും വണ്ടികളും പാത്തികളെ വിട്ടു കിളത്തുരങ്കക്കാരുടെ രണ്ടു വണ്ടികൾ തകൎന്നു പോയി. ഏകദേശം ൨൦ പേർ മരിക്കയും അമ്പതോളം വല്ലാതെ മുറിപ്പെട്ടുകയും ചെയ്തിരിക്കുന്നു, കഷ്ടം.

അബ്ഘാനസ്ഥാനം — കാബൂൽ. — ഒക്തോബ്ര ൰൨-ാം രോബൎത്സ് സേനാപതി പടയുമായി ബാലഹിസ്സാരിൽ യാതൊരു വിരോധം കൂടാതെ പ്രവേശിച്ചു. അമീർ സൌഖ്യക്കേടു നടിച്ചു കൂട ചെന്നില്ലെങ്കിലും അഞ്ചു വയസ്സുള്ള തന്റെ മൂത്തമകനെ അയച്ചു. ബാലഹിസ്സാരിൽ ൨൧൦ കാളന്തോക്കുകളും ശങ്കലക്കികളും വളരെ വെടിമരുന്നും ഏറിയ ആയുധങ്ങളും ഇംഗ്ലിഷ്കാൎക്കു കിട്ടിയിരിക്കുന്നു. ൰൭-ാം-യിൽ സൈന്യമെല്ലാം കാബൂലിൽ കൂടി കടത്തിയ ശേഷം പടത്തലവനായ രോബൎത്സ് മുഖ്യ ജനങ്ങളെ വിളിച്ചു വരുത്തി അവർ കേൾക്കേ അറിയിച്ച പരസ്യമാവിതു: ദൂതവധം നിമിത്തം കാബൂൽ നഗരത്തെ നശിപ്പിക്കേണ്ടതാകുന്നു എങ്കിലും അംഗ്ലക്കോയ്മ ബാലഹിസ്സാരിന്റെ ചുററുമുള്ള വീടുകളെ മാത്രം നിരത്തി ശേഷം നിവാസികൾക്കു ഒരു പിഴയേ കല്പിക്കുന്നുള്ളു. കാബൂലിലും പത്തു നാഴിക ചുററുവട്ടത്തിലും യുദ്ധധൎമ്മം (martial law) പ്രമാണം. നഗരത്തിലും അതിന്റെ അഞ്ചു നാഴിക ചുററുവട്ടത്തിലും ഒരുത്തൻ ആയുധങ്ങൾ വഹിച്ചു കൂട ചെയ്താലോ മരണം നിശ്ചയം. അംഗ്ലപ്രജകളുടെ മരണത്തിൽ പങ്കുള്ളവരെ കുററത്തിന്നു തക്കവണ്ണം ശിക്ഷിക്കും എന്നും മററും തന്നെ. പരസ്യം വായിച്ചു തീൎന്നു ഉടനെ കൂടിവന്ന പ്രമാണികളിൽ ആരും നിനെയാത്തവണ്ണം മുസ്താഫി ഒജീരിനെയും യാഹികഖാനെയും അനുജനെയും പിടിച്ചു തടവിലാക്കിയിരിക്കുന്നു.

ഒക്തോബ്ര ൧൯ ന- രോബെൎത്സ് പടത്തലവൻ പുനരാലോചന ചെയ്യാൻ കല്പിച്ചിട്ടും അമീർ അബ്ഘാനസ്ഥാനവാഴ്ചയെ രാജി കൊടുക്കുന്നു എന്നു സിദ്ധാന്തിച്ചിരിക്കുന്നു. ഒക്തോബർ ൧൬ ന- ബാലഹിസ്സാർ എന്ന അരണിൽ (citadel, ചെറുകോട്ടയിൽ) ഒരു കൂട്ടം വെടിമരുന്നു മൂന്നു വട്ടം പൊട്ടിത്തെറിച്ചിരുന്നു. അതിനാൽ മേലരൺ (upper citadel) എല്ലാം ഇടിഞ്ഞു പോയി. ചില പടയാളികൾ മാത്രം പൊട്ടിത്തെറിപ്പു നടന്നെടത്തു ഉണ്ടായതു ദൈവകടാക്ഷം എന്നേ വേണ്ടു. ഒരു നായകനും ഇരുപതു പടയാളികളും വീഴുന്ന മതിലിന്റെ കല്ലിനാൽ മൂടിപ്പോയി അവരിൽനിന്നു ൧൬ പേരേ ഓരോ മുറിവോടേ വലിപ്പാൻ കഴിവുണ്ടായി. ശേർ ആലി ആ സ്ഥലത്തിൽ ശേഖരിച്ച ഏറിയ ആയുധങ്ങൾ മുഴുവനേ നശിച്ചുപോയിരിക്കുന്നു. മേലേ ബാലഹിസ്സാരിന്നു പിടിച്ച തീയെ ൧൭ നു-ൽ മാത്രം അടക്കുവാൻ സാധിച്ചു. ഏകദേശം 250,000 റാത്തൽ വെടിമരുന്നുള്ള മരുന്നറ കേടു വരാതെ രക്ഷപ്പെട്ടു. ഈ സംഭവം നിമിത്തം രണ്ടു പട്ടാളങ്ങൾ ചെറു കോട്ടയെ വിട്ടു അടുത്ത സ്ഥലങ്ങളിൽ പാളയം ഇറങ്ങി. ഹിമക്കാലത്തിന്റെ കടുപ്പം വിചാരിച്ചാൽ പടയാളികൾക്കു സങ്കടം തന്നെ.

യുദ്ധബദ്ധന്മാരെയും കോയ്മബദ്ധന്മാരെയും (political prisoners) വിസ്തരിക്കേണ്ടതിന്നു രണ്ടു വക ത്രിവീരന്മാരെ നിയമിച്ചു.

൨൦ നു-യിൽ ദൂതവധത്തിലും ആയുധം എടുക്കുന്നതിലും കുററക്കാരായ കാബൂലിലെ കൊത്തുവാളും ആഗാർഖാനും സുൽത്താൻ അജിദ്ഖാനും ജിഹാദ് പ്രസംഗിച്ച മുഖ്യമുല്ലാവും ഒരു അബ്ഘാന സേനാപതിയും എന്നീ അഞ്ച്യ പേരെ തൂക്കിക്കളഞ്ഞു. ദ്രോഹികളുടെ തലവന്മാരെ പിടിക്കൂട്ടുവാൻ വളരെ ഉത്സാഹിക്കുന്നു. ബാലഹിസ്സാരിൽനിന്നു നീങ്ങിയ അംഗ്ലപട്ടാളങ്ങളെ ശേപ്പൂർ പാളയത്തിൽ പാൎപ്പിക്കുന്നു. ഒക്തോബർ ൨൮ നു- രോബെൎത്സ് സേനാപതി കാബൂലിൽ രണ്ടാം പരസ്യമറിയിച്ചതു എന്തെന്നാൽ: അമീർ തന്റെ സ്ഥാനത്തെ അംഗ്ലകോയ്മയുടെ കൈയിൽ ഏല്പിച്ചതുകൊണ്ടു ഇംഗ്ലിഷ്ക്കാർ ആ ഭാരം ഏററിരിക്കുന്നു എന്നും ഓരോ സ്ഥാനാപതികൾ ഇംഗ്ലിഷ്ക്കാൎക്കു ബാദ്ധ്യസ്ഥന്മാർ ആകുന്നു എന്നും വിരോധമായി നടക്കുന്നവർ ശിക്ഷ അനുഭവിക്കേണ്ടിവരും എന്നും എല്ലാപ്രജകൾക്കു പൂൎണ്ണസ്വാതന്ത്ര്യവും നീതിന്യായമുള്ള കാൎയ്യവിചാരവും ഉണ്ടാകും എന്നും അംഗ്ലകോയ്മ നാട്ടിലേ മുഖ്യന്മാരോടും ഗോത്രമൂപ്പന്മാരോടും ഭാവിയിലേ വാഴ്ചക്രമങ്ങളെ കുറിച്ചു ആലോചന കഴിക്കും എന്നും മററും തന്നെ.

നൊവെമ്പ്ര ൧ നു-ത്തേ കമ്പിവൎത്തമാനപ്രകാരം യാക്കൂബ് ഖാൻ കോയ്മത്തടവുകാരൻ ആയ്പ്പോയി എന്നു കേൾക്കുന്നു. നഗരപ്രവേശനനാളിൽ കൂട ചെല്ലായ്വാൻ ഓരോ ഒഴികഴിവു പറഞ്ഞതിനാൽ അവന്റെ മേൽ സംശയം ജനിച്ചു. അവന്റെ കൂടാരത്തെ പടത്തലായ്മസ്ഥാനത്തു (head-quarters) അടിപ്പിച്ചു. ഒക്തോബ്ര 28 നു- താൻ ഓടിപ്പോകുവാൻ തുനിഞ്ഞതു കൊണ്ടു നാല്പതു വെള്ളക്കാരെ കാവൽ നിശ്ചയിച്ചു. ഇവരിൽ ഒരു കാവൽ കൂടാരത്തിന്റെ അകത്തും നാലു കാവല്ക്കാർ പുറത്തും സഞ്ചരിച്ചു വരുന്നു.

ശേർ ആലിയുടെ പൊൻമകനായ അബ്ദുള്ളജാനിന്റെ അമ്മയുടെ കൈയിൽനിന്നു യാക്കൂബ് ഖാൻ ഓരോ മുതൽ തട്ടിപ്പറിച്ചു കുഴിച്ചിടീച്ചു. കിട്ടിയ ഒററു പ്രകാരം നൊവെമ്പ്ര 4 നു- പൊന്നും വിലയേറിയ കല്ലും ഒമ്പതു ലക്ഷം വിലയോളം കുഴിച്ചെട്ടത്തിരുന്നു. അമീർ എണ്പതു ലക്ഷത്തിന്റെ പൊന്നും വെള്ളിയും മററും ഓരോ അരമനകളിൽ കുഴിച്ചു വെച്ചിരിക്കുന്നു പോൽ.

ചതികുല ചെയ്ത 3 നായകന്മാരെ കുഴിച്ചിട്ട സ്ഥലം എവിടെ എന്നു കോയ്മക്കാർ അന്വേഷിച്ചാറെ നാട്ടുകാർ ൩ ശവക്കുഴികളെ കാണിച്ചു കുഴിച്ചു നോക്കിയപ്പോഴോ അതിൽ നാട്ടുകാരെ ഇട്ട പ്രകാരം കണ്ടു ശേഷം ആ നായകന്മാരുടെ ശവങ്ങളെ ദ്രോഹികൾ കാബൂലിൽ കൂടി വലിച്ച പ്രകാരം കേട്ടു ശവങ്ങളെ ഇട്ട സ്ഥലം ഇതു വരെക്കും കണ്ടു കിട്ടിയതുമില്ല.

നടന്ന ചതികലയെക്കുറിച്ചു ഓരോ സാക്ഷികളെ വിസ്തരിക്കുന്നു. യാക്കൂബ് ഖാന്നു പക്ഷമായ പരിചാരകർ തങ്ങളുടെ യജമാനൻ കുടുങ്ങി പോകാത വാറു ഓരോ കററുകഥകളെ ഉണ്ടാക്കുന്നു.

ബാല ഹിസ്സാരിന്റെ മതിലുകളേയും അതിലുള്ള സകല എടുപ്പുകളേയും ഇടിച്ചു കളയുന്നതു കൂടാതെ കിട്ടിയ പത്തു ലക്ഷം റാത്തൽ വെടി മരുന്നിൽനിന്നു ആവശ്യമല്ലാത്തതു നശിപ്പിച്ചു വരുന്നു.

ശേഷം ഇടങ്ങൾ.—ഒക്തോബ്ര ൧൪ നു മൊംഗൽ സ്ഖിങ്ങ്വാട ഹസ്സാൻ അഹ്മെദ് ഖേയിൽ എന്ന ഗോത്രങ്ങൾ ആലിഖേയിലുള്ള പാളയത്തോടു ചെറുത്തു വന്നു. പാളയക്കാർ നന്നായി ചെറുത്തതു കൂടാതെ കുതിരകാൽപടകൾ അവരെ ആക്രമിച്ചു പായിച്ചു കളഞ്ഞു.

പടതലവനായ ഗൊഫ് (Gough) വിവിധ ആയുധങ്ങളുള്ള സൈന്യവുമായി ഒക്തോബ്ര ൧൪ നു-ൽ ജലാലാബാദ് നഗരത്തിൽ പ്രവേശിച്ചു. കറാച്ചിക്കും സഖരിന്നും ഇടയിൽ ലക്കി എന്ന സ്ഥലത്തിലും മൂലസ്ഥാനത്തിന്നും രോരിക്കും നടുവിലുള്ള ഖാൻപൂർ എന്ന ഇടത്തിലും പോരിന്നായി ചെല്ലുന്ന പടയാളികൾക്കു ആശ്വാസപ്പാളയങ്ങളെ സ്ഥാപിച്ചിരിക്കുന്നു.

കട്ടിയ വാടയിലേ തലവന്മാർ കോയ്മക്കു പേറിന്നായി ആയിരം തട്ടു കുതിരകളെ സമ്മാനിച്ചിരിക്കുന്നു. ഒക്തോബ്ര ൧൪ നു ശത്രുക്കൾ ആലിഖേയിൽ പാളയത്തെ ആക്രമിച്ച ദിവസത്തിൽ ശതർ ഗർദ്ദൻ കണ്ടിവാതിലിനെയും കയറിപ്പിടിപ്പാൻ നോക്കി. ഈരായിരം പേരോളം രണ്ടു പ്രാവശ്യം പീരങ്കികൾ ഇട്ട സ്ഥലം വരെക്കും മുൽപുക്കു എങ്കിലും അവരുടെ രണ്ടു പടക്കൊടിയും ൨൦൦ ആളും പോയ്പോയിരിക്കുന്നു. ൨൦നു- ആലിഖേൽ ശതർ ഗർദ്ദൻ എന്നീസ്ഥലങ്ങൾക്കിടേയുള്ള അബ്ഘാനർ പലവിധം അലമ്പൽ ആക്കി കൊണ്ട ശേഷം കാബൂൽ ഇംഗ്ലിഷ്ക്കാരുടെ കൈയിൽ വന്നു എന്നു നിശ്ചയമായി അറിഞ്ഞപ്പോൾ നാലുദിക്കുകളിലേക്കു ചിതറിപ്പോയി.

ഒക്തോബ്ര ൨൫ നു- കന്ദഹാരിന്നടുത്ത ഷാജൂവി എന്ന സ്ഥലത്തിൽ ചൊൽക്കൊണ്ട കവച്ചക്കാരനായ സഹേബ് ജാൻ ൨൦൦ കുതിരപ്പടയാളികളും ൭൦൦ കാലാളരും ആയി പാളയം ഇറങ്ങിയതു ഹ്യൂസ് (Hughes) പടത്തലവൻ കേട്ടതിനാൽ കൊന്നൽ കെന്നദിയെ വിവിധ ആയുധങ്ങളോടു അയച്ചു. ശത്രുക്കളെ ആട്ടിയ ശേഷം പോർക്കളത്തിൽ ൪൨ പേരെയും അവരിൽ സഹെബ് ജാന്റെ ഉടലിനെയും കണ്ടെത്തിയിരിക്കുന്നു.

നൊവെമ്പ്ര ൪ നു- കന്ദഹാരിൽ വെച്ചു അവിടുത്തേ ശ്രേഷ്ഠന്മാർ മുല്ലമാർ കച്ചവടക്കാർ എന്നിവരുടെ മുമ്പിൽ വായിപ്പിച്ച പരസ്യപ്രകാരം സിർദ്ദാർ ശേർ ആലിഖാൻ എന്നവനെ പുതുക്രമങ്ങളെ നിശ്ചയിക്കുവോളം അംഗ്ലക്കോയ്മ കന്ദഹാർ ക്രുറുപാടിന്റെ വാഴിയായി സമ്മതിച്ചിരിക്കുന്നു എന്നു അറിയിച്ചു കൊടുത്തു.

നൊവെമ്പ്ര ൭ നു- രണ്ടു മലഗോത്രങ്ങൾ വിധിച്ച പിഴയെയും ആൾ ജാമ്യങ്ങളെയും ഏല്പിച്ചിരിക്കുന്നു.

നൊവെമ്പ്ര ൮ നു- തലവനായ ബേക്കർ ചട്ടെ താഴ്വരയിലുള്ള ഇന്ദിക്കി എന്ന ഗ്രാമത്തെ വളഞ്ഞു ൫൦ ദ്രോഹികളെയും ഓരോ ആയുധങ്ങളെയും പിടിച്ചിരിക്കുന്നു. ദ്രോഹികളെ കൈക്കൊണ്ട ഗ്രാമക്കാർക്കു നവധാന്യത്തിന്റെ ഒരു പിഴയെ വിധിച്ചിരിക്കുന്നു.

Printed at the Basel Mission Press, Mangalore.

൧൲൮൱ആമതിലേ കേരളോപകാരിയുടെ പൊരുളടക്കം.

	ഭാഗം.
അനുതാപസ്തോത്രാപദാന ദിവസം	154
ആത്മികയുദ്ധം	2
ആത്മികയുദ്ധസന്നാഹം	31
ആത്മികവാൾ	193
ഇംഗ്ലിഷ് ചരിത്രം	70
ഉടമ്പെല്ലുകൾ	151. 169
ഒന്നാം ഹെരോദാവിന്റെ ചരിത്രസംക്ഷേപം	121. 137. 161. 177. 201. 217
ഒരു ഗീതം	25. 211. 232
ഒരു പൂൎവ്വവൃത്താന്തം	172
ഒരു രഹസ്യ ക്രിസ്ത്യാനന്റെ മരണം	124
കടലാസ്സ് നിൎമ്മാണം	188
കരചരണാസ്ഥികൾ	209. 227
കരാസ്ഥികൾ	209
കീൎത്തനങ്ങൾ	92
കപ്രദീപിന്റെ ചരിത്രച്ചുരുക്കം	102
ക്രിസ്താവതാരകീൎത്തനം	231
ക്രിസ്തുവന്ദന	52
ക്രിസ്തുവിന്റെ ഉയൎച്ച	97
ഗൃഹപുരി ദ്വീപും ഗ്രഹാലയവും	206. 223
ഗൌളിയും തുമ്പിയും	143
ചരണകോശംകൊണ്ടുള്ള പ്രയോജനം	88
ചരണാസ്ഥികൾ	227
ചിത്രപദ്യം	84
ചുണ്ടെലി	130
തലയോട്ടു	19
താലകേര തുംബികൾ	191
തിരുവെഴുത്തുകളെ ആരായുവിൻ	126
ത്രിയേക വന്ദനം	187
നായി	61
നാസ്തികളെ സൂക്ഷിപ്പിൻ	108
പമിക്കി	144
പലവകവൎത്തമാനം	117
പല്ലുകൾ	110
ബൊസ് ഫൊരുസ്	47
ഭയാപഹം	27
ഭൂമിയുടെ അൎദ്ധഗോളങ്ങൾ	166
ഭൂമിശാസ്ത്രസംബന്ധം	36. 76
മലയാളരാജ്യം	10. 50
മശീഹ കടലിന്മേൽ നടന്നതു	69
മാർപാപ്പാവു (൧൩-ാം ലേയോ)	29
മുഖാസ്ഥികൾ	85
മോവാബ്യ ഓൎമ്മക്കല്ലു	147
യാക്കോബ് രാമവൎമ്മൻ	7. 17. 41. 57. 81
യേശു നാമ ദ്വേഷി	128
രത്നവ്യാപാരിയായ ശാപുർ	44
വത്സരാരംഭസ്തുതി (1879)	1
ലൌകികവൎത്തമാനം	15. 37. 54. 77. 94. 118. 134. 158. 174. 198. 214. 236
വിരുതുടയ വേദചോദ്യോത്തരങ്ങൾ	93. 131. 168. 211
വിളയാട്ടുതാരാട്ടുകൾ	132
വേദധ്യാനം	26. 50. 73. 91. 114. 131. 142. 164. 186. 205. 229
വേദാന്തം	181
വൈദികവൎത്തമാനം	13. 33. 74. 115. 156. 194. 212. 233
അംഗ്ലസഭാമിശ്ശൻ	116
ഇതാല്യ	14
ഔസ്ത്രാല്യ	117
കാശ്മീരത്തിലേ വൈദ്യമിശ്ശൻ	156
ക്രിസ്ത്യാനവിശ്വാസസംബന്ധം	115
ഗൎമ്മാന്യരാജ്യം	13
നവകലെദ്യോന്യ	75
നവഗിനേയാ	75
നവബ്രിതാന്യ ദ്വീപുസഞ്ചയം	75
നീഗർമിശ്ശൻ	33
പഴഞ്ചുറവുകാർ	13
മദ്യവൎജ്ജനയോഗം	117
മദ്ധ്യരേഖാഫ്രിക്കാ	14
മഹോത്സവഗീതക്കാർ	194. 212. 235
മെക്ഷിക്കോ	75
വേദസംഖ്യക്കാർ	115
സുമത്ര	74
ഹിസ്പാന്യ	115
ശിശുശാലകളിലും അകംഭാഗത്തിലും കഴിക്കേണ്ടുന്ന ചോദ്യോത്തരം	155. 232
ശ്രീയേശു പഞ്ചാക്ഷരം ലിഖ്യതേ	32
സിന്ധുപദ്യ ലക്ഷണം	74
സൂത്രഗീതം	208
സ്വസ്ഥദിവസത്തെക്കുറിച്ച	165
ഹിന്തുമതം എന്തു	23. 66. 98. 181

Contents of the Kéralópakári for 1879.

	Page
Anatomy 19. 85. 110. 151. 169. 209.	227
Bel in Babel, Destruction of—	172
Beware of Dogs	108
Bible in the Nursery etc. . . . 155.	232
Bosphorus, The—	47
British Empire, The—	70
Correspondence	74
Cyprus, Short history of—	102
Day of Humiliation etc.	154
Dog, The—	61
Elephanta Isle,—The Cave-Temple on the 206.	223
Extremities, The Bones of the— 209.	227
Fear overcome	27
Hating the Name of Jesus	128
Hemispheres, The two—	166
Herod the Great, The Life of— 121. 137. 161. 177. 201.	217
Hinduism, What it is . . .23. 66. 98.	181
Hymns . . . .25. 211.	232
Jubilee Singers, The— . . .194. 212.	235
Leo XIII., The Pope—	29
Lyrics 31. 52. 69. 97. 124. 165. 187.	232
Malayalam Country, The— . . . .10.	50
Meditation 26. 50. 73. 91. 114. 131. 142. 164. 186. 205.	229
Memorial Verses	208
Mouse, The—	130
News, Miscellaneous—	117
Do. Political—15. 37. 54. 77. 94. 118. 134. 158. 174. 198. 214.	236
Notes, Geographical— . . . . . 36.	76
Ode, A Sanskrit—	32
Pamicki, the Sandwich-Islander	144
Paper, Manufacturing of—	188
Poetry, Native—, Religious.	
A Christmas Ode	231
Christ walking on the Sea	69
Christ's Victory over Satan	97
Death of a Secret Christian	124
Homage to Christ	52
Praise to the Holy Trinity	187
The Lord's Day	165
Spiritual Warfare	31
Poetry, Native—, Secular.	
The Cocoanut Tree, the Palmyra and the Gourd	191
The Lizard and the Fly	143
Do. Rotatory	84
Ramawarma, The Rev. Jacob 7.17. 41. 57.	81
Record, Religious—13. 33. 74. 115. 156. 194. 212.	233
Aequatorial Africa	14
Alliance	115
Australia	117
Bible Societies	115
Church Mission (Cochin & Travancore)	116
Germany	13
Italy	14
Jubilee Singers . . . . 194. 212.	235
Medical Mission in Cashmere	156
Mexico	75
New Britannia Archipelago	75
New Caledonia	75
New Guinea	75
Niger Mission	33
Old Catholics	13
Spain	115
Sumatra	74
Temperance Society	117
Rhymes, Nursery—	132
Sapores, the Jeweller	44
Search the Scriptures	126
Scripture Prize Questions 93. 131. 168.	211
Skull, The Human— . . . . 19.	85
Songs, Sacred—, The gate ajar for me.	92
Song, A sacred—	234
Stocking, The use of a—	88
Stone, The Moabite—	147
Sword, The Spiritual—	193
Teeth, The—	110
Trunk, The Bones of— . . . . .151.	169
Warfare, The Spiritual—	2

THE DECALOGUE.

THE THIRD COMMANDMENT.

ദശവാക്യാമൃതം.

നാലാം പൎവ്വം.

മൂന്നാം കല്പന: "നിന്റെ ദൈവമായ യഹോവായുടെ നാമം വൃഥാ എടുക്കരുതു." ദൈവനാമത്തെ വൃഥാ എടുക്കുന്നതോ: ഭയഭക്തിയുള്ള വിചാരവും ധ്യാനവും കൂടാതെയോ ദൂഷിപ്പാൻ മാത്രമോ ദൈവനാമത്തെ പ്രയോഗിച്ചാൽ അതിനെ വെറുതേ എടുക്കുന്നു. ൟ പാപം വിശേഷിച്ചു ൟ നാട്ടിൽ അധികം നടപ്പായിരിക്കുന്നു. ഏതുപ്രകാരത്തിൽ എങ്കിലും ദൈവനാമത്തെ സ്മരിക്ക മാത്രം ചെയ്താൽ അതു വലിയ പുണ്യമാകുന്നു. തീയിൽ പുല്ലു മുതലായ ചണ്ടികൾ എരിഞ്ഞു പോകുംപോലെ തന്നെ ദൈവനാമത്തെ ഉച്ചരിക്കുന്നതിനാൽ എല്ലാ പാപങ്ങൾ കത്തിക്കാളി പോകുന്നുപോൽ. ദൈവത്തിൻ പരിശുദ്ധനാമം തീ കണക്കേ ഇരിക്കുന്നു എന്നു വരികിൽ അതു പാപിയെ അനത്താതെ പാപത്തെ മാത്രം ദഹിപ്പിച്ചു കളയുമോ? കുറ്റക്കാരൻ ഏതും അനുഭവിക്കാതെ കുറ്റത്തിന്നു മാത്രം ശിക്ഷ വരുന്നതെങ്ങനേ? പവിത്ര പരഞ്ജ്യോതിയായ ദൈവം പാപിയെ ദഹിപ്പിക്കുന്ന അഗ്നി ആകുന്നു സത്യം; അശുദ്ധപാപി താൻ ചെയ്ത പാപത്തിന്നായി ദുഃഖിച്ചു മനം തിരിയാതെ ദൈവനാമത്തെ വൃഥാ ഉച്ചരിക്ക മാത്രം ചെയ്താൽ അവൻ വിളക്കത്തേ പാറ്റയോടു ഒക്കുകേയുള്ളൂ.

ഭയഭക്തിയറ്റ ചിന്തയോടേ ദൈവനാമത്തെ ചൊല്ലുന്നതു ധൎമ്മലംഘനമാകുന്നെങ്കിൽ വിഗ്രഹങ്ങളെ ദൈവം എന്നു വെച്ചു പൂജിച്ചു തൊഴുന്നതു ഏറ്റവും വലിയ പാപം തന്നെ.

ദുരുപയോഗത്തിന്നായിട്ടും കൂടെ ദൈവനാമത്തെ വെറുങ്ങനെ എടുക്കാം അതോ: ശപിക്ക പ്രാവുക കള്ളസ്സത്യം ചെയ്ക ക്ഷുദ്രം ചെയ്ക കളവു പറക ചതിക്ക എന്നിങ്ങനെ പല ദോഷങ്ങൾക്കായിട്ടു ദൈവനാമത്തെ ഭയവും ശങ്കയും കൂടാതെ ഉച്ചരിക്കുന്തോറും ദൈവനാമം വൃഥാ എടുത്തു ദോഷം ചെയ്യുന്നു. ഇങ്ങിനേയുള്ള അഹമ്മതി മഹാപാപവും നരകയോഗ്യവുമത്രേ.

"നാവു ചെറിയ അവയവമെങ്കിലും വമ്പു കാട്ടുന്നതു; ഇതാ കു

“റഞ്ഞ തീ എത്ര വലിയ വനത്തേ കത്തിക്കുന്നു; നാവും തീ തന്നേ. അനീ
“തിലോകമായിട്ടു നാവു നമ്മുടെ അവയവമദ്ധ്യത്തിൽനിന്ന കൊണ്ടു സ
“ൎവ്വദേഹത്തേയും മലിനമാക്കുകയും നരകത്താൽ ജ്വലിക്കപ്പെട്ടു ആയു
“സ്സിന്റെ ചക്രത്തെ ജ്വലിപ്പിക്കയും ചെയ്യുന്നു.” (യാക്കോബ് 3, 6. 8—10)

ഒരു തോൽക്കൊല്ലൻ (കിടാരൻ) ഒരുനാൾ ഒരു തോട്ടിൽ ഊറെക്കിട്ട തോലുകളെ കഴുകി വെടിപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ പെട്ടന്നു മഴ പെയ്യുതിനാൽ താൻ വളരെ കോപിച്ചു തന്റെ വലങ്കൈ ചുരുട്ടി മടക്കി ആകാശത്തിന്നു നേരേ ഉയൎത്തി: വേണ്ടാതേരം മഴ പെയ്യിക്കുന്ന ഈ ദേവന്റെ വേണ്ടാതനം ഞാൻ ഇപ്പോൾ അടക്കും എന്നു പറയുമ്പോൾ തന്നേ ഉണ്ടായ ഇടി ഓങ്ങി നില്ക്കുന്ന അവന്റെ കൈക്കു തട്ടി അത്യാപത്തിൽ ആകയും ചെയ്തു.

ദൈവനാമം ചൊല്ലി കള്ളസ്സത്യം ചെയ്യുന്നവൻ ശാപഗ്രസ്തൻ തന്നേ. ഒരു സാധ്വീ കുലീനയായൊരു വിധവയോടു: നിങ്ങളെ ഞാൻ വിവാഹം ചെയ്യുമെന്നു വാക്കു കൊടുത്തു വിശ്വസിപ്പിച്ച് കൈയിൽ ഉണ്ടായിരുന്ന മുതലെല്ലാം വശത്താക്കിയശേഷം തന്റെ വാക്കു മാററി അവളെ ചതിച്ചു വിവാഹം ചെയ്യാതെ വിട്ടുകളഞ്ഞു. ഠരം കാൎയ്യത്തെ കൊണ്ടു അവൾ അവന്റെ മേൽ ആസ്ഥാനത്തിൽ സങ്കടം ബോധിപ്പിച്ചു. ന്യായാധിപൻ അവനെ കല്പിച്ചു വരുത്തിയപ്പോൾ അവൻ അവിടെ വെച്ചു കള്ളസ്സത്യം ചെയ്തു വഴുക്കിക്കളഞ്ഞു. ഇങ്ങനെ താൻ തെററിപ്പോയെന്നു കണ്ടു താനും ചങ്ങാതികളുമായി തന്നെതാൻ മറന്നു ഏററവും സന്തോഷിച്ചു. അടുത്തൊരുനാൾ താൻ ഒരു ചങ്ങാതിയുടെ ഭവനത്തിൽ വിരുന്നു ഉണ്മാനായി പോയിരുന്നു. ആയതു കഴിഞ്ഞു താനും സ്നേഹിതനും രാക്കാലം സവാരിയായി വീട്ടിലേക്കു മടങ്ങി വരും വഴിയിൽ തനിക്കു എതിരേ മറുകുതിരയാളർ വരുന്നപ്രകാരം തോന്നി. ആയതു തന്റെ വൈരിയായ ആ സ്ത്രീയുടെ തുണയാളികൾ തന്നേ തന്നോടു പ്രതിക്രിയ ചെയ്യേണ്ടുന്നതിന്നു വരുന്നു എന്നു ഉറപ്പിച്ചു ചങ്ങാതിയുടെ എതിൎവ്വാക്കൊന്നും കൂട്ടാക്കാതെ ഠരം മായാഭാവം ഉള്ള കണക്കു നമ്പി താൻ അതിന്നു നേരേ കുതിരയെ ശക്തിയോടു ഓടിക്കുകയും തന്റെ കഠാരം ഊരി കൈ നീട്ടി ഓങ്ങുകയും ചെയ്തുകൊണ്ടു ഊക്കോടെ മുഞ്ചെല്ലുകയിൽ കുതിര ഇടറി വീഴുമ്പോൾ താൻ കഠാരം ഏററു മരിക്കയും ചെയ്തു. സൂക്ഷിച്ചു നോക്കിയാൽ ഇങ്ങനെയുള്ള പല ദൈവശിക്ഷകൾ നമ്മുടെ നാട്ടിലും തട്ടുന്നതു തെളിവായി കാണാം.

പിന്നെ ആണയിട്ടും കൊണ്ടു പറകയും വെറും വാക്കുറപ്പു കൊടുക്കയും ചെയ്യുന്നവരെ നന്നായി സൂക്ഷിച്ചു പരീക്ഷിച്ചാൽ അവർ സൎപ്പം പോലേ ഇരുനാവുള്ളവരായി ചതിക്കുന്നതിനെ കാണാം. അതിന്നു ഒരു ദൃഷ്ടാന്തമാവിതു: അഞ്ചു പത്തു ചാക്കു കോതമ്പു വില്പാനുള്ള ഒരു ഭക്തനായ കച്ചവടക്കാരന്റെ അടുക്കേ ഒരു അപ്പക്കാരൻ വന്നു ചോദിച്ചപ്പോൾ കച്ചവടക്കാരൻ ന്യായമായ വില പറഞ്ഞതിന്നു അപ്പക്കാരൻ ആയതിനെ കുറെച്ചു കിട്ടുവാൻ വേണ്ടി തനിക്കു ചേതം വരും എന്നു കൌശലമായി ആണയിട്ടു എടുപ്പാൻ നോക്കി ആയതു സാധിക്കാഞ്ഞതിനാൽ പറഞ്ഞ വിലയെ സമ്മതിച്ചു. എന്നാറെ വ്യാപാരി ഇങ്ങനെയു

ള്ളവനോട്ട ഞാൻ ഒരു നാളും ഇടപാട്ട ചെയ്യയില്ല. താൻ ആദ്യം അത്ര വില കൊട്ടത്തു വാങ്ങുന്നതു നഷ്ടം എന്നു ആണയിട്ടു കുറെച്ചു പറകയും പിന്നീട്ട ആ ആണകൾക്കും ഉപായങ്ങൾക്കും എതിരേ എന്റെ വിലകളെ സമ്മതിക്കയും ചെയ്യുന്നതു കൊണ്ടു ഇങ്ങനെ നേരും ഞെറിയും ഇല്ലാത്ത വന്നു ഞാൻ എന്റെ ചരക്കു കൊട്ടക്കുകയില്ല എന്നു തീച്ചു പറഞ്ഞു അവനെ അയച്ചുകളഞ്ഞു.

കള്ളസ്സത്യം മാത്രമല്ല കപടഭക്തിയും കൂടെ ദോഷം തന്നെ. കപടത്തിൽ ദൈവനാമത്തെ ഉച്ചരിക്കുന്നവൻ നല്ല ചായവും ശോഭയും ഉള്ളതായി ചുവരിന്മേൽ വരെച്ചു ജീവനും ചൈതന്യവും ഇല്ലാതിരിക്കുന്ന ചിത്രത്തോടൊക്കും. ഇങ്ങനേ വേഷധാരി അരയാൽ കണക്കേ ഇല മുററിരുന്നാലും ഫലമില്ലാത്തവൻ തന്നേ ജീവനോടിരിക്കുമ്പോൾ അന്യൎക്കും മരിച്ചശേഷം തനിക്കും അപകടമായിരിക്കുന്നു. എന്നാൽ അനേകർ പുറമേ ഒരം തിന്മയെ ധിക്കരിക്കുന്നു എങ്കിലും അന്തരംഗത്തിൽ അതിനേ തന്നെ പ്രവൃത്തിച്ചു പോരുന്നു. അകത്തു കത്തിയും പുറത്തു പത്തിയും എന്നതു പോലേ തന്നെ.

II. മേൽപറഞ്ഞപ്രകാരം ദൈവനാമത്തെ വെറുതേ എടുപ്പാൻ വിലക്കിയ കണക്കേ അതിനെ ന്യായമായി എടുപ്പാനും കല്പിച്ചിരിക്കുന്നു എങ്ങനെയെന്നാൽ:

൧. നാം ദൈവനാമത്തിൽ വിശ്വസിച്ചു പ്രാൎത്ഥിക്കേണം.

പ്രാൎത്ഥന ഏതു കാലത്തും എങ്ങനേയുള്ളവൎക്കും അത്യാവശ്യം തന്നേ. സുഖകാലത്തിൽ പ്രാൎത്ഥനകൊണ്ടു ദൈവപരിചയം ഇല്ലാത്തവൎക്ക ദുഃഖകാലത്തിൽ ആയതു സാധിപ്പിപ്പാൻ ആവതല്ല. ആകയാൽ കഷ്ടത്തിലും നഷ്ടത്തിലും സുഖത്തിലും വാഴ്വിലും പ്രാൎത്ഥന ഇല്ലാതെ ഇരിപ്പാൻ കഴികയില്ല. ഇങ്ങനെ വിശ്വാസി എക്കാലത്തിലും പ്രാൎത്ഥനയിൽ ശീലിച്ചവൻ ആകകൊണ്ടു വിശേഷാൽ തനിക്കു ആപത്തുകാലങ്ങളിൽ പ്രാൎത്ഥിച്ചു സഹായം വരുത്തുന്നു. ആകയാൽ ലോകരക്ഷിതാവു ഇടവിടാതെ പ്രാൎത്ഥിക്കേണ്ടതിന്നു കല്പിക്കുന്നു. അതുകൊണ്ടു പ്രാൎത്ഥനയേക്കാൾ മികെച്ചതു മറെറാന്നും ഇല്ല.

൨. നാം ദൈവത്തിൻ നാമത്തെ സ്വീകരിക്കയും വേണം.

പണ്ടു തൊണ്ണൂറു വയസ്സു പ്രായമുള്ള പൊലുകൎപ്പനെ ക്രിസ്തുമതശത്രുക്കൾ തീയ്യിൽ ഇട്ടു ദഹിപ്പിപ്പാൻ നോക്കുമ്പോൾ ന്യായാധിപതി അവനോട്ട: നിന്റെ വാൎദ്ധക്യത്തെ ഓൎത്തു നിന്റെ ക്രിസ്തനെ പ്രാവിപ്രാണനെ രക്ഷിക്ക എന്നു പറഞ്ഞതിന്നു അവൻ: എൺപതാണ്ടു ഞാൻ അവനെ സേവിച്ചു പോന്നു. അവൻ എനിക്കു ഒരു ദോഷവും ചെയ്തില്ല എന്നേ വീണ്ടെടുത്തു രക്ഷിച്ചു വന്ന എൻ രാജാവെ ഞാൻ എങ്ങനെ ദൂഷിക്കേണ്ടു. അവൻ എന്നും സ്തുത്യൻ തന്നെ എന്നു പറഞ്ഞു യേശുനാമത്തെ വാഴ്ത്തി സന്തോഷത്തോടേ സാക്ഷിമരണം അനുഭവിക്കയും ചെയ്തു.

അതുപോലെ ഗൊൎദ്ദൻ എന്ന ഒരു പട്ടാളനായകനെ ക്രിസ്തനാമം നിമിത്തം ശത്രുക്കൾ പിടിച്ചു കൊല്ലുവാൻ കൊണ്ടുപോകുമ്പോൾ അവൻ

സന്തോഷപരിപൂൎണ്ണനായി തെളിഞ്ഞ മുഖത്തോടേ കീൎത്തനങ്ങളെ ഉണ്ടാക്കി പാടി: എന്റെ മണവാളനായ ക്രിസ്തന്റെ നാമം നിമിത്തം ആയിരം കുറി മരണം സഹിക്കേണ്ടി വന്നാലും വേണ്ടതില്ല എന്നു പറഞ്ഞു ക്രിസ്തന്റെ നാമത്തെ ഉള്ളിൽ കരുതി വായികൊണ്ടു തള്ളിപ്പറഞ്ഞു ശത്രുക്കളെ സന്തോഷിപ്പിച്ചു വഞ്ചിക്കരുതോ എന്നു ചിലർ പറഞ്ഞതിന്നു അവൻ: തന്റെ പട്ടാങ്ങുടയവനെ വിട്ടു മറുത്തു പറവാൻ ആക്കം എന്റെ നാവിനെ ഹേമിച്ചു കൂടാ; എനിക്കു ഹൃദയത്തെ തന്നവൻ നാവിനേയും കൊടുത്തിരിക്കുന്നു എന്നു തീൎച്ചയുള്ള പ്രത്യുത്തരം പറഞ്ഞു ധീരനായി നോവും ചാവും പേടിക്കാതെ സാക്ഷിമരണം ഏല്ക്കുകയും ചെയ്തു.

ലുഥർ എന്നു മറെറാരു വിശ്വാസവീരന്റെ അവസ്ഥയിലും ദൈവനാമത്തിന്റെ പ്രബലമായ സ്വീകാരം കാണാം. തന്റെ ഉപദേശത്തെ വിട്ടുവാനോ പിടിപ്പാനോ വേണ്ടി രാജസഭയിൽ ചെല്ലുവാൻ ഗൎമ്മാനചക്രവൎത്തിയുടെ തിരുവെഴുത്തു ലുഥരിന്നു കിട്ടിയപ്പോൾ അവന്റെ സ്നേഹിതന്മാരിൽ ചിലർ: നിങ്ങൾ പോകരുതു; പോയാൽ മടങ്ങി വരികയില്ല എന്നു പറഞ്ഞു തടുത്തു നിന്നു. അവൻ പറഞ്ഞതു എതിരാളികൾ ഇവിടെ മുതൽ ആസ്ഥാനമണ്ഡപം വരേ വഴി നീളെ ആകാശത്തോളം ഉയരത്തിൽ മേലേരി കൂട്ടി എരിച്ചിരുന്നാലും ഞാൻ ക്രിസ്തന്റെ മഹാതിരുനാമത്തിൽ പോയി രാജസഭയിൽ ഉള്ള മഹാപുലിയുടെ അണപ്പല്ലുകളിൽ നിന്നുംകൊണ്ടു ക്രിസ്തുനാമത്തെ സ്വീകരിക്കും എന്നു ചൊല്ലി അവൻ പുറപ്പെട്ടു; പട്ടണത്തോടണഞ്ഞാറെ കൂടയുള്ള ചങ്ങാതിമാർ വീണ്ടും അവനെ തടുത്തതിന്നു അവൻ: ൟ പട്ടണത്തിലേ വീടുകളുടെ മേൽ ഉള്ള ഓടുകളുടെ എണ്ണത്തോളം ദുരാത്മാക്കളും പിശാചുക്കളും ഉണ്ടായിരുന്നാലും ഞാൻ അങ്ങു ചെല്ലാതെ ഇരിക്കയില്ല എന്നു പറഞ്ഞു രാജസഭയുടെ മുമ്പാകെ ചെന്നു നിന്നു സ്വീകരിച്ചതാവിതു: എപ്പോഴും മെയ്യായി അനുഭവിച്ചതിനെ ഞാൻ തള്ളിപ്പറകയില്ല അനാഥനാഥനും ഉലകക്കാൎത്താവും ആയ ദൈവം എനിക്കു സഹായിപ്പൂതാക. ആമെൻ.

൩. നാം ദൈവനാമത്തെ കൊണ്ടാടുകയും വേണം.

മനുഷ്യരെ പ്രസാദിപ്പിപ്പാൻ ഭാവിക്കുന്നവർ അവൎക്കു ഇഷ്ടമുള്ളതിനെ കൊടുക്കുന്നു. ദൈവത്തെയോ അവൻ തന്ന ശുദ്ധകൃപാദാനങ്ങളെ നന്ദിയോടെ കൈക്കൊണ്ടു പോററി പുകഴുകയും ചെയ്യാം; ദൈവത്തിന്റെ ഉപകാരങ്ങളെ ഓൎത്തു കൊണ്ടാടി സ്തുതിക്കുന്നതു തന്നെ അപേക്ഷയേക്കാൾ അവന്നു ഹിതമാകുന്നു. ആരെങ്കിലും കഷ്ടപ്പെടുമ്പോൾ ദൈവത്തോടു കെഞ്ചി മുറവിളിക്കാം. എന്നാൽ സുഖദുഃഖങ്ങൾ ദൈവത്തിന്റെ ദയ അത്രേ എന്നു സത്യവിശ്വാസികൾ മാത്രം അറിഞ്ഞു ദൈവത്തെ വാഴ്ത്തി സ്തുതിച്ചു കൂട്ടു. ദൈവത്തെ സ്നേഹിക്കുന്നവന്നു മാത്രമേ അവനെ യോഗ്യമായി കീൎത്തിപ്പാൻ കഴികേയുള്ളു.

Mangalore, Basel Mission Book & Tract Depository, 1878.

Printed at the Basel Mission Press.

THE DECALOGUE.

THE FOURTH COMMANDMENT.

ദ ശ വാ ക്യാ മൃ തം.

അഞ്ചാം പൎവ്വം.

നാലാം കല്പന: സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക!

യഹോവയായ ദൈവം ഞായറാഴ്ചയെ മനുഷ്യൎക്കു സ്വസ്ഥനാളായി കല്പിച്ചിരിക്കുന്നു. അതിനെ സ്വസ്ഥനാളായി ശുദ്ധീകരിപ്പാൻ ഓൎക്ക എന്നതോ: ദേഹദണ്ഡം ഒന്നും ചെയ്യാതെയും ലൌകിക കാൎയ്യങ്ങളെ ചിന്തിക്കാതെയും ശുദ്ധമുള്ള വേദധ്യാനത്തിലും പരമ വസ്തുക്കളിലും കരുത്തു വെച്ചു മനസാ വാചാ കൎമ്മണാ നിൎദ്ദോഷമായി നടക്കുന്നതും തന്നേ. അന്നു വാങ്ങുക വില്ക്കുക തുടങ്ങിയ ന്യായമായ തൊഴിലുകളെ നടത്താതെയും എന്നും അരുതാത ദുഷ്കൎമ്മങ്ങളും നിന്ദ്യ പ്രവൃത്തികളുമായിരിക്കുന്ന പകിടകളി ചട്ടികളി ചൂതുകളി കത്തുകളി കോഴി കൊത്തിക്ക നൃത്തം ചെയ്ക മദ്യപിക്ക മുതലായവറ്റെയും നേരമ്പോക്കായ നായാട്ടു ഏട്ടെറിയുന്നതു നായും പുലിയും കളിക്കുന്നതു വാരക്കളി മുതലായവ ചെയ്യാതെയും ദേഹാത്മാക്കൾ സ്വസ്ഥമായി ദൈവവചനത്തെ ധ്യാനിക്കയും പ്രാൎത്ഥിക്കയും രാജാധിരാജാവായ ദൈവത്തെ ഉപാസിച്ചു അവന്റെ അനുഗ്രഹത്തെ പ്രാപിക്കയും വേണ്ടതു.

“സ്രഷ്ടാവായ ദൈവം സ്വസ്ഥനാളിനെ (ശബ്ബത്തു നാളിനെ) അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.” ആകയാൽ ആയതു മനുഷ്യൎക്കു ഉപകരിക്കേണ്ടതു. എന്നാൽ മരുഭൂമിയാകുന്ന ലോകത്തിൽ സഞ്ചരിക്കുന്നവർ സ്വസ്ഥനാളിന്റെ അനുഗ്രഹത്തെ അനുഭവിക്കാഞ്ഞാൽ തങ്ങൾ വങ്കാട്ടിൽ വഴി തെറ്റി ഉഴന്നു വലഞ്ഞു നടക്കുന്നവൎക്കു സമം.

“എന്റെ സ്വസ്ഥനാളിനെ ശുദ്ധീകരിപ്പിൻ! ഞാൻ അത്രേ നിങ്ങളുടെ ദൈവമെന്നു നിങ്ങൾ അറിയേണ്ടതിന്നു അതു നിങ്ങൾക്കും എനിക്കും അടയാളമായിരിക്കും” എന്നു ദൈവത്തിൻ അരുളപ്പാടു. ഈ കുറിയെ കൈക്കൊള്ളാത്തവർ പശുപ്രായരായി എന്തോ ഏതോ എന്നു വെച്ചു പരനേ മറന്നു സത്യവിശ്രാമം എന്തെന്നറിയാതെ കെട്ടുപോകും. ആദികാലങ്ങളിലേ ക്രിസ്ത്യാനർ ഞായറാഴ്ചയിൽ പള്ളികൾക്കു പോകുന്ന തങ്ങളുടെ മക്കൾക്കു വസ്ത്രങ്ങളെ ഉടുപ്പിക്കുമ്പോൾ

"ഞാൻ ഇപ്പോൾ നിന്റെ ശരീരത്തെ അലങ്കരിക്കുന്നപ്രകാരം പിതാവായ ദൈവം നിന്റെ ആത്മാവിനെ അലങ്കരിക്കട്ടേ"! എന്നും കന്യകമാരായ പുത്രിമാരുടെ തലയിൽ തലമൂടിവസ്ത്രം ഇട്ടു കൊടുക്കുമ്പോൾ "ഉടയവനായ ക്രിസ്തൻ സ്വൎഗ്ഗരാജ്യത്തിൻ കിരീടത്തെ നിന്റെ തലയിൽ ചൂടിക്കുമാറാക"! എന്നും അനുഗ്രഹിച്ചു പ്രാൎത്ഥിക്കും.

എന്നാൽ ഞായറാഴ്ചയെ സ്വസ്ഥനാളായി ആചരിക്കുന്നതു മുതലാളികൾക്കും ധനവാന്മാൎക്കും പററും അന്നന്നു ഉപജീവിക്കുന്നവൎക്കു കൊള്ളുന്നതല്ല എന്നു നിനെച്ചു എന്റെ പുരയെ ആർ കാക്കും എന്നും ഞാനും കുഡുംബവും എങ്ങനെ കഞ്ഞി കുടിക്കും എന്നും മററും സംശയച്ചോദ്യമുള്ളവരോടു: പ്രാൎത്ഥനെക്കായി പള്ളിയിൽ പോകുന്നവരുടെ വീടിനെ ദൈവം തന്നെ കാക്കും എന്നും ഞായറാഴ്ചയിൽ തൊഴിൽ വിട്ടു പ്രപഞ്ചകാൎയ്യങ്ങളെ വരഞ്ഞു ദൈവവചനത്തെ വായിച്ചും കേട്ടും പ്രാൎത്ഥിക്കുന്നതിനാലും ചേതം തട്ടാതെ ശുഭമായി തീരുകേയുള്ളു എന്നും കേൾപ്പിക്കേണ്ടതു. ഭിക്ഷാദാനം കൊടുക്കുന്നവൻ ദരിദ്രപ്പെട്ടും എന്നു ശങ്കിക്കുമാറില്ലല്ലോ. അങ്ങനെ തന്നേ ദൈവകല്പനപ്രകാരം സ്വസ്ഥനാളിനെ കൊണ്ടാടുന്നവർ ഇളമപ്പെടുന്നില്ല. ഇതിന്നു ഒരു കഥയെ കേട്ടാലും: ഒരൂരിൽ അയല്ക്കാരായ രണ്ടു ചെമ്പോട്ടികൾ പാൎത്തിരുന്നു. അവരിൽ ഒരുവൻ വളരെ മക്കളുള്ള കുഡുംബക്കാരനും മററവൻ മക്കളില്ലാത്തവനുമായിരുന്നു. മക്കളുള്ളവൻ ആറു ദിവസം എല്ലുമുറിയ പണി എടുത്തു ഞായറാഴ്ചയിൽ കുഡുംബത്തോടു കൂടെ പള്ളിക്കു പോകയും ദൈവവചനത്തെ വായിച്ചും കേട്ടും പ്രാൎത്ഥിക്കയും ചെയ്യും. മററവനോ ഇടവിടാതെ ഞായറാഴ്ചയിലും തന്റെ കൈത്തൊഴിൽ എരിവോടെ നടത്തീട്ടും നേട്ടം എല്ലാം മണലിൽ വെള്ളം പകൎന്നപോലെ ചെലവാകയും താൻ കടമ്പെടുകയും ചെയ്തു. അതിനാൽ നന്ന ദുഃഖിച്ചു വലഞ്ഞപ്പോൾ ഒരു ശനിയാഴ്ച വൈകുന്നേരം ആ കുഡുംബിയുടെ പുരയിൽ ചെന്നു തന്റെ മുട്ടുപാടും കിണ്ടപ്പാടും എല്ലാം അവന്റെ മുമ്പിൽ വിളമ്പിയതാവിതു: ഇതൊരു ദുൎദ്ദേവതയോ എന്തോ? ഞാൻ കഷ്ടപ്പെട്ടു പ്രയത്നിക്കുന്നപ്രകാരം നീ പ്രയാസപ്പെടാതെയും പോററുവാൻ നിണക്കു അഞ്ചാറ് ആളുകൾ ഉണ്ടായിരുന്നിട്ടും നീ കടത്തിൽ വീഴാതെയും സുഖത്തോടെ കാലം കഴിച്ചു വരുന്നുവല്ലോ. ഞാൻ എത്ര പ്രയത്നിച്ചിട്ടും കഴിച്ചലിന്നു എത്തുന്നതും കടം തീരുന്നതുമില്ലാ ഒന്നും ഫലിക്കുന്നതുമില്ലാ. ഇതിന്റെ സംഗതി എന്തു എന്നു ചോദിച്ചതിന്നു മററവൻ: നാളെ രാവിലേ വീണ്ടും ഇങ്ങു വന്നാൽ നിണക്കു സഫലമായ്വരുന്ന ഒരു വഴിയെ ഞാൻ കാണിക്കാം എന്നു പറഞ്ഞു. പിറേറന്നു പുലൎച്ചെക്കു ചെന്നപ്പോൾ ഇവൻ പള്ളിയിലേക്കു പോകുന്ന വഴിയെ അവനെ കാണിച്ചു ഒരുമിച്ചു ആരാധനെക്കു കൂട്ടിക്കൊണ്ടു പോകുവാൻ ഭാവിച്ചപ്പോൾ ആ കടമ്പണിക്കാരൻ: പള്ളിയിലേക്കു പോകുന്ന ഠരം വഴിയെ ഞാൻ ചെറുപ്പം മുതൽ അറിയുന്നതല്ലാതെ പള്ളിയിലേക്കു പോകുന്ന ചട്ടം എനിക്കുമുണ്ടു. അതിനെ എനിക്കു യാതൊരുത്തനും കാണിപ്പാൻ ആവശ്യമില്ലയെന്നു മുഖം തെല്ലു കറുപ്പിച്ചു പറഞ്ഞപ്പോൾ ആ ഭക്തൻ: ദേഹാത്മാക്കളുടെ സൌഖ്യത്തിന്നു ഞാൻ മറെറാരു വഴി അറിയുന്നില്ല.

"മുമ്പേ ദൈവരാജ്യത്തേയും അവന്റെ നീതിയേയും അന്വേഷിപ്പിൻ" (മത്തായി ൬, ൩൩.) നിങ്ങൾ അങ്ങനെ ചെയ്താൽ അന്നവസ്ത്രാദികൾ നിങ്ങൾക്കു എങ്ങനെയെങ്കിലും കിട്ടും എന്ന വചനം സത്യവേദത്തിൽ ഉണ്ടല്ലോ. ൟ വചനത്തെ ഞാൻ എന്റെ നടപ്പിന്നു പ്രമാണമാക്കി വന്നതുമുതൽ എനിക്കു നഷ്ടമല്ല ആദായവും സുഖവും സമാധാനവും മാറുന്നില്ല എന്നു പറഞ്ഞതിന്നു മററവൻ: നീ പറഞ്ഞതു സത്യമായിരിക്കാം എന്നു ചൊല്ലി അന്നു മുതൽ പള്ളിയിൽ ചെന്നു ദൈവവചനത്തെ കേട്ടു പ്രാൎത്ഥിക്കുന്നതിൽ താല്പൎയ്യപ്പെട്ടു. അങ്ങനെ ദൈവകരുണയാൽ തന്റെ കഴിച്ചലിന്നു വഴിച്ചലുണ്ടായി ക്രമേണ അലോസരം കൂടാതെ തന്റെ കടങ്ങളെ തീൎത്തു സുഖത്തിൽ കാലവും കഴിച്ചു പോന്നു.

സ്വസ്ഥനാളിൽ രാവിലേ സമ്പാദിച്ചതു സന്ധ്യെക്കിടയിൽ വഴുതിപോകും. ഞായറാഴ്ചയിൽ ദൈവത്തെ ഉപാസിക്കാത്തവൻ പിശാചെ സേവിക്കും. ദൈവത്തിന്നു ഒപ്പിക്കേണ്ടുന്ന മനസ്സ ഹൃദയം ശക്തികളെ ഒപ്പിക്കാത്തവന്റെ കയ്യിൽനിന്നു പിശാചു അവറെറ തട്ടിപ്പറിച്ചു തനിക്കു സ്വാധീനപ്പെടുത്തും. പാഠശാലയിലും പ്രാൎത്ഥനാലയത്തിലും പോകുന്ന വഴിയിൽ കൂടി ചെല്ലാത്തവൻ നേരെ തുറുങ്കിലേക്കു പോകുന്ന വഴിയിൽ നടക്കും. എന്നതു ഒരു കഥകൊണ്ടു ദൃഷ്ടാന്തപ്പെടുത്താം: ഒരു പട്ടണത്തിൽ നാലഞ്ചു ബാല്യക്കാർ ഒന്നിച്ചുകൂടി കടന്നു പോകുന്നവരെ പരിഹസിക്കയും ഞായറാഴ്ചയിൽ പള്ളിയിൽ പോകാതെ ആരും ഇല്ലാത്ത കുടികളിൽ കടന്നു ഓരോ അനൎത്ഥങ്ങളെ വരുത്തുകയും റാക്കപ്പീടികയിൽ ചെന്നു കുടിച്ചു കലശൽ കൂട്ടുകയും ചെയ്യും. എന്നാൽ ആ ബാല്യക്കാരിൽ ഒരുവന്റെ മനസ്സാക്ഷി ഉണൎന്നു താൻ ചെയ്ത ദോഷത്തിന്നു അനുതാപം ജനിച്ചാറെ ആ തായാട്ടുകാരെ വിട്ടകന്നു സന്മാൎഗ്ഗികളോടു ചേൎന്നു ഒരു നൽപെണ്ടിയെ വേട്ടു കുടിഭാരം ചുമന്നു പോന്നു. ഇങ്ങനെ ഇരിക്കയിൽ ന്യായാധിപതിസ്ഥാനം ഏറി ചില കൊല്ലങ്ങൾ കഴിഞ്ഞശേഷം ഒരു ദിവസം അവൻ ഒരു തടവുകാരനെ ശിക്ഷെക്കു വിധിക്കേണ്ടി വന്നു. ആയവനെ വിസ്തരിക്കുമ്പോൾ ആ തടവുകാരനെ മുമ്പേ എപ്പോഴെങ്കിലും കണ്ടിരിക്കേണം എന്നു തനിക്കു തോന്നി, അവന്റെ മുമ്പിലേത്ത നടപടിയെ തൊട്ടു ചോദിച്ചപ്പോൾ ഇവൻ തന്റെ ബാല്യപ്രായത്തിലുള്ള കൂട്ടുചങ്ങാതികളിൽ ഒരുവനെന്നറിഞ്ഞു ആ കൂട്ടുചങ്ങാതികളുടെ കാൎയ്യത്തേയും അന്വേഷിച്ചാറെ തടവുകാരൻ: അവർ എല്ലാവരും കളവുകുററത്തിൽ അകപ്പെട്ടു ശിക്ഷിക്കപ്പെട്ടു പോയി എന്നു പറഞ്ഞു. ഇതു കേട്ടു ന്യായാധിപൻ തന്നെ ൟ വക അനൎത്ഥങ്ങളിൽനിന്നു വിടുവിച്ച ദൈവത്തെ പുകഴ്ത്തി.

എന്നാൽ ദൈവവചനത്തെ കേട്ടാൽ പോരാ ആയതിനെ ഹൃദയത്തിൽ സൂക്ഷിച്ചു കൊള്ളേണ്ടതു. കിണററിൽനിന്നു കോരിയ നീരിനെ വീട്ടിലേക്കു ചുമന്നുകൊണ്ടു പോകുന്നതിന്നിടയിൽ ചോൎന്നു പോയാൽ പാത്രത്തെ കഴുത്തോളം നിറച്ചാലും എന്തു പ്രയോജനം. പിന്നേ ചരതിച്ച വചനത്തിന്നു തക്ക ഫലങ്ങളും വേണം. ആ ഫലങ്ങളത്രേ സത്യദൈവാരാധന. എങ്ങനെ എന്നാൽ പിതാവായ ദൈവത്തിന്നു മുമ്പാകേ

ശുദ്ധവും നിൎമ്മലതയും ഉള്ള ആരാധനയോ അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും തന്നേത്താൻ ലോകത്തിൽനിന്നു കളങ്കമില്ലാത്തവനായി കാത്തിരിക്കുന്നതും അത്രേ. ആകയാൽ വിശുദ്ധധൎമ്മത്തെ സൂക്ഷിക്കുന്നതും പരോപകാരം ചെയ്യുന്നതും മതാചാരങ്ങളെ കാക്കുന്നതും അല്ലാതെ മറ്റൊന്നും ഞായറാഴ്ചയിൽ നടക്കേരുതു. അതിന്നു ദൈവവചനമത്രേ വഴി കാണിക്കും. ദൈവവചനമാകുന്ന സത്യവേദത്തെ കേട്ടു കൈക്കൊള്ളുന്നവൻ അത്രേ ധന്യൻ. പൊൻനുറുക്കും വജ്രപ്പൊടിയും എത്ര ചെറുതായിരുന്നാലും ആൎക്കും അതിനെ ചാടിക്കളവാൻ മനസ്സില്ലാതപ്രകാരം ഭക്തന്മാർ സത്യവേദത്തിലേ ഓരോ വചനത്തെ വിലയേറിയതെന്നെണ്ണി പ്രിയത്തോടെ ഹൃദയത്തിൽ ചരതിച്ചു കൊള്ളും അവരുടെ പ്രാൎത്ഥനയാവിതു:—യഹോവേ തിരുവെപ്പുകളുടെ വഴിയെ എനിക്കുപദേശിച്ചാലും എന്നാൽ അവസാനംവരേ ഞാൻ അവ സൂക്ഷിക്കും..... ആദായത്തിലേക്കല്ല നിന്റെ സാക്ഷ്യങ്ങളിലേക്കു എൻ ഹൃദയത്തെ ചായ്ക്കുക. മായ കാണ്കയിൽ നിന്നു എൻ കണ്ണുകളെ വാങ്ങുമാറാക്കി നിന്റെ വഴിയിൽ എന്നേ ഉയിൎപ്പിച്ചാലും. എന്റെ ഓഹരി യഹോവ തന്നെ..... സങ്കീ. ൧൧൯, ൩൩—൫൭. നീ പാപികളായ മനുഷ്യരുടെ വീണ്ടെടുപ്പിന്നായി അയച്ച നിന്റെ പ്രിയപുത്രനിൽ വിശ്വസിക്കുന്നതു അത്രേ നിന്റെ പ്രസാദത്തിന്നും എന്റെ നിത്യ രക്ഷെക്കും ആശ്ശൂട്ടുകയാൽ അവനെ ഞാൻ കൈക്കൊണ്ടു നിണക്കു അനുസരണമുള്ളവനായി തീരേണമേ. ആമെൻ. എന്നു പ്രാൎത്ഥിക്കും.

ഇങ്ങനേ എല്ലാററിൽ ദൈവത്തിന്റെ പ്രസാദത്തെ മുന്നിടുന്നവർ സകല ബുദ്ധിയെ കടക്കുന്ന ദൈവസമാധാനത്തെ തങ്ങളുടെ ഹൃദയങ്ങളിൽ അനുഭവിച്ചു ദൈവസ്വസ്ഥതയിൽ പങ്കുള്ളവർ ആകും. ആ സ്വസ്ഥതയെക്കൊണ്ടു ഏഴാം നാളിൽ ദൈവം കല്പിച്ച സ്വസ്ഥത നമ്മെ ഓൎമ്മപ്പെടുത്തുന്നു. ജീവനുള്ള ദൈവം ആറു നാൾകളിൽ സൃഷ്ടിയെ തികെച്ചപ്പോൾ ശബ്ബത്തു ദിവസത്തേയും പാപാഗാധത്തിൽ അകപ്പെട്ട മനുഷ്യൎക്കു വേണ്ടി മരിച്ച ദൈവപുത്രനായ യേശുക്രിസ്തൻ ഉയിൎത്തെഴുനീററു ജീവനേയും ചാകായ്മയെയും വെളിച്ചത്താക്കിയ ഞായറാഴ്ച നാളിനെയും ശുദ്ധീകരിച്ചതുകൊണ്ടു ലൌകിക അദ്ധ്വാനത്തിൽനിന്നു മാത്രം അല്ല പാപസേവയെ വിട്ടു എല്ലാ ദോഷത്തിൽനിന്നും നാം സ്വസ്ഥതയെ പ്രാപിക്കേണം എന്നു ദൈവത്തിന്റെ തിരുമനസ്സത്രേ. ലൌകിക വേലയിൽനിന്നുള്ള സ്വസ്ഥത സ്വൎഗ്ഗത്തിലുള്ള സ്വസ്ഥതയുടെ നിഴലും ആത്മിക സ്വസ്ഥതയോ തികഞ്ഞ ആ ദൈവസ്വസ്ഥതയുടെ അച്ചാരവും അത്രേ. എന്നാൽ ദൈവജനത്തിന്നു മരിച്ചശേഷം ദൈവസന്നിധിയിൽ തികഞ്ഞ സ്വസ്ഥതാനുഭവം ഉണ്ടു. അവിടെ പാപവും കേടും നോവും ചാവും അശേഷം അടുക്കാതെ ഭാഗ്യവും തൃപ്തിയും മാത്രമേ ഉള്ളു. ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ കരുണയുള്ള ദൈവം യേശുക്രിസ്തൻ മൂലം നമുക്കെല്ലാവൎക്കും തുണെക്കുകേ ആവു. ആമെൻ.

Mangalore, Basel Mission Book & Tract Depository, 1879.

Basel Mission Press, Mangalore.

THE DECALOGUE.

THE FIFTH COMMANDMENT.

ദശവാക്യാമൃതം.

ആറാം പൎവ്വം.

അഞ്ചാം കല്പന: (നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിന്റെ നാളുകൾ ദീൎഘമാകുവാനായിട്ടു) നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.

വീട്ടിൽ തലയാളികളായ അഛ്ശൻ അമ്മ കാരണവർ യജമാനൻ യജമാനത്തി എന്നിവരേയും രാജാവെയും രാജാധികാരമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും സഭയിൽ പ്രമാണപ്പെട്ട ഗുരുഭൃത്യന്മാരെയും ബഹുമാനിക്കേണം. ആയതു വിനയ അനുസരണങ്ങളോടേ നടന്നു മാനമൎയ്യാദ ഒപ്പിച്ചു സ്നേഹശുശ്രൂഷകൾ ചെയ്യുന്നതു അത്രേ. പെററവരോ യജമാനന്മാരോ അധികാരികളോ ദൈവവചനത്തിന്നും ദൈവേഷ്ടത്തിന്നും നീതിക്കും വിരോധമായി എന്തെങ്കിലും കല്പിക്കയും ചോദിക്കയും ചെയ്യുന്ന പക്ഷം ബന്ധുക്കളേക്കാൾ ബന്ധുവും മുഖ്യസ്ഥന്മാരേക്കാൾ മുഖ്യസ്ഥനും വലിയവൻ ദൈവമത്രേ എന്നുവെച്ചു അതിന്നു ചെവി കൊടുക്കാതെ ദൈവത്തിന്നു മാത്രം ചെവി കൊടുത്തു നടക്കേണം.

മേല്പറഞ്ഞവർ എല്ലാം ദൈവത്തിന്റെ സ്ഥാനാപതികൾ ആകകൊണ്ടു യഹോവ അവൎക്കു തന്നിൽ കിഴിഞ്ഞ മാനത്തെ കല്പിച്ചിരിക്കുന്നു. അതിനെ ഒപ്പിക്കുമ്പോൾ പാത്രങ്ങളുടെ മാററിനെ നോക്കേണ്ടാ. അവൎക്കു കുറവുണ്ടായാലും അവർ ഇഹത്തിൽ ദൈവനാമത്തിൽ നീതിന്യായങ്ങളെ നടത്തുന്നു. ആകയാൽ തന്നെ പെററവരെ ശപിച്ചും നാണം കെടുത്തും മനസ്സിനെ നൊമ്പലിച്ചും അടിച്ചും ചൊടിച്ചും മററും നടക്കുന്നവന്റെ വിളക്കു കൂരിരുട്ടിൽ കെട്ടു പോകും. ആയതിന്നു ഒരു ദൃഷ്ടാന്തം ചൊല്ലാം. വളരെ മുങ്കോപമുള്ള ഒരു ബാല്യക്കാരൻ വയസ്സനായ തന്റെ അഛ്ശനെ

കോപത്തിൽ തല്ലികൊന്ന ശവത്തെ എടുത്തു മറ ചെയ്തു. കിഴവൻ മകന്റെ കയ്യാൽ മരിച്ചതു യാതൊരുത്തരും കാണാഞ്ഞിട്ടും ഊഹിക്കാഞ്ഞിട്ടും മരിച്ചുപോയ തൊണ്ടന്റെ മകൻ മൂന്നുനാലു പക്ഷിക്കുഞ്ഞുങ്ങളുള്ള ഒരു കൂടിനെ പിച്ചനേപോലെ വടികൊണ്ടു തല്ലുമ്പോൾ തന്റെ തോട്ടത്തിൽ നില്ക്കുന്ന ഒരുത്തൻ യദൃഛ്ശയാ കണ്ടാറെ അവനോടു: അയ്യോ പാപി ഇതെന്തൊരു പണി? ആ സാധുക്കളായ പക്ഷിക്കുഞ്ഞികളെ നീ എന്തിന്നു തല്ലി ഉപദ്രവിക്കുന്നു? അവ നിന്നോടു എന്തു ചെയ്തു? എന്നു പറഞ്ഞു തടുത്തതിന്നു ആയവൻ: ഠരം കൂട്ടർ ഘാതക! പിതൃഘാതക! എന്നു എന്നെ നോക്കി കൂകുന്നതിനെ നീ കേട്ടിട്ടില്ലയോ? ഇങ്ങനെ എന്തുകൊണ്ടു കൂകുന്നു? എന്നു ചൊല്ലി കണ്ണു ചുവപ്പിച്ചു കയൎത്തു നോക്കി പിന്നെയും അവററെ തല്ലേണ്ടതിന്നു മരത്തിന്മേൽ കയറി. ആ മനുഷ്യനോ ഇവൻ തന്നെ അപ്പനായ വയസ്സനെ കൊന്നവനായിരിക്കും എന്നു സംശയിച്ചു വേഗം ചെന്നു തോട്ടത്തിൽ കണ്ടതിനെ പൊലീസ്സ് ഠാണാവിൽ അറിയിച്ചു. ഉടനേ പൊലീസ്സുകാർ വന്നു അവനെ പിടിച്ചു തുമ്പുണ്ടാക്കി. ന്യായാധിപൻ വിസ്തരിച്ചതിൽ താൻ അഛ്ശനെ അടിച്ചു കൊന്ന കുററത്തെ സമ്മതിച്ചു തൂക്കമരത്തിൽ മരിപ്പാൻ സംഗതി വന്നു.

തന്റെ അമ്മയഛ്ശന്മാരെയും കാരണവന്മാരെയും മററും അടിക്കുന്നവൻ സ്വന്ത മക്കളുടെ കൈയിൽ തന്നേ തല്ലുവാൻ വടിയെ കൊടുക്കുന്നു നിശ്ചയം. ദുഷ്ടനായ ഒരു മകൻ തന്റെ അഛ്ശന്റെ തലമുടിയെ (കുടുമയെ) പിടിച്ചു അവനെ അകായിൽനിന്നു പുറത്തേ വാതില്പടിയോളം വലിച്ചു കോലായിലേക്കും ഇഴെച്ച് വലിക്കുന്ന ഭാവം അഛ്ശൻ കണ്ടപ്പോൾ: അയ്യോ മകനേ മതി! ഇപ്പോൾ വിടുക! മുമ്പേ ഞാനും നിന്റെ മുത്തപ്പനെ മുടി പിടിച്ചു ഠരം വാതിലോളമേ വലിച്ചു കൊണ്ടു വന്നിട്ടുള്ളു എന്നു കേട്ടു മകൻ ഞെട്ടി പിടി വിട്ടുകളഞ്ഞു.

അമ്മയഛ്ശന്മാരെ തല്ലിയ കൈ ശവക്കുഴിയിലും സ്വസ്ഥമായിരിക്കയില്ല. തന്റെ അമ്മയെ ദുഃഖിപ്പിച്ചവൻ അതിൻ ഫലം അനുഭവിക്കാതെ ഇരിക്കയുമില്ല. എന്നതിന്നു ഒരു ദുഃഖവൎത്തമാനത്തെ കേൾപ്പിൻ.

പോക്കിരിയായ ഒരുവൻ സാധുവും വയസ്സനുമായ തന്റെ അഛ്ശനോടു കൂടക്കൂടെ കയൎത്തും ചൊടിച്ചുംകൊണ്ടും അവനെ ദുഃഖിപ്പിച്ചതല്ലാതെ ചാവു കിടക്കയിലും മനം നൊന്തു കരവാൻ ഇട വരുത്തി. അവന്റെ മരണത്തിൽ ആ ബാല്യക്കാരൻ സന്തോഷിച്ചതു കൂടാതെ പെററപ്പനെ കുഴിച്ചിട്ടപ്പോൾ പൊട്ടിച്ചിരിച്ചതു കണ്ടവർ: ദൈവം ഇവനെ ഇത്ര പൊറുത്തതും ജീവനോടെ വെച്ചതും അത്ഭുതമല്ലയോ; ഇങ്ങനേത്തവന്നു ദൈവം വരുത്തുന്ന ശിക്ഷ എന്തായിരിക്കും പോൽ എന്നു തങ്ങളിൽ വിചാരിച്ചു കാത്തിരുന്നു. അതിൽ പിന്നെ വേണ്ടുന്ന പൊന്നും മണ്ണും ഉള്ള ഒരു

പെണ്ണിനെ വിവാഹം ചെയ്തു. ധനമദത്താൽ ഗൎവ്വിച്ചുവെങ്കിലും വേളി കഴിഞ്ഞിട്ടു ഒരു കൊല്ലം കഴിയുന്നതിന്നിടയിൽ കെട്ടിയവൾ മരിച്ചു കുഴിച്ചിടുമ്പോൾ അവൻ വളരെ തൊഴിച്ചു കരഞ്ഞു. അവൾ സന്തതി കൂടാതെ മരിക്കകൊണ്ടു ആ നാട്ടുമുറപ്രകാരം സ്ത്രീധനത്തെ അവളുടെ ബന്ധുക്കൾക്കു തിരികേ ഏല്പിക്കേണ്ടി വന്നു. തന്റെ വലിപ്പത്തിന്നും ഉയൎച്ചെക്കും പെട്ടന്നു തട്ടിയ താഴ്ചകൊണ്ടു വീണ്ടും ദരിദ്രനായി മുമ്പേ ശീലിച്ച സുഖഭോഗങ്ങൾ ഇല്ലാതെ വലഞ്ഞിട്ടും പണിയെടുപ്പാൻ മനസ്സവെക്കായ്കയാൽ കപ്പാനും കവരുവാനും തുടങ്ങിയാറെ ഒടുവിൽ കളവു കുറ്റത്തിൽ ഉൾപ്പെട്ടു നാടു കടത്തപ്പെടുവാൻ ഇടവരികയും ചെയ്തു.

എങ്കിലോ മക്കൾ പെറ്റവൎക്കു പ്രത്യുപകാരം ചെയ്തു അവരുടെ അനുഗ്രഹം കൈക്കലാക്കേണം. പെറ്റവരുടെ ആശീൎവ്വാദം വലിയ മുതലിനേക്കാൾ മക്കൾക്കു മഹാലാഭം തന്നെ എന്നതു നല്ലോരു കഥയാൽ വിളങ്ങും. വിവാഹപ്പരുവമുള്ള ഒരു കന്യക തന്റെ നാൾ കഴിച്ചലിന്നും ദരിദ്രതയും രോഗവും വയസ്സുമുള്ള വിധവയായ അമ്മയുടെ കഴിച്ചലിന്നും വേണ്ടുന്നവറ്റെ സമ്പാദിക്കേണ്ടുന്നതിന്നു തുന്നൽ മുതലായ പണികളെ ചെയ്തുവന്നു. തനിക്കു എത്ര പ്രയാസം വന്നിട്ടും അമ്മയെ കുറിച്ചു മുഷിയാതെ വളരെ സ്നേഹത്തോടേ നോക്കി വേണ്ടുന്ന ശുശ്രൂഷ ചെയ്തുപോന്നു. ഇങ്ങനേ ഇരിക്കുമ്പോൾ ധനവാനും ഫലശാലിയുമായ ഒരു ബാല്യക്കാരൻ അവളെ സ്നേഹിച്ചു വിവാഹത്തിന്നായി ചോദിച്ചപ്പോൾ താൻ വേളി കഴിച്ചാൽ അമ്മയെ പോറ്റി ശുശ്രൂഷിക്കുന്നതിന്നു ഇനിമേൽ അത്ര ഇട ഉണ്ടാകയില്ലെന്നു ശങ്കിച്ചു തന്നെയും അവനെയും നോക്കി എത്രയും മനസ്സും സന്തോഷവും ഉണ്ടായിരുന്നിട്ടും അമ്മയേ വിചാരിച്ചിട്ടു സമ്മതപ്പെടാതെ ഇരുന്നു. അതിനെ കേട്ട ജനങ്ങളിൽ പലർ കാറ്റടിക്കുമ്പോൾ തൂറ്റാത്ത വമ്പെണ്ണത്തി എന്നു വിചാരിച്ചു അവളെ തുച്ഛീകരിച്ചു എങ്കിലും ചിലർ അവൾ ഒരു ശുദ്ധകന്യകാരത്നം തന്നെ എന്നു വെച്ചു അവളെ മാനിച്ചുപോന്നു. മേല്പറഞ്ഞ ബാല്യക്കാരൻ മറ്റൊരുത്തിയെ വിവാഹം ചെയ്തു. അവൻ വിവാഹം ചെയ്തു ൨ മാസങ്ങളുടെ ശേഷം ഇവളുടെ അമ്മ കഴിഞ്ഞുപോയി. ആ ഇടെക്കു തന്നെ ആ ബാല്യക്കാരനും ഒരം ലോകത്തെ വിട്ടു. അവൾ മാതൃസേവയെ വിട്ടു അവനെ കെട്ടിയിരുന്നുവെങ്കിൽ അമ്മയും കെട്ടിയവനും മരിച്ചുപോയ ദുഃഖം അവളെ ബഹു കഷ്ടത്തിൽ ആക്കുമായിരുന്നു. അമ്മ മരിച്ചതിൽ പിന്നെ നല്ല ഒരു ഭക്തനും കഴിച്ചലിന്നു വകയുള്ളവനുമായ ഒരു ബാല്യക്കാരൻ അവളുടെ സുശീലത്തെ അറിഞ്ഞു അവളെ വിവാഹം ചെയ്തു. പിന്നെ അവൾ വീട്ടുകാൎയ്യത്തിൽ ദൈവാനുഗ്രഹം ലഭിച്ചവളായി മക്കളെയും പേരമക്കളെയും കണ്ടു ദീൎഘായുസ്സോളം ജീവിച്ചു ഒടുക്കം ദൈവം തന്റെ ഭക്തന്മാൎക്കു കൊടുക്കുന്ന രാജ്യത്തിൽ പ്രവേശിക്കയും ചെയ്തു.

ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങുക, കാരണം ദൈവത്തിൽനിന്നല്ലാതെ അധികാരം ഒന്നുമില്ല. അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. അന്യായം കുലപാതകം മുതലായ ദുഷ്കൎമ്മങ്ങളെ തടുത്തു കള്ളന്മാർ മുതലായവരെ ശിക്ഷിച്ചു നീതിന്യായങ്ങളെ നടത്തി നല്ല പ്രജകളെ രക്ഷിച്ചു പരിപാലിക്കേണ്ടതിന്നു കോയ്മ ദൈവത്താൽ നിയമിക്കപ്പെട്ടതായിരിക്കുന്നു. മരത്തണലിൽ ഇരിക്കുന്നവൻ മരത്തെ നൊമ്പലിക്കരുതു. നാസ്കൂല്ലുകളെയും കളകളെയും പറിച്ചുകളയാതെ ഞാറിനെ ഞെരുക്കുന്നവൻ ദുഷ്ടന്മാൎക്കു മിത്രനും ശിഷ്ടന്മാൎക്കു ശത്രുവും അത്രെ. ആകയാൽ കോയ്മ നല്ലവരെ രക്ഷിച്ചു ദുഷ്ടന്മാരെ ശിക്ഷിക്കുന്നതുകൊണ്ടു നാം അവൎക്കു എവ്വിധത്തിൽ പിന്തുണയായി ഇരിക്കേണം; ആ സംഗതിയാൽ: ദൈവത്തെ ഭയപ്പെടുവിൻ രാജാവെ മാനിപ്പിൻ എന്നും രാജാവിന്നുള്ളതിനെ രാജാവിന്നും ദൈവത്തിന്നുള്ളതിനെ ദൈവത്തിന്നും ഒപ്പിപ്പിൻ എന്നും ദൈവം കല്പിക്കുന്നു. അതുകൂടാതെ നിങ്ങൾ ഭക്തിയിലും ക്ഷാന്തിയിലും മൎയ്യാദയിലും ജീവനം കഴിച്ചു എല്ലാമനുഷ്യൎക്കു വേണ്ടിയും രാജാക്കന്മാൎക്കു വേണ്ടിയും അധികാരികൾക്കു വേണ്ടിയും ദൈവത്തോടു പ്രാൎത്ഥിക്കയും യാചിക്കയും ചെയ്വിൻ.

കോയ്മ രാജ്യമെന്ന ഗൃഹത്തിൽ തലയെന്നു പറയാം. അതു കെട്ടുപോയാൽ വീടു മുഴുവനും നശിക്കും. ദൈവത്തെ കുറിച്ചുള്ള ഭയഭക്തി തലയുടെ മുഖവും, മമതയും സ്നേഹവും അതിന്നു നെററിയും, രാജപ്രജാധൎമ്മങ്ങൾ തലയുടെ മണ്ടയും എന്നു പറയാം. ഇങ്ങനെ എല്ലാവരും ഒത്തൊരുമിച്ചു കോയ്മെക്കു അനുകൂലമായിരിക്കേണം.

ഒടുവിൽ വേലക്കാരെ സകല ഭയത്തോടും യജമാനന്മാൎക്കു കീഴടങ്ങിയിരിപ്പിൻ. ദൃഷ്ടിസേവകൊണ്ട് മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായല്ല ദൈവത്തിൻ ജനങ്ങളായിട്ടു അവന്റെ ചിത്തത്തെ മനഃപൂൎവ്വമായിട്ട് നിവൃത്തിക്കുന്നവരായി സേവിപ്പിൻ.

മാനുഷസേവകന്നു മനുഷ്യർ ശമ്പളം കൊടുക്കുന്നു. ദൈവസേവകന്നു ദൈവമത്രെ പ്രതിഫലം നല്കുന്നു. വിശ്വസ്തത എല്ലാററിൽ മഹാലാഭം തന്നെ. പെറേറാരും മക്കളും ഗുരുശിഷ്യന്മാരും യജമാനരും വേലക്കാരും കോയ്മയും കുടികളും ഇവരെല്ലാവരും ദൈവത്തിന്നു കണക്കു ബോധിപ്പിക്കേണ്ടുന്നവർ ആകകൊണ്ടു നാം ഓരോരുത്തർ നമ്മുടെ നിലെക്കു തക്ക മുറയെ ഒപ്പിക്കേണ്ടതിന്നു ദൈവം തന്നെ നമ്മെ കോപ്പുള്ളവരാക്കി തീൎക്കേണമേ.

Mangalore, Basel Mission Book & Tract Depository, 1879.

Basel Mission Press, Mangalore.

THE DECALOGUE.

THE SIXTH COMMANDMENT.

ദശവാക്യാമൃതം.

ഏഴാം പൎവ്വം.

ആറാം കല്പന: നീ കുല ചെയ്യരുതു.

ആരോടും അടിപിടി കൂടുകയും വല്ലവന്നും നഞ്ഞും വിഷവും കൊടുക്കയും ആരേയെങ്കിലും വെള്ളം തീ മുതലായവററിൽ ഉന്തിതള്ളിയിട്ടു ജീവഹാനി വരുത്തുകയും വല്ലപ്രകാരം യാതൊരുവന്റെ ദേഹിദേഹങ്ങൾക്ക കേടു പിണെക്കകയും ആപത്തു വരുത്തുകയും ചെയ്യരുതു എന്നു ഈ കല്പന വിലക്കുന്നു.

"ആരെങ്കിലും മനുഷ്യന്റെ രക്തത്തെ ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യനാൽ ചൊരിയിക്കപ്പെടേണം" എന്നു ജലപ്രളയത്തിന്റെ ശേഷം പുതുവംശപിതാവിനോടു ദൈവം അരുളിയതു. അതിന്റെ പൊരുളോ ഒരുവൻ കുല ചെയ്താൽ കോയ്മ അവനെ തല വെട്ടിയോ തൂക്കിയോ വെടിവെച്ചോ കൊല്ലിക്കേണം എന്നു തന്നേ. കോയ്മയുടെ അറിയായ്മയാലോ മററോ കുലക്കുററം തെളിയാതെ പോയാലും ഹൃദയജ്ഞാതാവും ന്യായാധിപതിയും കൎത്താവുമായ ദൈവത്തിൻ തിരുമുമ്പിൽ അവന്നു ഒളിച്ചോടിപ്പോകുവാൻ കഴികയില്ല. ആയവൻ ആൎക്കും അറിയായി വരാത്ത കുലപാതകന്മാൎക്കും കൂടെ അവരവരുടെ ക്രിയെക്ക തക്ക പ്രതിഫലം അതിശയമാകുംവണ്ണം കൊടുക്കുന്നതു കാണ്മാനുണ്ടു. ഇഹത്തിൽ പരസ്യമാകാത്ത കുലപാതകന്മാൎക്ക താൻ പരത്തിൽ ന്യായവിധി നടത്തുകയും ചെയ്യും.

സ്വീച്ചൎലാന്തു എന്ന ദേശത്തിലേ ഓരൂരിൽ ദരിദ്രരായ അമ്മയച്ഛന്മാൎക്ക ഒരു മകൻ ഉണ്ടായിരുന്നു. അവൻ പണിക്കായിട്ടു നാടുവിട്ടു ദൂരദേശത്തു പോയി എഴുത്തറിയായ്കകൊണ്ടു പെററവൎക്ക കത്തയക്കുകയോ അവരിൽനിന്നു എഴുത്തു കിട്ടുകയോ ചെയ്വാൻ പാടില്ലാതെ അഞ്ചാറു വൎഷം കഴിഞ്ഞതിൽ പിന്നേ താൻ വേണ്ടുന്ന മുതൽ സമ്പാദിച്ചു നാട്ടാധി പൊറുത്തു കൂടാഞ്ഞതുകൊണ്ടു അവൻ ഒരു ചങ്ങാതിയോടു കൂടി സ്വദേശത്തിലേക്ക പുറപ്പെട്ടു. ഒരു നാൾ വൈകുന്നേരം തന്റെ ഊരിൽ എത്തിയപ്പോൾ തന്റെ അ

മ്മയച്ഛന്മാർ വളരെ വിസ്മയിച്ച സന്തോഷിക്കേണ്ടതിന്നായി എന്തൊരു ഉപായം ചെയ്യേണം എന്നു ആലോചിച്ച തൻെറ ചങ്ങാതിയോടു പറഞ്ഞതാവിതു: ഞാൻ ഇപ്പോൾ എൻെറ വീട്ടിലേക്ക ചെന്നു എന്നേ അറിയിക്കാതെ രാ പാൎക്കേണ്ടതിന്നു പെറേറാരോടു അപേക്ഷിക്കും. നീ വഴിയമ്പലത്തിലേക്ക പോയി നാള പുലൎച്ചെക്ക എൻെറ വീട്ടിൽ വന്നു എൻെറ അമ്മയച്ഛന്മാരോടു എൻെറ പേരിൽ നിങ്ങളുടെ മകനെ ഞാൻ കാണ്മാൻ വന്നിരിക്കുന്നു എന്നു പറയേണം. നീ വരുവോളം ഞാൻ എഴുനീല്ക്കയില്ല. ഇങ്ങനേ ചെയ്താൽ എൻെറ പെററവൎക്ക വളരെ വിസ്മയവും സന്തോഷവും ഉണ്ടാകും. അതിന്നു ചങ്ങാതി സമ്മതിച്ച താൻ വഴിയമ്പലത്തിലേക്ക പോകയും ചെയ്തു. എന്നാൽ അവൻ തൻെറ വീട്ടിലേക്ക ചെന്നു അമ്മയച്ഛന്മാൎക്ക തന്നേ അറിയിക്കാതെ രാത്രി താമസിക്കേണ്ടതിന്നു വണക്കമായി അവരോടു അപേക്ഷിച്ചതിന്നു അവർ സമ്മതിക്കായ്കയാൽ അവൻ മടിശ്ശീലയിൽനിന്നു ഒരു ഉറുപ്പിക എടുത്തു അവൎക്ക കൊടുത്തപ്പോൾ അവർ രാ തങ്ങുവാൻ അനുവദിച്ച അവന്നു അത്താഴവും ഒരു കട്ടിലും കോതടിയും കൊടുത്തു. അവൻ അത്താഴം ഉണ്ടശേഷം വഴിയാത്ര കൊണ്ടു നന്ന തളൎന്നിരിക്കയാൽ വീടെത്തിയ സന്തോഷത്തെ മറെച്ച കിടന്നു നന്നായി ഉറങ്ങി. വീട്ടുടയവൎക്കോ പരദേശിയുടെ കൈയിൽ ഉള്ള പണം പറേറണം എന്ന വിചാരം ഉണ്ടായിരുന്നതിനാൽ ഉറക്ക വന്നില്ല താനും. അങ്ങനെ ഇരിക്കുമ്പോൾ വീട്ടമ്മ തൻെറ കെട്ടിയവനോടു: നിങ്ങൾ ചെന്നു ആ പരദേശിയെ കൊന്നു വളപ്പിൽ മറ ചെയ്തു കളക എന്നാൽ അവൻെറ കൈയിലുള്ള മുതലെല്ലാം നമുക്കെടുക്കാം. അവൻ ആരും അറിയാതെ കണ്ടു ഇങ്ങു വന്നതിനാൽ കാൎയ്യം പ്രസിദ്ധമാകയില്ല താനും എന്നു പറഞ്ഞു ഭൎത്താവിനെ ധൈൎയ്യപ്പെടുത്തി. പാതിരാക്കോ പരദേശി ഉറങ്ങുന്ന മുറിയിൽ വീട്ടപ്പൻ ചെന്നു നോക്കിയപ്പോൾ അവൻ ഗാഢനിദ്ര കൊണ്ടിരിക്കുന്നു എന്നു കണ്ടു പുലത്തിലുള്ള പാമ്പു വെറുതേ പോകുന്നവനെ തീണ്ടുംപോലേ ആശ്വസിച്ചുറങ്ങുന്ന വഴിപോക്കനേ അവൻ വെണ്മഴുകൊണ്ടു കൊത്തി കണ്ടിച്ച പറമ്പിൽ കൊണ്ടു പോയി മറ ചെയ്തുകളഞ്ഞു. പുലൎച്ചെക്ക മകൻെറ ചങ്ങാതി വന്നു: നിങ്ങളുടെ മകൻെറ ഉറക്ക തെളിഞ്ഞില്ലയോ? അവനേ കണ്ടു സംസാരിക്കേണ്ടതിന്നു ഞാൻ വന്നിരിക്കുന്നു എന്നതു കേട്ടപ്പോൾ, അവർ: ഞങ്ങളുടെ മകൻ ഇവിടെ ഇല്ല. അവൻ നാടുവിട്ടു പോയിട്ടു അഞ്ചാറു കൊല്ലമായി. അയ്യോ! അവൻെറ ഒരു വൎത്തമാനവും ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞതിന്നു അവൻ—: നിങ്ങൾ എന്തു പറയുന്നു? നിങ്ങളുടെ മകൻ ഇവിടേ ഇല്ലയോ? ഇന്നലേ സന്ധ്യെക്ക വന്നവൻ നിങ്ങളുടെ മകൻ അല്ലയോ? അവൻ എവിടെ? എന്നതു കേട്ടപ്പോൾ അവർ:

ഞങ്ങളുടെ അടുക്കേ ആരും വന്നു താമസിച്ചിട്ടില്ല; ഇങ്ങനേത്ത എളിയവരുടെ അടുക്കൽ ആരെങ്കിലും വന്നു പാൎക്കുമോ? എന്നു ചൊല്ലിയതിന്നു അവൻ: നിങ്ങൾ വെറുതെ പറയുന്നതെന്തു? എന്നോടു കൂടെ നിങ്ങളുടെ സ്വന്തമകൻ ഇന്നലേ ൟ ഊരിലേക്കു വന്നു തീൎത്തു പറഞ്ഞപ്പോൾ അവർ പ്രാണൻ പോയവരെ പോലെ ആയ്തീൎന്നു. ഇനി തങ്ങളുടെ ദുഷ്കൎമ്മത്തെ മറെച്ചു വെപ്പാൻ കഴിവില്ലാതെ: ഞങ്ങൾ സ്വന്ത മകനെ കൊന്നുവല്ലോ എന്നു കരഞ്ഞും മുറയിട്ടും കൊണ്ടു പറഞ്ഞു. ൟ കുല നിമിത്തം അവൎക്കു ദുഃഖവും ബുദ്ധിഭ്രമവും പിടിച്ചതുമല്ലാതെ കോയ്മ അവൎക്കു മരണം വിധിച്ചതുകൊണ്ടു അവർ തൂങ്ങി ചാകേണ്ടി വരികയും ചെയ്തു. മകനെ തിരികേ കാണുന്ന സന്തോഷപ്പാലിൽ അവർ മരണവിഷം മനസ്സോടെ കലക്കിയതുകൊണ്ടു തങ്ങളുടെ കഴുത്തിൽ കുടുങ്ങിയ ചളുങ്ങയേക്കാൾ അതു തന്നെ അവരുടെ കഴുത്തു അറുക്കുന്നതായിരുന്നു.

ഹൊല്ലന്ത് രാജ്യത്തിൽ ഒരു ഗൃഹസ്ഥനു തന്റെ ഭാൎയ്യയോടു അനിഷ്ടം തോന്നി അവളെ ചതികുല ചെയ്യേണം എന്നുള്ള പൈശാചിക ആലോചന കൊണ്ട് അല്പം വിഷം കൊണ്ടുവന്നു അവർ ഒരു ദിവസം ഉണ്മാൻ ഇരുന്നപ്പോൾ അവളോടു: ഇനിക്കു അല്പം ഉപ്പു വേണമെന്നു പറഞ്ഞതിനാൽ അതിന്നു വേണ്ടി അവൾ അടുക്കളയിലേക്കു എഴുനീററു പോയ തക്കത്തിൽ അവളുടെ കറിച്ചാററിൽ ആ വിഷം ഒഴിച്ചു അവൾ ഉപ്പു കൊണ്ടു കൊടുത്തശേഷം തനിക്കു ബദ്ധപ്പാടുണ്ടെന്നു ചൊല്ലി വേഗം പുറത്തുപോയി. അവളോ ഏതും ശങ്കിക്കാതെ തന്റെ കറി കൂട്ടുവാൻ ഭാവിച്ച സമയം അട്ടത്തുനിന്നു ഓരെട്ടുകാലി തന്റെ കിണ്ണത്തിൽ വീണതു കണ്ടു മനം വെടിഞ്ഞതിനാൽ കൂട്ടുവാൻ ഉപേക്ഷിച്ചു അതിനെ എടുത്തു കെട്ടിയവന്നു വേണ്ടി മൂടി വെക്കുകയും അവന്റേതു താൻ എടുത്തു കൂട്ടുകയും ചെയ്തു. ഭൎത്താവു തിരിച്ചു വന്നു വിഷം ഭാൎയ്യ കുടിച്ചു എന്നു വെച്ചു സന്തോഷിച്ചു തന്റെ ഭക്ഷണം മുഴവൻ കഴിച്ചു അതിനാൽ അവന്നു കടുപ്പമായൊരു വയറുനൊമ്പലം തുടങ്ങി പൊറുപ്പാൻ പാടില്ലാഞ്ഞപ്പോൾ താൻ ഭാൎയ്യെക്കു നഞ്ഞു കൊടുപ്പാൻ തുനിഞ്ഞതു തനിക്കു തന്നെ ഫലിച്ചതുകൊണ്ടു താൻ കുഴിച്ച കുഴിയിൽ താൻ വീണു എന്നവൻ സ്വീകരിച്ചു മരിച്ചു.

ഇവ എല്ലാം കൊണ്ടും കാണായ്വരുന്നതു അന്യരെ കൊന്നുകളയുന്നതു മാത്രമല്ല തങ്ങൾക്കു തന്നേ നാശം പിണെക്കുന്ന ആത്മഹത്തിയും ൟ കല്പന വിലെക്കിയിരിക്കുന്നു.

അതോ വല്ല കോപം നിമിത്തം തൂങ്ങിക്കളക കുടിപ്പുക വീളുവാനും അയല്ക്കാരനെ കുടുക്കുവാനും അവന്റെ കിണററിലോ കുളത്തിലോ വീണ ചാക ദുൎമ്മാൎഗ്ഗംകൊണ്ടു പിണെച്ച മാനഹാനിയെ മറെപ്പാൻ മേത്തോന്നി നരിനാവു വിഷം മുതലായതു സേവിച്ചുകളക പൊറുത്തു കൂടാത്ത

ദുഃഖം നിമിത്തം വല്ല വിധേന തന്റെ പ്രാണനേ കളക കുഡുംബക്കാരോടു കലഹിച്ചോ കോയ്മയോടു പിഴെച്ചോ കാടു കയറി ഒളിച്ചു ജീവഹാനി വരുത്തുക വെറുപ്പുകൊണ്ടു പട്ടിണിയിടുക കുടി വ്യഭിചാരം അശുദ്ധിശണ്ഠ മല്ലുകെട്ടു ഉറച്ചൽ തുടങ്ങിയുള്ളവററാൽ പ്രാണനെ പോക്കുക എന്നിത്യാദി തങ്കുലയും അതിന്നുള്ള ഒരുമ്പാട്ടും കരുതിവിചാരവും അശേഷം ൟ തിരുമൊഴി വിലക്കി അകററുന്നു.

എന്നാൽ ഇതുമാത്രമല്ല തന്റെ സഹോദരനാകുന്ന യാതൊരു മനുഷ്യനോടു വെറുതെ കോപിക്കയും അവനെ നാണം കെടുക്കുകയും പകെക്കുകയും പഴതേ കുററം വിധിക്കുകയും അവനെകൊണ്ടു കുരളയും അപവാദവും പറകയും അവന്റെ നല്ല നാമത്തെ കെടുക്കുകയും അവന്റെ നന്മയെല്ലാം മുടക്കുകയും മാരണം ക്ഷുദ്രം മുതലായ പൈശാചിക ക്രിയകളെകൊണ്ടു അവന്നു അപായം വരുത്തുകയും ചെയ്യുന്നതും കൂട കുലപാതകം തന്നേ. ഒടുവിൽ വല്ലവന്റെ നേരെ തനിക്കു കൈപ്പും കാണരായ്മയും പൊറുക്കരായ്മയും പകയും മററും ഉണ്ടാകുന്നതു ദൈവം മുമ്പാകെ സാക്ഷാൽ കുലപാതകം തന്നേ ആയിരിക്കുന്നു. ആകയാൽ തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കുലപാതകൻ എന്നു തിരുമൊഴിയുള്ളതിനാൽ യാതൊരു മനുഷ്യനെ ഹീനജാതിയെന്നു വെച്ചു നിന്ദിച്ചു ധിക്കരിക്കുന്നതും കൂടെ നരഹത്തി അത്രേ.

ഇപ്രകാരം എല്ലാം ചിന്തിച്ചാൽ മനുഷ്യൻ അത്യുന്നത ദൈവത്തിൻ സാദൃശ്യത്തിൽ ഉള്ളവനായിരിക്കകൊണ്ടു മനുഷ്യനെ മേല്പറഞ്ഞപ്രകാരം ഒടുക്കുന്നവൻ സ്രഷ്ടാവിനെ തുച്ഛീകരിക്കുന്നു. ഇങ്ങനെയുള്ളവർ അവന്റെ നീതിയുള്ള ന്യായവിധിയിൽനിന്നു ഒഴിഞ്ഞു പോകയില്ല താനും.

എന്നാൽ ജീവനെ നശിപ്പിക്കയല്ല അതിനെ രക്ഷിക്ക എന്നത്രേ ൟ കല്പനയുടെ സാരം. ൟ കാൎയ്യം നമുക്കു സാധിപ്പാൻ വേണ്ടുന്ന ഉപായങ്ങൾ ആവിതു. തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക. അയല്ക്കാരന്റെ ജീവന്നു ഹാനി വരാതെ തുണെക്കുന്നതു തന്റെ സ്വന്ത ജീവനെ പരിപാലിക്കുന്നതാകുന്നു. കത്തുന്ന അയൽ വീട്ടിൻ തീ കെടുക്കുന്നതു സ്വന്ത വീട്ടിനെ തീ ഭയത്തിൽനിന്നു ഉദ്ധരിക്കുന്നതു അത്രേ. കരയുന്നവരോടു കൂടെ കരകയും സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കയും വേണം. എല്ലാ മനുഷ്യൎക്കു ആവോളം നന്മ ചെയ്കയും അവരെകൊണ്ടു നന്മയെ പറകയും അവരിൽ സമാധാനം നടത്തിക്കയും അവരുടെ സങ്കടങ്ങളെ പോക്കുകയും ചെയ്ക. ബലത്തിന്നു കഴിയാത്തതു സ്നേഹത്തിന്നു കഴിയും താനും. സകലത്തിലും പരമായി ശത്രുക്കളെ സ്നേഹിക്കയും പകെക്കുന്നവരിൽ പ്രിയം ഭാവിക്കയും ചെയ്യേണം എന്നതു ലോകരക്ഷിതാവിൻ വഴിയത്രേ; സ്നേഹത്തിന്നു സ്നേഹമല്ലോ മുരടു. അപകാരിക്കുപകാരം ചെയ്യുന്നതിൽ വല്ലഭനാക. പരമന്യായമോ ദയയത്രേ. ഇങ്ങനെ ഭയഭക്തിയോടും വിശ്വസ്തതയോടും ചെയ്യുന്നവൻ സ്വൎഗ്ഗസ്ഥപിതാവിന്റെ കുട്ടിയും ദൈവത്തെ ആത്മാവിലും സത്യത്തിലും ഉപാസിക്കുന്നവൻ നിത്യജീവന്നു പങ്കാളിയും ആയിരിക്കേയുള്ളു.

Mangalore, Basel Mission Book & Tract Depository, 1879.

Basel Mission Press, Mangalore.

No. 10.

THE DECALOGUE.

THE SEVENTH COMMANDMENT.

ദ ശ വ ാ ക്യാ മൃ തം.

എട്ടാം പൎവ്വം.

ഏഴാം കല്പന: നീ വ്യഭിചരിക്കരുതു.

വിശുദ്ധനായ ദൈവത്തെ ഭയപ്പെട്ടും സ്നേഹിച്ചുംകൊണ്ടു മനസ്സ വാക്കു നടപ്പുകളാൽ ദുൎമ്മോഹം ദുഷ്കാമം മുതലായ പാപങ്ങളിൽനിന്നു ഒഴിഞ്ഞു നടക്കുന്നതും അല്ലാതെ ഹൃദയത്തിൽനിന്നു ദുഷ്കാമം മുതലായതു ജനിപ്പാൻ തക്ക മടിവു അതിഭക്ഷണം ദുൎമ്മോഹത്തെ ഉളവാക്കുന്ന വസ്ത്രാഭരണങ്ങൾ ദുഷ്ടസംസൎഗ്ഗം കാമശാസ്ത്രങ്ങൾ ലീലാനാടകങ്ങൾ കൂത്തുകൾ അവലക്ഷണ ചിത്രങ്ങളും മററും ഏഴാം കല്പനയാൽ വിലക്കിയിരിക്കുന്നു. ആകയാൽ ഭാൎയ്യാഭൎത്താക്കന്മാർ തങ്ങളുടെ സംസൎഗ്ഗത്തിന്നു ഭംഗം വരാത്തവണ്ണം തമ്മിൽ തമ്മിൽ എങ്ങനെ ആചരിക്കയും സ്നേഹിക്കയും മാനിക്കയും വേണമെന്നു തന്നെയല്ല വിവാഹമില്ലാത്തവരും നടക്കേണ്ടുന്ന ക്രമവും "നീ വ്യഭിചരിക്കരുതു" എന്ന കല്പനയിൽ അടങ്ങിയിരിക്കുന്നു.

I. വിവാഹസ്ഥന്മാരെ കൊണ്ടു പറയുന്നതു കേൾപ്പിൻ: "വിവാഹം എല്ലാററിലും മാനമുള്ളതും കിടക്ക നിൎമ്മലവുമാക." പുലയാടികളോടും വ്യഭിചാരികളോടും ദൈവം തന്നെ ന്യായം വിസ്തരിക്കും. ദുഷ്കാമദോഷക്രിയകൾ മിക്കതും ഒളിയിൽ നടന്നു ഇഹത്തിൽ വെളിവാകായ്കകൊണ്ടു താൻ തന്നെ അങ്ങനെയുള്ള പ്രവൃത്തിക്കാരെ വിചാരിച്ചു അവൎക്കു തക്ക ശിക്ഷ കൊടുക്കുമെന്നു ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തതാവിതു: "ഭ്രമപ്പെടായ്വിൻ. പുലയാടികൾ വിഗ്രഹാരാധികൾ വ്യഭിചാരികൾ എന്നിവർ ദൈവരാജ്യത്തെ അവകാശമാക്കുകയില്ല" (൧ കൊരി. ൬, ൯) എന്നത്രേ.

കൃഷ്ണനൊത്ത ജാരരും ചോരരുമായ ദേവന്മാരെ സങ്കല്പിച്ചു യഥാ രാജാ തഥാ പ്രജാ എന്നും ഗുരുവിനെ പോലെ ശിഷ്യനും അപ്പനെ പോലെ മകനും അമ്മയെ പോലെ മകളും എന്നും പഴഞ്ചൊൽ പറയുന്നപ്രകാരം ദുഷ്കാമഭാവത്തിൽനിന്നുളവാകുന്ന വാക്കുകൾക്കും നിസ്സാര പൊട്ടച്ചൊല്ലുകൾക്കും ആംഗികങ്ങൾക്കും ക്രിയകൾക്കും അഞ്ചാതെയും നാണിക്കാതെയും നടക്കുന്നതു ദൈവഭയം ഇല്ലാത്ത ഈ നാട്ടുകാരുടെ ഇടയിൽ കാണ്മാനുണ്ടു. എന്നിട്ടും

പരമുഖം മോഹിച്ചു നോക്കുന്നതും കൂട ദോഷം ആകുന്നു എന്നു ഓരോ ശാസ്ത്രങ്ങളിൽനിന്നു തെളിയുന്നപ്രകാരം സജ്ജനം ഏററ പ്രമാണിക്കുന്നു. എന്നാൽ പുലയാടികളും വ്യഭിചാരികളും ദൈവരാജ്യത്തിൽ കടക്കാതെ അഗ്നിനരകത്തിൽ വീഴുമെന്നതു പട്ടാങ്ങാകകൊണ്ടു ഒരുവനും തന്നെത്താൻ ചതിക്കരുതേ.

II. വിവാഹമില്ലാത്തവരെ കൊണ്ടുള്ള വേദകല്പിതം ആവിതു: "യൌവനാഭിലാഷങ്ങളെ വിട്ടോടി നീതി വിശ്വാസസ്നേഹങ്ങളെയും ശുദ്ധഹൃദയത്തിൽനിന്നു കൎത്താവെ വിളിക്കുന്നവർ എല്ലാവരോടും സമാധാനത്തെയും പിന്തുടൎന്നു കൊൾ്‌വിൻ." (൨ തിമോ. ൨, ൨൨.)

തേനും നെയ്യും തൂകിയ സ്ഥലത്തിൽ ഈച്ചകൾ മണം കേട്ടു പറന്നു വീണു കാലും ചിറകും പിരണ്ടു കുഴങ്ങി തെററിപ്പോവാൻ കഴിവില്ലാതെ ആ രസത്തിന്നു വേണ്ടി ജീവനെ കളയുന്നപ്രകാരം ദുൎമ്മോഹികൾ ദുഷ്കാമത്താൽ കുടുങ്ങി വലഞ്ഞു തോററു ഒടുവിൽ തങ്ങളുടെ പ്രാണനെ നശിപ്പിക്കുന്നു. ഇങ്ങനെ അപകടമുള്ള വഴിയിൽ പ്രവേശിച്ചവൻ അതിൽ വീഴാതിരിക്കയില്ല. കുഴച്ച തവിട്ടിൽ കുടുങ്ങിപ്പോയ പ്രാണി അതിനെ തിന്നുന്ന പന്നിയുടെ വായിൽ അകപ്പെട്ടുമല്ലോ. പുതിയ പാത്രത്തിൽ ഒന്നാമതിട്ടു വെച്ച വസ്തുവിന്റെ ചൂർ പാത്രം ഉടയുവോളം വിടാതവണ്ണം ബാല്യകാലത്തിൽ ആദ്യമായി തോററുവന്ന ദോഷത്തിന്നു മിക്കപേർ മരണം വരെക്കും അധീനർ ആയിരിക്കും. തൊട്ടിലിലേ ശീലം ചുടലക്കാടോളമേ.

III. എന്നാൽ ഏതു നിലക്കാരോടും ദൈവം അരുളുന്നതു ധരിപ്പിൻ: എല്ലാ അശുദ്ധിയും ലോഭവും ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്കും നിങ്ങളിൽ നാമം പോലും ഇരിക്കരുതു. (എഫെ. ൫, ൩. ൪.) ചെയ്യരുതാത്തതിനെ പറകയുമരുതല്ലോ. പുകയുള്ള ഇടത്തേ തീയുള്ളു എന്നാകയാൽ നാണമില്ലാത്തവനും നിസ്സാരനും അണ്ണൻ തമ്പിമാരത്രേ.

പിന്നേ നിങ്ങളുടെ ഹൃദയങ്ങൾ ലഹരിപ്രമാദത്താലും ഉപജീവനചിന്തകളാലും ഭാരപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾ്‌വിൻ. ദുൎന്നടപ്പുണ്ടാക്കുന്ന കൂത്തു മദ്യപാനങ്ങളിലും പുലയാട്ടിലുമല്ല പകലിന്നു തക്കപ്രകാരം വെളിച്ചമക്കളായി നടന്നുകൊൾ്‌വിൻ. മദ്യക്കുടി മതികേടു. മതികെട്ടാൽ മാനവും നാണവും കെടും. ബോധവും നാണവും വിട്ടവർ അബദ്ധമേ പ്രവൃത്തിക്കും. ഇങ്ങനെ മുടിയനും പുലയാടിയും പിശാചിന്റെ പടയാളികളാകുന്നു.— വിശേഷിച്ചു കൊള്ളരുതാത്ത സംസൎഗ്ഗത്തെ ഒഴിക്കേണ്ടതു. ഭ്രമപ്പെടായ്‌വിൻ ഓർ ഉത്തമഭാവങ്ങളെ കെടുക്കുന്നു ദുസ്സംഗങ്ങൾ എന്നും ഇതാ കുറഞ്ഞ തീ എത്ര വലിയ വനത്തെ കത്തിക്കുന്നെന്നും വേദത്തിൽ കല്പിച്ചിരിക്കകൊണ്ടു വാക്കിനാൽ മനസ്സിൽ വീഴുന്ന തീ

യുടെ അഴുക്കിനെ ഭയപ്പെടേണം. വലിയവൎക്ക ഇങ്ങനെ ദോഷം നേരിട്ടാൽ നാം പ്രത്യേകമായ കുട്ടികളുടെ മുമ്പാകെ പറയുന്നതിനെ നന്ന സൂക്ഷിക്കേണം. ലീലാഭാഷിതം അസഭ്യവാക്ക വാവിഷ്ഠാനം മുതലായവ കുട്ടികൾ കേട്ടു ബാല്യക്കാരായി വളൎന്നു വരുമളവിൽ ആയവർ ഞെറി തെററി ദുൎമ്മാൎഗ്ഗികളായി നടക്കും. പല അമ്മയച്ഛന്മാരും ബുദ്ധികേടു സൂക്ഷ്മക്കുറവുകളാൽ പാത്രം നോക്കാതെ വായ്ക്കു തോന്നിയതെല്ലാം കുട്ടികളുടെ മുമ്പിൽ പകരുന്നതു അബദ്ധമായാൽ മക്കളുടെ മനസ്സിനെ തീണ്ടി അശുദ്ധമാക്കുന്ന മോഹലീലാദി വാക്കുകളെകൊണ്ടു എന്തു പറയേണ്ടു. മനുഷ്യൻ പറയുന്ന ഏതു വാക്കിനെകൊണ്ടും ദൈവത്തിന്റെ തിരുമുമ്പിൽ കണക്കു ഒപ്പിക്കേണമല്ലോ. ഓരാത്മാവിനെ തന്റെ വാക്കുകൊണ്ടു കെടുക്കുന്നവൻ ആ രക്തത്തിന്നു ഉത്തരവാദിയത്രേ. ആകയാൽ ഭയവിറയലുകളോടു കൂടെ നിന്റെ വായിനെ പൂട്ടിക്കൊൾക. മററവരെ കെടുക്കുന്നവൻ അന്യരക്തത്തിന്നു ഉത്തരവാദിയാകുന്നതു പോലെ നീ നിന്റെ സ്വന്ത ആത്മാവിനെ തൊട്ടു കണക്കു ബോധിപ്പിക്കേണ്ടി വരും.

എൻ മകനേ! പാപികൾ നിന്നെ വശീകരിച്ചാൽ മനം ചെല്ലായ്ക. അങ്ങാടിയുടെ വീഥിയിൽ നടക്കുന്നവന്റെ പാദത്തിന്നു പൊടി പററുകയും ചാരിയാൽ ചാരിയതു മണക്കുകയും ചെയ്യുംപോലെ ദുഷ്ടസംസൎഗ്ഗത്താൽ നിന്റെ ആത്മദേഹിദേഹങ്ങൾ അശുദ്ധിയും കറയും പിടിച്ചു പോകും. എന്നാൽ ധൂളിയും ഘ്രാണവും കുളിച്ചാൽ നീങ്ങുന്നപ്രകാരം ഈ വക നിത്യനാശത്തെ വരുത്തുന്ന മ്ലേച്ഛതകളെ ഏതിനാൽ കഴുകിക്കളയാം? അതിന്നു മനുഷ്യർ കണ്ടെത്തിയ തീൎത്ഥങ്ങളും സങ്കല്പിച്ച ജപാദികളും പോരായ്കയാൽ പരിശുദ്ധനായ ദൈവം നിയമിച്ച ഏകതീൎത്ഥമാകുന്ന ക്രിസ്തന്റെ രക്തമേ മതിയാവു. അവന്റെ രക്തമല്ലോ നമ്മെ എല്ലാ അശുദ്ധിയിൽനിന്നു ശുദ്ധമാക്കുവാൻ ശക്തം. ദൈവത്തിൽനിന്നു കിട്ടി നിങ്ങളിൽ ഇരിക്കുന്ന വിശുദ്ധാത്മാവിന്നു നിങ്ങളുടെ ശരീരം മന്ദിരം എന്നറിയുന്നില്ലയോ? (൧ കൊരി. ൬, ൧൯) എന്നരുളിക്കിടക്കുകയാൽ പരിശുദ്ധമുള്ള ആത്മാവിന്നു നിൎമ്മലമായ പാൎപ്പിടവും ആവശ്യം എന്നു ഗ്രഹിക്കേണം. ദൈവം വിശുദ്ധനാകുംപോലെ അവനെ സേവിക്കുന്നവരും വിശുദ്ധരായിരിക്കേണം. അപ്രകാരം ഉള്ളവരിൽ താൻ കുടിപാൎക്കേയുള്ളു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. അതിൽ ആൎക്ക മനസ്സു ചെല്ലാതു.

എന്നാൽ നിങ്ങളും സന്തതികളും ഇഹപരസൌഖ്യം അനുഭവിക്കേണ്ടതിന്നു ചില ഉപദേശങ്ങളെ പറയാം:

1. കരുണയുള്ള ദൈവം മനുഷ്യജാതി പെരുകേണ്ടതിന്നു അവരെ ആണും പെണ്ണുമായി നിൎമ്മിച്ച വിവാഹാവസ്ഥയെ കല്പിച്ചതുകൊണ്ടു, തനിക്കിഷ്ടമുള്ള സന്തതിമാൎഗ്ഗത്തെ കാണിച്ചിരിക്കുന്നു. ആ സ്ഥിതിയിൽ പ്രവേശിക്കാതെ വേറെ വല്ല വഴിയായി നടക്കുന്നവൻ വ്യഭിചാരവും പുലയാട്ടും അക്രമവും പ്രവൃത്തിക്കുന്നു.

2. യൌവനമോഹങ്ങളെ പോരാടി ജയിച്ചു അടക്കേണ്ടു. അതിന്നു നിവൃത്തി വരുത്തുന്നവനോ തന്നെ അത്യന്തമായി ഹീനനും ഭ്രഷ്ടനും ആക്കിത്തീൎക്കുന്നു. ഇങ്ങനേത്തവരെ ദൈവം പല രോഗങ്ങളാലും കഷ്ടമുള്ള വാൎദ്ധക്യത്താലും ഒടുവിൽ നരകത്താലും ശിക്ഷിക്കുന്നു. ആയവർ വ്യഭിചരിച്ചു കെടുത്തിയ ശരീരത്തോടു പിന്നേതിൽ വിവാഹം കഴിച്ചാലും തന്റെ പരിഷയെ ചതിക്കയല്ലാതെ തങ്ങളുടെ സന്തതിക്കു കാണുന്ന ബലഹീനം ദീനം മുതലായ കേടിന്നു കുററക്കാർ ആകുവാൻ സംഗതി ഉണ്ടു. കഷ്ടം.

3. ഞെരിക്കം കഷ്ടം മുതലായ സങ്കടങ്ങൾ മനുഷ്യന്നു വലിയ പരിക്ഷയായ്ത്തീരുന്നു എങ്കിലും ഒരു സ്ത്രീയും നാൾ കഴിച്ചലിന്നു വേണ്ടി തന്റെ മാനത്തെ കളഞ്ഞാൽ തന്നെത്താൻ സ്വൎഗ്ഗീയ ഭാഗ്യത്തിന്നു അയോഗ്യമുള്ളവൾ ആക്കിത്തീൎക്കയും നരകത്തെ നേടുകയും ചെയ്യുന്നുള്ളു. ആരുടെ ദോഷത്താൽ ഒരു സ്ത്രീ സന്മാൎഗ്ഗം വിട്ടു വേശ്യാമാൎഗ്ഗം അനുസരിച്ചാൽ ആയവർ അവളുടെ രക്തത്തിന്നു കണക്കു ബോധിപ്പിക്കേണം എന്നും മറക്കരുതു.

4. ചെറുപ്രായത്തിലേ കല്യാണംകൊണ്ടു പരുവപ്രായം എത്താത്തവരുടെ മനസ്സു ദുഷിച്ചുപോകുന്നതു കൂടാതെ മംഗലത്തോളം പല ബാല്യക്കാർ ഓരോ നിഷിദ്ധവഴിയിൽ നടക്കുകകൊണ്ടു പരുവം തികഞ്ഞേ വിവാഹം കഴിക്കേണ്ടു.

5. മരുമക്കത്തായത്തിൽ ഇഷ്ടംപോലെ കെട്ടറുപ്പാൻ സമ്മതം ഉള്ളതിനാൽ വ്രതമുള്ള സ്ത്രീകളെ വലിയ പരീക്ഷാകഷ്ടങ്ങളിൽ അകപ്പെടുത്തുന്നതു നിമിത്തം മരുമക്കത്തായമേ വേണ്ടാ.

6. കിഴവന്മാർ ബാല്യക്കാരത്തികളെയും ബാല്യക്കാർ കിഴവികളെയും കിഴവികൾ ബാല്യക്കാരെയും കെട്ടരുതു. ഇങ്ങനെ പ്രായഭേദം ഏറയുണ്ടായാൽ തൃപ്തിതോന്നാത്ത പരിഷ എളുപ്പത്തിൽ ദോഷമാൎഗ്ഗം അനുസരിപ്പാൻ ഇടവരുന്നു.

7. വിധവമാരോ ഭാൎയ്യ മരിച്ച പുരുഷരോ തങ്ങളുടെ പാത്രമാകുന്ന ശരീരത്തെ ശുദ്ധിയോടെ കാക്കേണ്ടു. മനസ്സും കഴിവും ഉണ്ടെങ്കിൽ വേളികഴിക്കട്ടേ.

8. വിവാഹസ്ഥന്മാർ തമ്മിൽ വ്രതവിശ്വസ്തതയോടെ നടക്കേണം. നീ വ്യഭിചരിക്കരുതു എന്നതു പുരുഷന്നും സ്ത്രീക്കും സമമായി കല്പിച്ചിരിക്കുന്നുവല്ലൊ.

പുരുഷന്മാരേ! നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. സ്വഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. തന്റെ ജഡത്തോടല്ലോ ഒരുവനും ഒരുനാളും പകെച്ചില്ല. സ്ത്രീകളേ! കൎത്താവിന്നു എന്ന പോലെ സ്വഭൎത്താക്കന്മാൎക്കു കീഴടങ്ങുവിൻ. ഭാൎയ്യ ഭൎത്താവിൻ ദാസിയായിട്ടോ യജമാനത്തിയായിട്ടോ അല്ല, അൎദ്ധാംഗിയും (ഇടഭാഗം എന്നുണ്ടല്ലോ) സഹായയും വീട്ടിൽ യജമാനത്തിയും ആയിരിക്കേണം. ഭൎത്താവു എവ്വിധത്തിൽ ഭവനത്തിൽ തലയും മുന്നാളിയും ആയിട്ടു നടക്കയും നടത്തിക്കയും വേണം. വിവാഹാവസ്ഥയെ ഒരു ഉറപ്പുള്ള വീട്ടിനോടു ഉപമിക്കാം. അതിൽ സുഖത്തോടെ പാൎക്കേണമെങ്കിൽ അതിന്റെ നാലു ചുമരുകളും നന്നായിരിക്കേണം. കിഴക്കുള്ള ചുമരോ: പ്രാൎത്ഥന; തെക്കുള്ളതോ: മടിവു കൂടാത്ത പ്രവൃത്തി; പടിഞ്ഞാറുള്ളതോ: ധനരക്ഷ; വടക്കുള്ളതോ: അന്യോന്യസ്നേഹം; ഈ നാലിൽ ഒന്നു തകൎന്നു പോയാൽ വീടു ഉറപ്പില്ലാതെ എപ്പോഴെങ്കിലും വീണു പോകേയുള്ളൂ. ഇങ്ങനെ ശുദ്ധവിവാഹത്തിൽ നില്ക്കുന്നവർ ദൈവേഷ്ടത്തെ നിവൃത്തിക്കയും ഭക്തിയുള്ള മക്കളെ പോററി അവൎക്കും തങ്ങൾ പാൎക്കുന്ന രാജ്യത്തിന്നും നന്മ വരുത്തുകയും ചെയ്യുന്നു. എന്നാൽ ദൈവഭക്തന്മാരായി തങ്ങളെ എപ്പേൎപ്പെട്ട മലിനതയിൽനിന്നു കാത്തുകൊള്ളുന്ന ഏവരും ദൈവത്തെ മുഖാമുഖമായി കണ്ടു എന്നേക്കുമുള്ള സൌഭാഗ്യ സന്തോഷങ്ങളെ അനുഭവിക്കും.

Mangalore, Basel Mission Book & Tract Depository, 1879.

Basel Mission Press, Mangalore.

THE DECALOGUE.

THE EIGHTH COMMANDMENT.

ദശവാക്യാമൃതം.

ഒമ്പതാം പൎവ്വം.

എട്ടാം കല്പന: നീ മോഷ്ടിക്കരുതു.

"നീ മോഷ്ടിക്കരുതു" എന്ന ദൈവം അരുളിയ എട്ടാം കല്പന കൊണ്ടു നമ്മുടെ കൂട്ടുകാരന്റെ ലൌകികസമ്പത്തിനെ അവന്നു ഉറപ്പിച്ചുകൊടുക്കുന്നു. ഈ കല്പന മനോവാക്കൎമ്മങ്ങളിൽ നടക്കുന്ന സ്ഥൂലമോഷണത്തെ മാത്രമല്ല, കൂട്ടുകാരന്നുള്ളതു അവന്നു കൊടുക്കാതെ വല്ല വിധത്തിലും സ്വന്തമാക്കി തീൎക്കുവാൻ ആഗ്രഹിക്കുന്ന സൂക്ഷ്മമോഷണത്തേയും നിഷേധിച്ചു, കളവു കുററത്തിലേക്കു നടത്തുന്ന ഈററ, മടിവു, ദുൎവ്യയം, അസൂയ ഇത്യാദി ദുൎഗ്ഗുണങ്ങളെയും തീരെ വിരോധിക്കുന്നതു പോലെ നാം കൂട്ടുകാരന്റെ മുതലിനെ ചരതിച്ചുകൊൾവാൻ സഹായിക്കയും "സ്വന്തമായുള്ള ന്യായപ്രകാരം സമ്പാദിക്കയും" ദൈവം നമുക്കു തരുന്നതു മതിയെന്നു വെച്ചു അലംഭാവത്തോടു (മതി എന്ന ഭാവത്തോടു) കൂടെ അതിനെ അടക്കുകയും വേണമെന്നും കല്പിക്കുന്നു.

അതോ അന്യരുടെ പൊന്നും പണവും ആട ആഭരണങ്ങളും നിലമ്പറമ്പു വീടുകുടി വസ്തുവക മുതലായു കട്ടും, കവൎന്നും, തട്ടിപ്പറിച്ചും, ചതിച്ചുംകൊണ്ടു കൌശലമായി വശത്താക്കരുതു. ഉദ്യോഗവ്യാപാരങ്ങളിലോ മററു വല്ല ഇടപാടുകൊണ്ടോ ന്യായം വിട്ട ചതിമായങ്ങളാൽ കൂട്ടുകാരന്റെ വസ്തുവിനെ അപഹരിക്കാതെ ഇരിക്കയും ദൈവത്തെ ഭയപ്പെട്ടും സ്നേഹിച്ചുംകൊണ്ടു കൂട്ടുകാരന്റെ നേരെ പകയും മത്സരവും കാട്ടാതെ നടന്നു നീതിന്യായപ്രകാരം താന്താന്റെ വ്യാപാരാദികളെ നടത്തി അന്യരുടെ സുഖലാഭാദികളെ നോക്കി സഹായിക്കയും വേണം എന്നത്രേ.

"കളവിന്റെ ഒടുക്കം കഴുമരം" എന്ന പഴമൊഴിയോൎക്ക; കള്ളന്മാൎക്കു സഹായിക്കുന്നവനും കള്ളൻ എന്നേ വരൂ. കള്ളത്തൊഴി

ലിന്നു ഒശീനക്കോൽ (പാര) മുതലായ ആയുധങ്ങളെ ഉണ്ടാക്കിക്കൊടുക്കു ന്നവൻ കള്ളന്റെ ഇണയും അവന്നു ബന്ധുവുമത്രെ. കൈക്കൂലി വാങ്ങി വ്യവഹാരത്തിൽ പാരപക്ഷം കാട്ടി നേരും ന്യായവും മറെച്ചു അന്യായ ത്തിന്നു സഹായിക്കുന്നവർ സൎവ്വലോകന്യായാധിപനായ ദൈവത്തിന്നു വെറുപ്പു തന്നേ. പിന്നെ വാരം അളക്കുന്നതിൽ വൻപറ ഇടങ്ങഴികളും വല്ലികൊടുക്കുമ്പോഴോ ചെറുപറ നാഴികളും കൊണ്ടളക്കുക, ചരക്കു വാ ങ്ങുമ്പോൾ അളവിലും തൂക്കത്തിലും മികെച്ചു കൊള്ളുക, വില്ക്കയിൽ ഉപാ യമായി അളവുതൂക്കങ്ങളെ ഒപ്പിക്ക, എണ്ണ നൈ മുതലായവററിൽ മായം കൂട്ടുക, ധാന്യാദികളിൽ പെരോലം ചേൎക്കുക, പാൽ മുതലായതിൽ വെ ള്ളം കൂട്ടുക, തുണി അളക്കുമ്പോൾ വലിച്ചു പിടിക്കുക, വാങ്ങുന്ന ചരക്കി നെ താഴ്ത്തിപറക, വില്ക്കുമ്പോഴോ പുകഴ്ത്തുക, പീടികയിലും മററും കടം വാങ്ങുന്നവരുടെ കണക്കിൽ കൂട്ടിച്ചേൎക്കുക, അയല്ക്കാരന്റെ വലെച്ചലും ബുദ്ധിമുട്ടും കണ്ടിട്ടും രണ്ടു മൂവിരട്ടിച്ചു ഉരുൾപലിശ (അതിവൃദ്ധി, ഏറ വട്ടി) ചുമത്തുക മുതലായ തന്നേപ്പോററുന്ന പിരട്ടുകൾ എല്ലാം ജീവനു ള്ള ദൈവത്തിന്നു വെറുപ്പത്രേ. ആകയാൽ കോന്തലയിലോ ശീലയിലോ പെട്ടിയിലോ ലാഭം എന്നു വെച്ചു ഇടുന്നതെല്ലാം മനസ്സാക്ഷിയാകുന്ന ത്രാസ്സിൽ തൂക്കിനോക്കി ശാപത്തിന്നും കഷ്ടത്തിന്നും ഹേതുവായ വല്ല കറ അവററിന്നു പററീട്ടുണ്ടോ എന്നു ശോധന ചെയ്യേ വേണ്ടു.— പിശുക്കനും ഊററനും ആയ ഒരു വലിയ ജന്മിയുടെ കളത്തിൽ പിടിപ്പതു കററകളെ കൊണ്ടു കൂട്ടിവെച്ചിട്ടും ഇനിയും അധികമുണ്ടല്ലോ എന്നു സന്തോഷിച്ചു താൻ നാൾതോറും കളത്തിൽ ചെന്നു നോക്കും. ഒരു ദിവസം വൈകുന്നേ രം കളം കററ കൊണ്ടു നിറഞ്ഞിരിക്കുന്നു എന്ന വൎത്തമാനം കേട്ടാറെ അത്യന്തം ഉല്ലസിച്ചു വെറിയാവോളം കുടിച്ചു കിടന്നിരിക്കുമ്പോൾ അവ നിലുള്ള അത്യാൎത്തികൊണ്ടു ഉറങ്ങാതെ: ഞാൻ എന്റെ കളം ചെന്നു ഒന്നു നോക്കേണം എന്നു വെച്ചു എഴനീററു. വേലക്കാർ യജമാനൻ ഇ പ്പോൾ പോകുന്നതു നന്നല്ല നേരം പുലൎന്നിട്ടാകാമല്ലോ എന്നു ചൊന്ന തു കൂട്ടാക്കാതെ ചങ്ങലവട്ടക കത്തിച്ചു അതിനെ മററാരും എടുപ്പാൻ സമ്മതിക്കാതെ താൻ തന്നെ പിടിച്ചുംകൊണ്ടു കളത്തിലേക്കു ആടിക്കുഴ ഞ്ഞുകൊണ്ടു ചെന്നു. കളത്തിൽ താൻ കററ തടഞ്ഞു വീണു അതിന്നു തീപ്പററി ഉടനെ കററകളുടെ അയിരി കത്തിപ്പോകയും ചെയ്തു. വീട്ടുകാ രും വേലക്കാരും അവനെ വലിച്ചെടുത്തില്ലെങ്കിൽ താനും കററകളോടു കൂടെ തീക്കു ഇരയായി പോകുമായിരുന്നു.

ഒരു കച്ചവടക്കാരൻ പഞ്ചകാലത്തിൽ ഒരു വണ്ടിയിൽ നിറച്ചും ധാ ന്യം കയററി വഴിയിൽ വെച്ചു കണക്കു കൂട്ടി ലാഭം കണ്ടു സന്തോഷിച്ചു ചന്തയിലേക്കു ചെന്നപ്പോൾ അന്നു തന്നെ അകവില താണുപോയതു

കൊണ്ടു കൊതിച്ച ലാഭം കിട്ടായ്കയാൽ മുഖം വാടി വീൎത്തു അതിദുഃഖിതനായി വീട്ടിലേക്ക മടങ്ങി വരുമ്പോൾ വണ്ടി തെളിക്കുന്ന ചെറുക്കൻ ബഹു സന്തോഷത്തോടെ ഓരോ പാട്ടുകൾ പാടിയപ്പോൾ യജമാനൻ ആ ചെറുക്കനോടു: നീ ഇത്ര സന്തോഷത്തോടെ പാടുന്നതെന്തുകൊണ്ടു? എന്നതിന്നു ചെറുക്കൻ: യജമാനാ! മുത്താറിക്ക വീണ്ടും സഹായം വന്നു എളിയവൎക്കും ഇല്ലാത്തവൎക്കും പള്ളനിറപ്പാൻ തഞ്ചമായി പഞ്ചം നീങ്ങിയല്ലോ എന്നു ഉത്തരം പറഞ്ഞു. പിന്നെയും പാടുന്നതിന്നിടേ ലോഭിയായ യജമാനൻ പൊറുക്കാറായ്കയാൽ അഴിനില പൂണ്ടു വണ്ടിയുടെ പിന്നിൽ കെട്ടി ഞാന്നുകളഞ്ഞു. യജമാനൻ വളരെ നേരമായി മിണ്ടാതിരിക്കുന്നതെന്തു എന്നു ചെറുക്കൻ ആശ്ചൎയ്യപ്പെട്ടു തിരിഞ്ഞു നോക്കിയപ്പോൾ യജമാനന്റ വിറന്നു ഞേലുന്നതിനെ കണ്ടു.

അന്യായലാഭം കൊണ്ടു മുതൽ പെരുക്കുന്നതും വല്ലിയും കൂലിയും കുറെച്ചും താമസിപ്പിച്ചും ദരിദ്രന്മാരെ വലച്ചും തന്റെ അറയും ശീലയും നിറെക്കുന്നതു യഹോവെക്ക വെറുപ്പത്രേ. “തന്റെ ഭവനത്തെ നീതികേടുകൊണ്ടും തന്റെ മാളികമുറികളെ അന്യായംകൊണ്ടും പണിയിക്കയും തന്റെ അയല്ക്കാരന്നു കൂലി കൊടുക്കാതെ അവനെക്കൊണ്ടു വേല എടുപ്പിക്കയും ചെയ്യുന്നവന്നു ഹാ കഷ്ടം” (യറമിയ 22, 13). കട്ട മുതൽ ഈടേറാതെ കട്ടും ചുട്ടും പോകും. അന്യായമായി സമ്പാദിച്ചതു അരിച്ചു പോകയും ചെയ്യും. “കണ്ടാലും നിങ്ങളുടെ നിലങ്ങളെ കൊയ്തിട്ടുള്ള പണിക്കാരുടെ കൂലിയെ നിങ്ങൾ പിടിച്ചുകളഞ്ഞതു അങ്ങുനിന്നു നിലവിളിക്കുന്നു; കൊയ്തവരുടെ മുറവിളികളും സൈന്യങ്ങളുടയ കൎത്താവിന്റെ ചെവികളിൽ എത്തി; നിങ്ങൾ ഭൂമിമേൽ ആഡംബരത്തോടെ പുളെച്ചു മദിച്ചു കുലദിവസത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ പോഷിപ്പിച്ചു.” യാക്കോബ് 5, 4.

“ദുഷ്ടൻ കടം വാങ്ങുന്നു തിരികെ വീട്ടുന്നതുമില്ല; നീതിമാനോ ദയ തോന്നി കൊടുക്കുന്നു” അന്യനെ വിശ്വസിപ്പിച്ചു വാങ്ങിയ കടം വീട്ടാതെ ഇരിക്കുന്നതു പരദ്രവ്യാപഹാരം അല്ലാതെ വിശ്വാസവഞ്ചനയായ കളവു കുററാവും തന്നേ എന്നറിയേണം. അങ്ങിനെയുള്ളവർ ഒരിക്കലും നന്നായി വരികയില്ല. അതു പോലെ: കടം വീടാഞ്ഞാലും എന്തു ദോഷം; അവിടേ അറുതിയില്ലാത്ത മുതലുണ്ടല്ലോ എന്നും മററുമുള്ള ഭാവത്തോടെ കടം വായ്പ വാങ്ങുന്നതു ഏററവും നികൃഷ്ടം.

എന്നാൽ തന്റെ നിലത്തിൽ വേല ചെയ്യുന്നവൻ ആഹാരംകൊണ്ടു തൃപ്തനാകും; ലക്ഷപ്രഭുവായാലും ദുൎവ്യയത്താൽ ഇരപ്പനായും ഇരപ്പൻ ക്രമക്കാരനായാൽ ധനവാനായും തീരാം.

“ദ്രവ്യാഗ്രഹമോ സകല ദോഷത്തിന്നും മൂലമായിരിക്കുന്നു” (൧ തിമോത്ഥ്യൻ ൬, ൧൦). ഗുണമുള്ളവന്നു പണമില്ല; പണമുള്ളവന്നു ഗുണമില്ല. ലാഭം പെരുകുമ്പോൾ ലോഭം പെരുകും; ലാഭമുള്ളേടത്തു പരോപകാരവുമില്ല.

ഗൎമ്മാന്യ (ജൎമ്മനി) രാജ്യത്തിൽ അതിപിശുക്കനും ധനവാനുമായ ഒരു പുള്ളിക്കാരൻ ദീനക്കാരനായി തന്റെ മരണവേളയിൽ ഇടവിടാതെ വാരി കോരി തിന്നുന്നപോലെ നടിക്കുന്നതു അവന്റെ ശേഷക്കാർ കണ്ടു: നിങ്ങൾ എന്തു ചെയ്യുന്നു എന്നു ചോദിച്ചതിന്നു അവൻ: "എന്റെ പണം എന്റെ പണം; അതിനെ എല്ലാം ഞാൻ വിഴുങ്ങീട്ടേ പോകേയുള്ളു" എന്നു പറഞ്ഞു. പണംകൊണ്ടുള്ള വിഭ്രാന്തി നിമിത്തം പണം എന്നു പറഞ്ഞാൽ പിണവും വായി പിളൎക്കും എന്ന പഴഞ്ചൊൽ പോലെ ഉയിർ പോവോളം അവൻ വാരി കോരികൊണ്ടിരുന്നു. ഒടുക്കം പണം തൊണ്ടയിൽ വിലങ്ങി അവൻ മരിക്കയും ചെയ്തു.

മേൽപറഞ്ഞ ദോഷമെല്ലാം വൎജ്ജിച്ചു ദൈവത്തിന്റെ പലവിധമുള്ള കൃപയുടെ നല്ല കലവറക്കാരായി തമ്മിൽ തമ്മിൽ സഹായിപ്പാൻ ഈ ലോകത്തിൽ പരദേശികളും സഞ്ചാരികളുമായിരിക്കുന്ന നമ്മുടെ കയ്യിൽ ദൈവം ഏല്പിച്ചിരിക്കുന്ന വസ്തുക്കളെ കുറിച്ചു യാത്രയെ തികെച്ചശേഷം നാം അവന്നു കണക്കു ഏല്പിക്കേണ്ടി വരും.

നിശ്ചയമില്ലാത്ത ധനത്തിൽ അല്ല നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ജീവനുള്ള ദൈവത്തിന്മേൽ ആശ വെച്ചു നന്മ ചെയ്തു സൽക്രിയകൾ എന്ന സമ്പത്തുണ്ടാക്കി ദാനശീലവും കൂറായ്മയും പൂണ്ടുകൊണ്ടു സത്യജീവനെ പിടിപ്പാൻ വേണ്ടി ഭാവിയിങ്കലേക്കു തങ്ങൾക്കു നല്ല അടിസ്ഥാനത്തെ നിക്ഷേപിച്ചു പോരേണം. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ലല്ലോ ഏതാനും കൊണ്ടുപോവാനും കഴികയുമില്ല സ്പഷ്ടം (തിമോത്ഥ്യൻ ൬, ൭. ൧൭. ൧൮.). വിശപ്പുള്ളവന്നു നിന്റെ അപ്പത്തെ മുറിച്ചു കൊടുക്ക! ഹിംസിക്കപ്പെടുന്നവരെ നിന്റെ വീട്ടിൽ ചേൎത്തുകൊൾക! നഗ്നരെ കണ്ടാൽ ഉടുപ്പിക്കയും ചെയ്ക!

ദരിദ്രൎക്കു കൊടുത്തതു ദൈവത്തിന്നു പലിശെക്കു കൊടുത്ത പോലേയാകുന്നു. കൊടുക്കുന്നതു വിതെക്കുന്നതിന്നു സമം. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു നല്ലതു. എന്നാലും സന്തോഷത്തോടെ കൊടുക്കുന്നവനിൽ ദൈവം പ്രസാദിക്കുന്നു. തന്റെ വാതില്ക്കൽ വരുന്ന ദരിദ്രരോടു കോപിച്ചു നാണം കെടുത്തുന്ന ഒരുവനോടു മറ്റൊരുവൻ ചോദിച്ചതു: "ഇവർ നിന്റെ വാതുക്കൽ വരുന്നതോ അല്ല നീ അവരുടെ വാതില്ക്കൽ പോകേണ്ടിവരുന്നതോ ഏതു നിണക്കു നന്നു"? ദരിദ്രരെ നോക്കേണ്ടി വന്നാലും "വേല ചെയ്വാൻ മനസ്സില്ലാഞ്ഞാൽ ഭക്ഷിക്കയും അരുതു" എന്നും "നിങ്ങൾക്കു ഉള്ളതിൽ അലംഭാവത്തോടിരിപ്പിൻ" എന്നും ദൈവത്തിന്റെ അരുളപ്പാടുകൾ ഉണ്ടു.

അല്പം മാത്രമുള്ളവൻ ദരിദ്രനല്ല. ഉള്ളതിനേക്കാൾ അധികം വേണമെന്നു ആശിക്കുന്നവൻ അത്രേ ദരിദ്രൻ. അതിമോഹം ആയുസ്സിന്നു കേടു. അതിസുഖത്തിൽ അതിദുഃഖത്തിന്നു ഇടയുണ്ടു. സൎവ്വലോകത്തിന്നും ഉടയവനായ ദൈവത്തിന്റെ കരുണ ലഭിച്ചവന്നു സൎവ്വവും ഉണ്ടു; കാണുന്ന വസ്തുക്കളെല്ലാം പതിരത്രേ. ദൈവാനുഗ്രഹമോ മണി തന്നേ. കാണുന്നവയെല്ലാം താല്ക്കാലികം; കാണാത്തതോ നിത്യമുള്ളതു എന്നറിക.

Mangalore, Basel Mission Book & Tract Depository, 1880.

Printed at the Basel Mission Press.

Archivfilm
vorhanden
4. 40

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VI. JANUARY 1879. No. 1.

THE NEW YEAR 1879.

വത്സരാരംഭസ്തുതി.

പരപദ്യം.

ആണ്ടുമാസവും നാളും, ഉണ്ടാക്കിയെ ഭരിക്കും
മീണ്ടപരാ—ഈ നവമാണ്ടും—ആണ്ടിടുകാ
പൊയ്യാമീഭുവിൽനിന്നു, പോയി ഇതു ഈയാണ്ടിൻ
അയ്യോ സമയം പോയിതാ,

രാഗം ഉസേനി. പല്ലവി. ആദിതാളം.

അയ്യോ സമയം പോയിതാ—ഈ വത്സരത്തെ
എല്ലാസമയങ്ങളും, ഇല്ലാതെ ആയ്പോയിതാ
അയ്യോ സമയം പോയിതാ.

അനുപല്ലവി.

അനുദിനമതിനതിനഖില തരങ്ങളും
അവനിയിൽ നരരുടെ—അതികഠിനങ്ങളും
അഖിലചരാചരമവയിൻ ഗുണങ്ങളും
അനഘ പരനുടെ അരുകിയുരച്ചിട്ടാൻ—അയ്യോ—

ചരണങ്ങൾ.

ദേവാദി ദേവദേവനേ! ദയയോടെല്ലാ
ജീവനിജ്ജീവങ്ങളെ—ഏവമാക്കാത്ത നല്ല
ദേവവരത്തിന്നായി സ്തോത്രം—നവമായ് ചൊല്ലി
ഏവരും വന്ദിച്ചീടുവിൻ ഏകമായെല്ലാ
ഈ വത്സരവിപത്തൊക്കെ—നീക്കിയപോലേ
ഈ സമയവും വന്നു, ഈ വന്ദനകൾ ചൊല്ലും
എല്ലാ സമുദായത്തെയും—നല്ലതായ് പൊല്ലാ
ആപത്തിൽനിന്നു രക്ഷിക്ക—ഈ വൎഷത്തിലും
ഇതിൽ വരും ബഹുതര ദുരിതവുമതുവല്ല
ചതിതരിൻ ചതികളും അരിഗണമെതികൊല്ലും
അതിഭയ മരണവും അതു വിധം വരുമെല്ലാ
അനൎത്ഥങ്ങളഖിലമീവത്സരേ നീക്കുകാ—അയ്യോ—

൨.

പോയ ഈ വത്സരമ്പോലെ, പുതിയ വൎഷം
പോകും മുൻ മാനുഷരേ പൂൎണ്ണന്മാരായീടുവാൻ
പുതിയ ചിന്ത ധരിച്ചെല്ലാ പഴയകാൎയ്യം